سورة النساء

4. സൂറതുന്നിസാഉ്

മദീനയിൽ അവതരിച്ചത് - വചനങ്ങൾ 176 - വിഭാഗം (റുകൂഉ്) 24

വിവിധ തുറകളിലായി വളരെയധികം വിഷയങ്ങൾ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഒരു സൂറത്താണിത്. അനന്തരാവകാശനിയമങ്ങൾ പോലെയുള്ള ചില വിഷയങ്ങൾ ഈ സൂറത്തിന്റെ സവിശേഷതയാകുന്നു. ഒന്നാമത്തെ വചനത്തിൽതന്നെ സ്ത്രീകളെപ്പറ്റി പരാമർശമുള്ളതിനുപുറമെ, അവരെ സംബന്ധിച്ച പല കാര്യങ്ങളും ഇതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതുകൊ് ഈ സൂറത്തിന് 'അന്നിസാഉ്' (സ്ത്രീകൾ) എന്നു പറയപ്പെടുന്നു.

'സൂറത്തുന്നിസാഇലെ അഞ്ചു ആയത്തുകൾ ഇഹലോകം മുഴുവനെക്കാളും എനിക്ക് ഇഷ്ടപ്പെട്ടതാണ്' എന്നു പറഞ്ഞുകൊ് ഇബ്നുമസ്ഊദ്(റ) താഴെ കാണുന്ന വചനങ്ങളെ എണ്ണിയതായി ഇബ്നുജരീർ (റ) ഉദ്ധരിക്കുന്നു. അതായത്:

(1) മഹാപാപങ്ങളെ ഉപേക്ഷിക്കുന്ന പക്ഷം മറ്റു തിന്മകൾക്ക് അല്ലാഹു മാപ്പു നൽകുമെന്നു കാണിക്കുന്ന 31-ാം വചനവും,

(2)അല്ലാഹു അണുവോളം അനീതി ചെയ്കയില്ലെന്നും, ഓരോ നന്മയെയും അവൻ ഇരട്ടിപ്പിച്ചു വലുതാക്കുമെന്നും കാണിക്കുന്ന 40-ാം വചനവും.

(3, 4) ശിർക്കല്ലാത്ത പാപങ്ങളെല്ലാം അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുമെന്നു പ്രസ്താവിക്കുന്ന 48 ഉം 116 ഉം വചനങ്ങളും,

(5) വല്ല തിന്മയോ, സ്വന്തം ദേഹങ്ങളോട് അക്രമമോ ചെയ്യുന്നവർ പാപമോചനം തേടിയാൽ അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുമെന്നു കാണിക്കുന്ന 110-ാം വചനവും, ഹാകിം(റ) ഉദ്ധരിച്ച രിവായത്തിൽ ഈ അവസാനത്തെ വചനത്തിന്റെ സ്ഥാനത്ത് 64-ാം വചനമാണുള്ളത്. കൂടാതെ, 'സൂറത്തുന്നിസാഇലെ എട്ട് ആയത്തുകൾ ഈ സമുദായത്തെ സംബന്ധിച്ചിടത്തോളം ഇഹലോകത്തെക്കാൾ ഉത്തമമാണ്' എന്ന അർത്ഥത്തിൽ ഇബ്നു അബ്ബാസ് (റ)ൽ നിന്നു മറ്റൊരു രിവായത്തും ഇബ്നുജരീർ(റ) ഉദ്ധരിച്ചിരിക്കുന്നു. മേൽക അഞ്ചു വചനങ്ങൾക്ക് പുറമെ, 26, 27, 28 എന്നീ വചനങ്ങളുംകൂടിയാണ് അതിൽ അദ്ദേഹം എടുത്തു പറഞ്ഞിരിക്കുന്നത്. ആ വചനങ്ങളെല്ലാം തന്നെ അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്തെയും അളവറ്റ കാരുണ്യത്തെയും കുറിക്കുന്നവയാകുന്നു. അവ മനുഷ്യർക്ക് വമ്പിച്ച സൽപ്രതീക്ഷയും ആവേശവും ജനിപ്പിക്കുന്നവയുമാണ്. ഇതാണീ പ്രസ്താവനകൾക്ക് കാരണം.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمُ ٱلَّذِي خَلَقَكُم مِّن نَّفۡسٖ وَٰحِدَةٖ

﴾1﴿ ഹേ, മനുഷ്യരേ! ഒരേ ആത്മാവിൽ [ആളിൽ] നിന്നു നിങ്ങളെ സൃഷ്ടിച്ചവനായ നിങ്ങളുടെ റബ്ബിനെ നിങ്ങൾ സൂക്ഷിക്കുവിൻ;

وَخَلَقَ مِنۡهَا زَوۡجَهَا وَبَثَّ مِنۡهُمَا رِجَالٗا كَثِيرٗا وَنِسَآءٗۚ

അതിൽ നിന്നു തന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും, ആ രണ്ടാളിൽനിന്നുമായി ധാരാളം പുരുഷന്മാരെയും, സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത (റബ്ബിനെ);

وَٱتَّقُواْ ٱللَّهَ ٱلَّذِي تَسَآءَلُونَ بِهِۦ وَٱلۡأَرۡحَامَۚ

യാതൊരുവന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ ആ അല്ലാഹുവിനെയും, കുടുംബ ബന്ധങ്ങളെയും നിങ്ങൾ സൂക്ഷിക്കുവിൻ.

إِنَّ ٱللَّهَ كَانَ عَلَيۡكُمۡ رَقِيبٗا ﴿١﴾

നിശ്ചയമായും, അല്ലാഹു നിങ്ങളിൽ മേൽനോട്ടം ചെയ്യുന്നവനാകുന്നു.

﴾1﴿ يَا أَيُّهَا النَّاسُ ഹേ, മനുഷ്യരേ اتَّقُوا رَبَّكُمُ നിങ്ങളുടെ റബ്ബിനെ (രക്ഷിതാവിനെ) നിങ്ങൾ സൂക്ഷിക്കുവിൻ الَّذِي خَلَقَكُم നിങ്ങളെ സൃഷ്ടിച്ചവനായ مِنْ نَفْسٍ ഒരു ആത്മാവിൽ (ദേഹത്തിൽ - ആളിൽ) നിന്ന് وَاحِدَةٍ ഒരേ, ഒന്നായ وَخَلَقَ സൃഷ്ടിക്കുകയും ചെയ്തു مِنْهَا അതിൽനിന്നു(തന്നെ) زَوْجَهَا അതിന്റെ ഇണയെ (ഭാര്യയെ) وَبَثَّ വ്യാപിപ്പിക്കുക (പരത്തുക - വിതരണം ചെയ്യുക)യും ചെയ്തു مِنْهُمَا അവർ രണ്ടാളിൽ നിന്നും رِجَالًا പുരുഷന്മാരെ كَثِيرًا വളരെ, ധാരാളം وَنِسَاءً സ്ത്രീകളെയും وَاتَّقُوا നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ اللَّهَ الَّذِي യാതൊരു അല്ലാഹുവിനെ تَسَاءَلُونَ നിങ്ങളന്യോന്യം ചോദിക്കുന്നു بِهِ അവനെക്കൊണ്ട്, അവന്റെ പേരിൽ وَالْأَرْحَامَ കുടുംബ (രക്ത)ബന്ധങ്ങളെയും إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു, ആയിരിക്കുന്നു عَلَيْكُمْ നിങ്ങളുടെ മേൽ, നിങ്ങളിൽ رَقِيبًا മേൽനോട്ടം ചെയ്യുന്നവൻ.

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمُ (ഹേ, മനുഷ്യരേ നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവിൻ) എന്ന വാക്യം കൊണ്ട് ആരംഭിക്കുന്ന രണ്ടു സൂറത്തുകളുള്ളതിൽ ഒന്നാമത്തേതാണിത്. മറ്റേത് സൂറത്തുൽ ഹജ്ജുമാകുന്നു. ഇവിടെ തുടർന്നു വിവരിക്കുന്നത് മനുഷ്യവർഗത്തിന്റെ ഉൽഭവത്തെക്കുറിച്ചാണ്; അവിടെയാകട്ടെ അന്ത്യനാളിനെപ്പറ്റിയുമാകുന്നു. മനുഷ്യരുടെ ഉത്ഭവവും തുടക്കവും നോക്കിയാലും, അവരുടെ ഒടുക്കവും മടക്കവും നോക്കിയാലും അല്ലാഹു അല്ലാതെ അവർക്ക് വേറെ രക്ഷിതാവില്ലെന്നും, അതു

കൊണ്ട് അവനെ സൂക്ഷിക്കൽ മനുഷ്യന്റെ പ്രകൃത്യാ ഉള്ള കടമയാണെന്നും ഇത് സൂചിപ്പിക്കുന്നു.

خَلْقٌ (സൃഷ്ടിക്കൽ) എന്ന വാക്ക് ശൂന്യതയിൽ നിന്നു അസ്തിത്വം നൽകുക എന്ന അർത്ഥത്തിലും, ഒരു വസ്തുവിൽനിന്നു മറ്റൊരു വസ്തുവിനു രൂപം നൽകുക എന്ന അർത്ഥത്തിലും ഉപയോഗിക്കാറുണ്ട്. خلق السموات والأرض (അവൻ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചു) എന്നു പറഞ്ഞിരിക്കുന്നത് ആദ്യത്തെ അർത്ഥത്തിലാകുന്നു. ഇതിനെപ്പറ്റിത്തന്നെ വേറെ സ്ഥലത്തു بَدِيعُ السَّمَاوَاتِ وَالأَرْضِ (ആകാശങ്ങളെയും ഭൂമിയെയും നവീനമായുണ്ടാക്കിയവൻ - 2 : 117) എന്നും പറഞ്ഞിരിക്കുന്നതിൽനിന്ന് ഇതു വ്യക്തമാകുന്നു. ഇവിടെ خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ (നിങ്ങളെ അവർ ഒരേ ആത്മാവിൽ - ആളിൽ - നിന്നു സൃഷ്ടിച്ചു) എന്നു പറഞ്ഞത് രണ്ടാമത്തെ അർത്ഥത്തിലുള്ള സൃഷ്ടിയെ ഉദ്ദേശിച്ചുമാകുന്നു. ഇമാം റാസീ(റ) പ്രസ്താവിച്ചതുപോലെ. ഈ نفس (ആത്മാവു) കൊണ്ടുദ്ദേശ്യം, മനുഷ്യ പിതാവായ ആദം നബി(അ)യാണെന്നുള്ളതിൽ മുസ്‌ലിംകൾക്കിടയിൽ ഭിന്നാഭിപ്രായമില്ല. മനുഷ്യസമുദായത്തെ ആകമാനം ഉൾപ്പെടുത്തിക്കൊണ്ട് يَاأَيُّهَا النَّاسُ (ഹേ, മനുഷ്യരേ) എന്ന സംബോധനയോടുകൂടിയാണല്ലോ അല്ലാഹു ഈ വിഷയം ഓർമിപ്പിക്കുന്നത്. മനുഷ്യ സമുദായത്തെ മുഴുവൻ ഉദ്ദേശിച്ചുകൊണ്ട് ഇതുപോലെ يابنى ادم (ആദമിന്റെ സന്തതികളേ) എന്നു ക്വുർആനിലും മറ്റും പറയപ്പെടാറുള്ളതും അതുകൊണ്ടാണ്. മനുഷ്യനു ادمى (ആദം വർഗത്തിൽപെട്ടവൻ) എന്നു പറയപ്പെടുന്നതും അതുകൊണ്ടു തന്നെ. മനുഷ്യരായ നിങ്ങളെ അല്ലാഹു ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിച്ചു രൂപപ്പെടുത്തി എന്നു പറഞ്ഞശേഷം അതെങ്ങിനെ പ്രയോഗത്തിൽ വരുത്തിയെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതെ, وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا الخ (അതിൽനിന്നു തന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും, അവർ രണ്ടുപേരിൽനിന്നുമായി ധാരാളം പുരുഷന്മാരെയും, സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തു). ഇണകൊണ്ടുദ്ദേശ്യം മനുഷ്യമാതാവായ ഹവ്വാഉ്(അ) ആണെന്നും, സ്ത്രീപുരുഷന്മാരാകുന്ന ഇണകളുടെ സമ്പർക്കത്തിൽ നിന്നാണ് മനുഷ്യൻ പെറ്റു പെരുകിക്കൊണ്ടിരിക്കുന്നതെന്നും പറയേണ്ടതില്ലല്ലോ.

ആദം നബി(അ)യെ മണ്ണിൽനിന്നാണ് സൃഷ്ടിച്ചതെന്ന് (3:59 ലും മറ്റും) അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ അദ്ദേഹത്തിന്റെ ഉൽപത്തിയെപ്പറ്റി ഒന്നും പ്രസ്താവിച്ചിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ ഇണയെ സൃഷ്ടിച്ചത് അദ്ദേഹത്തിൽനിന്നാണെന്നു വ്യക്തമാക്കിയിരിക്കുന്നു. وخلق منها زوجها (ആ ആത്മാവിൽ നിന്ന് അതിന്റെ ഇണയെ സൃഷ്ടിക്കുകയും ചെയ്തു) എന്ന വാക്യത്തിന്റെ അർത്ഥം ആദമാകുന്ന ആ ആത്മാവിന്റെ ഇണയെ അതിൽ നിന്നുതന്നെ സൃഷ്ടിച്ചു രൂപപ്പെടുത്തി എന്നാണല്ലോ. എന്നാൽ, അദ്ദേഹത്തിൽനിന്ന് ഇണയെ സൃഷ്ടിച്ചതെങ്ങിനെയാണെന്നു തീർത്തുപറയത്തക്ക തെളിവുകളൊന്നും ഇല്ല. ആദം(അ)നെ സൃഷ്ടിച്ചപ്പോൾ അദ്ദേഹത്തിനുതക്കതായ ഒരു ഇണ ഇല്ലായ്കയാൽ അല്ലാഹു അദ്ദേഹത്തിനു ഒരു ഗാഢനിദ്ര നൽകിയെന്നും, ഉറങ്ങിക്കൊണ്ടിരിക്കെ അദ്ദേഹത്തിന്റെ ഒരു വാരിയെല്ലെടുത്ത് ആ എല്ലിനെ ഒരു സ്ത്രീയാക്കി സൃഷ്ടിച്ചുവെന്നുമാണ് ബൈബ്ൾ (ഉൽപത്തി : 2 ൽ 21 – 23) പറയുന്നത്. ബൈബ്ളിന്റെ പ്രസ്താവനയെ ആധാരമാക്കി ഇത് ഉറപ്പിക്കുവാൻ വയ്യ. കാരണം, അതിലെ സത്യവും അസത്യവും വേർതിരിച്ചറിയുവാൻ നിവൃത്തിയില്ല. എങ്കിലും ഇപ്പറഞ്ഞതിൽ സത്യമുണ്ടെന്നു തോന്നിക്കുന്ന പ്രബലമായ ഒരു നബിവചനം നിലവിലുണ്ട്. സ്ത്രീകളോട് നല്ലനിലയിൽ പെരുമാറുവാൻ വസ്വിയ്യത്ത് ചെയ്തുകൊണ്ട് നബിﷺ ഇങ്ങിനെ പറയുന്നു:

فانهن خلقن من ضلع(رواه الشيخان) (“....കാരണം, അവർ വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.” (ബു: മു.) ഈ ഹദീഥിനെ അടിസ്ഥാനമാക്കി ഭൂരിപക്ഷം പണ്ഡിതന്മാരും പറയുന്നത് ആദം(അ)ന്റെ വാരിയെല്ലിൽനിന്നാണ് ഹവ്വാഉ്(അ) സൃഷ്ടിക്കപ്പെട്ടത് എന്നാകുന്നു. ഹദീഥിന്റെ വാചകം നേർക്കുനേരെ നോക്കുമ്പോൾ മനസ്സിലാകുന്നതും അങ്ങിനെയാണ്. അതേ സമയം നബിﷺ അതൊരു ഉപമാലങ്കാര രൂപത്തിൽ പ്രസ്താവിച്ചതായിരിക്കുവാനും സാധ്യതയുണ്ട്. ഹദീഥിലെ തുടർന്നുള്ള വാചകങ്ങൾ നോക്കുക: .....وان اعوج شيء من الضلع اعلاه “വാരിയെല്ലിൽവെച്ച് ഏറ്റവും വളഞ്ഞതു അതിൽ മേലെയുള്ളതുമാണ്. അതുകൊണ്ട് അതിനെ ചൊവ്വാക്കി നിർത്തുവാൻ ശ്രമിക്കുന്നപക്ഷം നീ അതുപൊട്ടിക്കേണ്ടിവരും. അതിനെ അതിന്റെ പാട്ടിനു വിട്ടേക്കുന്ന പക്ഷം അതു വളഞ്ഞുംകൊണ്ടുതന്നെയിരിക്കും.” ചുരുക്കിപ്പറഞ്ഞാൽ, വാരിയെല്ലിൽനിന്നാവട്ടെ, അല്ലാതിരിക്കട്ടെ; ഹവ്വാഇനെ സൃഷ്ടിച്ചതു ആദം (അ) എന്ന ആളിൽനിന്നാണെന്നു തീർത്തു പറയാം. വാരിയെല്ലിൽനിന്നാണെന്നു ഉറപ്പിച്ചു പറയത്തക്ക തെളിവില്ലെങ്കിലും ആ അഭിപ്രായം തെറ്റാണെന്നു വിധി കൽപിക്കുവാനും തെളിവുകളൊന്നുമില്ല. والله اعلم

ക്വുർആൻ വ്യാഖ്യാതാക്കളിൽ മറ്റൊരഭിപ്രായമുള്ളത് അബൂമുസ്‌ലിം ഇസ്ഫഹാനീ(റ) യുടേതാകുന്നു. خَلَقَ مِنْهَا زَوْجَهَا എന്ന വാക്യത്തിനു اى من جنسها (അതായതു അതിന്റെ വർഗത്തിൽനിന്നു) എന്നാണ് അദ്ദേഹം അർത്ഥമാക്കുന്നത്. അദ്ദേഹം മുൻകാലക്കാരായ ക്വുർആൻ വ്യാഖ്യാതാക്കളിൽ ഒരാളാണെങ്കിലും അദ്ദേഹത്തിന്റേതായ ചില യുക്തി ന്യായങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് ഒറ്റപ്പെട്ട പല അഭിപ്രായങ്ങളുമുണ്ട്. അക്കൂട്ടത്തിൽ ഒന്നാണിത്. ഇക്കാലത്ത് ആധുനികപ്രിയരായ ചിലർ അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തെ അനുകരിക്കുകയും അതിനെ പിൻതാങ്ങുമാറുള്ള പുതിയ ന്യായങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നതും കാണാം. വിമർശനാർഹങ്ങളായ ഏതാനും യുക്തിവാദങ്ങളൊഴിച്ചാൽ അവർക്കു പറയുവാനുള്ള പ്രധാന ന്യായം نفس (നഫ്സ്) എന്ന വാക്കു جنس (വർഗം) എന്ന അർത്ഥത്തിൽ ക്വുർആനിൽ ഉപയോഗിച്ചിട്ടുണ്ടെന്നത്രെ. 30:21, 16:72, 42:11, 9:128, 3:164 മുതലായ സ്ഥലങ്ങൾ അതിനു അവർ ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. പക്ഷേ, താഴെ സൂചിപ്പിക്കുന്നതുപോലെയുള്ള ന്യൂനതകൾ ഉള്ളതുകൊണ്ട് ഈ അഭിപ്രായം സ്വീകരിക്കുവാൻ വഴി കാണുന്നില്ല.

(1) ഇവർ ചൂണ്ടിക്കാട്ടുന്ന സ്ഥലങ്ങളിലെല്ലാംതന്നെ ഉപയോഗിച്ചിരിക്കുന്നതു نفس (നഫ്സ്) എന്ന പദമല്ല. അതിന്റെ ബഹുവചനമായ انفس(അൻഫുസ്) എന്നാകുന്നു. ബഹുവചനമായിരിക്കുമ്പോൾ ‘വർഗം’ എന്നർത്ഥം വരുന്നതുകൊണ്ട് ഏകവചനത്തിന് ആ അർത്ഥം ഉണ്ടായിക്കൊള്ളണമെന്നില്ല. മാത്രമല്ല, ആ പദത്തിനു അറബി നിഘണ്ടുക്കളിൽ അങ്ങിനെ ഒരർത്ഥം കാണുന്നുമില്ല. ഉണ്ടെന്നു സങ്കൽപിച്ചാൽ തന്നെയും ഏകവചനമായ نفس എന്ന വാക്കിന് വർഗം എന്നർത്ഥമാകുമ്പോൾ ബഹുവചനമായ انفس നു ‘വർഗങ്ങൾ’ എന്നു അർത്ഥമായിരിക്കണമല്ലോ. ഇവർ ചൂണ്ടിക്കാട്ടിയ ആ അഞ്ചു ഉദാഹരണങ്ങളിലും ‘വർഗങ്ങൾ’ എന്നു അർത്ഥമാക്കുവാൻ നിവൃത്തിയില്ലെന്നു തീർത്തു പറയാം. ‘ആത്മാവ്, ജീവൻ, ദേഹം, വ്യക്തി, ആൾ, സ്വന്തം, സ്വയം, താൻ, മനസ്സ്, രക്തം’ എന്നൊക്കെയാണ് ‘നഫ്സി’നു നിഘണ്ടുക്കളിൽ കാണുന്ന അർത്ഥങ്ങൾ. ഈ അർത്ഥങ്ങളൊന്നും ഇവർ ചൂണ്ടിക്കാട്ടിയ ഉദാഹരണങ്ങളിൽ യോജിക്കുകയില്ലെന്ന് ആ ഉദാഹരണങ്ങൾ പരിശോധിക്കുന്ന ആർക്കും മനസ്സിലാക്കാം. ആദ്യത്തെ മൂന്നു ഉദാഹരണങ്ങ

ളിൽ നിങ്ങൾക്കു നിങ്ങളുടെ 'നഫ്സു'കളിൽ നിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നു (خلق لكم من انفسكم ازواجا) എന്നോ, നിങ്ങളുടെ 'നഫ്സു'കളിൽനിന്നുതന്നെ നിങ്ങൾക്ക് ഇണകളെ ഉണ്ടാക്കിത്തന്നു (جعل لكم من انفسكم الخ) എന്നോ ആണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. നാലാമത്തേതിൽ നിങ്ങൾക്ക് നിങ്ങളുടെ നഫ്സുകളിൽ നിന്നു ഒരു റസൂൽ വന്നിരിക്കുന്നു (جاءكم رسول من انفسكم)എന്നും, അവസാനത്തെതിൽ അവരുടെ 'നഫ്സു'കളിൽനിന്ന് ഒരു റസൂലിനെ അവൻ നിയോഗിച്ചിരിക്കുന്നു (بعث فيهم رسولا من انفسهم) എന്നുമാണ് പറഞ്ഞിരിക്കുന്നത്. മേൽകണ്ട അർത്ഥങ്ങളൊന്നും ഇവിടങ്ങളിൽ യോജിക്കുകയില്ലെന്നും, അതുകൊണ്ടാണ് 'നഫ്സു'കളുടെ സമൂഹമാകുന്ന 'വർഗം (جنس)' എന്നു ഇവിടങ്ങളിൽ ഉദ്ദേശ്യാർത്ഥമായി സ്വീകരിക്കപ്പെടുന്നതെന്നും വ്യക്തമാണല്ലോ. ബഹുവചന രൂപത്തിലല്ലാതെ - ഏകവചന രൂപത്തിൽ - 'നഫ്സ്(نفس)എന്നു വന്നിട്ടുള്ള ഏതെങ്കിലും ക്വുർആൻ വാക്യങ്ങളിൽ 'വർഗം (جنس)' എന്ന് അർത്ഥം നൽകേണ്ടതോ, ആ അർത്ഥം യോജിക്കുന്നതോ ആയ വേറൊരു ഉദാഹരണം കാണുന്നുമില്ല.

(2) അതേ സമയത്ത് മറ്റൊരു വചനത്തിൽ يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ "ഹേ മനുഷ്യരേ, നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നും സൃഷ്ടിക്കുകയും, നിങ്ങളെ നാം പല ശാഖകളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു." (49:13). എന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുമുണ്ട്. മനുഷ്യസമുദായമായ നിങ്ങൾ പല ശാഖകളും ഗോത്രങ്ങളുമാണെങ്കിലും നിങ്ങൾ മുഴുവനും ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നാണല്ലോ ഇതിന്റെ അർത്ഥം. ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യപിതാവായ ആദം നബി(അ) യിൽനിന്നും, അദ്ദേഹത്തിന്റെ ഇണയും മനുഷ്യമാതാവുമായ ഹവ്വാ(അ)യിൽ നിന്നുമാണ് മനുഷ്യവർഗത്തെ അല്ലാഹു സൃഷ്ടിച്ചുണ്ടാക്കി ഇത്രയധികം വർദ്ധിപ്പിച്ചിരിക്കുന്നത് എന്നുതന്നെയാണ് ഈ രണ്ടു വചനങ്ങളിലും അടങ്ങിയ ആശയം. എല്ലാ ജീവ വർഗത്തിന്റെയും ഇണകൾ അതാതു വർഗത്തിൽ നിന്നു തന്നെയാണുള്ളത്. അതുപോലെ, മനുഷ്യരുടെയും ഇണകൾ മനുഷ്യവർഗത്തിൽ പെട്ടവരാണെന്ന വസ്തുത ചൂണ്ടിക്കാട്ടുകയല്ല ഈ രണ്ടു വാക്യങ്ങളും ചെയ്യുന്നതെന്നു താൽപര്യം.

'നഫ്സ്' എന്ന വാക്കിന്ന് 'വർഗം' എന്നർത്ഥം കൽപിച്ചു വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നവർ വേറെയും ചില ന്യായങ്ങൾ പറഞ്ഞു കാണാമെങ്കിലും അവ കേവലം യുക്തിന്യായങ്ങളാകുന്നു. അതുകൊണ്ട് അവക്കു അതേരൂപത്തിലുള്ള മറുപടി നൽകി ദീർഘിപ്പിക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. ഈ വിഷയം വിശ്വാസപരമോ, അനുഷ്ഠാനപരമോ ആയ ഒന്നല്ലെങ്കിലും അബൂമുസ്ലിം ഇസ്ഫഹാനീ(റ)യുടെ ഒറ്റപ്പെട്ട ഒരഭിപ്രായത്തെ ഊന്നുവടിയാക്കിക്കൊണ്ട് ക്വുർആൻ വ്യാഖ്യാതാക്കളെ പൊതുവെ വിഡ്ഢികളാക്കുമാറുള്ള ചില പ്രസ്താവനകൾ ചിലർ ചെയ്തുകാണുന്നതുകൊണ്ട് ഇത്രയും സംസാരിച്ചുവെന്നേയുള്ളൂ.

മനുഷ്യസമുദായമായ നിങ്ങളെ ഒരേ ആത്മാവിൽ- ആളിൽ-നിന്നു ഉൽപാദിപ്പിച്ചു തുടങ്ങുകയും, പിന്നീട് അതിൽനിന്നും അതിന്റെ ഇണയിൽനിന്നുമായി നിങ്ങളെ പെരുപ്പിച്ചു വർദ്ധിപ്പിക്കുകയും ചെയ്തിട്ടുള്ള നിങ്ങളുടെ റബ്ബിനെ നിങ്ങൾ സൂക്ഷിക്കണം എന്നു പറഞ്ഞശേഷം, നിങ്ങൾ യാതൊരു അല്ലാഹുവിന്റെ പേരിൽ-അവനെ മുൻനിറുത്തിക്കൊണ്ടു-അന്യോന്യം ചോദിക്കാറുണ്ടോ ആ അല്ലാഹുവിനെ സൂക്ഷിക്കണം

(واتقوا الله الذى تساءلون به) എന്നു പിന്നെയും പറഞ്ഞിരിക്കുന്നു. നിങ്ങളെ സൃഷ്ടിച്ചു വളർത്തിക്കൊണ്ടുവരുന്ന രക്ഷിതാവ് അല്ലാഹുവാണെന്നു നിങ്ങൾക്കറിയാം, അതുകൊണ്ടാണല്ലോ നിങ്ങൾ പലപ്പോഴും അവനെ മുൻനിറുത്തി പരസ്പരം പലതും ആവശ്യപ്പെടുന്നതും ചോദിക്കുന്നതും. ആ നിലക്ക് അല്ലാഹുവിനെ സൂക്ഷിക്കൽ നിങ്ങളുടെ പ്രകൃത്യായുള്ള ഒരു കടമയാണെന്നു നിങ്ങൾതന്നെ സമ്മതിക്കുന്നുവെന്നാണ് ഇതിലടങ്ങിയ സൂചന. 'അല്ലാഹുവിന്റെ പേരിൽ ഞാൻ അപേക്ഷിക്കുന്നു, അല്ലാഹുവിനെ ഓർത്ത് ഇന്നിന്നപ്രകാരം ചെയ്തുതരണം, പടച്ചവനെ മുൻനിറുത്തിയാണ് ഞാനിതു പറയുന്നത്' എന്നിങ്ങിനെ മനുഷ്യർ മുൻകാലത്തെന്നപോലെ ഇക്കാലത്തും അന്യോന്യം ചോദിക്കലും പറയലും പതിവാണല്ലോ. ദൈവവിശ്വാസികളല്ലാത്തവരിൽനിന്നുപോലും കുടുങ്ങിയ അവസരങ്ങളിൽ ഇങ്ങിനെയുള്ള വാക്കുകൾ കേൾക്കുക ദുർലഭമല്ല.

കുടുംബബന്ധം പാലിക്കുന്നതിനും, കുടുംബത്തോട് നല്ല നിലക്കു പെരുമാറുന്നതിനും ഇസ്ലാമിൽ നൽകപ്പെട്ട പ്രാധാന്യം മറ്റേതൊരു മതത്തിലും നൽകിക്കാണപ്പെടുകയില്ല. അല്ലാഹുവിനെ ആരാധിക്കുവാൻ കല്പിക്കുന്നതോടൊപ്പം മാതാപിതാക്കൾക്കു നന്മ ചെയ്വാൻ ക്വുർആനിൽ പലപ്പോഴും ഉപദേശിച്ചു കാണാം. ഹദീഥിലും പലതും കാണാം. ഈ സൂറത്തിലെ തുടർന്നുള്ള വചനങ്ങളിൽ അനാഥക്കുട്ടികളെയും, ഗാർഹികവും കുടുംബപരവുമായ പല കാര്യങ്ങളെയും സംബന്ധിച്ചു വളരെയധികം പ്രസ്താവനകൾ വരുന്നുണ്ട്താനും. ആ നിലക്ക് കുടുംബബന്ധങ്ങൾ പാലിക്കുന്നതിനെപ്പറ്റി ഒന്നാമത്തെ ഈ വചനത്തിൽതന്നെ പ്രത്യേകം ഉണർത്തുന്നത് അനുയോജ്യമായിരിക്കുമല്ലോ. അതുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുവാൻ ഊന്നിപ്പറഞ്ഞതോടു ചേർത്തുകൊണ്ട് കുടുംബബന്ധങ്ങളെയും സൂക്ഷിക്കണം (والارحام) എന്നുകൂടി അല്ലാഹു ഓർമിപ്പിച്ചിരിക്കുകയാണ്.

الله(അല്ലാഹു) എന്ന നാമത്തോടു ചേർത്തു (عطف) കൊണ്ട് - والارحام(വൽഅർഹാമ) എന്നു അവസാനത്തെ അക്ഷരത്തിനു അകാരം (الفتح) കൊടുത്തുകൊണ്ടുള്ള വായനയെ അടിസ്ഥാനമാക്കിയാണ് മേൽകണ്ട പരിഭാഷയും വ്യാഖ്യാനവും സ്വീകരിച്ചിരിക്കുന്നത്. പൊതുവിൽ അംഗീകരിക്കപ്പെട്ടു വരുന്ന വായനയും അങ്ങിനെത്തന്നെ. എങ്കിലും, ആ അക്ഷരത്തിനു ഇകാരം(الكسر) കൊടുത്തുകൊണ്ട് 'വൽഅർഹാമി' എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ അത് به(ബിഹി) എന്നതിലെ സർവ്വനാമത്തോടു ചേർന്നത് (معطوف) ആയിരിക്കും. ഈ വായനപ്രകാരം, 'യാതൊരു അല്ലാഹുവിന്റെ പേരിലും കുടുംബ ബന്ധങ്ങളുടെ പേരിലും നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ ആ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുവിൻ' എന്നായിരിക്കും ആ വാക്യത്തിന്റെ അർത്ഥം. അപ്പോഴും അല്ലാഹുവിന്റെ നാമത്തോടു ചേർത്തു കുടുംബബന്ധങ്ങളെപ്പറ്റി ഓർമിപ്പിച്ചതിലടങ്ങിയ തത്വത്തിൽ മാറ്റം വരുവാനില്ല.

മനുഷ്യ വർഗത്തിന്റെ ഉത്ഭവ ചരിത്രം ഓർമിപ്പിച്ചതിൽനിന്ന് മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ സന്തതികളായി പിറന്നവരാണെന്നും, എല്ലാവരും ചേർന്നുള്ള ഒരു വമ്പിച്ച കുടുംബമാണ് വാസ്തവത്തിൽ മനുഷ്യസമുദായമെന്നും, അതുകൊണ്ട് അവർ പരസ്പരം സ്നേഹത്തിലും സൗഹാർദ്ദത്തിലും വർത്തിക്കേണ്ടതുണ്ടെന്നും വ്യക്തമാണ്. എന്നാൽ, അല്ലാഹുവിനെ സൂക്ഷിക്കലും കുടുംബബന്ധം സൂക്ഷിക്കലും ഒരേ ഉദ്ദേശ്യത്തിലല്ല കലാശിക്കുന്നതെന്നു പ്രത്യേകം പറയേണ്ടുന്ന ആവശ്യമില്ല. അല്ലാഹുവിനെ സൂക്ഷിക്കൽ അവന്റെ നിയമ നിർദ്ദേശങ്ങൾക്കനുസരിച്ചു ജീവിക്കുന്നതുകൊണ്ടും,

കുടുംബബന്ധത്തെ സൂക്ഷിക്കല്‍ കുടുംബബന്ധമുള്ളവരോടു നന്നായി വര്‍ത്തിക്കുന്നതുകൊണ്ടുമാണ് സാക്ഷാല്‍കരിക്കപ്പെടുന്നത്. അല്ലാഹുവിനോടും കുടുംബങ്ങളോടുമുള്ള കടമകളെല്ലാം നിങ്ങള്‍ പാലിക്കുന്നുണ്ടോ എന്ന് അല്ലാഹു സൂക്ഷ്മ നിരീക്ഷണം നടത്തുന്നുണ്ടെന്നും അവസാനം മനുഷ്യരെ ഓര്‍മപ്പെടുത്തുന്നു. (ان الله كان عليكم رقيبا)

وَءَاتُوا۟ ٱلْيَتَـٰمَىٰٓ أَمْوَٰلَهُمْ ۖ وَلَا تَتَبَدَّلُوا۟ ٱلْخَبِيثَ بِٱلطَّيِّبِ ۖ

﴾2﴿ അനാഥകള്‍ക്കു അവരുടെ സ്വത്തുക്കള്‍ നിങ്ങള്‍ (വിട്ടു)കൊടുക്കുവിന്‍. നല്ല (ശുദ്ധമായ) തിനു(പകരം) ദുഷിച്ചതിനെ നിങ്ങള്‍ മാറ്റിയെടുക്കുകയും ചെയ്യരുത്.

وَلَا تَأْكُلُوٓا۟ أَمْوَٰلَهُمْ إِلَىٰٓ أَمْوَٰلِكُمْ ۚ إِنَّهُۥ كَانَ حُوبًا كَبِيرًا ﴿٢﴾

നിങ്ങളുടെ സ്വത്തുക്കളിലേക്ക് (കൂട്ടിച്ചേര്‍ത്ത്) അവരുടെ സ്വത്തുക്കള്‍ നിങ്ങള്‍ തിന്നുകയും ചെയ്യരുത്. നിശ്ചയമായും അതു വലുതായ ഒരു പാതകമാകുന്നു.

﴾2﴿ وَآتُوا നിങ്ങള്‍ കൊടുക്കുവിന്‍ الْيَتَامَى അനാഥകള്‍ക്ക് أَمْوَالَهُمْ അവരുടെ സ്വത്തുക്കള്‍ وَلَاتَتَبَدَّلُوا നിങ്ങള്‍ മാറ്റിയെടുക്കരുത്, പകരമെടുക്കരുത് الْخَبِيثَ ദുഷിച്ചതിനെ, ചീത്തയെ بِالطَّيِّبِ നല്ലതിന്, ശുദ്ധമായതിന് (പകരം) وَلَاتَأْكُلُوا നിങ്ങള്‍ തിന്നുകയും ചെയ്യരുത് أَمْوَالَهُمْ അവരുടെ സ്വത്തുക്കളെ إِلَىٰ أَمْوَالِكُمْ നിങ്ങളുടെ സ്വത്തുക്കളിലേക്ക് (കൂട്ടിച്ചേര്‍ത്തുകൊണ്ട്) إِنَّهُ നിശ്ചയമായും അത് كَانَ അതാകുന്നു حُوبًا പാതകം, പാപം كَبِيرًا വലുതായ

കഴിഞ്ഞ വചനത്തില്‍, അല്ലാഹുവിനെയും കുടുംബ ബന്ധങ്ങളെയും സൂക്ഷിക്കുവാന്‍ കല്‍പിച്ചശേഷം, അതിന്റെ വിശദീകരണമെന്നോണം ഈ വചനം മുതല്‍ പല കാര്യങ്ങളെക്കുറിച്ചും അല്ലാഹു വിവരിക്കുന്നു. കൂട്ടത്തില്‍ വളരെ പ്രാധാന്യം അര്‍ഹിക്കുന്ന ഒന്നാണല്ലോ അനാഥകളുടെ കാര്യം. അതുകൊണ്ട് അനാഥകളുടെ വിഷയത്തില്‍ സൂക്ഷിക്കേണ്ടുന്ന വിഷയങ്ങള്‍ക്ക് മുന്‍ഗണന നല്‍കപ്പെട്ടിരിക്കുകയാണ്. അനാഥകളുടെ സ്വത്ത് കൈകാര്യം ചെയ്യുന്ന എല്ലാവരെയും അഭിമുഖീകരിക്കുന്നതാണ് ഇതിലെ കല്‍പനകള്‍. അവര്‍ കുടുംബത്തില്‍ പെട്ടവരായാലും അല്ലെങ്കിലും ശരി. അതതു കുടുംബങ്ങളിലെ അനാഥകളുടെ കൈകാര്യം മിക്കവാറും ആ കുടുംബത്തിലെ അംഗങ്ങളുടെ കയ്ക്കായിരിക്കുമല്ലോ നടക്കുക. ആ നിലക്ക് അനാഥകളുടെ കുടുംബത്തലവന്‍മാരെയായിരിക്കും ഇത്കൂടുതല്‍ ബാധിക്കുക എന്നുമാത്രം. പിതാക്കള്‍ നഷ്ടപ്പെട്ടുപോയ കുട്ടികള്‍ക്കാണ് يتيم (യത്തീം) എന്നു പറയുന്നത്. പ്രായപൂര്‍ത്തിയായവര്‍ക്ക് സാധാരണ ആ പേരു പറയാറില്ല. യത്തീമു(അനാഥ)കളുടെ വിഷയത്തില്‍ മൂന്നു കല്‍പനകളാണ് ഈ വചനത്തിലുള്ളത്:-

(1) അവരുടെ സ്വത്തുക്കള്‍ അവര്‍ക്കു വിട്ടുകൊടുക്കണം. അതായത്; അവര്‍ക്കു പ്രായപൂര്‍ത്തിയും തന്റേടവും എത്തുമ്പോള്‍ അതുവരെ കൈകാര്യം നടത്തിയിരുന്നവര്‍ അവ

രുടെ സ്വത്തുക്കൾ മടികൂടാതെ അവർക്കു വിട്ടുകൊടുക്കണമെന്നു സാരം. പ്രായപൂർത്തിയാകുംമുമ്പോ, ധനം കൈകാര്യം ചെയ്യുവാനുള്ള തന്റേടം വരാത്തവർക്കോ ധനം വിട്ടുകൊടുക്കേണ്ടതില്ലെന്ന് 5, 6 വചനങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. പ്രായപൂർത്തിയും തന്റേടവും വന്ന ശേഷവും വല്ല പ്രത്യേക കാരണവും നിമിത്തം കുട്ടിക്കു സ്വത്ത് ഏറ്റുവാങ്ങുവാൻ പ്രയാസമുണ്ടെങ്കിൽപോലും അതു വിട്ടുകൊടുത്തേ തീരൂ എന്നില്ല. പക്ഷേ, പിന്നീടുള്ള കൈകാര്യങ്ങൾ കുട്ടിയുടെ ഇഷ്ടമനുസരിച്ചും സമ്മതത്തോടുകൂടിയുമായിരിക്കണമെന്നു മാത്രം.

(2) നല്ലതിനു പകരം ദുഷിച്ചതിനെ മാറ്റി എടുക്കരുത്. അതായത്, കുറ്റരഹിതവും സംശുദ്ധവുമായ നല്ലതിന്റെ സ്ഥാനത്തു കുറ്റകരവും അശുദ്ധവുമായ ചീത്ത വസ്തുക്കളെ സ്വീകരിക്കരുത്. ഇത് പല പ്രകാരത്തിലും വരാം. ഉദാഹരണമായി അനാഥകളുടെ വക ഉയർന്നതരം വസ്തുക്കളെ ഇങ്ങോട്ടെടുത്ത് അതിന്റെ സ്ഥാനത്ത് അതിനെക്കാൾ താഴേക്കിടയിലുള്ളതോ മോശപ്പെട്ടതോ അങ്ങോട്ട് വെക്കുക. അവരുടെ നന്മക്കും അഭിവൃദ്ധിക്കും ഉതകുന്ന വിധത്തിലല്ലാതെ സ്വന്തം താൽപര്യത്തിനു യോജിച്ച വിധം കൈകാര്യം നടത്തുക, അവർക്കു നഷ്ടമായി പരിണമിക്കുന്ന ക്രയവിക്രയങ്ങൾ നടത്തുക മുതലായവ.

(3) അവരുടെ സ്വത്തും സ്വന്തം സ്വത്തുക്കളും ഇടകലർത്തി - സൂക്ഷ്മതയും കൃത്യവും നോക്കാതെ - ഉപയോഗിക്കരുത്. അവരുടെ ധനം ദുർവ്യയം ചെയ്യലും വക മാറി ചിലവഴിക്കലുമാണിത്. എന്നാൽ, നീതിയും മര്യാദയും തെറ്റാതെ അനാഥകളുമായി കൂട്ടു ജീവിതം നയിക്കുന്നതിനു വിരോധമില്ലെന്നു 2 : 220 ൽ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളതാണ്. (കൂടുതൽ വിവരം അവിടെ നോക്കുക) 'അവരുടെ സ്വത്തുക്കൾ ഉപയോഗിക്കരുത്' എന്നു പറയാതെ 'തിന്നരുത്' എന്നു പറഞ്ഞതിലടങ്ങിയ സൂചനയെപ്പറ്റി അൽബഖറഃയിൽ മുമ്പ് വിവരിച്ചിട്ടുണ്ട്. അന്യരുടെ സ്വത്തുക്കൾ - അതാരുടേതായിരുന്നാലും - നിയമാനുസൃതമല്ലാത്തവിധം ഉപയോഗിക്കുന്നതു എപ്പോഴും നിഷിദ്ധവും കുറ്റവും തന്നെ. അത് അനാഥകളുടേതുകൂടിയാകുമ്പോൾ കൂടുതൽ കടുത്തതും ഗൗരവപ്പെട്ടതുമായിത്തീരുന്നു. അതാണ് انه كان حوبا كبيرا (നിശ്ചയമായും, അതു വലുതായ പാതകമാകുന്നു) എന്ന വാക്യം കുറിക്കുന്നത്.

وَإِنْ خِفْتُمْ أَلَّا تُقْسِطُوا۟ فِى ٱلْيَتَٰمَىٰ فَٱنكِحُوا۟ مَا طَابَ لَكُم مِّنَ ٱلنِّسَآءِ مَثْنَىٰ وَثُلَٰثَ وَرُبَٰعَ ۖ

﴾3﴿ അനാഥകളുടെകാര്യത്തിൽ നിങ്ങൾ നീതിമുറ പാലിക്കുകയില്ലെന്നു നിങ്ങൾ ഭയപ്പെട്ടുവെങ്കിൽ, അപ്പോൾ (മറ്റു) സ്ത്രീകളിൽ നിന്ന് നിങ്ങൾക്കു നന്നാ(യിത്തോന്നി)യവരെ ഈരണ്ടും, മുമ്മൂന്നും, നന്നാലുമായി നിങ്ങൾ വിവാഹം കഴിച്ചുകൊള്ളുവിൻ.

فَإِنْ خِفْتُمْ أَلَّا تَعْدِلُوا۟ فَوَٰحِدَةً أَوْ مَا مَلَكَتْ أَيْمَٰنُكُمْ ۚ

എനി, നിങ്ങൾ നീതി പ്രവർത്തിക്കുകയില്ലെന്നു നിങ്ങൾ ഭയപ്പെട്ടുവെങ്കിൽ, അപ്പോൾ ഒരുവളെ (മാത്രം വിവാഹം കഴിക്കുക); അല്ലെങ്കിൽ നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരെ (സ്വീകരിച്ചുകൊള്ളുക).

ذَٰلِكَ أَدْنَىٰٓ أَلَّا تَعُولُوا۟ ﴿٣﴾

അതു, നിങ്ങള്‍ (ക്രമം) തെറ്റിപ്പോകാതിരിക്കുവാന്‍ കൂടുതല്‍ യോജിച്ചതത്രെ.

﴾3﴿ وَإِنْ خِفْتُمْ നിങ്ങള്‍ ഭയപ്പെട്ടുവെങ്കില്‍ أَلَّا تُقْسِطُوا നിങ്ങള്‍ നീതിമുറ പാലിക്കുകയില്ലെന്ന് فِي الْيَتَامَىٰ അനാഥകളില്‍, അനാഥകളുടെ കാര്യത്തില്‍ فَانكِحُوا എന്നാല്‍ നിങ്ങള്‍ വിവാഹം ചെയ്തുകൊള്ളുവിന്‍ مَا طَابَ നന്നായത്(നന്നായി തോന്നിയത്), തൃപ്തിയായത് لَكُم നിങ്ങള്‍ക്ക് مِّنَ النِّسَاءِ സ്ത്രീകളില്‍ നിന്ന് مَثْنَىٰ ഈരണ്ടു (വീതം) وَثُلَاثَ മുമ്മൂന്നും وَرُبَاعَ നന്നാലും فَإِنْ خِفْتُمْ എനി നിങ്ങള്‍ ഭയപ്പെട്ടെങ്കില്‍ أَلَّا تَعْدِلُوا നിങ്ങള്‍ നീതി (മര്യാദ) ചെയ്കയില്ലെന്ന് فَوَاحِدَةً എന്നാല്‍ ഒന്ന്, ഒരുവള്‍ أَوْ مَا مَلَكَتْ അല്ലെങ്കില്‍ ഉടമപ്പെടുത്തിയത് أَيْمَانُكُمْ നിങ്ങളുടെ വലങ്കൈകള്‍ ذَٰلِكَ അതു أَدْنَىٰ കൂടുതല്‍ അടുത്തതാണ് (യോജിച്ചതാണ്) أَلَّا تَعُولُوا നിങ്ങള്‍ തെറ്റിപ്പോകാതിരിക്കുവാന്‍

ഈ വചനത്തിന്റെ താല്‍പര്യം ഗ്രഹിക്കുന്നതിന് ഇതവതരിച്ച സന്ദര്‍ഭവും പശ്ചാത്തലവും അറിയുന്നത് ആവശ്യമാകുന്നു. മൂന്നു അഭിപ്രായങ്ങളാണ് പ്രധാനമായും ഇതു സംബന്ധിച്ചുള്ളത്. ഒന്ന് ആഇശഃ(റ)യില്‍ നിന്നും, മറ്റൊന്ന് ഇബ്നുഅബ്ബാസ്(റ)ല്‍നിന്നും, മൂന്നാമത്തേത് സഈദുബ്നു ജുബൈര്‍(റ) മുതലായവരില്‍നിന്നും ഉദ്ധരിക്കപ്പെട്ടവയാകുന്നു. ആദ്യത്തെ രണ്ടുപേരും പ്രമുഖരായ സ്വഹാബീ പണ്ഡിതന്മാരില്‍പെട്ടവരും, മൂന്നാമത്തെ ആള്‍ പ്രമുഖനായ ഒരു താബിഈ പണ്ഡിതനുമാകുന്നു. ആ നിലക്കും, ഇവരുടെ പ്രസ്താവനകള്‍ ക്വുര്‍ആന്റെ വാചകങ്ങളോടു വളരെ യോജിച്ചു കാണുന്നതുകൊണ്ടും മിക്ക ക്വുര്‍ആന്‍ വ്യാഖ്യാതാക്കളും ഈ മൂന്നഭിപ്രായങ്ങളും അവരുടെ ഗ്രന്ഥങ്ങളില്‍ ഉദ്ധരിച്ചു കാണാം. ആപേക്ഷികമായി നോക്കുമ്പോള്‍, ആഇശഃ(റ) പറഞ്ഞ അഭിപ്രായത്തിനാണ് കൂടുതല്‍ പ്രാബല്യം കാണുന്നത്. അതുകൊണ്ടുതന്നെയാണു ഭൂരിഭാഗം പണ്ഡിതന്മാരും അതംഗീകരിക്കുന്നതും.

ആഇശഃ(റ)യുടെ സഹോദരീപുത്രനായ ഉര്‍വ്വത്തുബ്നു സുബൈര്‍(റ)ല്‍ നിന്നു ബുഖാരി, മുസ്‌ലിം(റ) മുതലായ പല ഹദീഥ് പണ്ഡിതന്മാരും രേഖപ്പെടുത്തിയിട്ടുള്ള ഹദീഥാണ് ഒന്നാമത്തേത്. അതിന്റെ സാരം: 'ആഇശഃ(റ)യോട് ഈ ക്വുര്‍ആന്‍ വചനത്തെപ്പറ്റി അവരുടെ സഹോദരിയുടെ പുത്രനായ ഉര്‍വ്വത്ത്(റ) ചോദിച്ചു. അവര്‍ ഇങ്ങിനെ മറുപടി പറഞ്ഞു: 'സഹോദരിപുത്രാ, ഒരു അനാഥപ്പെണ്ണ് അവളുടെ കൈകാര്യകര്‍ത്താവിന്റെ അധീനത്തിലുണ്ടായിരിക്കും. ധനത്തില്‍ അവള്‍ക്കും പങ്കുണ്ടായിരിക്കും. അവളുടെ ധനവും സൗന്ദര്യവും അവനെ ആകര്‍ഷിക്കും. അങ്ങനെ, അവളെ വിവാഹം കഴിക്കുവാന്‍ അവന്‍ ഉദ്ദേശിക്കും. മറ്റു സ്ത്രീകള്‍ക്ക് നല്‍കുന്നതുപോലെയുള്ള മഹ്ര്‍(വിവാഹമൂല്യം) ഒന്നും കൊടുക്കാതെയായിരിക്കും അത്. ഇവരോടു നീതി പാലിക്കുകയും, ഇവര്‍ക്കു ഉയര്‍ന്ന നിലവാരത്തിലുള്ള മഹ്ര്‍ കൊടുക്കുകയും ചെയ്തുകൊണ്ടല്ലാതെ ഇവരെ വിവാഹം ചെയ്യരുതെന്ന് (ഈ വചനം മുഖേന) അല്ലാഹു വിരോധിച്ചിരിക്കുകയാണ്.' അവരോട് - കൈകാര്യ കര്‍ത്താക്കളോട് - അനാഥകളല്ലാത്ത മറ്റു സ്ത്രീകളില്‍ നിന്ന് തങ്ങള്‍ക്ക് പറ്റിയവരെ വിവാഹം ചെയ്തുകൊള്ളുവാന്‍ കല്‍പിക്കുകയും ചെയ്തിരിക്കുകയാണ്." (തുടര്‍ന്നുകൊണ്ട് 127-ാം വചനത്തില്‍, സ്വത്തും സൗന്ദ

ര്യവും കുറവായതുനിമിത്തം അനാഥകളെ വിവാഹം കഴിക്കുവാൻമടിക്കുന്നതിനെകുറിച്ചു പ്രസ്താവിക്കുന്നതായും ആഇശഃ(റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതിനെപ്പറ്റി അവിടെവെച്ചു നമുക്കു സംസാരിക്കാം. (إن شاء الله) ഈ അർത്ഥത്തിലുള്ള ബലവത്തായ രിവായത്തുകൾ വേറെയും വന്നിട്ടുണ്ട്.

അധീനത്തിലും ബന്ധത്തിലും പെട്ട അനാഥകളുടെ സ്വത്തോ സൗന്ദര്യമോ ഉന്നം വെച്ചുകൊണ്ട് അവരെ വിവാഹം കഴിക്കുകയും, മഹ്ർ മുതലായ അവരുടെ അവകാശങ്ങളിൽ അവരോടു അനീതി കാണിക്കുകയും ചെയ്തിരുന്ന പതിവിനെ ഉദ്ദേശിച്ചാണ് وان خفتم ان لا تقسطوا في اليتامى "അനാഥകളുടെ കാര്യത്തിൽ നിങ്ങൾ നീതിമുറ പാലിക്കുകയില്ലെന്നു ഭയപ്പെട്ടാൽ" എന്ന് പറഞ്ഞിരിക്കുന്നത് എന്നത്രെ ആഇശഃ(റ) ചൂണ്ടിക്കാട്ടുന്നത്. അവരുടെ പ്രസ്താവന പ്രകാരം ഈ വചനത്തിന്റെ സാരം ഇങ്ങിനെയായിരിക്കും: അങ്ങിനെ അനീതി പ്രവർത്തിച്ചേക്കുമെന്നു കണ്ടാൽ, ആ അനാഥകളെ വിവാഹം ചെയ്തു കൂടാത്തതാണ്. അനാഥകളല്ലാത്ത സ്വതന്ത്രരായ സ്ത്രീകളിൽ നിന്ന് നന്നായി തോന്നുന്ന രണ്ടോ മൂന്നോ നാലോ വീതം - ഇഷ്ടംപോലെ - സ്ത്രീകളെ വിവാഹം ചെയ്തു കൊള്ളാം. സ്ത്രീകൾ വേറെയും ധാരാളമുണ്ടല്ലോ. എന്നാൽ, അവിടെയും നീതി പാലിക്കുകയില്ലെന്ന് ആശങ്ക തോന്നുന്ന പക്ഷം, ഒരു സ്ത്രീയെ മാത്രം വിവാഹം ചെയ്തുകൊള്ളണം. അല്ലാത്തപക്ഷം, ഉടമസ്ഥതയിലുള്ള - അടിമകളായ - സ്ത്രീകളെ സ്വീകരിച്ചു കൊള്ളേണ്ടതാണ്. അതാണ് അക്രമവും, അനീതിയും വന്നു പോകാതിരിക്കുവാനുള്ള നല്ല മാർഗം. 127-ാം വചനത്തിലെ ചില പരാമർശങ്ങളും, സ്ത്രീകളുടെ മഹ്ർ കൊടുക്കുന്ന വിഷയത്തിൽ മടിയും പിശുക്കും കാണിച്ചുകൂടാ എന്ന് അടുത്ത വചനത്തിൽ വരുന്ന നിർദ്ദേശവും ഈ വ്യാഖ്യാനത്തിനു പിൻബലം നൽകുന്നതായി കാണാം.

ഇബ്നു അബ്ബാസ്(റ)ൽ നിന്നു ഉദ്ധരിക്കപ്പെടുന്നതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: '(ഇസ്ലാമിന്നു മുമ്പ്) ജാഹിലിയ്യത്തിൽ, ഒരാൾ പത്തോ അതിലധികമോ സ്ത്രീകളെ വിവാഹം ചെയ്യുമായിരുന്നു. അതിൽ അവർ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. അങ്ങനെ കയ്യിലുള്ള ധനം തീരുമ്പോൾ, തങ്ങളുടെ അധീനത്തിലുള്ള അനാഥകളുടെ സ്വത്ത് ആ ഭാര്യമാരുടെ ചിലവിലേക്കു ഉപയോഗിക്കും. അതുകൊണ്ട് വിവാഹത്തിനു ഒരു പരിധി നിശ്ചയിക്കുകയാണ് ഈ വചനം ചെയ്യുന്നത്.' ഇബ്നു ജരീർ(റ) മുതലായവർ അദ്ദേഹത്തിൽ നിന്നു രേഖപ്പെടുത്തിയതിന്റെ സാരമാണിത്. ആഇശഃ(റ)യുടെ വ്യാഖ്യാന പ്രകാരം مِنَ النِّسَاءِ 'സ്ത്രീകളിൽനിന്ന്' എന്നു പറഞ്ഞത് അനാഥകളല്ലാത്ത സ്ത്രീകളെ ഉദ്ദേശിച്ചാകുന്നു. ഇബ്നു അബ്ബാസ്(റ)ന്റെ ഈ വ്യാഖ്യാനപ്രകാരം അനാഥകളും അല്ലാത്തവരും അതിൽ ഉൾപ്പെടുന്നു.

സഈദുബ്നു ജുബൈർ(റ), ക്വത്താദഃ(റ) മുതലായവരിൽ നിന്നുള്ള ഉദ്ധരണികളുടെ സാരം ഇതാകുന്നു: 'അനാഥകളുടെ ധനത്തിൽ അനീതി പ്രവർത്തിക്കുന്നത് ജാഹിലിയ്യാ കാലത്തും വെറുക്കപ്പെട്ട കാര്യമായിരുന്നു. പക്ഷേ, മറ്റു സ്ത്രീകളുടെ കാര്യത്തിൽ അനീതി കാണിക്കുന്നതിൽ അവർക്ക് ആ വെറുപ്പുണ്ടായിരുന്നില്ല. ഒരാൾ പത്തോ, അധികമോ സ്ത്രീകളെ വിവാഹം കഴിക്കും. അവരോടു നീതി പാലിക്കുകയുമില്ല. അതുകൊണ്ട് അനാഥകളോട് അനീതി കാണിക്കുവാൻ നിങ്ങൾക്ക് ഭയമാണെങ്കിൽ, അതുപോലെ മറ്റുള്ള സ്ത്രീകളോടും നിങ്ങൾ അനീതി കാണിച്ചുകൂടാ എന്നും, അതുകൊണ്ട് നാലുപേരെ മാത്രമേ വിവാഹം കഴിക്കാവൂ എന്നും, അപ്പോഴും നീതി പാലിക്കാനാവില്ലെന്നു കണ്ടാൽ ഒന്നുകൊണ്ടുമതിയാക്കണം - അല്ലെങ്കിൽ അടിമ സ്ത്രീക

ളെക്കൊണ്ട് മതിയാക്കണം – എന്നും കൽപിച്ചിരിക്കുകയാണ്.' ഇബ്നുജരീർ, ഇബ്നു അബീഹാതിം(റ) മുതലായവർ ഉദ്ധരിച്ചതാണിത്. ഈ വ്യാഖ്യാനത്തിനാണ് ഇബ്നു ജരീർ(റ) മുൻഗണന നൽകിക്കാണുന്നത്. എങ്കിലും ഒന്നാമതായി ഉദ്ധരിച്ച ആഇശഃ(റ)യുടെ വ്യാഖ്യാനമാണ് പല നിലക്കും യുക്തവും കൂടുതൽ സ്വീകാര്യവുമായി തോന്നുന്നതും, ഭൂരിഭാഗം പണ്ഡിതന്മാരും സ്വീകരിച്ചു കാണുന്നതും.

ഈ അടുത്ത കാലത്ത് ഒരു പണ്ഡിതൻ ഇങ്ങിനെയും ഒരു വ്യാഖ്യാനത്തിനു സാധ്യതയുള്ളതായി പറഞ്ഞു കാണുന്നു: 'അനാഥകളോട് വേണ്ടത്ര നീതി കാണിക്കാൻ നിങ്ങൾക്ക് ആവില്ലെങ്കിൽ, ആ അനാഥകൾ ഏതു സ്ത്രീകളോടൊപ്പമാണോ അവരെ വിവാഹം കഴിക്കുക.' ഇതാണദ്ദേഹത്തിന്റെ വാക്ക്. ഇപ്പറഞ്ഞതിന്റെ ശരിയായ ഉദ്ദേശ്യമെന്തെന്ന് അദ്ദേഹം വിശദീകരിച്ചു കാണുന്നുമില്ല. ഏതായാലും ആയത്തിന്റെ വാചക ഘടനയും ഈ പ്രസ്താവനയും തമ്മിലുള്ള പൊരുത്തം നമുക്കു മനസ്സിലാകുന്നില്ല.

വളരെ വിചിത്രമായതും, ഇക്കാലംവരെ ഒരു പണ്ഡിതനും അഭിപ്രായപ്പെട്ടു കാണാത്തതുമായ ഒരു വ്യാഖ്യാനം ആധുനിക തൽപരനായ ഒരു പണ്ഡിതൻ ഈയിടെ ഈ വചനത്തിനു നൽകുകയുണ്ടായിട്ടുണ്ട്: 'അനാഥകളുടെ പരിപാലനത്തെക്കുറിച്ചു സംസാരിക്കുന്ന സന്ദർഭമാണിത്, വിവാഹകാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്ന സന്ദർഭമല്ല, അതു നോക്കാത്തതുകൊണ്ടും അനാഥപരിപാലനത്തിനു ഇസ്ലാം കൽപിക്കുന്ന പ്രാധാന്യം ഓർക്കാത്തതുകൊണ്ടുമാണ് പലർക്കും ഇവിടെ അമളി കുടുങ്ങിയത്, തന്റെ വ്യാഖ്യാനമാണ് നേർക്കുനേരെയുള്ള വ്യാഖ്യാനം, ബാക്കിയെല്ലാം വളച്ചു തിരിച്ചു കൊണ്ടുള്ളതാണ് എന്നൊക്കെ തന്റെ പാണ്ഡിത്യം സമർത്ഥിച്ചുകൊണ്ട് അദ്ദേഹം അവതരിപ്പിച്ച ആ വ്യാഖ്യാനത്തിന്റെ ചുരുക്കം ഇങ്ങിനെയാകുന്നു: 'അനാഥകളുടെ പരിപാലനത്തിൽ നീതി പാലിക്കുകയില്ലെന്നു ഭയമുണ്ടെങ്കിൽ നിങ്ങൾക്കു നന്നായി തോന്നിയ – അനാഥ പരിപാലനത്തിനു പ്രാപ്തരായ–സ്ത്രീകളെ ആവശ്യംപോലെ രണ്ടോ മൂന്നോ നാലോ വിവാഹം കഴിച്ചു നിങ്ങളൊന്നിച്ചു താമസിപ്പിച്ചു കൊള്ളണം. ഇവിടെയും നീതി പാലിക്കുകയില്ലെന്നു കണ്ടാൽ ഒരു സ്ത്രീയെ മാത്രം വിവാഹം കഴിക്കണം. അതിനു കഴിവില്ലെങ്കിൽ ഈ ആവശ്യാർത്ഥം ഒരു അടിമസ്ത്രീയെയെങ്കിലും വിവാഹം കഴിക്കണം.' വളരെയധികം വലിച്ചു നീട്ടിക്കൊണ്ടു അദ്ദേഹം ചെയ്ത പ്രസ്താവനയുടെ ആകെത്തുകയാണിത്. അഥവാ, അനാഥപരിപാലനം നിർവ്വഹിക്കുന്നതിന് ഉപയുക്തമായ ഒരു മാർഗമെന്ന നിലക്കാണ് നാലുവരെ ഭാര്യമാരെ വിവാഹം കഴിക്കാമെന്നും, അല്ലെങ്കിൽ അടിമസ്ത്രീയെ വിവാഹം കഴിക്കാമെന്നും നിർദ്ദേശിച്ചിരിക്കുന്നത്. ഈ ഉദ്ദേശ്യത്തിലല്ലാതെ ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുവാൻ പാടില്ല എന്നു സാരം. ഈ പുത്തൻ വ്യാഖ്യാനത്തെപ്പറ്റി വിധി കൽപിക്കുന്നതിനു മുമ്പായി ചില വസ്തുതകൾ ഓർക്കേണ്ടിയിരിക്കുന്നു:-

(1) അനാഥ പരിപാലനത്തെപ്പറ്റി സംസാരിക്കുന്ന സന്ദർഭമാണിതെന്നുള്ള വാദം അപ്പടി വകവെക്കുവാൻ നിവൃത്തി കാണുന്നില്ല. സൂറത്തിലെ ആദ്യവചനത്തിൽ അനാഥകളെപ്പറ്റി പ്രത്യേകം ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല. രണ്ടാമത്തെ വചനത്തിൽ അവരുടെ സ്വത്ത് കൈകാര്യം ചെയ്യുന്ന വിഷയത്തിൽ അതിന്റെ കൈകാര്യകർത്താക്കൾ അംഗീകരിക്കേണ്ടുന്ന ചില നിർദ്ദേശങ്ങളാണുള്ളത്. സ്വത്ത് കൈകാര്യം ചെയ്യലും പരിപാലനവും ഒന്നല്ലതാനും. മൂന്നാമത്തെതാണ് ഈ വചനം. തുടർന്നുള്ള രണ്ടു വചനങ്ങളിലും അനാഥകളെ മാത്രം ബാധിക്കുന്ന വിഷയങ്ങളല്ല ഉള്ളതും. എന്നിരിക്കെ, അനാഥപരിപാലനത്തെക്കുറിച്ചു വിവരിക്കുന്നതാണ് ഇവിടത്തെ സന്ദർഭം എന്നു പറയുന്ന

തിൽ വലിയ കഴമ്പില്ല. എന്നിരുന്നാലും, ക്വുർആൻ വചനങ്ങളുടെ സന്ദർഭവും, ആശയവും മനസ്സിലാക്കുവാൻ ഇവരെക്കാൾ സൗകര്യവും, അറിവും, പ്രാപ്തിയും ഉണ്ടായിരുന്ന പ്രമുഖ സ്വഹാബീവര്യന്മാരിൽനിന്നും, താബിഈ പ്രമുഖന്മാരിൽ നിന്നും ഉദ്ധരിക്കപ്പെട്ടതും, ക്വുർആൻ വ്യാഖ്യാന പടുക്കളായ പണ്ഡിതന്മാർ അംഗീകരിച്ചു വരുന്നതുമായ മേൽകണ്ട വ്യാഖ്യാനങ്ങൾ പരിശോധിച്ചാൽ – ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ – അവയെല്ലാം തന്നെ അനാഥകളുടെ കാര്യവുമായി ബന്ധപ്പെട്ടവ തന്നെയാണു താനും.

(2) അനാഥപരിപാലനത്തെക്കുറിച്ചു സംസാരിക്കുന്ന സന്ദർഭമാണെന്നു മനസ്സിലാക്കാതെ, വിവാഹകാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്ന സന്ദർഭമാണിതെന്ന് ധരിച്ചതുകൊണ്ടാണ് മുമ്പുള്ളവർക്കൊക്കെ അമളി പിണഞ്ഞതെന്ന ഇദ്ദേഹത്തിന്റെ വാദം കുറച്ച് അമിതമായിപ്പോയി. മുമ്പുള്ള മഹാന്മാരാരും അങ്ങിനെ ധരിച്ചിട്ടില്ലെന്നും, വിവാഹകാര്യവും അനാഥകളുടെ കാര്യവും പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചില വ്യാഖ്യാനങ്ങൾ മാത്രമാണ് അവർ പറഞ്ഞിട്ടുള്ളതെന്നും അവരുടെ പ്രസ്താവനകളിൽനിന്നു വ്യക്തമാണ്. വാസ്തവം പറഞ്ഞാൽ, പുരോഗമനേച്ഛയുടെ പേരിലും, ആധുനിക താൽപര്യങ്ങൾക്കൊത്ത വിധത്തിലും ഇസ്‌ലാമിലെ ചില സിദ്ധാന്തങ്ങളെയും നിയമങ്ങളെയും വ്യാഖ്യാനിക്കുവാനുള്ള വെമ്പലിൽനിന്ന് ഉടലെടുത്തതാണ് ഈ പുതിയ വ്യാഖ്യാനം. അതിനൊരു അടിത്തറയായിക്കൊണ്ടാണ് മുമ്പുള്ളവർക്കൊന്നും ഈ വചനത്തിന്റെ സന്ദർഭം മനസ്സിലായിട്ടില്ലെന്നും, ഇപ്പോൾ തനിക്കാണത് മനസ്സിലാക്കുവാൻ കഴിഞ്ഞതെന്നുമുള്ള വാദം. ഏകഭാര്യത്വമാണ് ഇസ്‌ലാമിന്റെ അംഗീകൃത നയം. ഒഴിച്ചുകൂടാത്ത അടിയന്തര ഘട്ടങ്ങളിൽ നാലുവരെ ഭാര്യമാരെ വിവാഹം ചെയ്യാമെന്ന ഒരു ഇളവു അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു മാത്രം. അതാണെങ്കിൽ ഭാര്യമാർക്കിടയിൽ നീതി പാലിക്കുകയെന്ന – ഇവരുടെ അടുക്കൽ മിക്കവാറും മനുഷ്യ സാധ്യമല്ലാത്ത – ഒരു ഉപാധിയോടുകൂടിയാണ്താനും എന്നൊക്കെയാണ് ഇന്നത്തെ ചില ആധുനിക ചിന്താഗതിക്കാർ സമർത്ഥിക്കാറുള്ളത്. (ഇതിനെപ്പറ്റി വഴിയെ നമുക്ക് നിരൂപണം ചെയ്യാം.) ഇതിൽ ഒരു പടി കൂടി മുന്നോട്ട് കടന്ന് ഇദ്ദേഹം തന്റെ സ്വന്തം വകയായി ഇവിടെ ഒരു ഉപാധികൂടി കൂട്ടിച്ചേർത്തിരിക്കുകയാണ്. അതായത് ഒന്നിലധികം പേരെ വിവാഹം കഴിക്കണമെങ്കിൽ അത് അനാഥകളെ പരിപാലിക്കുവാനായിരിക്കുകയും വിവാഹം കഴിക്കപ്പെടുന്ന സ്ത്രീകൾ അതിനു പ്രാപ്തരായിരിക്കുകയും വേണമെന്നത്രെ അത്. ഇതെല്ലാം കാണുമ്പോൾ, അനാഥകളെ പരിപാലിക്കുന്നതിന്റെ പ്രാധാന്യം ഇദ്ദേഹത്തിന്മുമ്പ് ആരും മനസ്സിലാക്കിയിരുന്നില്ലെന്നു തോന്നിപ്പോകും! അത്ഭുതം!!

(3) അനാഥ പരിപാലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു മാത്രമല്ല, ക്വുർആനിന്റെ ഭാഷാസാഹിത്യം, അവതരണ സന്ദർഭങ്ങൾ, അതിനു നബിﷺയിൽനിന്നോ അവിടുത്തെ ചര്യയിൽനിന്നോ ലഭിക്കുന്ന വ്യാഖ്യാനങ്ങൾ എന്നിവയെപ്പറ്റിയെല്ലാം ഇവരെക്കാൾ അറിയാവുന്നവരും, സൂക്ഷ്മതയിലും സത്യസന്ധതയിലും ഇവരെ വെല്ലുന്നവരുമായ ആ മുൻഗാമികളായ മഹാൻമാർ ഈ വചനത്തിനു നൽകുന്ന വ്യാഖ്യാനങ്ങൾ വളഞ്ഞുതിരിഞ്ഞതാണെന്നും, തന്റെ വ്യാഖ്യാനമാണ് നേർക്കു നേരെയുള്ളതെന്നുമുള്ള ഇദ്ദേഹത്തിന്റെ വീരവാദത്തെപ്പറ്റി സൽബുദ്ധിയുള്ളവർ അവർക്കിഷ്ടമുള്ള വിധി കൽപിച്ചുകൊള്ളട്ടെ. ഇവരുടെ ഭാഷയിൽ 'നേർക്കുനേരെയുള്ള' ഇത്തരം കണ്ടുപിടുത്തങ്ങൾ ഇതുപോലെയും ഇതിലപ്പുറവും പലതും കണ്ടു പരിചയിച്ചവർക്കു ഇതിലൊന്നും പുതുമതോന്നുകയില്ല. ക്വുർആന്റെ ആശയങ്ങൾ യഥാവിധി വിവരിക്കുന്നതിനെക്കാൾ, സ്വന്തം

ആശയങ്ങൾ ഖുർആന്റെ പേരിൽ പ്രചരിപ്പിക്കുന്നതിൽ താൽപര്യം പുലർത്തുന്നവർക്ക് ഇങ്ങിനെയൊക്കെ പറയേണ്ടി വന്നേക്കുക സ്വാഭാവികമാണ്.

ഈ വചനത്തിന്റെ ആദ്യഭാഗത്തെക്കുറിച്ചാണ് ഇതുവരെ നാം സംസാരിച്ചത്. അവസാന ഭാഗത്തിൽ നിങ്ങൾ നീതി പാലിക്കുകയില്ലെന്നു ഭയപ്പെട്ടാൽ ഒരു സ്ത്രീയെമാത്രം വിവാഹം ചെയ്യുകയോ, അല്ലെങ്കിൽ അടിമസ്ത്രീയെ സ്വീകരിക്കുകയോ വേണം (وان خفتم ان لا تعدلوا فواحدة او ما ملكت ايمانكم) എന്നത്രെ അല്ലാഹു പറയുന്നത്. ഭർത്താവിൽനിന്നു ഭാര്യക്കു ലഭിക്കുവാനവകാശപ്പെട്ട ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായ ആവശ്യങ്ങളും, ഭാര്യാഭർത്തൃ ബന്ധങ്ങളും നിറവേറ്റുന്നതിലുള്ള നീതിപാലനമാണുദ്ദേശ്യം. കഴിവുകേടുകൊണ്ടോ മറ്റോ അതു പാലിക്കുവാനാവുകയില്ലെന്ന് കണ്ടാൽ ഒന്നിൽ കൂടുതൽ സ്ത്രീകളെ വിവാഹം ചെയ്യുന്നതു നിഷിദ്ധവും ശിക്ഷാർഹവുമാണെന്നു സാരം. വിവാഹത്തിനുശേഷം ഈ വിഷയങ്ങളിൽ നീതിപാലിക്കപ്പെടുന്നില്ലെന്നു കണ്ടാൽ ഭാര്യമാർക്ക് ഭരണകർത്താക്കളെ സമീപിച്ചു പരിഹാരം തേടാവുന്നതുമാകുന്നു. ഒന്നിലധികം വിവാഹം സാധുവാകുന്നതിനു അല്ലാഹു നിശ്ചയിച്ച ഈ ഉപാധി ഗൗനിക്കാതെ ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചവരും, വിവാഹത്തിനുശേഷം ആ കടമ നിർവ്വഹിക്കാതിരിക്കുന്നവരും അതിന്റെ തിക്തഫലങ്ങൾ ഈ ജീവിതത്തിൽതന്നെ അനുഭവിച്ചുകൊണ്ടിരിക്കുന്നതും നാം കാണാറുള്ളതാണല്ലോ. പരലോക ശിക്ഷ അതിനു പുറമെ വേറെയും! എന്നാൽ, ഭാര്യമാർക്കിടയിൽ നീതി പാലിക്കണമെന്നു പറഞ്ഞതിനു മാനസികമായ ഇണക്കത്തിലും വ്യക്തിപരമായ പ്രേമത്തിലും എല്ലാ ഭാര്യമാരോടും ഒരേ പ്രകാരത്തിലായേ തീരൂ എന്നു നിർബ്ബന്ധമില്ല. അതു മനുഷ്യ സാധ്യവുമല്ലല്ലോ. അതിലും കഴിയുന്നത്ര സമത്വം പാലിക്കുവാൻ ശ്രമിക്കണമെന്നുമാത്രം. അതിലുണ്ടാകുന്ന വ്യത്യാസം മറ്റുള്ള അവകാശങ്ങളിൽ ഏറ്റക്കുറവു വരുത്തുവാൻ കാരണമാവുകയും അരുത്. ഇതിനെപറ്റി 129-ാം വചനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നുണ്ട്. ഹദീഥിൽ നിന്ന് ഇത് വ്യക്തമാണ്. കൂടുതൽ വിവരണം യഥാസ്ഥാനത്തുവെച്ചു കാണാം. إن شاء الله

അല്ലാഹു നിശ്ചയിച്ച ഈ ഉപാധി-ഭാര്യമാർക്കിടയിലുള്ള നീതിപാലനം-സാധിച്ചാൽതന്നെയും ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കൽ നിന്ദ്യവും, അപരിഷ്കൃതവുമായ ഒരു ദുഷിച്ച സമ്പ്രദായമാണെന്ന് ഇക്കാലത്ത് ചിലരൊക്കെ ധരിച്ചുവശായിരിക്കുന്നു. ക്രിസ്തീയാചാരങ്ങളിൽനിന്ന് ഉൽഭവിച്ചതും, ഇന്തോ പാശ്ചാത്യൻ സംസ്കാരങ്ങളിലൂടെ പ്രചാരം സിദ്ധിച്ചതും, അങ്ങിനെ 'ആധുനിക പരിഷ്കൃതാശയങ്ങളു'ടെ പട്ടികയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചതുമായ ഒരു ആശയമത്രെ അത്. അതിനെതിരിൽ ആരെങ്കിലും വല്ലതും പറയുന്നത്പോലും പഴഞ്ചനും പിന്തിരിപ്പനുമായിത്തീർന്നിരിക്കുകയാണ് ഇന്ന്. പാശ്ചാത്യൻസംസ്കാര പരിഷ്ക്കാരങ്ങളെപ്പറ്റി വാതോരാതെ ആക്ഷേപം പറഞ്ഞുവരുന്നവർപോലും പ്രവർത്തന രംഗത്തു അവയെ പൊതുവെ അന്ധമായി അനുകരിക്കുന്നവരാണ്. ഇന്നത്തെ പുരോഗമനാശയക്കാരിൽ പലരും പ്രസ്തുത ആശയത്തിന് ഇസ്ലാമിക ഛായ നൽകുവാനും ശ്രമം നടത്താറുണ്ട്. ഖുർആനെയും, സുന്നത്തിനെയും കുറിച്ചുവേണ്ടത്ര ഗ്രഹിക്കായ്കയും, ഇസ്ലാമിക വിജ്ഞാനങ്ങളുമായി പരിചയമില്ലായ്മയും നിമിത്തം സാധാരണക്കാരായ പലരും അവരുടെ വാചാല ശൈലികളിൽ മയങ്ങിപ്പോകുകയും ചെയ്യുന്നു.

ഈ വിഷയകമായി ഇവർ ചെയ്യാറുള്ള പ്രസ്താവനകളുടെ ചുരുക്കം ഇതാണ്:

'ഇസ്‌ലാമിന്റെ നയം ഏക ഭാര്യത്വമാണ്. ബഹുഭാര്യത്വം(*) അതു പാടെ വെറുക്കുന്നു. പക്ഷേ, ഗത്യന്തരമില്ലാത്ത പരിതഃസ്ഥിതി നേരിടുമ്പോൾ, പരമാവധി നാലുവരെ വിവാഹം കഴിക്കാമെന്ന് ഒരു ഇളവു ക്വുർആൻ നൽകിയിട്ടുണ്ട്. അതാകട്ടെ, മിക്കവാറും പ്രാപിക്കുവാൻ കഴിയാത്ത ഒരു ഉപാധി-ഭാര്യമാർക്കിടയിൽ നീതി പാലിക്കുകയെന്ന നിബന്ധന-യോടു കൂടിയാണുതാനും. അതേ സമയത്തു സ്ത്രീകൾക്കിടയിൽ നീതി പാലിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ലെന്നു ക്വുർആൻ തന്നെ (4:129) പ്രസ്താവിക്കുകയും ചെയ്യുന്നു. അപ്പോൾ, ഫലത്തിൽ ഏകഭാര്യത്വമാണ് ക്വുർആന്റെ നയം.' ഇങ്ങിനെയാണ് ഇവരുടെ വാദത്തിന്റെ പോക്ക്. ഇവരിൽതന്നെ ചിലർ ഇങ്ങിനെയും പറഞ്ഞു കാണും; 'ഏകഭാര്യത്വമാണ് ഇസ്‌ലാമിന്റെ യഥാർത്ഥ സിദ്ധാന്തം. എന്നാൽ, അറബികൾക്കിടയിൽ അനിയന്ത്രിതമായ ബഹുഭാര്യത്വം പ്രചാരത്തിലുണ്ടായിരുന്നതുകൊണ്ട് ക്വുർആൻ അതു പെട്ടെന്നു നിഷിദ്ധമാക്കി പ്രസ്താവിച്ചില്ല. തൽക്കാലം ഈ വചനം മുഖേന ചില ഉപാധികളോടുകൂടി അതു നാലിൽ പരിമിതമാക്കുകയാണ് ചെയ്തത്. അന്നത്തെ പ്രത്യേക ചുറ്റുപാടുകളിലുള്ള അനുമതി മാത്രം, പിൽക്കാലത്തേക്കു ആ വിധി ബാധകമല്ല.' ഈ രണ്ടു വാദങ്ങളും ക്വുർആന്റെയും ഇസ്‌ലാമിന്റെയും നേർക്കുള്ള കയ്യേറ്റമല്ലാതെ മറ്റൊന്നുമല്ല. ഇവയെപ്പറ്റി പ്രമാണങ്ങളുടെയും, ചരിത്രത്തിന്റെയും, യുക്തിയുടെയും വെളിച്ചത്തിലൂടെ വിശദമായ ഒരു നിരൂപണത്തിനു മുതിരുന്ന പക്ഷം, അതു വളരെ ദീർഘിച്ചു പോകുന്നതുകൊണ്ടും, പല പണ്ഡിതന്മാരും ഇതിലുള്ള സത്യാവസ്ഥ വിവരിച്ചു കൊണ്ടു പ്രസ്താവനകളും ലിഖിതങ്ങളും പുറപ്പെടുവിച്ചിട്ടുള്ളതു കൊണ്ടും ഇവിടെ അധികമൊന്നും സംസാരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. സാമാന്യം ചില സൂചനകൾ മാത്രം നൽകാം:-

(1) ഒന്നിലധികം ഭാര്യമാരെ വിവാഹം കഴിക്കൽ സ്വതവേ ഒരു ചീത്ത വൃത്തിയാണെന്നു സ്ഥാപിക്കുവാൻ മതപ്രമാണങ്ങളിൽനിന്നോ, പ്രവാചകന്മാരുടെ ചര്യകളിൽനിന്നോ തെളിവു ലഭിക്കുന്നില്ല. മാത്രമല്ല, ഏകഭാര്യത്വത്തെ പ്രശംസിക്കുകയോ, ബഹുഭാര്യത്വത്തെ ആക്ഷേപിക്കുകയോ ചെയ്യുന്ന ഒരു സൂചനപോലും ക്വുർആനിലും ഹദീഥിലും കാണുകയില്ല. വല്ലതും ഉണ്ടെങ്കിൽ, ഇക്കൂട്ടർ അതു തേടിപ്പിടിച്ചു കൊണ്ടു വരുമല്ലോ. സഈദുബ്നു ജുബൈർ(റ) നോടു 'താങ്കൾ വിവാഹം കഴിച്ചുവോ?' എന്നു ഇബ്നു അബ്ബാസ്(റ) ചോദിക്കയുണ്ടായെന്നും, അദ്ദേഹം 'ഇല്ല' എന്നു മറുപടി പറഞ്ഞപ്പോൾ, ഇബ്നു അബ്ബാസ്(റ) ഇപ്രകാരം പറഞ്ഞുവെന്നും, ബുഖാരി(റ) രേഖപ്പെടുത്തുന്നു: 'എന്നാൽ, താങ്കൾ വിവാഹം കഴിക്കണം; കാരണം, ഈ സമുദായത്തിലെ ഏറ്റവും ഉത്തമനായ ആൾ കൂടുതൽ ഭാര്യമാരുള്ള ആളായിരുന്നു.' നബിﷺയെ ഉദ്ദേശിച്ചാണ് ഇബ്നു അബ്ബാസ്(റ) ഇപ്പറഞ്ഞത്. ഒന്നിലധികം ഭാര്യമാർ ഉണ്ടായിരിക്കുക എന്നത് കേവലം അനഭിലഷണീയമോ, താണ സ്വഭാവത്തിൽപ്പെട്ടതോ ആയിരുന്നുവെങ്കിൽ ഇബ്നു അബ്ബാസ്(റ) ഒരിക്കലും അങ്ങനെ പറയുമായിരുന്നില്ല. നബിﷺ തിരുമേനിക്കു പ്രത്യേകമായി അല്ലാഹു നൽകിയ ഒരു അനുവാദമാണെന്നു സൂറത്തുൽ അഹ്സാബിൽ അല്ലാഹു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. നബിﷺയുടെ ഓരോ വിവാഹവും ഓരോ പ്രത്യേക കാരണങ്ങളെ മുൻനിറുത്തിയായിരുന്നുവെങ്കിലും, ഒന്നിലധികം ഭാര്യമാരുണ്ടാകുന്നതു യഥാർത്ഥത്തിൽ ഒരു ചീത്ത സമ്പ്രദായമായിരുന്നുവെങ്കിൽ, അല്ലാഹു അവന്റെ പ്രവാചകന്റെ ഒരു പ്രത്യേകതയായി ആ ചീത്ത സമ്പ്രദായം എങ്ങിനെ അനുവദിച്ചു കൊടുക്കും?!

(*) ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുക എന്നാണു 'ബഹുഭാര്യത്വം' കൊണ്ടു വിവക്ഷ. ആ വാക്ക് സൂചിപ്പിക്കുന്നതുപോലെ വളരെയധികം ഭാര്യമാരെ സ്വീകരിക്കൽ എന്നു അതിനു അർത്ഥമില്ല.

(2) ശാരീരികവും ഗാർഹികവുമായ സ്ഥിതിഗതികൾ, സാമൂഹ്യവും നാഗരീകവുമായ ചുറ്റുപാടുകൾ, ജനസംഖ്യയിൽ സ്ത്രീകൾ കവിഞ്ഞു നിൽക്കുന്ന പരിതഃസ്ഥിതികൾ എന്നിങ്ങിനെ പലതും പരിഗണിക്കേണ്ടതുണ്ട്. അങ്ങിനെ നോക്കുമ്പോൾ ചിലരെങ്കിലും ഏക ഭാര്യാവ്രതം വെടിഞ്ഞു ബഹുഭാര്യത്വം സ്വീകരിക്കുന്നത് എന്തുകൊണ്ടും നല്ലതാണ്. ധാർമികവും, കുടുംബപരവും, സദാചാരപരവുമായ വീക്ഷണത്തോടും, പ്രായോഗിക ബുദ്ധിയോടും കൂടി ചിന്തിക്കുമ്പോൾ അതിന്റെ ആവശ്യകത കൂടുതൽ അധികരിക്കുകയും ചെയ്യുന്നു.

(3) ബഹുഭാര്യത്വത്തെ ഏറ്റവും അപലപിക്കാറുള്ള നാടുകളിലാണ് ധാർമികവും സദാചാരപരവുമായ അരാജകത്വം കൂടുതൽ നടമാടുന്നതെന്നുള്ളത് അനിഷേധ്യമായ ഒരു പരമാർത്ഥമത്രെ. രണ്ടാമതൊരു ഭാര്യയെ സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്ത കാരണത്താൽ പരസ്ത്രീകളുമായി വേഴ്ച നടത്തുവാൻ നിർബന്ധിതമാകുകയും, ക്രമേണ മനുഷ്യത്വം നശിച്ച് ജീവിതം മൃഗതുല്യമായിത്തീരുകയും ചെയ്യുന്ന കാഴ്ച അവിടങ്ങളിൽ ഇന്നുസുലഭമാണ്. പക്ഷേ, ബലാൽക്കാരം നടത്തപ്പെടുന്ന വ്യഭിചാരം മാത്രം കുറ്റകരമായി കണക്കാക്കപ്പെടുകയും, ഉഭയ സമ്മതത്തോടെ നടക്കുന്ന സ്ത്രീപുരുഷ ബന്ധങ്ങൾക്ക് അംഗീകാരം നൽകപ്പെടുകയും, പ്രേമം-സ്നേഹം-കല മുതലായ മധുരപ്പേരുകളിൽ നടമാടുന്ന തോന്നിയവാസങ്ങൾ പരിഷ്കാര ചിഹ്നങ്ങളായി എണ്ണപ്പെടുകയും ചെയ്യുന്ന ഇക്കാലത്തെ പരിതഃസ്ഥിതിയിൽ ഈ യാഥാർത്ഥ്യങ്ങളൊക്കെ സമ്മതിക്കുവാൻ വളരെയൊന്നും ആളെകിട്ടിയെന്നു വരികയില്ല. പക്ഷേ, ഒരു നീചവൃത്തിക്കു ജനമദ്ധ്യേ ലഭിക്കുന്ന പ്രചാരംകൊണ്ട് അതു നീചവൃത്തിയല്ലാതാകുന്നതല്ല എന്നു ബുദ്ധിയും മനഃസാക്ഷിയുമുള്ളവർക്കറിയാം.

(4) ബഹുഭാര്യത്വത്തിനെതിരായതോ, അതിനെ നിയന്ത്രിക്കുന്നതോ ആയ നിയമങ്ങളോ ചട്ടങ്ങളോ ഇല്ലാതിരിക്കുകയും, അത് പരക്കെ പ്രചാരത്തിലുണ്ടായിരിക്കുകയും ചെയ്തിരുന്ന ഒരു ചുറ്റുപാടിൽ, അതുമൂലം സമുദായമദ്ധ്യേ സംഭവിച്ചുകൊണ്ടിരുന്ന ദുഷ്ഫലങ്ങൾ നിമിത്തം അതിനെ നാലിൽ പരിമിതമാക്കി നിയന്ത്രിക്കുക മാത്രമാണ് ക്വുർആൻ ചെയ്യുന്നത്. ഏക ഭാര്യത്വം മാത്രം നടപ്പിലുണ്ടായിരുന്ന ചുറ്റുപാടിൽ ബഹുഭാര്യത്വത്തിന്റെ ഒരു പുതിയ നിയമം കൊണ്ടുവരുകയോ, നിലവിലുണ്ടായിരുന്ന ഒരു വഴക്കത്തെ ഉൻമൂലനം ചെയ്യുകയോ അല്ല ക്വുർആൻ ചെയ്തത്. ആ ദുഷ്ഫലങ്ങളിൽ പ്രധാനമായത് ഭാര്യമാർക്കിടയിൽ നീതിപാലിക്കാതിരിക്കൽ തന്നെ. അതുണ്ടായേക്കുമെന്ന് ആശങ്ക തോന്നുന്ന പക്ഷം ഒരു ഭാര്യ മാത്രമേ പാടുള്ളൂവെന്നു നിഷ്കർഷിക്കുകയും ചെയ്യുന്നു.

(5) നീതിപാലിക്കുകയില്ലെന്നു ഭയപ്പെടാതിരിക്കണമെന്നു അല്ലാഹു വെച്ച ഉപാധി-ഇക്കൂട്ടർ പറയുന്നപോലെ- ബാഹ്യത്തിൽ ബഹുഭാര്യത്വം അനുവദിക്കുന്നതോടുകൂടി ഫലത്തിൽ അതു ഇല്ലാതാക്കുവാൻ അല്ലാഹു ചെയ്ത ഒരു സൂത്രമൊന്നുമല്ല. മനുഷ്യനു പ്രാവർത്തികമാക്കുവാൻ സാധിക്കാത്ത ഒരു സങ്കൽപ ഉപാധിയും അല്ല അത്. എല്ലാവിധേനയും പരിപൂർണമായി നീതി പാലിക്കുക മനുഷ്യ സാധ്യമല്ലെങ്കിലും കഴിയുന്ന വിഷയങ്ങളിൽ നീതി പാലിക്കണമെന്നേ അല്ലാഹു നിശ്ചയിച്ചിട്ടുള്ളൂ. (ഇതിനെപ്പറ്റി കൂടുതൽ വിവരം 129-ാം വചനത്തിൽ വെച്ചുകാണാം.) إن شاء الله

ഒരു വാസ്തവം ഇവിടെ വിസ്മരിച്ചു കൂടാ. അല്ലാഹു നിശ്ചയിച്ച ഈ ഉപാധി വകവെക്കാതെ മുസ്ലിംകളിൽ പലരും ഒന്നിലധികം സ്ത്രീകളെ വിവാഹം ചെയ്തുവരുന്നുണ്ട്. വിവാഹത്തിനു ശേഷം ആ ഉപാധി ലംഘിക്കുന്നവരും ധാരാളമുണ്ട്. ഇതു ക്വുർ

ആന്റെയോ ഇസ്‌ലാമിന്റെയോ കുറ്റമല്ല. ഇസ്‌ലാമിന്റെ നിയമാതിർത്തികൾ പലതും മുസ്‌ലിംകളിൽ പലരും ഇന്നു ലംഘിച്ചുകൊണ്ടിരിക്കുന്ന കൂട്ടത്തിൽ ഒന്നത്രെ അത്. അതിന് അവർ അല്ലാഹുവിന്റെ മുമ്പിൽ നിശ്ചയമായും ഉത്തരം പറയേണ്ടി വരികയും ചെയ്യും.

(6) ക്വുർആൻ അവതരിച്ചകാലത്തെ പരിതഃസ്ഥിതിയിൽ നിയമം അതായിരുന്നു. ആ പരിതഃസ്ഥിതി ഇന്നില്ലാത്തതുകൊണ്ട് ഇന്നു ബഹുഭാര്യത്വം ആശാസ്യമല്ല എന്നുംമറ്റുമുള്ള ജൽപനങ്ങളെക്കുറിച്ച് തൽക്കാലം ഇത്രമാത്രമേ പറയുവാനുള്ളു: കാലഗതിക്കും, ജനഹിതത്തിനും അനുസരിച്ചു മതമൂല്യങ്ങളും മതനിയമങ്ങളും മാറ്റിക്കൊണ്ടിരിക്കണമെന്ന ഒരു ആഗ്രഹം മാത്രമാണത്. പലിശ, പർദ്ദ, അനന്തരാവകാശം പോലെയുള്ള വേറെ പല വിഷയങ്ങളിലും ഇവർ ഇതുപോലെ ചിലതൊക്കെ പറയാറുള്ളതാണ്. ഇതു സംബന്ധിച്ച് ഇവിടെ കൂടുതലൊന്നും സംസാരിക്കേണ്ടുന്ന ആവശ്യം തോന്നുന്നില്ല.

(7) ഇസ്‌ലാം അനുവദിച്ച ബഹുഭാര്യത്വം-അതിന്റെ നിയമങ്ങളും നിബന്ധനകളും മര്യാദകളും യഥാവിധി പാലിച്ചുകൊണ്ടു-അംഗീകരിക്കപ്പെടുകയും, അതിനു നിയമപരമായോ, നയപരമായോ പ്രതിബന്ധങ്ങൾ സൃഷ്ടിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന പക്ഷം, ഇന്നു ലോകത്തു നടമാടിക്കൊണ്ടിരിക്കുന്ന ധാർമികവും ലൈംഗികവുമായ അരാജകത്വത്തിന്റെ തേർവാഴ്ച തന്നെ അപ്രത്യക്ഷമാകുമായിരുന്നു.

സ്ത്രീകൾക്കിടയിൽ നീതി പാലിക്കുകയില്ലെന്നു ഭയപ്പെട്ടാൽ ഒരു സ്ത്രീയെ വിവാഹം കഴിക്കുക എന്നു പറഞ്ഞതും, അതില്ലാത്തപ്പോൾ ഈരണ്ടോ മുമ്മൂന്നോ നന്നാലോ ആവാമെന്നു പറഞ്ഞതും സ്വതന്ത്രകളായ സ്ത്രീകളെ സംബന്ധിച്ചാകുന്നു. അതുകൊണ്ടാണ് അതിനുശേഷം, 'അല്ലെങ്കിൽ നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയത്' എന്നു പറഞ്ഞിരിക്കുന്നത്. അടിമസ്ത്രീകളാണ് ഇതുകൊണ്ടുദ്ദേശ്യം. അടിമസ്ത്രീകളുടെ എണ്ണത്തെക്കുറിച്ചു ഒന്നും പ്രസ്താവിച്ചിട്ടില്ലാത്ത സ്ഥിതിക്കും, ما ملكت "ഉടമപ്പെടുത്തിയത്" എന്ന വാക്ക് ഒന്നിനും കൂടുതൽ എണ്ണത്തിനും ഉപയോഗിക്കാവുന്ന സ്ഥിതിക്കും അടിമസ്ത്രീകളുടെ എണ്ണം നാലിൽ അധികരിക്കുന്നതിനു വിരോധമില്ലെന്നാണ് മനസ്സിലാകുന്നത്. ചില തൽപര കക്ഷികൾ പറയുന്നതുപോലെ, ഒരു സ്വതന്ത്ര സ്ത്രീയെപ്പോലും വിവാഹം കഴിക്കുവാൻ സാധിക്കാതെ വരുമ്പോൾ മാത്രമേ അടിമസ്ത്രീയെ സ്വീകരിച്ചു കൂടൂ എന്നുള്ളതിനു തെളിവില്ല. അടിമ സ്ത്രീകളെ സ്വീകരിക്കൽ രണ്ടു പ്രകാരത്തിലുണ്ട്. ഒന്ന്, വിവാഹം മുഖേനതന്നെ. മറ്റൊന്നു, സ്വന്തം ഉടമസ്ഥതയിലുള്ളവരെ സഹധർമിണികളായി സ്വീകരിക്കുക. രണ്ടായാലും അവൾക്ക് അവനിൽനിന്നു ഒരുകൂട്ടി ജനിക്കുന്നപക്ഷം അവൾക്കും 'കുട്ടിയുടെ ഉമ്മ' (ام ولد) എന്ന സ്ഥാനം ലഭിക്കുന്നു. കുട്ടി സ്വതന്ത്രനുമായിരിക്കും. പിന്നീട് അവളെ വിൽക്കുവാൻ പാടില്ല. അവന്റെ മരണത്തോടെ-അതിനു മുമ്പായി അവൾ സ്വതന്ത്രയാക്കപ്പെട്ടിട്ടില്ലെങ്കിൽ - അവൾ താനേ സ്വതന്ത്രയാവുകയും ചെയ്യുന്നു. അങ്ങിനെ നോക്കുമ്പോൾ, അടിമസ്ത്രീക്കു സ്വതന്ത്രകളായിത്തീരുവാൻ ഇസ്‌ലാം സ്വീകരിച്ചിട്ടുള്ള വിവിധ മാർഗങ്ങളിൽ ഒരു മാർഗമത്രെ ഇതും.

[അടിമകളെ വിവാഹം കഴിക്കുകയും, യജമാനന്റെ സഹധർമിണിയായി സ്വീകരിക്കുകയും ചെയ്യുന്നതു സംബന്ധിച്ച വിശദ വിവരങ്ങൾ കർമശാസ്ത്ര ഗ്രന്ഥങ്ങളിൽനിന്നും, ഹദീഥ് വ്യാഖ്യാന ഗ്രന്ഥങ്ങളിൽ നിന്നും അറിയേണ്ടതാകുന്നു. അൽപം ചില വിവരങ്ങൾ 24-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വരുന്നുണ്ട്. 'വലങ്കൈ ഉടമപ്പെടുത്തിയവർ' എന്നു അടിമകളെപ്പറ്റി പറയുവാനുള്ള കാരണവും, ആ പ്രയോഗത്തെ

ചില തൽപരപ്രിയന്മാർ ദുർവ്യാഖ്യാനം ചെയ്തതിനുള്ള മറുപടിയും സൂ: മുഅ്മിനൂൻ 6-ാം വചനത്തിന്റെ വ്യാഖ്യാനക്കുറിപ്പിൽ കാണാവുന്നതാണ്. ഇസ്‌ലാമിൽ അടിമകൾ എന്നു പറയപ്പെടുന്നത് ആർക്കാണെന്നും, അടിമത്വത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും സൂ: മുഹമ്മദ് 4-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും കാണാം.ഇസ്‌ലാമിൽ അടിമത്വം അനുവദിക്കപ്പെട്ടത് സംബന്ധിച്ച് ഇസ്‌ലാമിന്റെ ശത്രുക്കളിൽ നിന്നുണ്ടാകാറുള്ള വിമർശനങ്ങളെയും അവർക്കു അരുനിൽക്കുന്ന ചില പണ്ഡിതന്മാർ ചെയ്യാറുള്ള ദുർവ്യാഖ്യാനങ്ങളെയും കുറിച്ചു സൂ: അഹ്സാബിനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിലും വിവരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കു അതാതിടത്തിൽ നോക്കുക]

ഭാര്യമാർക്കിടയിൽ നീതി പാലിക്കുകയില്ലെന്നു ഭയം തോന്നിയാൽ ഒരു ഭാര്യയെയോ അടിമസ്ത്രീകളെയോ സ്വീകരിക്കണമെന്നു പറഞ്ഞശേഷം ذلك ادنى الا تعولوا "അതു നിങ്ങൾ ക്രമം തെറ്റാതിരിക്കുവാൻ കൂടുതൽ യോജിച്ചതാണ്" എന്നു പറഞ്ഞത് ശ്രദ്ധേയമാകുന്നു. ഈ വാക്യത്തിന് 'അതു നിങ്ങൾക്ക് പ്രാരാബ്ധം വർദ്ധിക്കാതിരിക്കുവാൻ-ദാരിദ്ര്യം പിണയാതിരിക്കുവാൻ-കൂടുതൽ സൗകര്യമായതാണ്' എന്നിങ്ങനെയും ഇമാം ശാഫിഈ(റ) പോലെയുള്ള ചില മഹാന്മാർ അർത്ഥം കൽപിച്ചിട്ടുണ്ട്. രണ്ടായാലും ഒരു സ്വതന്ത്ര സ്ത്രീയെക്കൊണ്ടോ, അല്ലെങ്കിൽ അടിമസ്ത്രീകളെക്കൊണ്ടോ മതിയാക്കുവാൻ കൽപിച്ചത് നിങ്ങളുടെ തന്നെ നന്മക്കുവേണ്ടിയാണ് എന്നത്രെ ഇതു മുഖേന അല്ലാഹു ഓർമിപ്പിക്കുന്നത്.

وَءَاتُواْ ٱلنِّسَآءَ صَدُقَـٰتِهِنَّ نِحْلَةً
فَإِن طِبْنَ لَكُمْ عَن شَىْءٍ
مِّنْهُ نَفْسًا
فَكُلُوهُ هَنِيٓـًٔا مَّرِيٓـًٔا ﴿٤﴾

4 സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യങ്ങളെ [മഹ്റുകളെ] നിങ്ങൾ പാരിതോഷികമായി (സന്തോഷപ്പെട്ടു) കൊടുക്കുകയും ചെയ്യുവിൻ. എനി, അതിൽനിന്നു വല്ലതിനെയും നിങ്ങൾക്കു അവർ മനസ്സു നന്നായി (തൃപ്തിപ്പെട്ട് വിട്ടു)തരുന്ന പക്ഷം, അതു നിങ്ങൾ മംഗളമായും, സുഖകരമായും തിന്നു [ഉപയോഗിച്ചു] കൊള്ളുവിൻ.

---

(4) وَآتُواالنِّسَاءَ സ്ത്രീകൾക്ക് നിങ്ങൾ കൊടുക്കുകയും ചെയ്യുവിൻ صَدُقَاتِهِنَّ അവരുടെ മഹ്റുകൾ, വിവാഹമൂല്യങ്ങൾ نِحْلَةً (ഇഷ്ട - ഔപചാരിക - നിർബന്ധ) ദാനമായി, പാരിതോഷികമായി فَإِنْ طِبْنَ എനി അവർ നന്നായാൽ (തൃപ്തിപ്പെട്ടാൽ) لَكُمْ നിങ്ങൾക്ക് عَنْ شَيْءٍ വല്ലതിനെക്കുറിച്ചും مِنْهُ അതിൽ നിന്ന് نَفْسًا മനസ്സ്, മനസാ فَكُلُوهُ എന്നാൽ നിങ്ങളത് തിന്നു(ഉപയോഗിച്ചു)കൊള്ളുവിൻ هَنِيئًا മംഗളമായി (സന്തോഷപൂർവ്വം) مَرِيئًا സുഖകരമായി

വിവാഹവേളയിൽ പുരുഷൻ സ്ത്രീക്കു നൽകേണ്ടതും, മഹ്ർ(مهر) എന്ന പേരിൽ അറിയപ്പെടുന്നതുമായ വിവാഹമൂല്യത്തിനു തന്നെയാണ് صدقة(സ്വദുകഃ) എന്നും പറയുന്നത്. ചിലപ്പോൾ അതിന് صداق (സ്വദാക്) എന്നും പറയാറുണ്ട്. ഒരു പ്രതിഫലവും പ്രതീക്ഷിക്കാതെ മക്കൾക്കോ മറ്റോ നൽകപ്പെടാറുള്ള ഇഷ്ടദാനം എന്ന അർഥത്തിലാണ് نحلة (നിഹ്‌ലത്ത്) എന്നു സാധാരണയായി ഉപയോഗിക്കാറുള്ളത്. ഈ പദ

ത്തിന്റെ ഭാഷാപരമായ പശ്ചാത്തലം കണക്കിലെടുത്തുകൊണ്ട് ഔപചാരികമായ നിർബ്ബന്ധദാനം എന്നും ഇതിനു അർത്ഥം കൽപിക്കപ്പെട്ടിരിക്കുന്നു. അനാഥകളുടെയും, ഭാര്യമാരുടെയും കാര്യത്തിൽ നീതി പാലിക്കണമെന്ന് കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചുവല്ലോ. അതിനെത്തുടർന്ന് സ്ത്രീകളുടെ അവകാശങ്ങളിൽ പ്രധാനസ്ഥാനം അർഹിക്കുന്ന മഹ്റിനെക്കുറിച്ച് ഈ വചനത്തിൽ വിവരിച്ചിരിക്കുകയാണ്.

സ്ത്രീകളുടെ മഹ്ർ, സന്തോഷപൂർവ്വം നൽകപ്പെടുന്ന ഒരു ഇഷ്ടദാനമെന്നോണം – ഒട്ടും മടിയോ പിശുക്കോ കൂടാതെ – അവർക്ക് കൊടുത്തുകൊള്ളണമെന്ന് അല്ലാഹു കൽപിക്കുന്നു. മഹ്ർ നിശ്ചയിച്ചാൽതന്നെയും അതു യഥാസമയത്തും യഥാരൂപത്തിലും കൈവിട്ടു കൊടുക്കുവാൻ വൈമനസ്യം കാട്ടുന്ന ഭർത്താക്കളെയും, അതു സ്ത്രീകൾക്ക് കൈവിട്ടു കൊടുക്കാതെ അടക്കിവെക്കുന്ന കൈകാര്യ കർത്താക്കളെയും ബാധിക്കുന്ന കൽപനയാണിത്. ഈ രണ്ടു സമ്പ്രദായങ്ങളും മുമ്പ് ജാഹിലിയ്യാകാലത്ത് പതിവുണ്ടായിരുന്നതായി ചില രിവായത്തുകളിൽ കാണുന്നു. ഇന്നും പലരിലും കാണാവുന്ന ഒരു പതിവുമാണത്. ഭാര്യാഭർത്താക്കളിൽ ഒരാൾ മരണപ്പെട്ടു പിരിയുന്നതുവരേക്കും മഹ്ർ കൊടുത്തു തീർക്കാതിരിക്കുകയും, മരിച്ച ആളുടെ അനന്തരാവകാശ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ മാത്രം അതിന്റെ കണക്കു പറയുകയും ചെയ്യുന്ന പതിവും, തമ്മിൽ തെറ്റിപ്പിരിയുമ്പോൾ മാത്രം മഹ്റിനെപ്പറ്റി ഗൗനിക്കുന്ന പതിവും ഇന്ന് പലരിലും നടപ്പുണ്ട്. ഇതെല്ലാം കുറ്റകരമാണെന്നും, വിവാഹവേളയിൽ നിശ്ചയിക്കപ്പെട്ട മഹ്ർ സ്ത്രീകളുടെ ഭാഗത്തു നിന്ന് ആവശ്യപ്പെടാതെതന്നെ അവർക്ക് മനസ്സഴിഞ്ഞു കൊടുത്തു തീർക്കേണ്ടതാണെന്നും, അവരുടെ പരിപൂർണ സമ്മതം കൂടാതെ ഭർത്താവിനോ, കൈകാര്യകർത്താക്കൾക്കോ (വലിയ്യിനോ) അതു വിനിയോഗിക്കാവുന്നതല്ലെന്നും ഈ വചനത്തിൽ നിന്നു മനസ്സിലാക്കാം. എന്നാൽ – ചില ആളുകൾ ധരിക്കാറുള്ളപോലെ – സ്ത്രീയും പുരുഷനും തമ്മിൽ ഭാര്യാഭർത്തൃ സമ്പർക്കം ഉണ്ടാകുന്നതിനു മുമ്പുതന്നെ, അല്ലെങ്കിൽ വിവാഹകർമം നടക്കുന്ന അതേ സമയത്തു തന്നെ മഹ്ർ മുഴുവനും കൊടുത്തു തീർക്കൽ ഒരു നിർബ്ബന്ധ നിയമമല്ല. സൂറ: അൽബക്വറഃ 236, 237 വചനങ്ങളിൽ നിന്നും ഇതു മനസ്സിലാക്കാവുന്നതാണ്.

മഹ്ർ കൊടുത്തു തീർക്കൽ വളരെ കർശനമായ ബാദ്ധ്യതയാണെങ്കിലും സ്ത്രീകൾ അവരുടെ സ്വന്തം മനസ്സാലെ അതിൽനിന്ന് വല്ലതും തൃപ്തിപ്പെട്ട് വിട്ടു കൊടുക്കുകയോ, മടക്കിക്കൊടുക്കുകയോ ചെയ്താൽ, അതു സ്വീകരിക്കുന്നതിൽ യാതൊരു വിരോധവുമില്ല, അതിൽ മടി കരുതേണ്ടതില്ല എന്നും അല്ലാഹു അറിയിക്കുന്നു.

وَلَا تُؤْتُوا۟ ٱلسُّفَهَآءَ أَمْوَٰلَكُمُ ٱلَّتِى جَعَلَ ٱللَّهُ لَكُمْ قِيَـٰمًا وَٱرْزُقُوهُمْ فِيهَا وَٱكْسُوهُمْ وَقُولُوا۟ لَهُمْ قَوْلًا مَّعْرُوفًا ﴿٥﴾

﴾5﴿ അല്ലാഹു നിങ്ങൾക്ക് ഒരു നിലനിൽപ് (മാർഗം) ആക്കിത്തന്നിട്ടുള്ള നിങ്ങളുടെ സ്വത്തുക്കളെ നിങ്ങൾ ഭോഷൻമാർക്ക് (വിട്ടു) കൊടുക്കുകയും ചെയ്യരുത്. അതിലൂടെ [അതുവഴി] നിങ്ങൾ അവർക്ക് ഉപജീവനം നൽകുകയും, അവർക്ക് വസ്ത്രം നൽകുകയും ചെയ്യുവിൻ, അവരോട് മര്യാദപ്പെട്ട (നല്ല) വാക്കു പറയുകയും ചെയ്യുവിൻ.

وَٱبْتَلُوا۟ ٱلْيَتَـٰمَىٰ حَتَّىٰٓ إِذَا بَلَغُوا۟ ٱلنِّكَاحَ فَإِنْ ءَانَسْتُم مِّنْهُمْ رُشْدًا فَٱدْفَعُوٓا۟ إِلَيْهِمْ أَمْوَٰلَهُمْ ۖ

﴿6﴾ അനാഥകളെ നിങ്ങൾ പരീക്ഷിച്ചു നോക്കുകയും ചെയ്യുക; അങ്ങനെ, അവർ വിവാഹ (പ്രായ)ത്തിങ്കലെത്തിയാൽ, (അതെ) എന്നിട്ട് അവരിൽ നിന്ന് നിങ്ങൾ കാര്യബോധം കണ്ടറിഞ്ഞുവെങ്കിൽ അപ്പോൾ, അവരുടെ സ്വത്തുക്കൾ അവർക്കു (ഏൽപിച്ചു) കൊടുക്കുവിൻ.

وَلَا تَأْكُلُوهَآ إِسْرَافًا وَبِدَارًا أَن يَكْبَرُوا۟ ۚ وَمَن كَانَ غَنِيًّا فَلْيَسْتَعْفِفْ ۖ وَمَن كَانَ فَقِيرًا فَلْيَأْكُلْ بِٱلْمَعْرُوفِ

അമിതമായും, അവർ വലുതാകുമെന്ന് (കണ്ട്) ധൃതിപ്പെട്ടും നിങ്ങൾ അതു തിന്നുകളയരുത്. ആരെങ്കിലും ധനികനായിരുന്നാൽ അവൻ(അതുപയോഗിക്കാതെ) മാന്യത പാലിച്ചു കൊള്ളട്ടെ. ആരെങ്കിലും ദരിദ്രനായിരുന്നാൽ, അവൻ മര്യാദ പ്രകാരം തിന്നു കൊള്ളട്ടെ.

فَإِذَا دَفَعْتُمْ إِلَيْهِمْ أَمْوَٰلَهُمْ فَأَشْهِدُوا۟ عَلَيْهِمْ ۚ وَكَفَىٰ بِٱللَّهِ حَسِيبًا ﴿٦﴾

എന്നാൽ, അവരുടെ സ്വത്തുക്കൾ അവർക്ക് നിങ്ങൾ (ഏൽപിച്ചു)കൊടുക്കുമ്പോൾ, അവരുടെ മേൽ നിങ്ങൾ (അതിനു) സാക്ഷ്യപ്പെടുത്തിക്കൊള്ളുവിൻ. കണക്കു നോക്കുന്നവനായി അല്ലാഹുതന്നെ മതി.

﴿5﴾ وَلَا تُؤْتُوا നിങ്ങൾ കൊടുക്കുകയും ചെയ്യരുത് السُّفَهَاءَ ഭോഷന്മാർക്ക് أَمْوَالَكُمُ നിങ്ങളുടെ സ്വത്തുക്കൾ الَّتِي جَعَلَ ആക്കിയിട്ടുള്ളതായ اللَّهُ അല്ലാഹു لَكُمْ നിങ്ങൾക്ക് قِيَامًا ഒരു നിലനിൽപ് (നിൽക്കുവാനുള്ള ഒരു താങ്ങ്) وَارْزُقُوهُمْ അവർക്കു നിങ്ങൾ ഉപജീവനം (ആഹാരം) നൽകുകയും ചെയ്യുവിൻ فِيهَا അതിലൂടെ (അതുവഴി - അതിൽനിന്ന്) وَاكْسُوهُمْ അവർക്കു വസ്ത്രവും നൽകുവിൻ, ഉടുക്കാനും കൊടുക്കുക وَقُولُوا നിങ്ങൾ പറയുകയും ചെയ്യുക لَهُمْ അവരോട് قَوْلًا വാക്ക് مَعْرُوفًا മര്യാദപ്പെട്ട, സദാചാരപരമായ ﴿6﴾ وَابْتَلُوا നിങ്ങൾ പരീക്ഷിക്കുകയും ചെയ്യുക الْيَتَامَى അനാഥകളെ حَتَّى അങ്ങനെ, വരേക്ക് إِذَا بَلَغُوا അവർ എത്തിയാൽ, പ്രാപിച്ചാൽ النِّكَاحَ വിവാഹത്തിങ്കൽ فَإِنْ آنَسْتُمْ എന്നിട്ടു നിങ്ങൾ കണ്ടറിഞ്ഞെ (കണ്ടുതൃപ്തിപ്പെട്ടെ)ങ്കിൽ مِنْهُمْ അവരിൽനിന്ന് رُشْدًا തന്റേടം, നേർവഴി, കാര്യബോധം فَادْفَعُوا അപ്പോൾ നിങ്ങൾ കൊടുക്കുവിൻ, നീക്കിക്കൊടുക്കണം إِلَيْهِمْ അവർക്ക്, അവരിലേക്ക് أَمْوَالَهُمْ അവരുടെ

സ്വത്തുക്കൾ وَلَا تَأْكُلُوهَا അത്(അവ) നിങ്ങൾ തിന്നുകയും അരുത് إِسْرَافًا അതിരു കവിച്ചലായിട്ട് وَبِدَارًا ധൃതിപ്പെട്ടും أَن يَكْبَرُوا അവർ വലുതാകുന്നതിനു(വലുതാകു മെന്നതിനാൽ) وَمَن كَانَ ആരെങ്കിലും ആയിരുന്നാൽ غَنِيًّا ധനികൻ فَلْيَسْتَعْفِفْ അവൻ മാന്യത പാലിക്കട്ടെ وَمَن كَانَ ആരെങ്കിലും ആയിരുന്നാൽ فَقِيرًا ദരിദ്രൻ, ആവശ്യക്കാ രൻ فَلْيَأْكُلْ എന്നാലവൻ തിന്നുകൊള്ളട്ടെ بِالْمَعْرُوفِ മര്യാദ (സദാചാരം - പതിവ്) അനുസരിച്ച് فَإِذَا دَفَعْتُمْ എന്നാൽ നിങ്ങൾ കൊടുത്താൽ(ഏൽപിച്ചാൽ) إِلَيْهِمْ അവർക്ക് أَمْوَالَهُمْ അവരുടെ സ്വത്തുക്കൾ فَأَشْهِدُوا അപ്പോൾ നിങ്ങൾ സാക്ഷ്യപ്പെടുത്തുവിൻ عَلَيْهِمْ അവരുടെമേൽ وَكَفَى മതി, മതി താനും بِاللَّهِ അല്ലാഹു(തന്നെ) حَسِيبًا കണക്കുനോക്കുന്നവനായിട്ട്.

അനാഥകളുടെ സ്വത്തുക്കൾ അവർക്ക് വിട്ടുകൊടുക്കണമെന്ന് 2-ാം വചനത്തിൽ പ്രസ്താവിച്ചു. അതുമായി ബന്ധപ്പെട്ട ചില വിശദീകരണങ്ങളാണ് ഈ വചനങ്ങളിലു ള്ളത്.

(1) ഭോഷന്മാരായുള്ളവർക്ക് സ്വത്ത് കൈവിട്ടു കൊടുത്തുകൂടാ. യഥാർത്ഥത്തിൽ സ്വത്ത് അവരുടേതുതന്നെയാണെങ്കിലും അവർക്കു തന്റേടവും കാര്യബോധവുമില്ലാത്ത പക്ഷം അവർക്ക് വിട്ടുകൊടുക്കുന്നത് സ്വത്തിന്റെ നാശത്തിനും ദുർവിനിയോഗത്തിനും കാരണമാകുമല്ലോ. അനാഥകളുടെ കാര്യത്തിൽ മാത്രമല്ല, ഭ്രാന്തന്മാർ, കുട്ടികൾ മുത ലായവരുടെ കാര്യത്തിലും ബാധകമാണ് ഈ വിധി. സ്വത്തിന്റെ ഉടമകൾ അവരാണെ ന്നുവെച്ച് അവർക്ക് അത് വിട്ടുകൊടുത്തുകൂടാ എന്നുള്ളതിനു കാരണവും അല്ലാഹു സൂചിപ്പിച്ചിട്ടുള്ളത് ശ്രദ്ധേയമാകുന്നു. 'അവരുടെ സ്വത്തുക്കൾ (اموالهم)' എന്നു പറയാതെ 'നിങ്ങളുടെ സ്വത്തുക്കൾ (اموالكم)' എന്നു പറഞ്ഞതും, 'നിങ്ങൾക്ക് അല്ലാഹു ഒരു നിലനില്പാക്കിത്തന്നിട്ടുള്ളത് (التى جعل الله لكم قياما)' എന്ന് സ്വത്തുക്കളെ വിശേ ഷിപ്പിച്ചിരിക്കുന്നതും നോക്കുക. സ്വത്തിന്റെ ഉടമസ്ഥത ആരുടെതായാലും അതിന്റെ നാശം മറ്റുള്ളവരെയും ബാധിക്കുന്ന നഷ്ടമാണ്; അതിന്റെ അഭിവൃദ്ധിയിൽ മറ്റുള്ള വർക്കും ഗുണവുമുണ്ടായിരിക്കും; അതുകൊണ്ട് അതിനു നാശം ഭവിക്കുന്നതിനെപ്പറ്റി ശ്രദ്ധക്കേണ്ട ചുമതല ഉത്തരവാദപ്പെട്ടവർക്കുണ്ട്; മനുഷ്യന്റെ ജീവിതത്തിന് ഒഴിച്ചുകൂ ടാനാകാത്ത കാര്യങ്ങളിൽ ഒന്നാണ് ധനം; അത് കൈകാര്യം ചെയ്യുന്നവർ കാര്യബോ ധമില്ലാത്തവരായിക്കൂടാ എന്നൊക്കെയാണ് ഇതിലടങ്ങിയ സൂചനകൾ. ഒരാളുടെ ഉടമ സ്ഥതയിലുള്ള ധനം ശരിയായ മാർഗത്തിലൂടെ കൈകാര്യം ചെയ്യപ്പെടുന്ന പക്ഷം-ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ-അതിന്റെ സാക്ഷാൽ ഉടമസ്ഥനു പുറമെ വേറെയും പലർക്കും അതുകൊണ്ടു പ്രയോജനം സിദ്ധിക്കുന്നതാണ്. അതു നശിക്കുന്ന പക്ഷം-ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ-മറ്റു പലർക്കും അതിന്റെ ദോഷം അനു ഭവപ്പെടുകയും ചെയ്യും. അൽപം ആലോചിച്ചാൽ ആർക്കും മനസ്സിലാകുന്ന ഒരു വസ്തു തയാണിത്. അപ്പോൾ, ഭോഷന്മാർക്ക് ധനം കൈവിട്ടുകൊടുക്കുന്നത് അവരോടു മാത്ര മല്ല, മറ്റുള്ളവരോടും ചെയ്യുന്ന ഒരു അനീതിയായിത്തീരുമല്ലോ.

(2) ഭോഷന്മാർക്ക് സ്വത്തുക്കൾ ഏൽപിച്ചു കൊടുക്കരുതെങ്കിലും അതു വഴി അവ രുടെ ആഹാരാദി ഉപജീവനത്തിനുള്ള വകയും, വസ്ത്രം മുതലായ ആവശ്യങ്ങളും സ്വത്തു കൈകാര്യം നടത്തുന്ന ആളുകൾ നിർവ്വഹിച്ചു കൊടുക്കണം. ഇതിൽ രണ്ടു

സൂചനകൾ കാണാം. ഒന്ന്; അവർക്ക് സ്വത്തുള്ള സ്ഥിതിക്ക് അവർക്കുവേണ്ടുന്ന ചിലവുകൾ ആ സ്വത്തിൽനിന്നുതന്നെ ചിലവഴിക്കാവുന്നതാണ്. മറ്റുള്ളവർ അതു വഹിക്കേണ്ടതില്ല. മറ്റൊന്ന്; അവരുടെ സ്വത്തുക്കൾക്ക് തേയ്മാനവും കുറവും ബാധിക്കാത്തവിധം അതിനെ പോഷിപ്പിച്ചു വളർത്തി അതിന്റെ ആദായത്തിൽ നിന്നു നികത്തുവാൻ ശ്രമിക്കേണ്ടതാണ്. 'അതിൽനിന്ന് ഉപജീവനവും വസ്ത്രവും നൽകണം.' എന്നു പറയാതെ, 'അതിലൂടെ - അതുവഴി - ഉപജീവനവും വസ്ത്രവും നൽകണം' എന്നു പറഞ്ഞതിൽനിന്ന് ഇതു മനസ്സിലാക്കാം. അനാഥകൾക്ക് നന്മയുണ്ടാകുന്ന കാര്യങ്ങൾ പ്രവർത്തിക്കേണ്ടതാണെന്ന് 2:220 മുതലായ സ്ഥലങ്ങളിൽ അല്ലാഹു കൽപിച്ചിട്ടുമുണ്ടല്ലോ.

(3) അവരോട് നല്ല (മര്യാദ) വാക്കു പറയണം. ഈ കൽപന കുറേ വിശാലമായ അർത്ഥം ഉൾക്കൊള്ളുന്നതാണ്. അവരോട് അധികാര സ്വരത്തിലും ഗൗരവത്തിലും പെരുമാറാതിരിക്കുക, സൗമ്യവും സ്നേഹവും പ്രകടമാകുന്നവിധം സംസാരിക്കുക, സദുപദേശങ്ങളും സന്ദർഭോചിതമായ നിർദ്ദേശങ്ങളും നൽകുക, മനസ്സമാധാനവും ആവേശവും തോന്നത്തക്ക വാക്കുകൾ പറയുക മുതലായതെല്ലാം ഇതിൽ ഉൾപ്പെടും. യഥാർത്ഥത്തിൽ അവർ ഭോഷന്മാരാണെങ്കിലും തങ്ങളുടെ പോരായ്മ മനസ്സിലാക്കുവാൻ അവർ പ്രാപ്തരല്ലല്ലോ. അതുകൊണ്ട് ഞങ്ങളുടെ സ്വത്ത് ഞങ്ങളുടെ ഇഷ്ടത്തിനൊത്ത് കൈകാര്യം ചെയ്വാൻ ഞങ്ങളെ അനുവദിക്കേണ്ടതല്ലെ എന്നും മറ്റും അവർ വിചാരിക്കുകയും, പറയുകയും ചെയ്തേക്കാവുന്നതാണ്. 'ഇതൊക്കെ നിന്റേതാണ്, ഇതിന്റെ അഭിവൃദ്ധിക്ക് ഇന്നിന്നപ്രകാരം പ്രവർത്തിക്കുന്നത് ആവശ്യമാണ്, അതിനുവേണ്ടിയാണ് ഞാൻ ഇന്നപ്രകാരം ചെയ്യുന്നത്' എന്നിങ്ങനെയുള്ള സാന്ത്വനവാക്കുകൾ മുഖേനയും മറ്റുമായി തങ്ങൾ അവരുടെ യഥാർത്ഥ ഗുണകാംക്ഷികളാണെന്ന് അവരെ ബോധ്യപ്പെടുത്തുന്നത് നന്നായിരിക്കും.

(4) അനാഥകൾക്ക് വിവാഹപ്രായം- പ്രായപൂർത്തി-ആകുമ്പോഴാണ് അവരുടെ സ്വത്ത് വിട്ടുകൊടുക്കേണ്ടത്. എന്നാൽ, അതു വിട്ടുകൊടുക്കുന്ന പക്ഷം ശരിയായ രൂപത്തിൽ കൈകാര്യം ചെയ്വാനുള്ള പ്രാപ്തിയും തന്റേടവും അവർക്കുണ്ടോ എന്ന് നേരത്തെക്കൂട്ടിത്തന്നെ പരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതിനുവേണ്ടുന്ന പരിശീലനവും നൽകിക്കൊണ്ടിരിക്കേണ്ടതുണ്ട്. അങ്ങനെ, പ്രായപൂർത്തി വരുമ്പോഴേക്കും അവർക്കു അതിനുള്ള പ്രാപ്തിയും കാര്യബോധവും ഉണ്ടെന്ന് കണ്ടറിഞ്ഞാൽ മാത്രമേ ധനം വിട്ടുകൊടുക്കേണ്ടതുള്ളൂ. ഇല്ലെന്നാണു പരീക്ഷണത്തിൽ നിന്നു വ്യക്തമാകുന്നതെങ്കിൽ സ്വത്തിന്റെ കൈകാര്യം പഴയപോലെ തുടരുകയും വേണം. പിന്നീട് കുറെ കഴിയുമ്പോൾ, മുൻനില മാറി ആവശ്യമായ കാര്യബോധം വന്നിട്ടുള്ളതായിക്കണ്ടാൽ അപ്പോൾ വിട്ടുകൊടുക്കുകയും ചെയ്യേണ്ടതുണ്ട്. ധൂർത്തടിക്കുക, ദുർവിനിയോഗം നടത്തുക, ദുർവൃത്തികളിൽ ഉപയോഗപ്പെടുത്തുക, വേണ്ടപ്പെട്ടതിലും ആവശ്യമുള്ളേടത്തും ചിലവഴിക്കാതിരിക്കുക മുതലായവയൊന്നും കൂടാതെ, സ്വത്തിന്റെ മേൽനോട്ടവും നടത്തിപ്പും ഏറ്റെടുക്കുവാനുള്ള വിവേകമാണ് رشد (തന്റേടം - കാര്യബോധം) കൊണ്ടു വിവക്ഷ. ബുദ്ധിപരമായ പക്വത മാത്രം പോരാ, മതപരമായ തന്റേടം കൂടി വേണ്ടതുണ്ടെന്നാണ് ഇമാം ശാഫിഈ(റ) മുതലായ ചില മഹാന്മാരുടെ അഭിപ്രായം. അഥവാ അതുംകൂടി ആ വാക്കിൽ ഉൾപ്പെടുന്നുവെന്നാണ് അവരുടെ പക്ഷം. വിവേകവും, ബുദ്ധിയും, ധനം കൈകാര്യം ചെയ്യുവാനുള്ള കഴിവും ഉണ്ടായാൽ മതി എന്നത്രെ പൊതുവെയുള്ള അഭി

പ്രായം. 'പ്രായപൂർത്തി വരുക' എന്നതിന്റെ സ്ഥാനത്ത് 'വിവാഹത്തിങ്കൽ എത്തുക (بلغ النكاح) എന്നാണ് അല്ലാഹു ഉപയോഗിച്ച വാക്ക്. പ്രായപൂർത്തി വരുമ്പോഴാണല്ലോ സ്വാഭാവികമായും വിവാഹത്തിന്റെ സന്ദർഭവും, ധനത്തിന്റെ ആവശ്യവും നേരിടുന്നത്. പതിനഞ്ചു വയസ്സ് പൂർത്തിയാകുക, ഇന്ദ്രിയസ്ഖലനമോ, ആർത്തവമോ ഉണ്ടാകുക മുതലായവ പ്രായപൂർത്തി വരുന്നതിന്റെ അടയാളങ്ങളായി ഹദീഥുകളിൽ നിന്നും മന സ്സിലാക്കുവാൻ കഴിയുന്നു.

(5) താഴെ വിവരിക്കുന്ന പ്രകാരം ഒരു മിതമായ തോതിൽ, കൈകാര്യകർത്താവിനു ആ സ്വത്തിൽ നിന്ന് ഉപയോഗിക്കുവാൻ അനുവാദമുണ്ട് എന്നല്ലാതെ, അമിതമായി വല്ലതും എടുത്തുപറ്റുകയോ ഉപയോഗിക്കുകയോ ചെയ്വാനും, അനാഥൻ വലുതായി പ്രായപൂർത്തി വരുമ്പോൾ തിരിച്ചേൽപിക്കേണ്ടിവരുമല്ലോ എന്നു കരുതി നേരത്തെ ത്തന്നെ വല്ലതും പാട്ടിലമർത്തിവെക്കുവാനോ പാടില്ലാത്തതാകുന്നു. അനാഥകളുടെ യും, അബലകളുടെയും സ്വത്തുക്കളുടെ മേൽനോട്ടം വഹിക്കുന്നവരിൽ സാധാരണ ഉണ്ടാകാറുള്ള ദോഷങ്ങളാണിതൊക്കെ. അതുകൊണ്ടാണ് അല്ലാഹു ഇക്കാര്യം ഇത്രയും വിശദമായി ഉണർത്തുന്നത്. എന്നാൽ, കൈകാര്യം നടത്തുന്നവന് ആ സ്വത്തിൽനിന്നു എത്രകണ്ടു ഉപയോഗിക്കാം - അല്ലെങ്കിൽ ഉപയോഗിച്ചുകൂടാ - എന്ന് അല്ലാഹു കണി ശമായൊന്നും പ്രസ്താവിച്ചിട്ടില്ല. ധനികനാണെങ്കിൽ അവൻ മാനവും മാന്യതയും പാലിച്ചു കൊള്ളേണ്ടതാണ് (ومن كان غنيا فليستعفف) എന്നും, ദരിദ്രനാണെങ്കിൽ അവൻമര്യാദയനുസരിച്ചുതിന്നു - ഉപയോഗിച്ചു - കൊള്ളട്ടെ (ومن كان فقيرا فليأكل بالمعروف) എന്നും പറഞ്ഞു മതിയാക്കിയിരിക്കുകയാണ്. ധനി കനു തന്റെ ആവശ്യങ്ങൾക്കുള്ള വക തന്റെ പക്കലുണ്ടാകുന്നതുകൊണ്ടും, അനാഥക ളുടെ കൈകാര്യം നടത്തുന്നതിന്റെ പേരിൽ അവരുടെ സ്വത്തിൽനിന്നു വല്ലതും എടുത്തു പറ്റുന്നത് മാനത്തിനും മര്യാദക്കും യോജിച്ചതല്ലാത്തതുകൊണ്ടും അവൻ അതിൽ നിന്ന് ഒന്നും പറ്റാതിരിക്കുകയാണ് വേണ്ടത്. ദരിദ്രനാകുമ്പോൾ, തന്റെ അത്യാവശ്യങ്ങൾക്ക് അവന് വേറെ മാർഗം ഉണ്ടായിരിക്കില്ല. ആ സ്വത്തിന്റെ കൈകാര്യത്തിൽ അവന്റെ സമ യവും അദ്ധ്വാനവും വിനിയോഗിക്കേണ്ടതുമുണ്ട്. അതുകൊണ്ട് സാധാരണ നിലക്ക് വളരെ അത്യാവശ്യമായ തോതിൽ മാത്രം അവനു അതിൽനിന്ന് എടുത്തുപയോഗിക്കാം എന്നത്രെ മൊത്തത്തിൽ ഇപ്പറഞ്ഞതിന്റെ സാരം. ഓരോരുത്തന്റെ ധന്യത, ദാരിദ്ര്യം, അനാഥയുടെ സ്വത്തിന്റെ തോത് ആദിയായവയുടെ ഏറ്റക്കുറവനുസരിച്ചു കൈകാര്യ കർത്താക്കൾക്ക് ഉപയോഗിക്കാവുന്നതിന്റെ അളവും വ്യത്യാസപ്പെടുമെന്നു പ്രത്യേകം പറയേണ്ടതില്ല.

ഉപയോഗിക്കുക എന്ന അർത്ഥത്തിൽ اكل (തിന്നുക) എന്നും, സാധാരണ പതിവു കൾക്കും സദാചാര നടപടികൾക്കും അനുസരിച്ചു മര്യാദയായി ഗണിക്കപ്പെടുന്നത് എന്ന ഉദ്ദേശത്തിൽ معروف (മര്യാദപ്പെട്ടത്) എന്നും ഉപയോഗിക്കാറുള്ളതിനെപ്പറ്റി മുമ്പ് ഒന്നി ലധികം സ്ഥലത്തുവെച്ചു നാം ചൂണ്ടിക്കാട്ടുകയുണ്ടായിട്ടുണ്ട്.

ദരിദ്രനാണെങ്കിൽ മര്യാദയനുസരിച്ചു ഉപയോഗിക്കാം എന്നു പറഞ്ഞതിന്റെ താൽപര്യം പലരും പല പ്രകാരത്തിൽ വിശദീകരിച്ചു കാണാം. ആ സ്വത്തിൽനിന്നു അവന്റെ ആവശ്യത്തിന് കടം എടുക്കാം. കഴിവുണ്ടാകുമ്പോൾ കൊടുത്തു വീട്ടുകയും വേണം എന്നു ചിലർ. വിശപ്പടക്കുവാനും, നഗ്നത മറക്കുവാനും വേണ്ടത് എടുക്കാമെന്നു വേറെ ചിലർ. സ്വത്തിന്റെ വരുമാനത്തിൽനിന്ന് സ്വന്തം ആവശ്യങ്ങൾ നിർവ്വഹിക്കാം.

മൂലധനത്തിൽ നിന്നു എടുത്തുകൂടാ എന്നു വേറെ ചിലർ. മൂലധനത്തിൽ നിന്നുതന്നെയും അത്യാവശ്യങ്ങൾ നിറവേറ്റാം – അതു മൂലം സ്വത്ത്ക്രമേണ നഷ്ടപ്പെട്ടാലും വിരോധമില്ല–എന്നുവരെ ചിലർക്കഭിപ്രായമുണ്ട്. ഈ അഭിപ്രായങ്ങളും അവക്ക് ആസ്പദമായ ചില രിവായത്തുകളും ഉദ്ധരിച്ചശേഷം, അനിവാര്യമായ ഘട്ടത്തിൽ അനാഥയുടെ സ്വത്തിൽ നിന്നു കടമായി എടുക്കാമെന്ന അഭിപ്രായത്തിനാണ് ഇബ്നുജരീർ (റ) മുൻഗണന നൽകിയിരിക്കുന്നത്. അനാഥയുടെ സ്വത്തിൽ അതിന്റെ നന്മയനുസരിച്ചേ കൈകാര്യം ചെയ്‌വാൻ പാടുള്ളൂ. കൈകാര്യക്കാരൻ ആ സ്വത്തിന്റെ ഉടമസ്ഥനല്ല, അനാഥനായാലും അല്ലെങ്കിലും അന്യന്റെ സ്വത്തിൽ ക്രമക്കേടുകളൊന്നും വരുത്തുവാൻ പാടില്ല എന്നതൊക്കെ തർക്കമറ്റ കാര്യങ്ങളാണല്ലോ എന്ന് അദ്ദേഹം പ്രത്യേകം ഓർമിപ്പിക്കുകയും ചെയ്യുന്നു. അവന്റെ അദ്ധ്വാനത്തിന്റെ മര്യാദക്കൂലിയും, അവന്റെ ആവശ്യത്തിന്റെ തോതും നോക്കുമ്പോൾ അവയിൽ ഏതാണ് കുറവെങ്കിൽ അതവനു ഉപയോഗിക്കാമെന്നാണ് ഫുക്വഹാക്കളുടെ അഭിപ്രായമെന്നും, അവനു കഴിവുണ്ടാകുമ്പോൾ, അവൻ എടുത്തുപയോഗിച്ചത് മടക്കിക്കൊടുക്കേണമോ എന്നതിൽ രണ്ടഭിപ്രായമുണ്ടെന്നും ചൂണ്ടിക്കാട്ടുക മാത്രമാണ് ഇബ്നുകഥീർ(റ) ചെയ്തിരിക്കുന്നത്. മടക്കിക്കൊടുക്കേണ്ടതില്ല എന്ന അഭിപ്രായത്തിനാണ് അദ്ദേഹത്തിന്റെ അടുക്കൽ മുൻഗണനയുള്ളത് എന്നത്രെ അദ്ദേഹം അവിടെ ഉദ്ധരിച്ച രിവായത്തുകളിൽ നിന്നും മറ്റും മനസ്സിലാകുന്നത്. الله أعلم എല്ലാ അഭിപ്രായങ്ങളും പരിശോധിച്ചാൽ, അത്യാവശ്യങ്ങൾക്കു വേണ്ടി കഴിയുന്നത്ര ചുരുങ്ങിയ തോതിൽ അവന് എടുത്തുപയോഗിക്കാം, സ്വത്തിന് നാശം ഭവിക്കാതിരിക്കുവാൻ പരമാവധി ശ്രമിക്കുകയും വേണം എന്ന തത്വത്തിൽ അവയെല്ലാം ഊന്നി നിൽക്കുന്നതായി മനസ്സിലാക്കാം.

(6) സ്വത്ത് വിട്ടുകൊടുക്കുമ്പോൾ അതിനെ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പിന്നീട് വല്ല ആരോപണവും വരാതിരിക്കുവാനുള്ള ഒരു മുൻ കരുതലാണിത്. സ്വത്ത് സത്യസന്ധമായി കൈകാര്യം ചെയ്യപ്പെട്ടിരുന്നാലും വല്ല ആരോപണവും വരുമ്പോൾ അതിൽ നിന്ന് രക്ഷപ്പെടുവാൻ രേഖ വേണമല്ലോ. അല്ലാഹുവിന്റെ ഈ നിർദ്ദേശം പ്രധാനമായും കൈകാര്യക്കാരന്റെ നന്മയെ ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു. രേഖയും തെളിവും എങ്ങിനെയായിരുന്നാലും ശരി, കാര്യങ്ങൾ യഥാർത്ഥത്തിൽ എങ്ങിനെയൊക്കെയാണ് കയ്യാളപ്പെട്ടത്, അതിൽ എത്രകണ്ട് സത്യവും കൃത്യവും പാലിക്കപ്പെട്ടിട്ടുണ്ട് എന്നും മറ്റും അല്ലാഹുവിനു ശരിക്കും അറിയാം. അതിനെപ്പറ്റി അവൻ കണക്ക് ചോദിക്കുകയും ചെയ്യും. അത് ഓർമയിലിരിക്കണം എന്നൊക്കെയാണ് അവസാനം അല്ലാഹു ഓർമിപ്പിക്കുന്നത്. (وكفى بالله حسيبا)

ധനമോഹം തീരെയില്ലാത്ത ശുദ്ധഹൃദയനും, ത്യാഗിവര്യനുമായിരുന്ന ഒരു സ്വഹാബിയായിരുന്നു അബൂദർറ്(റ). അദ്ദേഹത്തോട് നബിﷺ പറയുകയുണ്ടായി: 'അബൂദർറേ, ഞാൻ തന്നെ ഒരു ദുർബ്ബലനായി കാണുന്നു. എനിക്കു ഞാൻ ഇഷ്ടപ്പെടുന്നത് തനിക്കും ഞാൻ ഇഷ്ടപ്പെടുന്നു. രണ്ടാളുടെമേൽ താൻ അധികാരമേൽക്കരുത്. ഒരനാഥയുടെ സ്വത്തും താൻ കൈകാര്യം ചെയ്യുകയും അരുത്.' (മു.) അന്യന്റെ – പ്രത്യേകിച്ചും അനാഥകളുടെ – സ്വത്ത് കൈകാര്യം നടത്തുന്നവർ സത്യസന്ധരായാൽ മാത്രം പോരാ, വേണ്ടതുപോലെ കൈകാര്യം നടത്തുവാനുള്ള പ്രാപ്തിയും കഴിവും ഉള്ളവർകൂടി ആയിരിക്കണമെന്നാണ് ഇതുവഴി നബിﷺ പഠിപ്പിക്കുന്നത്.

لِّلرِّجَالِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ وَلِلنِّسَآءِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ مِمَّا قَلَّ مِنْهُ أَوْ كَثُرَ ۚ نَصِيبًا مَّفْرُوضًا ﴿٧﴾

《7》 മാതാപിതാക്കളും, അടുത്ത കുടുംബങ്ങളും വിട്ടേച്ചുപോയതിൽ [സ്വത്തിൽ] നിന്ന് പുരുഷൻമാർക്ക് ഓഹരിയുണ്ട്; മാതാപിതാക്കളും അടുത്ത കുടുംബങ്ങളും വിട്ടേച്ചു പോയതിൽ [സ്വത്തിൽ] നിന്ന് സ്ത്രീകൾക്കും ഓഹരിയുണ്ട്; അതായത്, അതിൽ നിന്ന് കുറഞ്ഞതോ, അധികരിച്ചതോ, ആയതിൽ നിന്നു (എല്ലാം തന്നെ); (അത്) നിർണയം ചെയ്യപ്പെട്ട ഒരോഹരി.

《7》 لِلرِّجَالِ പുരുഷന്മാർക്കുണ്ട് نَصِيبٌ ഓഹരി, വിഹിതം, പങ്ക് مِمَّا تَرَكَ വിട്ടുപോയ (ഉപേക്ഷിച്ച) തിൽനിന്ന് الْوَالِدَانِ മാതാപിതാക്കൾ وَالأَقْرَبُونَ അടുത്ത കുടുംബങ്ങളും وَلِلنِّسَاءِ സ്ത്രീകൾക്കുമുണ്ട് نَصِيبٌ ഓഹരി مِمَّا تَرَكَ വിട്ടുപോയതിൽ നിന്ന് الْوَالِدَانِ മാതാപിതാക്കൾ وَالأَقْرَبُونَ അടുത്ത കുടുംബങ്ങളും مِمَّا قَلَّ കുറഞ്ഞതിൽനിന്ന് مِنْهُ അതിൽ നിന്ന് أَوْ كَثُرَ അല്ലെങ്കിൽ അധികരിച്ച(തിൽ നിന്ന്) نَصِيبًا ഓഹരി, ഓഹരിയായിട്ട് مَفْرُوضًا നിർണയം (നിശ്ചയം-നിർബ്ബന്ധം) ചെയ്യപ്പെട്ട.

അനാഥകളെയും സ്ത്രീകളെയും സംബന്ധിക്കുന്ന ചിലതെല്ലാം പ്രസ്താവിച്ച ശേഷം അനന്തരാവകാശനിയമങ്ങളെക്കുറിച്ചു വിവരിക്കുകയാണ്. വിഷയത്തിൽ പ്രവേശിക്കും മുമ്പായി അനന്തരാവകാശ വിഷയത്തിൽ അറിഞ്ഞിരിക്കേണ്ടുന്ന ചില അടിസ്ഥാനതത്വങ്ങൾ അല്ലാഹു ഈ വചനം മുഖേന പഠിപ്പിക്കുന്നു. തുടർന്നുള്ള മൂന്ന് വചനങ്ങളിൽ ബന്ധപ്പെട്ട മറ്റു ചില നിർദ്ദേശങ്ങളും നല്കുന്നുണ്ട്. അതിനുശേഷം 11-ാം വചനം മുതൽക്കാണ് വിഷയം വിശദീകരിക്കുന്നത്.

ക്വുർആൻ അവതരിക്കുന്ന കാലത്ത് അറബികൾക്കിടയിൽ ചില പിൻതുടർച്ചാവകാശ സമ്പ്രദായങ്ങൾ നിലവിലുണ്ടായിരുന്നുവെങ്കിലും അക്രമവും അനീതിയും കലർന്നതായിരുന്നു അവ. പ്രസ്തുത അനീതികളും അക്രമങ്ങളും തുടച്ചുനീക്കി വ്യവസ്ഥിതവും നീതിയുക്തവുമായ ഒരു ദായക നിയമസംഹിത അവതരിപ്പിക്കുകയാണ് ക്വുർആൻ ചെയ്യുന്നത്. അനന്തരാവകാശ നിയമങ്ങൾ വിസ്തരിച്ചു വിവരിച്ചതുപോലെ അത്ര വിശദമായി മറ്റു നിയമവശങ്ങളൊന്നും ക്വുർആനിൽ വിവരിക്കപ്പെട്ടു കാണുകയില്ല. അനുഷ്ഠാന നിയമങ്ങളെ സംബന്ധിക്കുന്ന വിശദാംശങ്ങളിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കുക സ്വാഭാവികമാണ്. എന്നാൽ അഭിപ്രായ വ്യത്യാസം ഏറ്റവും കുറവുള്ള അദ്ധ്യായം അനന്തരാവകാശത്തിന്റേതായിരിക്കുവാനുള്ള കാരണവും അതുതന്നെ. അനന്തര സ്വത്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ പ്രത്യേകം മനസ്സിരുത്തേണ്ടതും, 11-ാം വചനം വരെയുള്ള വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചതുമായ തത്വോപദേശങ്ങൾ ശരിക്കു ഗ്രഹിക്കുകയും, പാലിക്കുകയും ചെയ്യുന്നതിൽ സമുദായം വളരെ അലസത കാണിക്കുന്നുവെന്നുള്ളത് വളരെ ഖേദകരമായ ഒരു പരമാർത്ഥമാകു

ന്നു. ഈ അലസതയെ കഴിയുന്നത്ര ചൂഷണം ചെയ്തുകൊണ്ടാണ് 'പുരോഗമനാശയക്കാരെ'ന്നു സ്വയം അവകാശപ്പെടുന്ന വക്ര മനഃസ്ഥിതിക്കാരായ ചില ആളുകൾ ഈ അടുത്തകാലത്ത് ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങളെ സംബന്ധിച്ച് പുതിയ ചില ആശയക്കുഴപ്പങ്ങൾ ഇറക്കുമതി ചെയ്‌വാനിടയായത്. ജാഹിലിയ്യാകാലത്ത് അനന്തര സ്വത്തുക്കളുടെ കൈകാര്യത്തിൽ നടന്നിരുന്ന മിക്ക അഴിമതികളും ഇന്നു മുസ്‌ലിം സമുദായത്തിലും കടന്നു കൂടിയിട്ടുണ്ടെന്നുള്ളതും ഒരു പരമാർത്ഥമാണ്. അല്ലാഹു സമുദായത്തിനു തന്റേടം നൽകട്ടെ. ആമീൻ.

അനന്തരാവകാശ ക്രമത്തിന്റെ അടിസ്ഥാന തത്വങ്ങളായി ഈ വചനത്തിൽ അല്ലാഹു പ്രസ്താവിച്ച കാര്യങ്ങൾ ഇവയാകുന്നു:-

(1) പുരുഷനും സ്ത്രീക്കും - ആണിനും പെണ്ണിനും - സ്വത്തിൽ നിശ്ചിത അവകാശമുണ്ട്. കുട്ടികൾക്കും സ്ത്രീകൾക്കും സ്വത്തവകാശം നൽകുക ജാഹിലിയ്യത്തിൽ പതിവുണ്ടായിരുന്നില്ല. യുദ്ധം ചെയ്‌വാനും നാട്ടിനുവേണ്ടി ചെറുക്കുവാനും കഴിവുള്ളവർക്കേ സ്വത്ത് വേണ്ടതുള്ളൂ എന്നായിരുന്നു അതിനുള്ള അവരുടെ ന്യായം. ഈ സമ്പ്രദായത്തെ ഖണ്ഡിച്ചുകൊണ്ടാണ് 'പുരുഷന്മാർക്കും ഓഹരിയുണ്ട്, സ്ത്രീകൾക്കും ഓഹരിയുണ്ട്, (لِلرِّجَالِ نَصِيبٌ, وَلِلنِّسَاءِ نَصِيبٌ) എന്ന് പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നത്. സ്ത്രീകളായ അവകാശികൾക്ക് നിയമ പ്രകാരമുള്ള ഓഹരി നൽകാതെ തുച്ഛം വല്ലതും കൊടുത്തു തൃപ്തിപ്പെടുത്തി ബാക്കിയെല്ലാം പുരുഷന്മാർ പങ്കിട്ടെടുക്കുന്ന പതിവ് പല കുടുംബങ്ങളിലും ഇക്കാലത്തും കാണാവുന്നതാണ്. അല്ലാഹുവിന്റെ നിയമത്തെ ധിക്കരിച്ചുകൊണ്ടുള്ള ഒരു പുതിയ ജാഹിലിയ്യാ സമ്പ്രദായമാണിത്.

(2) സ്വത്തുടമ വിട്ടേച്ചുപോകുന്ന (مِمَّا تَرَكَ) - അയാൾ മരണപ്പെടുമ്പോൾ ബാക്കിയായി അവശേഷിക്കുന്ന - സ്വത്തിനു മാത്രമാണ് അനന്തരാവകാശനിയമം ബാധകമാകുന്നത്. ഒരാളുടെ മരണത്തിനുമുമ്പ് അയാളുടെ സ്വത്തിൽ (സകാത്ത്, കടം മുതലായവയല്ലാതെ) കുടുംബങ്ങൾക്കോ മറ്റോ ഒരു നിശ്ചിത അവകാശം ഒന്നുംതന്നെയില്ല. സ്വത്തുടമയുടെ മരണം നിമിത്തം അയാൾ വിട്ടേച്ചുപോകുന്ന സ്വത്തിൽ മാത്രമാണ് അവകാശമുള്ളതെന്ന് വരുമ്പോൾ, അയാളുടെ മുമ്പ് മരണപ്പെട്ടുപോയ ഒരാൾക്കും - അവർ എത്രതന്നെ അടുത്ത ബന്ധമുള്ളവരായിരുന്നാലും - ആ സ്വത്തിന് അവകാശമില്ലെന്നു സ്പഷ്ടമാണ്. നേരെമറിച്ച് സ്വത്തുടമയുടെ മരണത്തിനുശേഷം ഏതെങ്കിലും ഒരവകാശി മരണപ്പെടുന്നപക്ഷം- അവൻ മരിച്ച ഉടനെത്തന്നെ ആയാലും ശരി - അയാളുടെ അവകാശം ഇല്ലാതാകുന്നതുമല്ല. അയാളുടെ ഓഹരി അയാളുടെ അവകാശികൾക്ക് നൽകപ്പെടുമെന്നുമാത്രം.

(3) വിട്ടേച്ചുപോയ സ്വത്തിലെല്ലാം നിയമം ബാധകമാകും. നാണയമെന്നോ, അല്ലാത്തതെന്നോ, ഇളകുന്ന വസ്തുക്കളെന്നോ, അല്ലാത്തവയെന്നോ മറ്റോ ഉള്ളവ്യത്യാസമൊന്നുമില്ല. അവൻ വിട്ടേച്ചുപോയതെന്തോ അതിൽനിന്ന് (مِمَّا تَرَكَ) എന്നാണല്ലോ അല്ലാഹു പറഞ്ഞ വാക്ക്. ചില സമുദായങ്ങൾക്കിടയിലും ചില കുടുംബങ്ങൾക്കിടയിലും നടപ്പുള്ളതുപോലെ മരണപ്പെട്ടവൻ ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ, ആയുധങ്ങൾ മുതലായ ചില പ്രത്യേക ഉപകരണങ്ങൾ മൂത്ത മക്കൾക്കും, അദ്ദേഹം താമസിച്ചിരുന്ന വീട് ഇളയ മക്കൾക്കും അവകാശപ്പെട്ടതാണ് എന്നിങ്ങിനെയുള്ള പ്രത്യേക

നിയമങ്ങളൊന്നും ഇസ്‌ലാമിലില്ല. അവകാശികൾ പരസ്പരം തൃപ്തിപ്പെട്ട് ഇന്നതു ഇന്നവർക്കു വിട്ടുകൊടുക്കാമെന്ന് നിശ്ചയിക്കുന്നതിന് വിരോധമില്ല. ചില സന്ദർഭങ്ങളിൽ അത് വളരെ നന്നായിരിക്കുകയും ചെയ്യും.

(4) മരണപ്പെട്ട ആളുടെ മക്കളോ അടുത്ത കുടുംബങ്ങളോ ആയിരിക്കുക എന്നുള്ളതിൽ നിന്നാണ് സ്വത്തവകാശത്തിനുള്ള അർഹത ഉൽഭവിക്കുന്നത്. 'മാതാപിതാക്കളും അടുത്ത കുടുംബങ്ങളും വിട്ടുപോയ സ്വത്തിൽനിന്ന്' (مِّمَّا تَرَكَ الْوَالِدَانِ وَالْأَقْرَبُونَ) എന്നു പറഞ്ഞതിൽനിന്ന് ഇതു മനസ്സിലാക്കാം. ഭാര്യാഭർത്താക്കളെ സംബന്ധിച്ചിടത്തോളം, ചിലരുടെ അഭിപ്രായപ്രകാരം അവരും അടുത്ത ബന്ധുക്കളിൽ ഉൾപ്പെടുന്നുവെന്ന് പറയാം. ഇല്ലെങ്കിൽതന്നെയും, അവകാശികളുടെ കൂട്ടത്തിൽ ഭാര്യാഭർത്താക്കളെ പ്രത്യേകം അല്ലാഹു ഉൾപ്പെടുത്തിയിട്ടുള്ളതിൽനിന്ന് ഭാര്യാഭർത്തൃ ബന്ധവും സ്വത്തവകാശത്തിനുള്ള അർഹത നൽകുന്നതാണെന്ന് വ്യക്തമാണ്. ഏതായാലും - ചില യുക്തിവാദക്കാരുടെ സംസാരങ്ങളിൽ പ്രകടമാകുന്നതുപോലെ - ദാരിദ്ര്യത്തിന്റെയോ അവശതയുടെയോ കാരണം കൊണ്ടല്ല അനന്തരസ്വത്തിൽ അവകാശം ലഭിക്കുന്നത്. ദരിദ്രനെന്നോ ധനികനെന്നോ ഉള്ള വ്യത്യാസം അതിൽ പരിഗണിക്കപ്പെടുന്നില്ല. മരണപ്പെട്ട ആളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും അത്. ദരിദ്രന്മാരെയും പാവങ്ങളെയും ഉദ്ദേശിച്ചുള്ള നിയമനടപടികൾ വേറെത്തന്നെ ഇസ്‌ലാമിലുണ്ട്. ചിലതൊക്കെ അടുത്ത വചനങ്ങളിൽതന്നെ വരുന്നുമുണ്ട്. കൂടുതൽ അടുത്ത ബന്ധമുള്ളവർ നിലവിലുള്ളപ്പോൾ, അവരെക്കാൾ അകന്ന ബന്ധമുള്ളവർക്ക് അവകാശം നഷ്ടപ്പെടുന്നതിലുള്ള തത്വം ഇപ്പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാമല്ലോ. പുത്രനുള്ളപ്പോൾ പൗത്രന്നും, സഹോദരനുള്ളപ്പോൾ സഹോദരപുത്രന്നും അവകാശമില്ലാതാകുന്നതുമൊക്കെ ഈ അടിസ്ഥാനത്തിലാണ്.

(5) സ്വത്തിന്റെ ഏറ്റക്കുറവു പരിഗണനീയമല്ല. വളരെക്കുറച്ചുമാത്രമായാലും ധാരാളക്കണക്കിലുണ്ടായിരുന്നാലും അവകാശത്തിന്റെ തോത് ഒരുപോലെത്തന്നെ. مِمَّا قَلَّ مِنْهُ أَوْ كَثُرَ (കുറഞ്ഞതിൽനിന്നോ അധികരിച്ചതിൽ നിന്നോ) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. ഭാഗിക്കുവാൻ സാധിക്കാത്തവിധം തുച്ഛമായിരുന്നാൽ അവകാശികൾ വിട്ടുവീഴ്ചയോടെ ഒത്തൊരുമിച്ച് വല്ല തീരുമാനവും ഉണ്ടാക്കാമെന്നല്ലാതെ, അക്കാരണം കൊണ്ട് ആരുടെയും അവകാശം നഷ്ടപ്പെടുകയില്ല. പക്ഷേ, മരണപ്പെട്ടവന്റെ കടവും, നിയമാനുസൃതമായ വസ്വിയ്യത്തും കഴിച്ചു ബാക്കി മാത്രമേ അവകാശികൾക്കുള്ളൂ എന്ന് അല്ലാഹുതന്നെ താഴെ സ്പഷ്ടമായി പ്രസ്താവിക്കുന്നുണ്ട്.

(6) ഓരോ അവകാശിക്കുമുള്ള ഓഹരി എത്രയാണെന്ന് അല്ലാഹു നിർണയിച്ചു കഴിഞ്ഞിട്ടുണ്ട്. അതിൽ എന്തെങ്കിലും ഭേദഗതിയോ മാറ്റത്തിരുത്തലൊ ചെയ്‌വാൻ ആർക്കും അധികാരമില്ല; അവൻ നിശ്ചയിച്ച വിഹിതം ഓരോരുത്തർക്കും വകവെച്ചുകൊടുക്കൽ നിർബ്ബന്ധമാണ് എന്നത്രെ نَصِيبًا مَّفْرُوضًا (നിർണയം ചെയ്യപ്പെട്ട ഓഹരി) എന്ന വാക്യത്തിന്റെ താൽപര്യം. സ്ത്രീപുരുഷ സമത്വവാദത്തിന്റെ പേരിലൊ ദാരിദ്ര്യത്തിന്റെയും ബുദ്ധിമുട്ടിന്റെയും പേരിലോ മറ്റേതെങ്കിലും ന്യായത്തിന്റെ പേരിലൊ അല്ലാഹു നിർണയിച്ച വിധിയിൽ മാറ്റം വരുത്തുവാൻ വ്യക്തികൾക്കോ ഭരണകൂടത്തിനോ ഒരുകാലത്തും അവകാശമുണ്ടായിരിക്കയില്ല.

وَإِذَا حَضَرَ ٱلْقِسْمَةَ أُو۟لُوا۟ ٱلْقُرْبَىٰ وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينُ فَٱرْزُقُوهُم مِّنْهُ وَقُولُوا۟ لَهُمْ قَوْلًا مَّعْرُوفًا ﴿٨﴾

﴿8﴾ (സ്വത്ത്) ഭാഗം ചെയ്യുന്നിടത്ത് കുടുംബക്കാരും, അനാഥകളും, സാധുക്കളും ഹാജരുണ്ടായാൽ, അതിൽ നിന്ന് അവർക്കു നൽകുകയും, അവരോട് (നല്ല) മര്യാദപ്പെട്ട വാക്കു പറയുകയും ചെയ്യുവിൻ.

وَلْيَخْشَ ٱلَّذِينَ لَوْ تَرَكُوا۟ مِنْ خَلْفِهِمْ ذُرِّيَّةً ضِعَـٰفًا خَافُوا۟ عَلَيْهِمْ فَلْيَتَّقُوا۟ ٱللَّهَ وَلْيَقُولُوا۟ قَوْلًا سَدِيدًا ﴿٩﴾

﴿9﴾ തങ്ങളുടെ പിന്നിൽ ദുർബ്ബലരായ സന്താനങ്ങളെ വിട്ടേച്ചു പോയിരുന്നാൽ അവരെപ്പറ്റി ഭയപ്പെടുന്നവർ പേടിച്ചുകൊള്ളുകയും ചെയ്യട്ടെ; (അതെ) അപ്പോൾ അവർ അല്ലാഹുവിനെ സൂക്ഷിച്ചു കൊള്ളട്ടെ; ചൊവ്വായ വാക്ക് അവർ പറയുകയും ചെയ്യട്ടെ.

إِنَّ ٱلَّذِينَ يَأْكُلُونَ أَمْوَٰلَ ٱلْيَتَـٰمَىٰ ظُلْمًا إِنَّمَا يَأْكُلُونَ فِى بُطُونِهِمْ نَارًا ۖ وَسَيَصْلَوْنَ سَعِيرًا ﴿١٠﴾

﴿10﴾ നിശ്ചയമായും, അനാഥകളുടെ സ്വത്തുക്കളെ അക്രമമായി തിന്നുന്നവർ, അവരുടെ വയറുകളിൽ അവർ തിന്നു(നിറക്കു)ന്നത് അഗ്നി മാത്രമാകുന്നു. കത്തിജ്ജ്വലിക്കുന്ന നരകത്തിൽ വഴിയെ അവർ (കടന്ന്) എരിയുകയും ചെയ്യും.

﴿8﴾ وَإِذَاحَضَرَ ഹാജരായാൽ, സന്നിഹിതരായാൽ الْقِسْمَةَ ഭാഗത്തിങ്കൽ, ഭാഗിക്കുന്നേടത്ത്, ഓഹരിക്കൽ أُولُو الْقُرْبَى കുടുംബക്കാർ, കുടുംബബന്ധമുള്ളവർ وَالْيَتَامَى അനാഥകളും وَالْمَسَاكِينُ സാധുക്കളും, പാവങ്ങളും فَارْزُقُوهُمْ എന്നാലവർക്ക് നിങ്ങൾ കൊടുക്കുവിൻ مِنْهُ അതിൽനിന്ന് وَقُولُوا നിങ്ങൾ പറയുകയും ചെയ്യുവിൻ لَهُمْ അവരോട് قَوْلًا വാക്ക് مَعْرُوفًا മര്യാദപ്പെട്ട (നല്ല) ﴿9﴾ وَلْيَخْشَ പേടിച്ചുംകൊള്ളട്ടെ الَّذِينَ യാതൊരു കൂട്ടർ لَوْتَرَكُوا തങ്ങൾ വിട്ടുപോയിരുന്നാൽ مِنْخَلْفِهِمْ തങ്ങളുടെ പിന്നിൽ, പിന്നാലെ ذُرِّيَّةً സന്താനങ്ങളെ ضِعَافًا ദുർബ്ബലരായ, ബലഹീനരായ خَافُوا അവർ ഭയപ്പെടും (ഭയം തോന്നും) عَلَيْهِمْ അവരെപ്പറ്റി فَلْيَتَّقُوااللهَ അപ്പോൾ(അതിനാൽ) അവർ അല്ലാഹുവിനെ സൂക്ഷിക്കട്ടെ وَلْيَقُولُوا അവർ പറയുകയും ചെയ്യട്ടെ قَوْلًاسَدِيدًا ചൊവ്വായ വാക്ക് ﴿10﴾ إِنَّالَّذِينَ നിശ്ചയമായും യാതൊരു കൂട്ടർ يَأْكُلُونَ അവർതിന്നും أَمْوَالَ സ്വത്തുക്കളെ الْيَتَامَى അനാഥകളുടെ ظُلْمًا അക്രമമായി إِنَّمَايَأْكُلُونَ അവർ തിന്നുക മാത്രം ചെയ്യുന്നു, തീർച്ചയായും തിന്നുന്നു فِي بُطُونِهِمْ അവരുടെ വയറുകളിൽ (നിറയെ) نَارًا അഗ്നി, അഗ്നിമാത്രം وَسَيَصْلَوْنَ വഴിയെ അവർ കടന്നെരിയുകയും ചെയ്യും سَعِيرًا കത്തിജ്ജ്വലിക്കുന്ന നരകത്തിൽ

ഈ മൂന്നു വചനങ്ങളിൽ ഒന്നാമത്തേത് അനന്തരാവകാശികളെ അഭിമുഖീകരിച്ചുള്ളതാകുന്നു. അനന്തരസ്വത്ത് ഭാഗിക്കുന്ന സന്ദർഭത്തിൽ, നിശ്ചിത അവകാശമൊന്നും ലഭിക്കാത്തവരായ കുടുംബങ്ങളോ, അനാഥകളോ, സാധുക്കളോ ഉണ്ടായിരുന്നാൽ അവർക്ക് അതിൽ നിന്ന് കുറേശ്ശെ കൊടുത്ത് നല്ല വാക്കും പറഞ്ഞ് സന്തോഷിപ്പിച്ചു വിടണം എന്ന് സാരം. ഭാഗം കഴിയുന്നതിനു മുമ്പ് അവകാശികൾ തമ്മിൽ കൂടിയാലോചിച്ചു മൂലധനത്തിൽ നിന്നോ, ഭാഗിച്ചെടുത്തു കഴിഞ്ഞ ശേഷം അവരവർക്കു കിട്ടിയ ഓഹരികളിൽ നിന്നോ ഈ കടമ നിർവ്വഹിക്കാം. ഇതൊരു നിർബന്ധ നിയമമല്ലെന്നും, പുണ്യപ്പെട്ട ഒരു ഐച്ഛിക നിയമമാണെന്നുമാണ് പണ്ഡിതന്മാരിൽ ഒരു പക്ഷത്തിന്റെ അഭിപ്രായം. അതല്ല, യഥാർത്ഥത്തിൽ ഇതൊരു നിർബന്ധ കൽപന തന്നെയാണ് - പക്ഷേ, കാലക്രമേണ ജനങ്ങൾ അത് പാലിക്കാതെ ഉദാസീനത കാട്ടിപ്പോരുകയാണ് ചെയ്യുന്നത് - എന്നത്രെ മറ്റൊരു പക്ഷക്കാരുടെ അഭിപ്രായം. ഈ അഭിപ്രായത്തിനാണ് പല നിലക്കും ന്യായം കാണുന്നത്. (അല്ലാഹുവിനറിയാം) ഇന്നത്തെ സ്ഥിതിസമത്വ വാദത്തിന്റെ (സോഷ്യലിസത്തിന്റെ) പേരിൽ ഇസ്‌ലാമിലെ ചില അനന്തരാവകാശ നിയമങ്ങളെ വിമർശിക്കുന്നവർ ഈ കൽപന പ്രത്യേകം ഗൗനിക്കേണ്ടിയിരിക്കുന്നു.

ഈ രണ്ടഭിപ്രായങ്ങളിൽ ഏതു സ്വീകരിച്ചാലും ശരി, സ്വത്ത് ഭാഗം നടക്കുമ്പോൾ മേൽപറഞ്ഞവരാരെങ്കിലും നിലവിലുണ്ടെങ്കിൽ - സ്വത്തിന്റെ നിലപാടും, അവകാശികളുടെ പൊതു നിലയും പരിഗണിച്ചുകൊണ്ട് - അവർക്ക് കുറേശ്ശെയെങ്കിലും കൊടുത്തു സന്തോഷിപ്പിക്കുകയും, 'അധികമൊന്നും തരാനില്ലാത്തതുകൊണ്ടാണ് കൂടുതൽ തരുവാൻ കഴിയാത്തത്, ഞങ്ങളും തിടുക്കക്കാർ തന്നെയാണ്' എന്നിത്യാദി നല്ല വാക്കുകൾ പറഞ്ഞു സമാധാനിപ്പിക്കുകയും ചെയ്യേണ്ടതാകുന്നു. അവകാശികൾക്ക് തങ്ങളുടെ യത്നം കൂടാതെ ലഭിക്കുന്നതാണല്ലോ അനന്തരാവകാശം. ആ സ്ഥിതിക്ക് അവർ പ്രത്യേക ഔദാര്യം കാണിക്കേണ്ടിയിരിക്കുന്നു. കൃഷിയിടങ്ങളിൽനിന്നോ, തോട്ടങ്ങൾ മുതലായവയിൽ നിന്നോ വിളവെടുക്കുന്ന അവസരങ്ങളിൽ ഇതുപോലെ, ബന്ധപ്പെട്ടവരും സാധുക്കളും ഹാജരുണ്ടാകുമ്പോൾ അവർക്കും ഇപ്രകാരം വല്ലതുമൊക്കെ കൊടുത്തു തൃപ്തിപ്പെടുത്തേണ്ടതുണ്ട്. വളരെ നല്ലൊരു വഴക്കമത്രെ ഇത്. ഈ വഴക്കത്തിൽനിന്ന് ഒഴിഞ്ഞു മാറുകയും, തന്ത്രപൂർവ്വം സാധുക്കളെ അറിയിക്കാതെ അവരുടെ കണ്ണുവെട്ടിച്ച് വിളവെടുക്കുവാൻ പരിപാടിയിടുകയും ചെയ്ത ഒരു തോട്ടക്കാർക്കു പിണഞ്ഞ ആപത്തിന്റെ കഥ സൂറഃ ക്വലമിൽ അല്ലാഹു വിവരിച്ചതു കാണാം. അതിവിടെ ഓർക്കത്തക്കതാകുന്നു.

രണ്ടാമത്തെ വചനത്തിന്റെ താൽപര്യം ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടാറുണ്ട്. അവയിൽ ഏതു സ്വീകരിച്ചാലും പ്രധാനമായ ഒരു തത്വമാണതിൽ അടങ്ങിയിരിക്കുന്നത്.

(1) തങ്ങൾ മരണപ്പെട്ടുപോയാൽ തങ്ങളുടെ മക്കൾ മുതലായ അവകാശികൾ ദുർബ്ബലരും നിസ്സഹായരുമായിപ്പോയേക്കുമെന്ന് ആശങ്കയുള്ളവർ നേരത്തെതന്നെ അക്കാര്യത്തിൽ മുൻകരുതൽ എടുത്തിരിക്കേണ്ടതാണ് എന്നത്രെ അവയിൽ ഒന്ന്. അതായത്, അങ്ങനെയുള്ളവർ സ്വത്തു മുഴുവനുമോ, അതിൽ നിന്നു കാര്യമായ വല്ല ഭാഗമോ മറ്റു വിഷയങ്ങളിൽ ചിലവഴിക്കുകയോ, വസ്വിയ്യത്ത് ചെയ്തുവെക്കുകയോ ചെയ്യാതെ അവകാശികൾക്കുവേണ്ടി കരുതി വെക്കണം എന്നു ചുരുക്കം. സഅ്ദുബ്നു അബീവക്ക്വാസ് (റ)ന്റെ സംഭവം ഇവിടെ പ്രസ്താവ്യമാകുന്നു. അദ്ദേഹം രോഗത്തിലായിരുന്നപ്പോൾ തന്റെ ധനത്തിൽ വലിയൊരു ഭാഗം വസ്വിയ്യത്ത് ചെയ്‌വാൻ നബിﷺയോടു അനുവാ

ദം ചോദിച്ചു. നബിﷺ അതു സമ്മതിക്കാതിരിക്കുകയും, അവസാനം കവിഞ്ഞപക്ഷം മൂന്നിലൊന്നുമതി, അതുതന്നെ ധാരാളമാണ് എന്ന് പറയുകയും ഉണ്ടായി. തുടർന്നുകൊണ്ട് തിരുമേനിﷺ പറഞ്ഞു: 'താങ്കളുടെ അവകാശികളെ ജനങ്ങളോട് കൈകാട്ടുന്ന ദരിദ്രന്മാരായി വിട്ടു പോകുന്നതിനെക്കാൾ അവരെ ധനികന്മാരായി വിട്ടു പോകുന്നതാണ് താങ്കൾക്ക് ഉത്തമം.' (ബുഖാരിയും, മുസ്‌ലിമും രേഖപ്പെടുത്തിയ ഈ ഹദീഥിന്റെ പൂർണരൂപം അൽബക്വറഃ 180 – 182 ന്റെ വ്യാഖ്യാനത്തിൽ മുമ്പ് ഉദ്ധരിച്ചിട്ടുണ്ട്.) മരിക്കാറാകുമ്പോൾ സ്വത്തിന്റെ പ്രധാനഭാഗം വല്ല ധർമവിഷയങ്ങളിലും നീക്കിവെച്ചും, വസിയ്യത്ത് ചെയ്തും അവകാശികളെ അവഗണിക്കുകയും, കബളിപ്പിക്കുകയും ചെയ്യുന്ന പതിവ് പലരിലും കാണാറുണ്ട്. ഇതു ശരിയല്ലെന്നും, കുറ്റകരം കൂടിയാണെന്നും മനസ്സിലാക്കേണ്ടതാകുന്നു.

(2) തങ്ങളുടെ ശേഷം തങ്ങളുടെ സന്താനങ്ങൾ അവശരും ദുർബ്ബലരുമായിത്തീരുന്നതിനെക്കുറിച്ചു ഭയപ്പാടുള്ളവർ അതുപോലെ മറ്റുള്ളവരെപ്പറ്റിയും ഭയപ്പെടേണ്ടതാണ് എന്നത്രെ മറ്റൊരു വ്യാഖ്യാനം. അതായത്; മരണാസന്നരായവരോട് അവരുടെ സന്താനങ്ങൾ മുതലായവർക്കു ദോഷകരമായിത്തീരുന്ന വസിയ്യത്തുകൾ ചെയ്യാതിരിക്കുവാൻ ഉപദേശിച്ചും മറ്റും അവരുടെ മക്കളുടെ നന്മയിൽ ശ്രദ്ധ പതിക്കണമെന്നു സാരം.

(3) അനാഥകളുടെ ധനം കൈകാര്യം ചെയ്യുന്ന ആളുകൾ, തങ്ങളുടെ സ്വന്തം മക്കൾ തങ്ങളുടെ കാലശേഷം ദുർബ്ബലരായി വിഷമം അനുഭവിക്കുവാൻ ഇഷ്ടപ്പെടാത്തതുപോലെ, തങ്ങളുടെ കീഴിലുള്ള അനാഥകളുടെ ധനം കൈകാര്യം ചെയ്യുന്നതിലും വളരെ സൂക്ഷ്മത പാലിക്കേണ്ടതാണ്, എന്നിങ്ങനെയാണ് വേറൊരു വ്യാഖ്യാനം. ആയത്തിന്റെ വാചകവും സന്ദർഭവും പ്രസ്തുത വ്യാഖ്യാനങ്ങൾക്കെല്ലാം ഉതകുന്നതാണുതാനും. ഏതാണ്ട് ഇതുപോലെയുള്ള വേറെയും വ്യാഖ്യാനം ഇല്ലാതില്ല.

മൂന്നാമത്തെ വചനത്തിന്റെ ആശയം വ്യക്തമാണ്. അനാഥകളുടെ ധനം ന്യായമല്ലാത്ത രൂപത്തിൽ എടുത്തു തിന്നുന്നവൻ തൽക്കാലം അതുകൊണ്ട് വയറു നിറക്കുന്നുവെങ്കിലും നരകത്തിൽ കടന്ന് അഗ്നികൊണ്ട് വയറു നിറക്കേണ്ടി വരുന്ന ശിക്ഷ അനുഭവിക്കലായിരിക്കും അതിന്റെ ഫലം എന്നു ചുരുക്കം. ഏഴു മഹാപാപങ്ങളെ വിവരിച്ചകൂട്ടത്തിൽ നബിﷺ ഒന്ന് എണ്ണിയിരിക്കുന്നത് അനാഥകളുടെ സ്വത്ത് തിന്നലാണെന്ന് ഓർക്കുമ്പോൾ ആ പാതകം എത്ര ഭയങ്കരമാണെന്ന് ഊഹിക്കാമല്ലോ. ഈ താക്കീത് എല്ലാ അവസരത്തിലും ബാധകമായതാണെങ്കിലും അനന്തരാവകാശ നിയമങ്ങളോട് ബന്ധപ്പെടുത്തി പറയുവാൻ കാരണം, മേൽകണ്ടതുപോലെ സ്വത്തുഭാഗം നടത്തുമ്പോൾ അവർക്ക് അർഹമായ ഓഹരി നൽകുന്നതിലും അവരുടെ ധനത്തിന്റെ മേൽനോട്ടം ഏറ്റെടുക്കുന്നതിലും ക്രമക്കേടുകൾ വരുത്തുന്നത് പ്രത്യേകം സൂക്ഷിക്കുവാൻ വേണ്ടിയായിരിക്കും. الله أعلم

വിഭാഗം – 2

ജാബിർ(റ) പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ട ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: സഅ്ദ്ബ്നു റുബയ്യിഅ് (سعدبن ربيع رضى الله عنه)ന്റെ ഭാര്യ റസൂൽﷺ തിരുമേനിയുടെ അടുക്കൽ ചെന്നു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഇതാ, ഇതു രണ്ടും സഅ്ദിന്റെ പുത്രികളാണ്. ഇവരുടെ പിതാവ് അവിടുത്തോടൊപ്പം ഉഹ്ദ് യുദ്ധത്തിൽ

പങ്കെടുത്തു രക്തസാക്ഷിയായി കൊല്ലപ്പെട്ടു. ഇവരുടെ പിതൃവ്യന്‍ ഇവരുടെ സ്വത്ത് മുഴുവനും എടുത്തിരിക്കുന്നു. ഇവര്‍ക്കൊന്നും ബാക്കിവെച്ചില്ല. ഇവര്‍ക്ക് വല്ല സ്വത്തും ഉണ്ടായിരുന്നാലല്ലാതെ ഇവരെ ആരും വിവാഹം കഴിക്കുകയില്ല.' അപ്പോള്‍, തിരുമേനി പറഞ്ഞു: 'അല്ലാഹു അതില്‍ തീരുമാനമെടുത്തുകൊള്ളും'. അങ്ങനെ, അനന്തരാവകാശത്തിന്റെ ആയത്ത് അവതരിച്ചു. അപ്പോള്‍ റസൂല്‍ﷺ ആ കുട്ടികളുടെ പിതൃവ്യന്റെ അടുക്കല്‍ ആളയച്ചു അദ്ദേഹത്തോട് പറഞ്ഞു: 'സഅ്ദിന്റെ രണ്ടു പെണ്‍കുട്ടികള്‍ക്കും മൂന്നില്‍ രണ്ടംശവും, അവരുടെ മാതാവിനു എട്ടില്‍ ഒരംശവും കൊടുക്കണം. ബാക്കിയുള്ളത് തനിക്കാകുന്നു.' (അ; ദാ; തി; ജ)

يُوصِيكُمُ ٱللَّهُ فِىٓ أَوْلَٰدِكُمْ ۖ لِلذَّكَرِ مِثْلُ حَظِّ ٱلْأُنثَيَيْنِ ۚ فَإِن كُنَّ نِسَآءً فَوْقَ ٱثْنَتَيْنِ فَلَهُنَّ ثُلُثَا مَا تَرَكَ ۖ وَإِن كَانَتْ وَٰحِدَةً فَلَهَا ٱلنِّصْفُ ۚ

﴾11﴿ നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തില്‍ അല്ലാഹു നിങ്ങളോട് 'വസ്വിയ്യത്ത്' ചെയ്യുന്നു: ആണിന് രണ്ടു പെണ്ണിന്റെ ഓഹരിക്ക് തുല്യമായതുണ്ട് എന്ന്. എന്നാല്‍, അവര്‍ രണ്ടിനുമീതെ സ്ത്രീകളായിരുന്നാല്‍ അവര്‍ക്ക് അവന്‍ [മരണപ്പെട്ട ആള്‍] വിട്ടേച്ചു പോയതിന്റെ മൂന്നില്‍ രണ്ടംശമുണ്ടായിരിക്കും. അവള്‍ [മകള്‍] ഒരുവളാണെങ്കില്‍ അവള്‍ക്കു പകുതിയുമുണ്ട്;

وَلِأَبَوَيْهِ لِكُلِّ وَٰحِدٍ مِّنْهُمَا ٱلسُّدُسُ مِمَّا تَرَكَ إِن كَانَ لَهُۥ وَلَدٌ ۚ

അവനു [മരണപ്പെട്ടവനു] സന്താനമുണ്ടായിരുന്നാല്‍, അവന്‍ വിട്ടുപോയതില്‍ നിന്ന് അവന്റെ മാതാപിതാക്കള്‍ക്ക് - അവരില്‍ ഓരോരുത്തര്‍ക്കും - ആറിലൊന്നുമുണ്ടായിരിക്കും,

فَإِن لَّمْ يَكُن لَّهُۥ وَلَدٌ وَوَرِثَهُۥٓ أَبَوَاهُ فَلِأُمِّهِ ٱلثُّلُثُ ۚ فَإِن كَانَ لَهُۥٓ إِخْوَةٌ فَلِأُمِّهِ ٱلسُّدُسُ ۚ مِنۢ بَعْدِ وَصِيَّةٍ يُوصِى بِهَآ أَوْ دَيْنٍ ۗ

എനി, അവനു സന്താനമില്ലാതിരിക്കുകയും, അവന്റെ മാതാപിതാക്കള്‍ (മാത്രം) അവനെ അനന്തരമെടുക്കുകയും ചെയ്യുന്ന പക്ഷം, അവന്റെ മാതാവിന് മൂന്നിലൊന്നുണ്ടായിരിക്കും. എന്നാല്‍, അവന് സഹോദരങ്ങള്‍ ഉണ്ടായിരുന്നാല്‍, അവന്റെ മാതാവിന് ആറിലൊന്നായിരിക്കും. അവന്‍ ചെയ്യുന്ന 'വസ്വിയ്യത്തി'ന്റെയോ, കടത്തിന്റെയോ ശേഷമത്രെ (ഇതെല്ലാം).

ءَابَآؤُكُمْ وَأَبْنَآؤُكُمْ لَا تَدْرُونَ أَيُّهُمْ أَقْرَبُ لَكُمْ نَفْعًا ۚ فَرِيضَةً مِّنَ ٱللَّهِ ۗ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴿١١﴾

നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ മക്കളും - ഇവരിൽ ഏതാളാണ് ഉപകാരത്തിൽ നിങ്ങൾക്ക് കൂടുതൽ അടുപ്പമുള്ളവരെന്ന് നിങ്ങൾക്ക് അറിയുകയില്ല. (അതെ) അല്ലാഹുവിങ്കൽനിന്ന് (നിശ്ചയിച്ചിട്ടു)ള്ള ഓഹരി നിർണയം (തന്നെ)! നിശ്ചയമായും, അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

﴾11﴿ يُوصِيكُمُ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു (കാര്യമായി ഉപദേശിക്കുന്നു) ٱللَّهُ അല്ലാഹു فِيٓ أَوْلَٰدِكُمْ നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ لِلذَّكَرِ ആണിനുണ്ട് مِثْلُ പോലെ തുല്യമായത് حَظِّ അംശം, ഓഹരി ٱلْأُنثَيَيْنِ രണ്ടു പെണ്ണിന്റെ فَإِن كُنَّ എനി(എന്നാൽ) അവർ ആയിരുന്നാൽ نِسَآءً സ്ത്രീകൾ فَوْقَ ٱثْنَتَيْنِ രണ്ടിനു മീതെ فَلَهُنَّ എന്നാലവർക്കുണ്ട് ثُلُثَا മൂന്നിൽ രണ്ടു(അംശം) مَا تَرَكَ അവൻ വിട്ടു പോയതിന്റെ وَإِن كَانَتْ അവളായിരുന്നാൽ وَٰحِدَةً ഒരുവൾ, ഒരുത്തി فَلَهَا എന്നാൽ അവൾക്കുണ്ട് ٱلنِّصْفُ പകുതി وَلِأَبَوَيْهِ അവന്റെ മാതാപിതാക്കൾക്കുണ്ടായിരിക്കും لِكُلِّ وَٰحِدٍ ഓരോരുത്തർക്കും مِّنْهُمَا അവർ രണ്ടാളിൽനിന്ന് ٱلسُّدُسُ ആറിൽ ഒന്ന് مِمَّا تَرَكَ അവൻ വിട്ടുപോയതിൽനിന്ന് إِن كَانَ ഉണ്ടായിരുന്നാൽ لَهُۥ അവന് وَلَدٌ സന്താനം فَإِن لَّمْ يَكُن എനി ഇല്ലെങ്കിൽ, ഉണ്ടായിരുന്നില്ലെങ്കിൽ لَّهُۥ وَلَدٌ അവന് സന്താനം وَوَرِثَهُۥٓ അവനെ അനന്തരമെടുക്കുകയും ചെയ്തു, അവന്ന് അവകാശിയാകുകയും ചെയ്തു أَبَوَاهُ അവന്റെ മാതാപിതാക്കൾ فَلِأُمِّهِ എന്നാലവന്റെ ഉമ്മക്കുണ്ട് ٱلثُّلُثُ മുന്നിലൊന്ന് فَإِن كَانَ لَهُۥٓ എനി അവന്നുണ്ടായിരുന്നാൽ إِخْوَةٌ സഹോദരങ്ങൾ فَلِأُمِّهِ എന്നാലവന്റെ ഉമ്മക്കുണ്ട് ٱلسُّدُسُ ആറിലൊന്ന് مِنۢ بَعْدِ ശേഷം, ശേഷമായിട്ട് وَصِيَّةٍ വസ്വിയ്യത്തിന്റെ يُوصِي അവൻ വസ്വിയ്യത്തു ചെയ്യുന്ന بِهَآ അതിനെ, അതിനു, അതിനെപ്പറ്റി أَوْ دَيْنٍ അല്ലെങ്കിൽ കടത്തിന്റെ ءَابَآؤُكُمْ നിങ്ങളുടെ പിതാക്കൾ وَأَبْنَآؤُكُمْ നിങ്ങളുടെ പുത്രന്മാരും, മക്കളും لَا تَدْرُونَ നിങ്ങൾ(ക്കു) അറിയുകയില്ല أَيُّهُمْ അവരിൽ ഏതാണു(ആർ) أَقْرَبُ لَكُمْ നിങ്ങൾക്കു കൂടുതൽ അടുത്ത (സൗകര്യപ്പെടുന്ന)വർ نَفْعًا ഉപകാരത്താൽ, പ്രയോജനംകൊണ്ട് فَرِيضَةً നിശ്ചിത (നിർണയിക്കപ്പെട്ട) ഓഹരി, നിർബ്ബന്ധമായിട്ട് مِّنَ ٱللَّهِ അല്ലാഹുവിൽനിന്ന് إِنَّ ٱللَّهَ നിശ്ചയം അല്ലാഹു كَانَ ആകുന്നു, ആയിരിക്കുന്നു عَلِيمًا സർവ്വജ്ഞൻ حَكِيمًا അഗാധജ്ഞൻ

---

7 - 10 വചനങ്ങളിൽ അനന്തരാവകാശത്തെ ബാധിക്കുന്ന പൊതുവായ പല തത്വനിർദ്ദേശങ്ങളും നൽകിയ ശേഷം അതിന്റെ നിയമപരമായ വിശദീകരണം ഈ വചനം മുതൽ ആരംഭിക്കുന്നു. ഈ വചനം, അടുത്ത വചനം, സൂറത്തിലെ അവസാന വചനം എന്നീ മൂന്നു വചനങ്ങളിലായി അനന്തരാവകാശം സംബന്ധിച്ച എല്ലാ പ്രധാനനിയമ

ങ്ങളും അല്ലാഹു വിവരിച്ചിരിക്കുന്നു. ഈ മൂന്ന് വചനങ്ങളെയും, ബന്ധപ്പെട്ട നബി വചനങ്ങളെയും അടിസ്ഥാനമാക്കി ക്രോഡീകരിക്കപ്പെട്ട അനർഘമായ ഒരു വിജ്ഞാനശാഖയത്രെ علم الفرائض ('ഇൽമുൽ ഫറാഇദ്' – ഓഹരി നിർണയങ്ങളുടെ വിജ്ഞാനം) എന്ന പേരിൽ അറിയപ്പെടുന്ന ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങൾ. ഇസ്‌ലാമിലെ കർമശാസ്ത്ര വിജ്ഞാനങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഭാഗമാണിത്. ഇതിന്റെ പ്രത്യേക പ്രാധാന്യം സൂചിപ്പിക്കുന്ന ചില ഹദീഥുകളും കാണാം. പല മഹാന്മാരും ഈ വിഷയത്തിൽ പ്രത്യേകം ഗ്രന്ഥങ്ങൾ തന്നെ രചിച്ചിട്ടുണ്ട്. ലോകത്ത് മറ്റേത് സമുദായത്തിന്റെ മുമ്പിലും മുസ്‌ലിംകൾക്ക് അഭിമാനം കൊള്ളാവുന്ന ഒരു നിയമ സംഹിതയാണ് 'ഇൽമുൽ ഫറാഇദ്'. എന്നിരുന്നാലും ഇന്നത്തെ നമ്മുടെ മുസ്‌ലിം പണ്ഡിതന്മാരിൽ ഈ വിഷയത്തിൽ വേണ്ട പരിജ്ഞാനം നേടിയ വ്യക്തികൾ കുറവാണെന്ന യാഥാർത്ഥ്യം അത്യധികം വ്യസനത്തോടുകൂടി സമ്മതിക്കേണ്ടിയിരിക്കുന്നു. നിയമവശങ്ങൾ വിശദീകരിച്ചു വിവരിക്കുന്ന സ്ഥാനം കർമശാസ്ത്ര ഗ്രന്ഥങ്ങളാകകൊണ്ട് ഈ വചനങ്ങളിൽ വ്യക്തമായി പ്രസ്താവിക്കപ്പെട്ട കാര്യങ്ങളെക്കുറിച്ചു മാത്രമെ നാമിവിടെ സംസാരിക്കേണ്ടതായുള്ളൂ. والله الموفق

നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങളോട് 'വസ്വിയ്യത്ത്' ചെയ്യുന്നു (يوصيكم الله في اولادكم) എന്ന് സദുപദേശ രൂപത്തിൽ വളരെ ശക്തിയായി ഉണർത്തിക്കൊണ്ടാണ് അല്ലാഹു നിയമങ്ങൾ വിവരിക്കാൻ തുടങ്ങുന്നത്. വിഷയത്തിന്റെ പ്രാധാന്യവും, അത് അനുഷ്ഠാനത്തിൽ വരുത്തുവാനുള്ള ശക്തമായ പ്രോൽസാഹനവുമാണിത് സൂചിപ്പിക്കുന്നത്. അനന്തരാവകാശികൾ പലരുണ്ടെങ്കിലും മരണപ്പെടുന്ന ആളുമായി ഏറ്റവും അടുത്ത ബന്ധമുള്ളവരാണല്ലോ മക്കൾ. അതുകൊണ്ട് മക്കളുടെ കാര്യം ആദ്യം പ്രസ്താവിക്കുന്നു. മാത്രമല്ല, പെൺമക്കൾക്കും, ചെറിയ ആൺമക്കൾക്കും സ്വത്തവകാശം നൽകപ്പെടാതിരുന്ന ഒരു ചുറ്റുപാടിലാണ് ഈ നിയമം അവതരിക്കുന്നതും. ആ സ്ഥിതിക്ക് നിങ്ങളുടെ മക്കളുടെ കാര്യമാണ് അനന്തരാവകാശത്തിൽ നിങ്ങൾ ഒന്നാമതായി ഓർമവെക്കേണ്ടതെന്ന ഒരു സൂചനയും അതിൽ അടങ്ങിയിരിക്കാം. (അല്ലാഹുവിനറിയാം)

اولاد ('ഔലാദ്' അഥവാ സന്താനങ്ങൾ) എന്ന വാക്കിന്റെ ഏക വചനമാണ് (വലദ്). മക്കളിൽ ആണെന്നോ, പെണ്ണെന്നോ, ചെറുപ്പമെന്നോ, വലുപ്പമെന്നോ വ്യത്യാസം കൂടാതെ എല്ലാവർക്കും ആ വാക്ക് ഉപയോഗിക്കുന്നു. ഒരു ആണിന്ന് രണ്ട് പെണ്ണിന്റെ ഓഹരിയാണുള്ളത് (للذكر مثل حظ الانثيين) എന്നത്രെ അല്ലാഹുവിന്റെ വസ്വിയ്യത്ത്. 'ആണിന്റെ പകുതിയാണ് പെണ്ണിനുള്ളത്' എന്നോ മറ്റോ പറയാതെ, പെണ്ണിന്റെ ഓഹരിയെ മാനദണ്ഡമാക്കിക്കൊണ്ട് ആണിന്റെ അവകാശം കണക്കാക്കിയതിൽ ചില രഹസ്യങ്ങൾ അന്തർഭവിച്ചതായി കാണാം. സ്ത്രീകൾക്ക് അവകാശം നൽകപ്പെടാത്ത പതിവ് നിറുത്തലാക്കി അവർക്ക് അവകാശസ്ഥിരത നൽകുകയും, അതോടുകൂടി പുരുഷന്മാർക്ക് സ്ത്രീകളെ അപേക്ഷിച്ചുള്ള പദവി വകവെച്ചു കൊടുക്കുകയുമാണ് ഈ വാക്യം ചെയ്യുന്നത്. അഥവാ പുരുഷന്റെ അവകാശം നിർണയിക്കൽ മാത്രമല്ല ഉദ്ദേശ്യം. അതായിരിക്കാം അല്ലാഹു ഇങ്ങിനെ പറയുവാൻ കാരണം. الله اعلم സ്ത്രീയും പുരുഷനും തമ്മിൽ പദവി വ്യത്യാസമുണ്ടെങ്കിലും മാതാപിതാക്കളുമായുള്ള ഇരുകൂട്ടരുടെയും ബന്ധം ഒരുപോലെയാണെന്നിരിക്കെ രണ്ടു കൂട്ടർക്കും ഒരേ തോതിൽ അവകാശം നൽകപ്പെടേണ്ടതല്ലേ? എന്നു ചോദിക്കപ്പെടാം. ധനത്തിന്റെ ആവശ്യം സ്ത്രീയെക്കാൾ പുരുഷനാണ് നേരിടു

ന്നത്. സ്ത്രീകളുടെ ഭക്ഷണം, പാർപ്പിടം മുതലായ അത്യാവശ്യ ചിലവുകളെല്ലാം നിർവ്വഹിച്ചു കൊടുക്കേണ്ട ബാദ്ധ്യതയും പുരുഷനാണുള്ളത്. കൂടാതെ, പുറംകാര്യങ്ങളിൽ ധനവ്യയത്തിന്റെ ആവശ്യവും പുരുഷനായിരിക്കും കൂടുതൽ നേരിടുക. ഇതാണ് പുരുഷന്ന് സ്ത്രീയുടെ ഇരട്ടി നിശ്ചയിച്ചതിലടങ്ങിയ ചില തത്വങ്ങൾ.

ഇസ്‌ലാമിലെ അനന്തരാവകാശനിയമത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ചില സാങ്കേതിക തത്വങ്ങൾ അറിഞ്ഞിരിക്കുന്നത് അതിലെ നിയമവശങ്ങളെക്കുറിച്ചു ശരിക്ക് മനസ്സിലാക്കുവാൻ വളരെ സഹായകമായിരിക്കും. അതുകൊണ്ട് അവയെപ്പറ്റി ഒരു സാമാന്യവിവരം കൂടി ഇവിടെ ചൂണ്ടിക്കാട്ടാം. അനന്തരാവകാശ സംബന്ധമായ കാര്യങ്ങളിൽ 'പിതാവ്, മാതാവ്, മകൻ, മകൾ, സഹോദരൻ, സഹോദരി, പിതൃവ്യൻ, ഭർത്താവ്' എന്നിങ്ങിനെ പറയുമ്പോൾ മരണപ്പെട്ട ആളുടെ പിതാവ്, മാതാവ്, മകൻ.... എന്നർഥമാണ്. അതുപോലെത്തന്നെ. 'പകുതി, ആറിലൊന്ന്, എട്ടിലൊന്ന്' എന്ന് തുടങ്ങിയുള്ള ഓഹരികൾ കണക്കാക്കുന്നത് മരണപ്പെട്ട ആളുടെ ആകെ ധനത്തെ അടിസ്ഥാനമാക്കിയുമായിരിക്കും. ഉദാഹരണമായി, മകൾക്ക് പകുതിയും, ഭാര്യക്ക് എട്ടിലൊന്നും എന്ന് പറയുമ്പോൾ അതിന്റെ അർഥം മരണപ്പെട്ടവന്റെ ആകെ സ്വത്തിൽനിന്ന് അവന്റെ മകൾക്ക് അതിന്റെ പകുതിയും അവന്റെ ഭാര്യക്ക് അതിന്റെ എട്ടിലൊന്നും എന്നത്രെ.

അവകാശികളിൽ രണ്ട് തരക്കാരുണ്ട്:

(1) നിശ്ചിത ഓഹരി കണക്കാക്കപ്പെട്ടവർ, ഇവർക്ക് اهل الفروض (നിശ്ചിത ഓഹരിക്കാർ) എന്ന് പറയുന്നു. ഇവരുടെ നിശ്ചിത ഓഹരിയിൽ ഏറ്റക്കുറവ് വരികയില്ല.

(2) ഒരു ക്ളിപ്തമായ ഓഹരി നിശ്ചയിക്കപ്പെടാത്തവർ. ഇവർക്ക് العصبة (അസ്വബഃ) എന്ന് പറയുന്നു. നിശ്ചിത ഓഹരിക്കാർക്ക് കൊടുത്തു കഴിഞ്ഞശേഷം ബാക്കിയുണ്ടാകുന്നത് ഇവർക്കായിരിക്കും. നിശ്ചിത ഓഹരിക്കാർ തീരെ ഇല്ലെങ്കിൽ സ്വത്ത് മുഴുവനും ഇവർക്ക് ലഭിക്കുകയും ചെയ്യും. പുത്രൻ, പൗത്രൻ, പിതാവ്, സഹോദരൻ, സഹോദര പുത്രൻ, പിതൃവ്യൻ, പിതൃവ്യപുത്രൻ എന്നിങ്ങിനെ മരണപ്പെട്ടവനുമായി കുടുംബബന്ധത്തിൽ കൂടുതൽ അടുത്തവരായിരിക്കും ഇവർ. ചില സന്ദർഭങ്ങളിൽ ഇവരിൽ ചിലർക്ക് ഒരു നിശ്ചിത ഓഹരി (فرض) ലഭിക്കുന്നതോടൊപ്പം തന്നെ നിലവിലുള്ള മറ്റു ഓഹരിക്കാരുടെ അവകാശങ്ങൾ കഴിച്ച് ബാക്കിയുണ്ടെങ്കിൽ അതും കൂടി ലഭിച്ചുവെന്നുവരും. അഥവാ ഒരാൾക്ക് രണ്ട് നിലക്കുള്ള അവകാശവും ഉണ്ടായിരിക്കുവാൻ സാധ്യതയുള്ള സന്ദർഭവും ഉണ്ടാവാമെന്ന് സാരം. ഇതിനൊരു ഉദാഹരണം താഴെ കാണാം. വിശദീകരണം യഥാസ്ഥാനങ്ങളിൽ നിന്നറിയേണ്ടതാകുന്നു.

മക്കളുടെയും മാതാപിതാക്കളുടെയും അവകാശത്തെക്കുറിച്ചാണല്ലോ ഈ വചനത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. അതിന്റെ വെളിച്ചത്തിൽ മേൽ പ്രസ്താവിച്ച സാങ്കേതിക തത്വങ്ങൾ മുമ്പിൽ വെച്ചുകൊണ്ട് പരിശോധിച്ചാൽ, ആ വചനത്തിൽ താഴെ കാണുന്ന നിയമങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം:-

(1) ഒരാൾക്ക് അവകാശികളായി ആൺമക്കൾ മാത്രം ഉള്ളപ്പോൾ, സ്വത്ത് മുഴുവനും അവർക്കായിരിക്കും. അവർ ഒന്നിലധികം പേരുണ്ടെങ്കിൽ, അവർ സമമായി ഭാഗിച്ചെടുക്കണം. നിശ്ചിത ഓഹരിക്കാർ വേറെയുണ്ടെങ്കിൽ അവരുടേത് കഴിച്ച് ബാക്കിയായിരിക്കും ഇവർക്കുള്ളത്.

(2) ആൺമക്കളില്ലാത്തപ്പോൾ, ഒരു മകൾ മാത്രമേയുള്ളൂവെങ്കിൽ അവൾക്ക് പകുതിയും, ഒന്നിലധികം പേരുണ്ടെങ്കിൽ അവർക്ക് മൂന്നിൽ രണ്ട് (2/3) അംശവും ലഭിക്കും. പെൺ മക്കൾ രണ്ടിലധികമുണ്ടെങ്കിൽ അവർക്ക് മൂന്നിൽ രണ്ടംശവും فان كن نساء فوق اثنتين الخ എന്നാണ് അല്ലാഹു പറഞ്ഞവാക്ക്. രണ്ടാൾ മാത്രമായാലും ഇതേ വിധി തന്നെയാണുള്ളത്. 186-ാം വചനത്തിൽ രണ്ട് സഹോദരിമാർക്ക് മൂന്നിൽ രണ്ടംശമുണ്ടെന്ന് പ്രസ്താവിക്കുന്നുണ്ട്. രണ്ട് സഹോദരിമാർക്ക് മൂന്നിൽ രണ്ടംശം ലഭിക്കുമ്പോൾ രണ്ട് പെൺമക്കൾക്ക് ഏതായലും അത്ര ലഭിക്കേണമല്ലോ. മേലെ ഉദ്ധരിച്ച സഅ്ദുബ്നു റുബയ്യിഇന്റെ ഭാര്യയുടെ സംഭവത്തിൽനിന്നും ഇതു മനസ്സിലാക്കാവുന്നതാണ്. ഈ വിഷയത്തിൽ പണ്ഡിതന്മാർക്ക് ഭിന്നാഭിപ്രായമില്ലതാനും.

(3) മക്കൾ ആണും പെണ്ണും ഉണ്ടായിരുന്നാൽ ആണിന്റെ പകുതി പെണ്ണിന് എന്ന തോതിൽ ഭാഗിക്കണം. നിശ്ചിത ഓഹരിക്കാർ വേറെയുണ്ടെങ്കിൽ അവരുടേത് കഴിച്ച് ബാക്കിയും, ഇല്ലെങ്കിൽ മുഴുവൻ സ്വത്തും അവർ അങ്ങിനെ ഭാഗിച്ചെടുക്കേണ്ടതാണ്.

(4) മക്കൾ ഉള്ളപ്പോൾ-അവർ ആണോ പെണ്ണോ, ഒന്നോ അധികമോ ആവട്ടെ - മാതാവിനും പിതാവിനും ആറിലൊന്ന് (1/6) വീതമായിരിക്കും ഓഹരി. എന്നാൽ, പുത്രനില്ലാതിരിക്കെ മറ്റു ഓഹരിക്കാരുടേത് കഴിച്ച് വല്ലതും ബാക്കിയുണ്ടാകുന്നപക്ഷം അതും പിതാവിന്ന് ലഭിക്കും. മാതാവിന്ന് ആറിലൊന്ന് മാത്രമേ ലഭിക്കൂ.

(5) സന്താനമോ, സഹോദരികളായ ഒന്നിലധികം ആളുകളോ ഇല്ലാതിരിക്കുന്ന പക്ഷം മാതാവിന്റെ അവകാശം മൂന്നിലൊന്ന് (1/3) ആയിരിക്കുന്നതാണ്.

(6) സഹോദര സഹോദരികളായി ഒന്നിലധികം പേരുണ്ടെങ്കിൽ മാതാവിന് ആറിലൊന്ന് (1/6)മാത്രമായിരിക്കും ഉണ്ടായിരിക്കുക. ഈ രണ്ടവസരത്തിലും നിശ്ചിത ഓഹരിക്കാരുടേത് കഴിച്ചു വല്ലതും ബാക്കിവരുന്ന പക്ഷം അത് പിതാവിന് (അസ്വബഃയായി) ലഭിക്കുകയും ചെയ്യും. ഇവ കൂടാതെ-ഈ വചനവും, ബന്ധപ്പെട്ട ഹദീഥുകളും അടിസ്ഥാനമാക്കി - വേറെയും പല വിധികൾ അനന്തരാവകാശ പംക്തിയിൽ പണ്ഡിതൻമാർ വിവരിച്ചിട്ടുണ്ട്.

മരണപ്പെട്ട ആൾ വല്ല വസ്വിയ്യത്തും ചെയ്തുവെച്ചിട്ടുണ്ടെങ്കിൽ അതും, അയാൾ കൊടുത്തു തീർക്കുവാൻ ബാധ്യസ്ഥമായ ഏതെങ്കിലും കടം ഉണ്ടെങ്കിൽ അതും കഴിച്ച് ബാക്കിവരുന്ന സ്വത്ത് മാത്രമേ അവകാശികൾക്ക് ഭാഗിച്ചെടുക്കുവാൻ പാടുള്ളൂ. വസ്വിയ്യത്തിന്റെ പ്രാധാന്യവും, അത് സംബന്ധിച്ച് അറിയേണ്ടുന്ന പല കാര്യങ്ങളും അൽബഖറഃ 180 ലും വ്യാഖ്യാനത്തിലും കഴിഞ്ഞുപോയിട്ടുണ്ട്. ആകെ സ്വത്തിന്റെ മൂന്നിലൊന്നിൽ കവിഞ്ഞ് വസ്വിയ്യത്ത് ചെയ്യാൻ പാടില്ലെന്ന് നബിﷺ അരുളിച്ചെയ്ത ഹദീഥും അവിടെ നാം ഉദ്ധരിച്ചിരിക്കുന്നു. കടത്തിന്റെ സ്ഥിതി അതല്ല. കടം മുഴുവനും സ്വത്തിൽനിന്ന് കൊടുത്തേ തീരൂ. കടം കഴിച്ച് ബാക്കിയില്ലാത്ത പക്ഷം അവകാശികൾക്ക് ഒന്നും ലഭിക്കുന്നതുമല്ല. കടം മറ്റാരെങ്കിലും കൊടുത്ത് തീർക്കുവാൻ തയ്യാറാകുന്ന പക്ഷം മാത്രമേ അത് സ്വത്തിൽനിന്ന് കൊടുക്കാതിരിക്കുവാൻ നിവൃത്തിയുള്ളൂ. വസ്വിയ്യത്തിനെക്കാൾ മുൻഗണന നൽകേണ്ടതും കടത്തിന് തന്നെയാണ്. കടവും വസ്വിയ്യത്തും ഗൗനിക്കാതെ സ്വത്ത് ഭാഗിച്ചെടുക്കുന്നത് കുറ്റകരവും, അന്യരുടെ അവകാശം അക്രമമായി പിടിച്ചെടുക്കലുമായിരിക്കും.

പല നിയമങ്ങളും വിവരിച്ചശേഷം അല്ലാഹു പറയുന്നു: 'നിങ്ങളുടെ പിതാക്കളിലും മക്കളിലും ആരാണ് നിങ്ങൾക്ക് ഉപകാരത്തിൽ കൂടുതൽ അടുത്തവർ എന്ന് നിങ്ങൾക്കറിയുകയില്ല (اباؤكم وابناؤكم....لكم نفعا) അതെ, അല്ലാഹുവിന്നേ അതറിയുകയുള്ളൂ. ആ അടിസ്ഥാനത്തിൽ ഓരോരുത്തരുടെയും അവകാശം നിർണയിക്കുക നിങ്ങൾക്ക് സാധ്യമല്ല. അതുകൊണ്ടാണ് എല്ലാവരുടെയും അവകാശം അവൻതന്നെ നിർണയിച്ചു തന്നിരിക്കുന്നത്. ഓരോന്നിലും അടങ്ങിയ യുക്തിരഹസ്യങ്ങൾ കണ്ടു മനസിലാക്കുവാൻ നിങ്ങൾക്ക് സാധിക്കാതെ വരും എന്നൊക്കെയാണ് മൊത്തത്തിൽ ഇപ്പറഞ്ഞതിന്റെ സാരം. പിതാക്കൾ എന്ന് പറഞ്ഞതിൽ, നേരെയുള്ള പിതാക്കൾക്ക് പുറമെ പിതാമഹൻമാരും, മക്കൾ എന്ന് പറഞ്ഞതിൽ നേരെ മക്കളും, മക്കളുടെ മക്കളും ഉൾപ്പെടുന്നു. ഉപകാരംകൊണ്ടുദ്ദേശ്യം ഐഹികമായ ഉപകാരവും, പാരത്രികമായ ഉപകാരവുമാകാം. ഇഹത്തിൽ ലഭിക്കുന്ന ഉപകാരത്തെപ്പറ്റി വിവരിക്കേണ്ടുന്ന ആവശ്യമില്ല. ചിലർ നല്ലവരും, ധനം നല്ല വിഷയത്തിൽ മാത്രം ചിലവഴിക്കുന്നവരും, മരണപ്പെട്ടവന് ഗുണത്തിനുവേണ്ടി പ്രാർഥിക്കുന്നവരുമായിരിക്കും. സ്വർഗസ്ഥരായ സജ്ജനങ്ങളൊന്നിച്ച് അവരുടെ പിതാക്കളിലും സന്തതികളിലും ഭാര്യമാരിലുമുള്ള സദ്വൃത്തരായ ആളുകളെയും അല്ലാഹു ഒരുമിച്ചു കൂട്ടിക്കൊടുക്കുമെന്ന് 13:23; 52:21 എന്നിവിടങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇതൊക്കെ പാരത്രികമായ നന്മകൾക്ക് ഉദാഹരണമാകുന്നു.

അനന്തരാവകാശ നിയമങ്ങൾ അവതരിക്കുന്നതിന് മുമ്പ് മാതാപിതാക്കൾക്ക് വല്ലതും വസ്വിയ്യത്ത് ചെയ്യൽ നിർബന്ധമുണ്ടായിരുന്നുവെന്ന് അൽബക്വറഃ 180 ന്റെ വിവരണത്തിൽ മുമ്പ് കണ്ടുവല്ലോ. ഇബ്നു അബ്ബാസ്(റ) ഇങ്ങിനെ പ്രസ്താവിച്ചിട്ടുണ്ട്: 'സന്താനങ്ങൾക്ക് ധനവും, മാതാപിതാക്കൾക്ക് വസ്വിയ്യത്തുമാണ് (മുമ്പ്) ഉണ്ടായിരുന്നത്. എന്നിട്ട് അതിൽനിന്ന് അല്ലാഹു ഉദ്ദേശിച്ചത് അവൻ 'നസ്ഖ്' ചെയ്തു (ദുർബ്ബലപ്പെടുത്തി). അങ്ങിനെ ആണിന്ന് രണ്ട് പെണ്ണിന്റെ ഓഹരിയാക്കി. മാതാപിതാക്കൾക്ക് ഓരോരുത്തർക്കും ആറിലൊന്നും മൂന്നിലൊന്നും, ഭാര്യക്ക് നാലിലൊന്നും എട്ടിലൊന്നും, ഭർത്താവിന് പകുതിയും നാലിലൊന്നുമാക്കി നിശ്ചയിച്ചു.' (ബുഖാരി)

ജാഹിലിയ്യ സമ്പ്രദായമനുസരിച്ച് വലിയ ആൺമക്കൾക്കേ സ്വത്തവകാശം നൽകപ്പെട്ടിരുന്നുള്ളുവെന്ന് മുമ്പ് പറഞ്ഞുവല്ലോ. ഇതെല്ലാംകൂടി നോക്കുമ്പോൾ - ഇബ്നു കഥീർ(റ) മുതലായവർ ചൂണ്ടിക്കാട്ടിയത്പോലെ - സ്വത്തവകാശത്തിൽ കൃത്യമായ ഓഹരി അവകാശങ്ങളൊന്നും ഇല്ലാതിരുന്ന പിതാക്കൾ, മക്കൾ തുടങ്ങിയവർക്കെല്ലാം ഇപ്പോൾ സുസ്ഥിരവും കൃത്യവുമായ ഓഹരികൾ നിർണയിച്ചിരിക്കുന്നത് അതിൽ ചില യുക്തി രഹസ്യങ്ങൾ അടങ്ങിയിട്ടുള്ളതുകൊണ്ടാണ് - അതൊന്നും നിങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിയുകയില്ല - എന്നായിരിക്കും ആ വാക്യത്തിലടങ്ങിയ പ്രധാന സൂചന. തുടർന്നുള്ള രണ്ട് വാക്യങ്ങളും ഈ സംഗതി ഒന്നുകൂടി ശക്തിപ്പെടുത്തുന്നതായും കാണാം.

ഇന്നിന്നവരുടെ ഓഹരി ഇന്നിന്നപ്രകാരം, ഇന്നിന്നവർക്ക് കൂടുതൽ, മറ്റെവർക്ക് കുറവ് എന്നൊക്കെ നിശ്ചയിച്ചത് അല്ലാഹുവാണ്. അതിൽ മാറ്റം വരുത്തുവാൻ ആർക്കും അധികാരവും അവകാശവുമില്ല. അത് യുക്തമായിരിക്കുകയുമില്ല. കാരണം, എല്ലാ കാര്യവും അറിയുന്ന സർവ്വജ്ഞനും, എല്ലാ യുക്തി രഹസ്യങ്ങളും അറിയുന്ന അഗാധജ്ഞനും, അവനാണ് എന്നുള്ളതു തന്നെ. അതെ ....فريضة من الله (അല്ലാഹുവിങ്കൽ നിന്നുള്ള ഓഹരി നിർണയം! നിശ്ചയമായും, അവൻ സർവ്വജ്ഞനും അഗാധജ്ഞനുമാകുന്നു).

ഇസ്‌ലാമിലെ അനന്തരാവകാശക്രമം ക്വുർആൻ അവതരിച്ചകാലത്തെ അറബികളുടെ പരിഃസ്ഥിതികളോട് യോജിച്ച ചില പരിഷ്കരണങ്ങൾ മാത്രമാണെന്നും, യുക്തിക്കു നിരക്കുന്നതും കാലാന്തരങ്ങൾക്ക് യോജിച്ചതുമായ ചിലമാറ്റങ്ങളൊക്കെ അതിൽ ആവശ്യമാണെന്നും വാദിക്കുന്ന ചില മുസ്‌ലിം നാമധാരികളെ ഇക്കാലത്ത് കാണാവുന്നതാണ്. ഭൗതിക ലഹരിയും, ക്വുർആനിലും ഇസ്‌ലാമിലും വിശ്വാസമില്ലായ്മയുമാണ് യഥാർത്ഥത്തിൽ ഇതിന്റെ പിന്നിലുള്ളതെങ്കിലും അത് തുറന്ന് പറയുവാൻ ധൈര്യക്ഷയമുള്ളതുകൊണ്ട് അവർ കണ്ടുപിടിച്ച ഒരു ആസൂത്രിത ന്യായമാണ് വാസ്തവത്തിൽ അത്. ക്വുർആനിലും ഇസ്‌ലാമിലും യഥാർത്ഥ വിശ്വാസമുള്ള ഏതൊരാൾക്കും ഈ വാദത്തിന് തക്കതായ മറുപടി കാണുവാൻ പര്യാപ്തമത്രെ അവസാനമായി അല്ലാഹു പറഞ്ഞ ആ രണ്ട് വാക്യങ്ങൾ.

وَلَكُمْ نِصْفُ مَا تَرَكَ أَزْوَٰجُكُمْ
إِن لَّمْ يَكُن لَّهُنَّ وَلَدٌ ۚ فَإِن كَانَ
لَهُنَّ وَلَدٌ فَلَكُمُ ٱلرُّبُعُ مِمَّا
تَرَكْنَ ۚ مِنۢ بَعْدِ وَصِيَّةٍ
يُوصِينَ بِهَآ أَوْ دَيْنٍ ۚ

وَلَهُنَّ ٱلرُّبُعُ مِمَّا تَرَكْتُمْ إِن لَّمْ
يَكُن لَّكُمْ وَلَدٌ ۚ فَإِن كَانَ
لَكُمْ وَلَدٌ فَلَهُنَّ ٱلثُّمُنُ مِمَّا
تَرَكْتُم ۚ مِّنۢ بَعْدِ وَصِيَّةٍ
تُوصُونَ بِهَآ أَوْ دَيْنٍ ۗ وَإِن
كَانَ رَجُلٌ يُورَثُ كَلَٰلَةً أَوِ
ٱمْرَأَةٌ وَلَهُۥٓ أَخٌ أَوْ أُخْتٌ فَلِكُلِّ
وَٰحِدٍ مِّنْهُمَا ٱلسُّدُسُ ۚ

(12) നിങ്ങളുടെ ഭാര്യമാർ വിട്ടേച്ചു പോയതിന്റെ പകുതി നിങ്ങൾക്കാകുന്നു; അവർക്ക് സന്താനമില്ലെങ്കിൽ. എനി, അവർക്ക് സന്താനമുണ്ടായിരുന്നാൽ, അവർ വിട്ടേച്ച് പോയതിൽ നിന്നും നാലിലൊന്ന് നിങ്ങൾക്കുണ്ടായിരിക്കും. അവർ ചെയ്യുന്ന വസ്വിയ്യത്തിന്റെയോ, അല്ലെങ്കിൽ കടത്തിന്റെയോ ശേഷമാണ് (ഇതെല്ലാം).

നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ട് പോയതിൽ നിന്നും അവർക്ക് നാലിലൊന്നുമുണ്ടായിരിക്കും; എനി, നിങ്ങൾക്ക് സന്താനം ഉണ്ടായിരുന്നെങ്കിൽ, അപ്പോൾ നിങ്ങൾ വിട്ടുപോയതിൽ നിന്നും അവർക്ക് എട്ടിലൊന്നുണ്ടായിരിക്കും. നിങ്ങൾ ചെയ്യുന്ന വസ്വിയ്യത്തിന്റെയോ, അല്ലെങ്കിൽ കടത്തിന്റെയോ ശേഷമാണ്(ഇത്). ഒരു പുരുഷൻ, അല്ലെങ്കിൽ ഒരു സ്ത്രീ 'കലാലത്താ'യി [പിതാവും മക്കളുമില്ലാതെ] അനന്തരമെടുക്കപ്പെടുകയും, അയാൾക്ക് ഒരു സഹോദരനോ, സഹോദരിയോ ഉണ്ടായിരിക്കുകയും ചെയ്താൽ, അപ്പോൾ - അവർ രണ്ടിൽ ഓരോരുത്തർക്കും ആറിലൊന്നുമുണ്ടായിരിക്കും.

فَإِن كَانُوٓا۟ أَكْثَرَ مِن ذَٰلِكَ فَهُمْ شُرَكَآءُ فِى ٱلثُّلُثِ ۚ مِنۢ بَعْدِ وَصِيَّةٍ يُوصَىٰ بِهَآ أَوْ دَيْنٍ غَيْرَ مُضَآرٍّ ۚ وَصِيَّةً مِّنَ ٱللَّهِ ۗ وَٱللَّهُ عَلِيمٌ حَلِيمٌ ﴿١٢﴾

എന്നാൽ, അവർ [സഹോദരങ്ങൾ] അതിനെക്കാൾ അധികമായിരുന്നെങ്കിൽ, അപ്പോഴവർ മൂന്നിലൊന്നിൽ പങ്കുകാരായിരിക്കും, അന്യോന്യം ഉപദ്രവമുണ്ടാക്കപ്പെടാത്തവിധം ചെയ്യപ്പെടുന്ന വസ്വിയ്യത്തിന്റെയോ, അല്ലെങ്കിൽ കടത്തിന്റെയോ ശേഷമത്രെ, (ഇതും). (അതെ)അല്ലാഹുവിങ്കൽ നിന്നുള്ള വസ്വിയ്യത്ത് (തന്നെ)! അല്ലാഹുവാകട്ടെ, സർവ്വജ്ഞനാണ്, സഹനശീലനാണ്.

﴾12﴿ وَلَكُمْ നിങ്ങൾക്കുണ്ട് نِصْفُ مَا യാതൊന്നിന്റെ പകുതി تَرَكَ വിട്ടുപോയി أَزْوَاجُكُمْ നിങ്ങളുടെ ഇണകൾ (ഭാര്യമാർ) إِن لَّمْ يَكُن ഇല്ലെങ്കിൽ, ഉണ്ടാകാത്ത പക്ഷം لَّهُنَّ അവർക്ക് وَلَدٌ സന്താനം فَإِن كَانَ എനി ഉണ്ടായെങ്കിൽ لَهُنَّ وَلَدٌ അവർക്ക് സന്താനം فَلَكُمُ എന്നാൽ നിങ്ങൾക്കുണ്ട് الرُّبُعُ നാലിലൊന്ന് مِمَّا تَرَكْنَ അവർ വിട്ടുപോയതിൽനിന്ന് مِنۢ بَعْدِ ശേഷം وَصِيَّةٍ വസ്വിയ്യത്തിന്റെ يُوصِينَ അവർ വസ്വിയ്യത്ത് ചെയ്യുന്ന بِهَا അതിനെ, അതിനെപ്പറ്റി أَوْ دَيْنٍ അല്ലെങ്കിൽ കടത്തിന്റെ وَلَهُنَّ അവർക്കുമുണ്ട് الرُّبُعُ നാലിലൊന്ന് مِمَّا تَرَكْتُمْ നിങ്ങൾ വിട്ടുപോയതിൽനിന്ന് إِن لَّمْ يَكُن لَّكُمْ നിങ്ങൾക്കില്ലെങ്കിൽ وَلَدٌ സന്താനം فَإِن كَانَ എനി(എന്നാൽ) ഉണ്ടായിരുന്നാൽ لَكُمْ وَلَدٌ നിങ്ങൾക്ക് സന്താനം فَلَهُنَّ എന്നാലവർക്കുണ്ട് الثُّمُنُ എട്ടിലൊന്ന് مِمَّا تَرَكْتُم നിങ്ങൾ വിട്ടുപോയതിൽനിന്ന് مِنۢ بَعْدِ وَصِيَّةٍ വസ്വിയ്യത്തിനുശേഷം تُوصُونَ നിങ്ങൾ വസ്വിയ്യത്തു ചെയ്യുന്ന بِهَا അതിനെപ്പറ്റി أَوْ دَيْنٍ അല്ലെങ്കിൽ കടത്തിന് وَإِن كَانَ ഉണ്ടായാൽ رَجُلٌ വല്ല(ഒരു) പുരുഷനും يُورَثُ അനന്തരമെടുക്കപ്പെടുന്നു كَلَالَةً കലാലത്തായിട്ട് (പിതാവും മക്കളുമില്ലാതെ) أَوِ امْرَأَةٌ അല്ലെങ്കിൽ വല്ല(ഒരു) സ്ത്രീയും وَلَهُ أَخٌ അവന് (അയാൾക്ക്) ഒരു സഹോദരനുമുണ്ട് أَوْ أُخْتٌ അല്ലെങ്കിൽ ഒരു സഹോദരി فَلِكُلِّ وَاحِدٍ مِّنْهُمَا എന്നാൽ ആ രണ്ട് പേരിൽ ഓരോരുത്തർക്കും السُّدُسُ ആറിലൊന്ന് فَإِن كَانُوا എനി അവരായിരുന്നെങ്കിൽ أَكْثَرَ കൂടുതലുള്ളവർ, അധികമുള്ളവർ مِن ذَٰلِكَ അതിനെക്കാൾ فَهُمْ എന്നാലവർ شُرَكَاءُ പങ്കുകാരാകുന്നു فِي الثُّلُثِ മൂന്നിലൊന്നിൽ مِنۢ بَعْدِ وَصِيَّةٍ ഒരുവസ്വിയ്യത്തിന് ശേഷം يُوصَىٰ بِهَا അതിനെപ്പറ്റി വസ്വിയ്യത്ത് ചെയ്യപ്പെടുന്ന أَوْ دَيْنٍ അല്ലെങ്കിൽ കടത്തിന് غَيْرَ مُضَارٍّ അന്യോന്യം ഉപദ്രവമുണ്ടാക്കാത്ത നിലയിൽ وَصِيَّةً വസ്വിയ്യത്ത് (കൽപന), വസ്വിയ്യത്തായിട്ട് مِّنَ اللَّهِ അല്ലാഹുവിൽനിന്ന് وَاللَّهُ അല്ലാഹുവാകട്ടെ عَلِيمٌ സർവ്വജ്ഞനാണ് حَلِيمٌ സഹനശീലനാണ്.

മാതാപിതാക്കളുടെയും മക്കളുടെയും അവകാശവിഹിതം വിവരിച്ച ശേഷം ഭാര്യാഭർത്താക്കളുടെയും മറ്റും അവകാശങ്ങൾ വിവരിക്കുകയാണ്. ഈ വചനത്തിലടങ്ങിയ വിധികൾ ഇങ്ങിനെ സംഗ്രഹിക്കാം:

(1) സ്ത്രീ മരിക്കുമ്പോള്‍ അവള്‍ക്ക് മക്കളില്ലെങ്കില്‍ അവളുടെ ഭര്‍ത്താവിന് പകുതിയും, മക്കളുണ്ടെങ്കില്‍ നാലിലൊന്നുമായിരിക്കും അവകാശം.

(2) പുരുഷന്‍ മരണപ്പെടുമ്പോള്‍ അവനു മക്കളില്ലെങ്കില്‍ ഭാര്യക്ക് നാലിലൊന്നും, മക്കളുണ്ടെങ്കില്‍ എട്ടിലൊന്നും - ഭര്‍ത്താവിന്റെ പകുതി - അവകാശമായിരിക്കും. ഒരാള്‍ക്ക് ഒന്നിലധികം ഭാര്യമാരുണ്ടെങ്കിലും ഇതില്‍ മാറ്റമില്ല. ആ ഓഹരി അവര്‍ക്കിടയില്‍ സമമായി ഭാഗിക്കേണ്ടതാണ്. മുമ്പ് പറഞ്ഞതുപോലെ, മക്കള്‍ ഒന്നോ അധികമോ, ആണോ പെണ്ണോ എന്ന വ്യത്യാസം ഇവിടെയും പരിഗണിക്കപ്പെടുകയില്ല. മരണപ്പെട്ട ആള്‍ക്ക് മക്കളുണ്ടോ ഇല്ലേ എന്ന് മാത്രമേ നോക്കേണ്ടതുള്ളൂ. ആ മക്കള്‍ വേറൊരു വിവാഹത്തില്‍ ജനിച്ചവരായാലും ശരി. സ്വന്തം മക്കളില്ലാത്തപ്പോള്‍ ആണ്‍മക്കളുടെ മക്കളുണ്ടായിരുന്നാലും സ്ഥിതി ഇതുതന്നെയാകുന്നു.

(3) ഒരാള്‍ മരണപ്പെടുമ്പോള്‍ അയാളുടെ പിതാവോ മക്കളോ ജീവിച്ചിരിപ്പില്ലെങ്കില്‍ അയാളെപ്പറ്റി كَلَالَةً (കലാലത്ത്) എന്ന് പറയപ്പെടുന്നു. അകന്ന കുടുംബം എന്നുദ്ദേശ്യം. ഇങ്ങിനെ വരുമ്പോള്‍ അയാളുടെ ഉമ്മയൊത്ത ഒരു സഹോദരനോ സഹോദരിയോ ഉണ്ടെങ്കില്‍ അവര്‍ക്ക് ആറിലൊന്ന് അവകാശമുണ്ട്. ഇവര്‍ ഒന്നിലധികം പേരുണ്ടെങ്കില്‍ എല്ലാവര്‍ക്കും കൂടി മൂന്നിലൊന്നും ലഭിക്കും. ഇവരെ സംബന്ധിച്ചേടത്തോളം ആണിനും പെണ്ണിനും ഒരേ സ്ഥാനമാണുള്ളത്. അവരുടെ ഓഹരി അവര്‍ക്ക് സമമായി ഭാഗിക്കാം.

'കലാലത്തി'ന്റെ രൂപത്തിലേ മാതാവ് മാത്രം ഒത്ത സഹോദര സഹോദരികള്‍ക്ക് അവകാശം നിശ്ചയിക്കപ്പെട്ടിട്ടുള്ളൂ. ഈ സഹോദരങ്ങളെപ്പറ്റി അവര്‍ ഉമ്മയൊത്തവരായിരിക്കണമെന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടില്ല. എങ്കിലും താഴെ 176-ാം വചനത്തില്‍ 'കലാലത്തി'നെപ്പറ്റി വീണ്ടും പ്രസ്താവിക്കുന്നുണ്ട്. സഹോദരസഹോദരികളുടെ അവകാശം പെണ്‍മക്കളുടെ അവകാശംപോലെത്തന്നെയാണെന്ന് അവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അപ്പോള്‍, അത് 'അസ്വബഃ'ക്കാരായി വരുന്ന സഹോദര സഹോദരികളെ - മാതാവും പിതാവും ഒത്തവരെയോ, പിതാവ് ഒത്തവരെയോ - മാത്രം ഉദ്ദേശിച്ചായിരിക്കുവാനേ തരമുള്ളൂ. അതിനാല്‍, ഇവിടെ പറഞ്ഞ സഹോദര സഹോദരികളെ കൊണ്ടുദ്ദേശ്യം ഉമ്മമാത്രം ഒത്തവരായിരിക്കുമെന്ന് വ്യക്തമാകുന്നു. ഈ കാര്യത്തില്‍ ക്വുര്‍ആന്‍ വ്യാഖ്യാതാക്കള്‍ക്കിടയില്‍ ഭിന്നാഭിപ്രായമില്ല.

കഴിഞ്ഞ വചനത്തില്‍ ഒരു പ്രാവശ്യം വ്യക്തമാക്കിയ ഒരു ഉപാധി - മരണപ്പെട്ടവന്‍ വല്ല വസ്വിയ്യത്തും ചെയ്തിട്ടുണ്ടെങ്കില്‍ അതും, അവന് കടമുണ്ടെങ്കില്‍ അതും കഴിച്ചശേഷമേ സ്വത്ത് ഭാഗിക്കുവാന്‍ പാടുള്ളൂവെന്ന സംഗതി - ഈ വചനത്തില്‍ ഓരോ വിധിയോടൊപ്പവും ആവര്‍ത്തിച്ചുകൊണ്ട് അല്ലാഹു മൂന്ന് പ്രാവശ്യം ഓര്‍മപ്പെടുത്തിയിരിക്കുന്നു. മനുഷ്യരുടെ ധനക്കൊതി നിമിത്തം പലപ്പോഴും അക്കാര്യം ഗൗനിക്കപ്പെടാതിരിക്കുവാന്‍ ഇടയുള്ളതു കൊണ്ടായിരിക്കും അല്ലാഹു അത് വീണ്ടും വീണ്ടും ഉണര്‍ത്തുന്നതെന്ന് തീര്‍ച്ചതന്നെ. എന്നിട്ടുപോലും ജനങ്ങള്‍ അത് വേണ്ടത്ര ഗൗനിക്കാറില്ലെന്നുള്ളതാണ് അനുഭവം. ഓരോ സത്യവിശ്വാസിയായ അവകാശിയും ഗൗരവപൂര്‍വ്വം മനസ്സിരുത്തേണ്ടുന്ന ഒരു വിഷയമാണിത്. അവസാനം പരസ്പരം ഉപദ്രവമുണ്ടാക്കപ്പെടാത്ത വിധം (غَيْرَ مُضَآرٍّ) എന്ന് കൂടിപറഞ്ഞിരിക്കുന്നതും ശ്രദ്ധിക്കുക. വസ്വിയ്യത്തിന്റെ കാര്യത്തിലോ കടത്തിന്റെ കാര്യത്തിലോ ആരും ആരോടും ഉപദ്രവം ചെയ്‌വാന്‍ ഇടവരരുതെന്നാണല്ലോ ഇതിന്റെ അര്‍ഥം. ഇക്കാര്യം എല്ലായിടത്തും ബാധ

കമാണെങ്കിലും ഇവിടെ പ്രത്യേകം എടുത്തു പറയുവാൻ കാരണമുണ്ട്. മരണപ്പെട്ട വന്റെ അടുത്ത കുടുംബങ്ങൾ ഇല്ലാത്തപ്പോഴാണ് 'കലാലത്തു'ണ്ടാകുന്നത്. അവകാശികളിൽ അടുത്ത ബന്ധമുള്ളവർ ഇല്ലെന്ന് വരുമ്പോൾ, അകന്ന അവകാശികൾക്ക് തങ്ങളുടെ സ്വത്ത് ലഭിക്കുന്നത് തടയുവാൻവേണ്ടി വല്ല വസ്വിയ്യത്തും ചെയ്തുകൊണ്ടോ, അല്ലെങ്കിൽ വല്ല ക്രയവിക്രയങ്ങളും വഴി സ്വത്തിൻമേൽ കടം വരുത്തിവെച്ചോ അവർക്ക് ഉപദ്രവം ചെയ്യുന്ന സ്വത്തുടമകൾ പലപ്പോഴും ഉണ്ടായിരിക്കും. നേരെമറിച്ച് മരണപ്പെട്ട ആളുമായി അടുത്ത ബന്ധമില്ലാത്ത അകന്ന അവകാശികൾ തങ്ങൾക്ക് വീണുകിട്ടുന്ന അവകാശ ലഹരിയിൽ ആ സ്വത്തിൽ നിന്ന് നികത്തപ്പെടേണ്ട ബാധ്യതകളെ അവഗണിക്കലും സ്വാഭാവികമാണ്. ഇതെല്ലാം നിത്യവും അനുഭവത്തിൽ കാണുന്ന കാര്യങ്ങളാണല്ലോ. ഒരാളുടെ വസ്വിയ്യത്ത് പാലിക്കുന്നതിലും, കടം കൊടുത്ത് തീർക്കുന്നതിലും അയാളുടെ പിതാക്കൾക്കും മക്കൾക്കും ഉണ്ടാകുന്നത്ര ഉൽസാഹം അകന്ന ബന്ധുക്കൾക്കുണ്ടായിരിക്കയില്ല. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടായിരിക്കും മനുഷ്യന്റെ മനഃശ്ശാസ്ത്രം ഏറ്റവും അറിയുന്നവനായ അല്ലാഹു ഇങ്ങിനെ ഒരു ഉപാധികൂടി ഇവിടെ പ്രസ്താവിച്ചതും, വസ്വിയ്യത്തിന്റെയും കടത്തിന്റെയും കാര്യം ആവർത്തിച്ചു പറഞ്ഞതും. الله اعلم

റസൂൽ ﷺ അരുളിച്ചെയ്തതായി അബൂഹുറയ്റഃ(റ) ഉദ്ധരിക്കുന്നു: 'ഒരു പുരുഷൻ, അല്ലെങ്കിൽ സ്ത്രീ അറുപതുകൊല്ലം അല്ലാഹുവിനെ അനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് അവനു മരണം ആസന്നമാകുന്നു. അപ്പോൾ അവൻ വസ്വിയ്യത്തിൽ ഉപദ്രവമുണ്ടാക്കുന്നു. അങ്ങനെ, അവർക്ക് നരകം സ്ഥാപിതമായിത്തീരുന്നു.' തുടർന്നുകൊണ്ട് അബൂഹുറയ്റഃ(റ) مِن بَعْدِ وَصِيَّةٍ എന്ന് തുടങ്ങിയ ഈ വാക്യങ്ങൾ ഓതുകയും ചെയ്തു. (ദാ; തി; ജ) ഇമാം അഹ്മദ്(റ) ഉദ്ധരിച്ച ഒരു രിവായത്തിൽ ഈ ആശയം കൂടുതൽ വിശദീകരിച്ചു കാണാം;

അടുത്ത അവകാശികൾ ഇല്ലാത്തവരോ, ഉണ്ടെങ്കിൽതന്നെ വ്യക്തിപരമായ വല്ല കാരണത്താലും അവർക്ക് തങ്ങളുടെ സ്വത്ത് ലഭിക്കുന്നത് ഇഷ്ടപ്പെടാത്തവരോ ആയ ആളുകൾ മേൽ പ്രസ്താവിച്ച കാര്യങ്ങൾ വളരെ ശ്രദ്ധിക്കേണ്ടതാകുന്നു. അവകാശികളെ തടയുകയോ, നഷ്ടപ്പെടുത്തുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ അവർ നടത്തുന്ന ദാനധർമങ്ങൾ, വസ്വിയ്യത്തുകൾ, വക്ഫുകൾ, കൈമാറ്റങ്ങൾ ഇവയൊന്നും തന്നെ അല്ലാഹുവിങ്കൽ സ്വീകാര്യമായിരിക്കുകയില്ല. ബാഹ്യത്തിൽ – അല്ലെങ്കിൽ നിയമത്തിന്റെ വീക്ഷണത്തിൽ – അവ സൽക്കർമങ്ങളായി കരുതപ്പെട്ടാലും അല്ലാഹുവിങ്കൽ അതൊക്കെ ദുഷ്കർമങ്ങളായിരിക്കുമെന്ന് അവർ ഓർക്കേണ്ടതാണ്. കഴിഞ്ഞ വചനത്തിന്റെയും, ഈ വചനത്തിന്റെയും അവസാന ഭാഗം ഒന്ന് ശാന്തമായി മനസ്സിരുത്തിയാൽതന്നെ ഇത് മനസ്സിലാക്കാം. വസ്വിയ്യത്ത് ചെയ്യുന്നതിലും, അത് നടപ്പിൽ വരുത്തുന്നതിലും അക്രമം പ്രവർത്തിക്കുന്നതിനെയും, അനന്തരാവകാശം ലഭിക്കുന്നവർക്ക് അതിന് പുറമെ വസ്വിയ്യത്തുകൂടി ചെയ്യുന്നതിനെയും വിരോധിച്ചുകൊണ്ടുള്ള പല ഹദീഥുകളും കാണാവുന്നതാണ്. ചിലതൊക്കെ സൂറത്തുൽ ബക്വറഃയിൽ കഴിഞ്ഞു പോയിട്ടുമുണ്ട്.

മേൽകണ്ട നിയമങ്ങളും, ഉപദേശനിർദ്ദേശങ്ങളുമെല്ലാം നൽകിയശേഷം പിന്നെയും അല്ലാഹു പറയുന്നു: ഇതെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ള വസ്വിയ്യത്താണ് (وَصِيَّةً مِّنَ اللَّهِ) അല്ലാഹു എല്ലാം അറിയുന്നവനാണ്, അവൻ വളരെ സഹനശീലനാണ് (وَاللَّهُ عَلِيمٌ حَلِيمٌ) എന്നൊക്കെ. ഈ വാക്യങ്ങളിൽ അടങ്ങിയ ഗൗരവത്തെയും അവ

യുടെ അർഥ വിശാലതയെയും സംബന്ധിച്ച് സൽബുദ്ധിയും സത്യവിശ്വാസവുമുള്ള എല്ലാവർക്കും ഏറെക്കുറെ ആലോചിച്ചറിയാവുന്നതാണ്. അല്ലാഹുവിന്റെ നിയമാതിർത്തികളെ സത്യവിശ്വാസികൾ ലംഘിക്കാതിരിക്കുവാൻ വേണ്ടിയാണിതെല്ലാം. ഇത്രകൊണ്ടും മതിയാക്കാതെ വീണ്ടും അല്ലാഹു തുടർന്ന് പറയുന്നത് നോക്കുക:-

تِلْكَ حُدُودُ ٱللَّهِ ۚ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ يُدْخِلْهُ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا ۚ وَذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٣﴾

﴿13﴾ അവ (ഒക്കെയും) അല്ലാഹുവിന്റെ (നിയമ)അതിർത്തികളാകുന്നു. അല്ലാഹുവിനെയും, അവന്റെ റസൂലിനെയും ആർ അനുസരിക്കുന്നുവോ അവരെ അവൻ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്; അതിൽ(അവർ) നിത്യവാസികളായും കൊണ്ട്.

അതത്രെ, വമ്പിച്ച നേട്ടം!

وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ وَيَتَعَدَّ حُدُودَهُۥ يُدْخِلْهُ نَارًا خَٰلِدًا فِيهَا وَلَهُۥ عَذَابٌ مُّهِينٌ ﴿١٤﴾

﴿14﴾ ആർ അല്ലാഹുവിനോടും, അവന്റെ റസൂലിനോടും അനുസരണക്കേട് കാണിക്കുകയും, അവന്റെ (നിയമ) അതിർത്തികളെ വിട്ടുകടക്കുകയും ചെയ്യുന്നുവോ, അവനെ അവൻ അഗ്നിയിൽ പ്രവേശിപ്പിക്കും - അതിൽ (അവൻ) നിത്യവാസിയായിക്കൊണ്ട്. അവന് നിന്ദ്യകരമായ ശിക്ഷയുമുണ്ടായിരിക്കും.

﴿13﴾ تِلْكَ അത്, അവ حُدُودُ അതിർത്തി (പരിധി)കളാണ് اللَّهِ അല്ലാഹുവിന്റെ وَمَن يُطِعِ ആർ അനുസരിക്കുന്നുവോ اللَّهَ അല്ലാഹുവിനെ وَرَسُولَهُ അവന്റെ റസൂലിനെയും يُدْخِلْهُ അവനെ അവൻ പ്രവേശിപ്പിക്കും جَنَّاتٍ സ്വർഗങ്ങളിൽ تَجْرِي നടക്കുന്ന, ഒഴുകും مِن تَحْتِهَا അവയുടെ അടിഭാഗത്തിലൂടെ الْأَنْهَارُ നദി (അരുവി)കൾ خَالِدِينَ നിത്യവാസികളായിട്ട് فِيهَا അവയിൽ وَذَٰلِكَ അത്, അതാകട്ടെ الْفَوْزُ നേട്ടം, വിജയം الْعَظِيمُ വമ്പിച്ച, മഹാ ﴿14﴾ وَمَن يَعْصِ ആർ (ആരെങ്കിലും) എതിര് പ്രവർത്തിക്കുന്നുവോ, അനുസരണക്കേടുചെയ്യുന്നതായാൽ اللَّهَ وَرَسُولَهُ അല്ലാഹുവിനും അവന്റെ റസൂലിനും وَيَتَعَدَّ വിട്ടുകടക്കുകയും, അതിക്രമിക്കുകയും حُدُودَهُ അവന്റെ അതിർത്തികളെ يُدْخِلْهُ അവൻ അവനെ പ്രവേശിപ്പിക്കും نَارًا അഗ്നിയിൽ خَالِدًا فِيهَا അതിൽ നിത്യവാസിയായിക്കൊണ്ട് وَلَهُ عَذَابٌ അവന് ശിക്ഷയുമുണ്ട് مُهِينٌ നിന്ദിക്കുന്ന, അപമാനകരമായ

ഒരു വ്യാഖ്യാനത്തിന്റെയൊ വിവരണത്തിന്റെയോ സഹായം കൂടാതെതന്നെ സ്പഷ്ടമാണ് ഈ വചനങ്ങൾ. മേൽ പ്രസ്താവിച്ച നിയമാതിർത്തികൾ ലംഘിക്കുകയും മറികടക്കുകയും ചെയ്യുന്നവർക്ക് കനത്ത ഒരു താക്കീതും, അവ വേണ്ടതുപോലെ പാലിക്കുന്നവർക്ക് മഹത്തായ ഒരു വാഗ്ദാനവുമാണിത്. കൂടാതെ, അല്ലാഹുവിന്റെ വചനങ്ങൾക്കും, നിയമങ്ങൾക്കും റസൂൽﷺ തിരുമേനി - അവിടുത്തെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും - നൽകിക്കാണിച്ചുതന്ന വ്യാഖ്യാനങ്ങൾ സ്വീകരിക്കൽ നിർബന്ധമാണെന്നും ഇത് മുഖേന അല്ലാഹു അറിയിക്കുന്നു. അല്ലാഹുവിന്റെ നിയമങ്ങൾ ലംഘിക്കുന്നത് അവയെ നിന്ദിക്കലാണല്ലോ. അതുകൊണ്ടാണ് അതിന് നിന്ദ്യകരമായ ശിക്ഷയുണ്ടെന്ന് പ്രത്യേകം താക്കീത് ചെയ്തിരിക്കുന്നത്. അല്ലാഹു നിശ്ചയിച്ച സ്വത്തവകാശക്രമം ശരിക്ക് പാലിക്കാത്തവരെ പൊതുവിലും, അതിൽ തിരുത്തൽവാദവുമായി രംഗത്തിറങ്ങുന്നവരെ പ്രത്യേകിച്ചും ബാധിക്കുന്നതാണ് ഈ കനത്ത താക്കീത്.

വിഭാഗം - 3

وَٱلَّٰتِي يَأۡتِينَ ٱلۡفَٰحِشَةَ مِن
نِّسَآئِكُمۡ فَٱسۡتَشۡهِدُواْ عَلَيۡهِنَّ
أَرۡبَعَةٗ مِّنكُمۡۖ
فَإِن شَهِدُواْ فَأَمۡسِكُوهُنَّ فِي
ٱلۡبُيُوتِ حَتَّىٰ يَتَوَفَّىٰهُنَّ ٱلۡمَوۡتُ أَوۡ
يَجۡعَلَ ٱللَّهُ لَهُنَّ سَبِيلٗا ﴿١٥﴾

﴿15﴾ നിങ്ങളുടെ സ്ത്രീകളിൽ നിന്ന് നീചവൃത്തി ചെയ്യുന്നവർ (ആരോ), അവരുടെ മേൽ നിങ്ങളിൽ നിന്നുള്ള നാലുപേരെ നിങ്ങൾ സാക്ഷികൊണ്ടുവരുവിൻ.

എന്നിട്ട്, അവർ സാക്ഷ്യം വഹിച്ചെങ്കിൽ അവരെ [ആ സ്ത്രീകളെ] നിങ്ങൾ വീടുകളിൽ (തടഞ്ഞു) വെച്ച്കൊണ്ടിരിക്കുവിൻ, മരണം അവരെ പൂർണമായെടുക്കുകയോ, അല്ലെങ്കിൽ അല്ലാഹു അവർക്കൊരു മാർഗം ഉണ്ടാക്കുകയോ ചെയ്യുന്നത് വരേക്കും.

وَٱلَّذَانِ يَأۡتِيَٰنِهَا مِنكُمۡ
فَـَٔاذُوهُمَاۖ فَإِن تَابَا وَأَصۡلَحَا
فَأَعۡرِضُواْ عَنۡهُمَآۗ إِنَّ ٱللَّهَ كَانَ
تَوَّابٗا رَّحِيمًا ﴿١٦﴾

﴿16﴾ നിങ്ങളിൽ നിന്നും അത് [നീചവൃത്തി] ചെയ്യുന്ന രണ്ടുപേർ (ആരോ), അവരെ രണ്ടാളെയും നിങ്ങൾ പീഡിപ്പിച്ചു (അഥവാ ശൈലം കെടുത്തി) കൊള്ളുവിൻ. എനി, അവർ രണ്ടുപേരും പശ്ചാത്തപിക്കുകയും, നന്നായി വർത്തിക്കുകയും ചെയ്തെങ്കിൽ നിങ്ങൾ അവരെ സംബന്ധിച്ചു തിരിഞ്ഞുകളയുവിൻ. നിശ്ചയമായും അല്ലാഹു, വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴾15﴿ وَاللاتِي യതൊരു സ്ത്രീകൾ يَأْتِينَ കൊണ്ടുവരുന്ന (ചെയ്യുന്ന) ചെല്ലുന്ന الْفَاحِشَةَ നീചവൃത്തി, ദുർവൃത്തിയിൽ مِن نِّسَائِكُمْ നിങ്ങളുടെ സ്ത്രീകളിൽനിന്ന് فَاسْتَشْهِدُوا നിങ്ങൾ സാക്ഷി കൊണ്ടു വരുവിൻ, സാക്ഷ്യം തേടുവിൻ عَلَيْهِنَّ അവരുടെമേൽ (എതിരെ) أَرْبَعَةً നാലുപേരെ, നാലാളോട് مِّنكُمْ നിങ്ങളിൽനിന്നുള്ള فَإِن شَهِدُوا എന്നിട്ട് അവർ സാക്ഷിനിന്നാൽ, സാക്ഷ്യം വഹിച്ചെങ്കിൽ فَأَمْسِكُوهُنَّ എന്നാലവരെ നിങ്ങൾ പിടിച്ചുവെക്കുവിൻ, വെച്ചുകൊണ്ടിരിക്കുവിൻ فِي الْبُيُوتِ വീടുകളിൽ حَتَّىٰ يَتَوَفَّاهُنَّ അവരെ പൂർത്തിയായെടുക്കുന്നതുവരെ الْمَوْتُ മരണം أَوْ يَجْعَلَ അല്ലെങ്കിൽ ആക്കുന്ന (ഉണ്ടാക്കുന്ന - ഏർപ്പെടുത്തുന്ന)തുവരെ اللَّهُ അല്ലാഹു لَهُنَّ അവർക്ക് سَبِيلًا ഒരു മാർഗം, വഴി ﴾16﴿ وَاللَّذَانِ യാതൊരു രണ്ടാൾ يَأْتِيَانِهَا അത് കൊണ്ടുവരുന്നു(ചെയ്യുന്ന) مِنكُمْ നിങ്ങളിൽനിന്ന് فَآذُوهُمَا അവരെ രണ്ടുപേരെയും നിങ്ങൾ പീഡിപ്പിച്ചു(സ്വൈരം കെടുത്തി - ദ്രോഹിച്ചു)കൊള്ളുവിൻ فَإِن تَابَا എനി അവർ രണ്ടാളും പശ്ചാത്തപിച്ചാൽ, മടങ്ങിയെങ്കിൽ وَأَصْلَحَا അവർ നന്നായിത്തീരുകയും, നല്ലത് പ്രവർത്തിക്കുകയും, നന്നാക്കുകയും ചെയ്തു فَأَعْرِضُوا എന്നാൽ നിങ്ങൾ തിരിഞ്ഞു കളയുവിൻ, അവഗണിക്കുവിൻ عَنْهُمَا അവരെ രണ്ടുപേരെ സംബന്ധിച്ച്, അവരിൽനിന്ന് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു, ആയിരിക്കുന്നു تَوَّابًا വളരെ പശ്ചാത്താപം സ്വീകരിക്കുന്നവൻ رَّحِيمًا കരുണാനിധി

ഈ വചനങ്ങൾക്ക് ഒന്നിലധികം വ്യാഖ്യാനം നൽകപ്പെട്ടു കാണാമെങ്കിലും ആദ്യത്തെ വചനം വ്യഭിചാരം ചെയ്യുന്ന സ്ത്രീകളെക്കുറിച്ചാണെന്നും, നീചവൃത്തി (الْفَاحِشَةَ) കൊണ്ടുദ്ദേശ്യം വ്യഭിചാരമാണെന്നുമാകുന്നു ഭൂരിപക്ഷാഭിപ്രായം. ഹദീഥിന്റെ പിൻബലവും ഈ അഭിപ്രായത്തിനുണ്ട്. നിലവിലുള്ള ഇസ്‌ലാമിക നിയമങ്ങളിൽ പലതും ഒരേ അടിക്ക് നടപ്പിൽ വരുത്താതെ ക്രമേണയായിട്ടാണ് നടപ്പാക്കപ്പെട്ടിരിക്കുന്നത്. അക്കൂട്ടത്തിൽ ഒന്നാണിതെന്നും, വ്യഭിചാരക്കുറ്റത്തിന്റെ ശിക്ഷാനിയമം സൂറത്തുന്നൂറിൽ അവതരിപ്പിക്കുന്നതിനുമുമ്പ് വ്യഭിചാരത്തിനുള്ള താൽക്കാലിക ശിക്ഷയാണ് ഇതിൽ പ്രസ്താവിച്ചിരിക്കുന്നതെന്നും, സൂറത്തുന്നൂറിലെ ശിക്ഷ നടപ്പിൽ വന്നതോടെ ഈ ശിക്ഷയുടെ കാലം അവസാനിച്ചുവെന്നും അവർ പറയുന്നു. ഇതനുസരിച്ച് ഈ വചനത്തിന്റെ സാരം ഇങ്ങിനെയായിരിക്കും: സത്യവിശ്വാസികളിൽപെട്ട സ്ത്രീകൾ വ്യഭിചാരം ചെയ്യുകയും, അത് നാലു സാക്ഷികൾ മുഖാന്തിരം തെളിയുകയും ചെയ്താൽ, മരണം മുഖേന അവരുടെ ആയുഷ്ക്കാലം അവസാനിക്കുന്നതുവരേക്ക് - അല്ലെങ്കിൽ അവരെ സംബന്ധിച്ച് സ്വീകരിക്കേണ്ടുന്ന മറ്റൊരു പോംവഴി അല്ലാഹു ഏർപ്പെടുത്തുന്നതുവരേക്ക് - അവരെ വെളിയിൽ പോകുവാൻ അനുവദിക്കാതെ വീട്ടുതടങ്കലിൽവെക്കണം. പിന്നീട് വ്യഭിചാരത്തിനുള്ള സ്ഥിരമായ ശിക്ഷാ നടപടി അവതരിച്ചതോടുകൂടി ആ നിയമം നടപ്പിൽ വരുകയും, വീട്ടുതടങ്കൽ നിയമം കാലഹരണപ്പെടുകയും ചെയ്തു. 'അല്ലാഹു അവർക്ക് ഒരു മാർഗം ഉണ്ടാക്കിയിരിക്കുന്നു' എന്ന് പറഞ്ഞുകൊണ്ട് വ്യഭിചാരത്തിന്റെ ശിക്ഷാ നടപടിയാണത് എന്ന് നബിﷺ പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. (മു; ദാ; ജ; തി) ഇതൊരു സ്ഥിരമായ നിയമമല്ലെന്നും, താൽക്കാലിക നിയമമായിരുന്നുവെന്നും ആയത്തിലെ വാക്കുകൾതന്നെ അറിയിക്കുന്ന സ്ഥിതിക്ക് വ്യഭിചാരമല്ലാത്ത പ്രകൃതിവിരുദ്ധ

മായ നീചവൃത്തികൾക്കുള്ള സ്ഥിരം ശിക്ഷാനിയമമായി ഈ വചനം വ്യാഖ്യാനിക്കപ്പെടുന്നതിനു വലിയ പ്രസക്തി കാണുന്നില്ല. الله اعلم

രണ്ടാമത്തെ വചനം, കാമവികാര നിവൃത്തിക്കായി നിഷിദ്ധ മാർഗങ്ങൾ സ്വീകരിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും ഉദ്ദേശിച്ചാണെന്നാണ് പലരുടെയും അഭിപ്രായം. പ്രകൃതി വിരുദ്ധമായ നീചവൃത്തി ചെയ്യുന്ന പുരുഷന്മാരെക്കുറിച്ചാണെന്നും മറ്റും വേറെയും അഭിപ്രായങ്ങളുണ്ട്. (അല്ലാഹുവിനറിയാം) അവരെ രണ്ടാളെയും - നീചവൃത്തി ചെയ്യുന്ന ആളെയും ചെയ്യപ്പെടുന്ന ആളെയും-പീഡിപ്പിക്കുക എന്ന് പറഞ്ഞതിന്റെ താൽപര്യം പ്രഹരിക്കുക, ശകാരിക്കുക, അപമാനിക്കുക മുതലായവയാകുന്നു. വീട്ടുതടങ്കലിൽ വെക്കുന്നത് ഒരു തരം ശിക്ഷയാണെന്നുള്ളതിന് പുറമെ, അത്തരം ദുർവൃത്തികളിൽ അകപ്പെടുന്നതിനുള്ള അവസരം ഇല്ലാതാക്കലുമാണല്ലോ അത്. ഈ വചനങ്ങൾ വ്യഭിചാരത്തെ ഉദ്ദേശിച്ചായാലും, വ്യഭിചാരം അല്ലാത്ത പ്രകൃതി വിരുദ്ധമായ മറ്റു നീചവൃത്തികളെ ഉദ്ദേശിച്ചായാലും ശരി, അവരുടെ കുറ്റം വമ്പിച്ചതാണെന്നുള്ളതിൽ ആർക്കും തർക്കമില്ല. എന്നാലും അവർ മനഃപൂർവ്വം ഖേദിച്ച് മടങ്ങുകയും സൽപ്രവൃത്തികൾ ചെയ്തു നന്നായിത്തീരുകയും ചെയ്യുന്ന പക്ഷം അവരുടെമേൽ പിന്നീട് നടപടി എടുക്കേണ്ടതില്ലെന്നും, അല്ലാഹു അവരുടെ ഖേദം സ്വീകരിക്കുമെന്നും അല്ലാഹു അറിയിച്ചിരിക്കുന്നു. അടുത്ത വചനത്തിൽ, എങ്ങിനെയുള്ള പശ്ചാത്താപമാണ് അല്ലാഹു സ്വീകരിക്കുകയെന്ന് വിവരിക്കുന്നു:-

إِنَّمَا ٱلتَّوْبَةُ عَلَى ٱللَّهِ
لِلَّذِينَ يَعْمَلُونَ ٱلسُّوٓءَ بِجَهَٰلَةٍ
ثُمَّ يَتُوبُونَ مِن قَرِيبٍ
فَأُو۟لَٰٓئِكَ يَتُوبُ ٱللَّهُ عَلَيْهِمْ ۗ
وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿١٧﴾

﴿17﴾ **നിശ്ചയമായും, അല്ലാഹുവിന്റെമേൽ പശ്ചാത്താപം സ്വീകരിക്കൽ (ബാധ്യത) ഉള്ളത്, വിഡ്ഢിത്തം നിമിത്തം തിന്മ പ്രവർത്തിക്കുകയും, പിന്നീട് അടുത്തു (തന്നെ) പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് (മാത്രം) ആകുന്നു.**

എന്നാൽ, അക്കൂട്ടർ-അവരുടെ മേൽ അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നതാണ്. അല്ലാഹു സർവ്വജ്ഞനും അഗാധജ്ഞനുമാകുന്നു.

وَلَيْسَتِ ٱلتَّوْبَةُ لِلَّذِينَ يَعْمَلُونَ
ٱلسَّيِّـَٔاتِ حَتَّىٰٓ إِذَا حَضَرَ أَحَدَهُمُ
ٱلْمَوْتُ قَالَ إِنِّى تُبْتُ ٱلْـَٰٔنَ وَلَا
ٱلَّذِينَ يَمُوتُونَ وَهُمْ كُفَّارٌ ۚ

﴿18﴾ **യാതൊരു കൂട്ടർക്കല്ല പശ്ചാത്താപം (സ്വീകരിക്കൽ നിശ്ചയിക്കപ്പെട്ടിട്ട്) ഉള്ളത്: അവർ തിന്മകൾ പ്രവർത്തിച്ചുകൊണ്ടിരിക്കും; അങ്ങനെ, അവരിലൊരാൾക്ക് മരണം ആസന്നമായാൽ അവൻ പറയുകയായി: 'നിശ്ചയമായും, ഞാൻ ഇപ്പോൾ പശ്ചാത്തപിച്ചിരിക്കുന്നു' എന്ന്. അവിശ്വാസികളായുംകൊണ്ട്**

أُولَٰئِكَ أَعْتَدْنَا لَهُمْ عَذَابًا أَلِيمًا ۝١٨

മരണപ്പെടുന്നവർക്കുമല്ല (പശ്ചാത്താപം സ്വീകരിക്കൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്).

അക്കൂട്ടർ - അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു.

﴾17﴿ إِنَّمَا التَّوْبَةُ നിശ്ചയമായും പശ്ചാത്താപം (സ്വീകരിക്കൽ) عَلَى اللَّهِ അല്ലാഹുവിന്റെ മേൽ (ബാധ്യത) لِلَّذِينَ യാതൊരു കൂട്ടർക്കാണുള്ളത് يَعْمَلُونَ അവർ പ്രവർത്തിക്കും السُّوءَ തിന്മ بِجَهَالَةٍ വിഡ്ഢിത്തം നിമിത്തം, അവിവേകം (അജ്ഞത)കൊണ്ട് ثُمَّ يَتُوبُونَ പിന്നെ അവർ പശ്ചാത്തപിക്കും, ഖേദിച്ചു മടങ്ങും مِن قَرِيبٍ അടുത്ത്(തന്നെ) فَأُولَٰئِكَ എന്നാൽ അക്കൂട്ടർ يَتُوبُ പശ്ചാത്താപം സ്വീകരിക്കും اللَّهُ അല്ലാഹു عَلَيْهِمْ അവരുടെ وَكَانَ اللَّهُ അല്ലാഹു ആകുന്നുതാനും عَلِيمًا സർവ്വജ്ഞൻ حَكِيمًا അഗാധജ്ഞൻ ﴾18﴿ وَلَيْسَتِ അല്ല, ഇല്ല التَّوْبَةُ പശ്ചാത്താപം لِلَّذِينَ യാതൊരുകൂട്ടർക്ക് يَعْمَلُونَ അവർ പ്രവർത്തിക്കും, പ്രവർത്തിച്ചുകൊണ്ടിരിക്കും السَّيِّئَاتِ തിന്മകളെ حَتَّىٰ إِذَا حَضَرَ അങ്ങനെ ആസന്നമായാൽ أَحَدَهُمُ അവരിലൊരാൾക്ക് الْمَوْتُ മരണം قَالَ അവൻ പറയും, പറയുകയായി إِنِّي تُبْتُ നിശ്ചയമായും ഞാൻ പശ്ചാത്തപിച്ചു الْآنَ ഇപ്പോൾ, ഇന്നേരം وَلَا الَّذِينَ യാതൊരു കൂട്ടർക്കുമല്ല يَمُوتُونَ അവർ മരിക്കും وَهُمْ كُفَّارٌ അവർ അവിശ്വാസികളായിക്കൊണ്ട് أُولَٰئِكَ അക്കൂട്ടർ أَعْتَدْنَا നാം ഒരുക്കി (തയ്യാറാക്കി) വെച്ചിരിക്കുന്നു لَهُمْ അവർക്ക് عَذَابًا ശിക്ഷ أَلِيمًا വേദനയേറിയ

വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടുന്ന വചനങ്ങളാണിവ രണ്ടും. അവിവേകവും, വിഡ്ഢിത്തവും കാരണം തിന്മകൾ ചെയ്തേക്കുക മനുഷ്യസഹജമായ സ്വഭാവമാകുന്നു. എന്നാൽ, കുറ്റകരമായ കാര്യങ്ങൾ പ്രവർത്തിച്ചശേഷം താമസിയാതെ അതിൽനിന്ന് ഖേദിച്ച് മടങ്ങുന്നവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കാതിരിക്കുകയില്ല. നേരെമറിച്ച് കുറ്റങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും മരണം വരുമ്പോൾ ഖേദം പ്രകടിപ്പിച്ച് മടങ്ങുകയും ചെയ്യുന്നവരുടെയും, അവിശ്വാസിയായിക്കൊണ്ട് മരണപ്പെടുന്നവരുടെയും പശ്ചാത്താപം അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമായിരിക്കുകയുമില്ല എന്നത്രെ ഈ വചനങ്ങളിൽ പ്രസ്താവിച്ചതിന്റെ ചുരുക്കം. പശ്ചാത്താപം എന്ന് അർഥം കൽപിച്ച تَوْبَة എന്ന വാക്കിന്റെ സാക്ഷാൽ അർഥം 'മടക്കം, ഖേദം' എന്നൊക്കെയാണെന്നും, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം മടക്കം കൊണ്ടുദ്ദേശ്യം പശ്ചാത്താപം സ്വീകരിക്കുക എന്നാണെന്നും മുമ്പ് നാം പ്രസ്താവിച്ചിട്ടുണ്ടല്ലോ.

വിഡ്ഢിത്തം നിമിത്തം തെറ്റ് ചെയ്യുകയും, ഉടനെ പശ്ചാത്തപിക്കുകയും ചെയ്യുന്നവരുടെ പശ്ചാത്താപം മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂവെന്നല്ല - അങ്ങിനെയുള്ളവരുടെ പശ്ചാത്താപം സ്വീകരിക്കൽ മാത്രമേ അല്ലാഹുവിന് ബാധ്യതയുള്ളൂ എന്നത്രെ - അല്ലാഹു പറഞ്ഞത്. അപ്പോൾ, അങ്ങിനെയല്ലാത്തവരുടെ - കല്പിച്ചുകൂട്ടി തെറ്റു

ചെയ്യുകയും, ഉടനെത്തന്നെ പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നവരുടെ - പശ്ചാത്താപം അല്ലാഹു സ്വീകരിച്ചെന്നും, സ്വീകരിച്ചില്ലെന്നും വരാം. രണ്ടും അവന്റെ ഉദ്ദേശ്യം അനുസരിച്ചായിരിക്കും സംഭവിക്കുക എന്നത്രെ താൽപര്യം. തന്നിൽ പങ്കുചേർക്കുക (شرك) എന്നതല്ലാത്ത എല്ലാ പാപങ്ങളും പൊറുക്കപ്പെടാവുന്നതാണെന്നും, അവയിൽനിന്നുള്ള പശ്ചാത്താപം അല്ലാഹു ഉദ്ദേശിക്കുന്നവരിൽനിന്ന് അവൻ സ്വീകരിക്കുന്നതാണെന്നും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണല്ലോ. (48, 116 എന്നീ വചനങ്ങളും, 3 : 135 മുതലായ വചനങ്ങളും നോക്കുക). നബിﷺ അരുളിച്ചെയ്തതായി ഇബ്നുഉമർ(റ) ഇപ്രകാരം ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു: 'നിശ്ചയമായും അടിയാനു (മനുഷ്യന്) മരണം തൊണ്ടക്കുഴിയിലെത്താത്തപ്പോഴെല്ലാം അവന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്.' (അ; തി; ജ; ഹാ) പക്ഷേ, കഴിവതും വേഗത്തിൽതന്നെയുള്ള പശ്ചാത്താപമായിരിക്കും കൂടുതൽ സ്വീകാര്യമായിത്തീരുക എന്നു പറയേണ്ടതില്ല. മരണവേളയിലെ ഖേദംകൊണ്ട് പ്രയോജനമില്ലെന്നും, അവിശ്വാസികളായി മരണപ്പെടുന്നവരുടെ പാപങ്ങൾ പൊറുക്കുകയില്ലെന്നും അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതുമാകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا يَحِلُّ لَكُمْ أَن تَرِثُوا۟ ٱلنِّسَآءَ كَرْهًا ۖ وَلَا تَعْضُلُوهُنَّ لِتَذْهَبُوا۟ بِبَعْضِ مَآ ءَاتَيْتُمُوهُنَّ إِلَّآ أَن يَأْتِينَ بِفَٰحِشَةٍ مُّبَيِّنَةٍ ۚ وَعَاشِرُوهُنَّ بِٱلْمَعْرُوفِ ۚ فَإِن كَرِهْتُمُوهُنَّ فَعَسَىٰٓ أَن تَكْرَهُوا۟ شَيْـًٔا وَيَجْعَلَ ٱللَّهُ فِيهِ خَيْرًا كَثِيرًا ﴿١٩﴾

﴾19﴿ ഹേ, വിശ്വസിച്ചവരേ, സ്ത്രീകളെ നിർബ്ബന്ധപൂർവ്വം അനന്തരമെടുക്കൽ നിങ്ങൾക്ക് അനുവദനീയമാകുകയില്ല. നിങ്ങൾ അവർക്ക് നൽകിയതിൽ ചിലത് നിങ്ങൾക്ക് (കൈപറ്റി) കൊണ്ട് പോകുവാനായി അവരെ മുടക്കിയിടുകയും ചെയ്യരുത്; സുവ്യക്തമായ വല്ല നീചവൃത്തിയും അവർ കൊണ്ട് വരുന്നതായാലല്ലാതെ. [അപ്പോൾ വിരോധമില്ല]. അവരോട് അവരുടെ (സദാചാര) മര്യാദ പ്രകാരം നിങ്ങൾ സഹവസിക്കുകയും ചെയ്യുവിൻ.

എനി, നിങ്ങൾ അവരെ വെറുത്തുവെങ്കിൽ, (നിങ്ങൾ ഓർക്കുക) ഒരു കാര്യത്തെ നിങ്ങൾ വെറുക്കുകയും, അതിൽ അല്ലാഹു വളരെ നന്മ ആ(ക്കിവെ)ക്കുകയും ചെയ്തേക്കാം.

﴾19﴿ يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ لَا يَحِلُّ അനുവദനീയമാകുകയില്ല لَكُمْ നിങ്ങൾക്ക് أَنْ تَرِثُوا നിങ്ങൾ അനന്തരമെടുക്കൽ النِّسَاءَ സ്ത്രീകളെ كَرْهًا നിർബ്ബന്ധപൂർവ്വം وَلَا تَعْضُلُوهُنَّ അവരെ മുടക്കിയിടുകയും ചെയ്യരുത് لِتَذْهَبُوا നിങ്ങൾ പോകുവാൻവേണ്ടി بِبَعْضِ ചിലതുമായി, ചില ഭാഗംകൊണ്ട് مَا آتَيْتُمُوهُنَّ അവർക്ക് നിങ്ങൾ നൽകിയതിന്റെ (നൽകിയതിൽ) إِلَّا أَنْ يَأْتِينَ അവർ വന്നാലല്ലാതെ بِفَاحِشَةٍ വല്ല നീചവൃത്തിയും കൊണ്ട്, ദുർവൃത്തിയുമായി مُبَيِّنَةٍ സുവ്യക്തമായ, തെളിവായ

وَعَاشِرُوهُنَّ അവരോട് നിങ്ങൾ സഹവസിക്കുക (കൂടിയാടുക)യും ചെയ്യുവിൻ بِالْمَعْرُوفِ സദാചാര(മര്യാദ) പ്രകാരം (നല്ലനിലക്ക്) فَإِن كَرِهْتُمُوهُنَّ എനി നിങ്ങള വരെ വെറുത്താൽ, അവരോട് നിങ്ങൾക്ക് അതൃപ്തിയായാൽ فَعَسَىٰ അപ്പോൾ (എ ന്നാൽ) ആയേക്കാം أَن تَكْرَهُوا നിങ്ങൾ വെറുക്കുക, അതൃപ്തിപ്പെടുക شَيْئًا ഒരു കാര്യം, വസ്തു وَيَجْعَلَ ആക്കുക(ഏർപ്പെടുത്തുക - ഉണ്ടാക്കുക)യും اللَّهُ അല്ലാഹു فِيهِ അതിൽ خَيْرًا നന്മ, ഗുണം كَثِيرًا വളരെ, ധാരാളം

സ്ത്രീകളെ നിർബ്ബന്ധപൂർവ്വം അനന്തരമെടുക്കുക എന്ന് പറഞ്ഞത് ജാഹിലിയ്യ ത്തിൽ ഉണ്ടായിരുന്ന ഒരു സമ്പ്രദായത്തെയാണ് സൂചിപ്പിക്കുന്നത്. ഒരാൾ മരണപ്പെ ട്ടാൽ അയാളുടെ അവകാശികൾക്ക് അവരുടെ ഇഷ്ടംപോലെ എന്തും ചെയ്യാവുന്ന ഒരു അനന്തരസ്വത്തെന്ന പോലെയായിരുന്നു അയാളുടെ വിധവയായ ഭാര്യയെ അവർ കണക്കാക്കിയിരുന്നത്. അവൾക്കോ, അവളുടെ കുടുംബത്തിനോ അവളുടെ കാര്യത്തിൽ നിയന്ത്രണാധികാരമില്ല. ഇത്തരം സമ്പ്രദായങ്ങളെ ഈ വചനം നിരോധിക്കുന്നു. ഇബ്നു അബ്ബാസ്(റ) പറയുകയാണ്: 'ഒരു പുരുഷൻ മരണപ്പെട്ടാൽ, അവന്റെ ഭാര്യയെപ്പറ്റി കൂടു തൽ അർഹതയുള്ളത് അവന്റെ കൈകാര്യകർത്താക്കൾക്കായിരുന്നു. അവർ വേണമെ ന്നുവെച്ചാൽ, അവരിൽ ചിലർ അവളെ വിവാഹം കഴിക്കും. വേണമെങ്കിൽ അവർ അവളെ (മറ്റാർക്കെങ്കിലും) വിവാഹം കഴിച്ചുകൊടുക്കുകയും ചെയ്യും. വേണമെങ്കിൽ വിവാഹം കഴിക്കാതെയുമിരിക്കും. അങ്ങനെ, അവളുടെ സ്വന്തക്കാരെക്കാൾ അവളെ സംബന്ധി ച്ചുള്ള അർഹത അവർക്കായിരുന്നു. ഈ വിഷയത്തിലാണ് ഈ വചനം അവതരിച്ചത്.' (ബു; ദാ; ന.) അൽപം ചില വ്യത്യാസങ്ങളോടു കൂടി വേറെയും രിവായത്തുകൾ ഇതി നെപ്പറ്റി കാണാം.

തുടർന്നുകൊണ്ട് മറ്റൊരു ദുഷിച്ച സമ്പ്രദായത്തെയും അല്ലാഹു ഈ വചനം മുഖേന നിഷിദ്ധമാക്കുന്നു. അതായത്, ഒരാൾക്ക് തന്റെ ഭാര്യയോട് വെറുപ്പോ, അനി ഷ്ടമോ ഉണ്ടായിത്തീർന്നാൽ, അവൻ അവളോട് നന്നായി പെരുമാറുകയോ, നല്ലനി ലക്ക് പിരിച്ചയക്കുകയോ ചെയ്യാതെ അവളെ കഷ്ടപ്പെടുത്തുക. അങ്ങനെ, അവൾ വിവാ ഹിതയും അവിവാഹിതയും അല്ലാത്ത വിധത്തിലായിത്തീരുന്നു. ഇതിന്റെ പിന്നിലുള്ള ആവശ്യമാകട്ടെ, അവൾക്ക് അവൻ കൊടുത്തിട്ടുള്ള - കൊടുക്കേണ്ടതുള്ള - മഹ്ർ മുതലായവ മുഴുവനോ അതിന്റെ ഏതാനും ഭാഗമോ ഒഴിവാക്കികിട്ടുകയുമായിരിക്കും. ബുദ്ധിമുട്ടുമ്പോൾ, വിവാഹ ബന്ധത്തിൽ നിന്ന് മോചനം ലഭിക്കുവാൻവേണ്ടി അവൾ വല്ലതും ഒഴിവാക്കികൊടുക്കുകയോ വിട്ടുകൊടുക്കുകയോ ചെയ്‌വാൻ നിർബന്ധിത യായിത്തീരുമല്ലോ. ഈ ദുഷിച്ച സമ്പ്രദായം ജാഹിലിയ്യാ കാലത്ത് ഉണ്ടായിരുന്നതു പോലെ ചില മുസ്‌ലിംകൾക്കിടയിൽ ഇന്നും നടന്നു കൊണ്ടിരിക്കുന്ന ഒരു അക്രമമാ കുന്നു. ഈ അക്രമത്തിന്റെ പിന്നിലുള്ള ലക്ഷ്യത്തെ ചൂണ്ടിക്കാട്ടിക്കൊണ്ടാണ് 'നിങ്ങൾ അവർക്ക് നൽകിയതിൽ ചിലത് നിങ്ങൾക്ക് കൊണ്ടുപോകുവാൻ വേണ്ടി നിങ്ങളവരെ മുടക്കിയിടരുത്' (لَا تَعْضُلُوهُنَّ لِتَذْهَبُوا الخ) എന്ന് അല്ലാഹു പറയുന്നത്.

എന്നാൽ വ്യക്തമായ വല്ല നീചവൃത്തിയും അവർ ചെയ്യുന്ന പക്ഷം അങ്ങിനെ മുട ക്കിയിടുന്നതിന് വിരോധമില്ലെന്നും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഇവിടെ നീച വൃത്തി (فَاحِشَةٍ) കൊണ്ടുദ്ദേശ്യം വ്യഭിചാരമാണെന്നാണ് പലരുടെയും അഭിപ്രായം. വ്യഭിചാരം മാത്രമല്ല, സ്വഭാവദോഷം, അനുസരണക്കേട്, പിണക്കം മുതലായ വ്യക്ത

മായ ദുർവൃത്തികളും ഉൾപെടുമെന്നത്രെ മറ്റൊരു അഭിപ്രായം. ഈ അഭിപ്രായമാണ് ഇബ്നു ജരീർ(റ) ശരിവെച്ചിരിക്കുന്നത്. ഇതാണ് നല്ല അഭിപ്രായമെന്ന് ഇബ്നു കഥീറും(റ) പറഞ്ഞിരിക്കുന്നു. മോഷണവും അതിൽ ഉൾപെടുമെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. (തഫ്സീർ മനാർ കാണുക) ഏതായാലും ദുർവൃത്തി വ്യക്തമായി അറിയത്തക്കവിധം സ്പഷ്ടമായിരിക്കണം. ഊഹത്തെ അടിസ്ഥാനമാക്കിക്കൊണ്ടോ വികാരത്തിന് വിധേയമായിക്കൊണ്ടോ ഉള്ള ആരോപണമായിരുന്നാൽ പോരാ, മേൽകണ്ട വല്ല ദുർവൃത്തിയും അവളിൽ നിന്ന് വ്യക്തമായി പ്രത്യക്ഷപ്പെടുമ്പോൾ – മറ്റു വഴികളില്ലെങ്കിൽ – അവന് അവളെ 'ഖുൽഇ'നു (പ്രതിഫലത്തിൻമേലുള്ള വിവാഹമോചനത്തിന്) പ്രേരിപ്പിക്കത്തക്കവണ്ണം അവളോട് പെരുമാറ്റം കുടുസ്സാക്കാവുന്നതാണെന്ന് പലരും ഇവിടെ ചൂണ്ടിക്കാട്ടിയിരിക്കുന്നു. ('ഖുൽഇ' – خُلع – നെപ്പറ്റി 2 : 229 ൽ വിവരിച്ചിട്ടുള്ളത് ഓർക്കുക).

പ്രസ്തുത രണ്ട് ദുഃസ്സമ്പ്രദായങ്ങളെയും നിരോധിച്ചശേഷം ഭാര്യാഭർത്താക്കളുടെ ദാമ്പത്യപരവും ഗാർഹികവും കുടുംബപരവുമായ വിജയങ്ങൾക്ക് നിദാനമായിത്തീരുന്ന ഒരു മഹത്തായ സദുപദേശമത്രെ وَعَاشِرُوهُنَّ بِالْمَعْرُوفِ (അവരോട് നിങ്ങൾ സദാചാര മര്യാദപ്രകാരം സഹവസിക്കുകയും ചെയ്യണം) എന്ന വാക്യം. സംസാരത്തിലും, പ്രവൃത്തിയിലും, പെരുമാറ്റത്തിലുമെല്ലാം തന്നെ കഴിവനുസരിച്ച് നല്ലപോലെ വർത്തിക്കണമെന്ന് സാരം. നബി ﷺ പറയുന്നു: 'നിങ്ങളിൽവെച്ച് ഉത്തമൻ നിങ്ങളിൽ തന്റെ വീട്ടുകാരോട് ഉത്തമനായിരിക്കും.' (തി; ജ.) 'അവരുടെ – ഭാര്യമാരുടെ – മേൽ ഇങ്ങോട്ട് ബാദ്ധ്യതയുള്ളത്പോലെത്തന്നെ അവരോട് അങ്ങോട്ടും മര്യാദപ്രകാരം ബാദ്ധ്യതയുണ്ട്' എന്ന് (2:228) അല്ലാഹുവും പറഞ്ഞിട്ടുണ്ടല്ലോ. നബിﷺ തിരുമേനിയുടെ ഗാർഹിക ജീവിതത്തെപ്പറ്റി അറിയുന്നവർക്ക് ഈ വിഷയത്തിൽ ധാരാളം മാതൃക കാണാവുന്നതാണ്.

സ്ത്രീ സഹജമായ ചില ദുഃസ്വഭാവങ്ങൾ സ്ത്രീകളിൽ പ്രകടമാകുക സാധാരണമാണ്. ഒരു ദോഷമല്ലെങ്കിൽ മറ്റൊരുദോഷം മിക്ക സ്ത്രീകളിലും ഉണ്ടായിരിക്കും. ചിലപ്പോൾ, സ്ത്രീകളെ കവച്ചുവെക്കുന്ന ദുഃസ്വഭാവങ്ങൾ പുരുഷന്മാരിലും ഉണ്ടായിരിക്കും. അങ്ങനെ, ഭർത്താക്കൾക്ക് ഭാര്യമാരോട് വെറുപ്പും അതൃപ്തിയും ഉണ്ടായിത്തീരുക സ്വാഭാവികമാണ്. ഇതിനുള്ള പരിഹാരമാർഗം ക്ഷമയും, സഹനവുമാണെന്നും, അതായിരിക്കും ഭാവിയിൽ ഗുണകരമായി കലാശിക്കുകയെന്നുമാണ് അവസാനത്തെ വാക്യത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ഭാര്യമാരോട് അനിഷ്ടവും വെറുപ്പും ഉണ്ടാകുമ്പോഴേക്കും അതിന് പ്രതികാര നടപടി എടുക്കുകയോ, വിവാഹ മോചനം നൽകുവാൻ ധൃതികൂട്ടുകയോ ചെയ്യാതെ സഹനപൂർവ്വം അവരെ വെച്ചുകൊണ്ടിരിക്കണം. അങ്ങനെ ചെയ്താൽ നിങ്ങൾക്ക് മുൻകൂട്ടി വിഭാവനം ചെയ്വാൻ കഴിയാത്ത പല ഗുണങ്ങളും അതുമൂലം അനുഭവപ്പെടുവാനുണ്ടായേക്കും എന്നത്രെ അല്ലാഹു പറഞ്ഞതിന്റെ സാരം. വാസ്തവത്തിൽ, അല്ലാഹുവിന്റെ ഈ ഉപദേശം ഭാര്യമാരുടെ കാര്യത്തിൽ മാത്രമല്ല, മക്കൾ, അയൽക്കാർ, ബന്ധുമിത്രാദികൾ മുതലായവരുടെ കാര്യങ്ങളിലെല്ലാം തന്നെ നാം ഓർത്തിരിക്കേണ്ടതുണ്ട്. സ്ത്രീകളെക്കുറിച്ച് പ്രത്യേകിച്ചും, ഓർമിക്കേണ്ടതാണിത്. ഒരു സ്ത്രീ സൗന്ദര്യം കുറഞ്ഞവളാണെങ്കിലും സൽസ്വഭാവമുള്ളവളായിരിക്കാം. അല്ലെങ്കിൽ ഭർത്താവിന്റെ വീടും സ്വത്തും മാനവും മാന്യതയുമെല്ലാം കാത്തുരക്ഷിക്കുവാൻ പ്രാപ്തിയുള്ളവളായിരിക്കാം. ഒരുവൾക്ക് വീട്ടുകാര്യം കയ്യാളുവാൻ കഴിവ് കുറവാണെങ്കിലും അവൾ അവന്റെ ചൊൽപ്പടി തെറ്റാത്തവളും, അവന്റെയും മക്കളു

ടെയും സാൻമാർഗിക തുറകളിൽ വളരെ ശ്രദ്ധയുള്ളവളുമായിരിക്കാം. അങ്ങിനെ, ഏതെങ്കിലും ഒരു ദോഷമുണ്ടെങ്കിൽ അതിനെക്കാൾ ഗുണവും അവളിൽ ഉണ്ടായിരിക്കാം. അതാണ് നബിﷺ ഒരു ഹദീഥിൽ ചൂണ്ടിക്കാട്ടുന്നത്. 'ഒരു സത്യവിശ്വാസി ഒരു സത്യവിശ്വാസിനിയോട് ഈർഷ്യത പുലർത്തരുത്. അവളിൽനിന്ന് ഒരു സ്വഭാവം അവന് വെറുപ്പായെങ്കിൽ അവളിൽനിന്ന് മറ്റൊരു സ്വഭാവം അവന് തൃപ്തിയുള്ളതായിരിക്കുന്നതാണ്.' (മു)

وَإِنْ أَرَدتُّمُ ٱسْتِبْدَالَ زَوْجٍ مَّكَانَ زَوْجٍ وَءَاتَيْتُمْ إِحْدَىٰهُنَّ قِنطَارًا فَلَا تَأْخُذُوا۟ مِنْهُ شَيْـًٔا ۚ

《20》 നിങ്ങൾ ഒരു ഇണ [ഭാര്യ]യുടെ സ്ഥാനത്ത് (വേറെ) ഒരു ഇണ [ഭാര്യ]യെ പകരം സ്വീകരിക്കുവാൻ ഉദ്ദേശിച്ചുവെങ്കിൽ, അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരം (തന്നെ) നൽകുകയും ചെയ്തിരിക്കുന്നു; എന്നാൽ, അതിൽ നിന്ന് നിങ്ങൾ യാതൊന്നും (തിരിച്ചു)വാങ്ങരുത്.

أَتَأْخُذُونَهُۥ بُهْتَـٰنًا وَإِثْمًا مُّبِينًا ﴿٢٠﴾

കള്ളാരോപണമായും, വ്യക്തമായ കുറ്റമായുംകൊണ്ട് നിങ്ങൾ അതു വാങ്ങുകയോ?!

وَكَيْفَ تَأْخُذُونَهُۥ وَقَدْ أَفْضَىٰ بَعْضُكُمْ إِلَىٰ بَعْضٍ وَأَخَذْنَ مِنكُم مِّيثَـٰقًا غَلِيظًا ﴿٢١﴾

《21》 നിങ്ങൾ അത് എങ്ങിനെ വാങ്ങും?

നിങ്ങളിൽ ചിലർ ചിലരുമായി [അന്യോന്യം] കൂടിച്ചേരുകയും, അവർ നിങ്ങളോട് കനത്ത ഒരുഉറപ്പു വാങ്ങുകയും ചെയ്തിട്ടുണ്ടെന്നിരിക്കെ!

《20》 وَإِنْ أَرَدْتُمْ നിങ്ങൾ ഉദ്ദേശിച്ചെങ്കിൽ, താൽപര്യപ്പെട്ടാൽ اسْتِبْدَالَ പകരം സ്വീകരിക്കൽ زَوْجٍ ഒരു ഇണയെ مَكَانَ സ്ഥാനത്ത് زَوْجٍ ഒരു ഇണയുടെ وَآتَيْتُمْ നിങ്ങൾ കൊടുക്കുകയും ചെയ്തു (ചെയ്തിരിക്കുന്നു) إِحْدَاهُنَّ അവരിൽ ഒരുവൾക്ക് قِنْطَارًا ഒരു കൂമ്പാരം, അട്ടി (വളരെയധികം) فَلَا تَأْخُذُوا എന്നാൽ നിങ്ങൾ വാങ്ങരുത്, എടുക്കരുത് مِنْهُ അതിൽനിന്ന് شَيْئًا യാതൊന്നും, ഒരു വസ്തുവും أَتَأْخُذُونَهُ നിങ്ങളതു വാങ്ങുകയാണോ بُهْتَانًا കള്ളാരോപണമായി, വ്യാജമായി, നുണയായി وَإِثْمًا പാപ(കുറ്റ)മായും مُبِينًا വ്യക്തമായ, സ്പഷ്ടമായ 《21》 وَكَيْفَ تَأْخُذُونَهُ നിങ്ങൾ അതെങ്ങിനെ വാങ്ങും وَقَدْ أَفْضَى കൂടിച്ചേർന്നിരിക്കെ, കൂടിക്കഴിഞ്ഞിട്ടുണ്ട് بَعْضُكُمْ നിങ്ങളിൽ ചിലർ إِلَى بَعْضٍ ചിലരിലേക്ക്, ചിലരുമായി وَأَخَذْنَ അവർ വാങ്ങുക (എടുക്കു)കയും ചെയ്തിരിക്കുന്നു مِنْكُمْ നിങ്ങളിൽനിന്ന്, നിങ്ങളോട്

مِيثَاقًا ഒരു ഉറപ്പ്, ഉടമ്പടി غَلِيظًا കനത്ത, ശക്തമായ

ജാഹിലിയ്യാ കാലത്ത് മുശ്‌രിക്കുകൾക്കിടയിൽ നടപ്പുണ്ടായിരുന്നതും, പിൽക്കാലങ്ങളിൽ മുസ്‌ലിംകൾക്കിടയിലും കാണപ്പെട്ടു വരുന്നതുമായ ഒരു ദുഷിച്ച സമ്പ്രദായത്തെക്കുറിച്ചുള്ള കഠിനമായ ആക്ഷേപമാണ് ഈ വചനങ്ങളിലുള്ളത്. ഒരാൾക്ക് അയാളുടെ നിലവിലുള്ള ഭാര്യയെ - അല്ലെങ്കിൽ ഭാര്യമാരിൽ ഒരുവളെ - മാറ്റി തൽസ്ഥാനത്ത് പുതിയ ഒരുത്തിയെ വിവാഹം കഴിക്കുവാൻ ആഗ്രഹം തോന്നുമ്പോൾ, നിലവിലുള്ളവരോട് അപ്രീതികാണിക്കുകയും, പെരുമാറ്റം മോശമാക്കിത്തീർക്കുകയും ചെയ്യുക. വേണമെങ്കിൽ അവരുടെമേൽ വല്ല കള്ളാരോപണവും നടത്തുകയും ചെയ്തേക്കും. അങ്ങനെ, അവൻ മുമ്പ് അവർക്ക് കൊടുത്തിരുന്ന മഹ്ർ മുതലായവ തിരിച്ചുകിട്ടുവാൻ ആവശ്യം പ്രകടിപ്പിക്കുകയും, അവർ അതിന് നിർബ്ബന്ധിതരാവുകയും ചെയ്തേക്കും. മുൻകാലത്ത് ഇത്തരം അവസരങ്ങളിൽ മുമ്പ് കൊടുത്തത് തിരിച്ചു കിട്ടുവാനാണ് ആവശ്യപ്പെട്ടിരുന്നതെങ്കിൽ, ഇക്കാലത്ത് അതും അതിനപ്പുറം വലിയൊരു തുകകൂടി ആവശ്യപ്പെടുന്ന അക്രമികളും ഇല്ലാതില്ല. ഈ സമ്പ്രദായത്തെ അല്ലാഹു വളരെ കർശനമായി നിരോധിക്കുന്നു. തക്കതായ കാരണമുണ്ടായിരിക്കുകയും, മറ്റുപോംവഴികളില്ലാതിരിക്കുകയും ചെയ്യുമ്പോഴേ ഭാര്യമാരെ വിവാഹമോചനം ചെയ്തുകൂടൂ എന്ന് പറയേണ്ടതില്ല. ഏതായാലും നിലവിലുള്ള ഭാര്യയെ വിവാഹമോചനം നൽകിവിടുവാൻ തന്നെ തീർച്ചയാക്കുകയാണെങ്കിൽ അവളുടെ മേൽ ഇല്ലാത്ത ആരോപണങ്ങൾ ചുമത്തിക്കൊണ്ടും, അവളിൽനിന്ന് അന്യായമായി ധനം തട്ടിയെടുത്തുകൊണ്ടുമായിരിക്കരുത് അത്, എന്നത്രെ അല്ലാഹു പറയുന്നത്. അത് കടുത്ത അക്രമവും വമ്പിച്ച പാപവുമാണെന്നുമാത്രമല്ല, മനുഷ്യോചിതമല്ലാത്ത വിധം കടുത്ത ഒരു കരാർ ലംഘനം കൂടിയാകുന്നുവെന്നും അല്ലാഹു അറിയിക്കുന്നു.

നിങ്ങൾ തമ്മിൽ അതൃപ്തി ഉളവാകുന്നതിനു മുമ്പ് നിങ്ങൾ അന്യോന്യം ഒത്തിണങ്ങി സമ്പർക്കം പുലർത്തിയും, ദാമ്പത്യപരവും ഗൃഹപരവുമായ കാര്യങ്ങളിൽ ഇണകളായി കഴിഞ്ഞു കൂടുകയും ചെയ്തിരുന്നവരാണല്ലോ. കൂടാതെ, വിവാഹ ഇടപാടാണെങ്കിൽ, അത് മുഖേന അവരെ മര്യാദയനുസരിച്ച് സ്വീകരിച്ചുകൊണ്ടിരിക്കുകയോ, നല്ല നിലയിൽ പിരിച്ച് വിട്ടേക്കുകയോ (إِمْسَاكٌ بِمَعْرُوفٍ أَوْ تَسْرِيحٌ بِإِحْسَانٍ) ചെയ്തുകൊള്ളാമെന്ന് നിങ്ങൾ അവർക്ക് ശക്തിമത്തായ ഒരു ഉറപ്പു നൽകുകയും ചെയ്തിരിക്കുകയാണ്. വസ്തുതകൾ ഇങ്ങിനെയിരിക്കെ നിങ്ങൾ അവർക്ക് കൊടുത്ത ധനം നിങ്ങൾ എങ്ങിനെ തിരിച്ചു വാങ്ങും? എന്തൊരു ന്യായമാണ് അതിൽ നിങ്ങൾക്കുള്ളത്...? എന്ന് ചോദിച്ചുകൊണ്ട് മനുഷ്യോചിതമല്ലാത്ത ഒരു മ്ളേച്ഛ സ്വഭാവമാണതെന്ന് കൂടി രണ്ടാമത്തെ വചനത്തിൽ അല്ലാഹു ഓർമിപ്പിക്കുന്നു. വിവാഹം മുഖേന ചെയ്യുന്ന ഈ കരാറിനെ ഓർമിപ്പിച്ചു കൊണ്ടാണ് വിവാഹം ചെയ്തുകൊടുക്കുന്ന അവസരത്തിൽ ചിലർ ഈ വാക്യം (إِمْسَاكٌ بِمَعْرُوفٍ أَوْ تَسْرِيحٌ بِإِحْسَانٍ) കൂടി പ്രത്യേകം വരനെ ഓർമിപ്പിക്കാറുള്ളത്. 'ഹജ്ജത്തുൽവിദാഇ'ൽ വെച്ച് നബിﷺ ചെയ്ത സുപ്രസിദ്ധമായ പ്രസംഗത്തിൽ സ്ത്രീകളെപ്പറ്റി പ്രസ്താവിക്കുന്നമദ്ധ്യെ അവിടുന്ന് പറയുകയുണ്ടായി: 'നിങ്ങൾ അവരെ അല്ലാഹുവിന്റെ അമാനത്തായി സ്വീകരിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ വാക്കനുസരിച്ച് അവരുടെ ഭഗപ്രദേശം നിങ്ങൾ അനുവദനീയമാക്കി എടുക്കുകയും ചെയ്തിരിക്കുകയാണ്.' (മു.)

'കൂമ്പാരം' എന്ന് അർഥം കൽപിച്ച قِنطَارٍ (ക്വിൻത്വാർ)ന്റെ അർഥങ്ങൾ ആലുഇംറാൻ 14 ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. അധികരിച്ച ധനം എന്ന ഉദ്ദേശ്യത്തിലാണ് അധികവും അതിന്റെ ഉപയോഗമെന്നും അവിടെ ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഒരാൾ തന്റെ ഭാര്യക്ക് മഹ്‌റായി വളരെ അധികം ധനം കൊടുത്തിരുന്നാലും അതിൽനിന്ന് ഒട്ടും തിരിച്ചു വാങ്ങിക്കൂടാ എന്നത്രെ അല്ലാഹു പറഞ്ഞതിന്റെ താൽപര്യം. എന്നാൽ, അവൾ സന്തോഷപൂർവ്വം സ്വമനസ്സാലെ വല്ലതും വിട്ടുകൊടുത്താൽ അത് വാങ്ങുന്നതിന് വിരോധമില്ലെന്ന് 4-ാം വചനത്തിൽ വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. മഹ്‌റിൽ അതിര് കവിയുന്നത് നന്നല്ലെന്നും, മിതത്വവും മര്യാദയും പാലിക്കുകയാണ് വേണ്ടതെന്നും പൊതുവെ അംഗീകരിക്കപ്പെട്ട കാര്യമാണ്. ഇതിന് ഉപോൽബലകങ്ങളായ ചില രിവായത്തുകൾ ആഇശഃ(റ), ഇബ്നു അബ്ബാസ്(റ) എന്നിവരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുമുണ്ട്. എങ്കിലും, കവിഞ്ഞപക്ഷം, ഇത്രവരെ മാത്രമേ മഹ്ർ പാടുള്ളൂവെന്ന് നിയമിക്കപ്പെട്ടിട്ടില്ലെന്നും, അതുകൊണ്ട് ഒരു പ്രത്യേക സംഖ്യയിൽ അത് പരിമിതപ്പെടുത്തി ഒതുക്കി നിറുത്തുവാൻ അവകാശമില്ലെന്നും ഈ വചനത്തിൽനിന്ന് മനസ്സിലാക്കാവുന്നതാണ്.

ഉമർ(റ)ന്റെ ഖിലാഫത്ത് കാലത്ത് നടന്ന ഒരു സംഭവം ഇത് കൂടുതൽ വ്യക്തമാക്കുന്നു. അഹ്മദ്, അബൂയഅ്ലാ(റ) മുതലായവർ പല മാർഗങ്ങളിലൂടെയും ഉദ്ധരിച്ച ആ സംഭവത്തിന്റെ ചുരുക്കം ഇങ്ങിനെയാണ്; 'സ്ത്രീകളുടെ മഹ്‌റിൽ അതിരുകവിയരുത്; റസൂൽﷺ അവിടുത്തെ ഭാര്യമാർക്ക് നാനൂറു വെള്ളിപ്പണത്തിലധികം മഹ്ർ കൊടുക്കുകയുണ്ടായിട്ടില്ല; മഹ്ർ അധികരിപ്പിക്കുന്നത് ഒരു നല്ല കാര്യമായിരുന്നുവെങ്കിൽ കൂടുതൽ മഹ്ർ കൊടുക്കുമായിരുന്നു.' എന്നിങ്ങിനെ ഒരിക്കൽ ഒരു പ്രസംഗത്തിൽ ഉമർ(റ) ജനങ്ങളോട് പറയുകയുണ്ടായി. അപ്പോൾ, ഒരു സ്ത്രീ എഴുന്നേറ്റു പറഞ്ഞു: 'അങ്ങിനെ വിരോധിക്കുവാൻ താങ്കൾക്ക് പാടില്ല.' ഉമർ(റ) കാരണം ചോദിച്ചപ്പോൾ, ആ സ്ത്രീ ഈ (20-ാം) വചനം ഓതിക്കേൾപ്പിക്കുകയാണ് ചെയ്തത്. ഉമർ(റ) വീണ്ടും പ്രസംഗപീഠത്തിൽ കയറി ആ സ്ത്രീ പറഞ്ഞത് ശരിവെക്കുകയും, എല്ലാവർക്കും ഉമറിനെക്കാൾ അറിയാമെന്ന് പറയുകയും, ആദ്യം പറഞ്ഞത് തിരുത്തി അക്കാര്യം സ്ത്രീകൾക്ക് അവരുടെ ഇഷ്ടത്തിന് വിട്ടുകൊടുക്കുകയും ചെയ്തു. അതാണ് സംഭവം.

وَلَا تَنكِحُواْ مَا نَكَحَ ءَابَآؤُكُم مِّنَ ٱلنِّسَآءِ إِلَّا مَا قَدْ سَلَفَ ۚ إِنَّهُۥ كَانَ فَٰحِشَةً وَمَقْتًا وَسَآءَ سَبِيلًا ﴿٢٢﴾

《22》 സ്ത്രീകളിൽനിന്നും നിങ്ങളുടെ പിതാക്കൾ വിവാഹം ചെയ്തവരെ നിങ്ങൾ വിവാഹം കഴിക്കരുത്, (പക്ഷേ) മുൻകഴിഞ്ഞുപോയിട്ടുള്ളതൊഴികെ. നിശ്ചയമായും, അത് ഒരു നീചവൃത്തിയും, വെറുക്കപ്പെട്ടതുമാകുന്നു; അത് വളരെ മോശപ്പെട്ട ഒരു മാർഗവുമത്രെ.

《22》 وَلَاتَنكِحُوا നിങ്ങൾ വിവാഹം ചെയ്യരുത് مَانَكَحَ വിവാഹം ചെയ്തത് (ചെയ്തവരെ) آبَاؤُكُمْ നിങ്ങളുടെ പിതാക്കൾ مِنَ النِّسَاءِ സ്ത്രീകളിൽനിന്ന് إِلَّا مَا യാതൊന്നൊഴികെ قَدْسَلَفَ അത് മുൻ കഴിഞ്ഞുപോയി إِنَّهُ كَانَ നിശ്ചയമായും അതാകുന്നു فَاحِشَةً നീചവൃത്തി وَمَقْتًا വെറുക്കപ്പെട്ടതും (വെറുപ്പായതും) وَسَاءَ അത് വളരെ മോശപ്പെട്ട(ചീത്തയായ)തുമാണ് سَبِيلًا മാർഗം, വഴി

മരണപ്പെട്ട ആളുടെ ഭാര്യയെ വേറെ ഭാര്യയിൽ നിന്ന് ജനിച്ച അയാളുടെ മകൻ വിവാഹം കഴിക്കുന്ന ഒരു ദുഷിച്ച സമ്പ്രദായം ജാഹിലിയ്യത്തിലുണ്ടായിരുന്നു. അതാണ് ഈ വചനത്തിൽ അല്ലാഹു വളരെ കർശനമായി വിരോധിച്ചിരിക്കുന്നത്. ഈ നിരോധ കൽപന അവതരിക്കുന്നതിന് മുമ്പു കഴിഞ്ഞുപോയിട്ടുള്ളതിനെ നിരോധത്തിൽനിന്ന് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. ഈ നിരോധം അവതരിക്കുമ്പോൾ അങ്ങിനെ ചില വിവാഹങ്ങളൊക്കെ നിലവിലുണ്ടായിരിക്കെ - അവയെ ദുർബ്ബലപ്പെടുത്തുന്നപക്ഷം - അതിൽ ജനിച്ച കുട്ടികളെ സംബന്ധിച്ചും മറ്റും പല പ്രശ്നങ്ങളും നേരിടുവാനുണ്ടല്ലോ. അവിശ്വാസികളിൽനിന്ന് ഇസ്‌ലാമിലേക്ക് വരുന്ന ഭാര്യാഭർത്താക്കൾ അവരുടെ പഴയ ആചാരക്രമങ്ങളനുസരിച്ച് മുമ്പ് നടത്തിയിട്ടുള്ള വിവാഹബന്ധങ്ങൾ ഇസ്‌ലാമിലും അതേപടി തുടർന്ന് പോകുവാൻ അനുവദിക്കപ്പെടുന്നതും അതുകൊണ്ടാകുന്നു.

നികൃഷ്ടമായ ആ സമ്പ്രദായത്തെ നിഷിദ്ധമാക്കുക മാത്രമല്ല, അല്ലാഹു ചെയ്തിരിക്കുന്നത്. فَاحِشَةً (നീചവൃത്തി), مَقْت (വെറുക്കപ്പെട്ടത്), سَاءَ سَبِيلاً (വളരെ ദുഷിച്ച ഒരു മാർഗം) എന്നൊക്കെ വിശേഷിപ്പിച്ചുകൊണ്ട് അത് അങ്ങേഅറ്റം വഷളും, നിന്ദ്യവും, അപലപനീയവുമായ ഒരു സമ്പ്രദായമാണെന്നുകൂടി വ്യക്തമാക്കിയിരിക്കുന്നു. ബുദ്ധിപരമോ, മതപരമോ, സദാചാരപരമോ ആയ അടിസ്ഥാനങ്ങളിലാണല്ലോ ഒരു കാര്യത്തിന്റെ നന്മയും തിന്മയും വിലയിരുത്തപ്പെടുന്നത്. ഇവയിൽ ഏതടിസ്ഥാനത്തിൽ നോക്കിയാലും ഈ സമ്പ്രദായം വളരെ വഷളായ ഒരു ഏർപ്പാടാണെന്നാണ് ഈ വിശേഷണങ്ങൾ സൂചിപ്പിക്കുന്നതെന്ന് ഇമാം റാസീ(റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. വ്യഭിചാരത്തിന്റെ ചീത്തത്തത്തെപ്പറ്റി വിവരിച്ചപ്പോൾപോലും ഈ മൂന്ന് വിശേഷണങ്ങളിൽ ആദ്യത്തെതും അവസാനത്തെതും മാത്രമേ അല്ലാഹു (17:32 ൽ) പ്രസ്താവിച്ചിട്ടുള്ളൂ. ഇവിടെ അതിന് പുറമെ مَقْتًا (വെറുക്കപ്പെട്ടത്) എന്നുകൂടി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ നിരോധം അവതരിപ്പിച്ചശേഷവും പഴയപടി പിതാവിന്റെ മരണശേഷം പിതാവിന്റെ ഭാര്യയെ വിവാഹം കഴിച്ച ഒരാളെ കൊലപ്പെടുത്തുവാനും, അയാളുടെ സ്വത്ത് പിടിച്ചെടുക്കുവാനും നബി ﷺ ആളയച്ചതായി ഒരു ഹദീഥിൽ വന്നിട്ടുണ്ട്. (അ; ഹാ; ബ) ഇതു ഒരുതരം വ്യഭിചാര വേഴ്ചയാണെന്നുള്ളതിന് പുറമെ, പിതൃത്വത്തോടും മാതൃത്വത്തോടും കാണിക്കുന്ന ധിക്കാരവും കൂടിയാണ്. പിതാവിന്റെ ഭാര്യ നേരെ മാതാവല്ലെങ്കിലും മാതാവിന്റെ സ്ഥാനം കൽപിക്കപ്പെടേണ്ടുന്നവളാണല്ലോ. ഈ സമ്പ്രദായം നടപ്പിലുണ്ടായിരുന്ന ജാഹിലിയ്യാ കാലത്തുപോലും ഇതിന് نكاح مقيت (വെറുക്കപ്പെട്ട വിവാഹം) എന്ന് പറയപ്പെട്ടു വന്നിരുന്നുവത്രെ.

പിതാക്കൾ (آبَاء) എന്ന വാക്കിൽ പിതാമഹന്മാരും ഉൾപ്പെടുന്നതാണ്. വിവാഹം കഴിച്ചവർ (مانكح) എന്ന് പറഞ്ഞതിൽ വിവാഹാനന്തരം സംയോഗം നടന്നിട്ടില്ലാത്ത ഭാര്യമാരും ഉൾപ്പെടുമെന്നും പണ്ഡിതന്മാർ മനസ്സിലാക്കിയിരിക്കുന്നു. പ്രത്യക്ഷത്തിൽ മനസ്സിലാകുന്നതും അതു തന്നെയാണ്.

വിഭാഗം - 4

حُرِّمَتْ عَلَيْكُمْ أُمَّهَـٰتُكُمْ وَبَنَاتُكُمْ وَأَخَوَٰتُكُمْ وَعَمَّـٰتُكُمْ وَخَـٰلَـٰتُكُمْ وَبَنَاتُ

﴾23﴿ **നിങ്ങളുടെ മേൽ (വിവാഹം കഴിക്കൽ) നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു: നിങ്ങളുടെ ഉമ്മമാരും, നിങ്ങളുടെ പുത്രിമാരും, നിങ്ങളുടെ**

ٱلْأَخِ وَبَنَاتُ ٱلْأُخْتِ وَأُمَّهَـٰتُكُمُ
ٱلَّـٰتِىٓ أَرْضَعْنَكُمْ وَأَخَوَٰتُكُم
مِّنَ ٱلرَّضَـٰعَةِ وَأُمَّهَـٰتُ نِسَآئِكُمْ
وَرَبَـٰٓئِبُكُمُ ٱلَّـٰتِى فِى حُجُورِكُم
مِّن نِّسَآئِكُمُ ٱلَّـٰتِى دَخَلْتُم بِهِنَّ فَإِن
لَّمْ تَكُونُوا۟ دَخَلْتُم بِهِنَّ فَلَا
جُنَاحَ عَلَيْكُمْ وَحَلَـٰٓئِلُ
أَبْنَآئِكُمُ ٱلَّذِينَ مِنْ أَصْلَـٰبِكُمْ
وَأَن تَجْمَعُوا۟ بَيْنَ ٱلْأُخْتَيْنِ إِلَّا
مَا قَدْ سَلَفَ ۗ

സഹോദരികളും, നിങ്ങളുടെ അമ്മായി [പിതൃസഹോദരി]കളും, നിങ്ങളുടെ ഇളയമ്മ - മൂത്തമ്മ [മാതൃസഹോദരി]കളും, സഹോദര പുത്രികളും, സഹോദരീ പുത്രികളും, നിങ്ങൾക്കു മുലതന്നിട്ടുള്ളതായ നിങ്ങളുടെ ഉമ്മമാരും, മുലകുടി ബന്ധത്തിലുള്ള നിങ്ങളുടെ സഹോദരികളും, നിങ്ങളുടെ സ്ത്രീ [ഭാര്യ]കളുടെ ഉമ്മമാരും, നിങ്ങൾ പ്രവേശനം [സംയോഗം] ചെയ്തിട്ടുള്ളവരായ നിങ്ങളുടെ സ്ത്രീകളിൽ നിന്നായി നിങ്ങളുടെ സംരക്ഷണത്തിലുള്ളവരായ നിങ്ങളുടെ വളർത്തുപുത്രികളും; എനി, നിങ്ങൾ അവരിൽ പ്രവേശനം [സംയോഗം] ചെയ്യുകയുണ്ടായിട്ടില്ലെങ്കിൽ നിങ്ങളുടെ മേൽ കുറ്റമില്ല - നിങ്ങളുടെ മുതുകെല്ലുകളിൽ നിന്നുള്ള നിങ്ങളുടെ (സ്വന്തം) പുത്രന്മാരുടെ സഹധർമിണികളും, രണ്ട് സഹോദരികൾക്കിടയിൽ നിങ്ങൾ ഒരുമിച്ചുകൂട്ടലും. (പക്ഷേ) മുൻ കഴിഞ്ഞുപോയിട്ടുള്ളതൊഴികെ. [അതിനു വിരോധമില്ല]

إِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا ﴿٢٣﴾

നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴾23﴿ حُرِّمَتْ ഹറാമാക്ക (നിഷിദ്ധമാക്ക)പ്പെട്ടിരിക്കുന്നു عَلَيْكُمْ നിങ്ങൾക്ക്, നിങ്ങളുടെ മേൽ أُمَّهَاتُكُمْ നിങ്ങളുടെ ഉമ്മമാർ, മാതാക്കൾ وَبَنَاتُكُمْ നിങ്ങളുടെ പുത്രിമാരും, പെൺമക്കളും وَأَخَوَاتُكُمْ നിങ്ങളുടെ സഹോദരികളും وَعَمَّاتُكُمْ നിങ്ങളുടെ അമ്മായി (പിതൃസഹോദരി)കളും وَخَالَاتُكُمْ നിങ്ങളുടെ ഇളയമ്മ - മൂത്തമ്മ (മാതൃസഹോദരി)കളും وَبَنَاتُ الأَخِ സഹോദരന്റെ പുത്രികളും وَبَنَاتُ الأُخْتِ സഹോദരിയുടെ പുത്രികളും وَأُمَّهَاتُكُمُ നിങ്ങളുടെ ഉമ്മമാരും, മാതാക്കളും اللاتِي أَرْضَعْنَكُمْ നിങ്ങൾക്ക് മുല(പ്പാൽ) തന്നവരായ وَأَخَوَاتُكُمْ നിങ്ങളുടെ സഹോദരികളും مِنَ الرَّضَاعَةِ മുലകുടി ബന്ധത്തിലുള്ള وَأُمَّهَاتُ نِسَائِكُمْ നിങ്ങളുടെ സ്ത്രീകളു(ഭാര്യമാരു)ടെ ഉമ്മമാരും وَرَبَائِبُكُمُ നിങ്ങളുടെ വളർത്തു(പോറ്റു)

مِنْ نِسَائِكُمُ നിങ്ങളുടെ സംരക്ഷണത്തിലുള്ളവരായ اللاتِي فِي حُجُورِكُمْ പുത്രികളും നിങ്ങളുടെ സ്ത്രീ (ഭാര്യ)കളിൽനിന്ന് اللاتِي യാതൊരുവരായ دَخَلْتُمْ بِهِنَّ നിങ്ങൾഅവരിൽ പ്രവേശനം ചെയ്തിരിക്കുന്നു(സംയോഗം നടന്നു) فَإِنْ لَمْ تَكُونُوا എനി നിങ്ങളായിട്ടില്ലെങ്കിൽ, ഉണ്ടായിട്ടില്ലെങ്കിൽ دَخَلْتُمْ بِهِنَّ അവരിൽ പ്രവേശിച്ചിരിക്കുക (സംയോഗം നടത്തുക) فَلا جُنَاحَ എന്നാൽ തെറ്റില്ല, കുറ്റമില്ല عَلَيْكُمْ നിങ്ങളുടെ മേൽ وَحَلائِلُ അനുവദനീയമായ സ്ത്രീ (സഹധർമിണി - പത്നി)കളും أَبْنَائِكُمُ നിങ്ങളുടെ പുത്രന്മാരുടെ الَّذِينَ യാതൊരുവരായ مِنْ أَصْلابِكُمْ നിങ്ങളുടെ മുതുകെല്ലുകളിൽനിന്നുള്ള (നിങ്ങളുടെ സ്വന്തം) وَأَنْ تَجْمَعُوا നിങ്ങൾ ഒരുമിച്ചു കൂട്ടുന്നതും بَيْنَ الأُخْتَيْنِ രണ്ട് സഹോദരികൾക്കിടയിൽ إِلا مَا യാതൊന്നൊഴികെ قَدْ سَلَفَ മുൻകഴിഞ്ഞു പോയിട്ടുള്ള إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ غَفُورًا വളരെ പൊറുക്കുന്നവനാകുന്നു رَحِيمًا കരുണാനിധി

കഴിഞ്ഞ വചനത്തിൽ പിതാക്കളുടെ ഭാര്യമാരെ മക്കൾ വിവാഹം ചെയ്യുന്നതിനെ നിഷിദ്ധമാക്കുകയും, അപലപിക്കുകയും ചെയ്തതിനെത്തുടർന്ന് കുടുംബബന്ധംകൊണ്ടോ, മുലകുടി ബന്ധംകൊണ്ടോ, വിവാഹബന്ധം കൊണ്ടോ സത്യവിശ്വാസികൾക്ക് വിവാഹം നിഷിദ്ധമായവർ ആരൊക്കെയാണെന്ന് ഈ വചനത്തിലും, അടുത്ത വചനത്തിലുമായി അല്ലാഹു വിവരിക്കുന്നു. കുടുംബബന്ധം നിമിത്തം വിവാഹം ഹറാമായ (നിഷിദ്ധമായ)വർ ഇവരാണ്:-

(1) **മാതാക്കൾ:** സ്വന്തം മാതാക്കൾക്ക് പുറമെ, മാതാവിന്റെയും, പിതാവിന്റെയും മാതാക്കളും (ഉമ്മാമമാരും) ഇതിൽ ഉൾപെടും.

(2) **പുത്രിമാർ:** സ്വന്തം പുത്രിമാർക്ക് പുറമെ, സ്വന്തം മക്കളുടെ പുത്രിമാരും ഇതിൽ ഉൾപെടുന്നു.

(3) **സഹോദരിമാർ:** മാതാവും പിതാവും ഒത്തവരോ, അല്ലെങ്കിൽ പിതാവോ മാതാവോ മാത്രം ഒത്തവരോ ആയ എല്ലാ സഹോദരികളും ഇതിൽ ഉൾപെടുന്നു.

(4) **അമ്മായി - അഥവാ പിതാവിന്റെ സഹോദരികൾ:** പിതാക്കളിൽ പിതാമഹന്മാരും മാതാമഹന്മാരും ഉൾപെടുന്നതുകൊണ്ട് അവരുടെ സഹോദരികളായ അമ്മായികളും ഇതിൽ ഉൾപെടുന്നു.

(5) **മാതാവിന്റെ സഹോദരികളായ ഇളയമ്മമാരും, മൂത്തമ്മമാരും:** ഇതിൽ എല്ലാ തരം ഉമ്മാമമാരുടെ സഹോദരികളും ഉൾപെടും.

(6) **സഹോദരന്മാരുടെ പുത്രികൾ.**

(7) **സഹോദരിമാരുടെ പുത്രികൾ.** ഈ രണ്ടിലും മേൽപറഞ്ഞ മൂന്നു തരത്തിലുള്ള സഹോദര സഹോദരിമാരുടെയും പുത്രികൾ അടങ്ങുന്നു.

വിവാഹ വിഷയത്തിൽ രക്തബന്ധം പോലെത്തന്നെയുള്ള ഒരു ബന്ധമായിട്ടാണ് മുലകുടി ബന്ധത്തെയും ഇസ്ലാം കണക്കാക്കുന്നത്. വിവാഹം പാടില്ലായ്മ, പരസ്പരം കൂടിക്കലർന്നുകൊണ്ടുള്ള പെരുമാറ്റം ആദിയായവയിൽ രണ്ടു ബന്ധങ്ങളും ഒരുപോ

ലെയാകുന്നു. ഒരു സ്ത്രീയുടെ മുലകുടിച്ച കുട്ടിക്ക് – അത് ആണാവട്ടെ, പെണ്ണാവട്ടെ – ആ സ്ത്രീ മാതാവും, ആ സ്ത്രീയുടെ അപ്പോഴത്തെ ഭർത്താവ് പിതാവും ആയിത്തീരുന്നു. മുല കുടിച്ച കുട്ടി ആണാണെങ്കിൽ അവരുടെ മകനും, പെണ്ണാണെങ്കിൽ അവരുടെ മകളുമായി കണക്കാക്കപ്പെടും. അതോടെ ആ മാതാപിതാക്കളുടെ സഹോദര സഹോദരികൾ മുതലായവരും അവർക്ക് വിവാഹം നിഷിദ്ധമായ കുടുംബങ്ങളായിത്തീരുന്നു. മുലകുടിബന്ധം നിമിത്തം വിവാഹം നിരോധിക്കപ്പെട്ടവരായി ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ടവർ:

(1) മുലകൊടുത്ത മാതാക്കളും

(2) ആ ബന്ധത്തിലുള്ള സഹോദരികളും മാത്രമാകുന്നു.

മറ്റുള്ളവരെപ്പറ്റി ഒന്നും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടില്ല. എങ്കിലും, നിങ്ങൾക്ക് മുല തന്നിട്ടുള്ള നിങ്ങളുടെ മാതാക്കൾ (أُمَّهَاتُكُمُ اللاَّتِي أَرْضَعْنَكُمْ) എന്നും മുലകുടി ബന്ധത്താലുള്ള നിങ്ങളുടെ സഹോദരികൾ (وَأَخَوَاتُكُم مِّنَ الرَّضَاعَةِ) എന്നുമുള്ള പ്രയോഗങ്ങളിൽനിന്ന് മേൽവിവരിച്ച തത്വം മനസ്സിലാക്കാവുന്നതാണ്. അത് തന്നെയാണ് നബിﷺ ഒരു ഹദീഥിൽ വ്യക്തമാക്കിയിരിക്കുന്നതും: 'നിശ്ചയമായും, ജനനം നിഷിദ്ധമാക്കുന്നതെന്തോ അതു മുലകുടിയും നിഷിദ്ധമാക്കും.' (ബു; മു) മുസ്ലിമിന്റെ ഒരു നിവേദനത്തിൽ കുടുംബബന്ധം നിമിത്തം നിഷിദ്ധമാകുന്നതു മുലകുടി നിമിത്തം നിഷിദ്ധമാകും' എന്നാണുള്ളത്.

മുലകുടി ബന്ധം നിമിത്തം വിവാഹം നിഷിദ്ധമാകുന്ന സ്ത്രീകളെപ്പറ്റി വിവരിച്ച ശേഷം 'ഉണർത്തപ്പെടേണ്ടുന്ന ഒരു വിഷയമാണ്' എന്ന് പ്രസ്താവിച്ചുകൊണ്ട് സയ്യിദ് റശീദു റിദ്വാ(റ) തഫ്സീറുൽ മനാറിൽ ചെയ്ത ഒരു പ്രസ്താവന ഇവിടെ ഓർമിപ്പിക്കുന്നത് ആവശ്യമായി തോന്നുന്നു. അതിന്റെ സാരം ഇങ്ങിനെയാണ്: 'മുലകുടി ബന്ധത്തിന്റെ കാര്യത്തിൽ ജനമദ്ധ്യെ ഒരു അലംഭാവനയം സാധാരണമായിത്തീർന്നിട്ടുണ്ട്. ഒന്നോ അധികമോ സ്ത്രീകളെക്കൊണ്ട് അവർ കുട്ടിക്ക് മുലകൊടുപ്പിക്കും. മുലകൊടുത്ത മാതാവിന്റെ മക്കൾ, സഹോദരികൾ, അവളുടെ ഭർത്താവിന്റെ മക്കൾ അവന്റെ സഹോദരികൾ എന്നിവരെ ശരിക്ക് അറിയുവാനും, അങ്ങനെ അവരും ആ കുട്ടിയും തമ്മിൽ വിവാഹസംബന്ധമായും മറ്റും ഏർപ്പെടുന്ന നിയമങ്ങളെ പരിഗണിക്കുവാനും അവർ ശ്രദ്ധിക്കാറില്ല. ഇത് നിമിത്തം പലപ്പോഴും, ഒരാൾ തന്റെ മുലകുടി ബന്ധത്തിലുള്ള സഹോദരിയെയോ, അമ്മായിയെയോ, ഇളയമ്മ – മൂത്തമ്മയെയോ അറിയാതെ വിവാഹം കഴിക്കുവാൻ ഇടവരുന്നു.'

വിവാഹബന്ധം നിമിത്തം നിഷിദ്ധമാക്കപ്പെട്ടവർ ഇവരാണ്:

(1) ഭാര്യമാരുടെ മാതാക്കൾ: മാതാക്കളിൽ മാതാമഹികളും പിതാമഹികളും ഉൾപെടുമെന്ന് മുമ്പ് പറഞ്ഞു. ഭാര്യയുമായി സംയോഗം നടന്നിട്ടില്ലെങ്കിലും ഭാര്യയുടെ മാതാക്കൾ നിഷിദ്ധം തന്നെയാണെന്നത്രെ ബലപ്പെട്ട അഭിപ്രായം. സംയോഗം നടന്നിരിക്കൽ ഒരു ഉപാധിയായി അല്ലാഹു ഇവിടെ പ്രസ്താവിച്ചിട്ടുമില്ലല്ലോ.

(2) വളർത്തുപുത്രികൾ: അതായത്, ഭാര്യമാർക്ക് മുൻവിവാഹത്തിൽ ജനിച്ച പെൺമക്കൾ. പക്ഷേ, ഭാര്യയുമായി സംയോഗം നടന്നിട്ടുണ്ടെങ്കിൽ മാത്രമെ ഇവർ നിഷിദ്ധമാകുകയുള്ളൂ. അഥവാ ഒരു സ്ത്രീയെ ഒരാൾ വിവാഹം കഴിച്ചതുകൊണ്ട് മാത്രം

അവളുടെ മുൻ വിവാഹത്തിൽ ജനിച്ച മകൾ നിഷിദ്ധമാകുകയില്ല. സംയോഗത്തിനു മുമ്പായി അവൾ വിവാഹമോചനം ചെയ്യപ്പെട്ടാൽ പിന്നീട് ആ മകളെ അവന് വേണമെങ്കിൽ വിവാഹം കഴിക്കാം. ഒരു സ്ത്രീയെ ഒരാൾ വിവാഹം കഴിച്ചു കൊണ്ടുവരുമ്പോൾ അവളുടെ മുൻ വിവാഹത്തിലുള്ള മക്കളും അയാളുടെ സംരക്ഷണത്തിൽ വളർത്തപ്പെടുകയാണല്ലോ സാധാരണ പതിവ്. ആ നിലക്കാണ് 'നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തുപുത്രികൾ (وَرَبَائِبُكُمُ اللاَّتِي فِي حُجُورِكُم)' എന്ന് പറഞ്ഞിരിക്കുന്നത്. അല്ലാതെ ഇതൊരു പ്രത്യേക നിബന്ധനയെന്ന നിലക്കല്ല. നിങ്ങളുടെ സംരക്ഷണത്തിലായി നിങ്ങളുടെ മക്കളെപ്പോലെ നിങ്ങൾ വളർത്തിവരുന്നവരെ നിങ്ങൾ വിവാഹം കഴിക്കുന്നത് നന്നല്ലല്ലോ എന്നൊരു സൂചനയും അതിൽ കാണാം. ആ കുട്ടികളുടെ പരിപാലനവും സംരക്ഷണവും നടക്കുന്നതു മറ്റു വല്ലവരുടെയും കൈക്കായിരുന്നാലും അവരെ വിവാഹം കഴിച്ചുകൂടാത്തതാണെന്ന് ഇതിൽ നിന്നുമനസ്സിലാക്കാം. ഇതിൽ അഭിപ്രായവ്യത്യാസമില്ലതാനും.

(3) പുത്രൻമാരുടെ ഭാര്യമാർ: പുത്രന്മാർ എന്ന വാക്കിൽ പൗത്രന്മാരും ഉൾപ്പെടും: എന്നാൽ, ദത്തുപുത്രന്മാർ ഉൾപെടുകയില്ല. ദത്തുപുത്രന്മാർക്ക് യഥാർത്ഥ പുത്രന്മാരുടെ സ്ഥാനം കൽപിക്കപ്പെടുന്ന പതിവ് ജാഹിലിയ്യത്തിൽ ഉണ്ടായിരുന്നുവെങ്കിലും ദത്തെടുക്കുന്ന സമ്പ്രദായത്തെ ഇസ്‌ലാം നിരോധിച്ചിരിക്കുകയാണ്. (സൂറത്തുൽ അഹ്സാബ് നോക്കുക.) ദത്തുപുത്രന്മാരെ ഒഴിവാക്കുവാൻ വേണ്ടിയാണ് പുത്രന്മാരെ പ്പറ്റി 'നിങ്ങളുടെ മുതുകെല്ലുകളിൽ നിന്നുള്ള (مِنْ أَصْلاَبِكُمْ)' എന്ന് വിശേഷിപ്പിച്ചിരിക്കുന്നതും. നിങ്ങളുടെ സ്വന്തം പുത്രന്മാർ എന്നർത്ഥം.

(4) രണ്ട് സഹോദരികളെ വിവാഹത്തിൽ ഒരുമിച്ചു കൂട്ടുക: അഥവാ രണ്ടു സഹോദരിമാരെ ഒന്നിച്ചു വിവാഹം ചെയ്യുകയോ ഒരുവൾ വിവാഹത്തിലിരിക്കെ മറ്റെവളെ കൂടി വിവാഹം കഴിക്കുകയോ ചെയ്യുക. ഇതു കുടുംബബന്ധത്തിലുള്ള സഹോദരികളെയും, മുലകുടി ബന്ധത്തിലുള്ള സഹോദരികളെയും ബാധിക്കുന്നതാണ് എന്നത്രെ ശരിയായ അഭിപ്രായം. അറബികളിൽ പതിവുണ്ടായിരുന്ന ഒരു ദുഃസ്സമ്പ്രദായമായിരുന്നു ഇതും. അതുകൊണ്ടാണ് 'മുമ്പു കഴിഞ്ഞതൊഴികെ (إلاَّ مَا قَدْ سَلَفَ)' എന്നു പറഞ്ഞത്. രണ്ട് സഹോദരിമാർ വിവാഹത്തിലുണ്ടായിരിക്കെ ഇസ്‌ലാമിൽ വന്ന ചിലരോട് രണ്ടിൽ ഒരുവളെ പിരിച്ചുവിടുവാൻ നബിﷺ കൽപിച്ചതായി ഹദീഥുകളിൽ വന്നിരിക്കുന്നു. (അ; തി; ജ) അവർ രണ്ടു സഹോദരികളെ ഒന്നിച്ചു വിവാഹം കഴിച്ചതു നിരോധത്തിനു മുമ്പാണെങ്കിലും അവരെ പിന്നെയും ഒരുമിച്ചു വെച്ചുകൊണ്ടിരിക്കുവാൻ പാടില്ലെന്നാണ് ഇതു കുറിക്കുന്നത്.

രണ്ടു സഹോദരികളെ വിവാഹത്തിൽ ഒരുമിച്ചു കൂട്ടുന്നതിനെപ്പറ്റി മാത്രമേ ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടുള്ളൂ. എങ്കിലും ഒരു സ്ത്രീയോടൊപ്പം അവളുടെ അമ്മായി, ഇളയമ്മ – മൂത്തമ്മ (പിതാവിന്റെയൊ മാതാവിന്റെയൊ സഹോദരികൾ), സഹോദരസഹോദരിമാരുടെ പുത്രി എന്നിവരെയും ഒരുമിച്ചുകൂട്ടുവാൻ പാടില്ലെന്നു നബിﷺ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. ബുഖാരി, മുസ്‌ലിം(റ) തുടങ്ങിയ ഹദീഥു പണ്ഡിതന്മാരെല്ലാം രേഖപ്പെടുത്തിയിട്ടുള്ള ഈ ഹദീഥിനെ ആധാരമാക്കി ബഹുഭൂരിഭാഗം പണ്ഡിതന്മാരും അതിൽ യോജിക്കുകയും ചെയ്തിരിക്കുന്നു. അൽപം ചില പിഴച്ച കക്ഷി വിഭാഗങ്ങൾക്കും പുരോഗമനവാദികളെന്ന് സ്വയം അഭിമാനിക്കുന്ന ചില ആധുനിക വ്യക്തികൾക്കും മാത്രമെ ഇതിൽ ഭിന്നാഭിപ്രായമുള്ളൂ. രണ്ട് സഹോദരികൾ ഒരേ സമയത്തു ഒരാളുടെ വിവാഹത്തിൽ കഴിഞ്ഞുകൂടുന്നതിനാൽ ഉണ്ടാകുന്ന ദോഷവശങ്ങൾ,

ഒരു സ്ത്രീയും അവളോടു അടുത്ത ചാർച്ചാബന്ധമുള്ള മറ്റൊരു സ്ത്രീയും ഒരുമിച്ചു കൂടുന്നതിനാലും ഉണ്ടായിത്തീരുന്നതാണ്. ഈ തത്വത്തെ ആസ്പദമാക്കിക്കൊണ്ടുതന്നെയാണ് നബിﷺ അതു വിരോധിച്ചിരിക്കുന്നതും. ഈ വിരോധത്തിനു പണ്ഡിതന്മാർ ഒരു അതിർത്തി നിർണയിക്കാറുള്ളത്, രണ്ടു സ്ത്രീകളിൽ ഒരുവൾ ആണായി സങ്കൽപിക്കുന്നപക്ഷം, അവർ തമ്മിൽ വിവാഹം പാടില്ലെങ്കിൽ അവർ രണ്ടുപേരെയും ഒരാളുടെ വിവാഹത്തിൽ ഒരുമിച്ചു കൂട്ടുവാനും പാടില്ല എന്നാകുന്നു. അല്ലാഹു തുടർന്നു പറയുന്നു:-

ജുസ്ഉ് - 5

وَٱلْمُحْصَنَٰتُ مِنَ ٱلنِّسَآءِ إِلَّا مَا مَلَكَتْ أَيْمَٰنُكُمْ ۖ كِتَٰبَ ٱللَّهِ عَلَيْكُمْ ۚ

﴾24﴿ 'സ്ത്രീകളിൽ നിന്നും പാതിവ്രത്യം സിദ്ധിച്ച [വിവാഹിതരായ] വരും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു), - നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരൊഴികെ. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ നിയമനം! [അവൻ നിയമിച്ചതാണിതെല്ലാം.]

وَأُحِلَّ لَكُم مَّا وَرَآءَ ذَٰلِكُمْ أَن تَبْتَغُوا۟ بِأَمْوَٰلِكُم مُّحْصِنِينَ غَيْرَ مُسَٰفِحِينَ ۚ فَمَا ٱسْتَمْتَعْتُم بِهِۦ مِنْهُنَّ فَـَٔاتُوهُنَّ أُجُورَهُنَّ فَرِيضَةً ۚ وَلَا جُنَاحَ عَلَيْكُمْ فِيمَا تَرَٰضَيْتُم بِهِۦ مِنۢ بَعْدِ ٱلْفَرِيضَةِ ۚ

അ(പ്പറഞ്ഞ)തിനപ്പുറമുള്ളത് നിങ്ങൾക്ക് അനുവദനീയമാക്കപ്പെടുകയും ചെയ്തിരിക്കുന്നു; (അതെ) വിടന്മാരല്ലാത്തനിലയിൽ - ചാരിത്ര്യം സൂക്ഷിക്കുന്നവരായ നിലയിൽ - നിങ്ങളുടെ ധനംകൊണ്ട് നിങ്ങൾ (സ്ത്രീകളെ) തേടിയെടുക്കുവാൻ (വേണ്ടി). [അതിനാണ് അങ്ങനെ അനുവദിച്ചിരിക്കുന്നത്.] അങ്ങനെ അവരിൽ നിന്ന് യാതൊരുവരെക്കൊണ്ടു നിങ്ങൾ ഉപയോഗമെടുത്തുവോ അവർക്ക് നിങ്ങൾ അവരുടെ പ്രതിഫല [വിവാഹമൂല്യ]ങ്ങൾ ഒരു നിശ്ചിത ബാധ്യതയായി [നിർബന്ധപൂർവ്വം] കൊടുക്കുവിൻ. (ആ) ബാധ്യതാ നിശ്ചയത്തിന് ശേഷം, നിങ്ങൾ പരസ്പരം യാതൊന്നു കൊണ്ട് തൃപ്തിപ്പെട്ടുവോ അതിൽ നിങ്ങളുടെ മേൽ കുറ്റമില്ലതാനും.

إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴿٢٤﴾

നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

مِنَ النِّسَاءِ സ്ത്രീകളിൽനിന്ന് وَالْمُحْصَنَاتُ പാതിവ്രത്യം സിദ്ധിച്ച (പതിവ്രതകളായ)വരും ﴾24﴿ إِلَّا مَا യാതൊന്നു (യാതൊരുവർ) ഒഴികെ مَلَكَتْ ഉടമപ്പെടുത്തിയ, അധീനമാക്കിയ أَيْمَانُكُمْ നിങ്ങളുടെ വലങ്കൈകൾ كِتَابَ اللَّهِ അല്ലാഹുവിന്റെ നിയമം, നിശ്ചയം, നിർബ്ബന്ധം, രേഖപ്പെടുത്തൽ عَلَيْكُمْ നിങ്ങളുടെ മേൽ وَأُحِلَّ അനുവദനീയമാക്കപ്പെടുകയും ചെയ്തിരിക്കുന്നു لَكُمْ നിങ്ങൾക്ക് مَا وَرَاءَ അപ്പുറമുള്ളത് ذَٰلِكُمْ അതിന്റെ أَنْ تَبْتَغُوا നിങ്ങൾ തേടിയെടുക്കുവാൻ بِأَمْوَالِكُمْ നിങ്ങളുടെ സ്വത്തുക്കൾ(ധനം) കൊണ്ട് مُحْصِنِينَ ചാരിത്ര്യം സൂക്ഷിക്കുന്ന (ചാരിത്ര്യശുദ്ധിയുള്ള)വരായി غَيْرَ مُسَافِحِينَ വിടുവൃത്തി ചെയ്യുന്നവരല്ലാതെ فَمَا അങ്ങനെ (എന്നാൽ) യാതൊന്ന് (യാതൊരുവർ) اسْتَمْتَعْتُمْ നിങ്ങൾ ഉപയോഗമെടുത്തു, അനുഭവിച്ചു, സുഖമെടുത്തു بِهِ അതിനെ (അവരെ) مِنْهُنَّ അവരിൽനിന്ന് فَآتُوهُنَّ എന്നാലവർക്ക് നിങ്ങൾ കൊടുക്കുവിൻ أُجُورَهُنَّ അവരുടെ പ്രതിഫലങ്ങൾ فَرِيضَةً നിശ്ചിത ബാദ്ധ്യതയായി നിർബ്ബന്ധകടമായി وَلَا جُنَاحَ തെറ്റുമില്ല, തെറ്റില്ലതാനും عَلَيْكُمْ നിങ്ങളുടെമേൽ فِيمَا യാതൊന്നിൽ تَرَاضَيْتُمْ നിങ്ങൾ അന്യോന്യം തൃപ്തിപ്പെട്ടു بِهِ അതുകൊണ്ട്, അതിനെ مِنْ بَعْدِ ശേഷം, പിന്നീട് الْفَرِيضَةِ (ബാധ്യത) നിശ്ചയത്തിന്നു, നിർണയത്തിന്റെ إِنَّ اللَّهَ كَانَ നിശ്ചയമായും അല്ലാഹു ആകുന്നു عَلِيمًا സർവ്വജ്ഞൻ حَكِيمًا അഗാധജ്ഞൻ

'കാക്കുക, തടുക്കുക, സൂക്ഷിക്കുക' എന്നൊക്കെ ഭാഷാർഥംവരുന്ന إِحْصَان (ഇഹ്സ്വാൻ) എന്ന മൂലത്തിൽ നിന്നുൽഭവിക്കുന്ന വിശേഷണ നാമങ്ങളാണ് مُحْصَنَة (മുഹ്സ്വനത്ത്), مُحْصِن (മുഹ്സ്വിൻ) എന്നീ പദങ്ങൾ. ആദ്യത്തെത് കർമരൂപത്തിലുള്ള സ്ത്രീലിംഗവും രണ്ടാമത്തേത് കർത്തൃരൂപത്തിലുള്ള പുല്ലിംഗവും ആകുന്നു. ഈ വചനത്തിൽ കാണുന്ന الْمُحْصَنَات എന്ന വാക്ക് ഒന്നാമത്തെതിന്റെയും مُحْصِنِينَ എന്ന വാക്ക് രണ്ടാമത്തേതിന്റെയും ബഹുവചനമാകുന്നു. പ്രസ്തുത ധാത്വർഥങ്ങളെ കണക്കിലെടുത്തുകൊണ്ടാണ് കോട്ടക്ക് حِصْن എന്നും, ചുറ്റു പുറവും ഭിത്തിമതിൽ കെട്ടി രക്ഷിക്കപ്പെട്ട രാജ്യത്തിന് بَلَدٌ حَصِينٌ എന്നും മറ്റും പറയപ്പെടുന്നത്. ദുർവൃത്തിയിലും, അപമാനത്തിലും അകപ്പെടുന്നത് കാത്തുസൂക്ഷിക്കുക – അഥവാ പാതിവ്രത്യവും, ചാരിത്ര്യ ശുദ്ധിയും സംരക്ഷിക്കുക – എന്ന അർഥത്തിലാണ് ഇത്തരം സന്ദർഭങ്ങളിൽ ആ വാക്കുകൾ ഉപയോഗിച്ചു വരുന്നത്. ഭാഷാർത്ഥം പരിഗണിക്കപ്പെടുന്നതോടൊപ്പം തന്നെ സന്ദർഭമനുസരിച്ചു ആ പദങ്ങൾ കൊണ്ടുള്ള വിവക്ഷയിൽ വ്യത്യാസം വരാവുന്നതാണ്. ഇമാം റാസീ(റ) മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ, ക്വുർആനിൽ ഒന്നിലധികം ഉദ്ദേശ്യത്തിൽ إِحْصَان എന്ന് ഉപയോഗിച്ചിരിക്കുന്നതു കാണാം.

ഉദാഹരണമായി:-

(1) സ്വാതന്ത്ര്യത്തെ ഉദ്ദേശിച്ച്: അടുത്ത വചനത്തിലും, 24:4 ലും കാണുന്ന الْمُحْصَنَات കൊണ്ടുദ്ദേശ്യം സ്വതന്ത്രകളായ സ്ത്രീകൾ എന്നാകുന്നു.

(2) **ചാരിത്ര്യശുദ്ധിയെ – അഥവാ പാതിവ്രത്യത്തെ – ഉദ്ദേശിച്ച്:** ഈ വചനത്തിലെ مُحْصِنِينَ യും, അടുത്തതിലെ مُحْصَنَات ഉം ചാരിത്ര്യം സൂക്ഷിക്കുന്ന പുരുഷന്മാരെയും ചാരിത്ര്യം സൂക്ഷിക്കപ്പെട്ട സ്ത്രീകളെയും ഉദ്ദേശിച്ചാകുന്നു.

(3) **വിവാഹിതരാകുന്നതിനെ ഉദ്ദേശിച്ച്:** ഈ വചനത്തിൽ കാണുന്ന وَالْمُحْصَنَاتُ കൊണ്ടുദ്ദേശ്യം വിവാഹിതരായ സ്ത്രീകളാകുന്നു. കഴിഞ്ഞ വചനത്തിൽ വിവരിച്ചവർക്ക് പുറമെ, ഒരു വിവാഹത്തിലിരിക്കുന്ന സ്ത്രീകളെ മറ്റൊരാൾക്ക് വിവാഹം കഴിക്കലും നിഷിദ്ധമാണ് എന്നർത്ഥം. കാരണം, ആദ്യത്തെ രണ്ടർത്ഥങ്ങളിലുള്ളവരെ – സ്വതന്ത്രകളെയും, ചാരിത്ര്യ ശുദ്ധിയുള്ളവരെയും – വിവാഹം കഴിക്കുന്നതിനു യാതൊരു വിരോധവുമില്ലെന്ന് സ്പഷ്ടമാണല്ലോ. സ്വാതന്ത്ര്യം മൂലം അടിമത്തത്തിന്റെ പോരായ്മകളിൽനിന്നും, ചാരിത്ര്യ ശുദ്ധിയും വിവാഹവും മൂലം ദുർന്നടപ്പുകളിൽനിന്നും അപമാനങ്ങളിൽനിന്നും സംരക്ഷണം ലഭിക്കുന്നതിൽനിന്നാണ് ഈ ഉദ്ദേശ്യാർത്ഥങ്ങൾ ഉൽഭവിക്കുന്നത്. مُحْصِنٌ എന്ന വാക്കിന് 'സ്വതന്ത്രൻ. വിവാഹിതൻ, ചാരിത്ര്യ ശുദ്ധൻ, എന്നൊക്കെ സന്ദർഭോചിതം അർത്ഥവ്യത്യാസം വരുന്നതിന്റെ കാരണവും, പശ്ചാത്തലവും മനസ്സിലാക്കുവാൻ വേണ്ടിയാണിത് ഇത്രയും വിവരിച്ചത്. ഇവിടെ മാത്രമല്ല, ചിലപ്പോഴെല്ലാം ഈ വിവരണം ഓർമയിലുണ്ടായിരിക്കുന്നത് നന്നായിരിക്കും.

എനി, നമുക്ക് ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ട വിഷയങ്ങൾ ശ്രദ്ധിക്കാം. കഴിഞ്ഞ വചനത്തിൽ പ്രത്യേക കാരണങ്ങളാൽ വിവാഹം നിഷിദ്ധമാക്കപ്പെട്ട സ്ത്രീകൾ ആരൊക്കെയാണെന്ന് വിവരിച്ചു. അതിലൊന്നും ഉൾപെടാത്തവരാണെങ്കിലും അന്യരുടെ വിവാഹബന്ധത്തിൽ ഇരിക്കുന്നവരെന്ന കാരണത്താൽ നിഷിദ്ധമാക്കപ്പെട്ടവരെക്കുറിച്ചാണ് وَالْمُحْصَنَاتُ مِنَ النِّسَاء (സ്ത്രീകളിൽനിന്നും പാതിവ്രത്യം സിദ്ധിച്ചവരും) എന്ന് പറഞ്ഞിരിക്കുന്നത്. വിവാഹിതർ എന്ന ഉദ്ദേശ്യത്തിലാണ് ഈ വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നതെന്ന് മുമ്പ് ചൂണ്ടിക്കാണിച്ചുവല്ലോ. വിവാഹിതരെ വിവാഹം കഴിച്ചുകൂടാ എന്ന് പറഞ്ഞതിൽനിന്ന് ഒരു കൂട്ടരെ ഒഴിവാക്കേണ്ടതായുണ്ട്. ഇസ്‌ലാമിന്റെ ശത്രുക്കളുമായുള്ള യുദ്ധത്തിൽ ബന്ധനസ്ഥരായി പിടിക്കപ്പെട്ട സ്ത്രീകളാണത്. അവർ വിവാഹിതരായിരുന്നാലും ശത്രുനാട്ടി ('ദാറുൽ ഹർബി')ലുള്ള അവരുടെ ഭർത്താക്കളും അവരും തമ്മിലുള്ള വിവാഹബന്ധം അതോടെ ദുർബലപ്പെട്ടുപോകുന്നു. ഇരുകൂട്ടരും തമ്മിൽ പിന്നീട് വിവാഹബന്ധം തുടരുവാനും സാധ്യമാകുന്നതല്ല. ബന്ധനസ്ഥരാക്കപ്പെട്ടവരെ സേനാനികൾക്കിടയിൽ അധികൃതമായി ഭാഗിച്ചു കിട്ടിയശേഷം, അവർക്ക് ഗർഭമില്ലെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ അവരെ സമീപിക്കുവാൻ പാടുള്ളൂ. വേണമെങ്കിൽ അവരെ വിവാഹം കഴിച്ചു ഭാര്യമാരായി സ്വീകരിക്കുകയോ, അടിമകളായിവെക്കുകയോ, അന്യർക്കു വിവാഹം കഴിച്ചു കൊടുക്കുകയോ ചെയ്യാവുന്നതാണ്. ഈ സ്ത്രീകളെപ്പറ്റിയാണ് إِلَّا مَا مَلَكَتْ أَيْمَانُكُمْ (നിങ്ങളുടെ വലം കൈകൾ ഉടമപ്പെടുത്തിയവരൊഴികെ) എന്നു പറഞ്ഞത്.

ഔത്വാസ് (اوطاس) യുദ്ധത്തിൽ ബന്ധനസ്ഥരായ സ്ത്രീകളിൽ വിവാഹിതരായിരുന്നവരോട് – അവർക്ക് ഭർത്താക്കളുണ്ടായിരിക്കെ – ബന്ധത്തിലേർപ്പെടുവാൻ സ്വഹാബികൾക്ക് വൈമനസ്യം ഉണ്ടായെന്നും, ഇതിനെപ്പറ്റി അവർ റസൂൽ തിരുമേനി ﷺ യോട് ചോദിച്ചുവെന്നും, ആ സന്ദർഭത്തിൽ ഈ വചനം അവതരിച്ചുവെന്നും പല മാർഗങ്ങളിലൂടെയും ഹദീഥിൽ വന്നിരിക്കുന്നു. (അ; മു; തി; ന) ഈ സ്ത്രീകളുടെ വിവാഹത്തിൽനിന്ന് ജനിക്കുന്ന കുട്ടികൾ സ്വതന്ത്രരായിരിക്കുന്നതും, ഈ സ്ത്രീകൾ അവരുടെ യജ

മാനന്റെയോ ഭർത്താവിന്റെയോ മരണത്തോടു കൂടി - അതിന് മുമ്പ് അവർ സ്വതന്ത്ര രാക്കപ്പെട്ടു കഴിഞ്ഞിട്ടില്ലെങ്കിൽ - താനേ സ്വതന്ത്രരായിത്തീരുന്നതുമാണെന്ന് 4-ാം വച നത്തിന്റെ വ്യാഖ്യാനത്തിൽ നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. [مِلْكُ الْيَمِينْ വലങ്കൈയിന്റെ ഉടമസ്ഥത - എന്ന പ്രയോഗത്തെപ്പറ്റി സൂ: മുഅ്മിനൂൻ 6-ാം വചനത്തിന്റെ അനുബന്ധ വ്യാഖ്യാനക്കുറിപ്പിലും, അടിമകളെ സംബന്ധിച്ച ഇസ്‌ലാമിക നിലപാടിനെപ്പറ്റി സൂ: അഹ്സാബിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിലും, 47: 4 ന്റെ വ്യാഖ്യാനത്തിലും വിവ രിച്ചത് നോക്കുക].

വിവാഹം ചെയ്‌വാൻ പാടില്ലാത്ത സ്ത്രീകളെ വിവരിച്ച ശേഷം നിങ്ങളുടെ മേൽ അല്ലാഹു നിയമിച്ച നിയമമാണിത് (كِتَابَ اللَّهِ عَلَيْكُمْ) എന്ന് പറഞ്ഞുകൊണ്ട് ഇതിൽ ആർക്കും ഭേദഗതി വരുത്തുവാൻ അധികാരമില്ലെന്നും, ഇപ്പറഞ്ഞതിന് പുറമെയുള്ള വർ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു (وَأُحِلَّ لَكُم مَّا وَرَاءَ ذَٰلِكُمْ) എന്ന് പറ ഞ്ഞുകൊണ്ട് മറ്റുള്ള സ്ത്രീകളിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ടവരെ വിവാഹം കഴിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഈ സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നത് എന്തിനുവേണ്ടിയാണെന്നും, അത് ഉപയോഗപ്പെടുത്തുന്നതിൽ ഗൗനിക്കപ്പെടേണ്ടത് എന്താണെന്നും കൂടി അല്ലാഹു ഓർമിപ്പിച്ചിരിക്കുന്നു. അതാണ് أَن تَبْتَغُوا بِأَمْوَالِكُم... (വേശ്യാവൃത്തരല്ലാതെ ചാരിത്ര്യം സൂക്ഷിക്കുന്നവരായ നിലയിൽ നിങ്ങളുടെ ധനം കൊണ്ട് നിങ്ങൾ സ്ത്രീകളെ അന്വേഷിച്ചു പിടിക്കുവാൻ) എന്ന വാക്യത്തിൽ കാണുന്നത്. വിവാഹം കഴിക്കേണമെങ്കിൽ സ്ത്രീകളുടെ സ്ഥിതി ക്കനുസരിച്ചു മഹ്ർ നൽകണം. പിന്നീട് അവരുടെ ചിലവുകൾ വഹിക്കുകയും വേണം. നിയമാനുസൃതമായ വിവാഹം കഴിക്കാതെ അവിഹിതമാർഗങ്ങൾ സ്വീകരിക്കുമ്പോഴും ധനം വ്യയം ചെയ്യേണ്ടി വരും. അതുകൊണ്ട് നിങ്ങൾ നിങ്ങൾക്കുതന്നെ അപമാനവും, അപകടവുമായ ദുർവൃത്തികളിൽ ചെന്ന് പതിക്കരുത്. നിങ്ങളുടെ ചാരിത്ര്യശുദ്ധിയും, സാന്മാർഗികമായ മാനമര്യാദയും നിലനിറുത്തിപ്പോരുമാറ് നിങ്ങളുടെ ധനം നിങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്. അതിനു ഉതകുന്ന വിധത്തിലുള്ള സ്ത്രീകളെ നിങ്ങൾ അന്വേഷിച്ചു പിടിച്ച് അവരുമായി പരിണയിക്കുകയാണ് നിങ്ങൾക്ക് നല്ലത്. അതിനു വേണ്ടിയാണ് നിങ്ങൾക്ക് വിവാഹം അനുവദിച്ചു തന്നിരിക്കുന്നത് എന്നൊക്കെയാണ് അതിലടങ്ങിയ സൂചനകൾ. നിയമങ്ങൾ എടുത്തു പറഞ്ഞു മതിയാക്കാതെ, അതിലട ങ്ങിയ യുക്തിരഹസ്യങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും കൂടി ചൂണ്ടിക്കാട്ടുക ക്വുർആന്റെ പതി വാണല്ലോ. (അതിനപ്പുറമുള്ള സ്ത്രീകൾ ماوراء ذلكم എന്ന വാക്കിന്റെ ഉദ്ദേശ്യ ത്തെപ്പറ്റി താഴെ വിവരിക്കുന്നുണ്ട്).

...... فَمَا اسْتَمْتَعْتُم بِهِ مِنْهُنَّ (അവരിൽ നിന്നും നിങ്ങൾ യാതൊരുവരെക്കൊണ്ട് ഉപ യോഗമെടുത്തുവോ അവർക്ക് അവരുടെ പ്രതിഫലങ്ങൾ ഒരു നിശ്ചിത ബാധ്യതയായി നിങ്ങൾ കൊടുക്കണം). എന്ന് പറഞ്ഞുകൊണ്ട് മഹ്റിന്റെ കാര്യം അല്ലാഹു പ്രത്യേകം ഓർമിപ്പിക്കുന്നു. പ്രതിഫലങ്ങൾ (اجور) കൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടത് മഹ്റാണ്. അവരിൽ നിന്നും ഉപയോഗപ്പെടുത്തുന്ന സുഖങ്ങളുടെ പേരിൽ അവർക്ക് നൽകപ്പെ ടുന്ന ഒരു പാരിതോഷികമാണല്ലോ മഹ്ർ. അതാണതിന് പ്രതിഫലം എന്നു പറയു വാൻ കാരണം. നിങ്ങളുടെ ചാരിത്ര്യശുദ്ധി സൂക്ഷിക്കുവാൻ വേണ്ടി നിങ്ങൾ ഉപയോ ഗപ്പെടുത്തുന്നവർക്ക് ആ പാരിതോഷികം നൽകുന്നതിൽ അമാന്തം വരുത്തുന്നത് ഒട്ടും

ഭൂഷണമല്ല. അത് കൊടുത്തു തീർക്കൽ നിങ്ങളുടെ ഒഴിച്ചുകൂടാത്ത ഒരു കടമയാണ് എന്ന് സാരം.

മഹ്‌റിന്റെ കാര്യം വളരെ പ്രധാനപ്പെട്ടതാണെങ്കിലും മഹ്ർ തിട്ടപ്പെടുത്തി നിശ്ചയിച്ചു കഴിഞ്ഞശേഷം ഇരുകൂട്ടരും പരസ്പരം തൃപ്തിപ്പെട്ടുകൊണ്ട് അതിൽ വല്ല വിട്ടുവീഴ്ചയും ചെയ്യുന്ന പക്ഷം അതിൽ യാതൊരു തെറ്റുമില്ല. ഭാര്യ അതിന്റെ ഏതാനും ഭാഗമോ, മുഴുവൻ തന്നെയോ ഭർത്താവിന് സന്തോഷപൂർവ്വം ഒഴിവാക്കിക്കൊടുത്താൽ അവൻ പിന്നീട് അതു കൊടുക്കേണ്ടതില്ല. നിശ്ചയിച്ചതിനെക്കാൾ കൂടുതലായി വല്ലതും കൂട്ടിക്കൊടുത്താൽ ഭാര്യക്ക് അത് സ്വീകരിക്കുന്നതിനും വിരോധമില്ല. എന്നൊക്കെയാണ് ..... وَلَا جُنَاحَ عَلَيْكُمْ (നിർണയം ചെയ്തതിനുശേഷം നിങ്ങൾ പരസ്പരം തൃപ്തിപ്പെട്ടു കൊടുക്കുന്നതിൽ നിങ്ങൾക്ക് തെറ്റില്ല) എന്ന വാക്യത്തിന്റെ സാരം. ഭാര്യമാരുടെ ഭാഗത്തുനിന്നു മഹ്‌റിൽ വല്ലതും വിട്ടുകൊടുക്കുന്ന പക്ഷം അത് സ്വീകരിക്കാമെന്നാണ് മുമ്പ് 4-ാം വചനത്തിൽ പ്രസ്താവിച്ചത്. ഇവിടെയാകട്ടെ, വിട്ടുവീഴ്ച രണ്ട് ഭാഗത്തു നിന്നും ആവാമെന്ന് ചൂണ്ടിക്കാട്ടിയിരിക്കുന്നു. അൽബക്വറഃ : 237 ലും ഈ സംഗതിയെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്. പക്ഷേ, ഭർത്താവിന്റെ ഭാഗത്തുനിന്നാണ് കൂടുതൽ ഔദാര്യം പ്രകടമാകേണ്ടത് എന്നുകൂടി അവിടെ അല്ലാഹു പ്രത്യേകം ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഈ വചനം അല്ലാഹു അവസാനിപ്പിക്കുന്നത് إِنَّ اللَّهَ كَانَ عَلِيمًا حَكِيمًا (നിശ്ചയമായും, അല്ലാഹു സർവ്വജ്ഞനും അഗാധജ്ഞനുമാകുന്നു) എന്ന് പറഞ്ഞു കൊണ്ടാണ്. ഈ നിയമ നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നത് അല്ലാഹുവാണ്, അവൻ സർവ്വജ്ഞനും അഗാധജ്ഞനുമാണ്, എന്നിരിക്കെ, നിങ്ങളുടെ ഇഹപര നന്മകൾക്ക് ഉപയുക്തവും പ്രായോഗികവുമായ അനുഷ്ഠാന മാർഗം ഏതാണെന്ന് നിങ്ങളെക്കാൾ അറിയുക അവനാണ്, ഈ നിയമ പരിധികളെ നിങ്ങൾ ലംഘിക്കുന്ന പക്ഷം അത് നിങ്ങൾക്ക് തന്നെ ദോഷം വരുത്തും എന്നൊക്കെയാണ് ഈ വാക്യത്തിലടങ്ങിയ ചില സൂചനകൾ.

കഴിഞ്ഞ 22, 23, 24 വചനങ്ങളിലായി വിവാഹം നിഷിദ്ധമാക്കപ്പെട്ട പല സ്ത്രീകളെക്കുറിച്ചും പ്രസ്താവിച്ച ശേഷം അല്ലാഹു പറയുന്നു: وَأُحِلَّ لَكُم مَّا وَرَاءَ ذَٰلِكُمْ (അതിനു - മേൽപറഞ്ഞതിന് - അപ്പുറമുള്ളവർ നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നു.) അപ്പോൾ, കുടുംബബന്ധം മൂലം നിഷിദ്ധമാകുന്ന സ്ത്രീകളെല്ലാം മുലകുടി ബന്ധം മൂലവും നിഷിദ്ധമാകുമെന്നും, രണ്ട് സഹോദരികളെ ഒരുമിച്ചു കൂട്ടുന്നതുപോലെ, ഒരു സ്ത്രീയെയും അവളുടെ അമ്മായി പോലെയുള്ളവരെയും ഒരുമിച്ചു കൂട്ടുന്നതും നിഷിദ്ധമാണെന്നും മറ്റും ഹദീഥുകളിൽ വന്നിട്ടുള്ളത് ഇതിന് എതിരാവുകയില്ലേ എന്ന് വല്ലവർക്കും സംശയം തോന്നിയേക്കാം. ഈ സംശയ സാധ്യതയെ ചൂഷണം ചെയ്തുകൊണ്ടും, പൊക്കിക്കാണിച്ചുകൊണ്ടും തൽപരകക്ഷിക്കാരായ ചില ആളുകൾ ആ ഹദീഥുകൾ ക്വുർആന്റെ പ്രസ്താവനക്ക് നിരക്കാത്തവയാണെന്ന് വരുത്തിത്തീർക്കുകയും, ഹദീഥിന്റെ പ്രാമാണ്യതയെപ്പോലും ചോദ്യം ചെയ്യുന്നതിനുള്ള ഒരായുധമാക്കി അതിനെ ഉപയോഗപ്പെടുത്തുകയും ചെയ്യാറുണ്ട്. പ്രസ്തുത സംശയത്തിനുള്ള മറുപടി താഴെ വിവരിക്കുന്നതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്:-

വിവാഹം നിഷിദ്ധമാക്കപ്പെട്ട മുഴുവൻ സ്ത്രീകളെയും ഈ വചനങ്ങളിൽ വിശദമായി വിവരിക്കുകയല്ല അല്ലാഹു ചെയ്തിരിക്കുന്നത്. മുശ്‌രിക്കുകളായ സ്ത്രീകളെ വിവാഹം ചെയ്‌വാൻ പാടില്ലെന്ന് അൽബക്വറഃ 221 ലും, ഭാര്യയെ മൂന്നു പ്രാവശ്യം

ത്വലാക്വ് (വിവാഹമോചനം) നടത്തിയവന് അവളെ മറ്റൊരാൾ വിവാഹം കഴിച്ചാലല്ലാതെ വിവാഹം കഴിച്ചുകൂടാ എന്ന് അൽബക്വറഃ 230 ലും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അവരെപ്പറ്റി അവിടെ പ്രസ്താവിച്ചത് കൊണ്ട് മതിയാക്കുകയും, ഇവിടെ അവരെപ്പറ്റി പ്രസ്താവിക്കാതിരിക്കുകയും ചെയ്തതിൽനിന്നുതന്നെ ഈ സംഗതി മനസ്സിലാക്കാം. കുടുംബബന്ധം, മുലകുടിബന്ധം, വിവാഹബന്ധം എന്നിവ നിമിത്തം വിവാഹം ചെയ്‌വാൻ പാടില്ലാത്ത സ്ത്രീകളിൽ പലരെക്കുറിച്ചും വ്യക്തമായി പ്രസ്താവിക്കുകയും, മറ്റുള്ളവരെക്കുറിച്ചു - വാക്കുകളിൽ നിന്നോ, യുക്തിതത്വങ്ങളിൽനിന്നോ മനസ്സിലാക്കാവുന്നതുകൊണ്ട് - വ്യക്തമായി പ്രസ്താവിക്കാതിരിക്കുകയുമാണ് ഈ വചനങ്ങളിൽ ചെയ്തിരിക്കുന്നത്. വ്യക്തമായി പ്രസ്താവിക്കപ്പെടാത്തവരെക്കുറിച്ചാണ് നബിﷺ നമുക്ക് ഹദീഥുകളിൽ വിവരിച്ചു തന്നിരിക്കുന്നതും.

സ്വന്തം മാതാക്കളെപ്പോലെത്തന്നെ, മാതാപിതാക്കളുടെ മാതാക്കളെ (ഉമ്മാമ്മമാരെ)യും വിവാഹം ചെയ്തുകൂടാ എന്നും, സ്വന്തം പുത്രിമാരെപ്പോലെത്തന്നെ, മക്കളുടെ പുത്രിമാരെയും വിവാഹം ചെയ്തുകൂടാ എന്നുമുള്ളതിൽ ആർക്കും തർക്കമില്ല. മാതാപിതാക്കളുടെ മാതാക്കളെ 'മാതാക്കളി'ലും, മക്കളുടെ പുത്രിമാരെ 'പുത്രിമാരി'ലും ഉൾപ്പെടുത്തി മൊത്തത്തിൽ മാതാക്കൾ (أُمَّهَاتِ) എന്നും, പുത്രികൾ (بَنَاتِ) എന്നും പറഞ്ഞുമതിയാക്കിയിരിക്കുകയാണ്. ഇതുപോലെത്തന്നെ, സഹോദര സഹോദരികളിൽ മാതാവും പിതാവും ഒത്തവരും, പിതാവോ മാതാവോ ഒത്തവരും ഉൾപ്പെടുമെന്നതിലും സംശയമില്ല. ഇവിടെയും 'സഹോദരികൾ, സഹോദരൻ, സഹോദരി' (اخوات، اخ، اخت) എന്നൊക്കെ സാമാന്യമായി പറഞ്ഞു മതിയാക്കിയിരിക്കുകയാണ്. ഇതെല്ലാം ക്വുർആൻ ഉപയോഗിച്ചവാക്കുകളിൽ നിന്നു മനസ്സിലാക്കാവുന്നതുമാണ്. മുലകുടി ബന്ധത്തിലുള്ള മാതാക്കളെയും സഹോദരികളെയും കുറിച്ചു പ്രസ്താവിച്ചപ്പോൾ, മുലകുടിക്കുന്ന കുട്ടിക്കും അവർക്കുമിടയിൽ ആ ബന്ധം സുസ്ഥാപിതമാകുന്നതുപോലെ അത് മറ്റുള്ളവർക്കിടയിലും സ്ഥാപിതമാകുക അനിവാര്യമാണെന്നു സൂചിപ്പിക്കുന്നു. امهاتكم اللاتى ارضعنكم (നിങ്ങൾക്ക് മുല തന്ന നിങ്ങളുടെ മാതാക്കൾ) എന്നും وَأَخَوَاتُكُم مِّنَ الرَّضَاعَةِ (മുലകുടിബന്ധത്താലുള്ള നിങ്ങളുടെ സഹോദരികൾ) എന്നും വിശേഷിപ്പിച്ചുകൊണ്ടാണത്. അല്ലാത്തപക്ഷം നിങ്ങൾക്ക് മുലതന്ന സ്ത്രീകളും അവരുടെ പുത്രിമാരും എന്ന് പറഞ്ഞാൽ മതിയാകുമായിരുന്നുവല്ലോ. രണ്ടു സഹോദരികളെ വിവാഹത്തിൽ ഒരുമിച്ചു കൂട്ടുന്നതിനെ നിരോധിച്ചതിൽ അടങ്ങിയ തത്വം ഒരു സ്ത്രീയെയും അവളുടെ മാതാവ്, അമ്മായി മുതലായവരെയും ഒരുമിച്ചു കൂട്ടുമ്പോഴും ഉണ്ടാകുമെന്ന് ആർക്കും മനസ്സിലാക്കാവുന്ന കാര്യമാണ്. എന്നാൽ, സൂചനകളും യുക്തിതത്വങ്ങളും മനസ്സിലാക്കുന്നതിൽ എല്ലാവരും ഒരേ നിലവാരമുള്ളവരായിരിക്കയില്ലല്ലോ. അതുകൊണ്ട് അത്തരം സംഗതികൾ നബിﷺ തന്നെ സമുദായത്തിനു വിവരിച്ചു കൊടുത്തിരിക്കുകയാണ്. 'നിനക്ക് ഈ പ്രമാണം നാം അവതരിപ്പിച്ചത് അവർക്ക് ഇറക്കപ്പെട്ടിട്ടുള്ളത് നീ അവർക്ക് വിവരിച്ചു കൊടുക്കുവാൻ വേണ്ടിയാകുന്നു.' (16 : 44) എന്ന് അല്ലാഹു നബിﷺയോട് പറഞ്ഞിട്ടുമുണ്ടല്ലോ. മേൽ വിവരിച്ച വസ്തുതകളിലേക്കുള്ള ഒരു വിരൽചൂണ്ടലായിട്ടാണ് 'ആ സ്ത്രീകൾക്കപ്പുറമുള്ളവർ (مَّا وَرَاءَ هُنَّ)' എന്ന് പറയാതെ 'ആ പറഞ്ഞതിനപ്പുറമുള്ളവർ مَّا وَرَاءَ ذَٰلِكُمْ എന്നു ആ വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചു കാണാം. والله اعلم

وَمَن لَّمۡ يَسۡتَطِعۡ مِنكُمۡ طَوۡلًا أَن
يَنكِحَ ٱلۡمُحۡصَنَٰتِ ٱلۡمُؤۡمِنَٰتِ
فَمِن مَّا مَلَكَتۡ أَيۡمَٰنُكُم مِّن
فَتَيَٰتِكُمُ ٱلۡمُؤۡمِنَٰتِۚ

﴾25﴿നിങ്ങളിൽനിന്നു വല്ലവർക്കും സത്യവിശ്വാസിനികളായ ചാരിത്ര്യവതികളെ [സ്വതന്ത്ര സ്ത്രീകളെ] വിവാഹം കഴിക്കുന്നതിനു(ള്ളധന) ശേഷി സാദ്ധ്യമാകാത്തപക്ഷം, അപ്പോൾ - സത്യവിശ്വാസിനികളായ നിങ്ങളുടെ വാലിയക്കാരികളിൽ നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരിൽ നിന്നു (വിവാഹം കഴിച്ചുകൊള്ളുക).

وَٱللَّهُ أَعۡلَمُ بِإِيمَٰنِكُمۚ بَعۡضُكُم مِّنۢ
بَعۡضٖۚ

നിങ്ങളുടെ വിശ്വാസത്തെക്കുറിച്ച് അല്ലാഹു ഏറ്റവും അറിയുന്നവനുമാകുന്നു. നിങ്ങളിൽ ചിലർ ചിലരിൽനിന്നുള്ളവരത്രെ. [എല്ലാവരും പരസ്പരം സഹോദരങ്ങളാണല്ലോ.]

فَٱنكِحُوهُنَّ بِإِذۡنِ أَهۡلِهِنَّ
وَءَاتُوهُنَّ أُجُورَهُنَّ بِٱلۡمَعۡرُوفِ
مُحۡصَنَٰتٍ غَيۡرَ مُسَٰفِحَٰتٖ وَلَا
مُتَّخِذَٰتِ أَخۡدَانٖۚ

ആകയാൽ, അവരുടെ ആൾക്കാരുടെ [കൈകാര്യക്കാരുടെ] സമ്മതപ്രകാരം നിങ്ങളവരെ വിവാഹം കഴിച്ചുകൊള്ളുക. (സദാചാര) മര്യാദപ്രകാരം അവരുടെ പ്രതിഫലങ്ങൾ [മഹ്റുകൾ] അവർക്ക് നൽകുകയും ചെയ്യുവിൻ. (അതെ) വേശ്യാവൃത്തരല്ലാത്തവരും, (രഹസ്യ)വേഴ്ചക്കാരെ സ്വീകരിക്കാത്തവരുമായ ചാരിത്ര്യശുദ്ധകളായ നിലയിൽ (അവരെ വിവാഹം കഴിച്ചേക്കുക).

فَإِذَآ أُحۡصِنَّ فَإِنۡ أَتَيۡنَ
بِفَٰحِشَةٖ فَعَلَيۡهِنَّ نِصۡفُ مَا عَلَى
ٱلۡمُحۡصَنَٰتِ مِنَ ٱلۡعَذَابِۚ
ذَٰلِكَ لِمَنۡ خَشِيَ ٱلۡعَنَتَ مِنكُمۡۚ

അങ്ങനെ, അവർക്ക് ചാരിത്ര്യസംരക്ഷണം ലഭിച്ചിട്ടു [വിവാഹം കഴിഞ്ഞിട്ടു പിന്നെ] അവർ വല്ല നീചവൃത്തിയും കൊണ്ടുവന്നു [ചെയ്തു] വെങ്കിൽ, അപ്പോൾ - ചാരിത്ര്യ ശുദ്ധകളായ [സ്വതന്ത്ര] സ്ത്രീകളുടെ മേലുണ്ടാകുന്ന ശിക്ഷയുടെ പകുതി അവരുടെ മേൽ ഉണ്ടായിരിക്കും. അതു [അടിമകളെ വിവാഹം ചെയ്യാമെന്നുള്ളത്] നിങ്ങളിൽ അസഹ്യ

وَأَن تَصۡبِرُواْ خَيۡرٞ لَّكُمۡۗ	തയെ ഭയപ്പെട്ടവർക്കാകുന്നു. നിങ്ങൾ ക്ഷമിക്കുന്നതാവട്ടെ, നിങ്ങൾക്കു (കൂടുതൽ) ഉത്തമവുമത്രെ.
وَٱللَّهُ غَفُورٞ رَّحِيمٞ ﴿٢٥﴾	അല്ലാഹു, വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴾25﴿ وَمَنۡ വല്ലവരും, ആർ لَمۡ يَسۡتَطِعۡ അവനു സാദ്ധ്യമായില്ല (എങ്കിൽ) مِنكُمۡ നിങ്ങളിൽ നിന്ന് طَوۡلًا ശേഷിക്കു, ശേഷിയാൽ, പ്രാപ്തിയാൽ (ധനത്താൽ) أَن يَنكِحَ അവൻ വിവാഹം കഴിക്കുവാൻ ٱلۡمُحۡصَنَٰتِ ചാരിത്ര്യവതികളെ (സ്വതന്ത്രകളെ) ٱلۡمُؤۡمِنَٰتِ സത്യവിശ്വാസിനികളായ فَمِن مَّا مَلَكَتۡ എന്നാൽ (അപ്പോൾ) ഉടമപ്പെടുത്തിയവരിൽനിന്ന് أَيۡمَٰنُكُم നിങ്ങളുടെ വലംകൈകൾ مِّن فَتَيَٰتِكُمُ നിങ്ങളുടെ വാലിയക്കാരി(ദാസി)കളിൽനിന്ന് ٱلۡمُؤۡمِنَٰتِ സത്യവിശ്വാസിനികളായ وَٱللَّهُ അല്ലാഹുവാകട്ടെ أَعۡلَمُ ഏറ്റവും (നല്ലവണ്ണം) അറിയുന്നവനാണ് بِإِيمَٰنِكُم നിങ്ങളുടെ വിശ്വാസത്തെപ്പറ്റി بَعۡضُكُم നിങ്ങളിൽ ചിലർ مِّنۢ بَعۡضٖ ചിലരിൽ നിന്നാണ്, ചിലരിൽ പെട്ടവരാണ് فَٱنكِحُوهُنَّ ആകയാൽ(അപ്പോൾ) അവരെ നിങ്ങൾ വിവാഹം കഴിക്കുവിൻ بِإِذۡنِ സമ്മത പ്രകാരം, അനുവാദത്തോടെ أَهۡلِهِنَّ അവരുടെ ആൾക്കാരുടെ, വീട്ടുകാരുടെ وَءَاتُوهُنَّ അവർക്കു നിങ്ങൾ നൽകുകയും ചെയ്യുവിൻ أُجُورَهُنَّ അവരുടെ പ്രതിഫലങ്ങൾ بِٱلۡمَعۡرُوفِ മര്യാദ(സദാചാര) പ്രകാരം مُحۡصَنَٰتٍ ചാരിത്ര്യശുദ്ധകളായ നിലയിൽ غَيۡرَ مُسَٰفِحَٰتٖ വേശ്യാവൃത്തരല്ലാത്ത وَلَا مُتَّخِذَٰتِ ഉണ്ടാക്കാത്തവരെ, സ്വീകരിക്കുന്നവരുമല്ലാത്ത أَخۡدَانٖ (സ്വകാര്യ) വേഴ്ചക്കാരെ, (രഹസ്യ) തോഴൻമാരെ (ജാരൻമാരെ) فَإِذَآ أُحۡصِنَّ അങ്ങനെ (എനി - എന്നാൽ) അവർക്കു ചാരിത്ര്യ സംരക്ഷണം ലഭിച്ചാൽ فَإِنۡ أَتَيۡنَ എന്നിട്ടു അവർ വന്നുവെങ്കിൽ (ചെയ്താൽ) بِفَٰحِشَةٖ വല്ല നീചവൃത്തിയും കൊണ്ട് فَعَلَيۡهِنَّ എന്നാലവരുടെ മേലുണ്ടായിരിക്കും نِصۡفُ مَا യാതൊന്നിന്റെ പകുതി عَلَى ٱلۡمُحۡصَنَٰتِ ചാരിത്ര്യശുദ്ധി ലഭിച്ചവരുടെമേലുള്ള مِنَ ٱلۡعَذَابِ ശിക്ഷയിൽനിന്ന് ذَٰلِكَ അത് لِمَنۡ خَشِيَ ഭയപ്പെട്ട(പേടിച്ച)വർക്കാണ് ٱلۡعَنَتَ അസഹ്യത, കാഠിന്യത مِنكُمۡ നിങ്ങളിൽനിന്ന് وَأَن تَصۡبِرُواْ നിങ്ങൾ ക്ഷമിക്കുന്നതാവട്ടെ خَيۡرٞ لَّكُمۡ നിങ്ങൾക്ക് ഉത്തമമാണ് وَٱللَّهُ അല്ലാഹു غَفُورٞ വളരെ പൊറുക്കുന്നവനാണ് رَّحِيمٞ കരുണാനിധിയാണ്.

اِحْصَان എന്ന മൂലത്തിൽനിന്നുള്ള مُحْصنَات ന്റെ അർത്ഥങ്ങളെ സംബന്ധിച്ചു കഴിഞ്ഞ വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചുവല്ലോ. ഈ വചനത്തിൽ ആദ്യത്തെ ആ വാക്ക് സ്വതന്ത്രകളായ സ്ത്രീകൾ എന്ന ഉദ്ദേശ്യത്തിലും, രണ്ടാമത്തേത് പതിവ്രതകളായ സ്ത്രീകൾ എന്ന ഉദ്ദേശ്യത്തിലുമാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ആദ്യത്തേതിനെത്തുടർന്ന് അടിമസ്ത്രീകളെ വിവാഹം കഴിക്കുന്ന കാര്യം പറഞ്ഞതിൽനിന്നും,

രണ്ടാമത്തേതിന്റെ വിവരണമെന്നോണം നീചവൃത്തിയും രഹസ്യവേഴ്ചയും നടത്താത്തവർ എന്നു വിശേഷിപ്പിച്ചതിൽനിന്നും ഈ വ്യത്യസ്ത ഉദ്ദേശ്യങ്ങൾ വ്യക്തമാണ്. 'ചെറുപ്പക്കാരി, യുവതി, ദാസി, വാലിയക്കാരി, അടിമസ്ത്രീ' എന്നൊക്കെയുള്ള അർഥങ്ങളിൽ വരുന്ന فتاة ന്റെ ബഹുവചനമാണ് فَتَيَات (ഫതയാത്ത്) എന്ന പദം. 'നിങ്ങളുടെ വാലിയക്കാരികൾ (فَتَيَاتِكُمْ)' എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, സത്യവിശ്വാസിനികളായ നിങ്ങളുടെ കൂട്ടത്തിൽ വർത്തിച്ചു വരുന്ന അടിമ സ്ത്രീകൾ എന്നത്രെ.

സ്വതന്ത്രകളായ സ്ത്രീകളെ വിവാഹം ചെയ്യുമ്പോൾ, അടിമസ്ത്രീകളെ അപേക്ഷിച്ച് കൂടുതൽ മഹ്ർ നൽകേണ്ടി വരുമല്ലോ. മറ്റുള്ള ബാധ്യതകളും അങ്ങിനെത്തന്നെ. ആകയാൽ സ്വതന്ത്രകളെ വിവാഹം കഴിക്കത്തക്ക ധനപരമായ കഴിവില്ലാതിരിക്കുകയും, വിവാഹം അത്യാവശ്യമായിത്തീരുകയും ചെയ്യുന്നവർക്ക് സത്യവിശ്വാസിനികളായ അടിമസ്ത്രീകളെ വിവാഹം കഴിക്കാമെന്ന് അല്ലാഹു അറിയിക്കുന്നു. തുടർന്നുകൊണ്ട് നിങ്ങളുടെ വിശ്വാസത്തെപ്പറ്റി അല്ലാഹുവിന് നല്ലവണ്ണം അറിയുമെന്നും, നിങ്ങളിൽ ചിലർ ചിലരിൽ നിന്നുള്ളവരാണല്ലോ എന്നും പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാകുന്നു. വെളിയിൽ സത്യവിശ്വാസമുള്ളവരാണെന്നു ബോധ്യം വന്നാൽ മതി, യഥാർത്ഥാവസ്ഥ അല്ലാഹുവിന്നേ അറിയുകയുള്ളൂ. കുലീനതയെയും കുടുംബമാഹാത്മ്യത്തെയുംകാൾ സത്യവിശ്വാസത്തിനാണ് വില കൽപിക്കേണ്ടത്. അടിമകളിൽതന്നെ സ്വതന്ത്രരെക്കാൾ വിശ്വാസമുള്ളവരുണ്ടായിരിക്കാം. സംഗതിവശാൽ നിങ്ങളിൽ ചിലർ സ്വതന്ത്രരും ചിലർ അടിമകളും ആയിപ്പോയി എന്നല്ലാതെ മനുഷ്യത്വത്തിലും സത്യവിശ്വാസത്തിലും എല്ലാവരും സമന്മാരും എല്ലാവരും സഹോദരങ്ങളുമാണ്, എന്നിങ്ങനെയുള്ള പല സൂചനകളുമാണ് ആ വാക്കുകളിലുള്ളത്.

അടിമസ്ത്രീകളെ വിവാഹം കഴിക്കുന്നത് അവരുടെ കൈകാര്യക്കാരായ ആളുകളുടെ - അവരുടെ യജമാനന്മാരുടെ - സമ്മതത്തോടുകൂടിയായിരിക്കണമെന്നും, പരിതഃസ്ഥിതികളും കാലദേശ സമ്പ്രദായങ്ങളും അനുസരിച്ച് മര്യാദക്കുള്ള മഹ്ർ അവർക്കും കൊടുക്കണമെന്നും അല്ലാഹു അറിയിക്കുന്നു. കൂടാതെ, ചാരിത്ര്യം സൂക്ഷിക്കുന്നവരും, രഹസ്യമായോ പരസ്യമായോ വ്യഭിചാരവൃത്തികളിൽ ഏർപ്പെടാത്തവരുമായിരിക്കുവാൻ സൂക്ഷിക്കേണമെന്നുകൂടി ഉണർത്തുന്നു. ഇക്കാര്യം എല്ലാ വിവാഹത്തിലും ആലോചിക്കേണ്ടതാണെങ്കിലും അടിമ സ്ത്രീകളെ സംബന്ധിച്ചിടത്തോളം - സ്വതന്ത്രകളായ സ്ത്രീകളെ അപേക്ഷിച്ച് - മാന്യതയും ചാരിത്ര്യവും പാലിക്കുന്നതിൽ അവർ പിന്നോക്കമായിരിക്കുവാൻ ഇടയുള്ളതുകൊണ്ട് പ്രത്യേകം ഉണർത്തിയതായിരിക്കും. الله اعلم

മേൽകണ്ട ഉപാധികളെല്ലാം ഗൗനിച്ചുകൊണ്ടുതന്നെ വിവാഹം നടന്നാലും ചിലപ്പോൾ ആ ഭാര്യമാരിൽനിന്നു വല്ല നീചവൃത്തികളും ഉണ്ടായിക്കൂടാ എന്നില്ലല്ലോ. അങ്ങിനെ വല്ലതും സംഭവിച്ചാൽ നിയമപ്രകാരം അവരെ ശിക്ഷിക്കേണ്ടതാണ്. പക്ഷേ, സ്വതന്ത്രകളായ സ്ത്രീകൾക്ക് നിയമിക്കപ്പെട്ട ശിക്ഷയുടെ പകുതി ശിക്ഷയേ അവർക്ക് നൽകേണ്ടതുള്ളൂവെന്നും അല്ലാഹു കൽപിക്കുന്നു. ഉന്നതരും മാന്യരുമായ ആളുകൾക്ക് ശിക്ഷകളിൽ ലഘൂകരണം നൽകലും, സാധാരണക്കാരും താഴേകിടയിലുള്ളവരുമായ ആളുകൾക്ക് അതിൽ കാഠിന്യം കൂട്ടലുമാണല്ലോ ജനമദ്ധ്യെ പൊതുവെയുള്ള സമ്പ്രദായം. ഇസ്‌ലാമിന്റെ വീക്ഷണഗതി മറിച്ചാണുള്ളതെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ശിക്ഷയുടെ പകുതി കൃത്യമായി കണക്കാക്കപ്പെടുവാൻ സാധ്യമല്ലാത്ത ശിക്ഷാനിയമങ്ങളിൽ ഭരണാധിപന്മാരുടെയും, ന്യായാധിപന്മാരുടെയും തീരുമാനമനുസരിച്ചു ചെയ്യാവുന്നതാണെന്നത്രെ പണ്ഡിതാഭിപ്രായം.

സ്വതന്ത്രകളെ വിവാഹം ചെയ്‌വാൻ കഴിവില്ലാതിരിക്കുന്നതിനുപുറമെ, ഒരു വിവാഹം കഴിക്കാതിരുന്നാൽ ചാരിത്ര്യം പാലിക്കുവാൻ കഴിയാതെ ദുർവൃത്തികൾക്കു വശംവദരായിത്തീർന്നേക്കുമെന്നു ഭയപ്പെടുകയും ചെയ്യുന്നവർക്കു മാത്രമേ അടിമകളെ വിവാഹം കഴിച്ചുകൂടൂ എന്നു അല്ലാഹു അവസാനം പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. (ذَٰلِكَ لِمَنْ خَشِيَ الْعَنَتَ مِنكُمْ) അതോടൊപ്പം തന്നെ, കഴിവതും ക്ഷമിക്കുകയും, അങ്ങനെ അടിമവിവാഹം ഒഴിവാക്കുകയും ചെയ്യുന്നതാണ് കൂടുതൽ നല്ലത് എന്നു കൂടി ഉണർത്തുന്നു. ഒരു പക്ഷേ, കുറെ കഴിയുമ്പോൾ സ്വതന്ത്രകളെത്തന്നെ വിവാഹം ചെയ്യുവാനുള്ള സാഹചര്യം ഉണ്ടാവാമല്ലോ. അന്യരുടെ ഉടമസ്ഥതയിലുള്ള അടിമകളെ വിവാഹം കഴിക്കുന്നത് മാന്യതക്കും അന്തസ്സിനും യോജിച്ചതുമല്ല. അവരിൽ ജനിക്കുന്നകുട്ടികൾ അടിമകളുമായിരിക്കും. ഇതെല്ലാം കാരണമായിട്ടാണ് ഈ വിഷയത്തെ ഇത്ര ശക്തിയായി അല്ലാഹു നിരുൽസാഹപ്പെടുത്തുന്നത്.

വിഭാഗം - 5

يُرِيدُ ٱللَّهُ لِيُبَيِّنَ لَكُمْ وَيَهْدِيَكُمْ
سُنَنَ ٱلَّذِينَ مِن قَبْلِكُمْ وَيَتُوبَ
عَلَيْكُمْ ۗ
وَٱللَّهُ عَلِيمٌ حَكِيمٌ ﴿٢٦﴾

﴿26﴾ **നിങ്ങൾക്ക് (നിങ്ങളുടെ നടപടിക്രമങ്ങൾ) വിവരിച്ചു തരുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു; നിങ്ങളുടെ മുമ്പുണ്ടായിരുന്നവരുടെ ചര്യകളെ നിങ്ങൾക്ക് കാട്ടിത്തരുവാനും, നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുവാനും (അവൻ ഉദ്ദേശിക്കുന്നു).**

അല്ലാഹു സർവ്വജ്ഞനും അഗാധജ്ഞനുമാകുന്നു.

وَٱللَّهُ يُرِيدُ أَن يَتُوبَ عَلَيْكُمْ
وَيُرِيدُ ٱلَّذِينَ يَتَّبِعُونَ ٱلشَّهَوَٰتِ
أَن تَمِيلُوا۟ مَيْلًا عَظِيمًا ﴿٢٧﴾

﴿27﴾ **അല്ലാഹു, നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; ഇച്ഛകളെ പിൻപറ്റികൊണ്ടിരിക്കുന്നവർ, നിങ്ങൾ (നേർമാർഗം വിട്ടു) വമ്പിച്ച തോതിൽ തെറ്റിപ്പോകുവാനും ഉദ്ദേശിക്കുന്നു.**

يُرِيدُ ٱللَّهُ أَن يُخَفِّفَ عَنكُمْ ۚ
وَخُلِقَ ٱلْإِنسَٰنُ ضَعِيفًا ﴿٢٨﴾

﴿28﴾ **നിങ്ങൾക്ക് ലഘുവാക്കിത്തരുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു. ബലഹീനനായിട്ടത്രെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും.**

﴿26﴾ يُرِيدُ اللَّهُ അല്ലാഹു ഉദ്ദേശിക്കുന്നു لِيُبَيِّنَ لَكُمْ നിങ്ങൾക്കവൻ വിവരിച്ചു തരുവാൻ وَيَهْدِيَكُمْ നിങ്ങൾക്കു കാട്ടി (മാർഗദർശനം) തരുവാനും سُنَنَ الَّذِينَ യാതൊരു കൂട്ടരുടെ ചര്യ(നടപടി) കളെ مِن قَبْلِكُمْ നിങ്ങളുടെ മുമ്പുള്ള وَيَتُوبَ

പശ്ചാത്താപം സ്വീകരിക്കുവാനും عَلَيْكُمْ നിങ്ങളുടെ وَاللَّهُ عَلِيمٌ അല്ലാഹു സർവ്വ ജ്ഞനാണ് حَكِيمٌ അഗാധജ്ഞനാണ് ﴾27﴿ وَاللَّهُ അല്ലാഹുവാകട്ടെ يُرِيدُ അവൻ ഉദ്ദേശിക്കുന്നു أَن يَتُوبَ മടക്കം (പശ്ചാത്താപം) സ്വീകരിക്കുവാൻ عَلَيْكُمْ നിങ്ങളുടെ وَيُرِيدُ ഉദ്ദേശിക്കുകയും ചെയ്യുന്നു الَّذِينَ يَتَّبِعُونَ പിൻപറ്റിവരുന്നവർ الشَّهَوَاتِ ഇച്ഛകളെ أَن تَمِيلُوا നിങ്ങൾ തെറ്റി(ചരിഞ്ഞു - മറിഞ്ഞു) പോകുവാൻ مَيْلًا തെറ്റൽ, മറിയൽ عَظِيمًا വമ്പിച്ചതായ ﴾28﴿ يُرِيدُ اللَّهُ അല്ലാഹു ഉദ്ദേശിക്കുന്നു أَن يُخَفِّفَ ലഘുവാക്കിത്തരുവാൻ عَنكُمْ നിങ്ങൾക്ക് وَخُلِقَ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു الْإِنسَانُ മനുഷ്യൻ ضَعِيفًا ബലഹീനനായി

സാരം ഇങ്ങിനെ ഗ്രഹിക്കാം:- സാന്മാർഗികമായി നിങ്ങൾ അനുഷ്ഠിച്ചു പോരേണ്ടുന്ന നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്കു വിവരിച്ചു തരുക, മുൻകഴിഞ്ഞ പ്രവാചകന്മാരുടെയും സജ്ജനങ്ങളുടെയും സച്ചരിതങ്ങളെ നിങ്ങൾ അനുകരിക്കുമാറാക്കുക, ദുർവൃത്തികളിൽനിന്നും പാപങ്ങളിൽ നിന്നും നിങ്ങളെ വിമുക്തരാക്കുക, അങ്ങനെ, അല്ലാഹുവിന്റെ മാപ്പിനും അനുഗ്രഹത്തിനും നിങ്ങളെ പാത്രീഭൂതരാക്കുക. ഇതൊക്കെയാണ് ഇങ്ങിനെയുള്ള നിയമ നിർദ്ദേശങ്ങൾ വിവരിച്ചു തരുന്നതു മുഖേന അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങളുടെ നന്മക്കും ഗുണത്തിനും ഉപയുക്തമായ മാർഗം ഏതാണെന്ന് കൂടുതൽ അറിയുക അല്ലാഹുവിനാണല്ലോ. നിങ്ങൾ പാപങ്ങളിൽ നിന്ന് വിമുക്തരായിരിക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. അതേ സമയത്ത് നിങ്ങൾ നേർമാർഗത്തിൽനിന്ന് നിശ്ശേഷം പിഴച്ചുകാണണമെന്നാണ് ദേഹേച്ഛകളുടെ അടിമകളായ പിശാചിന്റെ ആൾക്കാർ ആഗ്രഹിക്കുന്നത്. അതുകൊണ്ട് അവരുടെ ദുഷ്പ്രേരണകൾക്കും. പ്രകോപനങ്ങൾക്കും നിങ്ങൾ വില കൽപിക്കരുത്. മനുഷ്യൻ ഉൽകൃഷ്ട സൃഷ്ടി തന്നെ. അതേ സമയത്ത് അവന്ന് പല ദൗർബല്യങ്ങളുമുണ്ട്. അവന്റെ വികാരങ്ങളെ മുഴുവൻ അടക്കിയൊതുക്കി വെക്കുവാൻ അവനു സാധിക്കയില്ല. ഈ ദൗർബല്യം കണക്കിലെടുത്തുകൊണ്ട് പ്രായോഗികവും ലാഘവപ്രദവുമായ നടപടി ക്രമങ്ങളാണ് അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്നത്. അക്കൂട്ടത്തിൽ ഒന്നത്രെ സ്വതന്ത്രകളെ വിവാഹം കഴിക്കുവാൻ സാധിക്കാത്തപക്ഷം അടിമകളെ വിവാഹം കഴിക്കാമെന്നു നിശ്ചയിച്ചതും.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَأْكُلُوٓا۟ أَمْوَٰلَكُم بَيْنَكُم بِٱلْبَٰطِلِ إِلَّآ أَن تَكُونَ تِجَٰرَةً عَن تَرَاضٍ مِّنكُمْ ۚ وَلَا تَقْتُلُوٓا۟ أَنفُسَكُمْ ۚ إِنَّ ٱللَّهَ كَانَ بِكُمْ رَحِيمًا ﴿٢٩﴾

﴾29﴿ **ഹേ വിശ്വസിച്ചവരേ, നിങ്ങളുടെ സ്വത്തുക്കൾ നിങ്ങൾക്കിടയിൽ [തമ്മതമ്മിൽ] അന്യായമായി നിങ്ങൾ തിന്നരുത്; നിങ്ങളിൽനിന്നും അന്യോന്യം തൃപ്തിയോടെയുള്ള വല്ല കച്ചവടവും ആയാലൊഴികെ. [അതിനു വിരോധമില്ല] നിങ്ങൾ നിങ്ങളെത്തന്നെ കൊല്ലുകയും ചെയ്യരുത്.**

നിശ്ചയമായും അല്ലാഹു, നിങ്ങളെക്കുറിച്ചു കരുണയുള്ളവനാകുന്നു.

وَمَن يَفۡعَلۡ ذَٰلِكَ عُدۡوَٰنًا وَظُلۡمًا فَسَوۡفَ نُصۡلِيهِ نَارًاۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ﴿٣٠﴾

﴾30﴿ ആരെങ്കിലും അതിക്രമമായും, അക്രമമായും അങ്ങനെ ചെയ്യുന്ന പക്ഷം, നാം അവനെ വഴിയെ അഗ്നിയിൽ [നരകത്തിൽ] കടത്തി എരിയിക്കുന്നതാണ്. അത്, അല്ലാഹുവിന്റെ മേൽ ഒരു എളുപ്പമുള്ള കാര്യമാകുന്നു.

﴾29﴿ يَاأَيُّهَاالَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ لَاتَأْكُلُوا നിങ്ങൾ തിന്നരുത് أَمْوَالَكُمْ നിങ്ങളുടെ സ്വത്തുക്കൾ بَيْنَكُمْ നിങ്ങൾക്കിടയിൽ, നിങ്ങൾ തമ്മിൽ بِالْبَاطِلِ അന്യായമായി, ന്യായമല്ലാത്ത വഴിക്ക് إِلاأَنْ تَكُونَ അത് ആയാലൊഴികെ تِجَارَةً കച്ചവടം, വല്ല കച്ചവടവും عَنْ تَرَاضٍ അന്യോന്യം തൃപ്തിയോടെ مِنْكُمْ നിങ്ങളിൽനിന്ന് وَلَاتَقْتُلُوا നിങ്ങൾ കൊല്ലുക (വധിക്കുക)യും ചെയ്യരുത് أَنْفُسَكُمْ നിങ്ങളുടെ സ്വന്തങ്ങളെ, ദേഹങ്ങളെ (നിങ്ങളെത്തന്നെ) إِنَّاللهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു بِكُمْ رَحِيمًا നിങ്ങളെപ്പറ്റി കരുണ(കൃപ)യുള്ളവൻ ﴾30﴿ وَمَنْ يَفْعَلْ ആരെങ്കിലും ചെയ്യുന്നപക്ഷം ذَٰلِكَ അത് (അങ്ങനെ) عُدْوَانًا അതിക്രമമായി, ക്രമം തെറ്റലായിട്ട് وَظُلْمًا അക്രമമായും فَسَوْفَ എന്നാൽ വഴിയെ نُصْلِيهِ അവനെ നാം കടത്തി എരിയിക്കും نَارًا തീയിൽ, അഗ്നിയിൽ وَكَانَ ذَٰلِكَ അതാകുന്നു, ആയിരിക്കുന്നു عَلَى اللهِ അല്ലാഹുവിന്റെ മേൽ يَسِيرًا ഒരു നിസ്സാരമായത്, എളുപ്പമുള്ളത്.

അനാഥകളെയും, സ്ത്രീകളെയും സംബന്ധിച്ചും, അനന്തരാവകാശത്തെയും വിവാഹത്തെയും സംബന്ധിച്ചും മറ്റും പല കാര്യങ്ങളും വിവരിച്ചശേഷം, ധനപരമായ തുറയിൽ മനുഷ്യൻ അനുസരിക്കേണ്ടുന്ന ചില കാര്യങ്ങൾ വിവരിക്കുകയാണ്. പലിശ ഇടപാടുകൾ, കൃത്രിമ വിൽപനകൾ, ചൂതാട്ടം, പന്തയം, ഷോടതി, മായം ചേർക്കൽ ആദിയായ നിയമാനുസൃതമല്ലാത്ത എല്ലാ മാർഗങ്ങളിലൂടെയും ധനം കരസ്ഥമാക്കുന്നതിനെ അല്ലാഹു നിരോധിക്കുന്നു. പരസ്പരം തൃപ്തിപ്പെട്ടുകൊണ്ടു ചെയ്യുന്നതും അതോടുകൂടി നിയമ വിരോധമില്ലാത്തതുമായ എല്ലാ ക്രയവിക്രയങ്ങളും അനുവദിക്കുകയും ചെയ്യുന്നു. അല്ലാഹു അനുവദിക്കാത്ത ഒരു ഇടപാട് നടക്കുമ്പോൾ ഇടപാടുകാരുടെ തൃപ്തിയുടെ പേരിൽ അത് അനുവദനീയമാകുകയില്ല. അനുവദനീയമായ കൊള്ളക്കൊടുക്കലുകളിൽ ഇരുഭാഗക്കാരുടെയും തൃപ്തിയുണ്ടായിരിക്കൽ ആവശ്യമാകുന്നു.

ഇടപാടുകാരുടെ തൃപ്തിയുടെ സാക്ഷാൽക്കരണം സാധിക്കുവാൻ വേണ്ടിയാണ് ഇടപാടുകളിൽ രണ്ടുതരം خِيَار (അഭിപ്രായ സ്വാതന്ത്ര്യം) ഇസ്‌ലാമിൽ അനുവദിക്കപ്പെട്ടിരിക്കുന്നത്.

(1) ഇടപാട് നടക്കുന്ന സദസ്സിൽനിന്ന് പിരിഞ്ഞു പോകും മുമ്പ് ഇടപാട് ഉറപ്പിക്കുവാനും, വേണ്ടെന്നുവെക്കുവാനുമുള്ള സ്വാതന്ത്ര്യം. ഇത് خِيَارالْمَجْلِس (സദസ്സിലെ സ്വാതന്ത്ര്യം) എന്ന പേരിൽ അറിയപ്പെടുന്നു.

(2) സദസ്സിൽ നിന്ന് പിരിഞ്ഞശേഷവും രണ്ടിലൊന്ന് – ഇടപാട് ഉറപ്പിക്കലോ തള്ളിക്കളയലോ – ചെയ്‌വാൻ പരസ്പരം അവധി വെച്ചുകൊണ്ടുള്ള സ്വാതന്ത്ര്യം. ഇത് خِيَار الشَّرط (നിബന്ധന വെച്ചുകൊണ്ടുള്ള സ്വാതന്ത്ര്യം) എന്ന പേരിലും അറിയപ്പെടുന്നു. ഈ خيَار മൂന്നു ദിവസംവരെ മാത്രമേ പാടുള്ളൂ. നബിﷺ പറയുന്നു: 'വിൽക്കുന്നവനും വാങ്ങുന്നവനും അവർ(സ്ഥലം വിട്ടു)പിരിഞ്ഞു പോകാത്തപ്പോൾ അഭിപ്രായ സ്വാതന്ത്ര്യമുണ്ടായിരിക്കും. അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ ഇടപാടായിരുന്നാലൊഴികെ. ഒരാൾ ഇടപാട് ഒഴിഞ്ഞു കളയുമെന്നു ഭയന്ന് മറ്റേയാൾ അവനെ (വേഗം) വിട്ടുപിരിയുവാൻ പാടുള്ളതല്ല.' (അ; ദാ; തി; ന.) വിശദവിവരം ഹദീഥിന്റെയും, ഫിക്ഹിന്റെയും ഗ്രന്ഥങ്ങളിൽനിന്നറിയേണ്ടതാകുന്നു.

لَا تَقْتُلُوٓا۟ أَنفُسَكُمْ (നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങളെ – നിങ്ങളെത്തന്നെ – കൊല്ലരുത്) എന്ന് ഇവിടെ പറഞ്ഞതിന്റെ ഉദ്ദേശ്യം മൂന്നു പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടാറുണ്ട്.

(1) നിങ്ങൾ തമ്മതമ്മിൽ കൊല ചെയ്യരുതെന്ന്. മിക്ക വ്യാഖ്യാതാക്കളും ഇതാണ് സ്വീകരിച്ചിരിക്കുന്നത്. സത്യവിശ്വാസികളെല്ലാം ഒരു ശരീരാംശങ്ങളെപ്പോലെയാണല്ലോ. അപ്പോൾ, ഒരാൾ കൊല്ലപ്പെടുന്ന പക്ഷം അത് സ്വന്തം ശരീരത്തെത്തന്നെ ബാധിക്കുകയാണ് ചെയ്യുന്നത്. ഇതാണ് 'നിങ്ങളെത്തന്നെ കൊല്ലരുത്' എന്ന വാക്കിലെ സൂചന.

(2) പാപങ്ങളും അക്രമങ്ങളും പ്രവർത്തിക്കുക വഴി നിങ്ങൾ നിങ്ങളെ സ്വയം കൊല്ലരുത്. അഥവാ നിങ്ങളുടെ നാശത്തിനു നിങ്ങൾതന്നെ വഴിയൊരുക്കരുത്.

(3) ആത്മഹത്യ ചെയ്തോ, മരണത്തിനു ഹേതുവാകുന്ന കാര്യങ്ങൾ ചെയ്തോ നിങ്ങൾ നിങ്ങളെത്തന്നെ നശിപ്പിക്കരുത്. ഈ മൂന്ന് ഉദ്ദേശ്യങ്ങളും വരുവാൻ സാധ്യതയുള്ള ഒരു വാക്യം തന്നെയാണത്.

ഒരു യാത്രയിൽ അംറുബ്നുൽ ആസ് (റ) തനിക്കു ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചപ്പോൾ, തണുപ്പു സഹിക്കവയ്യാത്ത കാരണത്താൽ കുളിക്കുന്നതിനു പകരം 'തയമ്മും' കൊണ്ടു മതിയാക്കി. ചില സ്വഹാബികൾ ഈ വിവരം നബിﷺയെ അറിയിച്ചു. തിരുമേനി അംറ് (റ) നെ ചോദ്യം ചെയ്തപ്പോൾ, 'അല്ലാഹുവിന്റെ റസൂലേ, തണുപ്പു എന്നെ കൊന്നുകളയുമെന്നു ഞാൻ ഭയപ്പെട്ടു; لَا تَقْتُلُوٓا۟ أَنفُسَكُمْ (നിങ്ങൾ നിങ്ങളെത്തന്നെ കൊല്ലരുത്) എന്ന് അല്ലാഹു പറഞ്ഞിട്ടുമുണ്ടല്ലോ' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഇത് കേട്ടപ്പോൾ നബിﷺ ആക്ഷേപമൊന്നും പറയാതെ മൗനമവലംബിക്കുകയാണ് ചെയ്തത്. ഈ സംഭവം അഹ്മദ്, അബൂദാവൂദ്(റ) മുതലായവർ ഉദ്ധരിച്ചതാണ്. ആത്മഹത്യ ചെയ്യുന്നവന് സ്വർഗം ലഭിക്കുകയില്ലെന്നും മറ്റും പ്രസ്താവിച്ചുകൊണ്ടുള്ള പല ഹദീഥുകളും പ്രസ്താവ്യമാകുന്നു. മനുഷ്യരുടെ ധനവും ദേഹവും സുരക്ഷിതമായിരിക്കുവാനുള്ള ഇത്തരം നിരോധങ്ങളും ശാസനകളും അല്ലാഹു നൽകിക്കൊണ്ടിരിക്കുന്നത് അല്ലാഹുവിനു നിങ്ങളുടെ നേരെയുള്ള കാരുണ്യവും കൃപയും കൊണ്ടാണ് എന്നത്രെ അവസാനവാക്യം (إِنَّ ٱللَّهَ كَانَ بِكُمْ رَحِيمًا) ചൂണ്ടിക്കാട്ടുന്നത്. കഴിഞ്ഞ 28-ാം വചനത്തിന്റെ അവസാനത്തിൽ മനുഷ്യൻ ദുർബ്ബലനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞുവല്ലോ. ആ ദൗർബ്ബല്യം കണക്കിലെടുത്തുകൊണ്ട് അല്ലാഹു അവനോട് കാണിക്കുന്ന കാരുണ്യത്തിന്റെ ഒരു മഹത്തായ ഉദാഹരണം അടുത്ത വചനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നത് നോക്കുക:-

إِن تَجْتَنِبُوا۟ كَبَآئِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ عَنكُمْ سَيِّـَٔاتِكُمْ وَنُدْخِلْكُم مُّدْخَلًا كَرِيمًا ﴿٣١﴾

﴾31﴿ നിങ്ങളോട് വിരോധിക്കപ്പെടുന്നവയിലെ വൻകാര്യങ്ങൾ [മഹാപാപങ്ങൾ] നിങ്ങൾ വർജ്ജിക്കുന്ന പക്ഷം, നിങ്ങളുടെ തിന്മകളെ നിങ്ങളിൽ നിന്നു നാം മൂടി വെ(ച്ചുമാപ്പാ)ക്കുന്നതാണ്; നിങ്ങളെ മാന്യമായ ഒരു പ്രവേശനസ്ഥാനത്തു നാം പ്രവേശിപ്പിക്കുന്നതുമാണ്.

﴾31﴿ إِنْ تَجْتَنِبُوا നിങ്ങൾ വിട്ടകലുന്ന (വർജ്ജിക്കുന്ന)പക്ഷം كَبَائِرَ വൻ കാര്യങ്ങളെ (വൻ കുറ്റങ്ങളെ) مَا تُنْهَوْنَ നിങ്ങളോടു വിരോധിക്കപ്പെടുന്നതിലെ عَنْهُ അതിനെപ്പറ്റി نُكَفِّرْ عَنْكُمْ നിങ്ങൾക്ക് (നിങ്ങളിൽ നിന്ന്) നാം മൂടിവെക്കും, മറച്ചുകളയും سَيِّئَاتِكُمْ നിങ്ങളുടെ തിന്മകൾ, ദോഷങ്ങൾ وَنُدْخِلْكُمْ നിങ്ങളെ നാം പ്രവേശിപ്പിക്കുകയും ചെയ്യും مُدْخَلًا ഒരു പ്രവേശന സ്ഥാനത്ത്, ഒരു പ്രവേശിപ്പിക്കൽ كَرِيمًا മാന്യമായ, ഉദാരമായ

സത്യവിശ്വാസികൾക്ക് വളരെയധികം ആശ നൽകുന്ന ഒരു വാഗ്ദാനമാണ് ഈ വചനം. മനുഷ്യൻ ഒരു വശത്തിലൂടെ ഉൽകൃഷ്ട സൃഷ്ടിയാണെങ്കിലും മറ്റൊരു വശത്തിലൂടെ ദുർബ്ബലനുമാണല്ലോ. അവന്റെ രക്ഷക്കും മോക്ഷത്തിനും ഹാനികരമായ എല്ലാ കാര്യങ്ങളെയും അല്ലാഹു അവന് വിവരിച്ചു കൊടുക്കുകയും, അവയിൽ നിന്ന് അവനെ വിലക്കുകയും ചെയ്തിട്ടുണ്ട്. അവന്റെ ദൗർബ്ബല്യം നിമിത്തം ആ വിലക്കപ്പെട്ട കാര്യങ്ങളിൽ നിന്നും പരിപൂർണമായി വിമുക്തരായിരിക്കുന്നവർ വളരെ വിരളമായേ ഉണ്ടാകൂ. അതുകൊണ്ട് പരമകാരുണികനും, മനുഷ്യരെപ്പറ്റി മനുഷ്യരെക്കാൾ അറിയുന്ന രക്ഷിതാവുമായ അല്ലാഹു അവന് നൽകുന്ന അതിമഹത്തായ ഒരു ഔദാര്യമത്രെ ഈ വചനത്തിൽ കാണുന്നത്. വിരോധിക്കപ്പെട്ട മുഴുവൻ പാപങ്ങളും അവർ വർജ്ജിക്കുന്നില്ലെങ്കിൽ, അവയിലുള്ള വൻകാര്യങ്ങളാകുന്ന മഹാപാപങ്ങളെങ്കിലും വർജ്ജിക്കുന്ന പക്ഷം, ചെറിയതരം പാപങ്ങളെ അല്ലാഹു അവരിൽ നിന്നു മൂടിവെച്ചു മാപ്പാക്കിക്കൊടുക്കും എന്നുള്ളതാണത്. അത്രയുമല്ല, അവരെ മാന്യമായ ഒരു സ്ഥാനത്ത് പ്രവേശിപ്പിച്ചു ആദരിക്കുമെന്നുകൂടി വാഗ്ദാനം ചെയ്യുന്നു. ഈ മാന്യസ്ഥാനം കൊണ്ടുദ്ദേശ്യമാകട്ടെ, സ്വർഗമല്ലാതെ മറ്റൊന്നുമല്ലതാനും. അല്ലാഹുവിന് സദാസമയത്തും നാം പ്രത്യേകം നന്ദികാണിക്കുവാൻ കടപ്പെട്ട ഒരു മഹാനുഗ്രഹമാണിതെന്ന് പറയേണ്ടതില്ലല്ലോ.

എന്നാൽ, മഹാപാപങ്ങൾ (الْكَبَائِر) ഏതൊക്കെയാണ്? ഇതിനു ക്ലിപ്തമായ ഒരു ഉത്തരം പറയത്തക്ക വ്യക്തമായ തെളിവുകളൊന്നും ഖുർആനിലോ ഹദീഥിലോ കാണുന്നില്ല. ഏതാനും ചില നിർവ്വചനങ്ങൾ ചില മഹാൻമാരുടെ പ്രസ്താവനകളിൽ കാണാമെന്നു മാത്രം. അവ പരിശോധിക്കുമ്പോൾ നമുക്ക് ഏതാണ്ട് ഇങ്ങിനെ മനസ്സിലാക്കുവാൻ കഴിയും. കഠിനമായ ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യപ്പെട്ട കാര്യങ്ങൾ, അല്ലാഹുവിന്റെ ശാപകോപങ്ങൾക്കു കാരണമാകുമെന്ന് പ്രസ്താവിക്കപ്പെട്ട കാര്യങ്ങൾ, കർശനമായ ഭാഷയിൽ നിരോധിക്കപ്പെട്ട കാര്യങ്ങൾ, ഇഹത്തിൽ വെച്ചുതന്നെ ശിക്ഷാ

നടപടികൾക്കു വിധേയമാകുന്ന കാര്യങ്ങൾ മുതലായവയും, അല്ലാഹുവിന്റെ മഹത്വത്തെയോ അധികാരാവകാശങ്ങളെയോ ധിക്കരിക്കുന്ന തരത്തിലുള്ളവയും, സമുദായമദ്ധ്യെ സമാധാന ഭംഗമുണ്ടാക്കുന്നവയും, തമ്മതമ്മിൽ പാലിക്കേണ്ടുന്ന ചാർച്ചാബന്ധങ്ങളെ ലംഘിക്കുന്നവയുമായ എല്ലാ പാപങ്ങളും വൻകുറ്റങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്.

പ്രബലമായ ചില ഹദീഥുകളിൽ ഏഴു മഹാപാപങ്ങളെ നബിﷺ എടുത്തു പറഞ്ഞിട്ടുള്ളത് പ്രസിദ്ധമാകുന്നു. 'വിനാശകരങ്ങളായ ഏഴു പാപങ്ങളെ (السبع الموبقات) നിങ്ങൾ വർജ്ജിക്കുവിൻ' എന്നു നബിﷺ പറഞ്ഞപ്പോൾ, 'ഏതാണവ'? എന്നു ചില സ്വഹാബികൾ ചോദിക്കുകയുണ്ടായി. അപ്പോൾ തിരുമേനി പറഞ്ഞു: "അല്ലാഹുവിനോട് പങ്കുചേർക്കലും, അല്ലാഹു നിരോധിച്ചിട്ടുള്ള ആത്മാവിനെ (ആളെ) ന്യായപ്രകാരമല്ലാതെ വധിക്കലും, സിഹ്റും (ആഭിചാരവും), പലിശ തിന്നലും, അനാഥയുടെ സ്വത്തു തിന്നലും, യുദ്ധത്തിരക്കുള്ള (ശത്രുക്കളുമായി ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്ന) ദിവസം പിൻതിരിഞ്ഞു പോകലും, സത്യവിശ്വാസിനികളും ദുർവൃത്തികളറിയാത്തവരുമായ സ്ത്രീകളെക്കുറിച്ചു വ്യഭിചാരാരോപണം ചെയ്യലുമാകുന്നു." ഈ നബി വചനം ബുഖാരി, മുസ്ലിം (റ) തുടങ്ങിയ ഹദീഥ് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ബുഖാരിയും, മുസ്ലിമും(റ) മറ്റു പലരും നിവേദനം ചെയ്തിട്ടുള്ള വേറെ ചില ഹദീഥുകളിൽ, മഹാപാപങ്ങളായി വേറെയും ചില കാര്യങ്ങൾ എണ്ണിക്കാണാം. മാതാപിതാക്കളെ വെറുപ്പിക്കുക, അവരെ ശപിക്കുക, കള്ളസാക്ഷ്യം പറയുക, കള്ളസത്യം ചെയ്യുക മുതലായവ അതിൽ ഉൾപെടുന്നു. അപ്പോൾ, മഹാപാപങ്ങൾ ഇന്നിന്നവ മാത്രമാണെന്ന് നബിﷺയും തിട്ടപ്പെടുത്തിപ്പറഞ്ഞിട്ടില്ലെന്നും, സന്ദർഭോചിതം അവയിൽ പ്രധാനപ്പെട്ട ചിലവ ചൂണ്ടിക്കാട്ടുകയാണ് അവിടുന്ന് ചെയ്തിരിക്കുന്നതെന്നും ഇതിൽനിന്നു മനസ്സിലാക്കാമല്ലോ. ക്വുർആന്റെയും നബി വചനങ്ങളുടെയും വെളിച്ചത്തിൽ പരിശോധിച്ചാൽ, മഹാപാപങ്ങൾ എഴുപതും അതിലധികവും കാണുമെന്നു മുൻഗാമികളായ ചില പണ്ഡിതന്മാർ പ്രസ്താവിച്ചു കാണുന്നു.

ഈ വിഷയത്തിൽ, ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി വന്നിട്ടുള്ള പല രിവായത്തുകളിൽ ഇബ്നുജരീർ(റ), ഇബ്നു അബീഹാതിം(റ) മുതലായവർ ഉദ്ധരിച്ച ഒരു രിവായത്ത് പ്രത്യേകം ശ്രദ്ധേയമാകുന്നു. ആ രിവായത്തിന്റെ സാരം ഇതാണ്: "മഹാപാപങ്ങൾ ഏതൊക്കെയാണ്? അവ ഏഴെണ്ണമാണോ?" എന്ന് ചോദിക്കപ്പെട്ടപ്പോൾ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: "അത് ഏഴിനെക്കാൾ അടുപ്പം എഴുനൂറിനോടാണ്. എങ്കിലും പാപമോചനം തേടുന്നതോടുകൂടി മഹാപാപം ഇല്ല. പതിവാക്കുന്നതോടുകൂടി നിസ്സാര പാപവും ഇല്ല." പാപങ്ങൾ എത്ര വമ്പിച്ചതായാലും അവയിൽ നിന്ന് വേണ്ടതുപോലെ ഖേദിച്ചു മടങ്ങുകയും, അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുന്ന പക്ഷം അല്ലാഹു അത് പൊറുത്തു കൊടുത്തേക്കുമെന്നും, അവ എത്ര നിസ്സാരമായാലും ഖേദിച്ചു മടങ്ങാതെ ആവർത്തിച്ചുകൊണ്ടിരിക്കുന്നപക്ഷം അവ വമ്പിച്ച പാപങ്ങളായി കലാശിക്കുമെന്നുമാണ് ഇബ്നു അബ്ബാസ്(റ) ചൂണ്ടിക്കാട്ടുന്നത്. ഇന്നതെല്ലാം വൻകുറ്റങ്ങളും, ഇന്നതെല്ലാം ചെറിയ കുറ്റങ്ങളുമാണെന്ന് നിർണയിച്ചു പറയുക സാധ്യമല്ലെന്ന് ഇതിൽ നിന്നെല്ലാം സ്പഷ്ടമാണല്ലോ. വമ്പിച്ച പാപങ്ങൾ വർജ്ജിക്കുകയും ചെറിയ പാപങ്ങളിൽ നിന്ന് പശ്ചാത്തപിക്കുകയും ചെയ്യുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ, ആമീൻ.

وَلَا تَتَمَنَّوْا۟ مَا فَضَّلَ ٱللَّهُ بِهِۦ بَعْضَكُمْ عَلَىٰ بَعْضٍ ۚ لِّلرِّجَالِ نَصِيبٌ مِّمَّا ٱكْتَسَبُوا۟ ۖ وَلِلنِّسَآءِ نَصِيبٌ مِّمَّا ٱكْتَسَبْنَ ۚ وَسْـَٔلُوا۟ ٱللَّهَ مِن فَضْلِهِۦٓ ۗ إِنَّ ٱللَّهَ كَانَ بِكُلِّ شَىْءٍ عَلِيمًا ﴿٣٢﴾

﴾32﴿ നിങ്ങളിൽ ചിലർക്ക് ചിലരെക്കാൾ അല്ലാഹു ശ്രേഷ്ഠത നൽകി (അഥവാ അനുഗ്രഹം ചെയ്തു) കൊടുത്തിട്ടുള്ളതിനെ നിങ്ങൾ കൊതിക്കരുത്. പുരുഷന്മാർക്ക് അവർ സമ്പാദിച്ചുണ്ടാക്കിയതിൽ നിന്ന് ഓഹരിയുണ്ടായിരിക്കും; സ്ത്രീകൾക്ക് അവർ സമ്പാദിച്ചുണ്ടാക്കിയതിൽ നിന്നും ഓഹരിയുണ്ടായിരിക്കും. അല്ലാഹുവിനോട് അവന്റെ അനുഗ്രഹത്തിൽ (അഥവാ ഔദാര്യത്തിൽ) നിന്നും നിങ്ങൾ ചോദിക്കുകയും ചെയ്യുവിൻ.

നിശ്ചയമായും അല്ലാഹു, എല്ലാ കാര്യത്തെപ്പറ്റിയും അറിയുന്നവനാകുന്നു.

﴾32﴿ وَلَا تَتَمَنَّوْا നിങ്ങൾ കൊതിക്കരുത്, വ്യാമോഹിക്കരുത് مَا فَضَّلَ ശ്രേഷ്ഠമാക്കിയതിനെ, അനുഗ്രഹം (ഔദാര്യം) നൽകിയതിന് اللَّهُ അല്ലാഹു بِهِ അത് മുഖേന, അതിനെ بَعْضَكُمْ നിങ്ങളിൽ ചിലർക്ക്, ചിലരെ عَلَىٰ بَعْضٍ ചിലരെക്കാൾ لِلرِّجَالِ പുരുഷന്മാർക്കുണ്ട് نَصِيبٌ ഓഹരി, പങ്ക് مِمَّا اكْتَسَبُوا അവർ സമ്പാദിച്ചു (ചെയ്തു)ണ്ടാക്കിയതിൽനിന്ന് وَلِلنِّسَاءِ സ്ത്രീകൾക്കുമുണ്ട് نَصِيبٌ ഓഹരി, പങ്ക് مِمَّا اكْتَسَبْنَ അവർ ചെയ്തു(സമ്പാദിച്ചു)ണ്ടാക്കിയതിൽ നിന്ന് وَاسْأَلُوا ചോദിക്കുകയും ചെയ്യുവിൻ اللَّهَ അല്ലാഹുവിനോട് مِن فَضْلِهِ അവന്റെ അനുഗ്രഹ(ഔദാര്യ)ത്തിൽനിന്ന്, ദയയിൽനിന്ന് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു, ആയിരിക്കുന്നു بِكُلِّ شَيْءٍ എല്ലാകാര്യത്തെ (വസ്തുവെ)ക്കുറിച്ചും عَلِيمًا അറിയുന്നവൻ.

അന്യരുടെ ജീവനും സ്വത്തും അക്രമിക്കുന്നതിനെപ്പറ്റി പ്രസ്താവിച്ചശേഷം, അത്തരം അനീതികൾക്കു കാരണമായിത്തീരുന്ന ദുർമോഹങ്ങൾ പോലും ഉപേക്ഷിക്കണമെന്ന് അല്ലാഹു ഉപദേശിക്കുന്നു. ധനം, സുഖസൗകര്യങ്ങൾ, സ്ഥാനമാനങ്ങൾ, പ്രകൃതി വിശേഷതകൾ, സ്വഭാവഗുണങ്ങൾ എന്നിങ്ങിനെ പലതിലും ചിലർക്ക് മറ്റുള്ളവരെക്കാൾ അല്ലാഹു ശ്രേഷ്ഠത നൽകിയിരിക്കുമല്ലോ. ആ വക ഗുണങ്ങൾ തങ്ങൾക്ക് വേണമെന്ന് വ്യാമോഹിക്കുകയും, അതിൽ അസൂയപ്പെടുകയും ചെയ്യരുത്. പുരുഷന്മാരായാലും സ്ത്രീകളായാലും അവരവർ ചെയ്തു സമ്പാദിക്കുന്ന കർമങ്ങളും, അദ്ധ്വാനങ്ങളും അനുസരിച്ചുള്ള നേട്ടവും പ്രതിഫലവും എല്ലാവർക്കും ലഭിക്കും. പുരുഷന്മാർക്കും സ്ത്രീകൾക്കും അവരവരുടെതായ ചില പ്രത്യേകതകളുണ്ടായിരിക്കും. അതനുസരിച്ചു ഇരുകൂട്ടരും വർത്തിക്കുകയല്ലാതെ അന്യരുടെ നേട്ടങ്ങളിൽ വ്യാമോഹിച്ചിട്ടു കാര്യമി

ല്ല. മറ്റുള്ളവർക്കുള്ള നന്മകൾ തങ്ങൾക്കും ഉണ്ടാവണമെന്ന് ആഗ്രഹിക്കുകയും, അതിനുവേണ്ടി യത്നിക്കുകയും, അതോടുകൂടി അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും തങ്ങളിൽ വർഷിച്ചു കൊണ്ടിരിക്കുവാൻ അവനോട് പ്രാർഥിക്കുകയുമാണ് വേണ്ടത്. ആർക്കെല്ലാമാണ്, എന്തെല്ലാമാണ്, എപ്പോഴൊക്കെയാണ് നൽകേണ്ടത്; അല്ലെങ്കിൽ നൽകാതിരിക്കേണ്ടത് എന്നൊക്കെ അല്ലാഹുവിനു ശരിക്കും അറിയാം എന്നിപ്രകാരമാണ് മൊത്തത്തിൽ ഈ വചനത്തിന്റെ സാരം.

'രണ്ടുകൂട്ടരിൽ - അതായത്, അല്ലാഹു ധനം നൽകിയിട്ട് അത് വേണ്ടപ്പെട്ട വിഷയത്തിൽ ചിലവഴിച്ചു തീർക്കുന്നവനിലും, അവൻ വിജ്ഞാനം നൽകിയിട്ട് അതുപ്രകാരം വിധിക്കുകയും അത് (മറ്റുള്ളവർക്ക്) പഠിപ്പിക്കുകയും ചെയ്യുന്നവനിലും - അല്ലാതെ അസൂയയില്ല.' എന്ന് നബി തിരുമേനിﷺ അരുളിച്ചെയ്തതായി ബുഖാരി, മുസ്‌ലിം(റ) തുടങ്ങിയവർ ഉദ്ധരിച്ചിട്ടുണ്ട്. ഈ നബി വചനവും ഈ ക്വുർആൻ വചനവും തമ്മിൽ പൊരുത്തക്കേടുണ്ടെന്നു പ്രത്യക്ഷത്തിൽ തോന്നിയേക്കാം. വാസ്തവത്തിൽ പൊരുത്തക്കേടൊന്നുമില്ല തന്നെ. പ്രസ്തുത രണ്ടു കൂട്ടരെപ്പോലെയുള്ള ആ ഭാഗ്യം തങ്ങൾക്കും ഉണ്ടാവാനുള്ള ആഗ്രഹമുണ്ടായിരിക്കണമെന്നും, ധനവും വിജ്ഞാനവും ലഭിക്കുമ്പോൾ അവരെപ്പോലെ പ്രവർത്തിക്കുവാനുള്ള സന്നദ്ധതയുണ്ടായിരിക്കണമെന്നുമാണ് നബിﷺ പറഞ്ഞതിന്റെ താൽപര്യം. 'അസൂയ (حَسَد)' എന്നപദം ഇവിടെ കേവലം ഒരു അലങ്കാരപ്രയോഗം മാത്രമാകുന്നു. മറ്റുള്ളവർക്ക് ലഭിക്കുന്ന നന്മയിൽ വെറുപ്പ് തോന്നുകയും, അത് തനിക്കാണ് വേണ്ടതെന്ന് വ്യാമോഹിക്കുകയും ചെയ്യുക എന്ന അർത്ഥത്തിലുള്ള അസൂയയല്ല - മറിച്ച് അതുപോലെയുള്ള സൽഗുണങ്ങൾ തനിക്കും ഉണ്ടായിരിക്കണമെന്നുള്ള ആഗ്രഹമാണ് - ഈ ഹദീഥിൽ പറഞ്ഞ അസൂയകൊണ്ട് വിവക്ഷ.

وَلِكُلٍّ جَعَلْنَا مَوَٰلِيَ مِمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ ۚ

《33》 എല്ലാവർക്കും (തന്നെ, തങ്ങളുടെ) മാതാപിതാക്കളും, അടുത്ത കുടുംബങ്ങളും വിട്ടേച്ചു പോയതിനു [സ്വത്തിനു] നാം ബന്ധപ്പെട്ടവരെ [അവകാശികളെ] ഏർപ്പെടുത്തിയിരിക്കുന്നു.

وَٱلَّذِينَ عَقَدَتْ أَيْمَٰنُكُمْ فَـَٔاتُوهُمْ نَصِيبَهُمْ ۚ إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ شَهِيدًا ﴿٣٣﴾

നിങ്ങളുടെ സത്യങ്ങൾ (അഥവാ വലങ്കൈകൾ) ബന്ധം സ്ഥാപിച്ചിട്ടുള്ളവർക്ക് അവരുടെ ഓഹരി നിങ്ങൾ കൊടുത്തു കൊള്ളുവിൻ. നിശ്ചയമായും അല്ലാഹു, എല്ലാകാര്യത്തിനും (ദൃക്) സാക്ഷിയാകുന്നു.

《33》 وَلِكُلٍّ എല്ലാവർക്കും, എല്ലാറ്റിനും جَعَلْنَا നാം ആക്കി (ഏർപ്പെടുത്തി)യിരിക്കുന്നു مَوَالِيَ ബന്ധപ്പെട്ടവരെ (അവകാശികളെ) مِمَّا تَرَكَ വിട്ടുപോയതിന്, വിട്ടുപോയതിൽ നിന്ന് الْوَالِدَانِ മാതാപിതാക്കൾ وَالْأَقْرَبُونَ അടുത്ത കുടുംബങ്ങളും

(അധികം അടുത്ത ബന്ധുക്കളും) وَالَّذِينَ യാതൊരുകൂട്ടർ عَقَدَتْ കെട്ടിയിരിക്കുന്നു, ഉറപ്പിച്ചു, സ്ഥാപിച്ചു(വോ) أَيْمَانُكُمْ നിങ്ങളുടെ സത്യങ്ങൾ, വലങ്കൈകൾ فَآتُوهُمْ എന്നാലവർക്ക് നിങ്ങൾ കൊടുക്കുവിൻ نَصِيبَهُمْ അവരുടെ ഓഹരി إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു, ആയിരിക്കുന്നു عَلَىٰ كُلِّ شَيْءٍ എല്ലാകാര്യത്തിനും, വസ്തുവിന്റെമേലും شَهِيدًا സാക്ഷി (ദൃക്സാക്ഷി)

ഈ വചനത്തിലെ വാക്കുകളെയും, പ്രയോഗങ്ങളെയും, വൈയാകരണ നിയമങ്ങളെയും, ബന്ധപ്പെട്ട ചില രിവായത്തുകളെയും അടിസ്ഥാനമാക്കി ഒന്നിലധികം രൂപത്തിൽ ഇതിന് അർത്ഥവ്യാഖ്യാനം നൽകപ്പെട്ടു കാണാം. കൂടുതൽ പ്രസക്തമായത് മാത്രം ചുവടെ ഉദ്ധരിക്കുന്നു. അതിനു മുമ്പായി ഇതിലെ ചില പദങ്ങളെക്കുറിച്ചു സാമാന്യം അറിയുന്നത് നന്നായിരിക്കും.

مَوَالِي (മവാലീ) എന്ന വാക്കിന്റെ ഏകവചനം مَوْلَى (മൗലാ) എന്നാകുന്നു. ഏതെങ്കിലും നിലക്ക് പരസ്പരം അണഞ്ഞ ബന്ധമുള്ളവർക്കെല്ലാം ഇത് ഉപയോഗിക്കപ്പെടും. ഉദാഹരണമായി: അടിമ, യജമാനൻ, അടിമത്തത്തിൽ നിന്നു മോചിപ്പിച്ച ആൾ, അതിൽനിന്നു മോചിപ്പിക്കപ്പെട്ടവൻ, അയൽക്കാരൻ, ഉടമസ്ഥൻ, സഖ്യബന്ധമുള്ളവൻ, ആദർബന്ധു, അടുത്ത ചങ്ങാതി, അടുത്ത കുടുംബമുള്ളവൻ എന്നിവർക്കെല്ലാം ആ വാക്ക് ഉപയോഗിക്കാറുണ്ട്. അനന്തരസ്വത്തിന്റെ അവകാശികൾ പൊതുവിലാണ് ഇവിടെ അതുകൊണ്ടു വിവക്ഷ എന്നും, കുടുംബബന്ധം കൊണ്ട് കൂടുതൽ അടുപ്പമുള്ള അവകാശികളായ 'അസ്വബ': (الْعَصَبَة)ക്കാർ പ്രത്യേകമാണ് വിവക്ഷ എന്നും രണ്ടു അഭിപ്രായങ്ങളുണ്ട്.

يَمِين (യമീൻ) എന്ന വാക്കിന്റെ ബഹുവചനമാണ് أَيْمَان (അയ്മാൻ). ഇതു സത്യം - ശപഥം - എന്ന അർഥത്തിലും, വലങ്കൈ എന്ന അർഥത്തിലും സാധാരണ ഉപയോഗിക്കപ്പെടും. സഖ്യം, സന്ധി, ഉടമ്പടി പോലെയുള്ള പ്രധാന കരാറു വ്യവസ്ഥകൾ ഉറപ്പിക്കുമ്പോൾ അത് അന്യോന്യം കൈ (വലങ്കൈ) പിടിച്ചുകൊണ്ടും ശപഥ വാക്യങ്ങൾ മുഖേന ഉറപ്പിച്ചുകൊണ്ടുമാണല്ലോ നടക്കുക. ആ നിലക്ക് 'യമീനി'ന്റെ വാക്കർഥം രണ്ടിൽ ഏത് സ്വീകരിച്ചാലും ശരി, അത്തരം കരാറുകളും വ്യവസ്ഥകളും സ്ഥാപിക്കുന്നതിന് عَقدالْيَمِين എന്നു പറയാവുന്നതാണ്. ഇതനുസരിച്ച് عَقَدَتْ أَيْمَانُكُمْ (നിങ്ങളുടെ സത്യങ്ങൾ - വലങ്കൈകൾ - സ്ഥാപിച്ചു) എന്നു പറഞ്ഞത് സഖ്യ ഉടമ്പടിയെ ഉദ്ദേശിച്ചാണെന്നത്രെ അധിക വ്യാഖ്യാതാക്കളുടെയും അഭിപ്രായം. വിവാഹ ഇടപാടിനെ ഉദ്ദേശിച്ചാണെന്നും ചിലർക്ക് അഭിപ്രായമുണ്ട്.

കൂടാതെ, ഈ ആയത്തിലെ ഒന്നാമത്തെ വാക്യം وَالأَقْرَبُونَ എന്നിടത്ത് അവസാനിക്കുന്നതായും, وَالَّذِينَ മുതൽ نَصِيبَهُمْ വരെയുള്ള ഭാഗം രണ്ടാമതൊരു വാക്യമായുമാണ് മിക്കവരും കണക്കാക്കുന്നത്. ഇതനുസരിച്ചാണ് وَالأَقْرَبُونَ എന്നിടത്ത് 'വക്വ്ഫ്' (നിറുത്തിവായന) ചെയ്തു വരുന്നതും. പരിഭാഷയിൽ നാം സ്വീകരിച്ചിരിക്കുന്നതും ഇപ്രകാരമാകുന്നു. ആദ്യം മുതൽ نَصِيبَهُمْ വരെയുള്ളതെല്ലാം ചേർന്ന് ഒരേ വാക്യമായും ചില വ്യാഖ്യാതാക്കൾ കണക്കാക്കി വരുന്നു. ഇതനുസരിച്ച് അതിന് ഇങ്ങിനെ അർഥം നൽകാവുന്നതാണ്: 'മാതാപിതാക്കളും അടുത്ത കുടുംബങ്ങളും നിങ്ങളുടെ

വലങ്കൈകൾ - സത്യങ്ങൾ - ബന്ധം സ്ഥാപിച്ചിട്ടുള്ളവരും വിട്ടുപോയ സ്വത്തിന് എല്ലാവർക്കും നാം ബന്ധപ്പെട്ടവരെ - അവകാശികളെ - ഏർപ്പെടുത്തിയിരിക്കുന്നു.' എനി നമുക്ക്, മേൽസൂചിപ്പിച്ച പ്രസക്ത വ്യാഖ്യാനങ്ങളുടെ ചുരുക്കം മനസ്സിലാക്കാം:-

وَالَّذِينَ മുതൽക്കുള്ളത് ഒരു വാക്യവും അതിന്റെ മുമ്പുള്ളത് വേറൊരു വാക്യവുമാണെന്ന അഭിപ്രായക്കാർ ആയത്തിന് രണ്ടു തരത്തിൽ വ്യാഖ്യാനം നൽകാറുണ്ട്:

(1) ആദ്യത്തെ വാക്യത്തിന്റെ സാരം, മാതാപിതാക്കളും അടുത്ത കുടുംബങ്ങളും മരണപ്പെട്ടു പോകുമ്പോൾ അവർ വിട്ടേച്ചു പോകുന്ന സ്വത്തിനു എല്ലാവർക്കും തന്നെ അല്ലാഹു നിശ്ചിത അവകാശികളെ ഏർപ്പെടുത്തിയിട്ടുണ്ട് എന്നും രണ്ടാമത്തെ വാക്യത്തിന്റെ സാരം, നിങ്ങളുമായി സഖ്യബന്ധം നിലവിലുള്ളവർക്ക് ആ സഖ്യബന്ധമനുരിച്ച് നിങ്ങൾ നിർവ്വഹിച്ചു കൊടുക്കേണ്ടതുള്ള ബാധ്യതകളിൽ സ്വത്തവകാശമല്ലാത്ത എല്ലാ ബാധ്യതകളും നിങ്ങൾ നിർവ്വഹിച്ചു കൊടുക്കണം എന്നും, മദീനാ ഹിജ്റഃയെത്തുടർന്നു മുഹാജിറുകളുടെയും അൻസ്വാരികളുടെയും ഇടക്ക് നബിﷺ സ്ഥാപിച്ചിരുന്ന സാഹോദര്യബന്ധത്തിന്റെ അടിസ്ഥാനത്തിൽ അവർ അന്യോന്യം സ്വത്തവകാശം നൽകി വന്നിരുന്നതിനെയും, ജാഹിലിയ്യാ കാലത്ത് അന്യോന്യം സ്വത്തവകാശം വകവെച്ചുകൊണ്ട് അറബികളിൽ പതിവുണ്ടായിരുന്ന സഖ്യബന്ധങ്ങളെയും നിറുത്തൽ ചെയ്യലും, ഇസ്ലാമിലെ അനന്തരാവകാശ നിയമവ്യവസ്ഥപ്രകാരമുള്ള അവകാശികൾക്കു മാത്രമേ മേലിൽ സ്വത്തവകാശമുള്ളൂവെന്ന് സ്ഥാപിക്കലുമാണ് ഈ വചനം ചെയ്യുന്നത് എന്നത്രെ ഈ വ്യാഖ്യാനത്തിന്റെ താൽപര്യം.

(2) ഒന്നാമത്തെ വാക്യത്തിന്റെ സാരം, മാതാപിതാക്കളും അടുത്ത കുടുംബങ്ങളും വിട്ടുപോയ സ്വത്തിന് എല്ലാവർക്കും തന്നെ അടുത്ത കുടുംബബന്ധമുള്ള - അസ്വബക്കാരായി അറിയപ്പെടുന്ന - അവകാശികളെ നിശ്ചയിച്ചിട്ടുണ്ട് എന്നും, രണ്ടാം വാക്യത്തിന്റെ സാരം, വിവാഹബന്ധം സ്ഥാപിതമായിട്ടുള്ളവർക്ക് - ഭാര്യാഭർത്താക്കൾക്ക് - അവരുടെ നിശ്ചിത ഓഹരി കൊടുക്കണമെന്നും ആകുന്നു. അതായത് ഭാര്യാഭർത്താക്കളുടെ നിശ്ചിത ഓഹരികൾ (ഭർത്താവാണെങ്കിൽ പകുതിയും; നാലിലൊന്നും; ഭാര്യയാണെങ്കിൽ ഭർത്താവിന്റെ പകുതിയും), മാത്രം നൽകുകയും ബാക്കിയെല്ലാം ആ അടുത്ത അവകാശികൾക്ക് - അസ്വബക്കാർക്ക് - കൊടുക്കുകയുമാണ് വേണ്ടതെന്നു താൽപര്യം.

ആയത്തിന്റെ ആദ്യം മുതൽ نَصِيبَهُمْ വരെയുള്ളതെല്ലാം ചേർന്നു ഒരേ വാക്യമാണെന്ന അഭിപ്രായമനുസരിച്ച് അതിന്റെ സാരം ഇങ്ങിനെയായിരിക്കും: മാതാപിതാക്കളും, അടുത്ത കുടുംബങ്ങളും, വിവാഹബന്ധം സ്ഥാപിതമായവരും - അഥവാ ഭാര്യാഭർത്താക്കളും - വിട്ടുപോയ സ്വത്തിന് അല്ലാഹു നിശ്ചിത അവകാശികളെ എല്ലാവർക്കും ഏർപ്പെടുത്തി വെച്ചിരിക്കുന്നു. അഥവാ ആ അവകാശികൾക്ക് മാത്രമേ മേലിൽ അനന്തരാവകാശമുള്ളൂ. ആ അവകാശികൾ ഓരോരുത്തർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ഓഹരി നൽകേണ്ടതാണ്. മേൽക്കണ്ടതല്ലാത്ത ചില വ്യാഖ്യാനങ്ങളും ബന്ധപ്പെട്ട ചില വിശദീകരണങ്ങളും ഇവിടെ കാണാമെങ്കിലും അതിലേക്കു പ്രവേശിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല.

വിഭാഗം - 6

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعۡضَهُمۡ عَلَىٰ بَعۡضٖ وَبِمَآ أَنفَقُواْ مِنۡ أَمۡوَٰلِهِمۡۚ فَٱلصَّٰلِحَٰتُ قَٰنِتَٰتٌ حَٰفِظَٰتٞ لِّلۡغَيۡبِ بِمَا حَفِظَ ٱللَّهُۚ

﴾34﴿ പുരുഷന്മാർ സ്ത്രീകളുടെ മേൽ (കാര്യം) നടത്തിപ്പുകാരാണ്; അവരിൽ [മനുഷ്യരിൽ] ചിലരെ ചിലരെക്കാൾ അല്ലാഹു ശ്രേഷ്ഠരാക്കിയിരിക്കുന്നതുകൊണ്ടും, അവർ [പുരുഷന്മാർ] തങ്ങളുടെ സ്വത്തുക്കളിൽ നിന്ന് ചിലവഴിക്കുന്നതുകൊണ്ടും. [ഇതാണതിനു കാരണം] എന്നാൽ, സദ്‌വൃത്തകളായുള്ളവർ അനുസരണമുള്ളവരും, അല്ലാഹു കാത്തു സൂക്ഷിച്ചപ്രകാരം അസാന്നിധ്യത്തിൽ കാത്തു സൂക്ഷിക്കുന്നവരുമാകുന്നു.

وَٱلَّٰتِي تَخَافُونَ نُشُوزَهُنَّ فَعِظُوهُنَّ وَٱهۡجُرُوهُنَّ فِي ٱلۡمَضَاجِعِ وَٱضۡرِبُوهُنَّۖ فَإِنۡ أَطَعۡنَكُمۡ فَلَا تَبۡغُواْ عَلَيۡهِنَّ سَبِيلًاۗ

യാതൊരു സ്ത്രീകളുടെ പിണക്കം [അനുസരണക്കേട്] നിങ്ങൾ ഭയപ്പെടുന്നുവോ, അവർക്ക് നിങ്ങൾ സദുപദേശം നൽകുകയും, കിടപ്പു സ്ഥാനങ്ങളിൽ അവരെ വെടിയുകയും, അവരെ അടിക്കുകയും ചെയ്തു കൊള്ളുവിൻ. എന്നിട്ട്, അവർ നിങ്ങളെ അനുസരിച്ചുവെങ്കിൽ (പിന്നെ) അവർക്കെതിരിൽ നിങ്ങൾ ഒരു മാർഗവും അന്വേഷിക്കരുത്.

إِنَّ ٱللَّهَ كَانَ عَلِيّٗا كَبِيرٗا ﴿٣٤﴾

നിശ്ചയമായും അല്ലാഹു ഉന്നതനും, വലിയവനുമാകുന്നു.

وَإِنۡ خِفۡتُمۡ شِقَاقَ بَيۡنِهِمَا فَٱبۡعَثُواْ حَكَمٗا مِّنۡ أَهۡلِهِۦ وَحَكَمٗا مِّنۡ أَهۡلِهَآ

﴾35﴿ അവർ രണ്ടുപേർക്കുമിടയിൽ നിങ്ങൾ പിളർപ്പു [ഛിദ്രം] ഭയപ്പെട്ടുവെങ്കിലോ, അപ്പോൾ, അവന്റെ ആൾക്കാരിൽ നിന്ന് ഒരു വിധികർത്താവിനെ [മദ്ധ്യസ്ഥനെ]യും, അവളുടെ ആൾക്കാരിൽ നിന്ന് ഒരു വിധികർത്താവിനെ [മദ്ധ്യസ്ഥനെ]യും നിങ്ങൾ നിയോഗിക്കുവിൻ.

إِن يُرِيدَآ إِصۡلَٰحٗا يُوَفِّقِ ٱللَّهُ بَيۡنَهُمَآۗ	**ഇരുകൂട്ടരും (അവർക്കിടയിൽ) നന്നാക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം, രണ്ടു പേർക്കുമിടയിൽ അല്ലാഹു യോജിപ്പുണ്ടാക്കുന്നതാണ്.**
إِنَّ ٱللَّهَ كَانَ عَلِيمًا خَبِيرٗا ﴿٣٥﴾	**നിശ്ചയമായും അല്ലാഹു, സർവ്വജ്ഞനും, സൂക്ഷ്മജ്ഞനുമാകുന്നു.**

﴾34﴿ الرِّجَالُ പുരുഷന്മാർ قَوَّامُونَ നിലകൊള്ളുന്നവരാണ്, നടത്തിപ്പുകാരാണ്, അധികാരസ്ഥന്മാരാണ്, രക്ഷകന്മാരാണ് عَلَى النِّسَاءِ സ്ത്രീകളിൽ, സ്ത്രീകളുടെ മേൽ بِمَا فَضَّلَ ശ്രേഷ്ഠമാക്കിയതുകൊണ്ട്, മെച്ചപ്പെടുത്തിയതിനാൽ اللَّهُ അല്ലാഹു بَعْضَهُمْ അവരിൽ ചിലരെ عَلَىٰ بَعْضٍ ചിലരെക്കാൾ وَبِمَا أَنفَقُوا അവർ ചിലവഴിക്കുന്നതുകൊണ്ടും مِنْ أَمْوَالِهِمْ അവരുടെ സ്വത്തുക്കളിൽ നിന്ന് فَالصَّالِحَاتُ എന്നാൽ സദ്വൃത്തകളായവർ, നല്ല സ്ത്രീകൾ, കൊള്ളാവുന്നവർ قَانِتَاتٌ അനുസരണം (ഒതുക്കം - അച്ചടക്കം) ഉള്ളവരാണ് حَافِظَاتٌ കാക്കുന്ന (സൂക്ഷിക്കുന്ന)വരാണ് لِلْغَيْبِ അസാന്നിദ്ധ്യത്തെ (അഭാവാവസ്ഥയിൽ) بِمَا حَفِظَ اللَّهُ അല്ലാഹു(കാത്തു) സൂക്ഷിച്ചപ്രകാരം, കാത്തതുകൊണ്ട് وَاللَّاتِي യാതൊരു സ്ത്രീകൾ تَخَافُونَ നിങ്ങൾ ഭയപ്പെടും, ഭയപ്പെടുന്ന نُشُوزَهُنَّ അവരുടെ പിണക്കത്തെ, അനുസരണക്കേട് فَعِظُوهُنَّ അവർക്ക് നിങ്ങൾ സദുപദേശം ചെയ്യുവിൻ وَاهْجُرُوهُنَّ അവരെ നിങ്ങൾ വെടിയുകയും ചെയ്യുവിൻ فِي الْمَضَاجِعِ കിടപ്പു സ്ഥാനങ്ങളിൽ وَاضْرِبُوهُنَّ അവരെ നിങ്ങൾ അടിക്കുകയും ചെയ്യുവിൻ فَإِنْ أَطَعْنَكُمْ എന്നിട്ടു (എന്നാൽ) അവർ നിങ്ങളെഅനുസരിച്ചെങ്കിൽ, വഴിപ്പെട്ടാൽ فَلَا تَبْغُوا എന്നാൽ നിങ്ങൾ തേടേണ്ട, അന്വേഷിക്കരുത് عَلَيْهِنَّ അവരുടെ മേൽ, അവർക്കെതിരെ سَبِيلًا ഒരു മാർഗം, വഴി إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ عَلِيًّا അവൻ ഉന്നതനാകുന്നു, മേലെയുള്ളവനാണ് كَبِيرًا വലിയവൻ, മഹാനായ

﴾35﴿ وَإِنْ خِفْتُمْ നിങ്ങൾ ഭയന്നുവെങ്കിൽ شِقَاقَ പിളർപ്പ്, ഛിദ്രം, ഭിന്നിപ്പ് بَيْنِهِمَا അവർ രണ്ടുപേർക്കുമിടയിൽ فَابْعَثُوا എന്നാൽ നിങ്ങൾ എഴുന്നേൽപിക്കുവിൻ, അയക്കുക, നിയോഗിക്കുക حَكَمًا ഒരു വിധികർത്താവിനെ (മദ്ധ്യസ്ഥനെ) مِنْ أَهْلِهِ അവന്റെ ആൾക്കാരി(കൂട്ടക്കാരി)ൽ നിന്ന് وَحَكَمًا ഒരു വിധി കർത്താവിനെയും مِنْ أَهْلِهَا അവളുടെ ആൾക്കാരിൽ നിന്ന് إِن يُرِيدَا അവർ രണ്ടാളും ഉദ്ദേശിക്കുന്നപക്ഷം إِصْلَاحًا നന്നാക്കൽ, നന്മവരുത്തൽ يُوَفِّقِ ഒപ്പിക്കും, യോജിപ്പുവരുത്തും اللَّهُ അല്ലാഹു بَيْنَهُمَا അവർ രണ്ടാൾക്കിടയിൽ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ عَلِيمًا അറിയുന്നവനാകുന്നു, സർവ്വജ്ഞനാണ് خَبِيرًا സൂക്ഷ്മജ്ഞാനി

വൈവാഹിക ജീവിതത്തിൽ ഭാര്യാഭർത്താക്കൾക്കിടയിൽ അനുവർത്തിക്കപ്പെടേണ്ടുന്ന ചില പ്രധാന സംഗതികളാണ് ഈ വചനങ്ങളിൽ അല്ലാഹു അറിയിക്കുന്നത്. അവ ശരിക്കും അംഗീകരിക്കുന്ന പക്ഷം, ഭാര്യാഭർത്താക്കൾ തമ്മിൽ വഴക്കും വക്കാ

ണവും ഉണ്ടാകുക ദുർല്ലഭമായിരിക്കും. ഉണ്ടായാൽ അത് പരിഹരിക്കപ്പെടുകയും ചെയ്യും. ഈ വചനങ്ങളിലടങ്ങിയ ആശയങ്ങൾ ഇങ്ങിനെ സംഗ്രഹിക്കാം:-

(1) സ്ത്രീകളുടെ മേലധികാരവും മേൽനോട്ടവും പുരുഷന്മാർക്കാണുള്ളത്. ഒന്നിലധികം ആളുകൾക്ക് പങ്കുള്ള ഏതൊരു രംഗത്തും അതിന് ആധികാരികമായ ഒരു മേൽനോട്ടക്കാരനില്ലാത്ത പക്ഷം അവിടെ കുഴപ്പവും വ്യവസ്ഥയില്ലായ്മയും നടമാടുന്നതാണ്. ഗാർഹിക ജീവിതത്തിൽ ഇതിന്റെ ആവശ്യം കൂടുതലായി കാണാം. 'നാഥനില്ലാത്ത വീടുപോലെ' എന്നൊരു പഴഞ്ചൊല്ലുപോലുമുണ്ടായത് അത്കൊണ്ടാകുന്നു. ഇവിടെ ആ ആധികാരിക സ്ഥാനം പുരുഷനാണുള്ളത് എന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. പ്രകൃത്യാ ഉള്ളതും, സ്വാഭാവികമായുണ്ടാകുന്നതുമായ ഓരോ കാരണങ്ങളും അതിന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. രണ്ടിൽ ഓരോന്നും തന്നെ, ആ സ്ഥാനത്തിനുള്ള അർഹത സ്ത്രീകൾക്കല്ല ഉള്ളതെന്ന് കാണിക്കുന്നവയാകുന്നു. 1-ാമത്തേത്, ഒരു കൂട്ടർക്ക് മറ്റേ കൂട്ടരെക്കാൾ - അതെ, പുരുഷന്മാർക്ക് സ്ത്രീകളെക്കാൾ - അല്ലാഹു നൽകിയിട്ടുള്ള ശ്രേഷ്ഠതയാണ് (مَا فَضَّلَ ٱللَّهُ بَعْضَهُمْ عَلَىٰ بَعْضٍ). അതായത്, ശാരീരികവും മാനസികവുമായി പുരുഷനുള്ള സവിശേഷത, വ്യക്തികളെ എടുത്തു പരിശോധിക്കുമ്പോൾ ഏതെങ്കിലും പ്രത്യേക വിഷയത്തിൽ ചില സ്ത്രീകൾ ചില പുരുഷന്മാരെ കവച്ചുവെക്കുന്നവരുണ്ടാകാമെങ്കിലും രണ്ട് വർഗമെന്ന നിലക്ക് നോക്കുമ്പോൾ, പുരുഷനാണ് ഇതിൽ മുന്നിട്ടു നിൽക്കുന്നതെന്ന് നിഷ്പക്ഷ ബുദ്ധിയുള്ള ആർക്കും അറിയാവുന്ന ഒരു യാഥാർത്ഥ്യമാണ്. ഇക്കാരണം കൊണ്ടുതന്നെയാണ് സ്ത്രീകളിൽ നിന്ന് പ്രവാചകന്മാരെ അല്ലാഹു നിയോഗിക്കാത്തതും, 'ഭരണാധികാരം സ്ത്രീയെ ഏൽപിച്ച ജനത വിജയിക്കുകയില്ല.' എന്നു ബുഖാരി(റ) ഉദ്ധരിച്ച ഒരു ഹദീഥിൽ നബിﷺ പ്രസ്താവിച്ചിരിക്കുന്നതും. 2-ാമത്തേത്, പുരുഷന്മാരാണ് സ്ത്രീകൾക്ക്വേണ്ടി ധനം ചിലവഴിക്കുന്നതെന്ന വസ്തുതയാകുന്നു (بِمَآ أَنفَقُوا۟ مِنْ أَمْوَٰلِهِمْ). സ്ത്രീകളുടെ മഹ്ർ, ഭക്ഷണം, പാർപ്പിടം, വസ്ത്രം തുടങ്ങിയ ചിലവുകളെല്ലാം വഹിക്കുന്നത് പുരുഷന്മാരാണല്ലോ. ഇതും പുരുഷന്മാരെ സ്ത്രീകളുടെ മേലുള്ള നേതൃത്വത്തിന് സ്വാഭാവികമായും അർഹരാക്കുന്നു.

സ്ത്രീകളുടെ നേതൃത്വം പുരുഷന്മാർക്കാണെന്ന് പറഞ്ഞതുകൊണ്ട് - ആധുനികതയുടെ ചിത്തഭ്രമം പിടിപെട്ടവർ കരുതാറുള്ളതുപോലെ - സ്ത്രീകൾക്ക് ഇസ്‌ലാം സ്വാതന്ത്ര്യം അനുവദിച്ചിട്ടില്ലെന്നോ, അവർ പുരുഷന്മാരുടെ അടിമകളായിരിക്കുവാനാണ് ഇസ്‌ലാം ഉദ്ദേശിക്കുന്നതെന്നോ ആരും തെറ്റിദ്ധരിക്കേണ്ടതില്ല. സ്ത്രീ പുരുഷന്മാർ തമ്മിലുള്ള അവകാശങ്ങളെ ഒറ്റ വാക്യത്തിൽ കണക്കുതീർത്തു വിവരിച്ചു കൊണ്ട് അല്ലാഹു പറയുന്നു: وَلَهُنَّ مِثْلُ ٱلَّذِى عَلَيْهِنَّ بِٱلْمَعْرُوفِ ۚ وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ (البقرة) (അവരുടെ - സ്ത്രീകളുടെ - മേൽ ബാധ്യതയുള്ളത്പോലെ സദാചാരമര്യാദപ്രകാരം അവരോടും ബാധ്യതയുണ്ട്. പുരുഷന്മാർക്ക് അവരെക്കാൾ ഒരു പദവിയുണ്ട്താനും. 2 : 228) കൂടുതൽ വിവരം അവിടെ കഴിഞ്ഞു പോയിട്ടുള്ളത്കൊണ്ട് ഇവിടെ വിവരിക്കുന്നില്ല. ആ പദവിയുടെ വിശദീകരണം മാത്രമാണ് ഈ വചനത്തിൽ കാണുന്നത്. ഈ വചനം അവതരിച്ച സന്ദർഭം കൂടി അറിയുന്നത് നന്നായിരിക്കും.

ഒരു പുരുഷൻ തന്റെ മകളെയും കൂട്ടിക്കൊണ്ട് നബിﷺയുടെ അടുക്കൽ വന്ന് അവളെ അവളുടെ ഭർത്താവ് തല്ലിയതായി കേസ് പറയുകയുണ്ടായി. അത് പാടില്ലാത്തതാണെന്നും, അതിന് പ്രതികാരം ചെയ്യാമെന്നും നബിﷺ പറഞ്ഞു. ഈ അവസര

ത്തിലാണിത് അവതരിച്ചതെന്ന് ഇബ്നു ജരീർ(റ) മുതലായ ചിലർ പല മാർഗങ്ങളിലൂടെ നിവേദനം ചെയ്തിരിക്കുന്നു. ചില രിവായത്തുകളിൽ ആ സ്ത്രീ അവളുടെ ഭർത്താവുമായി പിണങ്ങിയത്കൊണ്ടാണ് അവൻ അടിച്ചതെന്നും, മറ്റു ചില രിവായത്തുകളിൽ, ഈ വചനം അവതരിച്ചപ്പോൾ നബിﷺ: 'ഞാൻ ഒരു കാര്യം ഉദ്ദേശിച്ചു; അല്ലാഹു മറ്റൊന്നും ഉദ്ദേശിച്ചു' എന്ന് പറഞ്ഞതായും വന്നിരിക്കുന്നു.

(2) അല്ലാഹുവിനെ അനുസരിച്ചുകൊണ്ടും, ഭർത്താവുമായി അടക്കത്തിലും ഒതുക്കത്തിലും വർത്തിച്ചുകൊണ്ടുമിരിക്കുക, അവന്റെ അഭാവത്തിൽ അവന്റെ സ്വത്ത്, മാനം, മക്കൾ മുതലായവയും, അവൾക്കോ അവന്നോ അപകീർത്തിയുണ്ടാക്കുന്ന കാര്യങ്ങളും കാത്തുസൂക്ഷിക്കുക; ഇതാണ് നല്ലവരും സദ്വൃത്തകളുമായ സ്ത്രീകളുടെ ലക്ഷണങ്ങൾ. 'സദ്വൃത്തകളായ സ്ത്രീകൾ അനുസരണമുള്ളവരും അസാന്നിദ്ധ്യാവസ്ഥയിൽ കാത്തു സൂക്ഷിക്കുന്നവരുമായിരിക്കും' എന്ന വാക്യത്തിന്റെ താൽപര്യം അതാകുന്നു. വിവാഹം മുഖേന തങ്ങളുടെ ചാരിത്ര്യം സംരക്ഷിക്കുവാനും, ജീവിതാവശ്യങ്ങൾ നിറവേറ്റുവാനുമുള്ള മാർഗം സിദ്ധിച്ചിരിക്കുന്നതും, തങ്ങളുടെ അവകാശങ്ങളും ആവശ്യങ്ങളും നിറവേറ്റുവാൻ ഭർത്താക്കളോട് കൽപിക്കപ്പെട്ടിരിക്കുന്നതും സൂചിപ്പിച്ചുകൊണ്ടാണ് بِمَا حَفِظَ اللَّهُ (അല്ലാഹു കാത്തുരക്ഷിച്ച പ്രകാരം) എന്ന് പറഞ്ഞിരിക്കുന്നത്. തങ്ങളുടെ ഗുണത്തിനു വേണ്ടി അല്ലാഹു ഇതെല്ലാം ചെയ്തുകൊടുത്തിരിക്കകൊണ്ട് ഭർത്താക്കളുടെ സാന്നിധ്യത്തിൽ മാത്രമല്ല - അവരുടെ അസാന്നിധ്യത്തിലും - മേൽ പറഞ്ഞ കാര്യങ്ങൾ സൂക്ഷിക്കുവാൻ അവർ ബാധ്യസ്ഥരാണ് എന്ന് സാരം. അബൂഹുറയ്റഃ(റ)യിൽ നിന്ന് ഇബ്നുജരീറും, ബൈഹക്വീ (റ) മുതലായവരും ഉദ്ധരിക്കുന്നു: നബിﷺ പറഞ്ഞു: 'സ്ത്രീകളിൽവെച്ച് ഉത്തമയായവൾ (ഇങ്ങിനെയുള്ള) ഒരു സ്ത്രീയാണ്: നീ അവളെ നോക്കിയാൽ അവൾ നിന്നെ സന്തോഷപ്പെടുത്തും, നീ അവളോട് കൽപിച്ചാൽ അവൾ നിന്നെ അനുസരിക്കും, നീ അവളിൽ നിന്ന് (വിട്ട്) മറഞ്ഞുപോയാൽ നിന്റെ സ്വത്തിന്റെ കാര്യത്തിലും അവളുടെ ദേഹത്തിന്റെ കാര്യത്തിലും അവൾ നിന്നെ കാത്തുസൂക്ഷിക്കും. പിന്നീട് തിരുമേനിﷺ (സൂറത്ത് നിസാഉ് : 34, 35) ഈ ക്വുർആൻ വചനം ഓതുകയും ചെയ്തു.

(3) ഭാര്യ, ഭർത്താവിന്റെ ഇഷ്ടത്തിനും ശാസനകൾക്കും വഴങ്ങാതെ അനുസരണക്കേടും പിണക്കവും കാണിക്കുന്നപക്ഷം, ആദ്യം അതിന്റെ ഭവിഷ്യൽഫലങ്ങളെക്കുറിച്ചും മറ്റും അവൻ അവൾക്ക് നല്ല ഉപദേശങ്ങൾ കൊടുത്തുനോക്കണം. അത് ഫലിക്കുന്നില്ലെങ്കിൽ ശയനവേളയിൽ അവനോടൊപ്പം അവളെ ശയിക്കുവാൻ അനുവദിക്കാതെ അകറ്റി നിറുത്താം. അത്കൊണ്ടും പിണക്ക് തീരുന്നില്ലെങ്കിൽ അവന് അവളെ ഒരു ശിക്ഷണമെന്ന നിലക്ക് അടിക്കുകയും ചെയ്യാം. പരുക്ക് പറ്റാത്ത വിധത്തിലുള്ള അടിയേ പാടുള്ളൂവെന്ന് താഴെ ഉദ്ധരിക്കുന്ന ഹദീഥിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഇവയിൽ ഏതെങ്കിലും ഒന്നുകൊണ്ട് അവളുടെ പിണക്കവും വഴക്കും അവസാനിപ്പിച്ച് അവൾ അനുസരണത്തിലേക്ക് വന്നാൽ, പിന്നീട് യാതൊരു നടപടിയും അവൾക്കെതിരെ സ്വീകരിച്ചുകൂടാ. അഥവാ എവിടെവെച്ചു അതവസാനിച്ചുവോ അവിടെവെച്ചു തന്നെ അതിനെതിരെയുള്ള നടപടിയും അവസാനിപ്പിക്കണം. അതിനെ തുടർന്ന് ചീത്ത പറയുക, ഭിഷണിപ്പെടുത്തുക, പെരുമാറ്റം കുടുസ്സാക്കിത്തീർക്കുക മുതലായതൊന്നും ചെയ്തുകൂടാ, എന്നൊക്കെയാണ്; എന്നിട്ട് അവർ നിങ്ങളെ അനുസരിച്ചെങ്കിൽ അവർക്കെതിരെ ഒരു മാർഗവും നിങ്ങൾ തേടരുത് എന്ന് പറഞ്ഞതിന്റെ സാരം.

ഇത്രയെല്ലാം വിശദീകരിച്ചു വിവരിച്ചതിന് ശേഷം. സ്ത്രീകളോട് അപമര്യാദയായി

പെരുമാറുക, കാരണം കൂടാതെ കയർക്കുക, നിസ്സാര കാര്യത്തിനു വേണ്ടി അടിക്കുക, അവർക്ക് നൽകേണ്ടുന്ന ആനുകൂല്യങ്ങൾ നൽകാതിരിക്കുക മുതലായ ദുഃസ്സമ്പ്രദായങ്ങളെക്കുറിച്ച് അല്ലാഹു പുരുഷന്മാരെ താക്കീത് ചെയ്യുന്നു. 'നിശ്ചയമായും അല്ലാഹു ഉന്നതനും വലിയവനുമാകുന്നു'. പുരുഷന് സ്ത്രീയുടെ മേലുള്ള നിയന്ത്രണാധികാരം അവൻ ദുരുപയോഗപ്പെടുത്തുന്ന പക്ഷം, അവന്റെമേൽ തക്ക നടപടിയെടുക്കുവാൻ അല്ലാഹു തയ്യാറുണ്ടെന്ന് അവൻ ഓർത്തിരിക്കണമെന്നാണ് ഈ വാക്യത്തിലെ സൂചന. ഇപ്പറഞ്ഞതെല്ലാം സ്ത്രീയുടെ മേലധികാരം പുരുഷനാണെന്നുള്ള അടിസ്ഥാനത്തിൽ – പിണക്കവും അനുസരണക്കേടും സ്ത്രീയുടെ ഭാഗത്തുനിന്നുണ്ടാകുമ്പോൾ – അനുവർത്തിക്കേണ്ടുന്ന മാർഗങ്ങളാണ്. എനി, പുരുഷന്റെ ഭാഗത്തു നിന്നാണ് പിണക്കം സംഭവിക്കുന്നതെങ്കിൽ, അതിനുള്ള മാർഗമോ? ഇതിനെപ്പറ്റി താഴെ 128-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. അവിടെവെച്ചു കാണാം. إن شاء الله അതല്ല, രണ്ടുഭാഗത്തുനിന്നും കക്ഷിവഴക്കുണ്ടായെങ്കിലോ? അതാണ് രണ്ടാമത്തെ വചനത്തിലെ വിഷയം. അതായത്:-

(4) ഭാര്യയുടെയോ ഭർത്താവിന്റെയോ പക്ഷത്തുനിന്നു മാത്രമല്ലാതെ രണ്ടു പക്ഷത്തുനിന്നുമായി തമ്മിൽ വഴക്കും ഛിദ്രവും ഉണ്ടാകുന്നുവെങ്കിൽ, അതിനുള്ള പരിഹാര മാർഗം, രണ്ടു പക്ഷത്തുനിന്നുമുള്ള മദ്ധ്യസ്ഥന്മാർ മുഖേന തീർപ്പുണ്ടാക്കലാണ്. ഓരോ പക്ഷത്തുനിന്നും അവർക്ക് നന്നായിത്തോന്നുന്ന മദ്ധ്യസ്ഥന്മാരെ നിയോഗിക്കണം. അവർ ഓരോ ഭാഗത്തുമുള്ള തെറ്റുകുറ്റങ്ങൾ പരിശോധിച്ചു കൂടുതൽ യുക്തവും പ്രായോഗികവുമായ തീരുമാനമുണ്ടാക്കണം. അതവരുടെ ബാദ്ധ്യതയുമാകുന്നു. അവരുടെ തീരുമാനം സ്വീകരിക്കുവാൻ ഇരുകൂട്ടരും ബാദ്ധ്യസ്ഥരുമായിരിക്കും. ഒരു വിധത്തിലും യോജിപ്പിച്ചു സന്ധിയാക്കുവാൻ മാർഗം കാണാത്തപ്പോൾമാത്രമേ വിവാഹബന്ധം വേർപെടുത്തുവാനുള്ള തീരുമാനം ഉണ്ടാകാവൂ. രണ്ടുകൂട്ടരും തമ്മിൽ നന്നായിത്തീരണമെന്ന് മദ്ധ്യസ്ഥന്മാർ ആത്മാർത്ഥമായി ഉദ്ദേശിക്കുന്നപക്ഷം, അവർക്കിടയിൽ യോജിപ്പ് വരുത്തുവാനുള്ള മാർഗം അല്ലാഹു തുറന്നുകൊടുക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ഇത് മദ്ധ്യസ്ഥന്മാർ പ്രത്യേകം ഓർത്തിരിക്കേണ്ടതുണ്ട്.

അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങളാണ് എപ്പോഴും പ്രായോഗികവും, വിജയപ്രദവുമായിരിക്കുക, അതായിരിക്കും ശുഭകരമായി പര്യവസാനിക്കുക, മനുഷ്യരുടെ അവസ്ഥാ വിശേഷങ്ങളെപ്പറ്റിയും അവക്ക് അനുയോജ്യമായ പോംവഴികളെപ്പറ്റിയും അല്ലാഹുവിനാണ് ഏറ്റവും അറിയുക എന്നൊക്കെ ഉണർത്തിക്കൊണ്ടാണ് അല്ലാഹു ഈ വിഷയം അവസാനിപ്പിക്കുന്നത്. അതെ, إِنَّ ٱللَّهَ كَانَ عَلِيمًا خَبِيرًا (നിശ്ചയമായും, അല്ലാഹു സർവ്വജ്ഞനും, സൂക്ഷ്മജ്ഞനുമാകുന്നു). മേൽ പ്രസ്താവിച്ച വിഷയങ്ങളിലേക്ക് കൂടുതൽ വെളിച്ചം ലഭിക്കുവാൻ ഉതകുന്ന പല നബി വചനങ്ങളും ഉദ്ധരിക്കുവാനുണ്ട്. ഉദാഹരണാർത്ഥം ചിലത് നമുക്ക് ഇവിടെ ഓർമിക്കാം:

നബിﷺ പറയുന്നു:- (1) 'നിങ്ങളിൽ ഒരാളുംതന്നെ, അടിമകളെ അടിക്കുന്ന പ്രകാരം തന്റെ ഭാര്യയെ അടിക്കരുത്. പിന്നീട് (ആ) ദിവസത്തിന്റെ അവസാനത്തിൽ അവൻ അവളോടൊപ്പം ശയിച്ചേക്കുമല്ലോ.' (ബു; മു.)

(2) 'ഒരു പുരുഷൻ തന്റെ ഭാര്യയെ തന്റെ വിരിപ്പിലേക്ക് വിളിച്ചിട്ട് അവൾ വിസമ്മതിക്കുന്നപക്ഷം, നേരം പുലരുന്നതുവരെയും മലക്കുകൾ അവളെ ശപിക്കുന്നതാണ്.' (ബു; മു.)

(3) 'ഏതൊരു സ്ത്രീയുടെ ഭർത്താവ് അവളെപ്പറ്റി തൃപ്തിപ്പെട്ടവനായും കൊണ്ട്

മരണമടയുന്നുവോ അവൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.' (തി.)

(4) '(ഒരാൾക്ക് അയാളുടെ ഭാര്യയോടുള്ള കടമയെപ്പറ്റി ചോദിക്കപ്പെട്ടതിന് മറുപടിയായി) നീ ഭക്ഷണം കഴിച്ചാൽ, അവൾക്കും ഭക്ഷണം നൽകുക; നീ വസ്ത്രം ധരിച്ചാൽ, അവൾക്കും വസ്ത്രം നൽകുക; മുഖത്തടിക്കാതിരിക്കുക; (വാക്കുകൊണ്ടോ മറ്റോ) ചീത്തപ്പെടുത്താതിരിക്കുക; (വേണ്ടിവരുമ്പോൾ) വീട്ടിനുള്ളിൽ വെച്ചല്ലാതെ (അവളെ) വെടിഞ്ഞു നിൽക്കാതിരിക്കുക - അഥവാ തെറ്റി നിൽക്കാതിരിക്കുക.' (അ; ദാ; ജ)

(5) 'സത്യവിശ്വാസികളിൽ ഏറ്റവും വിശ്വാസം പൂർത്തിയായവൻ അവരിൽവെച്ച് ഏറ്റവും സ്വഭാവം നല്ലവനാകുന്നു. നിങ്ങളിൽവെച്ച് ഉത്തമൻമാർ തങ്ങളുടെ സ്ത്രീകളോട് ഉത്തമന്മാരായുള്ളവരാണ്.' (തി.)

(6) (പേർഷ്യൻ രാജാക്കളുടെ മുമ്പിൽ അവരുടെ പ്രജകൾ സുജൂദ് ചെയ്യുന്നത് പോലെ, തിരുമേനിയുടെ മുമ്പിൽ തങ്ങൾക്കും സുജൂദ് ചെയ്തുകൂടേ? എന്ന് ചിലർ ചോദിച്ചതിനു മറുപടിയായി). 'ഒരാൾ ഒരാൾക്ക്, സുജൂദ് ചെയ്‌വാൻ ഞാൻ കല്പിക്കുമായിരുന്നെങ്കിൽ സ്ത്രീകൾ ഭർത്താക്കൾക്ക് സുജൂദ് ചെയ്‌വാൻ ഞാൻ കല്പിക്കുമായിരുന്നു.' (അ; ദാ)

(7) (ഹജ്ജത്തുൽ വിദാഇലെ പ്രസിദ്ധ പ്രസംഗത്തിൽ) 'സ്ത്രീകളുടെ വിഷയത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം. കാരണം അവർ നിങ്ങളുടെ ബന്ധത്തിലുള്ളവരാണ്. നിങ്ങളുടെ വിരുപ്പിൽ നിങ്ങൾ ഇഷ്ടപ്പെടാത്തവരെ ചവിട്ടുവാൻ അനുവദിക്കാതിരിക്കേണ്ടുന്ന കടമ അവർക്ക് നിങ്ങളോടുണ്ട്. അതവർ ചെയ്താൽ നിങ്ങളവരെ പരിക്കു (മുറിവോ ചതവോ) പറ്റാത്ത അടി അടിച്ചു കൊള്ളുക. മര്യാദപ്രകാരം അവരുടെ ഭക്ഷണവും വസ്ത്രവും അവർക്ക് നൽകേണ്ടതുണ്ട്.' (മു.)

وَٱعْبُدُوا۟ ٱللَّهَ وَلَا تُشْرِكُوا۟ بِهِۦ شَيْـًٔا
وَبِٱلْوَٰلِدَيْنِ إِحْسَٰنًا وَبِذِى ٱلْقُرْبَىٰ
وَٱلْيَتَٰمَىٰ وَٱلْمَسَٰكِينِ وَٱلْجَارِ ذِى
ٱلْقُرْبَىٰ وَٱلْجَارِ ٱلْجُنُبِ وَٱلصَّاحِبِ
بِٱلْجَنۢبِ وَٱبْنِ ٱلسَّبِيلِ وَمَا مَلَكَتْ
أَيْمَٰنُكُمْ

﴾36﴿ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനോട് യാതൊന്നിനെയും പങ്കു ചേർക്കുകയും ചെയ്യരുത്. മാതാപിതാക്കളോട് നന്മ പ്രവർത്തിക്കുകയും (ചെയ്യുവിൻ). അടുത്ത ബന്ധമുള്ളവരോടും, അനാഥകളോടും, സാധുക്കളോടും, അടുത്ത ബന്ധമുള്ള അയൽക്കാരനോടും, അകന്ന അയൽക്കാരനോടും, പാർശ്വത്തുള്ള കൂട്ടുകാരനോടും, വഴിക്കാരനോടും, നിങ്ങളുടെ വലകൈകൾ ഉടമപ്പെടുത്തിയവരോടും (നന്മ പ്രവർത്തിക്കുവിൻ).

إِنَّ ٱللَّهَ لَا يُحِبُّ مَن كَانَ مُخْتَالًا
فَخُورًا ﴿٣٦﴾

നിശ്ചയമായും, പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ളവനെ അല്ലാഹു സ്നേഹിക്കുകയില്ല:-

ٱلَّذِينَ يَبْخَلُونَ وَيَأْمُرُونَ ٱلنَّاسَ بِٱلْبُخْلِ وَيَكْتُمُونَ مَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ ۗ وَأَعْتَدْنَا لِلْكَـٰفِرِينَ عَذَابًا مُّهِينًا ﴿٣٧﴾

﴾37﴿ അതായത്, യാതൊരുകൂട്ടർ: തങ്ങൾ പിശുക്ക് കാണിക്കുകയും, മനുഷ്യരോട് പിശുക്ക് കാണിക്കുവാൻ കൽപിക്കുകയും, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്നും തങ്ങൾക്ക് അവൻ നൽകിയതിനെ മറച്ചുവെക്കുകയും ചെയ്യുന്ന (കൂട്ടർ). അവിശ്വാസികൾക്ക് (അഥവാ നന്ദികെട്ടവർക്ക്) നിന്ദാവഹമായ ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

﴾36﴿ وَاعْبُدُوا നിങ്ങൾ ആരാധിക്കുവിൻ اللهَ അല്ലാഹുവിനെ وَلاتُشْرِكُوا നിങ്ങൾ പങ്കുചേർക്കുകയും അരുത് بِهِ അവനോട്, അവനിൽ شَيْئًا യാതൊന്നും وَبِالْوَالِدَيْنِ മാതാപിതാക്കളോട് إِحْسَانًا നന്മ പ്രവർത്തിക്കലും (ചെയ്വിൻ) وَبِذِي الْقُرْبَىٰ അടുത്ത ബന്ധമുള്ളവരോടും وَالْيَتَامَىٰ അനാഥകളോടും وَالْمَسَاكِينِ സാധുക്ക(പാവങ്ങ)ളോടും وَالْجَارِ അയൽക്കാരനോടും ذِي الْقُرْبَىٰ അടുത്തബന്ധമുള്ള وَالْجَارِ الْجُنُبِ അകന്ന(വിട്ട) അയൽക്കാരനോടും وَالصَّاحِبِ ചങ്ങാതി, കൂട്ടുകാരനോടും بِالْجَنْبِ അരികെയുള്ള, പാർശ്വത്തുള്ള وَابْنِ السَّبِيلِ വഴിക്കാരനോടും وَمَامَلَكَتْ ഉടമപ്പെടുത്തിയവരോടും أَيْمَانُكُمْ നിങ്ങളുടെ വലങ്കൈകൾ إِنَّ اللهَ നിശ്ചയമായും അല്ലാഹു لايُحِبُّ സ്നേഹിക്കയില്ല, ഇഷ്ടപ്പെടുകയില്ല مَنْ كَانَ ആയിട്ടുള്ളവനെ مُخْتَالًا പൊങ്ങച്ചക്കാരൻ, പത്രാസുകാരൻ, പെരുമ നടിക്കുന്നവൻ فَخُورًا ദുരഭിമാനിയായ, അഹങ്കാരി ﴾37﴿ الَّذِينَ യാതൊരുകൂട്ടർ يَبْخَلُونَ പിശുക്കു കാട്ടുന്ന, അവർ ലുബ്ധത കാണിക്കും وَيَأْمُرُونَ അവർ കല്പിക്കുക (ഉപദേശിക്കുക)യും النَّاسَ മനുഷ്യരോട് بِالْبُخْلِ പിശുക്കിന്, ലുബ്ധതക്ക് وَيَكْتُمُونَ അവർ മറച്ചു(മൂടി)വെക്കുകയും مَا آتَاهُمُ اللهُ അവർക്ക് അല്ലാഹു നൽകിയതിനെ مِنْ فَضْلِهِ അവന്റെ അനുഗ്രഹത്തിൽനിന്ന്, ദയവിനാൽ وَأَعْتَدْنَا നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു لِلْكَافِرِينَ അവിശ്വാസികൾക്ക്, നന്ദികെട്ടവർക്ക് عَذَابًامُهِينًا നിന്ദാകരമായ (അപമാനിക്കുന്ന, നിസ്സാരമാക്കുന്ന) ശിക്ഷ

മനുഷ്യന്റെ കടമകളിൽവെച്ച് പരമപ്രധാനമായത് അവന്റെ സ്രഷ്ടാവും, രക്ഷിതാവുമായ അല്ലാഹുവിനെമാത്രം ആരാധിക്കുകയും അവനോട് മറ്റൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുകയാണല്ലോ. അഥവാ തൗഹീദ്. അല്ലാഹുവിനോടുള്ള കടമ കഴിച്ചാൽ പിന്നീട് മനുഷ്യൻ ഏറ്റവും കടപ്പെട്ടിരിക്കുന്നത് അവന്റെ മാതാപിതാക്കളോടാണ്. അതുകൊണ്ട് അല്ലാഹുവിനോടുള്ള കടമയെക്കുറിച്ചു പറഞ്ഞ ഉടനെ അതോട് ചേർത്തു കൊണ്ട് മാതാപിതാക്കൾക്ക് നന്മചെയ്യുവാൻ കല്പിക്കുന്നു. തൗഹീദിനെപ്പറ്റി പ്രസ്താവിക്കുന്നതോടൊപ്പം മാതാപിതാക്കൾക്ക് നന്മ ചെയ്യുന്ന കാര്യംകൂടി

ഉണർത്തുന്നത് ക്വുർആനിൽ ഇവിടെ മാത്രമല്ല - വേറെ സ്ഥലങ്ങളിലും - കാണാം. (2:83; 17:23; 31:14 നോക്കുക). മാതാപിതാക്കളോട് നന്നായി വർത്തിക്കുകയും, അവരെ വെറുപ്പിക്കാതിരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് അനേകം ക്വുർആൻ വചനങ്ങളിലും, നബിവചനങ്ങളിലുമായി അല്ലാഹുവും, അവന്റെ റസൂലും, വളരെയധികം ഊന്നിപ്പറഞ്ഞിട്ടുള്ളത് പൊതുവെ അറിയപ്പെട്ടതുമാണ്. അവർക്ക് വേണ്ടുന്ന എല്ലാവിധ സഹായസഹകരണങ്ങളും സേവനങ്ങളും നൽകുക, അവരുടെ ഉദ്ദിഷ്ടങ്ങൾ സാധിപ്പിച്ചുകൊടുക്കുക, അവർക്ക് അനിഷ്ടമായതൊന്നും ചെയ്യാതിരിക്കുക, അവരോട് ബഹുമാനത്തിലും, മര്യാദയിലും പെരുമാറുക, നല്ല വാക്കുകൾ മാത്രം പറയുക മുതലായവയാണ് മക്കൾ മാതാപിതാക്കളോട് ചെയ്യേണ്ടുന്ന കടമകൾ എന്ന് മൊത്തത്തിൽ പറയാം. മാതാപിതാക്കളെക്കുറിച്ച് പറഞ്ഞശേഷം, പിന്നീട് മനുഷ്യന് മുഖ്യമായും കടപ്പാടുള്ള മറ്റുള്ളവർക്കും നന്മ ചെയ്യുവാൻ കൽപിക്കുകയും അവരിൽ പ്രധാനപ്പെട്ടവർ ആരൊക്കെയാണെന്ന് എടുത്തു പറയുകയും ചെയ്തിരിക്കുന്നു. അതായത്:

(1) അടുത്ത ബന്ധമുള്ള കുടുംബങ്ങൾ: കുടുംബങ്ങളോട് നന്മ ചെയ്യുകയെന്നത് കേവലം ഒരു ധർമം മാത്രമല്ല, കുടുംബ ബന്ധം പാലിക്കൽ കൂടിയാകുന്നു. സ്വന്തം സഹോദര സഹോദരികൾ, മാതാപിതാക്കളുടെ സഹോദര സഹോദരികൾ, അവരുടെ മക്കൾ മുതലായവരെല്ലാം ഇതിൽ ഉൾപ്പെടുന്നു.

(2) അനാഥകൾ: ഇവരെപ്പറ്റി ഈ സൂറത്തിലും മറ്റു പലേടത്തുമായി ക്വുർആനിലും, പല ഹദീഥുകളിലും ഊന്നിപ്പറയപ്പെട്ടിട്ടുള്ളത് പ്രസിദ്ധമാണ്.

(3) സാധുക്കൾ: അഥവാ അത്യാവശ്യങ്ങൾ കഴിച്ചുകൂട്ടുവാൻ ഗതിയില്ലാത്ത പാവങ്ങൾ.

(4) അടുത്ത ബന്ധമുള്ള അയൽക്കാർ: അഥവാ അയൽപക്കത്തിനുപുറമെ, കുടുംബബന്ധം, മതബന്ധം ആദിയായവകൊണ്ടോ, വീടിന്റെ അടുപ്പംകൊണ്ടോ കൂടുതൽ അണവുള്ളവർ.

(5) അകന്ന അയൽക്കാർ: മേൽപറഞ്ഞ പ്രത്യേക ബന്ധമില്ലാത്തവരും, അടുത്ത വീട്ടുകാരല്ലാത്ത അയൽവാസികളും ഇതിൽ ഉൾപ്പെടുന്നു.

അയൽപക്ക മര്യാദകളെക്കുറിച്ച് വളരെ ഹദീഥുകൾ കാണാവുന്നതാണ്. 'അല്ലാഹുവിലും അന്ത്യദിനത്തിലും ആർ വിശ്വസിക്കുന്നുവോ അവൻ അയൽക്കാരന് നന്മ ചെയ്തു കൊള്ളട്ടെ.' എന്നാണ് നബിﷺ ഒരു ഹദീഥിൽ പറഞ്ഞിരിക്കുന്നത്. (ബു; മു). ഈ ഒരൊറ്റ ഹദീഥിൽനിന്ന് തന്നെ അയൽപക്കമര്യാദകൾക്ക് ഇസ്‌ലാം കൽപിച്ച പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. അയൽക്കാരനായ ഒരു യഹൂദിയുടെ മകൻ രോഗത്തിൽ കിടന്നപ്പോൾ നബിﷺ രോഗം സന്ദർശിക്കവാൻ പോവുകയുണ്ടായി. 'സ്വത്തവകാശം പോലും നൽകിയേക്കുമോ എന്ന് ഞാൻ ഭയപ്പെടുമാറ് അയൽക്കാരന്റെ കാര്യത്തിൽ ജിബ്‌രീൽ(അ) എന്നോട് വസ്വിയ്യത്ത് ചെയ്തു കൊണ്ടിരുന്നു' വെന്നു നബിﷺ പ്രസ്താവിച്ചത് ഞാൻ കേട്ടുവെന്ന് ഇബ്നുഉമർ(റ) പറയുന്നു. (ബു; മു). ഇക്കാരണത്താൽ, അദ്ദേഹത്തിന്റെ വീട്ടിൽ ആടിനെ അറുത്തപ്പോൾ, തന്റെ അയൽക്കാരനായ യഹൂദിക്ക് അതിൽനിന്ന് കൊടുത്തയക്കുവാൻ അദ്ദേഹം ഭൃത്യന്മാരോട് ആവർത്തിച്ചാവശ്യപ്പെട്ടതായും രിവായത്ത് ചെയ്യപ്പെടുന്നു. അക്കാലത്ത് മുസ്‌ലിംകളും യഹൂദികളും തമ്മിലുണ്ടായിരുന്ന അകൽച്ചകൂടി കണക്കിലെടുക്കുമ്പോൾ അയൽപക്കബന്ധത്തിനു നബിﷺയും സ്വഹാബികളും കൽപിച്ചിരുന്ന ഗൗരവം മനസ്സിലാക്കാവുന്നതാണ്. ഒരു

കറി പാകം ചെയ്യുമ്പോൾ അതിൽ വെള്ളം അധികരിപ്പിച്ചിട്ടെങ്കിലും അയൽക്കാരെ ഗൗനിക്കണമെന്നുള്ള ഒരു ഹദീഥ് മുസ്‌ലിമും (റ), രണ്ടു അയൽക്കാരുണ്ടായിരുന്നാൽ, അവരിൽ ആരുടെ വാതിലാണോ കൂടുതൽ അടുത്തത് എങ്കിൽ അവന് മുൻഗണന നൽകണമെന്നുള്ള ഒരു ഹദീഥ് അഹ്മദും, ബുഖാരിയും(റ) ഉദ്ധരിച്ചിരിക്കുന്നു.

അയൽപക്കക്കാരോടുള്ള കടപ്പാടിൽ മുസ്‌ലിമും അമുസ്‌ലിമും വ്യത്യാസമില്ല. അയൽവാസി മുസ്‌ലിമും ബന്ധുവും കൂടിയായിരിക്കമ്പോൾ ആ കടപ്പാട് കൂടുതൽ ശക്തമായിരിക്കുമെന്ന് പ്രത്യേകം പറയേണ്ടതുമില്ല.

(6) പാർശ്വത്തുള്ള കൂട്ടുകാരൻ: യാത്ര, തൊഴിൽ മുതലായവയിൽ പരസ്പരം ബന്ധപ്പെട്ടു കഴിയുന്ന എല്ലാ കൂട്ടുകാരും സ്നേഹിതന്മാരും ഇതിൽ ഉൾപ്പെടുന്നു.

(7) വഴിക്കാരൻ: നാടുവിട്ടു അവലംബമില്ലാതായ യാത്രക്കാർ, അതിഥികളായി വന്നവർ, സദുദ്ദേശത്തോടുകൂടിയ ദേശസഞ്ചാരികൾ എന്നിവരൊക്കെ ഇതിൽ ഉൾപ്പെടുന്നു.

(8) വലങ്കൈ ഉടമപ്പെടുത്തിയവർ: അഥവാ അടിമകൾ. നബി തിരുമേനിﷺ ഒരു ഹദീഥിൽ അടിമകളെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'അവർ നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ വേലക്കാരുമാകുന്നു. അല്ലാഹു അവരെ നിങ്ങളുടെ അധികാരത്തിൻകീഴിലാക്കിയിരിക്കുകയാണ്. അതുകൊണ്ട് ആരുടെയെങ്കിലും സഹോദരൻ അവന്റെ അധികാരത്തിൻകീഴിലുണ്ടെങ്കിൽ, അവൻ തിന്നുന്നതിൽനിന്ന് അവനു ഭക്ഷണം നൽകുകയും, അവൻ ഉടുക്കുന്നതിൽനിന്ന് അവന് ഉടുക്കുവാൻ കൊടുക്കുകയും ചെയ്തുകൊള്ളട്ടെ.' (ബു; മു). മറ്റൊരു നബിവചനം ഇങ്ങിനെയാണ്: 'നിങ്ങളിൽ ഒരാളുടെ അടുക്കൽ അവന്റെ വേലക്കാരൻ ഭക്ഷണവും കൊണ്ടുവന്നാൽ, അവനെ തന്റെ ഒന്നിച്ചിരുത്തുന്നില്ലെങ്കിൽ അവൻ അതിൽ നിന്ന് ഒരു പിടിയോ, രണ്ടു പിടിയോ അവന് നൽകണം. അവനാണല്ലോ അതിന്റെ ചൂടും അദ്ധ്വാനവും (പാകം ചെയ്യാനുള്ള ബുദ്ധിമുട്ട്) അനുഭവിച്ചവൻ.' (ബു; മു.). മരണം ആസന്നമായിരുന്ന അവസരത്തിൽപോലും നമസ്കാരത്തെക്കുറിച്ചും, അടിമകളെക്കുറിച്ചുമായിരുന്നു നബിﷺ പ്രധാനമായി വസ്വിയ്യത്ത് ചെയ്തുകൊണ്ടിരുന്നതെന്ന് അനസ് (റ) പ്രസ്താവിച്ചിരിക്കുന്നു. (അ; ബ.)

മേൽ പ്രസ്താവിച്ചവർക്കെല്ലാം നന്മ ചെയ്യണമെന്നല്ലാതെ, ആ നന്മ ഏതെല്ലാം പ്രകാരത്തിലായിരിക്കണമെന്ന് അല്ലാഹു വിശദീകരിച്ചു പറഞ്ഞിട്ടില്ല. അതിന്റെ ആവശ്യവുമില്ല. ഓരോ കൂട്ടർക്കും അവരവരുടെ സ്ഥിതിഗതികൾക്കും, ആവശ്യങ്ങൾക്കും സന്ദർഭത്തിനും അനുസരിച്ച് വാക്കുകൊണ്ടും, പ്രവൃത്തികൊണ്ടും, ശരീരം കൊണ്ടും, ധനംകൊണ്ടും കഴിവുപോലെ സഹായിക്കലാണ് ഉദ്ദേശ്യമെന്ന് പറയേണ്ടതില്ല. ഈ വിഷയത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവർ ഏത് തരക്കാരായിരിക്കുമെന്ന് പരിശോധിച്ചാൽ, ചിലദുർഗുണങ്ങൾ ഒത്തിണങ്ങിയ ആളുകളായിരിക്കും അവരെന്ന് കാണാവുന്നതാണ്. അതെ, പൊങ്ങച്ചവും, അഹങ്കാരവും, പിശുക്കും! ഔദാര്യമനഃസ്ഥിതി, വിനയം, സഹതാപം, സാധുദയ ആദിയായവയിൽനിന്നാണ് മറ്റുള്ളവർക്ക് നന്മ ചെയ്‌വാൻ പ്രേരണയുണ്ടാകുന്നത്. ഗർവ്വിഷ്ടൻമാർക്കും, അഹങ്കാരബുദ്ധികൾക്കും, ലുബ്ധശീലൻമാർക്കും ഈ ഗുണങ്ങൾ ഉണ്ടാവാൻ തരമില്ലല്ലോ. ഈ ദുർഗുണങ്ങൾ മറ്റൊരു ദുർഗുണത്തിലേക്കും അവരെ നയിക്കുന്നു. അതായത്, മറ്റുള്ളവരും തങ്ങളെപ്പോലെ ജനങ്ങൾക്ക് ഉപകാരം ചെയ്യാതിരിക്കുന്നതിലായിരിക്കും അവർക്ക് താൽപര്യം. അങ്ങനെ, മറ്റുള്ളവർ നല്ല വിഷയങ്ങളിൽ ധനം ചിലവഴിക്കുന്നതിനെ അവർ വിമർശിക്കുകയും,

അവരെ പിന്തിരിപ്പിക്കുവാൻ ശ്രമം നടത്തുകയും ചെയ്യും. തങ്ങൾക്ക് അല്ലാഹു നൽകിയിട്ടുള്ള ധനം മുതലായ അനുഗ്രഹങ്ങളെ കഴിയുന്നത്ര പുറത്തറിയിക്കാതെ മറച്ചുവെക്കലും, ഇത്തരക്കാരുടെ പതിവായിരിക്കും. ഇതാകട്ടെ, അല്ലാഹുവിന്റെ നേരെയുള്ള നന്ദിയില്ലായ്മയും, അവന്റെ അനുഗ്രഹത്തെ അവഗണിക്കലും, അവനിലുള്ള വിശ്വാസക്കുറവുമാകുന്നു. അതുകൊണ്ട് അവർക്ക് അല്ലാഹു നൽകുവാൻ പോകുന്ന ശിക്ഷയും അവരെ അങ്ങേയറ്റം നിന്ദിക്കുന്നതും അപമാനിക്കുന്നതുമായിരിക്കും. (وَأَعْتَدْنَا لِلْكَافِرِينَ عَذَابًا مُّهِينًا)

ഇബ്നുമസ്ഊദ്(റ) പറയുകയാണ്: 'ഒരു അണുത്തൂക്കം അഹംഭാവം ഹൃദയത്തിലുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല' എന്ന് റസൂൽﷺ പറഞ്ഞു. അപ്പോൾ ഒരാൾ ചോദിച്ചു: 'ഒരുത്തൻ തന്റെ വസ്ത്രം നല്ലതായിരിക്കുവാനും, ചെരിപ്പ് നല്ലതായിരിക്കുവാനും ഇഷ്ടപ്പെടുന്നു (ഇത് അഹംഭാവമാകുമോ?)' അപ്പോൾ തിരുമേനി പറഞ്ഞു: 'നിശ്ചയമായും അല്ലാഹു സുന്ദരനാകുന്നു. അവൻ സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു. അഹംഭാവം എന്നാൽ, യഥാർത്ഥത്തെ ധിക്കരിക്കലും. ജനങ്ങളെ അവഗണിക്കലുമാകുന്നു.' (ബു; മു.) ഒരു ഹദീഥിൽ നബിﷺ പറയുന്നു: 'അല്ലാഹു അവന്റെ അടിയാനു ചെയ്തുകൊടുത്തിട്ടുള്ള അനുഗ്രഹത്തിന്റെ അടയാളം അവനിൽ പ്രത്യക്ഷപ്പെട്ടു കാണുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു.' (തി.) പിശുക്ക്, ഗർവ്വ്, അഹങ്കാരം, നന്ദികേട് ആദിയായ ദുർഗുണങ്ങളെ ആക്ഷേപിച്ചുകൊണ്ടുള്ള അനേകം ക്വുർആൻ വാക്യങ്ങളും, നബിവാക്യങ്ങളും പ്രസിദ്ധമാണ്.

وَٱلَّذِينَ يُنفِقُونَ أَمْوَٰلَهُمْ رِئَآءَ ٱلنَّاسِ وَلَا يُؤْمِنُونَ بِٱللَّهِ وَلَا بِٱلْيَوْمِ ٱلْءَاخِرِ ۗ وَمَن يَكُنِ ٱلشَّيْطَٰنُ لَهُۥ قَرِينًا فَسَآءَ قَرِينًا ﴿٣٨﴾

《38》 **യാതൊരു കൂട്ടരും: തങ്ങളുടെ സ്വത്തുക്കൾ മനുഷ്യരെ കാണിക്കുവാനായി അവർ ചിലവഴിക്കും; അല്ലാഹുവിലാകട്ടെ, അന്ത്യനാളിലാകട്ടെ, അവർ വിശ്വസിക്കുന്നുമില്ല. [ഇങ്ങനെയുള്ളവരെയും അല്ലാഹു സ്നേഹിക്കുകയില്ല.]**

ആർക്കെങ്കിലും പിശാച് കൂട്ടാളിയാകുന്നുവെങ്കിൽ, അവൻ വളരെ മോശപ്പെട്ട കൂട്ടാളിയത്രെ!

《38》 وَالَّذِينَ യാതൊരുകൂട്ടരും يُنفِقُونَ അവർ ചിലവു ചെയ്യും أَمْوَالَهُمْ അവരുടെ സ്വത്തുക്കളെ رِئَاءَ കാണിക്കുവാനായി النَّاسِ മനുഷ്യരെ وَلَا يُؤْمِنُونَ അവർ വിശ്വസിക്കുന്നുമില്ല بِاللَّهِ അല്ലാഹുവിൽ وَلَا بِالْيَوْمِ ദിവസത്തിലുമില്ല الْآخِرِ അവസാനത്തെ, അന്ത്യ وَمَن ആർ, യാതൊരുവൻ يَكُنِ ആയിരുന്നു(വോ) الشَّيْطَانُ പിശാച് لَهُ അവന് قَرِينًا കൂട്ടാളി, ഇണ فَسَاءَ എന്നാൽ അവൻ വളരെ (എത്രയോ) മോശപ്പെട്ടു قَرِينًا ഇണ, കൂട്ടാളിയാൽ

പിശുക്കും, അതുമായി ബന്ധപ്പെട്ട ദുർഗുണങ്ങളും കാരണമായി മറ്റുള്ളവർക്ക് നന്മ

ചെയ്വാൻ തയ്യാറാകാത്തവരെപ്പറ്റി പ്രസ്താവിച്ച ശേഷം, നേരെമറിച്ചു ധനം ചിലവഴിക്കുവാൻ മടി കാട്ടാതിരിക്കുകയും, ചിലവഴിക്കുന്നതിന്റെ ലക്ഷ്യം - അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമോ, പരലോകത്തുവെച്ചുള്ള രക്ഷയോ ആയിരിക്കാതെ - ജനങ്ങൾക്കിടയിൽ പേരും പ്രശസ്തിയും ലഭിക്കണമെന്നുള്ളതായിരിക്കുകയും ചെയ്യുന്നവരെപ്പറ്റി പ്രസ്താവിക്കുന്നു. ഇവരെയും അല്ലാഹു ഇഷ്ടപ്പെടുകയില്ലെന്നും, അവരുടെ കൂട്ടാളി പിശാചാണെന്നും, പിശാച് കൂട്ടാളിയായിത്തീർന്നാൽ അതിന്റെ അനന്തരഫലം അങ്ങേഅറ്റം അപകടകരമായിരിക്കുമെന്നും അവരെ താക്കീതും ചെയ്യുന്നു. അല്ലാഹുവിലും അന്ത്യനാളിലുമുള്ള വിശ്വാസത്തിന്റെ അഭാവമോ, പോരായ്മയോ നിമിത്തമാണല്ലോ ചിലവഴിക്കുന്നതിന്റെ ലക്ഷ്യം ഭൗതികമായിത്തീരുന്നത്. ഇതിനുള്ള പ്രേരണ ലഭിക്കുന്നതോ പിശാചിൽ നിന്നാണുതാനും. പിശാചാകട്ടെ, മനുഷ്യനെ വഴി പിഴപ്പിക്കുകയും, നരകശിക്ഷയിലേക്ക് നയിക്കുകയുമാണ് ചെയ്യുക. (22:4)

ജനദൃഷ്ടിയിൽ വെച്ച് സൽകാര്യങ്ങൾ ചെയ്തു കീർത്തി നേടുവാൻ ഉദ്ദേശിക്കുന്നവരുടെ കർമങ്ങൾ - അവ സ്വതവേ പുണ്യകർമങ്ങളായിരുന്നാലും ശരി - അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്നും, അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ഉദ്ദേശിച്ചുകൊണ്ടുള്ള കർമങ്ങൾ മാത്രമേ അവന്റെ അടുക്കൽ വിലയുള്ളതാകുകയുള്ളൂവെന്നും അല്ലാഹു അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: നബിﷺ പറഞ്ഞു: 'നിങ്ങളെപ്പറ്റി ഞാൻ ഭയപ്പെടുന്നവയിൽ വെച്ച് ഏറ്റവും ഭയാനകമായത് ചെറിയ ശിർക്കാകുന്നു.' ഏതാണ് ചെറിയ ശിർക്ക് എന്നു ചോദിക്കപ്പെട്ടു. അപ്പോൾ തിരുമേനി പറഞ്ഞു: 'ജനങ്ങളെ കാണിക്കുവാൻ വേണ്ടി പ്രവർത്തിക്കലാണ് .' (അ.) 'ഇഹത്തിൽവെച്ച് ഏതൊരു കൂട്ടരെ കാണിക്കുവാൻവേണ്ടി നിങ്ങൾ ചെയ്തിരുന്നുവോ അവരുടെ അടുക്കൽ ചെന്നേക്കുവിൻ; എന്നിട്ട് അവരുടെ അടുക്കൽവെച്ച് വല്ല പ്രതിഫലവും ഗുണവും കിട്ടുവാനുണ്ടോ എന്നു നോക്കുവിൻ.' എന്ന് കിയാമത്ത് നാളിൽ അവരോട് അല്ലാഹു പറയുമെന്നുകൂടി ബൈഹക്വീ (റ) യുടെ രിവായത്തിൽ വന്നിരിക്കുന്നു.

وَمَاذَا عَلَيۡهِمۡ لَوۡ ءَامَنُواْ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِ وَأَنفَقُواْ مِمَّا رَزَقَهُمُ ٱللَّهُۚ وَكَانَ ٱللَّهُ بِهِمۡ عَلِيمًا ﴿٣٩﴾

﴾39﴿ എന്താണ് അവർക്ക് (ദോഷം) ഉള്ളത്? അവർ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുകയും, അല്ലാഹു തങ്ങൾക്ക് നൽകിയതിൽനിന്ന് ചിലവഴിക്കുകയും ചെയ്തിരുന്നാൽ! അവരെപ്പറ്റി അല്ലാഹു അറിയുന്നവനാകുന്നു താനും.

﴾39﴿ وَمَاذَا എന്താണ് عَلَيۡهِمۡ അവരുടെ മേൽ (അവർക്ക് ദോഷം) ഉള്ളത് لَوۡ آمَنُوا അവർ വിശ്വസിച്ചിരുന്നെങ്കിൽ بِاللَّهِ അല്ലാഹുവിൽ وَالْيَوۡمِ الآخِرِ അന്ത്യദിനത്തിലും وَأَنۡفَقُوا അവർ ചിലവഴിക്കുകയും مِمَّا رَزَقَهُمُ അവർക്കു നൽകിയതിൽനിന്ന് اللَّهُ അല്ലാഹു وَكَانَ اللَّهُ അല്ലാഹു ആകുന്നു بِهِمۡ അവരെപ്പറ്റി عَلِيمًا അറിയുന്നവൻ

അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചുകൊണ്ടും, അന്നത്തെ ദിവസം അവന്റെ പക്കൽനിന്നുള്ള പ്രതിഫലം ഉദ്ദേശിച്ചുകൊണ്ടുമാണ് അവർ - ജനങ്ങളെ കാണി

ക്കുവാൻവേണ്ടി ധനം ചിലവഴിക്കുന്നവർ - ചിലവഴിച്ചിരുന്നതെങ്കിൽ, അവർക്ക് യാതൊരു ദോഷവും ഭവിക്കുവാനില്ല. അവർ ചെയ്യുന്നതൊന്നും അല്ലാഹു അറിയാതെ പോകയുമില്ല. അവനാകട്ടെ, ഒട്ടും അക്രമവും അനീതിയും ചെയ്യുന്നവനുമല്ല. ഒരു നന്മ - അതെത്ര നിസ്സാരമായിരുന്നാലും - അവൻ അതിനെ ഇരട്ടിപ്പിച്ചു വലുതാക്കിക്കൊണ്ടായിരിക്കും അതിന് പ്രതിഫലം നൽകുക. കൂടാതെ, അവന്റെ ഔദാര്യമായി സ്വന്തം വക വമ്പിച്ച പ്രതിഫലങ്ങൾ വേറെയും നൽകുന്നതാണ്. (2 : 245 മുതലായ സ്ഥലങ്ങളിൽ വിവരിച്ചത് ഓർക്കുക) അല്ലാഹു പറയുന്നു:

إِنَّ ٱللَّهَ لَا يَظۡلِمُ مِثۡقَالَ ذَرَّةٖۖ وَإِن تَكُ حَسَنَةٗ يُضَٰعِفۡهَا وَيُؤۡتِ مِن لَّدُنۡهُ أَجۡرًا عَظِيمٗا ﴿٤٠﴾

﴾40﴿ നിശ്ചയമായും അല്ലാഹു, ഒരു അണുത്തൂക്കം [ഒട്ടും] അക്രമം ചെയ്കയില്ല. അതൊരു നന്മയായിരുന്നാൽ അവൻ അതിനെ ഇരട്ടിപ്പിക്കുന്നതാണ്; അവന്റെ അടുക്കൽ നിന്ന് (അവന്റെ വകയായി) വമ്പിച്ചതായ പ്രതിഫലം അവൻ കൊടുക്കുകയും ചെയ്യും.

فَكَيۡفَ إِذَا جِئۡنَا مِن كُلِّ أُمَّةِۭ بِشَهِيدٖ وَجِئۡنَا بِكَ عَلَىٰ هَٰٓؤُلَآءِ شَهِيدٗا ﴿٤١﴾

﴾41﴿ എന്നാൽ, എല്ലാ സമുദായത്തിൽനിന്നും നാം ഒരു സാക്ഷിയെ കൊണ്ടുവരുകയും, ഇക്കൂട്ടരുടെ മേൽ സാക്ഷിയായി നിന്നെ നാം കൊണ്ടുവരുകയും ചെയ്യുമ്പോൾ എങ്ങിനെയിരിക്കും (ഇവരുടെ സ്ഥിതി)?!

يَوۡمَئِذٖ يَوَدُّ ٱلَّذِينَ كَفَرُواْ وَعَصَوُاْ ٱلرَّسُولَ لَوۡ تُسَوَّىٰ بِهِمُ ٱلۡأَرۡضُ

﴾42﴿ അന്നത്തെ ദിവസം, അവിശ്വസിക്കുകയും റസൂലിനോട് അനുസരണക്കേട് കാണിക്കുകയും ചെയ്തവർ ആഗ്രഹിച്ചു പോകും, തങ്ങളെയും കൊണ്ട് ഭൂമി സമനിരപ്പാക്കപ്പെട്ടിരുന്നെങ്കിൽ (നന്നായേനേ) എന്ന്!

وَلَا يَكۡتُمُونَ ٱللَّهَ حَدِيثٗا ﴿٤٢﴾

അവർ അല്ലാഹുവിനോട് ഒരു വർത്തമാനവും ഒളിച്ചു വെക്കുകയുമില്ല.

﴾40﴿ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يَظْلِمُ അക്രമം ചെയ്കയില്ല مِثْقَالَ ذَرَّةٍ ഒരണുത്തൂക്കം, അണു അളവ് وَإِن تَكُ അതായിരുന്നാൽ حَسَنَةً നന്മ, നല്ല കാര്യം يُضَاعِفْهَا അതിനെ അവൻ ഇരട്ടിപ്പിക്കും وَيُؤْتِ അവൻ കൊടുക്കുകയും ചെയ്യും

مِن لَّدُنْهُ അവന്റെ അടുക്കൽ നിന്ന് (അവന്റെ വക) أَجْرًا عَظِيمًا വമ്പിച്ച കൂലി (പ്രതിഫലം) ﴾41﴿ فَكَيْفَ എന്നാൽ എങ്ങിനെ(യിരിക്കും) إِذَا جِئْنَا നാം വന്നാൽ مِن كُلِّ أُمَّةٍ എല്ലാ സമുദായത്തിൽനിന്നും بِشَهِيدٍ ഒരു സാക്ഷിയെക്കൊണ്ട് وَجِئْنَا بِكَ നാം നിന്നെ കൊണ്ടുവരുകയും عَلَىٰ هَٰؤُلَاءِ ഇക്കൂട്ടരുടെമേൽ شَهِيدًا സാക്ഷിയായി ﴾42﴿ يَوْمَئِذٍ ആ ദിവസം, അന്ന് يَوَدُّ ആഗ്രഹിക്കും, മോഹിക്കും الَّذِينَ كَفَرُوا അവിശ്വസിച്ചവർ وَعَصَوُا എതിരു പ്രവർത്തിക്കുക (അനുസരണക്കേട് കാണിക്കുക)യും ചെയ്ത الرَّسُولَ റസൂലിന്, റസൂലിനോട് لَوْ تُسَوَّىٰ (സമ) നിരപ്പാക്കപ്പെട്ടിരുന്നെങ്കിൽ بِهِمُ തങ്ങളെയും കൊണ്ട് الْأَرْضُ ഭൂമി وَلَا يَكْتُمُونَ അവർ മറച്ചു (മൂടി - ഒളിച്ചു) വെക്കുകയുമില്ല اللَّهَ അല്ലാഹുവിനോട് حَدِيثًا ഒരു വർത്തമാനവും, വിഷയവും

സാരം: ഓരോ സമുദായവും അനുഷ്ഠിക്കുകയും, പിൻപറ്റുകയും ചെയ്യേണ്ടുന്ന മാർഗവും നടപടിക്രമവും അവരവർക്കുവേണ്ടതുപോലെ പ്രബോധനം ചെയ്തിട്ടുണ്ടെന്ന് അതത് സമുദായത്തിലെ പ്രവാചകന്മാർ 'മഹ്ശറി'ൽ വെച്ചു അല്ലാഹുവിന്റെ മുമ്പിൽ സാക്ഷ്യപ്പെടുത്തും. ഈ സമുദായത്തിന്റെ മേൽ സാക്ഷിയായി നബി തിരുമേനിﷺയും വരുന്നതാണ്. ആ അവസരത്തിൽ ഇവരുടെ - അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതിരിക്കുകയും, ലോകരെ ബോധ്യപ്പെടുത്തുവാൻവേണ്ടി ധനം ചിലവഴിക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുന്നതിൽ പിശുക്ക് കാണിക്കുകയും ചെയ്യുന്നവരുടെ - സ്ഥിതി എന്തായിരിക്കുമെന്ന് ഇവർ ആലോചിക്കുന്നില്ലേ? റസൂലിന്റെ പ്രബോധനങ്ങൾക്ക് ചെവികൊടുക്കാതിരുന്ന ഇവർക്ക് അവിടെ തങ്ങൾക്ക് രക്ഷയില്ലെന്നു ബോധ്യപ്പെടും. യാതൊരു രക്ഷാമാർഗവും അവർ കാണുകയില്ല. 'അയ്യോ! ഇതിനൊന്നും ഇടവരാതിരിക്കത്തക്കവണ്ണം ഞങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭൂമി സമനിരപ്പാക്കപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായേനേ!' എന്നിങ്ങനെ അവർ അന്നേരം കൊതിച്ചുപോകും. അതെ, സൂറത്തുന്നബഇൽ പറഞ്ഞതുപോലെ 'ഞാൻ മണ്ണായിത്തീർന്നെങ്കിൽ നന്നായേനേ! (يَا لَيْتَنِي كُنتُ تُرَابًا)' എന്ന് ഓരോ അവിശ്വാസിയും പറഞ്ഞുപോകും. അന്നത്തെ ദിവസം, അവരുടെ ദുഷ്ചെയ്തികളും, രഹസ്യങ്ങളും ഒന്നും തന്നെ അല്ലാഹുവിന്റെ മുമ്പിൽ മറച്ചുവെക്കുവാനോ, അങ്ങിനെ രക്ഷപ്പെടുവാനോ, അവർക്ക് കഴിയുകയില്ല.

മഹ്ശറിൽവെച്ച് മുശ്രിക്കുകൾ 'ഞങ്ങൾ ശിർക്ക് ചെയ്യുന്നവരായിരുന്നില്ലെ'ന്നു സത്യം ചെയ്തു പറയുമെന്നു സൂറഃ അൻആം 23 ൽ വരുന്നുണ്ട്. 'അവർ അല്ലാഹുവിനോട് ഒരു വർത്തമാനവും ഒളിച്ചുവെക്കുകയില്ല' എന്ന് ഇവിടെ പ്രസ്താവിച്ചതും അതും തമ്മിൽ വിയോജിപ്പുണ്ടല്ലോ എന്ന് ചോദിക്കപ്പെട്ടതിന് ഇബ്നു അബ്ബാസ്(റ) ഇപ്രകാരം മറുപടി നൽകിയതായി ഇബ്നു ജരീർ(റ) മുതലായവർ ഉദ്ധരിച്ചിരിക്കുന്നു: 'അതെ, ക്വിയാമത്ത് നാളിൽ ശിർക്കാകുന്ന കുറ്റം തീരേ പൊറുക്കപ്പെടുകയില്ലെന്നും, മറ്റുള്ള കുറ്റങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുവാൻ ഇടയുണ്ടെന്നും കാണുമ്പോൾ, തങ്ങൾക്ക് പൊറുത്തു കിട്ടിയെങ്കിലോ എന്ന പ്രതീക്ഷയിലാണ് ഞങ്ങൾ മുശ്രിക്കുകളായിരുന്നില്ലെന്ന് അവർ സത്യം ചെയ്യുന്നത്. അപ്പോൾ (36 : 65ൽ കാണുന്നതുപോലെ) അല്ലാഹു അവരുടെ വായക്കു മുദ്രവെക്കും. എന്നിട്ട് അവരുടെ കൈകാലുകൾ അവർ പ്രവർത്തിച്ചതെല്ലാം തുറന്നു സംസാരിക്കും. അപ്പോഴാണ് 'തങ്ങളുമായി ഭൂമി സമനിരപ്പാക്കപ്പെട്ടെങ്കിൽ നന്നായേനേ!' എന്ന് അവർ ആഗ്രഹിക്കുകയും, അല്ലാഹുവിനോട് ഒരു വർത്ത

മാനവും അവര്‍ ഒളിച്ചുവെക്കാതിരിക്കുകയും ചെയ്യുന്നത്.'

ഇബ്നു മസ്ഊദ്(റ) പറഞ്ഞതായി ഇങ്ങിനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'എനിക്ക് താങ്കള്‍ ക്വുര്‍ആന്‍ ഓതിക്കേള്‍പ്പിക്കണ'മെന്ന് നബിﷺ എന്നോട് പറയുകയുണ്ടായി. ഞാന്‍ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ക്വുര്‍ആന്‍ അവതരിച്ചത് അങ്ങേക്കായിരിക്കെ ഞാന്‍ അങ്ങേക്ക് ഓതിത്തരികയോ?! തിരുമേനി പറഞ്ഞു: 'അതെ, ഞാനല്ലാതെ മറ്റൊരാളില്‍ നിന്ന് അത് കേള്‍ക്കുവാന്‍ ഞാന്‍ ഇഷ്ടപ്പെടുന്നു'. അങ്ങനെ, ഞാന്‍ സൂറത്തുന്നിസാഅ് ഓതി فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ عَلَىٰ هَٰؤُلَاءِ شَهِيدًا (എല്ലാ സമുദായത്തില്‍ നിന്നും നാം ഒരു സാക്ഷിയെ കൊണ്ടുവരുകയും, ഇക്കൂട്ടരുടെമേല്‍ സാക്ഷിയായി നിന്നെ കൊണ്ടുവരുകയും ചെയ്താല്‍ എങ്ങിനെയിരിക്കും?!) എന്ന ആയത്തിങ്കല്‍ എത്തിയപ്പോള്‍ അവിടുന്ന് പറഞ്ഞു: 'എനി, ഇപ്പോള്‍ മതി!' തിരുമേനിയുടെ രണ്ടു കണ്ണുകളും കണ്ണുനീര്‍ ഒഴുക്കുന്നുണ്ടായിരുന്നു.' (അ; ബു; തി; ന.) ഒരു കുറ്റവാളിയോ, പ്രതിയോ അല്ലാതെ, കേവലം സാക്ഷിയെന്ന നിലക്കാണെങ്കിലും രാജാധിരാജനായ അല്ലാഹുവിന്റെ കോടതിയില്‍ മൊഴി കൊടുക്കേണ്ടിവരുന്ന ആ ഘട്ടത്തിന്റെ ഗൗരവം ഓര്‍ത്തു നബിﷺ ഇഹത്തില്‍വെച്ചു ഇത്രയും നടുങ്ങിപ്പോകുമ്പോള്‍, അവിടുത്തെ സാക്ഷ്യമനുസരിച്ച് കുറ്റപത്രം തയ്യാറാക്കപ്പെടുകയും, നരകശിക്ഷക്ക് വിധേയരായിത്തീരുകയും ചെയ്യുന്ന ദുര്‍ഭാഗ്യവാന്‍മാരുടെ സ്ഥിതി അവിടെ എന്തായിരിക്കും?! അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ, ആമീന്‍.

വിഭാഗം - 7

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقْرَبُوا۟ ٱلصَّلَوٰةَ وَأَنتُمْ سُكَٰرَىٰ حَتَّىٰ تَعْلَمُوا۟ مَا تَقُولُونَ وَلَا جُنُبًا إِلَّا عَابِرِى سَبِيلٍ حَتَّىٰ تَغْتَسِلُوا۟ ۚ وَإِن كُنتُم مَّرْضَىٰٓ أَوْ عَلَىٰ سَفَرٍ أَوْ جَآءَ أَحَدٌ مِّنكُم مِّنَ ٱلْغَآئِطِ أَوْ لَٰمَسْتُمُ ٱلنِّسَآءَ فَلَمْ تَجِدُوا۟ مَآءً فَتَيَمَّمُوا۟ صَعِيدًا طَيِّبًا

(43) ഹേ, വിശ്വസിച്ചവരേ, ലഹരി ബാധിച്ചവരായിക്കൊണ്ട് നിങ്ങള്‍ നമസ്ക്കാരത്തെ സമീപിക്കരുത്; നിങ്ങള്‍ പറയുന്നത് നിങ്ങള്‍ക്ക് അറിയു(വാന്‍ കഴിയു)ന്നത് വരെ; 'ജനാബത്ത്' കാരായിക്കൊണ്ടും അരുത്; വഴി കടന്നുപോകുന്നവരായിട്ടല്ലാതെ - നിങ്ങള്‍ കുളിക്കുന്നതുവരെ. നിങ്ങള്‍ രോഗികളോ, യാത്രയിലോ ആയിരിക്കുകയോ, അല്ലെങ്കില്‍, നിങ്ങളില്‍ ഒരാള്‍ (മലമൂത്ര) വിസര്‍ജ്ജന സ്ഥലത്തുനിന്നു വരുകയോ, സ്ത്രീകളുമായി സ്പര്‍ശനം നടത്തുകയോ ചെയ്തുവെങ്കില്‍ എന്നിട്ടു നിങ്ങള്‍ക്ക് വെള്ളം കിട്ടിയില്ല (എങ്കില്‍) അപ്പോള്‍, നിങ്ങള്‍ ശുദ്ധമായ ഭൂമുഖത്തെ (അഥവാ മണ്ണിനെ) കരുതിക്കൊള്ളുവിന്‍;

فَٱمۡسَحُواْ بِوُجُوهِكُمۡ وَأَيۡدِيكُمۡۗ

എന്നിട്ട് നിങ്ങളുടെ മുഖങ്ങളെയും, കൈകളെയും തടവിക്കൊള്ളുവിൻ.

إِنَّ ٱللَّهَ كَانَ عَفُوًّا غَفُورًا ﴿٤٣﴾

നിശ്ചയമായും അല്ലാഹു, വളരെ മാപ്പ് ചെയ്യുന്നവനും, പൊറുക്കുന്നവനുമാകുന്നു.

﴾43﴿ يَاأَيُّهَاالَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ لاتَقْرَبُوا നിങ്ങൾ സമീപിക്കരുത് الصَّلَاةَ നമസ്കാരത്തെ وَأَنْتُمْ നിങ്ങൾ ആയിക്കൊണ്ട് سُكَارَى ലഹരി ബാധിച്ചവർ, മത്തുള്ളവർ حَتَّى تَعْلَمُوا നിങ്ങൾ(ക്ക്) അറിയുന്നതുവരെ مَا تَقُولُونَ നിങ്ങൾ പറയുന്നത് وَلَاجُنُبًا ജനാബത്തുകാരായും അരുത് إِلاعَابِرِي കടന്നുപോകുന്ന (വിട്ടു കടക്കുന്ന)വരായിട്ടല്ലാതെ سَبِيلٍ വഴി حَتَّى تَغْتَسِلُوا നിങ്ങൾ കുളിക്കുന്നതുവരെ وَإِنْ كُنْتُمْ നിങ്ങൾ ആയിരുന്നാൽ, ആയെങ്കിൽ مَرْضَى രോഗികൾ أَوْعَلَى سَفَرٍ അല്ലെങ്കിൽ വല്ല യാത്രയിലും أَوْجَاءَ അല്ലെങ്കിൽ വന്നു(എങ്കിൽ) أَحَدٌ ഒരാൾ (ആരെങ്കിലും) مِنْكُمْ നിങ്ങളിൽനിന്ന് مِنَ الْغَائِطِ വിസർജ്ജന സ്ഥലത്തുനിന്ന് أَوْلَامَسْتُمُ അല്ലെങ്കിൽ നിങ്ങൾ സ്പർശനം നടത്തി(യെങ്കിൽ) النِّسَاءَ സ്ത്രീകളുമായി فَلَمْ تَجِدُوا എന്നിട്ട് നിങ്ങൾ പ്രാപിച്ചില്ല, നിങ്ങൾക്ക് കിട്ടിയില്ല مَاءً വെള്ളം فَتَيَمَّمُوا എന്നാൽ നിങ്ങൾ കരുതി (അന്വേഷിച്ചു)കൊള്ളുവിൻ صَعِيدًا ഭൂമുഖത്തെ, മണ്ണിനെ طَيِّبًا നല്ലതായ, ശുദ്ധമായ فَامْسَحُوا എന്നിട്ട് നിങ്ങൾ തടവുവിൻ بِوُجُوهِكُمْ നിങ്ങളുടെ മുഖങ്ങളെ, മുഖങ്ങളിൽ وَأَيْدِيكُمْ നിങ്ങളുടെ കൈകളെയും, കൈകളിലും إِنَّ اللهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു عَفُوًّا വളരെ മാപ്പു ചെയ്യുന്നവൻ غَفُورًا വളരെ പൊറുക്കുന്നവൻ

സത്യവിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു അനുഷ്ഠാനപരമായ ചില നിയമങ്ങൾ വിവരിച്ചു കൊടുക്കുകയാണ്. ഇസ്‌ലാമിൽ മദ്യപാനം നിശ്ശേഷം നിരോധിക്കപ്പെട്ടത് രണ്ടുമൂന്നു ഘട്ടങ്ങളിലായിട്ടാണെന്നും, അതിൽ ചില ഗുണങ്ങളും ദോഷങ്ങളുമുണ്ടെങ്കിലും ദോഷത്തിന്റെ ഭാഗമാണ് കൂടുതൽ വലിയതെന്ന് അൽബക്വറഃ : 219 ൽ പ്രസ്താവിച്ചതായിരുന്നു ആദ്യത്തെ ഘട്ടമെന്നും, ലഹരിബാധിച്ചവരായും കൊണ്ട് നമസ്കാരത്തെ സമീപിക്കരുതെന്നുള്ള ഈ വചനത്തിലെ വാക്യമാണ് രണ്ടാമത്തെ ഘട്ടമെന്നും, അവസാനം മാഇദഃ : 93, 94 മുഖേന അത് കർശനമായി നിരോധിച്ചുവെന്നും സൂഃ ബക്വറഃയിൽ നാം ചൂണ്ടിക്കാട്ടുകയുണ്ടായി. സൂഃ ബക്വറഃയിലെ ആയത്ത് മുഖേന നിരുത്സാഹപ്പെടുത്തിയതോടെ ചിലരൊക്കെ മദ്യപാനം നിറുത്തൽ ചെയ്കയുണ്ടായി. എന്നാലും, പലരും അതുപയോഗിച്ചുകൊണ്ടേ ഇരുന്നിരുന്നു. അങ്ങനെ, അൽപം ചില അനിഷ്ടസംഭവങ്ങൾ ഉണ്ടാകുകയും, ചില സ്വഹാബികൾ മദ്യപിച്ചു ലഹരി പിടിപെട്ടവരായി നമസ്കരിച്ചപ്പോൾ ക്വുർആൻ വചനങ്ങൾ തെറ്റിച്ചു ഓതുകയും ഉണ്ടായി. ഇതിനെത്തുടർന്നാണ് ഈ വചനം അവതരിച്ചതെന്നു പല രിവായത്തുകളിലും പ്രസ്താവിക്കപ്പെട്ടു കാണാം.

'ലഹരി ബാധിച്ചവരായിക്കൊണ്ട് നമസ്ക്കരിക്കരുതെ'ന്നോ മറ്റോ പറയാതെ, 'ലഹരി

ബാധിച്ചവരായിക്കൊണ്ട് നമസ്കാരത്തെ സമീപിക്കരുത്' എന്നാണ് അല്ലാഹു പറഞ്ഞ വാക്ക്. ഇതിൽ നിന്ന് ലഹരി ബാധിച്ചുകൊണ്ട് പള്ളിയിൽ പ്രവേശിക്കുന്നതും, മറ്റുള്ളവർ നമസ്കരിക്കുന്നിടത്തേക്ക് കടന്നു ചെല്ലുന്നതും വർജ്ജിക്കേണ്ടതുണ്ടെന്നുകൂടി മനസ്സിലാക്കാവുന്നതാണ്. നമസ്കാരം സമയം നിർണയിക്കപ്പെട്ട നിർബ്ബന്ധ കർമമായിരിക്കെ, ലഹരിയുള്ളപ്പോൾ നമസ്കരിക്കുവാൻ പാടില്ലെന്നു വരുമ്പോൾ, നമസ്കാര സമയത്തേക്ക് ലഹരി നീങ്ങിപ്പോകാവുന്ന വിധത്തിലേ കള്ള് ഉപയോഗിക്കാവൂ എന്നുകൂടി ഈ കൽപനയിൽ അന്തർഭവിച്ചു കാണാവുന്നതാണ്. അതുകൊണ്ട് തന്നെയായിരിക്കും ഈ വചനം അവതരിച്ചശേഷം രാത്രി മാത്രമേ സത്യവിശ്വാസികൾ മദ്യം ഉപയോഗിക്കുമായിരുന്നുള്ളുവെന്ന് ചില രിവായത്തുകളിൽ വന്നിട്ടുള്ളതും. അക്കാലത്ത് നമസ്കാരം പള്ളിയിൽവെച്ച് ജമാഅത്തായി നടത്തപ്പെടലായിരുന്നു പതിവ് എന്നുള്ളതും സ്മരണീയമാകുന്നു. 'മദ്യം - അല്ലെങ്കിൽ കള്ള് - ഉപയോഗിച്ചവരായിക്കൊണ്ട് എന്ന് പറയാതെ, 'ലഹരി ബാധിച്ചവരായിക്കൊണ്ട് (وَأَنتُمْ سُكَارَى)' എന്ന് പറഞ്ഞിരിക്കയാൽ, മദ്യപാനം മുഖേനയല്ലാതെ - മറ്റു വല്ലതു മുഖേനയും - ലഹരി ബാധിച്ചാലും നമസ്കാരത്തെ സമീപിക്കുവാൻ പാടില്ലെന്നും മനസ്സിലാക്കാം. അതുപോലെത്തന്നെ 'നിങ്ങൾ പറയുന്നത് നിങ്ങൾക്ക് അറിയുമാറാകുന്നതുവരെ' എന്ന വാക്കിൽനിന്ന് ലഹരിയോടുകൂടി നമസ്കരിച്ചാലുണ്ടാകുന്ന ദോഷങ്ങൾ പറയേണ്ടതില്ലല്ലോ. മനസ്സാന്നിധ്യവും, ഭക്തിവിനയവും നഷ്ടപ്പെടുന്നു. വാക്കുകളിലും പ്രവൃത്തികളിലും കൃത്യവും ചിട്ടയും പാലിക്കുവാൻ കഴിയുകയില്ല. നമസ്കാരത്തിൽ ഉറങ്ങിത്തൂങ്ങുന്നവനെപ്പറ്റി നബിﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'നിങ്ങളിൽ ഒരാൾ നമസ്കരിക്കുമ്പോൾ അവൻ ഉറങ്ങിത്തൂങ്ങിയാൽ അവൻ നമസ്കാരത്തിൽ നിന്ന് പിരിഞ്ഞുപോയിക്കൊള്ളട്ടെ. താൻ പറയുന്നതെന്താണെന്ന് അറിയാറാകുവോളം അവൻ ഉറങ്ങുകയും ചെയ്യട്ടെ.' (അ; മു.) ഒരു രിവായത്തിൽ ഇങ്ങിനെയും കൂടിയുണ്ട്: 'ഒരു പക്ഷേ, അവൻ പാപമോചനം തേടുവാൻ ശ്രമിക്കുകയും, എന്നിട്ട് തന്നെത്തന്നെ പഴിക്കുകയും ചെയ്തേക്കാം.' അപ്പോൾ പിന്നെ ലഹരി ബാധിച്ചവന്റെ നമസ്കാരത്തെപ്പറ്റി പറയേണ്ടതുണ്ടോ?

'നമസ്കാരത്തെ സമീപിക്കരുത് (لَا تَقْرَبُوا الصَّلَاةَ) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, നമസ്കാരകർമത്തെ സമീപിക്കരുതെന്നാണെന്നും, നമസ്കാര സ്ഥലമായ പള്ളികളെ സമീപിക്കരുതെന്നാണെന്നും അഭിപ്രായങ്ങൾ കാണാം. എങ്കിലും, നമസ്കാര കർമത്തെയും, നമസ്കാര സ്ഥലമായ പള്ളികളെയും - രണ്ടിനെയും - സമീപിക്കുന്നതിനെ ഉദ്ദേശിച്ചാണെന്ന അഭിപ്രായമാണ് കൂടുതൽ യുക്തമായി കാണുന്നത്. തുടർന്നുകൊണ്ട് وَلَا جُنُبًا എന്ന് തുടങ്ങിയ വാക്യത്തോട് കൂടുതൽ യോജിക്കുന്നതും അതാണ്. الله أعلم

നമസ്കാരത്തിൽ ഓതുന്ന ക്വുർആന്റെയും ചൊല്ലുന്ന ദിക്ർ, ദുആ മുതലായവയുടെയും അർഥം അറിയലും അത് ഓർമിക്കലും വളരെ ആവശ്യമാണെന്നുള്ളതിൽ സംശയമില്ല. പക്ഷേ, നിങ്ങൾ പറയുന്നത് നിങ്ങൾ അറിയുന്നതുവരെ (حَتَّىٰ تَعْلَمُوا مَا تَقُولُونَ) എന്നുള്ള വാക്കിനെ അടിസ്ഥാനമാക്കി നമസ്കാരത്തിൽ ഓതുന്നതും, ചൊല്ലുന്നതുമായ എല്ലാ വാക്കുകളുടെയും അർഥം ഗ്രഹിച്ചെങ്കിലേ നമസ്കാരം ശരിയാകുകയുള്ളൂവെന്ന് ചിലർ സമർഥിച്ചു കാണുന്നത് ശരിയല്ല. ആ വാക്യത്തിന് വാസ്തവത്തിൽ ഇല്ലാത്ത അർഥ സങ്കൽപമത്രെ അത്. മാത്രമല്ല, ക്വുർആന്റെയും, ക്വുർആനിലോ ഹദീഥിലോ വന്ന ദിക്ർ - ദുആ മുതലായവയുടെയും, അർഥം അറിയുന്നവരുടെ നമസ്കാരം മാത്രമേ സാധുവാകുകയുള്ളുവെന്ന് പറയുവാൻ തെളിവുകളില്ലതാനും, അതു കേവലം പ്രായോഗികവുമല്ല. താൻ പറയുന്ന വാക്കുകൾ എന്താണെന്ന്,

അവ ക്രമത്തിൽ തന്നെയാണോ എന്നൊന്നും അറിയാത്തവിധം ലഹരി ബാധിച്ചവരെ പ്പറ്റിയാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. അർഥമോ, ഭാഷയോ അറിയാത്തവരെപ്പ റ്റിയല്ല.

ലഹരി ബാധിച്ചവരായിക്കൊണ്ട് നമസ്കാരത്തെ സമീപിക്കരുത് എന്ന് പറഞ്ഞ തിനെത്തുടർന്ന് 'ജനാബത്തുകാരായിക്കൊണ്ടും സമീപിക്കരുത്' എന്നും പറഞ്ഞിരി ക്കുന്നു. 'ജനാബത്ത്' എന്ന വാക്കിന് 'അകന്നു നിൽക്കുക, ദൂരപ്പെടുക' എന്നാണർഥം. സംയോഗം, ഇന്ദ്രിയസ്ഖലനം എന്നിവ മൂലമുണ്ടാകുന്ന വലിയ അശുദ്ധിയാണ് ഇസ്ലാ മിന്റെ സാങ്കേതിക ഭാഷയിൽ സാധാരണ അതുകൊണ്ട് വിവക്ഷിക്കാറുള്ളത്. നമ സ്കാരം, ക്വുർആൻ പാരായണം മുതലായവയിൽനിന്നും ജനാബത്തുകാരൻ അകന്നു നിൽക്കേണ്ടതുണ്ടല്ലോ. 'വഴി കടന്നു പോകുന്നവരായിട്ടല്ലാതെ' എന്നു പറഞ്ഞതിന്റെ താൽപര്യം, വല്ല ആവശ്യാർഥവും പള്ളിയിലൂടെ നടന്നുപോകുന്നതിന് വിരോധമില്ല. – പള്ളിയിൽ കടന്നു തങ്ങിനിൽക്കുവാൻ പാടില്ല – എന്നാകുന്നു. വാക്കിന്റെ നേരെ അർഥം കൊണ്ടുവരുന്നതും, പ്രധാനപ്പെട്ട വ്യാഖ്യാതാക്കളും പണ്ഡിതന്മാരും സ്വീക രിച്ചുവരുന്നതും അതാണ്. മദീനാ പള്ളിയോട് തൊട്ടുനിന്നിരുന്ന വീടുകളിൽ താമസി ച്ചിരുന്ന ചില അൻസ്വാരി സ്വഹാബികളുടെ വാതിലുകൾ പള്ളിയിലേക്കുണ്ടായിരുന്നു. അവർക്ക് ജനാബത്തുണ്ടാകുമ്പോൾ വെള്ളം കൊണ്ടുവരുവാനും മറ്റും പള്ളിയിലൂടെ കടന്നു പോകേണ്ടിയിരുന്നു. അങ്ങിനെയുള്ള അവസ്ഥകളെ കണക്കിലെടുത്തുകൊ ണ്ടാണ് ഈ പ്രസ്താവനയെന്ന് ചില രിവായത്തുകളിൽ വന്നിട്ടുള്ളത് പ്രസ്താവ്യമാണ് (**كما فى ابن جرير و غيره**) നബി തിരുമേനിﷺയുടെ ജീവിതാന്ത്യ കാലത്ത് അബൂബക്ർ (റ)ന്റെ വാതിൽ ഒഴിച്ചുള്ള അത്തരം വാതിലുകളെല്ലാം അടച്ചുകളയുവാൻ അവിടുന്ന് കല്പിക്കുകയുണ്ടായി. (ബു.)

ചുരുക്കിപ്പറഞ്ഞാൽ, കുളിച്ചു ശുദ്ധിയാകും മുമ്പ് ജനാബത്തുകാരന് വല്ല ആവ ശ്യവും നേരിട്ടാൽ പള്ളിയിൽ തങ്ങി നിൽക്കാതെ കടന്നുപോകാവുന്നതാണ്. ആർത്ത വമുള്ള സ്ത്രീകളുടെ വിധിയും ഇതുപോലെത്തന്നെ. പള്ളിയിൽ വൃത്തികേടാകുമെന്ന് ഭയപ്പെടാത്തപ്പോൾ അവർക്ക് വിരോധമില്ലെന്നും ചിലർക്കഭിപ്രായമുണ്ട്. إِلَّا عَابِرِي سَبِيلٍ എന്ന വാക്കിന് 'യാത്രക്കാരായിട്ടല്ലാതെ' എന്നും ചില മഹാന്മാർ അർഥം കല്പിച്ചിരി ക്കുന്നു. ഇബ്നു ജരീറും(റ) മറ്റും പ്രസ്താവിച്ചതുപോലെ, യാത്രക്കാരെക്കുറിച്ച് തുടർന്ന് പ്രസ്താവിക്കുന്നതുകൊണ്ട് ഈ അഭിപ്രായത്തിന് പ്രസക്തി കാണുന്നില്ല. ആയത്തിലെ വാക്കുകളോട് കൂടുതൽ യോജിച്ചതും ആദ്യം പറഞ്ഞ അർഥം തന്നെ. **والله اعلم**

വെള്ളം കൊണ്ട് ശുദ്ധീകരിക്കുവാൻ കഴിയാത്ത പരിതഃസ്ഥിതിയിൽ എന്തുചെയ്യ ണമെന്നാണ് وَإِن كُنتُم مَّرْضَىٰ(നിങ്ങൾ രോഗികളായിരുന്നാൽ) എന്നു തുടങ്ങുന്ന വാക്യ ങ്ങളിൽ വിവരിക്കുന്നത്. നാലവസ്ഥകളാണ് ഇവിടെ അല്ലാഹു എടുത്തുപറഞ്ഞിരിക്കു ന്നത്.

(1) രോഗികളായിരിക്കുക. നാമമാത്ര രോഗമായാൽ പോരാ, വെള്ളം ഉപയോഗി ക്കുന്നതുമൂലം കാര്യമായ വല്ല ദോഷവും ബാധിച്ചേക്കുന്ന രോഗമായിരിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ല. ഉപയോഗിക്കുന്നതിനു വിരോധമില്ലെങ്കിലും വെള്ളം അടു ത്തുണ്ടെങ്കിലും അതുപയോഗിക്കുവാൻ കഴിയാതിരിക്കുകയും, സഹായത്തിന് ആളി ല്ലാതിരിക്കുകയും ചെയ്യുന്ന രോഗികളും ഇതിൽ ഉൾപെടും.

(2) യാത്രയിലായിരിക്കുക. ദീർഘയാത്രയെന്നോ അല്ലെന്നോ പറഞ്ഞിട്ടില്ലാത്ത

തുകൊണ്ട് സാധാരണഗതിയിൽ യാത്ര (سَفَر) എന്നു പറയപ്പെടാവുന്ന സഞ്ചാരമായാൽ മതിയെന്ന് മനസ്സിലാക്കാം. ഏതായാലും അങ്ങാടിയിലോ കൃഷിസ്ഥലത്തോ പോകലും വരലും പോലെയുള്ളതൊന്നും യാത്രയായി ഗണിക്കപ്പെടുകയില്ല.

(3) മലമൂത്രവിസർജ്ജന സ്ഥലത്തുനിന്നു വരിക (أَوْ جَاءَ أَحَدٌ مِّنكُم مِّنَ الْغَآئِطِ). അഥവാ, മൂത്രിക്കുകയോ കാഷ്ടിക്കുകയോ ചെയ്യുക. ചരിഞ്ഞതും താണതുമായ സ്ഥലം എന്നാണ് غَآئِط ന്റെ വാക്കർത്ഥം. മലമൂത്രവിസർജ്ജനാർത്ഥം ജനങ്ങളിൽ നിന്ന് മറയുവാൻവേണ്ടി അത്തരം സ്ഥലങ്ങളിലാണല്ലോ ഇരിക്കാറുള്ളത്. അതുകൊണ്ട് മറക്കിരിക്കുന്ന സ്ഥലം - കടവിറങ്ങുന്നേടം - വെളിക്കിരിക്കുന്ന സ്ഥലം' എന്നിങ്ങനെയുള്ള അർഥത്തിൽ അത് ഉപയോഗിക്കപ്പെടുന്നു. 'മലം - കാഷ്ടം' എന്ന അർഥത്തിലും ഉപയോഗിക്കപ്പെടാറുണ്ട്.

(4) സ്ത്രീകളുമായി സ്പർശനം നടത്തുക (لَامَسْتُمُ النِّسَاءَ). അഥവാ സംയോഗം നടത്തുക.

فَلَمْ تَجِدُوا مَاءً (എന്നിട്ട് വെള്ളം കിട്ടിയില്ല) എന്നു പറഞ്ഞതിന്റെ താൽപര്യം വെള്ളം കിട്ടായ്കകൊണ്ടോ മറ്റു വല്ല കാരണം കൊണ്ടോ ഉപയോഗിക്കുവാൻ സാധ്യമാകാതിരിക്കുക എന്നാണെന്നത്രെ ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം. ഇതനുസരിച്ച് ഈ ഉപാധി മേൽപറഞ്ഞ നാലവസരത്തിലേക്കും ബാധകമായിരിക്കും. ഉപയോഗിക്കുവാൻ സാധിക്കാതിരിക്കുക എന്നല്ല - കിട്ടാതിരിക്കുക എന്ന് തന്നെയാണ് - ഉദ്ദേശ്യമെന്നത്രെ ഭൂരിപക്ഷാഭിപ്രായം. പക്ഷേ, ഈ ഉപാധി മേൽപറഞ്ഞ നാലവസരത്തിലേക്കും ബാധകമാണെന്നും, അവസാനത്തെ മൂന്നിലേക്ക് മാത്രം ബാധകമാണെന്നും, അവസാനത്തെ രണ്ടിലേക്ക് മാത്രം ബാധകമായതാണെന്നും അഭിപ്രായ വ്യത്യാസങ്ങളുണ്ട്. അവസാനത്തെ മൂന്നിലേക്കു ബാധകമായതാണെന്ന അഭിപ്രായമാണ് കൂടുതൽ യുക്തമായിക്കാണുന്നത്. والله اعلم പ്രസ്തുത അഭിപ്രായങ്ങളും ഓരോന്നിന്റെയും ന്യായങ്ങളും തെളിവുകളും ഉദ്ധരിച്ചു ഇവിടെ ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാലും ഈ വചനത്തിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട ചില സംഗതികൾ ഇവിടെ ചൂണ്ടിക്കാട്ടുന്നത് സന്ദർഭോചിതമായി തോന്നുന്നു:-

(1) യാത്രയിലായാലും അല്ലെങ്കിലും ശരി, വെള്ളം തയ്യാറുള്ളപ്പോൾ തന്നെ രോഗം നിമിത്തമോ, ഉള്ള വെള്ളം ഉപയോഗിച്ചാൽ തനിക്കോ മറ്റോ ദാഹിച്ചു വലയേണ്ടിവരുമെന്ന് കണ്ടതുകൊണ്ടോ മറ്റോ അത് ഉപയോഗിക്കുവാൻ ബുദ്ധിമുട്ടായാലും 'തയമ്മും' ചെയ്യാമെന്നുള്ളതിൽ തർക്കമില്ല.

(2) വെള്ളം കിട്ടാതിരിക്കുക (فَلَمْ تَجِدُوا مَاءً) എന്ന ഉപാധിയെപ്പറ്റി മേൽ സൂചിപ്പിച്ച ചില അഭിപ്രായങ്ങളെ മുൻനിറുത്തിക്കൊണ്ട് യാത്രയിൽ വെള്ളം തയ്യാറുണ്ടായാലും ഇല്ലെങ്കിലും തയമ്മും ചെയ്താൽ മതിയെന്ന് ഒരു പൊതുവിധിയായി ചിലർ പ്രസ്താവിച്ചു കാണുന്നു. യാത്രയിൽ വുദ്വൂഉം, കുളിയും ബുദ്ധിമുട്ടായിരിക്കും. വിശേഷിച്ച് ആധുനിക വാഹനങ്ങളായ തീവണ്ടി, കപ്പൽ, വിമാനം മുതലായവയിൽ വെച്ച് അത് രണ്ടും പ്രയാസകരമാണ് എന്നൊക്കെ അവർ അതിന് കാരണവും പറയുന്നു. മേൽപറഞ്ഞപോലെ, ഏതെങ്കിലും കാരണത്താൽ ഉള്ള വെള്ളം ഉപയോഗിക്കുവാൻ പ്രയാസം ഉണ്ടായാലല്ലാതെ, യാത്രക്കാരെ സംബന്ധിച്ച് നിരുപാധികം ഒരു പൊതുവിധിയായി ഇത് സ്വീകരിക്കുവാൻ മാർഗം കാണുന്നില്ല. ചില യുക്തിന്യായങ്ങളല്ലാതെ.

സ്വീകാര്യമായ വല്ല തെളിവോ, കാര്യമായ ഏതെങ്കിലും പണ്ഡിതാഭിപ്രായങ്ങളോ കാണുന്നുമില്ല. താഴെ ഉദ്ധരിക്കുന്ന ഹദീഥിൽ നിന്ന് മറിച്ചാണ് മനസ്സിലാകുന്നതും.

(3) മേൽ സൂചിപ്പിച്ച ഏതഭിപ്രായം സ്വീകരിച്ചാലും വെള്ളം കിട്ടാതിരിക്കുക എന്ന ഉപാധി അവസാനത്തെ രണ്ടവസ്ഥയിലേക്കും - മലമൂത്ര വിസർജ്ജനത്തിലേക്കും സംയോഗത്തിലേക്കും - ബാധകമാകുമെന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല, വെള്ളം ഉപയോഗിക്കുവാൻ പറ്റാത്ത രോഗമുള്ളപ്പോൾ, വെള്ളം ഉണ്ടോ ഇല്ലേ എന്ന് നോക്കേണ്ടതുമില്ല. യാത്രയിലായിരിക്കുമ്പോൾ വെള്ളം കിട്ടാതിരിക്കുകയെന്ന ഉപാധിക്ക് സ്ഥാനമുണ്ടോ എന്നാണിവിടെ ആലോചിക്കുവാനുള്ളത്. വാസ്തവത്തിൽ, ഒരു യാത്രയിൽ വെള്ളം കിട്ടാതെ സ്വഹാബികൾ വിഷമിച്ച ഒരവസരത്തിലാണ് തയമ്മുമിന്റെ നിയമം തന്നെ അവതരിച്ചത്. നോക്കുക:-

അഹ്മദ്, ബുഖാരി, മുസ്‌ലിം (റ) മുതലായവർ പല മാർഗങ്ങളിലൂടെയും ഉദ്ധരിച്ച ആ സംഭവത്തിന്റെ ചുരുക്കം ഇതാണ്: ഒരു യുദ്ധയാത്രയിൽ ആഇശഃ(റ)യുടെ മാല വീണുപോയി. അവർ അത് തന്റെ ജ്യേഷ്ഠത്തി അസ്മാഉ് (റ)ൽ നിന്നു വായ്പ മേടിച്ചതായിരുന്നു. അതിന്റെ തിരച്ചിലിൽ പെട്ട് നബിﷺയും സ്വഹാബികളും വഴിയിൽ തങ്ങേണ്ടിവന്നു. അവരുടെ പക്കൽ വെള്ളമുണ്ടായിരുന്നില്ല. ആ സ്ഥലത്തും വെള്ളമില്ലായിരുന്നു. ആഇശഃ(റ) യുടെ മാലകാരണം വെള്ളമില്ലാത്ത അവസ്ഥയിൽ കുടുങ്ങിയതിനെപ്പറ്റി ജനങ്ങൾ അവരുടെ പിതാവായ അബൂബക്ർ(റ)നോട് ആക്ഷേപം പറഞ്ഞു. അങ്ങനെ, അദ്ദേഹം മകളുടെ അടുക്കൽ ചെന്നു പലതും പറയുകയും അവരുടെ ഊരക്ക് കുത്തുകയും ഉണ്ടായി. റസൂൽﷺ അപ്പോൾ ആഇശഃ(റ) യുടെ മടിയിൽ തലവെച്ചുറങ്ങുകയായിരുന്നതുകൊണ്ട് അവർ ഇളകാതിരുന്നതേയുള്ളൂ. റസൂൽﷺ കാലത്തു എഴുന്നേറ്റപ്പോൾ (വുദ്വൂഇനും മറ്റും) വെള്ളമില്ല. ഈ അവസരത്തിലാണ് തയമ്മുമിന്റെ ആയത്ത് അവതരിച്ചത്. അപ്പോൾ, ജനങ്ങൾ ആഇശഃ(റ)യെ പ്രശംസിക്കുകയായി. ഉസൈദുബ്നു ഹുദൈർ(റ) പറഞ്ഞു: അബൂബക്റിന്റെ കൂട്ടരേ, ഇതു നിങ്ങളുടെ ഒന്നാമത്തെ പുണ്യമൊന്നുമല്ല. (വേറെയും പല ഗുണങ്ങൾ നിങ്ങൾ മൂലം ഉണ്ടായിട്ടുണ്ട്). അങ്ങനെ, എല്ലാവരും തയമ്മും ചെയ്തു നമസ്കരിച്ചു. യാത്ര ആരംഭിച്ചു. ആഇശഃ(റ)യുടെ ഒട്ടകത്തെ എഴുന്നേൽപിച്ചപ്പോൾ, അത് കിടന്നിരുന്ന സ്ഥലത്ത് അതിന്റെ ചുവട്ടിൽ നിന്ന് മാല കണ്ടുകിട്ടുകയും ചെയ്തു. (അ; ബു; മു.) വെള്ളം എത്രകാലം കിട്ടിയില്ലെങ്കിലും അപ്പോഴൊക്കെ തയമ്മുംകൊണ്ട് മതിയാക്കാമെന്ന് അഹ്മദും(റ) മറ്റു ചിലരും ഉദ്ധരിച്ച ഒരു ഹദീഥിലും വന്നിരിക്കുന്നു. അപ്പോൾ വെള്ളം കിട്ടുവാനുണ്ടെങ്കിലും ഉപയോഗിക്കൽ ബുദ്ധിമുട്ടാണെന്ന കാരണത്താൽ യാത്രയിൽ തയമ്മും മതി എന്ന അഭിപ്രായത്തിനു ഒട്ടും പ്രസക്തി കാണുന്നില്ല.

(4) രോഗം മൂലം വെള്ളം ഉപയോഗിക്കുവാൻ നിവൃത്തിയില്ലാത്തപ്പോഴും, യാത്രയിൽ വെള്ളം കിട്ടാത്തപ്പോഴും കുളി നിർബ്ബന്ധമായാൽ, കുളിക്കു പകരവും, വുദ്വൂഇന്റെ ആവശ്യം നേരിട്ടാൽ വുദ്വൂഇനു പകരവും തയമ്മും ചെയ്യാവുന്നതാകുന്നു. മലമൂത്ര വിസർജ്ജനം നിമിത്തം കുളി നിർബന്ധമില്ലാത്തതുകൊണ്ട് വുദ്വൂഇന് പകരമായും, സംയോഗം നിമിത്തം കുളി നിർബ്ബന്ധമാകുന്നതുകൊണ്ട് കുളിക്കു പകരമായുമാണ് തയമ്മും നിയമിക്കപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാണ്.

لَٰمَسْتُمُ (ലാമസ്തും) എന്ന വാക്കിന്റെ സാക്ഷാൽ അർഥം അന്യോന്യം സ്പർശിക്കുക - അഥവാ പരസ്പരം തൊടുക - എന്നാകുന്നു. സംയോഗത്തെ ഉദ്ദേശിച്ചു ആ വാക്ക് ഉപയോഗിക്കുന്നു. സ്പർശിക്കുക - അഥവാ തൊടുക - എന്നർത്ഥമായ مَسّ (മ

സ്സ്) എന്ന പദം സംയോഗത്തെ ഉദ്ദേശിച്ചു ക്വുർആനിൽ തന്നെ (2 : 236, 237)ഉപയോഗിച്ചിട്ടുണ്ട്. വ്യക്തമായ വാക്കിൽ തുറന്നു പറയുന്നത് മാന്യമല്ലെന്നു കരുതപ്പെടുന്ന (സംയോഗം മുതലായ) കാര്യങ്ങളെക്കുറിച്ച് വ്യംഗ്യമായും, അലങ്കാര രൂപത്തിലും പ്രസ്താവിക്കുക ക്വുർആന്റെ ഒരു പതിവാണുതാനും. ഇതെല്ലാം കാരണമായിട്ടാണ് ഈ വാക്കിന് സംയോഗം ചെയ്യുക എന്ന് വിവക്ഷ നൽകപ്പെടുന്നത്. ഇമാം ശാഫിഈ (റ) മുതലായ ചില മാഹാന്മാർ ഇവിടെ ആ വാക്കിന് അതിന്റെ ഭാഷാർഥം തന്നെ കൽപിച്ചിരിക്കുന്നു. മലമൂത്രവിസർജ്ജനം പോലെത്തന്നെ, അന്യ സ്ത്രീകളെ തൊട്ടാൽ വുദ്വൂ നിഷ്ഫലമാകുമെന്നും, നമസ്കാരത്തിനു വീണ്ടും വുദ്വൂ എടുക്കേണ്ടതുണ്ടെന്നും, ഈ അടിസ്ഥാനത്തിൽ അവർ അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. لَٰمَسْتُمُ എന്നതിന്റെ സ്ഥാനത്ത് لَمَسْتُمُ (ലമസ്തും) എന്ന് വായിക്കപ്പെട്ടിട്ടുള്ളതും ഇവർ തെളിവായി എടുക്കുന്നു. 'സ്പർശിക്കുക' എന്നു തന്നെയായിരിക്കും അപ്പോൾ അതിന്റെ അർഥം. സ്ത്രീകളെ തൊട്ടാൽ വുദ്വൂ നിഷ്ഫലമാകുമോ, ഇല്ലേ എന്നതിൽ ഭിന്നാഭിപ്രായം പണ്ഡിതന്മാർക്കിടയിൽ സ്വഹാബികളുടെ കാലംമുതൽക്കേ ഉള്ളതാകുന്നു. എന്നാൽ, ഹദീഥുകൾ പരിശോധിക്കുമ്പോൾ, ഇവിടെ ആ വാക്കുകൊണ്ടുദ്ദേശ്യം സംയോഗമാണെന്ന അഭിപ്രായത്തിനാണ് ബലം കാണുക. ഇബ്നു ജരീർ(റ) മുതലായവർ പ്രസ്താവിക്കുന്നതുപോലെ, നബിﷺ സ്വപത്നിമാരെ ചുംബിച്ചശേഷം വുദ്വൂ ചെയ്യാതെ നമസ്കരിച്ചിട്ടുള്ളതായി പല ഹദീഥുകളിലും വന്നിട്ടുള്ളതാണ്. (ഹദീഥുകൾ ഇബ്നു ജരീറും, ഇബ്നു കഥീറും (റ) മറ്റും ഉദ്ധരിച്ചു കാണാം).

എനി, നമുക്ക് തയമ്മുമിനെപ്പറ്റി ശ്രദ്ധിക്കാം. تَيَمُّمْ (തയമ്മും) എന്ന വാക്കിന്റെ ഭാഷാർഥം 'കരുതിച്ചെല്ലുക, ഉദ്ദേശിക്കുക, അന്വേഷിക്കുക' എന്നൊക്കെയാണ്. താഴെ പറയുന്ന വിധം മണ്ണുകൊണ്ട് കൈയും മുഖവും തടവുന്നതിനാണ് മതത്തിൽ സാങ്കേതികമായി 'തയമ്മും' എന്ന് പറഞ്ഞുവരുന്നത്. മേൽ വിവരിച്ച ഏതെങ്കിലും സന്ദർഭം നേരിടുമ്പോൾ നിങ്ങൾ ശുദ്ധമായ ഭൂമുഖത്തെ കരുതിക്കൊള്ളുക (فَتَيَمَّمُوا صَعِيدًا طَيِّبًا) എന്ന് പറഞ്ഞതിൽ നിന്നാണ് ഈ പേർ അതിനു സിദ്ധിച്ചത്. صَعِيد (സ്വഈദ്) എന്ന പദത്തിനു ഭൂമിയുടെ ഉപരിതലം, ഭൂമുഖത്തുള്ളത്, ഭൂമിയിൽ പൊന്തിക്കാണുന്നത്, മണ്ണ്, ക്വബ്ർ, നിരപ്പായ സ്ഥലം' എന്നൊക്കെയാണ് നിഘണ്ടുക്കളിൽ അർത്ഥം കാണുന്നത്. ഈ പദത്തിന്റെ അർഥത്തെ ആസ്പദമാക്കി തയമ്മുമിന് ഏതെല്ലാം വസ്തുക്കളെ ഉപയോഗപ്പെടുത്താമെന്നുള്ളതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. അത് കേവലം സ്വാഭാവികവുമാണ്. മണ്ണ് മാത്രമേ ഉപയോഗിക്കാവൂ എന്ന് ഇമാം ശാഫിഈ, ഇമാം അഹ്മദ് (റ) മുതലായവരും, മണ്ണും മണ്ണോട് ബന്ധപ്പെടുന്ന മണൽ, കൽചുണ്ണാമ്പ് മുതലായവയും ഉപയോഗിക്കാമെന്ന് ഇമാം അബൂഹനീഫ(റ) മുതലായവരും, അവയും അവക്ക് പുറമെ സസ്യങ്ങളും പാറകളും അടക്കം ഭൂമുഖത്തുള്ള ഏത് വസ്തുക്കളും ആവാമെന്ന് ഇമാം മാലിക്(റ) മുതലായവരും മനസ്സിലാക്കിയിരിക്കുന്നു. ഹദീഥുകൾ പരിശോധിച്ചാൽ ചിലപ്പോഴെല്ലാം صَعِيد എന്ന വാക്കുതന്നെ ഹദീഥുകളിൽ ഉപയോഗിക്കപ്പെട്ടുകാണാം. എങ്കിലും ചിലപ്പോൾ تُرَاب، تربة (മണ്ണ്) എന്ന് വ്യക്തമാക്കപ്പെട്ടിട്ടുമുണ്ട്.

ഹുദൈഫത്തുബ്നുൽ യമാനി(റ)ൽ നിന്നു മുസ്‌ലിം(റ) ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: റസൂൽﷺ പറഞ്ഞു: 'മൂന്നു കാര്യം കൊണ്ട് മറ്റു മനുഷ്യരെക്കാൾ നമുക്ക് ശ്രേഷ്ഠത നൽകപ്പെട്ടിരിക്കുന്നു: നമ്മുടെ (നമസ്കാരത്തിലെ) അണികൾ മലക്കുകളുടെ അണികളെപ്പോലെ ആക്കപ്പെട്ടിരിക്കുന്നു; നമുക്ക് ഭൂമി മുഴുവനും പള്ളി (നമസ്കരിക്കുവാ

നുള്ള സ്ഥലം) ആക്കപ്പെട്ടിരിക്കുന്നു; വെള്ളം കിട്ടിയില്ലെങ്കിൽ അതിലെ മണ്ണ് നമുക്ക് ശുദ്ധി ചെയ്‌വാനുള്ളതും ആക്കപ്പെട്ടിരിക്കുന്നു.' (മു.) ഈ ഹദീഥിന്റെ ചില രിവായത്തിൽ تُرَاب എന്നും, ചിലതിൽ تربة എന്നും കാണാം. രണ്ടായാലും മണ്ണ് എന്നുതന്നെ അർഥം. കൂടാതെ, വേറെ ചില ഹദീഥുകളിലും ഈ വാക്ക് കാണാം. ശാഫിഈ, അഹ്മദ് (റ) മുതലായവരുടെ തെളിവ് ഈ ഹദീഥുകളാണ്. ചുരുക്കത്തിൽ, മണ്ണല്ലാത്ത വസ്തുക്കളെക്കൊണ്ട് തയമ്മും ചെയ്താൽ ശരിയാകുകയില്ലെന്ന് തീർത്തു പറയുക സാധ്യമല്ലെങ്കിലും, മണ്ണുകൊണ്ടായിരിക്കുന്നതാണ് കൂടുതൽ നല്ലതെന്നുള്ളതിൽ സംശയമില്ല. മണ്ണ് പൊടിയുള്ളതായിരിക്കുന്നത് നല്ലതാണെന്ന് കൂടി ഹദീഥുകളിൽ നിന്ന് മനസ്സിലാകുന്നു. സസ്യങ്ങൾ, ലോഹങ്ങൾ, പാറകൾ മുതലായവയൊന്നും തൊട്ടുതടവിക്കൊണ്ട് നബിﷺയോ, നബിﷺയുടെ അറിവിൽ പെട്ടുകൊണ്ട് മറ്റാരെങ്കിലുമോ തയമ്മും ചെയ്തതായി അറിയപ്പെടുന്നുമില്ല. മണ്ണ് വെടിപ്പുള്ളതും മ്ളേച്ഛം (نجس) കലരാത്തതുമായിരിക്കണമെന്ന് طَيِّبًا (ശുദ്ധമായ - നല്ലതായ) എന്ന വിശേഷണത്തിൽ നിന്ന് വ്യക്തമാകുന്നു.

തയമ്മുമിന്റെ രൂപമാണ് فَامۡسَحُواْ بِوُجُوهِكُمۡ وَأَيۡدِيكُمۡ (എന്നിട്ട് നിങ്ങളുടെ മുഖങ്ങളെയും കൈകളെയും തടവുവിൻ) എന്ന വചനം കാണിച്ചുതരുന്നത്. മുഖം മുഴുവനും തടവണമെന്നുള്ളതിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമില്ല. കൈകളുടെ കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. വുദ്വൂഇനെക്കുറിച്ച് പറഞ്ഞപ്പോൾ മുട്ടുവരെ കഴുകണമെന്ന് സൂറത്തുൽ മാഇദഃ : 7 ൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. തയമ്മുമിനെപ്പറ്റി വിവരിക്കുന്ന ചില ഹദീഥുകളിൽ മുട്ടുവരെ നബിﷺ തടവിയതായി വന്നിട്ടുമുണ്ട്. അതുകൊണ്ട് മുട്ടുവരെ തടവൽ നിർബ്ബന്ധമാണെന്നാണ് ഒരഭിപ്രായം. കൈപത്തി(മുൻകൈ) മാത്രം തടവിയാലും മതിയെന്നാണ് മറ്റേ അഭിപ്രായം. ايدى (കൈകൾ) എന്ന വാക്ക് കൈപത്തികളെ ഉദ്ദേശിച്ചുകൊണ്ട് മാഇദഃ 41 ൽ ഉപയോഗിച്ചിട്ടുണ്ടെന്നുള്ളതും, ബുഖാരിയും മുസ്‌ലിമും(റ) ഉദ്ധരിച്ച ഒരു ഹദീഥും ഇതിന് തെളിവായി ചൂണ്ടിക്കാണിക്കുന്നു. ഹദീഥ് ഇതാണ്: 'ഒരു യാത്രയിൽ ഉമർ(റ), അമ്മാർ(റ) എന്നിവർക്ക് ജനാബത്ത് ഏർപ്പെട്ടു. കുളിക്കുവാൻ വെള്ളം ഉണ്ടായിരുന്നില്ല. ഉമർ(റ) നമസ്കരിക്കാതിരുന്നു. അമ്മാർ(റ) മണ്ണിൽ പുരണ്ട് നമസ്കരിക്കുകയും ചെയ്തു. (*) വിവരം അറിഞ്ഞപ്പോൾ 'ഇങ്ങിനെ ചെയ്താൽ മതിയായിരുന്നു' എന്ന് പറഞ്ഞും കൊണ്ട് നബിﷺ രണ്ടു കൈപത്തികൾ നിലത്തടിച്ചു അതിൽ ഊതുകയും, പിന്നീട് അതുകൊണ്ട് മുഖവും രണ്ട് കൈപത്തികളും തടവുകയും ചെയ്തു. പല മാർഗങ്ങളിൽ കൂടി ബുഖാരീ - മുസ്‌ലിം നിവേദനം ചെയ്തിട്ടുള്ള ഈ ഹദീഥിന്റെ ചില രിവായത്തുകളിൽ നബിﷺ നിലത്ത് ഒരടി അടിച്ചുവെന്ന് വ്യക്തമാക്കപ്പെട്ടിട്ടുമുണ്ട്. ഇതിനെ ആസ്പദമാക്കി മുഖത്തിനും കയ്യിനും കൂടി ഒരടി അടിച്ചാൽ മതിയാകുമെന്നും, കൈപ്പത്തികൾ മാത്രം തടവിയാൽ മതി - മുട്ടുവരെ നിർബ്ബന്ധമില്ല - എന്നും മനസ്സിലാക്കാമല്ലോ. പല മഹാൻമാരുടെയും അഭിപ്രായവും അതാണ്. കൈകൾ രണ്ടും മുട്ടുവരെ തടവേണ്ടതുണ്ടെന്നും മുഖത്തിനും കൈകൾക്കും പ്രത്യേകം പ്രത്യേകമായി രണ്ടു പ്രാവശ്യം മണ്ണിൽ അടിക്കേണ്ടതുണ്ടെന്നുമാണ് മറ്റൊരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം. കൂടുതൽ വിവരത്തിന് ഹദീഥ് ഗ്രന്ഥങ്ങളെയും ഫിക്ഹ് ഗ്രന്ഥങ്ങളെയും ആശ്രയിക്കേണ്ടതാണ്.

(*) ഇമാം അസ്ഖലാനീ (റ)ചൂണ്ടിക്കാട്ടിയതുപോലെ, വുദ്വൂഇന് പകരം തയമ്മും ചെയ്യുന്നത് ഏതാണ്ട് വുദ്വൂഇന്റെ ആകൃതിയിലാണെന്ന പോലെ, കുളിക്ക് പകരമുള്ള തയമ്മും കുളിപോലെ ശരീരം മുഴുവനും വേണമെന്ന് ഒരുപക്ഷേ, അദ്ദേഹം കരുതിയിരിക്കാം. الله اعلم

أَلَمْ تَرَ إِلَى ٱلَّذِينَ أُوتُوا۟ نَصِيبًا مِّنَ ٱلْكِتَٰبِ يَشْتَرُونَ ٱلضَّلَٰلَةَ وَيُرِيدُونَ أَن تَضِلُّوا۟ ٱلسَّبِيلَ ﴿٤٤﴾

﴾44﴿ വേദഗ്രന്ഥത്തിൽനിന്ന് ഒരംശം നൽകപ്പെട്ടിട്ടുള്ളവരെ നീ നോക്കിക്കണ്ടില്ലേ? അവർ ദുർമാർഗം (വിലക്ക്) വാങ്ങുന്നു; നിങ്ങൾ മാർഗം പിഴച്ചുപോകുവാൻ അവർ ഉദ്ദേശിക്കുകയും ചെയ്യുന്നു!

وَٱللَّهُ أَعْلَمُ بِأَعْدَآئِكُمْ ۚ وَكَفَىٰ بِٱللَّهِ وَلِيًّا وَكَفَىٰ بِٱللَّهِ نَصِيرًا ﴿٤٥﴾

﴾45﴿ അല്ലാഹു, നിങ്ങളുടെ ശത്രുക്കളെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. മിത്രമായി (അഥവാ രക്ഷകർത്താവായി) അല്ലാഹുതന്നെ മതി; സഹായകനായും അല്ലാഹു തന്നെ മതി.

مِّنَ ٱلَّذِينَ هَادُوا۟ يُحَرِّفُونَ ٱلْكَلِمَ عَن مَّوَاضِعِهِۦ وَيَقُولُونَ سَمِعْنَا وَعَصَيْنَا وَٱسْمَعْ غَيْرَ مُسْمَعٍ وَرَٰعِنَا لَيًّۢا بِأَلْسِنَتِهِمْ وَطَعْنًا فِى ٱلدِّينِ ۚ وَلَوْ أَنَّهُمْ قَالُوا۟ سَمِعْنَا وَأَطَعْنَا وَٱسْمَعْ وَٱنظُرْنَا لَكَانَ خَيْرًا لَّهُمْ وَأَقْوَمَ وَلَٰكِن لَّعَنَهُمُ ٱللَّهُ بِكُفْرِهِمْ فَلَا يُؤْمِنُونَ إِلَّا قَلِيلًا ﴿٤٦﴾

﴾46﴿ (അതെ)യഹൂദരായവരിൽപെട്ടവർ (തന്നെ). വാക്കുകളെ അവർ അതിന്റെ (യഥാ) സ്ഥാനങ്ങളിൽ നിന്ന് തെറ്റിച്ചു കളയുന്നു: അവർ പറയുകയും ചെയ്യും: 'സമിഅ്നാ വഅസൈ്വനാ എന്നും ഇസ്മഅ് ഗൈ്വറ മുസ്മഇൻ' എന്നും 'റാഇനാ' എന്നും! (അതെ) തങ്ങളുടെ നാവുകളെ വളച്ചൊടിച്ചും, മതത്തിൽ കുത്തിപ്പറഞ്ഞു [ആക്ഷേപിച്ചു] കൊണ്ടും! 'സമിഅ്നാ വഅത്വഅ്നാ' [ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തു] എന്നും, 'ഇസ്മഅ്' [കേൾക്കണേ] എന്നും. 'ഉൻള്വുർനാ' [ഞങ്ങളെ നീ ഗൗനിക്കണേ] എന്നും അവർ പറഞ്ഞിരുന്നെങ്കിൽ, അതവർക്ക് ഗുണകരവും, ഏറ്റവും ചൊവ്വുള്ളതുമാകുമായിരുന്നു.

പക്ഷേ, അവരുടെ അവിശ്വാസം നിമിത്തം അല്ലാഹു അവരെ ശപിച്ചിരിക്കുകയാണ്. അതിനാൽ അല്പ (മാത്ര)മല്ലാതെ അവർ വിശ്വസിക്കുകയില്ല.

﴾44﴿ أَلَمْ تَرَ നീ കണ്ടില്ലേ, നോക്കുന്നില്ലേ إِلَى الَّذِينَ യാതൊരുവരെ, ഒരു കൂട്ടരിലേക്ക് أُوتُوا അവർക്ക് നൽകപ്പെട്ടിരിക്കുന്നു نَصِيبًا ഒരംശം, പങ്ക് مِنَ الْكِتَابِ (വേ

ദ)ഗ്രന്ഥത്തിൽ നിന്ന് يَشْتَرُونَ അവർ വാങ്ങുന്നു الضَّلَالَةَ ദുർമാർഗം, വഴികേട്, വഴി പിഴവ് وَيُرِيدُونَ അവർ ഉദ്ദേശിക്കുകയും ചെയ്യുന്നു أَنْ تَضِلُّوا നിങ്ങൾ പിഴച്ചുപോകു hn് السَّبِيلَ മാർഗം, വഴി ﴾45﴿ وَاللَّهُ അല്ലാഹു, അല്ലാഹുവാകട്ടെ أَعْلَمُ ഏറ്റം (ന ല്ലവണ്ണം) അറിയുന്നവനാണ് بِأَعْدَائِكُمْ നിങ്ങളുടെ ശത്രുക്കളെപ്പറ്റി وَكَفَىٰ بِاللَّهِ അല്ലാഹു (തന്നെ) മതി وَلِيًّا ബന്ധുവായി, മിത്രമായി, കാര്യകർത്താവായി وَكَفَىٰ بِاللَّهِ അല്ലാഹു (തന്നെ) മതി نَصِيرًا സഹായകനായി, ﴾46﴿ مِنَ الَّذِينَ هَادُوا യഹൂദരായ വരിൽപ്പെട്ട(വർ) يُحَرِّفُونَ അവർ തെറ്റിക്കുന്നു, മാറ്റത്തിരുത്തം ചെയ്യുന്നു الْكَلِمَ വാക്കുകളെ عَنْ مَوَاضِعِهِ അതിന്റെ സ്ഥാനങ്ങൾ വിട്ട് وَيَقُولُونَ അവർ പറയുകയും ചെയ്യുന്നു [سَمِعْنَا മുതൽ رَاعِنَا വരെയുള്ള വാക്കുകളുടെ അർത്ഥങ്ങൾ വ്യാഖ്യാന ത്തിൽ കാണുക] لَيًّا വളച്ചൊടിച്ചു, ചുരുട്ടി മടക്കിക്കൊണ്ട് بِأَلْسِنَتِهِمْ അവരുടെ നാവു കളെ, നാവുകൾകൊണ്ട് وَطَعْنًا കുത്തിയും (ആക്ഷേപിച്ചും - കുത്തിപ്പറഞ്ഞും)കൊണ്ടും فِي الدِّينِ മതത്തിൽ, മതത്തെപ്പറ്റി وَلَوْ أَنَّهُمْ قَالُوا അവർ പറഞ്ഞിരുന്നെങ്കിൽ سَمِعْنَا സ മിഅ്നാ (ഞങ്ങൾ കേട്ടു) എന്ന് وَأَطَعْنَا അത്വഅ്നാ (ഞങ്ങൾ അനുസരിച്ചു) എന്നും وَاسْمَعْ ഇസ്മഅ് (കേൾക്കണം) എന്നും وَانْظُرْنَا ഉൻളുർനാ (ഞങ്ങളെ നീ ഗൗനിക്ക ണം)എന്നും لَكَانَ അതാകുമായിരുന്നു خَيْرًا ഗുണം, ഉത്തമം لَهُمْ അവർക്ക് وَأَقْوَمَ കൂടുതൽ ചൊവ്വായ (നേരെയുള്ളതും) وَلَٰكِنْ لَعَنَهُمُ എങ്കിലും (പക്ഷേ) അവരെ ശപി ച്ചിരിക്കുന്നു اللَّهُ അല്ലാഹു بِكُفْرِهِمْ അവരുടെ അവിശ്വാസം നിമിത്തം فَلَا يُؤْمِنُونَ അതിനാൽ അവർ വിശ്വസിക്കയില്ല إِلَّا قَلِيلًا അല്പമല്ലാതെ

യഹൂദികളെക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. സ്വാർത്ഥലാഭ ങ്ങൾക്കുവേണ്ടി കൽപിച്ചുകൂട്ടി സന്മാർഗം കൈവെടിഞ്ഞു ദുർമാർഗം സ്വീകരിച്ചതിനെ ഉദ്ദേശിച്ചാണ് അവർ ദുർമാർഗം വാങ്ങി എന്നു പറയുന്നത്. സത്യവിശ്വാസികളുടെ കഠി നശത്രുക്കളും, അവർ വഴിപിഴച്ചു കാണുവാൻ വളരെ ആഗ്രഹമുള്ളവരുമാണവർ. ഈ യാഥാർത്ഥ്യം അല്ലാഹുവിന് നന്നായി അറിയാം. ആകയാൽ സത്യവിശ്വാസികൾ ഒരി ക്കലും അവരെ വിശ്വസിക്കുകയും അവരെ മിത്രങ്ങളും സഹായകരുമായി ഗണിക്കു കയും ചെയ്യരുത്. സത്യവിശ്വാസികളെ സഹായിക്കുവാനും രക്ഷിക്കുവാനും അല്ലാഹു തന്നെ ധാരാളം മതി. എന്നൊക്കെ ആദ്യത്തെ വചനത്തിൽ അല്ലാഹു സത്യവിശ്വാസി കളെ ഉൽബോധിപ്പിക്കുകയാണ്. അനന്തരം, യഹൂദികളുടെ മനഃസ്ഥിതി എത്രത്തോളം കളങ്കം നിറഞ്ഞതും, അവരുടെ സ്വഭാവം എത്രകണ്ട് ദുഷിച്ചതുമാണെന്ന് കാണിക്കുന്ന അവരുടെ ചില സമ്പ്രദായങ്ങൾ ചൂണ്ടിക്കാട്ടുന്നു. അത്, അവർ വാക്കുകളെ യഥാ സ്ഥാനങ്ങളിൽനിന്ന് തെറ്റിക്കുന്നു. അതായത്, വേദഗ്രന്ഥത്തിലെ വാക്കുകൾ ദുർവ്യാ ഖ്യാനം ചെയ്യുന്നു. അല്ലെങ്കിൽ അതിന്റെ ചില വാക്കുകൾ മാറ്റി തൽസ്ഥാനത്ത് തങ്ങ ളുടെ ഇച്ഛക്ക് യോജിക്കുന്ന വേറെ ചില വാക്കുകൾ കുത്തിച്ചെലുത്തി പൊതുജനങ്ങളെ വഞ്ചിക്കുന്നു. ഇതിന്റെ കർത്താക്കൾ അവരിലുള്ള പണ്ഡിതന്മാരായിരിക്കും. (2: 75, 79) ചിലപ്പോൾ, നബിﷺയിൽ നിന്നും കേൾക്കുന്ന വാക്കുകളെ മാറ്റിമറിക്കലും, ദുർവ്യാ ഖ്യാനം ചെയ്യലും അവരുടെ പതിവായിരുന്നു. മറ്റൊരു സമ്പ്രദായം ഇതാണ്: പ്രത്യക്ഷ ത്തിൽ കേട്ടാൽ നല്ലതും വേണ്ടപ്പെട്ടതുമാണെന്ന് തോന്നിക്കുന്നതും, യഥാർത്ഥത്തിൽ

കപടവും കൗടില്യവും നിറഞ്ഞതുമായ ചില വാക്കുകൾ അവർ നബിﷺയുടെ നേരെ പ്രയോഗിക്കും, ഇതിന് മൂന്നു ഉദാഹരണങ്ങളും അല്ലാഹു എടുത്തു കാണിക്കുന്നു:-

(1) سَمِعْنَا وَعَصَيْنَا (സമിഅ്നാ, വഅസൈ്വനാ) ഞങ്ങൾ കേൾക്കുകയും, അനുസരണക്കേട് കാണിക്കുകയും ചെയ്തിരിക്കുന്നു - കാതുകൊണ്ടു കേട്ടെങ്കിലും അനുസരിക്കുവാൻ തയ്യാറില്ല - എന്നർത്ഥം. സത്യവിശ്വാസികളെ നബിﷺ വല്ലതും ഉപദേശിമ്പോൾ അവർ سَمِعْنَا وَأَطَعْنَا(ഞങ്ങൾ കേട്ടു, അനുസരിച്ചു) എന്ന് പറയാറുള്ളതിന്റെ സ്ഥാനത്താണ് അവർ ഇത് പറയുക. ഒന്നുകിൽ, سَمِعْنَا (കേട്ടു) എന്ന വാക്ക് ഉറക്കെയും عَصَيْنَا (എതിരു പ്രവൃത്തിച്ചു) എന്ന വാക്ക് പതുക്കെയുമായിരിക്കും പറയുക. അല്ലെങ്കിൽ, أَطَعْنَا എന്നാണെന്നു തോന്നിപ്പിക്കുമാറ് നാവൊന്നു വളച്ചുതിരിച്ചായിരിക്കും عَصَيْنَا എന്ന് പറയുന്നത്. ഒരു പക്ഷേ - ചില വ്യാഖ്യാതാക്കൾ പറയുന്നതുപോലെ - നാവുകൊണ്ട് അനുസരണം കാണിക്കുമെങ്കിലും പ്രവൃത്തിമൂലം വിപരീതം കാണിക്കുമെന്ന അർഥത്തിൽ അല്ലാഹു ഉദ്ധരിച്ചതായിരിക്കാം ആ വാക്ക് എന്നും വരാം. (അല്ലാഹുവിനറിയാം).

(2) اسْمَعْ غَيْرَ مُسْمَعٍ (ഇസ്മഉ് ഗൈ്വറമുസ്മഇൻ) പ്രശംസക്കും, പരിഹാസത്തിനും കൊള്ളാവുന്ന രണ്ടർത്ഥങ്ങൾ ഈ വാക്കിനു വരാം. അതായത് 'കേൾക്കണം, കേൾക്കുവാൻ പറ്റാത്തതൊന്നും കേൾക്കുവാൻ ഇടവരാതിരിക്കട്ടെ' എന്നിങ്ങിനെ നന്മക്കുവേണ്ടിയുള്ള ഒരു പ്രാർഥനാ രൂപത്തിലും, 'കേൾക്കുക, കേൾക്കുവാൻ സാധിക്കുമാറാകാതിരിക്കട്ടെ' എന്നിങ്ങിനെ തിന്മക്കുവേണ്ടിയുള്ള പ്രാർഥനാരൂപത്തിലും. രണ്ടാമത്തെ ഉദ്ദേശ്യത്തിലാണ് ആ ശപിക്കപ്പെട്ടവർ നബിﷺയോട് അത് പറയാറുള്ളത്. ഇതിൽ اسْمَعْ (കേൾക്കണം) എന്ന വാക്ക് മാത്രം പറയുമ്പോൾ ഈ ദ്വയാർത്ഥം വരികയില്ല.

(3) رَاعِنَا (റാഇനാ) 'ഞങ്ങളെ ഗൗനിക്കണം' എന്നും, 'വിഡ്ഢി' എന്നും അർഥം വരാവുന്ന വാക്കാണിത്. പ്രത്യക്ഷത്തിൽ മര്യാദ തോന്നിക്കുന്നതും, യഥാർഥത്തിൽ ദുരുദ്ദേശ്യപൂർവ്വവുമാണിത് അവർ പറയുക. (ഇതിനെപ്പറ്റി 2 : 104 ൽ മുമ്പു വിവരിച്ചിട്ടുള്ളതാണ്.)

ഇതെല്ലാം സന്ദർഭമനുസരിച്ചു തന്ത്രപൂർവ്വം വളച്ചുതിരിച്ചും, താളമൊപ്പിച്ചും തട്ടിവിടുകയാണവർ ചെയ്യുക. നബിﷺയെയും ഇസ്‌ലാമിനെയും പരിഹസിച്ചു സ്വയം തൃപ്തി അടയലാണ് അവരുടെ ലക്ഷ്യം. അതിനെപ്പറ്റിയാണ് لَيًّا بِأَلْسِنَتِهِمْ وَطَعْنًا فِي الدِّينِ (അവരുടെ നാവുകളെ വളച്ചൊടിച്ചും, മതത്തിൽ കുത്തിപ്പറഞ്ഞും കൊണ്ട്) എന്ന് പറഞ്ഞത്. ഒന്നാമത്തെ വാക്കിൽ عَصَيْنَا (ഞങ്ങൾ അനുസരണക്കേട് കാണിച്ചു) എന്നതിന്റെ സ്ഥാനത്തു أَطَعْنَا (അനുസരിച്ചു) എന്നാക്കുകയും, രണ്ടാമത്തേതിൽ غَيْرَ مُسْمَعٍ എന്നു പറയാതെ اسْمَعْ (കേൾക്കണം) എന്നു മാത്രം. പറയുകയും, മൂന്നാമത്തേതിനു പകരം انظُرْنَا (ഞങ്ങളെ ഗൗനിക്കണം) എന്നാക്കുകയുമായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. അങ്ങനെ ചെയ്തിരുന്നെങ്കിൽ അതവർക്ക് തന്നെ ഗുണമായിത്തീരുകയും, നേർക്കുനേരെയുള്ള വാക്കായിത്തീരുകയും ചെയ്യുമായിരുന്നു. അത് സത്യവിശ്വാസത്തിന്റെ ലക്ഷണവും, നബിﷺയോടും സത്യമതത്തോടുമുള്ള ആദരവുമാണല്ലോ. പക്ഷേ, ആ ദുഷ്ടരുണ്ടോ അതിനു തുനിയുന്നു?! അവരുടെ സത്യനിഷേധത്തിന്റെയും

അവിശ്വാസത്തിന്റെയും കാഠിന്യം നിമിത്തം അല്ലാഹുവിന്റെ ശാപകോപത്തിനു പാത്ര മായവരാണല്ലോ അവർ. ആകയാൽ, അവരെപ്പറ്റി അവർ സത്യവിശ്വാസം സ്വീകരിക്കു മെന്ന പ്രതീക്ഷക്ക് അവകാശമേ ഇല്ല. ഏതോ അല്പം ചില വ്യക്തികളിൽ കവിഞ്ഞു ആരും അവരിൽ നിന്ന് വിശ്വസിക്കുവാൻ പോകുന്നില്ല. അല്ലെങ്കിൽ, നയപൂർവ്വം ചില രിൽനിന്ന് സത്യവിശ്വാസത്തിന്റെ പ്രകടനങ്ങൾ മാത്രം കണ്ടേക്കാം. അതിനപ്പുറം അവ രിൽനിന്ന് ഒന്നും, പ്രതീക്ഷിക്കേണ്ടതില്ല എന്നു കൂടി അല്ലാഹു അറിയിക്കുന്നു.

يَٰٓأَيُّهَا ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ ءَامِنُوا۟ بِمَا نَزَّلْنَا مُصَدِّقًا لِّمَا مَعَكُم مِّن قَبْلِ أَن نَّطْمِسَ وُجُوهًا فَنَرُدَّهَا عَلَىٰٓ أَدْبَارِهَآ أَوْ نَلْعَنَهُمْ كَمَا لَعَنَّآ أَصْحَٰبَ ٱلسَّبْتِ ۚ وَكَانَ أَمْرُ ٱللَّهِ مَفْعُولًا ﴿٤٧﴾

《47》 ഹേ, (വേദ)ഗ്രന്ഥം നൽകപ്പെട്ടവരേ, നിങ്ങളുടെ കൂടെയുള്ളതിനെ സത്യമാക്കി (സ്ഥാപിച്ചു) കൊണ്ട് നാം അവതരിപ്പിച്ചിട്ടുള്ളതിൽ വിശ്വസിക്കുവിൻ; ചില മുഖങ്ങളെ നാം തുടച്ചുനീക്കി അവയെ അവയുടെ പിൻവശങ്ങളിലാക്കി ത്തീർക്കുന്നതിനു മുമ്പായി, അല്ലെങ്കിൽ, ശബ്ബത്തിന്റെ ആൾക്കാരെ നാം ശപിച്ചതുപോലെ അവരെ(യും) നാം ശപിക്കുന്നതിനു(മുമ്പായി).

അല്ലാഹുവിന്റെ കൽപന പ്രവർത്തനത്തിൽ വരുന്നതാകുന്നു.

إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ۚ وَمَن يُشْرِكْ بِٱللَّهِ فَقَدِ ٱفْتَرَىٰٓ إِثْمًا عَظِيمًا ﴿٤٨﴾

《48》 നിശ്ചയമായും അല്ലാഹു, അവനോട് പങ്കു ചേർക്കപ്പെടുന്നത് പൊറുക്കുകയില്ല; അതിന് പുറമെയുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും ചെയ്യും.

ആർ അല്ലാഹുവിനോട് പങ്കു ചേർക്കുന്നുവോ അവൻ, തീർച്ചയായും വമ്പിച്ച ഒരു കുറ്റം ചമച്ചുണ്ടാക്കിയിരിക്കുന്നു.

《47》 يَٰٓأَيُّهَا ٱلَّذِينَ ഹേ യാതൊരു കൂട്ടരേ أُوتُوا۟ ٱلْكِتَٰبَ ഗ്രന്ഥം നൽകപ്പെട്ട ءَامِنُوا۟ നിങ്ങൾ വിശ്വസിക്കുവിൻ بِمَا نَزَّلْنَا നാം അവതരിപ്പിച്ചതിൽ مُصَدِّقًا സത്യമാക്കി (സ്ഥാപിച്ചു) കൊണ്ട് لِّمَا مَعَكُم നിങ്ങളുടെ കൂടെ (കൈവശം) ഉള്ളതിനെ مِّن قَبْلِ മുമ്പായി أَن نَّطْمِسَ നാം തുടച്ചു കളയുന്ന (നീക്കുന്ന)തിന് وُجُوهًا ചില മുഖങ്ങളെ فَنَرُدَّهَا എന്നിട്ട് അവയെ നാം ആക്കുന്ന (മടക്കുന്ന - തള്ളിക്കളയുന്ന)തിന് عَلَىٰٓ أَدْبَارِهَا

അവയുടെ പിൻവശങ്ങളിൽ, പിന്നിൽ أَوْ نَلْعَنَهُمْ അല്ലെങ്കിൽ നാമവരെ ശപിക്കുന്നതിന് كَمَا لَعَنَّا നാം ശപിച്ചതു പോലെ أَصْحَابَ السَّبْتِ ശബ്ബത്തിന്റെ ആൾക്കാരെ وَكَانَ ആകുന്നു أَمْرُ اللَّهِ അല്ലാഹുവിന്റെ കല്പന مَفْعُولًا ചെയ്യപ്പെടുന്നത് പ്രവർത്തനത്തിൽ വരുന്നത് ﴾48﴿ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يَغْفِرُ പൊറുക്കുകയില്ല أَنْ يُشْرَكَ ശിർക്കു ചെയ്യപ്പെടുന്നത്, പങ്കു ചേർക്കപ്പെടുന്നത് بِهِ അവനോട്, അവനിൽ وَيَغْفِرُ അവൻ പൊറുക്കുകയും ചെയ്യും مَا دُونَ താഴെയുള്ളത്, പുറമെയുള്ളത് ذَٰلِكَ അതിന്റെ لِمَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَمَنْ يُشْرِكْ ആരെങ്കിലും പങ്കു ചേർക്കുന്നതായാൽ بِاللَّهِ അല്ലാഹുവോട് فَقَدِ افْتَرَىٰ തീർച്ചയായും അവൻ കെട്ടിയുണ്ടാക്കി, ചമച്ചുണ്ടാക്കി إِثْمًا പാപം, കുറ്റം عَظِيمًا വമ്പിച്ചതായ

مَا نَزَّلْنَا (നാം അവതരിപ്പിച്ചത്) കൊണ്ടുദ്ദേശ്യം ക്വുർആനാകുന്നു. ക്വുർആൻ മുൻവേദ ഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നതാണെന്ന് വിശേഷിപ്പിച്ചതിന്റെ താൽപര്യം അൽബക്വറഃ 41 ന്റെയും, ആലുഇംറാൻ : 2 ന്റെയും വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. ക്വുർആനിൽ വിശ്വസിക്കാത്ത പക്ഷം, നിങ്ങളുടെ മുഖങ്ങൾ മുൻഭാഗത്തുനിന്ന് തുടച്ചു നീക്കി പിൻഭാഗത്തേക്ക് ആക്കുകയോ, അല്ലെങ്കിൽ ശബ്ബത്തിന്റെ ആൾക്കാരെ ശപിച്ച പ്രകാരം ശപിക്കുകയോ ചെയ്തേക്കുമെന്നും, അതിന് ഇട വരുത്താതിരിക്കുകയാണ് നല്ലതെന്നും, അല്ലാഹു നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഏത് കാര്യവും നടപ്പിൽ വരുക തന്നെ ചെയ്യുമെന്നും അല്ലാഹു യഹൂദികളെ താക്കീത് ചെയ്യുന്നു. ശബ്ബത്തിന്റെ ആൾക്കാരെയും, അവരെ കുരങ്ങുകളാക്കി കോലം മറിച്ചതിന്റെയും വിവരം അൽബക്വറഃ : 65 ൽ കഴിഞ്ഞു പോയിട്ടുണ്ട്. അഅ്റാഫ് 163 – 166 ൽ കൂടുതൽ വിവരം വരുന്നുമുണ്ട്.

ഈ രണ്ടിലൊരു കാര്യം ഈ ജീവിതത്തിൽ തന്നെ വേണമെങ്കിൽ നിങ്ങളെ അനുഭവിപ്പിക്കുവാൻ അല്ലാഹുവിനു കഴിയും, ശബ്ബത്തുകാരിൽ സംഭവിച്ചത് നിങ്ങൾക്കറിയാമല്ലോ എന്നായിരിക്കും ഈ താക്കീതിന്റെ സാരം. അല്ലെങ്കിൽ, ഇഹത്തിൽവെച്ച് ശബ്ബത്തുകാർക്കുണ്ടായ അനുഭവം നിങ്ങൾക്ക് ഇഹത്തിൽ അനുഭവിപ്പിക്കുകയും, ക്വിയാമത്ത് നാളിൽ നിങ്ങളുടെ മുഖം പിന്നോട്ടാക്കി ശിക്ഷിക്കുകയും ചെയ്യുന്നതാണെന്ന് നിങ്ങൾ ഓർത്തിരിക്കണമെന്നും സാരമായിരിക്കാവുന്നതാണ്. മുഖം പിന്നോട്ടാക്കൽ ക്വിയാമത്ത് നാളിൽ ഉണ്ടാവാൻ പോകുന്ന സംഭവമാണെന്ന് ഇമാം റാസീ(റ) ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. അതിന് ചില കാരണങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടിയിരിക്കുന്നു. അലങ്കാര രൂപത്തിലുള്ള ഒരു പ്രയോഗമാണ് അതെന്നത്രെ ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം. നിങ്ങൾ വിശ്വസിക്കാത്തപക്ഷം, ഇന്നത്തെക്കാൾ നിന്ദാവഹമായ ഒരവസ്ഥയിലേക്ക് അല്ലാഹു നിങ്ങളെ എത്തിക്കുമെന്നോ, നിങ്ങളിപ്പോൾ സ്ഥിതി ചെയ്യുന്ന ഹിജാസിൽ നിന്ന് നിങ്ങളെ കെട്ടുകെട്ടിച്ചു നിങ്ങളുടെ പഴയസ്ഥാനമായ സിറിയായിലേക്ക് ഓടിപ്പോകുവാൻ നിങ്ങളെ നിർബ്ബന്ധിതരാക്കുമെന്നോ ഉള്ള സൂചനയായിരിക്കും അപ്പോൾ അതിലുള്ളത്. الله اعلم

തുടർന്നുകൊണ്ട് ശിർക്കിനെ അല്ലാഹു പൊറുക്കുകയില്ലെന്നും, അതിന് താഴെയുള്ള ഏത് പാപങ്ങളും അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുമെന്നും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ സത്തയിലോ, പ്രവൃത്തി

കളിലോ, അധികാരാവകാശങ്ങളിലോ, ഗുണവിശേഷങ്ങളിലോ മറ്റാർക്കെങ്കിലും പങ്കോ സമത്വമോ കൽപിക്കലാണ് ശിർക്ക്. ശിർക്ക് അല്ലാഹു പൊറുക്കുകയില്ലെന്ന് ക്വുർആനും ഹദീഥും അസന്ദിഗ്ദ്ധമായി ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്. താഴെ 116-ാം വചനത്തിലും ഇതേ വാക്കുകൾ അല്ലാഹു ആവർത്തിച്ചു പറഞ്ഞിരിക്കുന്നത് കാണാം. യഹൂദികളെ സംബന്ധിച്ചിടത്തോളം, അവർ മുശ്‌രിക്കുകൾ എന്ന പേരിൽ സാധാരണ അറിയപ്പെടാറില്ലെങ്കിലും ശിർക്കുപരമായ പല കാര്യങ്ങളും അവരിൽ നിലവിലുണ്ട്. രണ്ടു കാര്യങ്ങൾ അവരെപ്പറ്റി ക്വുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്. ഉസൈർ (അ) അല്ലാഹുവിന്റെ പുത്രനാണെന്നുള്ള അവരുടെ വാദവും, അവർ തങ്ങളുടെ പുരോഹിത പണ്ഡിതന്മാരെ റബ്ബുകളാക്കി വെച്ചതും, അഥവാ അവരുടെ വിധിവിലക്കുകളെ അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് സമമാക്കിയതും. ക്രിസ്ത്യാനികളാണെങ്കിൽ, ഈസാ (അ) അല്ലാഹുവിന്റെ പുത്രനാണെന്നതാണ് അവർ തങ്ങളുടെ മതത്തിന്റെ അടിസ്ഥാന തത്വമായി സ്വീകരിച്ചിരിക്കുന്നത്. മുസ്‌ലിം സമുദായത്തെക്കുറിച്ചു പറയുകയാണെങ്കിൽ, കാലക്രമത്തിൽ അവരിൽ കടന്നുകൂടിയ ശിർക്കുപരമായ അന്ധവിശ്വാസങ്ങളും, ദുരാചാരങ്ങളും എത്രയാണെന്ന് പറയുവാൻ തന്നെ പ്രയാസമായിത്തീർന്നിരിക്കുകയാണ്. അല്ലാഹുവിൽ ശരണം!

ശിർക്കല്ലാത്ത പാപങ്ങൾ - അവ എത്ര വമ്പിച്ചതായാലും - അല്ലാഹു പൊറുത്തേക്കാമെന്ന് അല്ലാഹു അറിയിക്കുന്നു. പാപം പൊറുക്കൽ അവന്റെ ഒരു ഔദാര്യം മാത്രമാകുന്നു. അതവന്റെ ഒരു കടമയല്ല. അതുകൊണ്ടാണ് പാപങ്ങളിൽനിന്നു ഖേദിച്ചു മടങ്ങുവാനും, പ്രസ്തുത ഔദാര്യത്തിനു വേണ്ടി - പാപമോചനത്തിനുവേണ്ടി - പ്രാർഥിക്കുവാനും കൽപിക്കപ്പെട്ടിരിക്കുന്നത്. ആർക്കെല്ലാമാണ് പൊറുത്ത് കൊടുക്കേണ്ടത്, ആരാണ് അതിന് അർഹതയുള്ളവർ എന്നൊക്കെ അല്ലാഹുവിന് അറിയാമല്ലോ. അതുകൊണ്ടാണ് ശിർക്കല്ലാത്ത പാപങ്ങൾ പൊറുത്തു കൊടുക്കുമെന്നു മൊത്തത്തിൽ പറഞ്ഞു മതിയാക്കാതെ അവൻ ഉദ്ദേശിക്കുന്നവർക്ക് (لِمَن يَشَاء) എന്നു കൂടി പറഞ്ഞിരിക്കുന്നത്. ശിർക്കിനെ സംബന്ധിച്ചിടത്തോളം, അതിൽനിന്നു വിരമിച്ചു തൗഹീദിലേക്ക് മടങ്ങുന്നത്കൊണ്ടല്ലാതെ ഖേദിച്ചതു കൊണ്ടോ പാപമോചനം തേടിയതുകൊണ്ടോ - അതിൽ നിന്നു രക്ഷയില്ല. ശിർക്കിലായി മരണപ്പെട്ടാൽ കാലാകാലം നരകശിക്ഷയായിരിക്കും അനുഭവപ്പെടുക. തൗഹീദിൽ മരണപ്പെടുകയും, പാപികളായിരിക്കുകയും ചെയ്യുന്നവർ - അവർ അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനത്തിന് അർഹരാകാത്ത പക്ഷം - അവരുടെ പാപങ്ങൾക്കനുസരിച്ച ശിക്ഷകൾ അനുഭവിക്കേണ്ടി വരുന്നതും അതിനുശേഷം അവർക്ക് സ്വർഗപ്രവേശം നൽകപ്പെടുന്നതുമാകുന്നു. ക്വുർആനിൽനിന്നും, നബിവചനങ്ങളിൽനിന്നും സ്പഷ്ടമായി അറിയപ്പെട്ടതാണ് ഇതെല്ലാം.

അബൂദർറിൽ ഗിഫാരീ(റ)യിൽ നിന്നും രേഖപ്പെടുത്തപ്പെട്ട ഒരു പ്രസിദ്ധ ഹദീഥിന്റെ സാരം ഇങ്ങനെയാണ്:- لا إِلَهَ إِلاَّ اللَّهُ (അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല) എന്നു പറഞ്ഞ ഒരു അടിയാനും പിന്നീട് അതേ പ്രകാരത്തിൽ മരണപ്പെട്ടാൽ, അവൻ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കുകയില്ല. എന്ന് എന്നോട് നബി ﷺ പറയുകയുണ്ടായി. ഞാൻ ചോദിച്ചു: 'അവൻ വ്യഭിചരിച്ചാലും മോഷ്ടിച്ചാലുമോ?' തിരുമേനി പറഞ്ഞു:' (അതെ) അവൻ വ്യഭിചരിച്ചാലും മോഷ്ടിച്ചാലും.' ഞാൻ വീണ്ടും അതേ ചോദ്യം ചോദിച്ചു. തിരുമേനി അതേ ഉത്തരം ആവർത്തിച്ചു. നാലാമത്തെ പ്രാവശ്യം തിരുമേനി: 'അബൂദർറിനു അനിഷ്ടമായാലും ശരി, (അതങ്ങിനെത്തന്നെ.)' എന്നുകൂടി പറഞ്ഞു.' ബുഖാരി, മുസ്‌ലിം(റ) തുടങ്ങിയ ഹദീഥു പണ്ഡിതന്മാരെല്ലാം രേഖപ്പെടുത്തിയതാണ് ഈ

ഹദീഥ്. ഈ ആശയം കുറിക്കുന്ന വേറെയും പല ഹദീഥുകൾ കാണാവുന്നതാണ്. ഈ ഹദീഥ് ഉദ്ധരിക്കുമ്പോഴൊക്കെ റസൂൽﷺ പറഞ്ഞ ആ വാക്ക് -'അബൂദർറിന്നു അനിഷ്ടമായാലും ശരി' എന്ന വാക്ക്-കൂടി അദ്ദേഹം പറയാറുണ്ടായിരുന്നുവെന്നും രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നു.

ഒരു യാഥാർഥ്യം ഇവിടെ ഉണർത്തേണ്ടിയിരിക്കുന്നു. لا إِلَهَ إلاَّ اللهُ എന്ന വാക്യം നാവുകൊണ്ട് പറയുകയോ അതിന്റെ അർഥം അറിയുകയോ ചെയ്താൽ പിന്നെ എന്തു തെറ്റുകുറ്റവും ചെയ്യാമെന്നും, സ്വർഗം സുനിശ്ചിതമാണെന്നും, ശിക്ഷക്കപ്പെടുകയില്ലെന്നുമൊക്കെ - ഇതുപോലെയുള്ള ചില ഹദീഥുകളുടെ പേരിൽ - അന്ധവിശ്വാസികളും വിഡ്ഢികളുമായ ചില ആളുകൾ ധരിക്കാറും വ്യാഖ്യാനിക്കാറുമുണ്ട്. അതിൽനിന്ന് മുതലെടുത്തുകൊണ്ട് ഹദീഥിന്റെ പ്രാമാണ്യതയെ നിഷേധിക്കുന്ന ചില സ്ഥാപിത താൽപര്യക്കാർ അത്തരം ഹദീഥുകളെ പുച്ഛവും പരിഹാസ്യവുമായി ചിത്രീകരിക്കാറുമുണ്ട്. ഇത് രണ്ടും തനി കള്ളവും വാസ്തവ വിരുദ്ധവുമാണെന്ന് തീർത്തു പറയാവുന്നതാണ്. 'ലാഇലാഹ ഇല്ലല്ലാഹു' എന്നു പറയുകയും, പിന്നീട് അതേ പ്രകാരത്തിൽ മരണപ്പെടുകയും ചെയ്താൽ (قَالَ لاَ إِلَهَ الاالله ثُمَّ مَاتَ عَلَى ذلِكَ) എന്ന് നബി ﷺ പറഞ്ഞ ആ വാക്കിൽനിന്നുതന്നെ ഇപ്പറഞ്ഞത് വ്യക്തമാണ്. തൗഹീദിൽ വിശ്വസിച്ച് തൗഹീദിൽതന്നെ മരണപ്പെട്ടാൽ എന്നാണല്ലോ ഇതിന്റെ അർഥം. ആ അടിയാൻ നരകത്തിൽ തീരെ പ്രവേശിക്കുകയില്ലെന്നോ, അവന് ശിക്ഷയൊന്നും ഉണ്ടാകുകയില്ലെന്നോ നബിﷺ പറഞ്ഞിട്ടില്ല. അവൻ സ്വർഗത്തിൽ പ്രവേശിക്കും (دَخَلَ الجَنَّةَ) എന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. ശിർക്ക് ചെയ്യാത്ത പക്ഷം മറ്റുള്ള പാപങ്ങളുടെ ശിക്ഷ കഴിഞ്ഞാൽ പിന്നീട് രക്ഷ കിട്ടുമെന്നും, സ്വർഗപ്രവേശം ലഭിക്കുമെന്നുമാണ് ആ പറഞ്ഞതിന്റെ സാരം. ഇതു വേറെ ഹദീഥുകളിൽ നിന്ന് കൂടുതൽ വ്യക്തമായി അറിയപ്പെട്ടിട്ടുള്ളതുമാണ്. അതേ സമയത്ത് പാപങ്ങൾ വർദ്ധിക്കുന്തോറും - അവയിൽനന്ന് പശ്ചാത്തപിച്ചു മടങ്ങാത്ത പക്ഷം - അത് ഈമാനിന് (സത്യവിശ്വാസത്തിന്) നഷ്ടം വരുത്തിക്കൊണ്ടിരിക്കുകയും അവസാനം നിശ്ശേഷം അത് നശിക്കുവാൻ കാരണമായിത്തീരുകയും ചെയ്യുമെന്ന യാഥാർഥ്യം കൂടി ക്വുർആനിൽനിന്നും, ഹദീഥിൽനിന്നും, അറിയപ്പെട്ടതാകുന്നു.

أَلَمْ تَرَ إِلَى ٱلَّذِينَ يُزَكُّونَ أَنفُسَهُم ۚ

﴾49﴿ തങ്ങളുടെ (സ്വന്തം) ദേഹങ്ങളെ പരിശുദ്ധപ്പെടുത്തുന്ന [ആത്മപ്രശംസ നടത്തുന്ന] വരെ നീ (നോക്കി)ക്കണ്ടില്ലേ?

بَلِ ٱللَّهُ يُزَكِّى مَن يَشَآءُ

وَلَا يُظْلَمُونَ فَتِيلًا ﴿٤٩﴾

പക്ഷേ, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ പരിശുദ്ധപ്പെടുത്തുകയത്രെ ചെയ്യുന്നത്. അവരോട് ഒരു തരിമ്പിട (പോലും) അനീതി ചെയ്യപ്പെടുന്നതുമല്ല.

ٱنظُرْ كَيْفَ يَفْتَرُونَ عَلَى ٱللَّهِ

ٱلْكَذِبَ ۖ وَكَفَىٰ بِهِۦٓ إِثْمًا مُّبِينًا ﴿٥٠﴾

﴾50﴿ നോക്കുക: എങ്ങിനെയാണവർ അല്ലാഹുവിന്റെ മേൽ വ്യാജം കെട്ടിച്ചമക്കുന്നത്? അത് (തന്നെ) മതി, സ്പഷ്ടമായ കുറ്റമായിട്ട്!

﴾49﴿ أَلَمْ تَرَ നീ കണ്ടില്ലേ, നോക്കുന്നില്ലേ إِلَى الَّذِينَ യാതൊരു കൂട്ടരെ, കൂട്ടരിലേക്ക് يُزَكُّونَ പരിശുദ്ധപ്പെടുത്തുന്ന أَنفُسَهُمْ തങ്ങളുടെ ദേഹങ്ങളെ, സ്വന്തങ്ങളെ (സ്വയം) بَلِ اللَّهُ എങ്കിലും (പക്ഷേ) അല്ലാഹു يُزَكِّي പരിശുദ്ധപ്പെടുത്തുന്നു مَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَلَا يُظْلَمُونَ അവർ അക്രമിക്കപ്പെടുകയില്ല., അനീതി കാണിക്കപ്പെടുകയില്ല فَتِيلًا തരിമ്പിട, ഒരു ആരളവും ﴾50﴿ انظُرْ നോക്കുക كَيْفَ എങ്ങിനെയാണ് يَفْتَرُونَ അവർ കെട്ടിച്ചമക്കുന്നു عَلَى اللَّهِ അല്ലാഹുവിന്റെ മേൽ, അല്ലാഹുവിനെപ്പറ്റി الْكَذِبَ വ്യാജം وَكَفَىٰ بِهِ അതു(തന്നെ)മതി إِثْمًا കുറ്റമായിട്ട്, കുറ്റം مُّبِينًا സ്പഷ്ടമായ, വ്യക്തമായ.

ഈത്തപ്പനക്കുരുവെ പൊതിഞ്ഞു നിൽക്കുന്നതും, ഉണങ്ങിയ ഉള്ളിത്തൊലിപോലെയുള്ളതുമായ നേരിയ പാടക്ക് قِطْمِير (ക്വിത്മീർ)എന്നും, അതിന്റെ മുതുക് ഭാഗത്തു ഒരു കുത്തുപോലെ കാണാവുന്ന കുഴിക്ക് نَقِير (നക്വീർ)എന്നും, അതിന്റെ പള്ളഭാഗത്തുണ്ടാകുന്ന ചാലിൽ സ്ഥിതി ചെയ്യുന്ന നേരിയ നാരുപോലെയുള്ള തിരിക്കു فَتِيل (ഫതീൽ) എന്നും പറയപ്പെടുന്നു. വളരെ തുച്ഛം എന്ന അർഥത്തിൽ – 'തരിമ്പിട, കടുകളവ്' എന്നൊക്കെ മലയാളത്തിൽ പറയപ്പെടാറുള്ളതുപോലെ – ഈ മൂന്നു വാക്കുകളും അറബിയിൽ ഉപയോഗിക്കപ്പെടുന്നു. സൂ: ഫാത്വിർ 13 ൽ ആദ്യത്തേത് ഈ സൂറത്ത് 53 ലും മറ്റും രണ്ടാമത്തെതും, ഈ വചനത്തിലും മറ്റും മൂന്നാമത്തേതും ക്വുർആനിൽ അതേ അർഥത്തിൽ ഉപയോഗിച്ചിരിക്കുന്നു.

ഞങ്ങൾ അല്ലാഹുവിന്റെ മക്കളും, സ്നേഹപാത്രങ്ങളുമാണ്, ഞങ്ങളല്ലാതെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല, ഞങ്ങൾ പാപരഹിതരാണ് എന്നിങ്ങിനെയുള്ള വേദക്കാരുടെ ആത്മപ്രശംസകളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. പരിശുദ്ധരെന്നു സ്വയം പ്രശംസിച്ചതുകൊണ്ട് ആരും പരിശുദ്ധരാകുകയില്ല. അല്ലാഹു പരിശുദ്ധരാക്കിയവർ മാത്രമേ പരിശുദ്ധരാകൂ. അവനാകട്ടെ, ആരോടും അനീതിയോ പക്ഷഭേദമോ കാണിക്കുകയില്ല. ആരാണ് പരിശുദ്ധരാക്കപ്പെടുവാൻ അർഹരെന്നും അല്ലാത്തവരെന്നും അവന്നറിയാം. അതനുസരിച്ച് അവൻ പ്രവർത്തിക്കുകയാണ് ചെയ്യുക എന്നു സാരം. ആത്മപ്രശംസ സ്വതവേതന്നെ ഒരു തെറ്റാണ്. അതോടുകൂടി, അല്ലാഹുവിന്റെ പേരിൽ ഇല്ലാത്തത് കെട്ടിപ്പറഞ്ഞുകൊണ്ടു കൂടിയാകുമ്പോൾ, അത് അങ്ങേഅറ്റം കടുത്തതും ധിക്കാരം നിറഞ്ഞതുമായിരിക്കുമല്ലോ. അതാണ് وَكَفَىٰ بِهِ إِثْمًا مُّبِينًا (വ്യക്തമായ കുറ്റമായി അതുതന്നെ മതി!) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്.

വിഭാഗം - 8

أَلَمْ تَرَ إِلَى الَّذِينَ أُوتُوا نَصِيبًا مِّنَ الْكِتَابِ يُؤْمِنُونَ بِالْجِبْتِ وَالطَّاغُوتِ

﴾51﴿ **വേദഗ്രന്ഥത്തിൽ നിന്ന് ഒരംശം നൽകപ്പെട്ടിട്ടുള്ളവരെ നീ (നോക്കി) കണ്ടില്ലേ? - അവർ 'ജിബ്ത്തി'ലും, 'ത്വാഗൂത്തി'ലും [ക്ഷുദ്രമായതിലും ദുർമൂർത്തിയിലും] വിശ്വസിക്കുന്നു!**

وَيَقُولُونَ لِلَّذِينَ كَفَرُواْ هَٰٓؤُلَآءِ أَهْدَىٰ مِنَ ٱلَّذِينَ ءَامَنُواْ سَبِيلًا ﴿٥١﴾

അവിശ്വാസികളെക്കുറിച്ച് അവർ പറയുകയും ചെയ്യുന്നു: 'ഇക്കൂട്ടർ വിശ്വസിച്ചവരെക്കാൾ കൂടുതൽ നേർമാർഗം പ്രാപിച്ചവരാണ്' എന്ന്!

أُوْلَٰٓئِكَ ٱلَّذِينَ لَعَنَهُمُ ٱللَّهُ وَمَن يَلْعَنِ ٱللَّهُ فَلَن تَجِدَ لَهُۥ نَصِيرًا ﴿٥٢﴾

﴾52﴿ അക്കൂട്ടരത്രെ, അല്ലാഹു ശപിച്ചിട്ടുള്ളവർ.

ഏതൊരുവനെ അല്ലാഹു ശപിക്കുന്നുവോ അവന് ഒരു സഹായകനെയും നീ കണ്ടെത്തുകയേ ഇല്ല.

﴾51﴿ أَلَمْ تَرَ നീ കണ്ടില്ലേ, നോക്കുന്നില്ലേ إِلَى الَّذِينَ യാതൊരു കൂട്ടരിലേക്ക് أُوتُوا അവർക്ക് കൊടുക്കപ്പെട്ടു نَصِيبًا ഒരംശം, പങ്ക് مِنَ الْكِتَابِ ഗ്രന്ഥത്തിൽനിന്ന് يُؤْمِنُونَ അവർ വിശ്വസിക്കുന്നു بِالْجِبْتِ ജിബ്ത്തിൽ (ക്ഷുദ്രമായതിൽ) وَالطَّاغُوتِ ത്വാഗൂത്തിലും (ദുർമൂർത്തിയിലും) وَيَقُولُونَ അവർ പറയുകയും ചെയ്യുന്നു لِلَّذِينَ كَفَرُوا അവിശ്വസിച്ചവരെക്കുറിച്ച് هَٰؤُلَاءِ ഇക്കൂട്ടർ أَهْدَىٰ അധികം നേർമാർഗികളാണ്, നേരായുള്ളവരാണ് مِنَ الَّذِينَ آمَنُوا വിശ്വസിച്ചവരെക്കാൾ سَبِيلًا വഴി, മാർഗത്താൽ ﴾52﴿ أُولَٰئِكَ അക്കൂട്ടർ الَّذِينَ യാതൊരുവത്രെ لَعَنَهُمُ അവരെ ശപിച്ചിരിക്കുന്നു اللَّهُ അല്ലാഹു وَمَنْ ആരെ(യെങ്കിലും) يَلْعَنِ اللَّهُ അല്ലാഹു ശപിക്കുന്ന(തായാൽ) فَلَنْ تَجِدَ എന്നാൽ നീ കണ്ടെത്തുന്നതേയല്ല لَهُ അവന് نَصِيرًا ഒരു സഹായകനെ(യും)

ഒരു നന്മയുമില്ലാത്ത മിഥ്യയായത്, ഒന്നിനും കൊള്ളാത്തത്, ദുഷ്ടമായത്, ക്ഷുദ്രം എന്നൊക്കെ അർഥം നൽകാവുന്ന പദമാണ് جِبْتٌ (ജിബ്ത്ത്). സിഹ്ർ(ആഭിചാരം), ആഭിചാരി, പ്രശ്നം നോക്കൽ, പ്രശ്നക്കാരൻ, വിഗ്രഹം ആദിയായ അടിസ്ഥാനരഹിതങ്ങളായ പലതിനും 'ജിബ്ത്ത്' എന്ന് പറയപ്പെടാറുണ്ട്. ശകുനം നോക്കലും, പ്രശ്നം വെക്കലും, പക്ഷി ലക്ഷണവും ജിബ്ത്തിൽ പെട്ടതാണ്' എന്ന് ഒരു ഹദീഥിലും വന്നിരിക്കുന്നു. (അ.) طَّاغُوت (ത്വാഗൂത്ത്) എന്ന വാക്കിന്റെ അർഥങ്ങളെപ്പറ്റി അൽബഖറ ഃ 256 ന്റെ വ്യാഖ്യാനത്തിൽ മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. അനുസരണക്കേടിൽ അതിര് കവിഞ്ഞ എല്ലാ ധിക്കാരികൾക്കും, പിശാചുക്കൾക്കും, അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യ വസ്തുക്കൾക്കും ആ വാക്ക് ഉപയോഗിക്കാറുണ്ടെന്ന് അവിടെ നാം ചൂണ്ടിക്കാട്ടിയിരിക്കുന്നു.

ഹയ്യുബ്നു അക്ത്വബ്, കഅ്ബുബ്നുൽ അശ്റഫ് മുതലായ യഹൂദീ തലവന്മാർ മുസ്ലിംകൾക്ക് എതിരിൽ ക്വുറൈശികളെ കൂട്ടുപിടിച്ച് ഒരു വൻസഖ്യം സ്ഥാപിക്കുവാൻ വേണ്ടി മക്കായിൽ വന്നു. സംസാരം നടക്കവെ, നിങ്ങളും മുഹമ്മദും വേദക്കാരാ

ണ്, ഞങ്ങൾക്ക് വേദമില്ല, ആ സ്ഥിതിക്ക് ഞങ്ങൾ നിങ്ങളെ എങ്ങിനെ വിശ്വസിക്കും? എന്ന് ക്വുറൈശികളുടെ ഭാഗത്ത് നിന്ന് ചോദ്യമുണ്ടായി. നിങ്ങളെയും മുഹമ്മദിനെയും സംബന്ധിച്ച് ഒരു വിവരണം നൽകണമെന്ന് യഹൂദികളും ആവശ്യപ്പെട്ടു. കുടുംബം പാലിക്കുക, ഹാജ്ജുമാർക്ക് ആതിഥ്യം നൽകുക, കഅ്ബാ ശുശ്രൂഷണം ആദിയായ തങ്ങളുടെ ആചാരങ്ങളെയും ആക്ഷേപിക്കുക എന്നിങ്ങിനെയുള്ള അപരാധങ്ങൾ നബി ﷺ യെക്കുറിച്ചും അവർ വിവരിച്ചു. ഈ അവസരത്തിൽ, സത്യമായും, നിങ്ങളാണ് മുഹമ്മദിനെയും അവന്റെ ആൾക്കാരെയുംകാൾ ഉത്തമന്മാരും സന്മാർഗികളും എന്ന് ആ യഹൂദികൾ മുശ്‌രിക്കുകൾക്ക് സാക്ഷ്യം നൽകി. ഇതിനെപ്പറ്റിയാണ് ഈ വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നതെന്ന് പല രിവായത്തുകളിൽ നിന്നും മനസ്സിലാകുന്നു. ക്വുറൈശികളെ തൃപ്തിപ്പെടുത്തുവാനായി അവർ വിഗ്രഹങ്ങൾക്ക് സുജൂദ് ചെയ്കയുണ്ടായെന്നും ചില രിവായത്തുകളിൽ കാണുന്നു الله اعلم. യഹൂദികളെ സംബന്ധിച്ചിടത്തോളം, സ്വാർത്ഥങ്ങൾക്കു വേണ്ടി എന്തും ചെയ്‌വാൻ മടിക്കാത്തവരാണവർ. അതുകൊണ്ട് തന്നെയാണ് അല്ലാഹുവിന്റെ കടുത്ത ശാപകോപങ്ങൾക്ക് അവർ പാത്രമായതും. അല്ലാഹു തുടർന്ന് പറയുന്നു:-

أَمْ لَهُمْ نَصِيبٌ مِّنَ ٱلْمُلْكِ فَإِذًا لَّا يُؤْتُونَ ٱلنَّاسَ نَقِيرًا ﴿٥٣﴾

﴾53﴿ അതല്ല, അവർക്ക് രാജാധിപത്യത്തിൽ നിന്നും വല്ല പങ്കും ഉണ്ടോ?! എന്നാൽ [ഉണ്ടായിരുന്നെങ്കിൽ] അപ്പോൾ, ഒരണുവോളം അവർ മനുഷ്യർക്ക് നൽകുകയില്ല.

أَمْ يَحْسُدُونَ ٱلنَّاسَ عَلَىٰ مَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ ۖ فَقَدْ ءَاتَيْنَآ ءَالَ إِبْرَٰهِيمَ ٱلْكِتَـٰبَ وَٱلْحِكْمَةَ وَءَاتَيْنَـٰهُم مُّلْكًا عَظِيمًا ﴿٥٤﴾

﴾54﴿ അതല്ല, അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്നും മനുഷ്യർക്ക് നൽകിയിട്ടുള്ളതിന്റെ പേരിൽ അവർ അവരോട് അസൂയപ്പെടുകയാണോ?!

എന്നാൽ, ഇബ്‌റാഹീമിന്റെ കുടുംബത്തിന് നാം വേദഗ്രന്ഥവും, വിജ്ഞാനവും നൽകുകയുണ്ടായിട്ടുണ്ട്; അവർക്ക് നാം വമ്പിച്ച രാജാധിപത്യവും നൽകിയിരിക്കുന്നു.

فَمِنْهُم مَّنْ ءَامَنَ بِهِۦ وَمِنْهُم مَّن صَدَّ عَنْهُ ۚ وَكَفَىٰ بِجَهَنَّمَ سَعِيرًا ﴿٥٥﴾

﴾55﴿ എന്നിട്ട്, അതിൽ വിശ്വസിച്ചവരും അവരിലുണ്ട്; അതിൽ നിന്ന് തിരിഞ്ഞു പോയവരും അവരിലുണ്ട്. കത്തിജ്ജ്വലിക്കുന്ന അഗ്നിയായി 'ജഹന്നം' [നരകം] തന്നെ മതി!

﴾53﴿ أَمْ അതോ, അതല്ല, അഥവാ لَهُمْ അവർക്കു(ണ്ടോ) نَصِيبٌ വല്ല അംശവും, പങ്ക് مِنَ الْمُلْكِ രാജത്വ(രാജാധിപത്യം)ത്തിൽ നിന്നു(ള്ള) فَإِذًا എന്നാലപ്പോൾ لَا يُؤْتُونَ അവർ നൽകുകയില്ല النَّاسَ മനുഷ്യർക്ക് نَقِيرًا ഒരു നകീറും, കുത്തും (അ

ണുവോളം, ഒട്ടും) [49-ാം വചനത്തിന്റെ വിവരണം നോക്കുക] ﴾54﴿ أَمْ يَحْسُدُونَ
അതല്ല അവർ അസൂയപ്പെടുന്നുവോ النَّاسَ മനുഷ്യരോട് عَلَىٰ مَا യാതൊന്നിനെപ്പറ്റി
آتَاهُمُ اللَّهُ അല്ലാഹു അവർക്ക് നൽകിയ مِن فَضْلِهِ അവന്റെ അനുഗ്രഹത്തിൽ (ദയവിൽ)
നിന്ന് فَقَدْ آتَيْنَا എന്നാൽ നാം നൽകിയിട്ടുണ്ട് آلَ إِبْرَاهِيمَ ഇബ്റാഹീമിന്റെ കുടുംബ
ത്തിന്, കൂട്ടർക്ക് الْكِتَابَ (വേദ)ഗ്രന്ഥം وَالْحِكْمَةَ വിജ്ഞാനവും, തത്വജ്ഞാനവും
وَآتَيْنَاهُم അവർക്ക് നാം നൽകുകയും ചെയ്തു مُلْكًا രാജത്വം, രാജാധികാരം عَظِيمًا
വമ്പിച്ച ﴾55﴿ فَمِنْهُم എന്നിട്ട് അവരിലുണ്ട്, അവരിൽ നിന്ന് (ചിലർ) مَنْ آمَنَ വിശ്വ
സിച്ചവർ (ഉണ്ട്) بِهِ അതിൽ وَمِنْهُم അവരിലുണ്ട് (ചിലർ) مَن صَدَّ തിരിഞ്ഞു കള
ഞ്ഞവർ عَنْهُ അതിനെ വിട്ട് وَكَفَىٰ മതി بِجَهَنَّمَ ജഹന്നം(തന്നെ) سَعِيرًا കത്തിജ്വലി
ക്കുന്ന അഗ്നിയായി

യഹൂദികളുടെ ധനമോഹം, പിശുക്ക്, അസൂയ ആദിയായവയാണ് ചൂണ്ടിക്കാട്ടുന്നത്. അവർക്ക് ഇപ്പോൾ - ക്വുർആൻ അവതരിക്കുന്ന കാലത്ത് - ഭൂമിയിൽ എവിടെയും ഒരാധിപത്യമോ പ്രതാപമോ ഇല്ല. അവരുടെ അക്രമം കാരണമായി അവർക്കുണ്ടായിരുന്ന പ്രതാപങ്ങളെല്ലാം അവർ കളഞ്ഞു കുളിച്ചിരിക്കുകയാണ്. എനി വല്ലപ്പോഴും അവർക്ക് ആധിപത്യം കൈവന്നാൽ തന്നെയും മറ്റൊരു കൂട്ടർക്ക് അവർ തരിമ്പുപോലും ഉപകാരം ചെയ്തുകൊടുക്കയില്ല. അവർക്കല്ലാതെ, മറ്റുള്ളവർക്ക് വല്ല അനുഗ്രഹവും ലഭിക്കുന്നപക്ഷം അവർ കടുത്ത അസൂയക്കാരുമാകുന്നു. ഈ അസൂയ കൊണ്ടാണ് അവർ നബി ﷺയിലും ക്വുർആനിലും വിശ്വസിക്കാത്തതും. അവരുടെ പൂർവ്വപിതാവായ ഇബ്റാഹീം നബി(അ)യുടെ കുടുംബ പരമ്പരയിൽ പലർക്കും പ്രവാചകത്വവും, ദിവ്യ സന്ദേശവും, ഭരണാധിപത്യവുമൊക്കെ മുമ്പു സിദ്ധിക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ടും എല്ലാവരും വിശ്വസിക്കുകയുണ്ടായില്ല. ചിലർ വിശ്വസിക്കുകയും ചിലർ തിരിഞ്ഞു കളയുകയുമാണ് ചെയ്തത്. എന്നിരിക്കെ, എനി ഇപ്പോഴുണ്ടോ അവരുടെ കൂട്ടത്തിൽ നിന്നല്ലാതെ നിയോഗിക്കപ്പെട്ട ഈ റസൂലിൽ അവർ വിശ്വസിക്കുവാൻ പോകുന്നു?! എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ താൽപര്യം.

യഹൂദികൾക്ക് വല്ല ആധിപത്യവും ലഭിച്ചാൽ തന്നെയും അവർ മനുഷ്യർക്ക് ഒന്നും കൊടുക്കുകയില്ലെന്ന് അല്ലാഹു പ്രസ്താവിച്ചത് അക്ഷരാർഥത്തിൽ തന്നെ നാം ഇന്നു കണ്ടു കൊണ്ടിരിക്കുന്നു. പാശ്ചാത്യ വൻകോയ്മകളുടെ രക്ഷാകർത്തൃത്വത്തിൻകീഴിൽ ഈ അടുത്ത കാലത്ത് ഒരു ഇസ്റാഈൽ രാഷ്ട്രം ഫലസ്തീനിൽ നിലവിൽ വന്നിട്ടുണ്ടല്ലോ. സ്വാർഥതാൽപര്യം, വർഗീയ പക്ഷപാതം, മുസ്‌ലിംകളോടുള്ള ശത്രുത, എന്തു അക്രമം നടത്തിയും സ്വന്തം ശക്തി വർദ്ധിപ്പിക്കുവാനുള്ള വ്യഗ്രത ആദിയായ വിഷയങ്ങളിൽ കുപ്രസിദ്ധി നേടിക്കഴിഞ്ഞിരിക്കുകയാണ് ആ രാഷ്ട്രം. എന്നാൽ, ഏത് ധിക്കാരികളെയും അവരുടെ പേക്കൂത്തിൽ വിഹരിക്കുവാൻ കുറച്ചുകാലം അല്ലാഹു വിട്ടുകൊടുത്തെന്നുവരും. അവസാനം അവരെ ഒതുക്കുവാൻ മതിയായ ശിക്ഷ അല്ലാഹു ഒരുക്കി വെച്ചിട്ടുണ്ട്. അതെ, കത്തിജ്ജ്വലിക്കുന്ന നരകം! ഏത് കെങ്കേമൻമാരെയും ഒതുക്കുവാൻ അത് മതി! അല്ലാഹു പറയുന്നു:-

إِنَّ الَّذِينَ كَفَرُوا بِآيَاتِنَا
سَوْفَ نُصْلِيهِمْ نَارًا
كُلَّمَا نَضِجَتْ جُلُودُهُم بَدَّلْنَاهُمْ

﴾56﴿ നിശ്ചയമായും, നമ്മുടെ 'ആയത്ത്' [ലക്ഷ്യം]കളിൽ അവിശ്വസിച്ചവർ, വഴിയെ നാം അവരെ അഗ്നിയിൽ കടത്തി എരിയിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് നാം അത

جُلُودًا غَيْرَهَا لِيَذُوقُوا۟ ٱلْعَذَابَ

ല്ലാത്ത (വേറെ) തൊലികൾ പകരമാക്കുന്നതാണ് (അതെ) അവർ ശിക്ഷ രുചിച്ചറിയുവാൻ വേണ്ടി.

إِنَّ ٱللَّهَ كَانَ عَزِيزًا حَكِيمًا ﴿٥٦﴾

നിശ്ചയമായും അല്ലാഹു, പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

﴾56﴿ إِنَّ الَّذِينَ كَفَرُوا നിശ്ചയമായും അവിശ്വസിച്ചവർ بِآيَاتِنَا നമ്മുടെ ആയത്തുകളിൽ سَوْفَ വഴിയെ, പിറകെ نُصْلِيهِمْ നാമവരെ കടത്തി എരിയിക്കും نَارًا അഗ്നിയിൽ كُلَّمَا نَضِجَتْ വെന്തു പോകുമ്പോഴെല്ലാം (പാകമാകു - പഴുക്കു-മ്പോഴൊക്കെ) جُلُودُهُمْ അവരുടെ തൊലികൾ بَدَّلْنَاهُمْ അവർക്ക് നാം പകരമാക്കും جُلُودًا തൊലികളെ غَيْرَهَا അവയല്ലാത്ത لِيَذُوقُوا അവർ രുചി നോക്കുവാൻവേണ്ടി الْعَذَابَ ശിക്ഷയെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു, ആയിരിക്കുന്നു عَزِيزًا പ്രതാപശാലി حَكِيمًا അഗാധജ്ഞൻ, യുക്തിജ്ഞാനി

യഹൂദികളെന്നല്ല, അല്ലാഹുവിന്റെ ലക്ഷ്യദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്ത എല്ലാവരും അനുഭവിക്കേണ്ടി വരുന്ന ശിക്ഷയത്രെ നരകം. ശിക്ഷ പുതുക്കിക്കൊണ്ടിരിക്കുവാനും, വേദനയും യാതനയും വർദ്ധിച്ചു കൊണ്ടിരിക്കുവാനും വേണ്ടി അവരുടെ തൊലികൾ അല്ലാഹു മാറ്റിക്കൊണ്ടിരിക്കും. നരകാഗ്നിയുടെ ഉഗ്രത എത്രമേൽ കഠിനമാണെങ്കിലും അതുമൂലം അതിലെ ആളുകൾ മരണപ്പെട്ടു പോകയില്ല. എന്നാൽ, വല്ലപ്പോഴും ഒരാശ്വാസം ലഭിച്ചു അൽപനേരമെങ്കിലും സ്വൈര ജീവിതം കൊള്ളുവാൻ അവർക്ക് സാധിക്കുമോ? അതുമില്ല. (لا يَمُوتُ فِيهَا وَلا يَحْيى)

നമ്മുടെ അഗ്നിയെക്കാൾ എത്രയോ മടങ്ങ് ഉഷ്ണമേറിയതാണ് നരകാഗ്നി. എന്നിട്ടുപോലും ശരീരം മുഴുവൻ വെന്തുരുകി നശിക്കാതെ, തൊലികൾ വെന്തുരുകിപ്പോകുകയോ? എന്തുകൊണ്ട് തൊലികൾ മാത്രം മാറ്റപ്പെടുന്നു? ഇതിനൊന്നും മറുപടി പറയുക നമുക്ക് സാധ്യമല്ല. അല്ലാഹുവിനറിയാം. നമ്മുടെ വിഭാവനകൾക്കും നമ്മുടെ അറിവിനും അതീതമാണ് സ്വർഗ നരകങ്ങളിലെ സ്ഥിതിഗതികൾ. പരലോക കാര്യങ്ങളെല്ലാം അങ്ങിനെത്തന്നെ. ഇത്രമാത്രമേ നമുക്ക് പറയുവാൻ കഴിയൂ. അവിശ്വാസികളുടെ സ്ഥിതി അതായിരിക്കുമെങ്കിൽ, സത്യവിശ്വാസികളായ സജ്ജനങ്ങളുടെ സ്ഥിതി നേരെ മറിച്ചായിരിക്കുമെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ
سَنُدْخِلُهُمْ جَنَّٰتٍ تَجْرِى
مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۖ

﴾57﴿ വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകുന്ന സ്വർഗങ്ങളിൽ വഴിയെ അവരെ നാം പ്രവേശിപ്പിക്കുന്നതാണ്; അതിൽ (അവർ) എന്നെന്നും നിത്യവാസികളായിക്കൊണ്ട്.

لَّهُمْ فِيهَآ أَزْوَٰجٌ مُّطَهَّرَةٌ وَنُدْخِلُهُمْ ظِلًّا ظَلِيلًا ﴿٥٧﴾

അതിൽ, പരിശുദ്ധമാക്കപ്പെട്ട ഇണകൾ അവർക്കുണ്ടായിരിക്കും. അവരെ നാം (നിത്യ) നിബിഡമായ തണലിൽ പ്രവേശിപ്പിക്കുകയും ചെയ്യും.

﴾57﴿ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَعَمِلُوا അവർ പ്രവർത്തിക്കുകയും ചെയ്ത الصَّالِحَاتِ സൽക്കർമങ്ങൾ سَنُدْخِلُهُمْ വഴിയെ നാം അവരെ പ്രവേശിപ്പിക്കും جَنَّاتٍ സ്വർഗങ്ങളിൽ, തോപ്പുകളിൽ تَجْرِي ഒഴുകുന്ന مِن تَحْتِهَا അതിന്റെ അടിയിലൂടെ الْأَنْهَارُ അരുവികൾ, നദികൾ خَالِدِينَ നിത്യവാസികളായിട്ട് فِيهَا അവയിൽ أَبَدًا എന്നെന്നും لَهُمْ فِيهَا അവിടത്തിൽ അവർക്കുണ്ട് أَزْوَاجٌ ഇണകൾ مُطَهَّرَةٌ ശുദ്ധിയാക്കപ്പെട്ട, പരിശുദ്ധകളായ وَنُدْخِلُهُمْ നാമവരെ പ്രവേശിപ്പിക്കുകയും ചെയ്യും ظِلًّا നിഴലിൽ, തണലിൽ ظَلِيلًا തണലേകുന്ന (നിബിഡമായ - നിത്യം തിങ്ങിയ തണലുള്ള)

ആകൃതിയിലോ, പ്രകൃതിയിലോ, സ്വഭാവത്തിലോ ഉണ്ടാകുന്ന എല്ലാ ന്യൂനതകളിൽ നിന്നും, എല്ലാതരം മ്ലേച്ഛതകളിൽനിന്നും, മാലിന്യങ്ങളിൽ നിന്നും പരിശുദ്ധരായവർ എന്നാണ് أَزْوَاجٌ مُّطَهَّرَةٌ (ശുദ്ധമാക്കപ്പെട്ട ഇണകൾ) എന്ന് വിശേഷിപ്പിച്ചതിന്റെ താൽപര്യം. ظِلًّا ظَلِيلًا എന്ന വാക്കിന് 'തണലായ തണൽ, തണലേകുന്ന തണൽ' എന്നൊക്കെ വാക്കർഥം പറയാം. നിത്യനിബിഡവും, ഉഷ്ണത്തിന്റെയോ, തണുപ്പിന്റെയോ ശല്യമേൽക്കാത്തതുമായ സുഖകരമായ തണലായിരിക്കും എപ്പോഴും സ്വർഗത്തിലുണ്ടാകുക എന്ന് സാരം.

لَا يَرَوْنَ فِيهَا شَمْسًا وَلَا زَمْهَرِيرًا ﴿١٣﴾ وَدَانِيَةً عَلَيْهِمْ ظِلَالُهَا وَذُلِّلَتْ قُطُوفُهَا تَذْلِيلًا ﴿١٤﴾

(അതിൽ വെയിലോ കടും തണുപ്പോ അവർ കാണുകയില്ല. അതിലെ തണലുകൾ - അഥവാ മരക്കൊമ്പുകൾ - അവർക്ക് മീതെ താണുനിന്ന് കൊണ്ടിരിക്കും. (76 : 13, 14) أُكُلُهَا دَائِمٌ وَظِلُّهَا (അതിലെ തീറ്റ നിത്യമായതാകുന്നു; അതിലെ തണലും. (13 : 35) നബിﷺ പറയുന്നു: സ്വർഗത്തിലുണ്ട് ഒരു വൃക്ഷം! അതിന്റെ തണലിൽ ഒരു വാഹനക്കാരൻ നൂറുകൊല്ലം സഞ്ചരിച്ചാലും അവനത് മുറിച്ചുകടന്നുപോകയില്ല.' (ബു: മു.)

إِنَّ ٱللَّهَ يَأْمُرُكُمْ أَن تُؤَدُّوا۟ ٱلْأَمَـٰنَـٰتِ إِلَىٰٓ أَهْلِهَا وَإِذَا حَكَمْتُم بَيْنَ ٱلنَّاسِ أَن تَحْكُمُوا۟ بِٱلْعَدْلِ ۚ

﴾58﴿ നിശ്ചയമായും അല്ലാഹു, നിങ്ങളോട് കല്പിക്കുന്നു; (വിശ്വസിച്ചേൽപിക്കപ്പെട്ട) 'അമാനത്തു' കളെ അവയുടെ ആൾക്കാർക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്ന്. മനുഷ്യർക്കിടയിൽ നിങ്ങൾ വിധികല്പിക്കുന്നതായാൽ, നിങ്ങൾ നീതിയനുസരിച്ച് വിധികല്പിക്കണമെന്നും.

إِنَّ ٱللَّهَ نِعِمَّا يَعِظُكُم بِهِۦٓ ۗ إِنَّ ٱللَّهَ كَانَ سَمِيعًۢا بَصِيرًا ﴿٥٨﴾

നിശ്ചയമായും അല്ലാഹു, ഇത് മുഖേന നിങ്ങൾക്ക് വളരെ നല്ല (ഒരു) സദുപദേശം നൽകുകയാണ്. നിശ്ചയമായും അല്ലാഹു, (എല്ലാം) കേൾക്കുന്നവനും, കാണുന്നവനുമാകുന്നു.

إِنَّ اللَّهَ ﴿58﴾ നിശ്ചയമായും അല്ലാഹു يَأْمُرُكُمْ നിങ്ങളോട് കൽപിക്കുന്നു أَنْ تُؤَدُّوا നിങ്ങൾ കൊടുത്തുവീട്ടു (തീർത്തു- ഏൽപിച്ചു കൊടുക്കു)വാൻ الْأَمَانَاتِ അമാനത്ത് (അനാമത്ത് - വിശ്വസിച്ചേൽപിക്കപ്പെട്ടത്)കളെ إِلَىٰ أَهْلِهَا അവയുടെ ആൾക്കാർക്ക്, അതിന്റെ അർഹരിലേക്ക് وَإِذَا حَكَمْتُمْ നിങ്ങൾ വിധി (കൽപി)ച്ചാൽ بَيْنَ النَّاسِ മനുഷ്യർക്കിടയിൽ أَنْ تَحْكُمُوا നിങ്ങൾ വിധിക്കുവാൻ بِالْعَدْلِ നീതിപൂർവ്വം إِنَّ اللَّهَ നിശ്ചയമായും അല്ലാഹു نِعِمَّا യാതൊന്ന് വളരെ നല്ലതാണ് يَعِظُكُمْ നിങ്ങൾക്ക് സദുപദേശം നൽകുന്ന بِهِ അതുകൊണ്ട്, അതിനെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു سَمِيعًا കേൾക്കുന്നവൻ بَصِيرًا കാണുന്നവൻ

ഇസ്‌ലാമിക ജീവിതത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന രണ്ടു കൽപനകളാണ് ഈ വചനത്തിലുള്ളത്. അതെ, അമാനത്തുകളെ അവയുടെ അവകാശികൾക്ക് കൊടുത്ത് വീട്ടണമെന്നും, മനുഷ്യർക്കിടയിൽ വല്ല കാര്യത്തിലും വിധി കൽപിക്കുന്ന പക്ഷം അത് നീതിയനുസരിച്ചായിരിക്കണമെന്നും. മനുഷ്യസമൂഹത്തിൽ സമാധാനവും, സൗഹാർദ്ദവും, നീതിയും, മര്യാദയുമൊക്കെ നിലനിൽക്കേണമെങ്കിൽ ഈ രണ്ടു കാര്യങ്ങളും അത്യന്താപേക്ഷിതമാകുന്നു. 'അമാനത്ത് (أَمَانَة)' എന്നാൽ 'വിശ്വസ്തത' എന്ന് വാക്കർഥം. ഒരാൾ മറ്റൊരാളെ വിശ്വാസപൂർവ്വം ഏൽപിക്കുകയും, ആ ആൾ ഏറ്റെടുക്കുകയും ചെയ്ത എല്ലാ കാര്യങ്ങൾക്കും, വസ്തുക്കൾക്കും 'അമാനത്ത്' എന്ന് പറയപ്പെടുന്നു. ഇതേ അർഥത്തിൽ തന്നെ 'അമാനത്ത്' എന്നും 'അനാമത്ത്' എന്നും മലയാളത്തിലും പറയപ്പെടാറുണ്ട്. അമാനത്തുകളെ മൂന്നായി വിഭജിക്കാം.

(1) മനുഷ്യനും അവന്റെ റബ്ബിനും ഇടക്കുള്ള അമാനത്ത്. പ്രവാചകന്മാർ മുഖേനയും വേദഗ്രന്ഥങ്ങൾ മുഖേനയും അല്ലാഹുവിനോട് മനുഷ്യർ പാലിക്കേണ്ടതായി അറിയപ്പെടുന്ന കടമകളെല്ലാം ഇതിൽ ഉൾപ്പെടുന്നു.

(2) മനുഷ്യർ തമ്മതമ്മിലുള്ള അമാനത്ത്. ഒരാൾ ഒരാളെ വിശ്വാസപൂർവ്വം ഏൽപിച്ച സ്വത്തുക്കളും, രഹസ്യങ്ങളും, ഇടപാടുകളിൽ പാലിക്കപ്പെടേണ്ടുന്ന മര്യാദകളുമെല്ലാം ഇതിൽ ഉൾപെടുന്നു.

(3) സ്വന്തം ദേഹങ്ങളോടു പാലിക്കപ്പെടേണ്ടുന്ന അമാനത്ത്. സ്വന്തം ഗുണത്തിനും നന്മക്കും അനുപേക്ഷണീയമായ കാര്യങ്ങളാണ് ഈ ഇനത്തിലുള്ളത്. ഇവയിൽ രണ്ടാമത്തെ - മനുഷ്യർ തമ്മിതമ്മിലുള്ള - ഇനത്തെ ഉദ്ദേശിച്ചാണ് സാധാരണ ഗതിയിൽ അമാനത്ത് എന്ന് നാം പറഞ്ഞുവരുന്നത്.

വസ്തുക്കളാണെങ്കിൽ, തിരിച്ചു കൊടുക്കേണ്ടുന്ന സമയത്ത് അമാന്തം വരുത്താതെയും, കൃത്രിമത്വം നടത്താതെയും തിരിച്ച് കൊടുക്കുക; കാര്യങ്ങളാണെങ്കിൽ, നിശ്ച

യപ്രകാരം വീഴ്ച വരുത്താതെ നിർവ്വഹിക്കുക: രഹസ്യങ്ങളാണെങ്കിൽ, പുറത്തറിയിക്കാതെ സൂക്ഷിക്കുക; ഇടപാടുകളാണെങ്കിൽ, അതിൽ ചതിയും വഞ്ചനയും നടത്താതിരിക്കുക എന്നൊക്കെയാണ് അമാനത്തുകളെ അവയുടെ ആൾക്കാർക്ക് കൊടുത്ത് വീട്ടണ'മെന്ന് പറഞ്ഞതിന്റെ താൽപര്യം. ലൗകികമോ, മതപരമോ ആയ ഏത് വിഷയത്തിലും ജനങ്ങൾക്കിടയിൽ തീരുമാനമെടുക്കുകയോ, വിധി പറയുകയോ ചെയ്യുന്നപക്ഷം, സ്വാർഥവും പക്ഷഭേദവും കൂടാതെ ന്യായവും സത്യവും അനുസരിച്ചു വിധി നടത്തുക എന്നാണ് 'മനുഷ്യർക്കിടയിൽ നീതിയനുസരിച്ച് വിധി കൽപിക്കണമെന്ന് പറഞ്ഞതിന്റെ സാരം. രു കൂട്ടർക്കിടയിലുള്ള തീരുമാനമാകുമ്പോൾ, ഇരു കൂട്ടരുടെയും വാദവും, വാദമുഖങ്ങളും, തെളിവുകളും കേട്ട് മനസ്സിലാക്കുകയും, അനന്തരം എടുക്കേണ്ടുന്ന തീരുമാനത്തെപ്പറ്റി ചിന്തിക്കുകയും ചെയ്തെങ്കിലേ ഇത് സാധ്യമാകൂ. അതിന് തക്ക അറിവും പ്രാപ്തിയും ഉള്ളവർക്കേ ഈ വിഷയത്തിൽ പ്രവേശിക്കുവാനും പാടുള്ളൂ.

ഈ ര് കൽപനകളും തന്നെ, ഭരണകർത്താക്കൾ, ന്യായാധിപന്മാർ, നേതാക്കൾ, പണ്ഡിതന്മാർ എന്നിവരെയൊക്കെയാണ് കൂടുതൽ ശക്തമായി ബാധിക്കുന്നതെങ്കിലും, മറ്റുള്ളവരും അതിൽനിന്ന് ഒഴിവല്ല. ഓരോരുത്തരുടെയും സ്ഥിതിക്കും നിലവാരത്തിനും അനുസരിച്ച് അമാനത്ത് പാലിക്കുകയും, വിധി കൽപിക്കുകയും ചെയ്യേി വരുന്ന ഘട്ടങ്ങൾ എല്ലാവർക്കും ഉായേക്കുന്നതാണ്. ചുരുങ്ങിയപക്ഷം, വീട്ടുകാര്യങ്ങളിലെങ്കിലും അത്യാവശ്യമായിവരും. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേതായു്. അമാനത്തുകൾ അവയുടെ അവകാശികൾക്ക് കൊടുത്ത് തീർക്കണമെന്ന് പൊതുവിൽ പറഞ്ഞതല്ലാതെ ഇന്നതരത്തിലുള്ള അവകാശികൾക്ക് എന്ന് അല്ലാഹു നിജപ്പെടുത്തിയിട്ടില്ല. അതുപോലെത്തന്നെ, മനുഷ്യർക്കിടയിൽ വിധി കൽപിക്കുമ്പോൾ വിധിയിൽ നീതി പാലിക്കണമെന്നല്ലാതെ, ഇന്നതരത്തിൽ പെട്ടവരോട് നീതി പാലിക്കണമെന്നും നിർണയിച്ചിട്ടില്ല. അമാനത്തിന്റെ അവകാശികളും വിധി കൽപിക്കപ്പെടുന്ന മനുഷ്യരും നല്ലവരെന്നോ, അല്ലാത്തവരെന്നോ, മുസ്ലിംകളെന്നോ, അല്ലാത്തവരെന്നോ നോക്കേതില്ല എന്നാണിത് കാണിക്കുന്നത്. വഞ്ചനയും, അനീതിയും ആരോടും പാടില്ലെന്നുള്ളത് ഇസ്ലാമിലെ ഒരു മൗലിക സിദ്ധാന്തമാകുന്നു. അതുകൊാണ് ഈ വചനത്തിന്റെ വ്യാഖ്യാനവേളയിൽ പല മഹാൻമാരും ഇക്കാര്യം പ്രത്യേകം ചൂിക്കാണിച്ചിട്ടുള്ളതും. എല്ലാ കാര്യങ്ങളും കും കേട്ടും വീക്ഷിച്ചുകൊിരിക്കുന്ന സർവ്വജ്ഞനായ അല്ലാഹുവാണ് ഈ കൽപനകൾ നിങ്ങളോട് കൽപിക്കുന്നതെന്നും, നിങ്ങൾക്ക് വളരെ പ്രയോജനകരവും ഉത്തമവുമായ ഒരു സദുപദേശമാണിതെന്നും ഈ കൽപനയോടൊപ്പം അല്ലാഹു നമ്മെ ഉണർത്തിയിട്ടുള്ളത് നാം പ്രത്യേകം ഓർമിച്ചിരിക്കേതാകുന്നു. والله الموفق والمعين

നബിﷺ പറയുന്നു: 'നിന്നെ വിശ്വസിച്ചവന് നീ അമാനത്ത് നിറവേറ്റിക്കൊടുക്കുക. നിന്നെ ചതിച്ചവനെ നീ ചതിക്കരുത്.' (ദാ; തി; ഹ; ബ.) കപടവിശ്വാസിയുടെ പ്രധാന ലക്ഷണങ്ങൾ വിവരിക്കുന്ന സുപ്രസിദ്ധ ഹദീഥിൽ, 'വിശ്വസിച്ചാൽ ചതിക്കുക' എന്നാണ് നബിﷺ ഒരു ലക്ഷണമായി എണ്ണിയിരിക്കുന്നത്. ഇബ്നു അബ്ബാസ്(റ) ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'ഒരു ജനതയിൽ വഞ്ചന പ്രത്യക്ഷപ്പെട്ടാൽ അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഭീതി ഏർപ്പെടുത്താതിരിക്കുകയില്ല. വ്യഭിചാരം ഒരു ജനതയിൽ പ്രചരിച്ചാൽ അവരിൽ മരണം വർദ്ധിക്കാതിരിക്കുകയില്ല. ഒരു ജനത അളവും തൂക്കവും കുറച്ചാൽ അവർക്ക് ആഹാരത്തിൽ അഭിവൃദ്ധി തടയപ്പെടാതിരിക്കുകയില്ല. ന്യായപ്രകാരമല്ലാതെ ഒരു ജനത വിധി നടത്തുന്നതായാൽ അവരിൽ രക്തം

(ചിന്തൽ) പ്രചാരപ്പെടാതിരിക്കുകയില്ല. ഒരു ജനത കരാറ് ലംഘിക്കുന്നതായാൽ അവർക്കെതിരിൽ ശത്രുവിന് സ്വാധീനം ലഭിക്കാതിരിക്കുകയില്ല.' (മാലിക്)

അമാനത്തുകൾ നിറവേറ്റാതെ വഞ്ചനയും ചതിയും നടത്തുന്നതിനെയും, വിധികളിലും തീരുമാനങ്ങളിലും നീതി പാലിക്കാതിരിക്കുന്നതിനെയും സംബന്ധിച്ച് അധികമൊന്നും വിവരിക്കേണ്ടുന്ന ആവശ്യമില്ല. ക്വുർആനിലും ഹദീഥിലും വളരെയധികം പരാമർശിക്കപ്പെടാറുള്ള കാര്യങ്ങളാണവ. പരക്കെ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളുമാണ് അത്‌രണ്ടും. പക്ഷേ, നിർഭാഗ്യവും ഖേദകരവുമെന്ന് പറയട്ടെ, ഈ രണ്ടു കാര്യങ്ങളിലും മറ്റാരെക്കാളും ശ്രദ്ധിക്കേണ്ടവരായ മുസ്‌ലിംകളടക്കം ഇന്ന് ലോകജനത മൊത്തത്തിൽ തന്നെ ആ രണ്ടു വിഷയത്തിലും വളരെ കുത്തഴിഞ്ഞ ഒരവസ്ഥയിലാണുള്ളത്. പ്രസംഗ വേദികളിലും, ലിഖിത രേഖകളിലുമല്ലാതെ – പ്രവർത്തന രംഗത്ത് – രണ്ടിനും വലിയ സ്ഥാനമില്ലാതായിത്തീർന്നിരിക്കുകയാണ്. എവിടെ നോക്കിയാലും അനീതിയും, വഞ്ചനയും, പക്ഷഭേദ മനഃസ്ഥിതിയും, സ്വാർഥവും തന്നെ. ഇബ്നു അബ്ബാസ് (റ)ൽ നിന്ന് മുകളിൽ കണ്ട ഉദ്ധരണിയിൽ അദ്ദേഹം പറഞ്ഞ ഓരോ നീചവൃത്തിയും അതതിന്റെ ഭവിഷ്യത്തും അക്ഷരാർഥത്തിൽ ഇന്ന് ലോകം കണ്ടുകൊണ്ടിരിക്കുകയാണ്. എന്നിട്ടും മനുഷ്യലോകം പിന്നെപ്പിന്നെ കൂടുതൽ നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് എവിടെയും കാണുന്നത്. معاذ الله

ഹുദൈഫത്തുബ്നുൽ യമാനി(റ)ൽ നിന്ന് ബുഖാരിയും മുസ്‌ലിമും(റ) നിവേദനം ചെയ്ത അൽപം ദീർഘമായ ഒരു ഹദീഥിൽ, നബിﷺയിൽ നിന്നു ഉദ്ധരിച്ചുകൊണ്ട് ജനഹൃദയങ്ങളിൽനിന്ന് അമാനത്ത് (വിശ്വസ്തത) നശിച്ചു പോകുന്നതിനെപ്പറ്റി അദ്ദേഹം വിവരിച്ചുകാണാം. അതിൽ അദ്ദേഹം പറയുകയാണ്: 'മനുഷ്യർ അന്യോന്യം ക്രയവിക്രയം നടത്തിക്കൊണ്ടിരിക്കുമ്പോൾ അമാനത്ത് നിറവേറ്റുന്ന ഒരാളും ഇല്ലാതായിത്തീർന്നേക്കും. അവസാനം, ഇന്ന കുടുംബത്തിൽ ഒരു വിശ്വസ്തനായ ആളുണ്ടത്രെ എന്നും (ആശ്ചര്യപൂർവ്വം) പറയപ്പെടുമാറാകും.' (ബു; മു.) ഇന്ന് നമ്മുടെ നില ഏതാണ്ട് ഈ ഘട്ടത്തിലേക്കെത്തിക്കഴിഞ്ഞിരിക്കയാണെന്ന് തോന്നിപ്പോകുന്നു! ആ ഹദീഥിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളപോലെ, വലിയ വലിയ ബുദ്ധിമാൻമാരും, സമർഥന്മാരും, വമ്പന്മാരുമൊക്കെ പലരും ജനമദ്ധ്യേ ഉണ്ടായിരിക്കും. പക്ഷേ, വിശ്വാസവും വിശ്വസ്തതയും ഉള്ളവരെ കാണുവാനാണ് പ്രയാസം. അല്ലാഹു മനുഷ്യസമുദായത്തെ കാത്തുരക്ഷിക്കട്ടെ. ആമീൻ.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ وَأُو۟لِى ٱلْأَمْرِ مِنكُمْ ۖ فَإِن تَنَـٰزَعْتُمْ فِى شَىْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۚ

﴾59﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ; റസൂലിനെയും, നിങ്ങളിൽ നിന്നുള്ള അധികാരസ്ഥന്മാരെയും അനുസരിക്കുവിൻ. എന്നാൽ, വല്ല കാര്യത്തിലും നിങ്ങൾ പരസ്പരം (ഭിന്നിച്ച്) പിണക്കമുണ്ടാകുന്ന പക്ഷം, അതിനെ നിങ്ങൾ അല്ലാഹുവിലേക്കും, റസൂലിലേക്കും മടക്കിക്കൊള്ളുവിൻ; നിങ്ങൾ അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നു

വെങ്കിൽ.

ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ﴿٥٩﴾

അത് ഏറ്റവും ഉത്തമവും, കൂടുതൽ നല്ല പര്യവസാനമുള്ളതുമാകുന്നു.

﴾59﴿ يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചവരേ أَطِيعُوا നിങ്ങൾ അനുസരിക്കുവിൻ اللَّهَ അല്ലാഹുവിനെ وَأَطِيعُوا നിങ്ങൾ അനുസരിക്കുകയും ചെയ്യുവിൻ الرَّسُولَ റസൂലിനെ وَأُولِي الْأَمْرِ കാര്യക്കാരെ (അധികാരസ്ഥന്മാരെ)യും مِنكُمْ നിങ്ങളിൽനിന്നുള്ള فَإِن تَنَازَعْتُمْ എന്നാൽ (എനി) നിങ്ങൾ പിണങ്ങിയെങ്കിൽ, ഭിന്നിച്ചാൽ فِي شَيْءٍ വല്ല കാര്യത്തിലും فَرُدُّوهُ എന്നാലത് നിങ്ങൾ മടക്കിക്കൊള്ളുവിൻ إِلَى اللَّهِ അല്ലാഹുവിലേക്ക് وَالرَّسُولِ റസൂലിലേക്കും إِن كُنتُمْ നിങ്ങളാകുന്നുവെങ്കിൽ تُؤْمِنُونَ വിശ്വസിക്കുന്നു بِاللَّهِ അല്ലാഹുവിൽ وَالْيَوْمِ الْآخِرِ അന്ത്യദിനത്തിലും ذَٰلِكَ خَيْرٌ അത് ഉത്തമമാണ് وَأَحْسَنُ കൂടുതൽ നല്ലതുമാണ് تَأْوِيلًا പര്യവസാനം, പുലർച്ചയിൽ

ഇസ്‌ലാം ശരീഅത്തിന്റെ അടിത്തറയാണ് ഈ വചനത്തിന്റെ ഉള്ളടക്കം. അതിലെ നിയമങ്ങളും തത്വസിദ്ധാന്തങ്ങളുമെല്ലാം ഈ അടിസ്ഥാനത്തിൽമാത്രമേ സ്വീകാര്യമാകുകയുള്ളൂ. വ്യക്തിപരവും, സാമൂഹ്യവും, സാമ്പത്തികവും രാഷ്ട്രീയവും, സാംസ്കാരികവുമായ എല്ലാ ജീവിത വശങ്ങളും ഈ വചനത്തിലടങ്ങിയ നാലു മൗലിക തത്വങ്ങളിൽ ഒതുങ്ങി നിൽക്കേണ്ടതാകുന്നു. ജീവിതത്തിന്റെ ഏതെങ്കിലും ഒരു വശം അവയുടെ പരിധിയിൽനിന്ന് പുറത്ത് പോകുന്നപക്ഷം, ആ വശം അനിസ്‌ലാമികമായി മാറുന്നതാണ്. സത്യവിശ്വാസികളെ വിളിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

(1) أَطِيعُوا اللَّهَ (നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ). അല്ലാഹുവിനെ അനുസരിക്കൽ നിവൃത്തിയാകുന്നത് അവന്റെ ക്വുർആനെ അനുസരിക്കുന്നത് വഴിയാണ്.

(2) وَأَطِيعُوا الرَّسُولَ (റസൂലിനെയും നിങ്ങൾ അനുസരിക്കുവിൻ). സാക്ഷാൽ നിയമനിർമാണാധികാരം അല്ലാഹുവിന് തന്നെ. സംശയമില്ല. എന്നാൽ, ക്വുർആൻ അടക്കമുള്ള അല്ലാഹുവിന്റെ സകല സന്ദേശങ്ങളും പ്രബോധനം ചെയ്യുന്നതും അവക്ക് വിശദീകരണവും വാഖ്യാനവും നൽകുന്നതും, അവയുടെ പ്രായോഗിക രൂപം കാണിച്ചു തരുന്നതുമെല്ലാം റസൂൽ തിരുമേനിﷺയാണല്ലോ. ഇവയിൽ ക്വുർആൻ ഒഴിച്ചു ബാക്കിയെല്ലാം ചേർന്നതാണ് തിരുമേനിയുടെ 'സുന്നത്ത്' എന്ന പേരിൽ അറിയപ്പെടുന്നത്.

റസൂൽ തിരുമേനിﷺയുടെ ജീവിതകാലത്തിനുശേഷം, അവിടുത്തെ അനുസരിക്കൽ നിവൃത്തിയാകുന്നത് അവിടുത്തെ സുന്നത്തിനെ അനുസരിക്കൽ മുഖേന മാത്രമാകുന്നു. തിരുമേനിയുടെ ജീവിതകാലത്ത് മാത്രമേ തിരുമേനിയെ അനുസരിക്കേണ്ടതുള്ളൂവെന്നു ക്വുർആനിലോ സുന്നത്തിലോ ഒരിടത്തും ഒരു സൂചനപോലും ഇല്ല. മുസ്‌ലിംകളിൽ ആരും അങ്ങിനെ അഭിപ്രായപ്പെട്ടിട്ടുമില്ല. മുസ്‌ലിം നാമം ധരിച്ചുകൊണ്ട് വല്ലവരും അങ്ങിനെ വാദിക്കുന്ന പക്ഷം - ചിലർ

വാദിക്കാതെയുമില്ല - അത് ഇസ്‌ലാമിനോ മുസ്‌ലിംകൾക്കോ ബാധകവുമല്ല. (*) ക്വുർആനിൽ വ്യക്തമാക്കപ്പെട്ടിട്ടില്ലാത്ത വിഷയങ്ങളിൽ റസൂലിനെ അനുസരിക്കുന്നത് യഥാർഥത്തിൽ അല്ലാഹുവിനെ അനുസരിക്കൽ തന്നെയാണ്. അതിൽ നിന്നും അന്യമായ മറ്റൊന്നല്ല. അതാണ് താഴെ (80-ാം വചനത്തിൽ) അല്ലാഹു പറയുന്നത്: مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ (റസൂലിനെ ആര്‍ അനുസരിക്കുന്നുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു കഴിഞ്ഞു.) കാരണം അല്ലാഹു തന്നെ മറ്റൊരിടത്ത് വ്യക്തമാക്കിയിട്ടുമുണ്ട്. وَمَا يَنطِقُ عَنِ الْهَوَىٰ (53 : 3) (അദ്ദേഹം സ്വേച്ഛയനുസരിച്ചു സംസാരിക്കുകയില്ല.) ഇസ്‌ലാമിന്റെ മൂല പ്രമാണങ്ങൾ ക്വുർആനും സുന്നത്തുമാണ് എന്നുള്ളത് മുസ്‌ലിംകളുടെ ഏകകണ്ഠമായ അഭിപ്രായമായിരിക്കുവാൻ കാരണം ഇപ്പറഞ്ഞതിൽ നിന്നു മനസ്സിലായല്ലോ.

(3) وَأُوْلِي الْأَمْرِ مِنكُمْ (നിങ്ങളിൽ നിന്നുള്ള അധികാരസ്ഥന്മാരെയും അനുസരിക്കണം.) 'നിങ്ങളിൽ നിന്ന് (مِنكُمْ)' എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം സത്യവിശ്വാസികളിൽനിന്ന് എന്നാണെന്ന് വ്യക്തം. എന്നാൽ, 'അധികാരസ്ഥന്മാർ (أولو الأمْرِ)' ആരാണ്? ഇതിന്റെ നിർവ്വചനത്തിൽ പണ്ഡിതന്മാരുടെ വാക്കുകൾ വ്യത്യസ്തങ്ങളായി കാണാം. ഭരണാധിപന്മാർ, ഉദ്യോഗസ്ഥമേധാവികൾ, വിധികർത്താക്കൾ സമുദായ നേതാക്കൾ, പണ്ഡിതന്മാർ, മതവിജ്ഞാനികൾ എന്നൊക്കെയാണ് അവയുടെ രത്നച്ചുരുക്കം. അൽപം ഉള്ളോട്ടു കടന്ന് ആലോചിച്ചാൽ - ചില മഹാന്മാർ (**) ചൂണ്ടിക്കാട്ടുന്നതുപോലെ - ഇവരെല്ലാം ഉൾക്കൊള്ളുന്ന ഒരു വാക്കാണതെന്ന് കാണാവുന്നതാണ്. അതാത് തുറകളിൽ ആധികാരികമായി തീരുമാനമെടുക്കുവാൻ അർഹതയും കെൽപും ഉള്ളവർ എന്ന് മൊത്തത്തിൽ പറയാം. ഉദാഹരണമായി: ഭരണകാര്യങ്ങളിൽ ഭരണമേധാവികളും, പൊതുകാര്യങ്ങളിൽ സമുദായ നേതാക്കളും യുദ്ധകാര്യങ്ങളിൽ സൈന്യാധിപന്മാരും, വ്യവഹാര വഴക്കുകളിൽ വിധികർത്താക്കളും, മതവിധികളിൽ മതപണ്ഡിതന്മാരും, സംഘടനാ വിഷയങ്ങളിൽ സംഘതലവന്മാരും അധികാരസ്ഥന്മാരായിരിക്കും. ഭരണകർത്താക്കളും, അവരുടെ ഉദ്യോഗസ്ഥന്മാരും ഏതായാലും ഉൾപെടുമെന്നു പ്രത്യേകം പറയേണ്ടതില്ല.

ഒരു യഥാർഥം കൂടി ഓർക്കേണ്ടതുണ്ട്. ഇസ്‌ലാമിക വ്യവസ്ഥപ്രകാരം പണ്ഡിതന്മാർ ഒന്ന് വേറെയും അധികാരസ്ഥന്മാർ ഒന്നു വേറെയും എന്നില്ല. അതത് അധികാരത്തിനനുസരിച്ച് മതപാണ്ഡിത്യവും അറിവും ഉള്ളവർക്കേ അതതിന് അർഹതയുള്ളൂ. ഭരണകർത്താക്കൾ മതപണ്ഡിതന്മാരും കൂടിയായിരിക്കണം. ഒരു കൂട്ടരുടെ അധികാരപരിധിയിൽപെട്ടവർ, അവരെ അനുസരിക്കാത്ത പക്ഷം, സമുദായത്തിന്റെ മതപരവും ലൗകീകവുമായ തുറകളിൽ പിന്നെ സമാധാനഭദ്രത

(*) ഇസ്‌ലാമിക നിയമനിർമാണത്തിൽ സുന്നത്തിനുള്ള സ്ഥാനവും, ക്വുർആനും അതും തമ്മിലുള്ള ബന്ധവും വസ്തുനിഷ്ഠവും വൈജ്ഞാനികവുമായ രീതിയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ള ഒരു നിസ്തുല ഗ്രന്ഥമാണ് **السنة ومكانتها فى الشريع الاسلامى للمرحوم الدكتور مصطفى السباعى** ***താൽപര്യമുള്ളവർ ആ ഗ്രന്ഥം നോക്കിക്കൊള്ളട്ടെ. മലയാളത്തിലും മറ്റു ചില ഭാഷകളിലും അതു വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്.***

(**) **كما فى فتح الباري**

ഉണ്ടായിരിക്കുകയില്ലല്ലോ. അല്ലാഹുവിന്റെയും, റസൂലിന്റെയും അനുസരണത്തിനു പുറമെ അധികാരസ്ഥന്മാരെയും അനുസരിക്കണമെന്ന് കൽപിക്കുന്നത് അതുകൊണ്ടാണ്. സത്യവിശ്വാസികളായ അധികാരസ്ഥന്മാരെക്കുറിച്ചാണല്ലോ സംസാരം. അതുകൊണ്ട് തന്നെ, അവർ അല്ലാഹുവിന്റെ ക്വുർആനിന്നും, നബിﷺയുടെ സുന്നത്തിനും എതിരായി കൽപിക്കുവാൻ പാടില്ലെന്നും, കൽപിച്ചാൽ ആ കൽപന സാധുവായിരിക്കയില്ലെന്നും, അപ്പോൾ അവരെ അനുസരിക്കേണ്ടതില്ലെന്നും വരുന്നു. കൂടുതൽ വിവരം താഴെ ഉദ്ധരിക്കുന്ന ഹദീഥുകളിൽ നിന്ന് ഗ്രഹിക്കാം. إن شاء الله

(4) فَإِن تَنَازَعۡتُمۡ فِي شَيۡءٖ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ (എനി, നിങ്ങൾ വല്ല കാര്യത്തിലും പരസ്പരം പിണക്കമാകുന്നപക്ഷം, അത് അല്ലാഹുവിലേക്കും, റസൂലിലേക്കും മടക്കുവിൻ.) മതപരമോ, ബന്ധപ്പെട്ടതോ ആയ കാര്യങ്ങളിൽ അധികാരസ്ഥൻമാരും മറ്റുള്ളവരും തമ്മിലോ, ജനങ്ങൾ തമ്മതമ്മിലോ ഉണ്ടാകുന്ന ഭിന്നിപ്പുകളും. അഭിപ്രായ വ്യത്യാസങ്ങളുമെല്ലാം ഇതിൽ ഉൾപെടുന്നു. അഥവാ തനി ലൗകികമായ കാര്യങ്ങൾ അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നില്ല. കാരണം, ഭിന്നിപ്പുള്ള വിഷയം അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുവാനാണല്ലോ അല്ലാഹു കൽപിച്ചിരിക്കുന്നത്. എന്നുവെച്ചാൽ, ഭിന്നിപ്പുണ്ടാകുന്ന വിഷയത്തെക്കുറിച്ച് ക്വുർആനും സുന്നത്തും കൽപിച്ചിരിക്കുന്ന വിധിയെന്തോ അത് സ്വീകരിക്കണമെന്നർഥം. ഒരു വീട് പണിയുന്നതിന്റെ രൂപം എങ്ങിനെ ആയിരിക്കണം, വയലിൽ വിളയിടുന്നത് എങ്ങിനെയായിരിക്കണം എന്നൊന്നും ക്വുർആനിലും സുന്നത്തിലും വിവരിക്കപ്പെടാറില്ലല്ലോ. ഇത്തരം, ലൗകിക കാര്യങ്ങൾ ഇതിൽനിന്ന് ഒഴിവാണെന്ന് താഴെ ഉദ്ധരിക്കുന്ന ഹദീഥുകളിൽ നിന്ന് കൂടുതൽ വ്യക്തമാണ്.

അനുസരിക്കുവാൻ കൽപിച്ചപ്പോൾ, അല്ലാഹുവിനും റസൂലിനും പുറമെ അധികാരസ്ഥന്മാരെയും കൂട്ടിപ്പറഞ്ഞുവെങ്കിലും, ഭിന്നിപ്പുള്ള വിഷയങ്ങളിൽ അല്ലാഹുവിലേക്കും റസൂലിലേക്കും മാത്രമേ മടക്കുവാൻ പറഞ്ഞുള്ളൂവെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മത കാര്യങ്ങളിൽ നിയമം കൈകാര്യം ചെയ്‌വാൻ അല്ലാഹുവിനും റസൂലിനും മാത്രമെ അർഹതയുള്ളൂ, മറ്റാർക്കും അതിൽ പങ്കില്ല, അല്ലാഹുവും റസൂലും കൽപ്പിക്കുന്നതിന് വഴങ്ങുവാനേ അധികാരസ്ഥന്മാർക്കും പാടുള്ളൂ എന്നൊക്കെയാണ് അതിലടങ്ങിയ തത്വങ്ങൾ. അല്ലാഹുവിനെക്കുറിച്ചും, റസൂലിനെക്കുറിച്ചും പറഞ്ഞപ്പോൾ أَطِيعُواْ (നിങ്ങൾ അനുസരിക്കുവിൻ) എന്ന ക്രിയ ആവർത്തിച്ചു പറഞ്ഞതും, അധികാരസ്ഥൻമാരെക്കുറിച്ച് പറഞ്ഞപ്പോൾ അതാവർത്തിക്കാതെ وَأُوْلِي ٱلۡأَمۡرِ (അധികാരസ്ഥന്മാരെയും) എന്ന് മാത്രം പറഞ്ഞതും ശ്രദ്ധാർഹമാകുന്നു.

സത്യസന്ധമായും, നിഷ്കളങ്കമായും, സദുദ്ദേശ്യത്തോടുകൂടിയും പരിശോധിച്ചാൽ ക്വുർആനിൽനിന്നും സുന്നത്തിൽ നിന്നുമായി - വ്യക്തമായോ സൂചനയായോ, വാച്യമായോ വ്യംഗ്യമായോ - വിധി കണ്ടെത്തുവാൻ കഴിയാത്ത പ്രശ്നങ്ങൾ വളരെ ദുർല്ലഭമേ ഉണ്ടായിരിക്കുകയുള്ളൂ. പരിശോധകന്റെ ഭാഗ്യവും യോഗ്യതയും സത്യാന്വേഷണവും അനുസരിച്ച് ഏറ്റക്കുറവുണ്ട്താനും. പരിതഃസ്ഥിതികൾക്കും ചിന്താഗതികൾക്കും അനുസരിച്ചു മാറിക്കൊണ്ടിരിക്കുന്ന വല്ല പ്രശ്നങ്ങളുടെയും വിശദാംശങ്ങളായിരിക്കും മിക്കവാറും ആ രണ്ടിൽനിന്നും വേഗത്തിൽ പരിഹാരം ലഭിക്കാതെ ബാക്കിയാകുന്നത്. അവിടെയാണ്, ആ രണ്ടിന്റെയും അദ്ധ്യാപനങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള അഭിപ്രായം ആരായുവാനും, നിരീക്ഷണം നടത്തുവാനും

الاجتهادوالاستنباط അർഹരായ പണ്ഡിതന്മാർക്ക് അവകാശം നൽകപ്പെട്ടിരിക്കുന്നതും. എന്തുതന്നെ ആയാലും ക്വുർആന്റെയും സുന്നത്തിന്റെയും വ്യക്തമായ നിർദ്ദേശങ്ങൾക്ക് എതിരായ ഒരു അഭിപ്രായത്തിന് ഇസ്‌ലാമിൽ അംഗീകാരമില്ല. അഭിപ്രായക്കാരുടെ ആധിക്യത്തിന് പരിഗണനയുമില്ല. വ്യക്തമല്ലാത്ത നിർദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം അഭിപ്രായവ്യത്യാസം സ്വാഭാവികമാകുന്നു. അഥവാ അവിടെയാണ് അഭിപ്രായത്തിനുള്ള സ്ഥാനവും. ഈ വചനത്തിന്റെ ഉള്ളടക്കത്തോട് ബന്ധപ്പെട്ട ചില സൂചനകൾ മാത്രമാണ് ഇതെല്ലാം. വിശദവിവരങ്ങൾക്ക് ഹദീഥ് വ്യാഖ്യാനഗ്രന്ഥങ്ങളെയും, ഉസ്വൂലിന്റെ (കർമശാസ്ത്ര നിദാനങ്ങളുടെ) ഗ്രന്ഥങ്ങളെയും അവലംബിക്കേണ്ടതാകുന്നു.

ഭിന്നിപ്പുണ്ടാകുമ്പോൾ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുവാൻ കൽപിച്ചതിനോട് ചേർത്തുകൊണ്ട് إِن كُنتُمْ تُؤْمِنُونَ (നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ) എന്ന് പറഞ്ഞിരിക്കുന്നത് വളരെ ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യാത്തപക്ഷം, നിങ്ങൾ യഥാർഥത്തിൽ സത്യവിശ്വാസികളായിരിക്കയില്ല. ഞങ്ങൾ സത്യവിശ്വാസികളാണെന്ന് നിങ്ങൾ പറയുന്നതിന് അർഥവുമില്ല. ക്വിയാമത്തു നാളിൽ അല്ലാഹുവിന്റെ കഠിന ശിക്ഷക്കു നിങ്ങൾ വിധേയരാവുകയും ചെയ്യും എന്നൊക്കെയാണ് ആ വാക്ക് സൂചിപ്പിക്കുന്നത്. ഈ താക്കീതുകൊണ്ടും മതിയാക്കാതെ ഈ കൽപനയുടെ ക്രിയാത്മകമായ നന്മകൂടി അല്ലാഹു ചൂണ്ടിക്കാട്ടുന്നു: ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا (അതു ഏറ്റം ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതുമാകുന്നു.) ഇഹത്തിലും പരത്തിലും അത് നിങ്ങൾക്ക് ശുഭകരമായ പര്യവസാനം നൽകും, അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾക്ക് നിങ്ങൾ പാത്രമാകുകയും ചെയ്യുമെന്ന് സാരം. മുസ്‌ലിം സമുദായത്തിന് ക്വുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുവാൻ അല്ലാഹു പ്രചോദനവും തൗഫീക്വും നൽകട്ടെ; ആമീൻ

ഈ വചനത്തിന്റെ ആശയത്തിലേക്കും, അർഥവ്യാഖ്യാനങ്ങളിലേക്കും വെളിച്ചം നൽകുന്നതും, അവയെപ്പറ്റി കൂടുതൽ മനസ്സിലാക്കുവാൻ സഹായിക്കുന്നതുമായ വളരെ ആയത്തുകളും ഹദീഥുകളും ഉദ്ധരിക്കുവാനുണ്ട്. പ്രസ്തുത ഹദീഥുകളിൽ ചിലത് ഇവിടെ ഓർക്കുന്നത് സന്ദർഭോചിതമായിരിക്കും:-

(1) നബിﷺ പറഞ്ഞു: 'എന്നെ ആർ അനുസരിച്ചുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു. ആർ എന്നോടു അനുസരണക്കേടു ചെയ്തുവോ അവൻ അല്ലാഹുവിനോടും അനുസരണക്കേട് ചെയ്തു. അമീറിനെ (അധികാരസ്ഥനെ) ആർ അനുസരിക്കുന്നുവോ അവൻ എന്നെ അനുസരിച്ചു. അമീറിനോട് ആർ അനുസരണക്കേടു ചെയ്യുന്നുവോ അവൻ എന്നോട് അനുസരണക്കേട് ചെയ്തു. നിശ്ചയമായും, ഇമാം (ഭരണ നേതാവ്) ഒരു പരിച തന്നെയാണ്. അവന്റെ പിന്നിൽനിന്ന് സമരം നടത്തപ്പെടുകയും, അവൻ മുഖേന (ശത്രുക്കളിൽ നിന്ന്) കാത്തു സൂക്ഷിക്കപ്പെടുകയും ചെയ്യുന്നു. അവൻ അല്ലാഹുവിനെ സൂക്ഷിക്കുവാൻ കൽപിക്കുകയും, നീതി പ്രവർത്തിക്കുകയും ചെയ്താൽ അവന് അതിന്റെ പ്രതിഫലമുണ്ടായിരിക്കും. അവൻ മറ്റു വല്ലതും പറഞ്ഞാൽ അതിന്റെ ബാധ്യത അവന്റെ മേലായിരിക്കും.' (ബു; മു.)

(2) റസൂൽ ﷺ പ്രസംഗിക്കുമ്പോൾ ഒരു സൈന്യത്തിന്റെ ആക്രമണത്തെപ്പറ്റി താക്കീത് നൽകുന്നവനെപ്പോലെ, കണ്ണു ചുവക്കുകയും, ശബ്ദം ഉയരുകയും, ദേഷ്യം

കഠിനമാകുകയും ചെയ്തുകൊണ്ട് അവിടുന്ന് ഇങ്ങിനെ പറയാറുണ്ടായിരുന്നതായി ജാബിർ(റ) ഉദ്ധരിച്ചിരിക്കുന്നു: "......എന്നാൽ പിന്നെ, വർത്തമാനത്തിൽവെച്ചു ഏറ്റവും ഉത്തമമായത് അല്ലാഹുവിന്റെ കിതാബാകുന്നു. ചര്യയിൽ വെച്ചു ഏറ്റവും ഉത്തമമായത് മുഹമ്മദിന്റെ ചര്യയുമാകുന്നു. കാര്യങ്ങളിൽവെച്ച് മോശമായത് അവയിൽ പുതുതായി നിർമിക്കപ്പെട്ടവയാണ് എല്ലാ പുത്തനാചാരവും (അനാചാരവും) ദുർമാർഗവുമാകുന്നു.' (മു.)

(3) നബി ﷺ പറഞ്ഞു: 'നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യണം - മുന്തിരിപ്പഴം പോലെ (കറുത്ത ചെറിയ) തലയുള്ളവനായ ഒരു നീഗ്രോ അടിമയെ നിങ്ങളുടെമേൽ ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ടാലും ശരി.' (ബു; മു.)

(4) ഉബാദത്തുബ്നു സ്വാമിത്ത് (റ) പറയുന്നു: 'പ്രയാസത്തിലും എളുപ്പത്തിലും, സന്തോഷത്തിലും, വെറുപ്പിലും (എല്ലാംതന്നെ) കേൾക്കുകയും, അനുസരിക്കുകയും ചെയ്‌വാനും, അധികാരസ്ഥന്മാരോട് അധികാരത്തിൽ പിണങ്ങാതിരിക്കുവാനും, എവിടെത്തന്നെ ആയിരുന്നാലും ഒരു ആക്ഷേപക്കാരന്റെ ആക്ഷേപവും ഭയപ്പെടാതെ യഥാർഥം പറയുവാനും ഞങ്ങൾ റസൂൽ ﷺ തിരുമേനിയോട് ബൈഅത്ത് (പ്രതിജ്ഞ) ചെയ്തിരിക്കുന്നു.' ഈ ഹദീഥിന്റെ ഒരു രിവായത്തിലെ വാചകത്തിൽ ഇങ്ങിനെയും കാണാം: 'നിങ്ങളുടെ അടുക്കൽ അല്ലാഹുവിന്റെ പക്കൽ നിന്ന് ശരിയായ തെളിവുള്ള വ്യക്തമായ വല്ല 'കുഫ്‌റും' കാണുന്നതായാൽ ഒഴികെ (മറ്റെല്ലായ്പോഴും) അധികാരസ്ഥന്മാരോട് അധികാരത്തിൽ പിണങ്ങരുത്.' (ബു; മു.)

(5) ഇബ്നു ഉമർ(റ) പറയുന്നു: 'കേൾക്കുവാനും അനുസരിക്കുവാനും റസൂൽ തിരുമേനിﷺക്ക് ഞങ്ങൾ ബൈഅത്ത് നല്കുമ്പോൾ 'നിങ്ങൾക്ക് സാധ്യമാകുന്ന കാര്യത്തിൽ' എന്നു തിരുമേനി ഞങ്ങളോട് പറയുമായിരുന്നു.'(ബു; മു.)

(6) ഇബ്നുമസ്ഊദ്(റ) പറയുന്നു: 'ഞങ്ങളോട് റസൂൽﷺ പറഞ്ഞു: 'എന്റെ ശേഷം, പല സ്വാർഥങ്ങളും, നിങ്ങൾക്കു പരിചിതമല്ലാത്ത ചില കാര്യങ്ങളും നിങ്ങൾ കണ്ടേക്കും.' അപ്പോൾ സ്വഹാബിമാർ ചോദിച്ചു: 'എന്നാൽ ഞങ്ങൾ എന്തു ചെയ്യണമെന്നാണ് അവിടുന്ന് കല്പിക്കുന്നത്? ' തിരുമേനി പറഞ്ഞു: 'അവരുടെ അവകാശം നിങ്ങൾ വകവെച്ചു കൊടുക്കുകയും, നിങ്ങളുടെ അവകാശം നിങ്ങൾ അല്ലാഹുവിനോട് ചോദിക്കുകയും ചെയ്തുകൊള്ളുവിൻ.' (ബു; മു.)

(7) അബ്ദുറഹ്മാനിബ്നു സമുറഃ (റ) പറയുന്നു: എന്നോട് റസൂൽﷺ പറഞ്ഞു: 'നീ അധികാരസ്ഥാനത്തിന് ആവശ്യപ്പെടരുത്. കാരണം, അത് ചോദിച്ചു വാങ്ങിയിട്ട് കിട്ടിയാൽ അത് നിന്നിൽ തന്നെ ഭരമേൽപിക്കപ്പെടും. (അല്ലാഹുവിന്റെ സഹായം അതിലുണ്ടായിരിക്കയില്ല.) ചോദിക്കാതെ അത് നിനക്ക് കിട്ടിയാൽ അതിൽ നിനക്ക് സഹായം ലഭിക്കും.' (ബു; മു.)

(8) റസൂൽﷺ പറഞ്ഞതായി അബൂഹുറയ്റഃ(റ) ഉദ്ധരിക്കുന്നു: 'അവസാന കാലത്ത് ചെപ്പടി വിദ്യക്കാരായ ചില വ്യാജവാദികൾ വരുന്നതാണ്. നിങ്ങളോ നിങ്ങളുടെ പിതാക്കളോ കേട്ടിട്ടില്ലാത്ത ചില വർത്തമാനങ്ങൾ അവർ നിങ്ങൾക്ക് കൊണ്ടുതരും. നിങ്ങൾ അവരെ സൂക്ഷിക്കണം. അവർ നിങ്ങളെ വഴിപിഴപ്പിക്കാതിരിക്കട്ടെ.' (മു.)

(9) ഇർബാദ്വ (عرباض)ബ്നുസാരിയഃ (റ) പറയുന്നു: ഒരു ദിവസം റസൂൽﷺ ഞങ്ങളോട് വളരെ സാരവത്തായ ഒരു പ്രസംഗം നടത്തി. അതുമൂലം കണ്ണുകൾ ഒഴുകുകയും, ഹൃദയങ്ങൾ നടുങ്ങുകയും ചെയ്തു. അപ്പോൾ ഒരാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഇതു (യാത്ര പറഞ്ഞു) വിടവാങ്ങിപ്പോകുന്ന ഒരാളുടെ

ഉപദേശം പോലെയുണ്ടല്ലോ. അതുകൊണ്ട് അവിടുന്ന് ഞങ്ങൾക്ക് വസ്വിയ്യത്ത് നൽകിയാലും!' അപ്പോൾ തിരുമേനി പറഞ്ഞു: 'അല്ലാഹുവിനെ സൂക്ഷിക്കുവാനും, ഒരു നീഗ്രോ അടിമ (അധികാരസ്ഥൻ) ആയിരുന്നാലും നിങ്ങൾ കേൾക്കുവാനും അനുസരിക്കുവാനും ഞാൻ നിങ്ങളോട് വസ്വിയ്യത്ത് ചെയ്യുന്നു. കാരണം, എന്റെ ശേഷം നിങ്ങളാരെങ്കിലും ജീവിച്ചിരിക്കുന്ന പക്ഷം, അവൻ വളരെയധികം ഭിന്നിപ്പു കണ്ടേക്കുന്നതാണ്. അപ്പോൾ, നിങ്ങൾ എന്റെ ചര്യയും, സന്മാർഗം സിദ്ധിച്ച തന്റേടത്തിൽ വർത്തിച്ച ഖലീഫഃമാരുടെ (എന്റെ പിൻഗാമികളുടെ) ചര്യയും സ്വീകരിച്ചുകൊള്ളുവിൻ. അത് നിങ്ങൾ കൈവിടാതിരിക്കുകയും, അതിൻമേൽ അണപ്പല്ലുകൊണ്ട് കടിച്ചു പിടിക്കുകയും ചെയ്യുവിൻ. പുതുനിർമിതങ്ങളായ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കണം. എല്ലാ പുതുനിർമിതവും അനാചാരമാകുന്നു. (അ; ദാ; തി; ജ.)

(10) ഒരു അൻസ്വാരീ സ്വഹാബിയും കർഷകനുമായിരുന്ന റാഫിഉ(رافع)ബ്നു ഖദീജ്(റ) പറയുന്നു: റസൂൽ ﷺ മദീനായിൽ വരുമ്പോൾ അവിടെയുള്ളവർ ഈത്തപ്പനക്ക് 'തഅ്ബീർ' (*) ചെയ്യുക പതിവുണ്ടായിരുന്നു. അങ്ങിനെ ചെയ്തില്ലെങ്കിലും കൊള്ളാം എന്നു തിരുമേനി പറഞ്ഞു. (അനന്തരം ആളുകൾ ആ പതിവ് വേണ്ടെന്നുവെച്ചു.) അപ്പോൾ ഫലം കുറവായി. വിവരം അവർ തിരുമേനിയോട് പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു: 'ഞാൻ ഒരു മനുഷ്യൻ മാത്രമാകുന്നു. ഞാൻ നിങ്ങളോട് നിങ്ങളുടെ മതവിഷയത്തിൽ വല്ലതും കൽപിച്ചാൽ നിങ്ങളത് സ്വീകരിക്കണം. നിങ്ങളോട് ഞാൻ (മതപരമല്ലാത്ത) എന്റെ അഭിപ്രായത്തിൽപെട്ട വല്ലതും കൽപിച്ചാൽ, അപ്പോൾ ഞാൻ ഒരു മനുഷ്യൻ മാത്രമായിരിക്കും. (മു.) മതപരമല്ലാത്ത ലൗകിക വിഷയത്തിൽ എന്റെ അഭിപ്രായം തെറ്റായിക്കൂടാ എന്നില്ലെന്നു സാരം. അടുത്ത വചനങ്ങളും കൂടി ഇതോടൊപ്പം മനസ്സിരുത്തുക:-

വിഭാഗം - 9

أَلَمْ تَرَ إِلَى ٱلَّذِينَ يَزْعُمُونَ أَنَّهُمْ ءَامَنُوا۟ بِمَآ أُنزِلَ إِلَيْكَ وَمَآ أُنزِلَ مِن قَبْلِكَ يُرِيدُونَ أَن يَتَحَاكَمُوٓا۟ إِلَى ٱلطَّٰغُوتِ وَقَدْ أُمِرُوٓا۟ أَن يَكْفُرُوا۟ بِهِۦ

﴾60﴿ (നബിയേ) നീ (നോക്കി)ക്കണ്ടില്ലേ? - നിനക്കു ഇറക്കപ്പെട്ടതിലും, നിന്റെ മുമ്പ് ഇറക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് ജൽപിക്കുന്ന ഒരു കൂട്ടരെ! അവർ 'ത്വാഗൂത്തി'ന്റെ [ദുർമൂർത്തിയുടെ] അടുക്കലേക്ക് (കേസ്സ് കൊടുത്ത്) വിധിതേടുവാൻ ഉദ്ദേശിക്കുന്നു: അതിൽ [ത്വാഗൂത്ത്] അവിശ്വസിക്കുവാൻ അവരോട് കൽപിക്കപ്പെട്ടിട്ടുണ്ട് താനും;

(*) ആൺ ഈത്തപ്പനയുടെ കുല ചീന്തി അതിന്റെ നാരെടുത്ത് ഈന്തക്കുലകൾ പൊളിച്ചു അതിൽ ഇട്ടു പരാഗസങ്കലനം നടത്തുന്നതിനാണ് 'തഅ്ബീർ' (تأبير) എന്ന് പറയുന്നത്. ഇത്മൂലം കുലകളിൽ നല്ല കായഫലം ഉണ്ടാകുമെന്നാണ് വയ്പ്.

وَيُرِيدُ ٱلشَّيْطَٰنُ أَن يُضِلَّهُمْ ضَلَٰلًۢا
بَعِيدًا ﴿٦٠﴾

അവരെ വിദൂരമായ ഒരു വഴി പിഴവു പിഴപ്പിക്കുവാൻ പിശാചും ഉദ്ദേശിക്കുന്നു.

وَإِذَا قِيلَ لَهُمْ تَعَالَوْا۟ إِلَىٰ مَآ أَنزَلَ
ٱللَّهُ وَإِلَى ٱلرَّسُولِ رَأَيْتَ ٱلْمُنَٰفِقِينَ
يَصُدُّونَ عَنكَ صُدُودًا ﴿٦١﴾

﴿61﴾'അല്ലാഹു ഇറക്കിയതിലേക്കും, റസൂലിലേക്കും വരുവിൻ' എന്ന് അവരോട് പറയപ്പെട്ടാൽ, നിന്നെ വിട്ട് (ആ) കപട വിശ്വാസികൾ ഒരു (തരം) തിരിഞ്ഞു പോക്കു പോകുന്നതായി നിനക്ക് കാണാം.

فَكَيْفَ إِذَآ أَصَٰبَتْهُم مُّصِيبَةٌۢ بِمَا
قَدَّمَتْ أَيْدِيهِمْ ثُمَّ جَآءُوكَ يَحْلِفُونَ
بِٱللَّهِ إِنْ أَرَدْنَآ إِلَّآ إِحْسَٰنًا وَتَوْفِيقًا
﴿٦٢﴾

﴿62﴾ എന്നാൽ, അവരുടെ കരങ്ങൾ മുൻ ചെയ്തുവെച്ചതു നിമിത്തം അവർക്ക് വല്ല വിപത്തും ബാധിച്ചാൽ എങ്ങിനെയിരിക്കും? പിന്നീട് 'ഞങ്ങൾ നന്മ വരുത്തലും, യോജിപ്പിക്കലുമല്ലാതെ (മറ്റൊന്നും) ഉദ്ദേശിച്ചിട്ടില്ലെ'ന്നു അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു (പറഞ്ഞു) കൊണ്ട് അവർ നിന്റെ അടുക്കൽ വരുകയും (ചെയ്താൽ എങ്ങിനെയിരിക്കും)?!

أُو۟لَٰٓئِكَ ٱلَّذِينَ يَعْلَمُ ٱللَّهُ مَا فِى
قُلُوبِهِمْ فَأَعْرِضْ عَنْهُمْ وَعِظْهُمْ وَقُل
لَّهُمْ فِىٓ أَنفُسِهِمْ قَوْلًۢا بَلِيغًا ﴿٦٣﴾

﴿63﴾ അവരുടെ ഹൃദയങ്ങളിലുള്ളത് (എന്താണെന്ന്) അല്ലാഹുവിന് അറിയാവുന്നവരത്രെ അക്കൂട്ടർ. ആകയാൽ (നബിയേ) അവരെ വിട്ടുതിരിഞ്ഞു കളയുക; അവർക്ക് സദുപദേശം നൽകുകയും ചെയ്യുക; അവരുടെ സ്വന്തങ്ങളിൽ [മനസ്സിൽ] തട്ടുന്ന വാക്ക് അവരോട് പറയുകയും ചെയ്യുക.

﴿60﴾ أَلَمْ تَرَ നീ കണ്ടില്ലേ, നോക്കുന്നില്ലേ إِلَى الَّذِينَ യാതൊരുകൂട്ടരെ, ഒരു കൂട്ടരിലേക്ക് يَزْعُمُونَ അവർ ജൽപിക്കുന്നു, (വൃഥാ) പറയുന്നു, ഉരുവിടുന്നു أَنَّهُمْ آمَنُوا തങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് بِمَا أُنزِلَ ഇറക്കപ്പെട്ടതിൽ إِلَيْكَ നിനക്ക്, നിന്നിലേക്ക് وَمَا أُنزِلَ ഇറക്കപ്പെട്ടതിലും مِن قَبْلِكَ നിന്റെ മുമ്പ് يُرِيدُونَ അവർ ഉദ്ദേശിക്കുന്നു أَن يَتَحَاكَمُوا അവർ കേസ്കൊടുക്കുവാൻ, വിധി തേടിച്ചെല്ലുവാൻ

وَقَدْأُمِرُوا അവരോട് إِلَى الطَّاغُوتِ ത്വാഗൂത്തിങ്കലേക്ക്, ദുർമൂർത്തിയിലേക്ക് അവരോട്
കൽപിക്കപ്പെട്ടിട്ടുണ്ട്താനും, കൽപിക്കപ്പെട്ടിരിക്കെ أَنْ يَكْفُرُوا അവർ
അവിശ്വസിക്കുവാൻ بِهِ അതിൽ, അവനിൽ وَيُرِيدُ ഉദ്ദേശിക്കുകയും ചെയ്യുന്നു
الشَّيْطَانُ പിശാച് أَنْ يُضِلَّهُمْ അവരെ വഴി പിഴപ്പിക്കുവാൻ ضَلَالًا ഒരു വഴി പിഴവ്
بَعِيدًا വിദൂരമായ ﴾61﴿ وَإِذَاقِيلَ പറയപ്പെട്ടാൽ لَهُمْ അവരോട് تَعَالَوْا നിങ്ങൾ വരുവിൻ
إِلَىٰ مَا أَنْزَلَ ഇറക്കിയതിലേക്ക് اللَّهُ അല്ലാഹു وَإِلَى الرَّسُولِ റസൂലിലേക്കും رَأَيْتَ നീ
കാണും, നിനക്ക് കാണാം الْمُنَافِقِينَ കപട വിശ്വാസികളെ يَصُدُّونَ അവർ
തിരിഞ്ഞു(തട്ടി നീങ്ങി) പോകുന്നതായി عَنْكَ നിന്നെ വിട്ട്, നിന്നിൽ നിന്ന്
صُدُودًا ഒരു(തട്ടി)തിരിയൽ ﴾62﴿ فَكَيْفَ എന്നാൽ (അപ്പോൾ) എങ്ങിനെ (യായിരിക്കും)
إِذَا أَصَابَتْهُمْ അവർക്കു ബാധിച്ചാൽ مُصِيبَةٌ വല്ല ബാധയും, വിപത്തും بِمَا قَدَّمَتْ
മുമ്പ്ചെയ്തു വെച്ചതുകൊണ്ട് (നിമിത്തം) أَيْدِيهِمْ അവരുടെ കൈകൾ ثُمَّ جَاءُوكَ പിന്നെ
അവർ നിന്റെ അടുക്കൽവരുകയും يَحْلِفُونَ സത്യം ചെയ്തു(പറഞ്ഞു) കൊണ്ട്
بِاللَّهِ അല്ലാഹുവി(ന്റെ പേരി)ൽ, അല്ലാഹുവിനെത്തന്നെ(എന്ന്) إِنْ أَرَدْنَا ഞങ്ങൾ
ഉദ്ദേശിച്ചിട്ടില്ല إِلَّا إِحْسَانًا നന്മ ചെയ്യലല്ലാതെ وَتَوْفِيقًا യോജിപ്പിക്കലും, ഒപ്പിക്കലും
﴾63﴿ أُولَٰئِكَ അക്കൂട്ടർ الَّذِينَ യാതൊരുവരാണ് يَعْلَمُ اللَّهُ അല്ലാഹു അറിയുന്നു
مَا فِي قُلُوبِهِمْ അവരുടെ ഹൃദയങ്ങളിലുള്ളത് فَأَعْرِضْ അതിനാൽ നീ തിരിഞ്ഞു കളയുക,
അവഗണിക്കുക عَنْهُمْ അവരെപ്പറ്റി وَعِظْهُمْ അവർക്ക് സദുപദേശവും ചെയ്യുക وَقُلْ لَهُمْ
അവരോട് പറയുകയും ചെയ്യുക فِي أَنْفُسِهِمْ അവരുടെ സ്വന്തങ്ങളിൽ قَوْلًا വാക്ക് بَلِيغًا
(മനസ്സിൽ) തട്ടുന്ന - എത്തുന്ന (സാരവത്തായ - അർഥവത്തായ)

ക്വുർആനിലും മുൻവേദ ഗ്രന്ഥങ്ങളിലും വിശ്വസിച്ചിരിക്കുന്നുവെന്ന് വായകൊണ്ട് ഉരുവിടുകയും, മുസ്‌ലിംവേഷമണിഞ്ഞു നടക്കുകയും ചെയ്യുന്ന കപടവിശ്വാസികളുടെ ചില ചെയ്തികളും, അവയെക്കുറിച്ചുള്ള ആക്ഷേപവുമാണ് ഈ വചനങ്ങളിൽ കാണുന്നത്. ആക്ഷേപത്തിനു ഹേതുവായിത്തീർന്ന ചില കാരണങ്ങൾ ചില ക്വുർആൻ വ്യാഖ്യാതാക്കൾ ഉദ്ധരിച്ചു കാണുന്നു. അൻസ്വാരികളിൽപെട്ട ഒരാളും ഒരു യഹൂദിയും തമ്മിൽ ഒരു വഴക്കുണ്ടായി. മുഹമ്മദിന്റെ തീരുമാനത്തിനു വെക്കാമെന്ന് യഹൂദിയും, കഅ്ബുബ്നുൽ അശ്റഫ് എന്ന യഹൂദീ തലവന്റെ തീരുമാനത്തിനു വെക്കാമെന്നു അൻസ്വാരിക്കാരനും പറഞ്ഞു. ഇതാണ് അവയിൽ ഒന്ന്. കപടവിശ്വാസികളിൽ ചിലർ തങ്ങളുടെ കേസുകളിൽ ജാഹിലിയ്യത്തിലെ ചില വിധികർത്താക്കളെയും പ്രശ്നക്കാരെയും സമീപിച്ചു പരിഹാരമുണ്ടാക്കുവാൻ ശ്രമിച്ചിരുന്നുവെന്നാണ് മറ്റൊന്ന്. അവതരണഹേതു ഇവയിൽ ഏതെങ്കിലുമായിരുന്നാലും അല്ലെങ്കിലും ശരി, അല്ലാഹുവിന്റെയും റസൂലിന്റെയും - അഥവാ ക്വുർആന്റെയും സുന്നത്തിന്റെയും - തീരുമാനത്തിനു വഴങ്ങുവാൻ തയ്യാറില്ലാതെ, അവിശ്വാസികളായ ദുശ്ശക്തികളുടെ തീരുമാനത്തിൽ തൃപ്തിപ്പെടുന്ന എല്ലാ കപട മുസ്‌ലിംകളും ഈ വചനങ്ങളിലെ ആക്ഷേപത്തിനു വിധേയരാണെന്നു തീർച്ചതന്നെ.

طَاغُوت (ത്വാഗൂത്ത്)ന്റെ അർഥവും ഉദ്ദേശ്യവും സംബന്ധിച്ച് ഒന്നിലധികം പ്രാവശ്യം

മുമ്പു വിവരിച്ചു കഴിഞ്ഞതാണ്. അല്ലാഹുവിന്റെ വിധിനിയമങ്ങളെ ധിക്കരിക്കുന്ന എല്ലാ ദുശ്ശക്തികളും അതിൽ ഉൾപ്പെടും. ഈ വചനങ്ങൾ മുമ്പിൽ വെച്ചു കൊണ്ട് പരിശോധിച്ചാൽ, ഇന്നത്തെ മുസ്ലിം സമൂഹത്തിൽ വലിയൊരു വിഭാഗം ഇത്തരം കപടവിശ്വാസികളിൽ പെടുന്നതായി കാണാവുന്നതാണ്. എന്തെങ്കിലും പ്രശ്നമോ, കക്ഷിവഴക്കോ നേരിടുമ്പോൾ തങ്ങൾക്ക് അനുകൂലമായ വിധി എവിടെ നിന്നു ലഭിക്കുമെന്നുള്ളതല്ലാതെ, സത്യവും ന്യായവും ഏതു ഭാഗത്താണെന്നോ, അല്ലാഹുവും റസൂലും കൽപിക്കുന്ന വിധിയെന്താണെന്നോ അവർക്ക് ചിന്താവിഷയമേ അല്ല. ഒരു പക്ഷേ, ഇസ്ലാമിലെ വിധിയായിരിക്കും തങ്ങൾക്കും അനുകൂലമായിരിക്കുകയെന്നു കണ്ടാൽ, അപ്പോഴവർ വലിയ മതഭക്തരായി പ്രത്യക്ഷപ്പെടുകയും ചെയ്യും. നേരെ മറിച്ച് ഇസ്ലാമിക നിയമങ്ങളുമായി യാതൊരു പൊരുത്തവുമില്ലാത്ത ഏതെങ്കിലും സർക്കാർ നിയമത്തെയോ, കോടതി വിധിയെയോ, മദ്ധ്യസ്ഥ തീരുമാനത്തെയോ അനുസരിക്കുന്നതിലാണ് തങ്ങൾക്ക് ഗുണമുണ്ടായിരിക്കുകയെന്നു കണ്ടാൽ, അവിടെ പിന്നെ തങ്ങൾ സ്വീകരിക്കുവാൻ ബാധ്യസ്ഥരായ ഇസ്ലാമിന്റെ വിധിവിലക്കുകൾ അവരുടെ ദൃഷ്ടിയിൽ അപ്രായോഗികവുമായിരിക്കും. ഒരു മതേതര രാഷ്ട്രമായ നമ്മുടെ രാജ്യത്ത് ജനാധിപത്യ വ്യവസ്ഥയുടെയും, ജനക്ഷേമത്തിന്റെയും പേരിൽ നിർമിക്കപ്പെടുന്ന പല നിയമങ്ങളും - അവയുടെ ലക്ഷ്യം പ്രത്യക്ഷത്തിൽ പ്രശംസനീയം തന്നെയായിരുന്നു കൊള്ളട്ടെ - ഇസ്ലാമിന്റെ തത്വസിദ്ധാന്തങ്ങൾക്ക് നിരക്കാത്തവയായിരിക്കും. അന്യരുടെ സ്വത്തോ അവകാശങ്ങളോ അവയുടെ യഥാർഥ ഉടമസ്ഥന്മാർക്ക് വിട്ടുകൊടുക്കാതെ സ്വായത്തമാക്കുവാനും, കൊടുത്തു തീർക്കുവാൻ കടമപ്പെട്ട കടബാധ്യതകളെ കൊടുത്തുതീർക്കാതെ കഴിക്കുവാനും സഹായകമാകുന്ന അത്തരം പല നിയമങ്ങൾക്കും അവർ ദൈവിക നിയമങ്ങളെക്കാൾ വില കൽപ്പിക്കുന്നതായി കാണാം.

നിർബന്ധപൂർവ്വം അടിച്ചേൽപിക്കപ്പെടുന്നുവെങ്കിൽപോലും അങ്ങിനെയുള്ള അന്യായമായ നിയമ നടപടികളിൽ നിന്നു കഴിവതും ഒഴിഞ്ഞുമാറേണ്ടത് സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, അവരുടെ കടമയത്രെ. എന്നിരിക്കെ, നിർബന്ധമില്ലാത്ത അവസ്ഥയിൽപോലും അവയെ ആയുധമാക്കി മതശാസനകളെ പുറംതള്ളിക്കളയുന്നത് തികച്ചും കാപട്യമാകുന്നു. അല്ലെങ്കിൽ ധിക്കാരമാണ്. അജ്ഞാനികളായ സാധാരണക്കാർ മാത്രമല്ല, കുറച്ചൊക്കെ വിവരമുള്ളവരെന്നു കരുതപ്പെടുന്ന വ്യക്തികളിൽ പോലും ഈ തരക്കാരെ കാണാറുള്ളതാണ് കൂടുതൽ സങ്കടം. ഇസ്ലാമിന്റെ നിയമം ഇന്നിന്ന പ്രകാരത്തിലാണല്ലോ - അതല്ലേ സ്വീകരിക്കേണ്ടത് - എന്ന് വല്ലവരും പറഞ്ഞാൽ, എന്തെങ്കിലും ഉപായങ്ങളും ദുർന്യായങ്ങളും പറഞ്ഞ് തടിതപ്പുകയായിരിക്കും ഇത്തരക്കാർ ചെയ്യുക. അതെ, 61 -ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ച അതേ സമ്പ്രദായം തന്നെ. 59-ാം വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയതുപോലെ, അവർ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ ഈ നില അവർ മാറ്റിയേ തീരൂ. **والله المستعان**

അൽബഖ്വറഃ : 256 ൽനിന്നു വ്യക്തമാകുന്നത്പോലെ, അല്ലാഹുവിലും, വേദഗ്രന്ഥത്തിലും, റസൂലിലും വിശ്വസിക്കുന്നതോടെ 'ത്വാഗൂത്തു'കളെ നിഷേധിക്കലും, അവരിൽ അവിശ്വസിക്കലും അനിവാര്യമായിത്തീരുന്നു. അവരോട് ത്വാഗൂത്തിൽ അവിശ്വസിക്കുവാൻ കൽപിക്കപ്പെട്ടിട്ടും അവർ ത്വാഗൂത്തിന്റെ അടുക്കൽ ചെന്നു

വിധിതേടുവാൻ ഉദ്ദേശിക്കുന്നു എന്ന് അവരെ ആക്ഷേപിക്കുന്നത് അതുകൊണ്ടാണ്. അഥവാ നിർബ്ബന്ധമായത് അനുഷ്ഠിക്കാതിരിക്കുക മാത്രമല്ല, നിഷിദ്ധമായത് പ്രവർത്തിക്കുക കൂടിയാണവർ ചെയ്യുന്നതെന്ന് താൽപര്യം. താൽക്കാലികമായ ഏതെങ്കിലും നേട്ടത്തെ ലക്ഷ്യം വെച്ച് പൈശാചിക ശക്തികളുടെ വിധികൊണ്ട് തൃപ്തി അടഞ്ഞശേഷം വല്ല അഹിതവും തങ്ങൾക്ക് ബാധിക്കുമ്പോൾ, ആ കപടവിശ്വാസികൾ നബിﷺയുടെ അടുക്കൽ വന്നു ഒഴികഴിവുകൾ സമർപ്പിക്കേണ്ടതായി നേരിട്ടേക്കും. അപ്പോൾ മുമ്പ് തങ്ങളുടെ പക്കൽ വന്നുപോയത് കേവലം ഉരുദ്ദേശ്യത്തോടു കൂടിയായിരുന്നില്ല, നല്ലത് വരണമെന്നും, കക്ഷികൾ തമ്മിൽ യോജിപ്പുണ്ടാക്കണമെന്നുമുള്ള സദുദ്ദേശ്യത്തോടുകൂടി മാത്രമായിരുന്നു അത് എന്നൊക്കെ അവർ സമർത്ഥിക്കും. പക്ഷേ, അവരുടെ എല്ലാ ഉള്ളുകള്ളികളും അല്ലാഹുവിന് നല്ലപോലെ അറിയാം. അല്ലാഹുവിനു അപരിചിതരൊന്നുമല്ല അവർ, പെട്ടെന്ന് അവരുടെ മേൽ നടപടി എടുക്കുന്നില്ലെങ്കിലും വഴിയെ അവർ അർഹിക്കുന്ന ശിക്ഷാ നടപടി അല്ലാഹു എടുക്കുകതന്നെ ചെയ്യും. അതുകൊണ്ട് തൽക്കാലം അവരെ അവഗണിച്ചു വിട്ടേക്കുകയും, നല്ല ഉപദേശങ്ങൾ നൽകുകയും, മനസ്സിൽ പതിയത്തക്ക വാക്കുകൾ അവരോട് പറയുകയും ചെയ്താൽ മതി, എന്നൊക്കെയാണ് അല്ലാഹു നബിﷺയോട് കൽപിക്കുന്നത്.

അവരുടെ സ്വന്തങ്ങളിൽ എന്ന് അർഥംകൊടുത്ത فِيٓ أَنفُسِهِمۡ എന്ന വാക്കിന് അവരെ സംബന്ധിക്കുന്ന കാര്യങ്ങളിൽ എന്നും, അവരോട് സ്വന്തമായി- അഥവാ സ്വകാര്യമായി-എന്നും വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. അത്തരം ചെയ്തികളിൽനിന്ന് അവരെ പിൻതിരിപ്പിക്കുവാൻ ഉതകുമാറ് അവരുടെ മനസ്സിൽ തട്ടുന്ന വാക്കുകൾ അവരോട് പറയണം എന്നത്രെ قَوۡلَۢا بَلِيغٗا കൊണ്ടുദ്ദേശ്യം. എല്ലാതരം ആളുകളോടും, സന്ദർഭങ്ങൾക്കനുസരിച്ച ശൈലിയിൽ സംസാരിക്കുവാനുള്ള കഴിവ് നൽകപ്പെട്ടിട്ടുള്ള ആളാണല്ലോ നബി തിരുമേനിﷺ. അല്ലാഹു പറയുന്നു:-

وَمَآ أَرۡسَلۡنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذۡنِ ٱللَّهِۚ وَلَوۡ أَنَّهُمۡ إِذ ظَّلَمُوٓاْ أَنفُسَهُمۡ جَآءُوكَ فَٱسۡتَغۡفَرُواْ ٱللَّهَ وَٱسۡتَغۡفَرَ لَهُمُ ٱلرَّسُولُ لَوَجَدُواْ ٱللَّهَ تَوَّابٗا رَّحِيمٗا ﴿٦٤﴾

(64) ഒരു റസൂലിനെയും (തന്നെ) അല്ലാഹുവിന്റെ ഉത്തരവു പ്രകാരം അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ, നാം അയച്ചിട്ടില്ല. അവർ തങ്ങളോട് തന്നെ അക്രമം പ്രവർത്തിച്ചപ്പോൾ, അവർ നിന്റെയടുക്കൽ വന്നിരുന്നുവെങ്കിൽ, എന്നിട്ട് അവർ അല്ലാഹുവിനോട് പാപമോചനം തേടുകയും അവർക്ക് വേണ്ടി റസൂലും പാപമോചനം തേടുകയും (ചെയ്തിരുന്നെങ്കിൽ) അല്ലാഹുവിനെ വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനായും, കരുണാനിധിയായും അവർ കണ്ടെത്തുക തന്നെ ചെയ്യുമായിരുന്നു.

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٥﴾

﴾65﴿ (നബിയേ,)എന്നാൽ, ഇല്ല - നിന്റെ റബ്ബിനെത്തന്നെയാണ (സത്യം!) - അവർ വിശ്വസിക്കുകയില്ല, അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുന്നതു വരേക്കും, പിന്നെ (അതിനു പുറമെ), നീ തീരുമാനിച്ചതിനെക്കുറിച്ച് അവരുടെ മനസിൽ ഒരു വിഷമവും അവർക്കനുഭവപ്പെടാതിരിക്കുകയും, ഒരു (ശരിയായ) കീഴൊതുക്കം അവർ ഒതുങ്ങുകയും(ചെയ്യുന്നത് വരേക്കും)

﴾64﴿ وَمَاأَرْسَلْنَا നാം അയച്ചിട്ടില്ല مِن رَّسُولٍ ഒരു റസൂലിനെയും, റസൂലിൽ നിന്നും (ഒരാളെയും) إِلَّالِيُطَاعَ അദ്ദേഹം അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ بِإِذْنِ اللَّهِ അല്ലാഹുവിന്റെ ഉത്തരവു(സമ്മത) പ്രകാരം وَلَوْ أَنَّهُمْ അവർ ആയിരുന്നെങ്കിൽ إِذ ظَّلَمُوا അവർ അക്രമം ചെയ്തപ്പോൾ أَنفُسَهُمْ തങ്ങളുടെ സ്വന്തങ്ങളോട് جَاءُوكَ നിന്റെ അടുക്കൽ വന്നു (എങ്കിൽ) فَاسْتَغْفَرُوا എന്നിട്ട് അവർ പാപമോചനം (പൊറുതി) തേടുകയും ചെയ്തു اللَّهَ അല്ലാഹുവിനോട് وَاسْتَغْفَرَ لَهُمُ അവർക്കു വേണ്ടി പാപമോചനം തേടുകയും ചെയ്തു الرَّسُولُ റസൂൽ لَوَجَدُوا അവർ കണ്ടെത്തുകതന്നെ ചെയ്തിരിക്കുന്നു اللَّهَഅല്ലാഹുവിനെ تَوَّابًا വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനായി رَّحِيمًا കരുണാനിധിയായി ﴾65﴿ فَلَا എന്നാൽ ഇല്ല وَرَبِّكَ നിന്റെ റബ്ബിനെത്തന്നെയാണ لَا يُؤْمِنُونَ അവർ വിശ്വസിക്കയില്ല حَتَّىٰ يُحَكِّمُوكَ നിന്നെ അവർ വിധി കർത്താവാക്കുന്നതുവരെ فِيمَا شَجَرَ ഭിന്നിപ്പുണ്ടായതിൽ, പിണക്കമുണ്ടായതിൽ بَيْنَهُمْ അവർക്കിടയിൽ ثُمَّ لَا يَجِدُوا പിന്നെ അവർ കണ്ടെത്താതെ (അനുഭവിക്കാതെ)യും فِي أَنفُسِهِمْ അവരുടെ മനസ്സുകളിൽ, സ്വന്തങ്ങളിൽ حَرَجًا ഒരു വിഷമവും مِّمَّا قَضَيْتَ നീ തീരുമാനിച്ചതിനെപ്പറ്റി وَيُسَلِّمُوا അവർ കീഴൊതുങ്ങുക (സമ്മതിക്കുക)യും تَسْلِيمًا ഒരു ഒതുങ്ങൽ, സമ്മതിച്ചു കൊടുക്കൽ

തമ്മിൽ ഭിന്നിപ്പും വഴക്കും വരുമ്പോൾ റസൂൽ തിരുമേനിﷺയുടെ തീരുമാനത്തിനു വെക്കുവാൻ ശ്രമിക്കാതെ, ത്വാഗൂത്തുകളെ സമീപിക്കുന്ന കപടവിശ്വാസികളെപ്പറ്റി കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചതിന്റെ തുടർച്ചയാണ് ഈ വചനങ്ങളും. എന്നാൽ, ഈ വചനങ്ങളിലടങ്ങിയ തത്വങ്ങൾ അങ്ങിനെയുള്ളവരെമാത്രം ബാധിക്കുന്നവയല്ല. സത്യവിശ്വാസിയാണെന്ന് അവകാശപ്പെടുന്ന ഓരോ മുസ്‌ലിമും തന്റെ മതജീവിതത്തിന്റെ അടിസ്ഥാനമായി അംഗീകരിക്കേണ്ടവയത്രെ അവ.

പരമമായ അനുസരണം യഥാർത്ഥത്തിൽ അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. എന്നാൽ, അവന്റെ സന്ദേശനിർദ്ദേശങ്ങളും, വിധിവിലക്കുകളുമെല്ലാം ജനങ്ങൾക്ക് അവൻ എത്തിക്കുന്നത് അവൻ അതിനായി നിയോഗിക്കുന്ന അവന്റെ ദൂതൻമാർ (റസൂലുകൾ) മുഖേനയാണ്. ആ നിലക്ക് അല്ലാഹുവിനെ അനുസരിക്കൽ സാക്ഷാൽക്കരിക്കപ്പെടുന്നത് അവന്റെ ആ ദൂതൻമാരെ നിരുപാധികം അനുസരിക്കുന്നതു വഴിയാകുന്നു. അവരാണെങ്കിൽ, അവന്റെ ഉത്തരവും ആജ്ഞയും അനുസരിച്ചേ എന്തും പ്രവർത്തിക്കുകയുമുള്ളൂ. അതുകൊണ്ട് ഓരോ ദൈവദൂതനും അവരവരുടെ സമുദായത്താൽ അനുസരിക്കപ്പെടുവാൻ അല്ലാഹു അനുമതി നൽകുകയും, ഓരോ വ്യക്തിയും അവരെ നിരുപാധികം അനുസരിക്കൽ നിർബ്ബന്ധമാക്കുകയും ചെയ്തിരിക്കുകയാണ്. അപ്പോൾ റസൂൽﷺ നിലവിലുള്ളപ്പോൾ, അവിടുത്തെ വിധി അനുസരിക്കാതെ, അവിടുത്തെ എതിരാളികളായ ത്വാഗൂത്തുകളെ അനുസരിക്കൽ റസൂലിനെ നിഷേധിക്കലായിത്തീരുന്നു. (റസൂലിന്റെ കാലശേഷം അവിടുത്തെ സുന്നത്തിനെതിരായ വിധികൾ സ്വീകരിക്കുന്നതും അതുപോലെത്തന്നെ.) എനി, അങ്ങിനെ ഒരക്രമം - അതാകട്ടെ അവനവനോടു തന്നെ ചെയ്യുന്ന വമ്പിച്ച അക്രമവുമാണ് - ചെയ്തു കഴിഞ്ഞാൽ, പിന്നെ വേണ്ടത് അതിനു ന്യായീകരണമുണ്ടാക്കുകയോ, ഒഴികഴിവുകൾ സമർപ്പിക്കുകയോ അല്ല. മറിച്ച് റസൂൽ തിരുമേനിﷺയുടെ അടുക്കൽ ചെന്നു തന്റെ പക്കൽ വന്നുപോയ അപരാധത്തെക്കുറിച്ചു ഖേദം പ്രകടിപ്പിക്കുകയും, അല്ലാഹുവിനോടു പാപമോചനത്തിനുവേണ്ടി പ്രാർഥിക്കുകയും, തങ്ങൾക്കുവേണ്ടി പ്രാർഥിക്കുവാൻ തിരുമേനിയോടു അപേക്ഷിക്കുകയുമാണ് അവർ ചെയ്യേണ്ടത്. അതോടുകൂടി അവർക്കുവേണ്ടി ശുപാർശചെയ്തുകൊണ്ട് റസൂലും അല്ലാഹുവിനോട് പ്രാർഥിക്കുന്നപക്ഷം, നിശ്ചയമായും അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുമായിരുന്നു എന്നൊക്കെയാണ് ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നത്.

ഇപ്പറഞ്ഞത് റസൂൽ തിരുമേനിﷺയുടെ കാലത്തുള്ളവരെ സംബന്ധിച്ചാണെന്ന് വളരെ വ്യക്തമാണ്. റസൂൽ തിരുമേനിﷺയുടെ അടുക്കൽ ചെല്ലലും, അവിടുന്നു പാപമോചനം തേടലും അവിടുത്തെ ജീവിതകാലത്തു മാത്രമാണല്ലോ സാധ്യമാകുക. എന്തു പാപം ചെയ്താലും റസൂൽ തിരുമേനിﷺയുടെ ഖബ്റിങ്കൽ ചെന്നു സങ്കടം പറഞ്ഞാൽ മതിയെന്നും മറ്റുമുള്ള ചില അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും നീതീകരണമുണ്ടാക്കുവാൻ വേണ്ടി ചില തൽപരകക്ഷികൾ ഈ വചനം ഉപയോഗപ്പെടുത്താറുണ്ട്. നബിﷺയുടെ കാലശേഷം തിരുമേനിയുടെ ഖബ്റിങ്കൽ ചെല്ലുന്നതും, ജീവിത കാലത്തു അവിടുത്തെ സന്നിധിയിൽ ചെല്ലുന്നതും ഒരുപോലെയാണെന്നും അവർ ജൽപിക്കുന്നു. ഇത് തികച്ചും നിരർഥമാണെന്നുള്ളതിരിക്കട്ടെ, അങ്ങനെ സങ്കൽപിച്ചാൽ തന്നെയും റസൂൽ തിരുമേനിﷺ ഇവർക്കുവേണ്ടി പാപമോചനം തേടുകയെന്ന ഉപാധി ജീവിതകാലത്തേ പൂർത്തിയാകൂ എന്നു പറയേണ്ടതില്ല. റസൂൽ തിരുമേനിﷺ ജീവിച്ചിരിക്കുമ്പോൾ, അവിടുത്തോട് ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകൾ അവിടുത്തോട് കാണിക്കുന്ന അനുസരണക്കേട് കൂടുതൽ ഗുരുതരമായ പാതകമായിരിക്കും. അതുപോലെ അവിടുന്ന് ചെയ്യുന്ന പ്രാർഥന നേരിൽ ലഭിക്കുവാൻ ഭാഗ്യമുണ്ടാകുന്നത് അതിമഹത്തായ ഒരു അനുഗ്രഹവുമാകുന്നു. ഇതാണിവിടെ പ്രത്യേകം മനസ്സിരുത്തേണ്ടിയിരിക്കുന്നത്.

സമുദായത്തിന്റെ നന്മക്കുവേണ്ടി അല്ലാഹു നിയോഗിച്ചയച്ച റസൂൽ ﷺ അവനോട് അവർക്കു വേണ്ടി ചെയ്യുന്ന പ്രാർഥന മറ്റാരുടെതിനെക്കാളും അവന്റെ അടുക്കൽ സ്വീകാര്യമാവാതിരിക്കുവാൻ തരമില്ലല്ലോ.

നബി ﷺ യെ അഭിമുഖീകരിച്ചുകൊണ്ട് ഈ വചനത്തിൽ സ്വീകരിക്കപ്പെട്ട സംസാരശൈലി നോക്കുമ്പോൾ وَأَسْتَغْفَرْتَ لَهُمُ (നീ അവർക്കുവേണ്ടി പാപമോചനം തേടുകയും) എന്നായിരുന്നു പറയേണ്ടിയിരുന്നത്. ആ ശൈലിവിട്ടേച്ചുകൊണ്ട് وَاسْتَغْفَرَ لَهُمُ الرَّسُولُ(അവർക്കുവേണ്ടി റസൂൽ പാപമോചനം തേടുകയും) എന്നാണ് അല്ലാഹു പറഞ്ഞത്. പ്രസ്തുത യഥാർഥ്യമാണ് ഇതു സൂചിപ്പിക്കുന്നത്. الله اعلم

റസൂലിനെ അയക്കുന്നത് റസൂലിനെ അനുസരിക്കുവാനാണെന്ന് പറഞ്ഞുവല്ലോ. അപ്പോൾ, അഭിപ്രായ വ്യത്യാസമോ, ഭിന്നിപ്പോ, കക്ഷിവഴക്കോ ഉളവാകുന്ന അവസരങ്ങളിൽ റസൂലിന്റെ വിധി ആ വിഷയത്തിൽ എന്താണെന്നേ ഒരു സത്യവിശ്വാസിക്കു നോക്കുവാൻ അവകാശമുള്ളൂ. റസൂൽ ﷺ തിരുമേനി ജീവിച്ചിരിക്കുന്ന കാലത്തുള്ളവർക്ക് നേരിട്ടുതന്നെ വിധി തേടുകയും അന്വേഷിക്കുകയും ചെയ്യാം. അവിടുത്തെ വിയോഗത്തിനു ശേഷം, അവിടുന്നു നമ്മെ ഏൽപിച്ചു പോയിട്ടുള്ള അല്ലാഹുവിന്റെ കിതാബിൽ നിന്നും, അവിടുത്തെ ചര്യയാകുന്ന സുന്നത്തിൽ നിന്നുമല്ലാതെ മറ്റൊന്നിൽ നിന്നും അതിനു നിവൃത്തിയില്ല. അവിടുത്തെ വിയോഗത്തിനു ശേഷം ക്വുർആനെ മാത്രമേ ആശ്രയിക്കേണ്ടതുള്ളൂവെന്ന് വാദിക്കുന്നവർ, യഥാർഥത്തിൽ റസൂലിനെയും ക്വുർആനിനെയും വ്യാജമാക്കുകയും നിഷേധിക്കുകയുമാണ് ചെയ്യുന്നത്. റസൂലിന്റെ വിധികളെ സ്വീകരിക്കുന്നതിന്റെ നിർബ്ബന്ധം എത്ര കണിശമായിട്ടാണ് അല്ലാഹു ഇവിടെ പ്രസ്താവിച്ചതെന്ന് ഒന്നു ചിന്തിച്ചു നോക്കുക:-

ആദ്യമായി: فَلَا എന്നു നിഷേധരൂപത്തിലുള്ള ഒരവ്യയം! 'കാര്യം മേൽ പറഞ്ഞതുപോലെയാണെന്നിരിക്കെ ഇല്ല.....' എന്നർഥം, രണ്ടാമതായി: وَرَبِّكَ എന്നൊരു സത്യവാചകം! 'നിന്റെ റബ്ബിനെത്തന്നെയാണ - ഞാനിതാ സത്യം ചെയ്തു പറയുന്നു' എന്നർഥം. മൂന്നാമതായി: വീണ്ടും നിഷേധത്തിന്റെ അവ്യയം ആവർത്തിച്ചുകൊണ്ട് لَا يُؤْمِنُونَ حَتَّىٰ...(നിന്നെ വിധികർത്താവാക്കാതെ അവർ വിശ്വസിക്കുകയില്ല) എന്നു പറഞ്ഞുകൊണ്ടാണ് വിഷയം അവതരിപ്പിക്കുന്നത്. വിധി കർത്താവാക്കൽ നിർബ്ബന്ധമാണെന്നോ, ഇല്ലെങ്കിൽ ശിക്ഷയുണ്ടെന്നോ മറ്റോ പറയാതെ, വിധി കർത്താവാക്കാത്ത കാലത്തോളം സത്യവിശ്വാസം തന്നെ ശരിയാകുകയില്ലെന്നു പറഞ്ഞത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാലാമതായി: വിധികർത്താവാക്കി ആ വിധി നടപ്പിൽ വരുത്തിയാലും പോരാ, ആ വിധിയെപ്പറ്റി മനസ്സിൽ ഒരു വിഷമവും തോന്നാതിരിക്കുകയും വേണം(... ثُمَّ لَا يَجِدُوا) എന്നു പറഞ്ഞിരിക്കുന്നു. അതും പോരാ, അതിനു കീഴൊതുങ്ങുകയും വേണം (وَيُسَلِّمُوا) എന്ന് അഞ്ചാമതും പറയുന്നു. അവസാനം, കീഴൊതുങ്ങിയാലും പോരാ, തികച്ചും ശരിവെച്ചു സമ്മതിച്ചുകൊണ്ടുള്ള ഒരു കീഴൊതുക്കമായിരിക്കണം (تَسْلِيمًا) എന്ന് ആറാമതൊരു തറപ്പിച്ചു പറയലും! ഇതൊക്കെ, നബി ﷺ യുടെ കാലത്തേക്ക് മാത്രം ബാധകമായതാണെന്ന് അൽപമെങ്കിലും സത്യവിശ്വാസം ഹൃദയത്തിൽ സ്ഥലം പിടിച്ചിട്ടുള്ള വല്ലവർക്കും പറയുവാൻ സാധിക്കുമോ? ഈ വചനത്തിലെ ആശയം ഉൾക്കൊള്ളുന്ന ചില നബി വചനങ്ങൾ

കൂടി കാണുക:-

(a) لاَ يُؤْمِنُ اَحَدُكُمْ حَتَّي اَكُونَ اَحَبَّ الَيْه منْ وَلَده وَوَلَده وَالنَّاس اَجْمَعين (متفق عليه)

(b) لاَ يُؤْمِنُ اَحَدُكُمْ حَتَّى يَكُونَ هَوِيَهُ تَبَعًا لمَا جِئْتُ بَه (شرح السنة)

(c) ذَاقَ طَعْمَ الايمَان مَنْ رَضيَ بالله ربًّا وبالاسْلاَم دينًا وبمُحَمَّد نبيًّا(مسلم)

(d) عن عابس بن ربيعة قال رأيت عمربن الخطاب يقبِّل الحجر - يعني الاَسْوَدَ - ويَقُولُ اَعْلَمُ اَنَّكَ حَجَرٌ مَا تَنْفَعُ وَلاَ تَضُرُّ وَلَوْ لاَ اَنِّي رَأَيْتُ رَسُولَ الله ﷺ يُقَبِّلُكَ مَا قَبَّلْتُكَ (متفق عليه)

സാരം:- റസൂൽ ﷺ പറഞ്ഞിരിക്കുന്നു: (a) 'നിങ്ങളിൽ ഒരാൾക്ക് അവന്റെ മാതാപിതാക്കളെയും, മക്കളെയും, എല്ലാ മനുഷ്യരെയുംകാൾ അധികം ഇഷ്ടപ്പെട്ടവൻ ഞാനായിത്തീരുന്നതുവരെ അവൻ വിശ്വാസിയാകുകയില്ല.' (ബു: മു,) ഏറ്റവും ഇഷ്ട പ്പെട്ടയാൾ നബി ﷺ ആയിരിക്കുമ്പോൾ അവിടുത്തെ വിധിക്കെതിരിൽ മറ്റാരുടെ വിധിയും സ്വീകരിക്കപ്പെടുകയില്ലല്ലോ.

(b) നിങ്ങളിൽ ഒരുവന്റെ ഇച്ഛ ഞാൻ കൊണ്ടുവന്നിട്ടുള്ളതിനെ അനുകരിച്ചുകൊണ്ടാകുന്നതുവരെ അവൻ വിശ്വാസിയായിരിക്കുകയില്ല.' (ശറഹുസ്സുന്നഃ) തിരുമേനി കാണിച്ചുതന്നതിനെതിരായ ഇച്ഛകൾ പോലും സത്യവിശ്വാസികൾക്ക് യോജിക്കുകയില്ലെന്നു താല്പര്യം.

(c) അല്ലാഹുവിനെ റബ്ബായും, ഇസ്‌ലാമിനെ മതമായും, മുഹമ്മദിനെ പ്രവാചകനായും തൃപ്തിപ്പെടുന്നവൻ ആരോ അവൻ സത്യവിശ്വാസത്തിന്റെ സ്വാദ് ആസ്വദിക്കുന്നതാണ്.' (മു.)

വിശ്വസിക്കുകയും സമ്മതിക്കുകയും ചെയ്താൽ പോരാ, മനസ്സിനു സംതൃപ്തിതോന്നുകകൂടി വേണം, എന്നാലേ സത്യവിശ്വാസത്തിന്റെ മെച്ചം അനുഭവപ്പെടുകയുള്ളൂ എന്നുദ്ദേശ്യം.

(d) ആബിസുബ്നുറബീഅഃ (റ) പറയുന്നു: ഉമർ (റ) ഹജറുൽ അസ്‌വദ് ചുംബിക്കുന്നത് ഞാൻ കണ്ടു. അദ്ദേഹം ഇങ്ങിനെ പറയുകയും ചെയ്തിരുന്നു. 'നീ, ഉപകാരം ചെയ്യുവാനോ, ഉപദ്രവം ചെയ്യുവാനോ കഴിയാത്ത ഒരു കല്ലാണെന്ന് എനിക്കറിയാം. റസൂൽ തിരുമേനി ﷺ നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല.' (ബു; മു.)

റസൂൽ ﷺ വല്ലതും ചെയ്യുകയോ പറയുകയോ ചെയ്താൽ, അതിന്റെ കാരണവും യുക്തിയും നമുക്ക് മനസ്സിലായിട്ടില്ലെങ്കിൽപോലും നാമത് അനുസരിക്കുകയും, അനുകരിക്കുകയും വേണമെന്നത്രെ ഉമർ(റ) പറഞ്ഞതിന്റെ താൽപര്യം.

وَلَوْ أَنَّا كَتَبْنَا عَلَيْهِمْ أَنِ ٱقْتُلُوٓا۟ أَنفُسَكُمْ أَوِ ٱخْرُجُوا۟ مِن دِيَٰرِكُم مَّا فَعَلُوهُ إِلَّا قَلِيلٌ مِّنْهُمْ

﴾66﴿ നിങ്ങൾ നിങ്ങളുടെ സ്വന്ത [ദേഹ]ങ്ങളെ കൊല്ലുവിൻ, അല്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ വസതികളിൽ നിന്ന് പുറത്തു പോകുവിൻ എന്ന് അവരുടെമേൽ

وَلَوْ أَنَّهُمْ فَعَلُوا۟ مَا يُوعَظُونَ بِهِۦ لَكَانَ خَيْرًا لَّهُمْ وَأَشَدَّ تَثْبِيتًا ﴿٦٦﴾

وَإِذًا لَّـَٔاتَيْنَـٰهُم مِّن لَّدُنَّآ أَجْرًا عَظِيمًا ﴿٦٧﴾

وَلَهَدَيْنَـٰهُمْ صِرَٰطًا مُّسْتَقِيمًا ﴿٦٨﴾

നാം നിയമിച്ചിരുന്നെങ്കിൽ, അവർ - (അതെ) അവരിൽ നിന്ന് അൽപം ആളുകളൊഴികെ - അത് ചെയ്യുന്നതല്ല.

അവരോട് സദുപദേശം ചെയ്യപ്പെടുന്ന കാര്യം അവർ ചെയ്തിരുന്നെങ്കിൽ, അതവർക്ക് ഏറ്റം ഉത്തമവും, കൂടുതൽ ശക്തമായി (സത്യത്തിൽ അവരെ) ഉറപ്പിക്കുന്നതുമാകുമായിരുന്നു:-

﴾67﴿ **(മാത്രമല്ല) അന്നേരം നമ്മുടെ വകയായി വമ്പിച്ച പ്രതിഫലം അവർക്കു നാം നൽകുന്നതുമാണ്.**

﴾68﴿ **ചൊവ്വായ [നേരെയുള്ള] പാതയിൽ നാം അവരെ വഴി നടത്തുകയും തന്നെ ചെയ്യുന്നതാണ്.**

﴾66﴿ وَلَوْ أَنَّا നാം ആയിരുന്നെങ്കിൽ كَتَبْنَا നാം നിയമിച്ചിരുന്നു(വെങ്കിൽ) عَلَيْهِمْ അവരുടെ മേൽ, അവരിൽ أَنِ اقْتُلُوا നിങ്ങൾ കൊല്ലുവിൻ എന്ന് أَنفُسَكُمْ നിങ്ങളുടെ സ്വന്തങ്ങളെ, ദേഹങ്ങളെ أَوِ اخْرُجُوا അല്ലെങ്കിൽ നിങ്ങൾ പുറത്തുപോകുവിൻ مِن دِيَارِكُم നിങ്ങളുടെ വസതി(വീടു-പാർപ്പിടം)കളിൽനിന്ന് مَا فَعَلُوهُ അതവർ ചെയ്കയില്ല إِلَّا قَلِيلٌ കുറച്ചു(അൽപം)ആളുകളൊഴികെ مِّنْهُمْ അവരിൽനിന്ന് وَلَوْ أَنَّهُمْ അവരായിരുന്നെങ്കിൽ فَعَلُوا അവർ ചെയ്തിരുന്നു(വെങ്കിൽ) مَا يُوعَظُونَ അവർക്ക് സദുപദേശം ചെയ്യപ്പെടുന്ന കാര്യം بِهِ അതുകൊണ്ട്, അതിനെ لَكَانَ അതാകുമായിരുന്നു خَيْرًا لَّهُمْ അവർക്കു ഏറ്റം ഉത്തമം, കൂടുതൽ ഗുണം وَأَشَدَّ കൂടുതൽ ശക്തമായതും, കെട്ടുറപ്പായതും تَثْبِيتًا ഉറപ്പിക്കൽ, സ്ഥിരപ്പെടുത്തലിൽ ﴾67﴿ وَإِذًا അന്നേരം, അപ്പോൾ, എന്നാൽ لَّآتَيْنَاهُم നാമവർക്ക് കൊടുക്കുകയും ചെയ്യും مِّن لَّدُنَّا നമ്മുടെ അടുക്കൽ നിന്ന്(നമ്മുടെ വക) أَجْرًا പ്രതിഫലം عَظِيمًا വമ്പിച്ച, മഹത്തായ ﴾68﴿ وَلَهَدَيْنَاهُمْ അവരെ നാം നടത്തുക (നയിക്കുക - ചേർക്കുക)യും ചെയ്യും صِرَاطًا പാതയിൽ, മാർഗത്തിൽ مُّسْتَقِيمًا ചൊവ്വായ, നേരെയുള്ള.

കഴിഞ്ഞ വചനത്തിൽ കപടവിശ്വാസികളെ സംബന്ധിച്ചു ചെയ്ത പ്രസ്താവനകളോട് ബന്ധപ്പെട്ട വചനങ്ങൾതന്നെയാണ് ഇവയും. ആത്മഹത്യ മുഖേനയോ, തമ്മതമ്മിൽ കൊലചെയ്തോ സ്വന്തം ജീവനെ നശിപ്പിക്കണമെന്നോ, സ്വന്തം വാസസ്ഥലം ത്യജിച്ചു നാടുവിടണമെന്നോ പോലെയുള്ള അസഹ്യമായ ശാസനകളൊന്നും അല്ലാഹു മനുഷ്യരുടെ മേൽ ചുമത്തിയിട്ടില്ല. അവർക്കു ചെയ്‌വാൻ

സാധ്യമാകുന്നതും, അവരുടെ നന്മക്കും രക്ഷക്കും ആവശ്യമായതും മാത്രമേ അല്ലാഹു നിയമിച്ചിട്ടുള്ളൂ. അഥവാ അത്തരം വല്ല കർശന നിയമങ്ങളും നിർദ്ദേശിച്ചാൽ അത് അനുസരിക്കുവാൻ വളരെ കുറഞ്ഞ ആളുകളേ തയ്യാറാവുകയുള്ളൂ. അങ്ങിനെ വന്നാൽ, യഥാർഥ വിശ്വാസികളും, കപടവിശ്വാസികളും വ്യക്തമായി വേർതിരിയുകയും ചെയ്യും. പക്ഷേ, അങ്ങിനെയുള്ള കടുത്ത നിയമങ്ങളൊന്നും തന്നെ അല്ലാഹു നിർദ്ദേശിച്ചിട്ടില്ല. അതുകൊണ്ട് അവർക്ക് നൽകപ്പെടുന്ന ഉപദേശങ്ങൾ യഥാവിധി സ്വീകരിക്കുന്നതാണ് ഇഹത്തിലും പരത്തിലും അവർക്ക് നല്ലത്. അവരുടെ വിശ്വാസവും സത്യസന്ധതയും അതുമൂലം കൂടുതൽ ദൃഢപ്പെടുകയും ചെയ്യും. മാത്രമല്ല, അല്ലാഹുവിങ്കൽ നിന്ന് വമ്പിച്ച പ്രതിഫലം ലഭിക്കുവാനും, നേർമാർഗം തെറ്റാതെ അതിൽ സ്ഥിരമായി ഉറച്ചു നിൽക്കുമാറ് അല്ലാഹുവിന്റെ സഹായം ലഭിക്കുവാനും അത് കാരണമായി ത്തീരുന്നതാണ്. ഇതാണ് ചുരുക്കത്തിൽ ഈ വചനങ്ങളുടെ താൽപര്യം.

ഈ വചനങ്ങൾ അവതരിച്ചപ്പോൾ, കൊല്ലപ്പെടുവാനോ, രാജ്യം ത്യജിച്ചു പോകുവാനോ അല്ലാഹു കൽപിച്ചിരുന്നാൽ അത് അനുഷ്ഠിക്കാൻ തങ്ങൾ തയ്യാറാണെന്ന് പല സ്വഹാബികളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായെന്നും, നബിﷺ അവരെ പ്രശംസിക്കുകയുണ്ടായെന്നും രിവായത്തു ചെയ്യപ്പെട്ടിരിക്കുന്നു. ചില സ്വഹാബികളെ ചൂണ്ടിക്കാട്ടിക്കൊണ്ട് അങ്ങിനെ നിയമിക്കപ്പെട്ടിരുന്നെങ്കിൽ അതനുസരിക്കുന്ന ആ അൽപം ആളുകളിൽപെട്ട ആളാകുമായിരുന്നു ഇദ്ദേഹമെന്ന് നബിﷺ പറഞ്ഞതായും ചില രിവായത്തുകളിൽ വന്നിരിക്കുന്നു. അല്ലാഹു തുടരുന്നു:-

وَمَن يُطِعِ ٱللَّهَ وَٱلرَّسُولَ فَأُوْلَٰٓئِكَ مَعَ ٱلَّذِينَ أَنْعَمَ ٱللَّهُ عَلَيْهِم مِّنَ ٱلنَّبِيِّـۧنَ وَٱلصِّدِّيقِينَ وَٱلشُّهَدَآءِ وَٱلصَّٰلِحِينَ ۚ وَحَسُنَ أُوْلَٰٓئِكَ رَفِيقًا ﴿٦٩﴾

﴾69﴿ ആർ അല്ലാഹുവിനെയും, റസൂലിനെയും അനുസരിക്കുന്നുവോ, അക്കൂട്ടർ, യാതൊരുവരുടെ മേൽ അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നുവോ അവരോടു കൂടെയായിരിക്കും. (അതെ) 'നബി'മാരും, 'സ്വിദ്ദീക്വു'കളും, 'ശഹീദു'കളും, 'സ്വാലിഹു'കളുമാകുന്ന (അനുഗൃഹീതരുടെകൂടെ)

അക്കൂട്ടർ വളരെ നല്ല സുഹൃത്തുക്കളും!

ذَٰلِكَ ٱلْفَضْلُ مِنَ ٱللَّهِ ۚ وَكَفَىٰ بِٱللَّهِ عَلِيمًا ﴿٧٠﴾

﴾70﴿ ആ അനുഗ്രഹം (അഥവാ ഔദാര്യം) അല്ലാഹുവിൽ നിന്നാകുന്നു. (എല്ലാം) അറിയുന്നവനായി അല്ലാഹു(തന്നെ) മതിതാനും!

﴾69﴿ وَمَنْ ആർ, വല്ലവനും يُطِعِ അനുസരിക്കുന്നു(വോ) اللّٰهَ അല്ലാഹുവിനെ وَالرَّسُولَ റസൂലിനെയും فَأُولَٰئِكَ എന്നാൽ അക്കൂട്ടർ مَعَ الَّذِينَ യാതൊരുവരോടു കൂടെയായിരിക്കും أَنْعَمَ اللّٰهُ അല്ലാഹു അനുഗ്രഹം ചെയ്തിട്ടുള്ള عَلَيْهِمْ അവരുടെ മേൽ مِنَ النَّبِيِّينَ നബിമാരാകുന്ന, നബിമാരായിട്ട് وَالصِّدِّيقِينَ സ്വിദ്ദീക്വുകളും

(സത്യസന്ധരും) وَالشُّهَدَاءِ ശഹീദ്(രക്ത സാക്ഷി)കളും وَالصَّالِحِينَ സ്വാലിഹു (സൽക്കർമി)കളും وَحَسُنَ വളരെ(എത്രയോ) നന്നായിരിക്കുന്നു, നന്നുതാനും أُولَٰئِكَ അക്കൂട്ടർ رَفِيقًا സുഹൃത്തു(ക്കൾ), സുഹൃത്തായിട്ട് ﴿70﴾ ذَٰلِكَ الْفَضْلُ ആ അനുഗ്രഹം, ഔദാര്യം, ദയവ് مِنَ اللَّهِ അല്ലാഹുവിൽനിന്നാകുന്നു وَكَفَىٰ മതിതാനും بِاللَّهِ അല്ലാഹു, അല്ലാഹുതന്നെ عَلِيمًا അറിയുന്നവനായി

അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നതിന്റെ ആവശ്യകതയും, ധിക്കരിക്കുന്നതിന്റെ ഭവിഷ്യത്തും സംബന്ധിച്ചു പ്രസ്താവിച്ചതിനുശേഷം, അവരെ അനുസരിക്കുന്നതുമൂലം ലഭിക്കുവാനിരിക്കുന്ന അന്തിമ നേട്ടത്തെക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. അനുസരണംമൂലം ഇഹത്തിലും പരത്തിലും ലഭിക്കുവാനുള്ള നേട്ടങ്ങളെക്കാളെല്ലാം ഭാഗ്യകരമായ നേട്ടവും അതുതന്നെ. അതായത് അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹങ്ങൾക്ക് പാത്രങ്ങളായിത്തീർന്ന - എല്ലാ മനുഷ്യരിലുംവെച്ച് ഏറ്റവും ഉന്നതപദവിക്കാരായ - നബിമാർ വരെയുള്ള അനുഗൃഹീതരുമായി സുഹൃൽബന്ധവും സമ്പർക്കവും പുലർത്തിക്കൊണ്ടുള്ള സ്വർഗീയ ജീവിതം! ഇതിൽപരം ഭാഗ്യകരമായി മറ്റെന്തുണ്ട്?! അതാകട്ടെ, അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ടുമാത്രം ലഭിക്കുന്നതാകുന്നു. ആർക്കാണ്, എന്തൊക്കെയാണ് നൽകേണ്ടത് എന്നു തുടങ്ങിയ സകലകാര്യങ്ങളും അല്ലാഹുവിനറിയാം. അതനുസരിച്ചു കൈകാര്യം ചെയ്വാൻ അവൻ തന്നെ മതി. മറ്റാരുടെയും സഹായമോ തുണയോ അവന്നാവശ്യമില്ല എന്നു സാരം.

ആ അനുഗൃഹീതർ ആരൊക്കെയാണെന്ന് അല്ലാഹു വിവരിക്കുന്നു:

(1) നബിമാർ(പ്രവാചകന്മാർ).

(2) സ്വിദ്ദീക്വുകൾ (സത്യസന്ധന്മാർ).

(3) ശഹീദുകൾ (സത്യസാക്ഷികൾ).

(4) സ്വാലിഹുകൾ (സദ്വൃത്തർ) ഇവരാണത്.

അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ പ്രത്യേകം പ്രദാനം ചെയ്യുന്ന ഉന്നത പദവിയാണ് പ്രവാചകത്വം. അത് മനുഷ്യന്റെ യോഗ്യതകൊണ്ടോ പ്രയത്നം കൊണ്ടോ സിദ്ധിക്കുന്നതല്ല. മനുഷ്യരിൽ വെച്ച് ഏറ്റവും ഉൽകൃഷ്ട സ്ഥാനമുള്ളവരും പ്രവാചകന്മാർതന്നെ. അവരെക്കഴിച്ചാൽ പിന്നീട് ക്രമപ്രകാരം സ്വിദ്ദീക്വുകളും, ശഹീദുകളും, സ്വാലിഹുകളും. ഈ മൂന്നു സ്ഥാനങ്ങൾക്കും കൃത്യമായ ഒരു നിർവ്വചനം നൽകുക സാധ്യമല്ല. വിശ്വാസത്തിലും, വാക്കിലും, പ്രവൃത്തിയിലും സത്യത്തിൽ അടിയുറച്ചു നിൽക്കുകയും, സത്യത്തിനെതിരിൽ നേരിടുന്ന ഏതു പ്രതിസന്ധിയിലും ചാഞ്ചല്യമോ പതറലോ വരാതെ സൂക്ഷിക്കുകയും ചെയ്യുന്ന സത്യസന്ധന്മാർക്ക് സ്വിദ്ദീക്വു (**الصديق**)കൾ എന്നും, സത്യത്തിനുവേണ്ടി ജീവൻ പോലും ബലിയർപ്പിക്കുന്നതുവരെയുള്ള ത്യാഗങ്ങൾ വഴി സത്യത്തിനു സാക്ഷ്യം വഹിച്ചവർക്ക് ശഹീദു(**الشهيد**)കൾ എന്നും സാമാന്യമായി പറയാം. ശഹീദുകളെ അപേക്ഷിച്ച് ഉന്നത സ്ഥാനമുള്ളവർ സ്വിദ്ദീക്വുകളാണെങ്കിലും, രണ്ടും പദവികളും ലഭിക്കുന്നത് അല്ലാഹുവിനെയും റസൂലുകളെയും അനുസരിക്കുന്നതിൽനിന്നുതന്നെയാകുന്നു. അല്ലാഹു പറയുന്നു: 'യാതൊരുകൂട്ടർ അല്ലാഹുവിലും അവന്റെ റസൂലുകളിലും

വിശ്വസിച്ചുവോ അക്കൂട്ടർ തന്നെയാണ് അവരുടെ റബ്ബിന്റെ അടുക്കൽ സ്വിദ്ദീക്വുകളും ശഹീദുകളും.' (സൂ: ഹദീദ് : 19) സത്യവിശ്വാസം സ്വീകരിച്ചു സന്മാർഗത്തിൽ നിലകൊള്ളുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് പൊതുവെ പറയപ്പെടുന്ന വാക്കാണ് സ്വാലിഹു(**الصالح**)കൾ. അല്ലാഹു പറയുന്നു: 'വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ തീർച്ചയായും നാം സ്വാലിഹുകളിൽ ഉൾപെടുത്തുന്നതാണ്.' (അൻകബൂത്ത് : 9) നബിമാരെക്കുറിച്ചും സ്വാലിഹുകൾ എന്നു അല്ലാഹു ക്വുർആനിൽ ചില സ്ഥലങ്ങളിൽ വിശേഷിപ്പിച്ചു കാണാം. അപ്പോൾ, നബിമാരുടെയും സ്വിദ്ദീക്വുകളുടെയും ശഹീദുകളുടെയും സ്ഥാനം പ്രാപിച്ചിട്ടില്ലാത്ത സദ്വൃത്തരാണ് ഇവിടെ സ്വാലിഹുകൾകൊണ്ടുദ്ദേശ്യമെന്നു മനസ്സിലാക്കാം.

റബീഅത്തുബ്നുകഅ്ബിൽഅസ്ലമീ(റ) പറയുന്നു: 'ഞാൻ റസൂൽ തിരുമേനിﷺയുടെ അടുക്കൽ രാത്രി താമസിച്ചിരുന്നു. അവിടുത്തേക്ക് വുദ്വൂഇനുള്ള വെള്ളം മുതലായ ആവശ്യങ്ങൾ ഞാൻ കൊണ്ടുചെന്നു കൊടുത്തപ്പോൾ അവിടുന്നു പറഞ്ഞു: '(വേണ്ടത്) ചോദിച്ചുകൊള്ളുക'. ഞാൻ പറഞ്ഞു: 'സ്വർഗത്തിൽ അങ്ങയോടൊപ്പമുള്ള സഹവാസമാണ് എനിക്ക് അങ്ങയോട് ചോദിക്കുവാനുള്ളത്.' തിരുമേനി പറഞ്ഞു: 'മറ്റു വല്ലതുമുണ്ടോ? 'ഞാൻ പറഞ്ഞു: 'അതുതന്നെയാണുള്ളത്.' അപ്പോൾ തിരുമേനി പറഞ്ഞു: 'എന്നാൽ സുജൂദ്(നമസ്കാരം) വർദ്ധിപ്പിക്കൽ വഴി നിന്റെ കാര്യത്തിൽ നീ എന്നെ സഹായിച്ചു കൊള്ളുക.' (മുസ്‌ലിം) പല സ്വഹാബികളിൽ നിന്നും പല മാർഗങ്ങളിലൂടെയും നിവേദനം ചെയ്യപ്പെട്ടിട്ടുള്ള ഒരു ഹദീഥ് ഇപ്രകാരമാകുന്നു: 'ഒരാൾ ഒരു കൂട്ടരെ സ്നേഹിക്കുന്നു: അയാൾ അവരോടൊപ്പം (പദവിയിൽ) എത്തിച്ചേർന്നിട്ടുമില്ല. ഇങ്ങിനെയുള്ള ആളെപ്പറ്റി നബിﷺയോട് ചോദിക്കപ്പെട്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'മനുഷ്യൻ അവൻ സ്നേഹിക്കുന്നവരോടു കൂടെയായിരിക്കും.' (പ്രധാനപ്പെട്ട ഹദീഥു പണ്ഡിതന്മാരെല്ലാം നിവേദനം ചെയ്തതാണിത്.) അനസ്(റ) പറയുകയാണ്: (തിരുമേനി പറഞ്ഞ) ഈ വർത്തമാനം നിമിത്തം സന്തോഷിച്ചത്ര സന്തോഷം മുസ്‌ലിംകൾ മറ്റൊരിക്കലും സന്തോഷിച്ചിട്ടില്ല.' നബി തിരുമേനിﷺയൊന്നിച്ചു എല്ലാ സുഖദുഃഖങ്ങളിലും പങ്കുകൊണ്ടു വന്നിരുന്ന പല സ്വഹാബികളും അവിടുത്തോട്: 'അങ്ങുന്ന് സ്വർഗത്തിൽ അത്യുന്നത പദവിയിലായിരിക്കുമെന്നിരിക്കെ ഞങ്ങൾ സ്വർഗം പ്രാപിച്ചാൽ തന്നെയും ഞങ്ങൾക്ക് അങ്ങയെ കാണുവാനും സഹവസിക്കുവാനും കഴിയുകയില്ലല്ലോ' എന്നു പറഞ്ഞതായും, ഈ വചനം മുഖേന അവർക്ക് മനസ്സമാധാനം വന്നതായും പല രിവായത്തുകളിലും വന്നിട്ടുണ്ട്. നബിമാർ, സ്വിദ്ദീക്വുകൾ, ശഹീദുകൾ, സ്വാലിഹുകൾ എന്നിവരൊന്നിച്ചു സമ്പർക്കം പുലർത്തിക്കൊണ്ട് സ്വർഗീയ ജീവിതം ആസ്വദിക്കുവാൻ അല്ലാഹു നമ്മെ ആഗ്രഹിക്കട്ടെ. **آمين**

വിഭാഗം - 10

മതപരവും, വ്യക്തിപരവും, സാമൂഹ്യവുമായ പല തുറകളിലും വളരെ നിയമനിർദ്ദേശങ്ങളും, ഉപദേശങ്ങളും കഴിഞ്ഞ വചനങ്ങളിൽ അല്ലാഹു വിവരിച്ചു. തുടർന്നുള്ള വചനങ്ങളിൽ, ഇസ്‌ലാമിന്റെ നിലനിൽപിനും പ്രചരണത്തിനും വിഘ്നാതം സൃഷ്ടിക്കുന്ന ശത്രുക്കളുമായി നേരിടുന്നതിലും മറ്റുമായി സത്യവിശ്വാസികൾ അറിഞ്ഞിരിക്കേണ്ടുന്ന പല കാര്യങ്ങളും വിവരിക്കുന്നു. അല്ലാഹു പറയുന്നു:-

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ خُذُوا۟
حِذْرَكُمْ فَٱنفِرُوا۟ ثُبَاتٍ أَوِ ٱنفِرُوا۟
جَمِيعًا ﴿٧١﴾

﴾71﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങള്‍ നിങ്ങളുടെ ജാഗ്രത കൈക്കൊള്ളുവിന്‍. അങ്ങനെ, (പല) കൂട്ടങ്ങളായി (യുദ്ധത്തിനു) പുറപ്പെട്ടു കൊള്ളുക; അല്ലെങ്കില്‍ എല്ലാവരും (ഒരുമിച്ച്) പുറപ്പെട്ടു കൊള്ളുക.

﴾71﴿ يَاأَيُّهَاالَّذِينَ آمَنُوا വിശ്വസിച്ചവരേ خُذُوا നിങ്ങള്‍ എടുക്കുവിന്‍, കൈക്കൊള്ളുവിന്‍ حِذْرَكُمْ നിങ്ങളുടെ ജാഗ്രത, ശ്രദ്ധ, കാവല്‍ فَانْفِرُوا അങ്ങനെ (അതിനാല്‍) നിങ്ങള്‍ പുറപ്പെട്ടു പോകുവിന്‍ (യുദ്ധത്തിന്) ثُبَاتٍ പല കൂട്ടങ്ങളായി أَوِانْفِرُوا അല്ലെങ്കില്‍ നിങ്ങള്‍ പുറപ്പെട്ടു പോകുവിന്‍ جَمِيعًا എല്ലാവരുമായി

ശത്രുക്കളെക്കുറിച്ചു സത്യവിശ്വാസികള്‍ സദാ ജാഗരൂകരായിരിക്കണം. അഥവാ, എപ്പോള്‍ ആവശ്യം നേരിടുന്നുവോ അപ്പോള്‍ നേരിടുവാന്‍ തക്കവണ്ണം ആളും സന്നാഹവും ഒരുക്കി തയ്യാറായിക്കൊണ്ടിരിക്കുകയും, ഓര്‍ക്കാപ്പുറത്ത് അവരില്‍നിന്നുണ്ടായേക്കാവുന്ന ആക്രമണങ്ങളെ കരുതിയിരിക്കുകയും വേണം. സന്ദര്‍ഭമനുസരിച്ചു സംഘം സംഘമായോ, എല്ലാവരും ചേര്‍ന്ന് ഒരുമിച്ചോ ആവാം അവരുടെ നേരെ പുറപ്പെടുന്നതും, അവരുമായി ഏറ്റുമുട്ടുന്നതും എന്ന് സാരം.

وَإِنَّ مِنكُمْ لَمَن لَّيُبَطِّئَنَّ فَإِنْ
أَصَـٰبَتْكُم مُّصِيبَةٌ قَالَ قَدْ أَنْعَمَ ٱللَّهُ
عَلَىَّ إِذْ لَمْ أَكُن مَّعَهُمْ شَهِيدًا ﴿٧٢﴾

﴾72﴿ നിശ്ചയമായും, മടിച്ചു (പിന്നോക്കം) നില്‍ക്കുന്ന ചിലര്‍ നിങ്ങളില്‍ തന്നെയുണ്ട്. അങ്ങനെ, നിങ്ങള്‍ക്ക് വല്ല വിപത്തും ബാധിച്ചുവെങ്കില്‍ അവന്‍ പറയും; 'ഞാന്‍ അവരോടൊപ്പം ഹാജറുള്ളവനല്ലാതിരുന്ന സ്ഥിതിക്ക് തീര്‍ച്ചയായും എന്റെ മേല്‍ അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നു.'

وَلَئِنْ أَصَـٰبَكُمْ فَضْلٌ مِّنَ ٱللَّهِ
لَيَقُولَنَّ كَأَن لَّمْ تَكُنۢ بَيْنَكُمْ وَبَيْنَهُۥ
مَوَدَّةٌ يَـٰلَيْتَنِى كُنتُ مَعَهُمْ فَأَفُوزَ
فَوْزًا عَظِيمًا ﴿٧٣﴾

﴾73﴿ അല്ലാഹുവിങ്കല്‍ നിന്നു വല്ല അനുഗ്രഹവും (അഥവാ മെച്ചവും) നിങ്ങള്‍ക്കു കിട്ടിയെങ്കിലാകട്ടെ, നിങ്ങള്‍ക്കും അവനുമിടയില്‍ ഒരു സ്നേഹബന്ധവും ഉണ്ടായിട്ടില്ലാത്തതുപോലെ - അവര്‍ പറയുകതന്നെ ചെയ്യും: 'അയ്യോ! ഞാന്‍ അവരോടു കൂടെയായിരുന്നുവെങ്കില്‍ നന്നായേനേ! എന്നാലെനിക്ക് വമ്പിച്ച ഭാഗ്യം പ്രാപിക്കാമായിരുന്നു!'

﴾72﴿ وَإِنَّ مِنكُمْ നിശ്ചയമായും നിങ്ങളിൽ(തന്നെ) ഉണ്ട് لَمَن ചിലർ, ഒരുവൻ
فَإِنْ أَصَابَتْكُم മടിച്ചു നില്ക്കുക തന്നെ ചെയ്യുന്ന, അവൻ മന്ദീഭവിപ്പിക്കും لَيُبَطِّئَنَّ
എന്നിട്ടു(അങ്ങനെ) നിങ്ങളെ ബാധിച്ചുവെങ്കിൽ مُّصِيبَةٌ വല്ല ബാധയും, വിപത്തും
قَالَ അവൻ പറയും, പറയുകയായി قَدْ أَنْعَمَ അനുഗ്രഹം ചെയ്തിട്ടുണ്ട്, തീർച്ചയായും
അനുഗ്രഹിച്ചു اللَّهُ അല്ലാഹു عَلَيَّ എനിക്ക് إِذْ لَمْ أَكُن ഞാൻ ആയിട്ടില്ലാത്ത സ്ഥിതിക്ക്,
ആകാത്തതിനാൽ مَّعَهُمْ അവരോടൊപ്പം (കൂടെ) شَهِيدًا ഹാജറുള്ളവൻ, സന്നദ്ധൻ
﴾73﴿ وَلَئِنْ أَصَابَكُمْ നിങ്ങൾക്ക് ബാധിച്ചുവെങ്കിലോ, കിട്ടിയാലാകട്ടെ فَضْلٌ വല്ല
അനുഗ്രഹവും, മെച്ചവും, ഔദാര്യം مِّنَ اللَّهِ അല്ലാഹുവിങ്കൽനിന്ന് لَيَقُولَنَّ തീർച്ചയായും
അവൻ പറയും, പറയുക തന്നെ ചെയ്യും كَأَن لَّمْ تَكُن ഉണ്ടായിരുന്നില്ലാത്തപോലെ,
ഇല്ലാത്ത മാതിരി بَيْنَكُمْ നിങ്ങൾക്കിടയിൽ وَبَيْنَهُ അവന്നിടയിലും مَوَدَّةٌ ഒരു
താൽപര്യവും, സ്നേഹബന്ധവും يَا لَيْتَنِي ഹാ (അയ്യോ) ഞാനായെങ്കിൽ
(നന്നായേനേ) كُنتُ مَعَهُمْ ഞാൻ അവരോടുകൂടെ ആയിരുന്നു(വെങ്കിൽ) فَأَفُوزَ എന്നാൽ
ഞാൻ ഭാഗ്യം പ്രാപിക്കുമായിരുന്നു فَوْزًا عَظِيمًا വമ്പിച്ച ഭാഗ്യം

മുസ്‌ലിംകളുടെ കൂട്ടത്തിൽ കഴിഞ്ഞുകൂടുന്ന അബ്ദുല്ലാഹിബ്നുഉബയ്യ് പോലെയുള്ള കപടവിശ്വാസികളെ സംബന്ധിച്ചാണ് പ്രസ്താവിക്കുന്നത്. യുദ്ധങ്ങളിൽ പങ്കെടുക്കാതെ തക്കത്തിൽ ഒഴിഞ്ഞുമാറലും, മറ്റുള്ളവരെ പിൻതിരിപ്പിക്കുവാൻ ശ്രമിക്കലും അവരുടെ പതിവായിരുന്നു. വല്ല സംഘട്ടനങ്ങളിലും മുസ്‌ലിംകൾക്ക് പരാജയമോ, വിഷമങ്ങളോ നേരിട്ടാൽ, തങ്ങൾ അവരൊന്നിച്ചു പോകാതിരുന്നത് അല്ലാഹു തങ്ങൾക്കു ചെയ്തു തന്നെ ഒരു വലിയ അനുഗ്രഹമായി അവർ സമർഥിക്കും. മറിച്ചു മുസ്‌ലിംകൾക്ക് വിജയം സിദ്ധിക്കുകയോ, ഗനീമത്ത് ലഭിക്കുകയോ മറ്റോ ഉണ്ടായാൽ, അവരോടൊപ്പം പങ്കെടുത്ത് ആ നേട്ടങ്ങളിൽ ഭാഗഭാക്കാകുവാൻ കഴിയാത്തതിൽ വിലാപം പറയുകയും ചെയ്യും. ഇത് കണ്ടാൽ തോന്നും, അവരും മുസ്‌ലിംകളും തമ്മിൽ ഒരു ബന്ധവും ഉണ്ടായിരുന്നില്ലെന്ന്.

فَلْيُقَاتِلْ فِي سَبِيلِ اللَّهِ الَّذِينَ يَشْرُونَ الْحَيَاةَ الدُّنْيَا بِالْآخِرَةِ ۚ

﴾74﴿ എന്നാൽ, പരലോകത്തിനു (പകരം) ഐഹിക ജീവിതത്തെ വിൽക്കു(വാൻ തയ്യാറാകു)ന്നവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്തുകൊള്ളട്ടെ.

وَمَن يُقَاتِلْ فِي سَبِيلِ اللَّهِ فَيُقْتَلْ أَوْ يَغْلِبْ فَسَوْفَ نُؤْتِيهِ أَجْرًا عَظِيمًا ﴿٧٤﴾

ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്തിട്ട് അവൻ കൊല്ലപ്പെടുകയോ, അല്ലെങ്കിൽ വിജയിക്കുകയോ ചെയ്യുന്നതായാൽ - അവന് നാം വഴിയെ വമ്പിച്ച പ്രതിഫലം നൽകുന്നതാണ്.

وَمَا لَكُمْ لَا تُقَـٰتِلُونَ فِى سَبِيلِ ٱللَّهِ
وَٱلْمُسْتَضْعَفِينَ مِنَ ٱلرِّجَالِ
وَٱلنِّسَآءِ وَٱلْوِلْدَٰنِ ٱلَّذِينَ يَقُولُونَ
رَبَّنَآ أَخْرِجْنَا مِنْ هَـٰذِهِ ٱلْقَرْيَةِ
ٱلظَّالِمِ أَهْلُهَا وَٱجْعَل لَّنَا مِن
لَّدُنكَ وَلِيًّا وَٱجْعَل لَّنَا مِن
لَّدُنكَ نَصِيرًا ﴿٧٥﴾

﴾75﴿ നിങ്ങൾക്കെന്താണ്, നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യാതെ (ഇരിക്കുവാൻ)? പുരുഷന്മാരും, സ്ത്രീകളും, കുട്ടികളുമാകുന്ന ബലഹീനരായുള്ളവരുടെ വിഷയത്തിലും (യുദ്ധം ചെയ്യാതിരിക്കുവാൻ)? (അതെ, ഇങ്ങിനെ) പറയുന്നവരുടെ: 'ഞങ്ങളുടെ റബ്ബേ, ആൾക്കാർ അക്രമികളായുള്ള ഈ രാജ്യത്തിൽ നിന്ന് ഞങ്ങളെ നീ പുറപ്പെടുവിച്ചു (മോചിപ്പിച്ചു) തരേണമേ! നിന്റെ വകയായി, ഞങ്ങൾക്ക് ഒരു രക്ഷാകർത്താവിനെ ഏർപ്പെടുത്തിത്തരുകയും വേണമേ! നിന്റെ വകയായി ഞങ്ങൾക്ക് ഒരു സഹായകനെ ഏർപ്പെടുത്തിത്തരുകയും ചെയ്യേണമേ!'

﴾74﴿ فَلْيُقَاتِلْ എന്നാൽ യുദ്ധം ചെയ്യട്ടെ فِي سَبِيلِ മാർഗത്തിൽ اللَّهِ അല്ലാഹുവിന്റെ الَّذِينَ يَشْرُونَ വിൽക്കുന്നവർ الْحَيَاةَ الدُّنْيَا ഐഹിക ജീവിതത്തെ بِالْآخِرَةِ പരലോകത്തിന് وَمَنْ يُقَاتِلْ വല്ലവനും യുദ്ധം ചെയ്യുന്നതായാൽ فِي سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ فَيُقْتَلْ എന്നിട്ടവൻ കൊല്ലപ്പെട്ടാൽ أَوْ يَغْلِبْ അല്ലെങ്കിൽ വിജയിച്ചാൽ فَسَوْفَ എന്നാൽ വഴിയെ(പിറകെ) نُؤْتِيهِ നാം അവന് നൽകും أَجْرًا عَظِيمًا വമ്പിച്ച പ്രതിഫലം ﴾75﴿ وَمَا لَكُمْ നിങ്ങൾക്കെന്താണ് لَا تُقَاتِلُونَ നിങ്ങൾ യുദ്ധം ചെയ്യാതെ, യുദ്ധം ചെയ്യുന്നില്ല فِي سَبِيلِ اللَّهِ . അല്ലാഹുവിന്റെ മാർഗത്തിൽ وَالْمُسْتَضْعَفِينَ ബലഹീനരായവരിലും, ദുർബ്ബലരായി ഗണിക്കപ്പെടുന്നവരുടെ കാര്യത്തിലും مِنَ الرِّجَالِ പുരുഷന്മാരാകുന്ന, പുരുഷന്മാരിൽ നിന്നും وَالنِّسَاءِ സ്ത്രീകളും وَالْوِلْدَانِ കുട്ടികളും الَّذِينَ يَقُولُونَ പറഞ്ഞുകൊണ്ടിരിക്കുന്നവരായ رَبَّنَا أَخْرِجْنَا റബ്ബേ ഞങ്ങളെ നീ പുറത്താക്കിത്തരേണമേ مِنْ هَٰذِهِ الْقَرْيَةِ ഈ രാജ്യത്തു നിന്ന് الظَّالِمِ അക്രമി(കൾ) ആയ أَهْلُهَا അതിലെ ആൾക്കാർ وَاجْعَلْ لَنَا ഞങ്ങൾക്ക് നീ ആക്കി (ഏർപ്പെടുത്തി - ഉണ്ടാക്കി)ത്തരുകയും വേണമേ مِنْ لَدُنْكَ നിന്റെ പക്കൽ നിന്ന് (നിന്റെ വകയായി) وَلِيًّا ഒരു രക്ഷകനെ, ബന്ധുവെ, കൈകാര്യക്കാരനെ, മിത്രത്തെ وَاجْعَلْ لَنَا ഞങ്ങൾക്ക് നീ ആക്കിത്തരുകയും വേണമേ مِنْ لَدُنْكَ നിന്റെ പക്കൽ നിന്ന് نَصِيرًا ഒരു സഹായകനെ

ഐഹിക സുഖസൗകര്യങ്ങളെ ലക്ഷ്യം വെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ് കപടവിശ്വാസികൾ കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ച നിലപാട് സ്വീകരിക്കുവാൻ കാരണം. എന്നാൽ, പാരത്രിക നേട്ടങ്ങൾ ലക്ഷ്യംവെക്കുകയും, അതിനുവേണ്ടി ഐഹിക സുഖസൗകര്യങ്ങൾ ത്യജിക്കുവാൻ തയ്യാറാവുകയും ചെയ്യുന്നവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്‌വാൻ ഒട്ടും മടിക്കേണ്ടതില്ല. യുദ്ധത്തിൽ കൊല്ലപ്പെട്ടാലും, വിജയം വരിച്ചാലും – രണ്ടായാലും, ശരി – അല്ലാഹു അവർക്ക് വമ്പിച്ച പ്രതിഫലം നൽകുകതന്നെ ചെയ്യും എന്നത്രെ ആദ്യത്തെ വചനത്തിന്റെ താല്പര്യം. അല്ലാഹുവിന്റെ ദീനിനെ നിലനിറുത്തുന്ന വിഷയത്തിലും, ശത്രുക്കളുടെ അക്രമ മർദ്ദനങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ മാർഗമില്ലാതെ സങ്കടപ്പെട്ടുകൊണ്ടിരിക്കുന്ന ദുർബ്ബരായ സ്ത്രീപുരുഷന്മാരുടെയും കുട്ടികളുടെയും കാര്യത്തിലും യുദ്ധം ചെയ്‌വാൻ നിങ്ങൾ എന്തിനു മടിക്കണം! അതിനു സ്വയം മുന്നോട്ടു വരേണ്ടവരല്ലേ നിങ്ങൾ? എന്നിങ്ങിനെ സത്യവിശ്വാസികൾക്ക് യുദ്ധാവേശവും പ്രചോദനവും നൽകുന്നതാണ് രണ്ടാമത്തെ വചനം.

സത്യവിശ്വാസം സ്വീകരിക്കുകയും, അതിന്റെ പേരിൽ മുശ്‌രിക്കുകളുടെ അക്രമമർദ്ദനങ്ങൾക്ക് ഇരയായിത്തീരുകയും ചെയ്തിരുന്ന കുറേ ആളുകൾ മക്കയിലുണ്ടായിരുന്നു. മദീനയിലേക്കു ഹിജ്‌റഃ പോരുവാനോ, രാജ്യം ത്യജിച്ചു പോകുവാനോ ക്വുറൈശികൾ അവരെ അനുവദിച്ചിരുന്നില്ല. അവരെക്കുറിച്ചാണ് ദുർബ്ബലർ എന്നിവിടെ പറഞ്ഞത്. നിസ്സഹായരും അവശരുമായിരുന്ന അവരുടെ ഹൃദയം നൊന്തുകൊണ്ട് തങ്ങൾക്ക് രക്ഷ നൽകുവാൻ വേണ്ടി അവർ ചെയ്തുകൊണ്ടിരുന്ന പ്രാർഥനകളാണ് അല്ലാഹു ഉദ്ധരിച്ചത്. വളരെയൊന്നും താമസിയാതെതന്നെ അല്ലാഹു ആ പ്രാർഥനക്ക് ഉത്തരം നൽകുകയും ചെയ്തു. മക്കാ വിജയത്തോടുകൂടി അവർക്ക് മക്കായിൽ തന്നെ സ്വതന്ത്രമായി സ്വൈരജീവിതം നയിക്കുവാൻ സാധ്യമായിത്തീർന്നു.

ٱلَّذِينَ ءَامَنُوا۟ يُقَـٰتِلُونَ فِى سَبِيلِ ٱللَّهِ

﴾76﴿ വിശ്വസിച്ചവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു;

وَٱلَّذِينَ كَفَرُوا۟ يُقَـٰتِلُونَ فِى سَبِيلِ ٱلطَّـٰغُوتِ فَقَـٰتِلُوٓا۟ أَوْلِيَآءَ ٱلشَّيْطَـٰنِ

അവിശ്വസിച്ചവരാകട്ടെ, 'ത്വാഗൂത്തി'ന്റെ [പിശാചാകുന്ന ദുർമൂർത്തിയുടെ] മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അതിനാൽ, നിങ്ങൾ പിശാചിന്റെ മിത്രങ്ങളോട് യുദ്ധം ചെയ്യുവിൻ.

إِنَّ كَيْدَ ٱلشَّيْطَـٰنِ كَانَ ضَعِيفًا ﴿٧٦﴾

നിശ്ചയമായും, പിശാചിന്റെ തന്ത്രം ദുർബ്ബലമായതാകുന്നു.

﴾76﴿ الَّذِينَ آمَنُوا വിശ്വസിച്ചവർ يُقَاتِلُونَ അവർ യുദ്ധം ചെയ്യുന്നു, ചെയ്യും فِي سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ وَالَّذِينَ كَفَرُوا അവിശ്വസിച്ചവരാകട്ടെ يُقَاتِلُونَ അവർ യുദ്ധം ചെയ്യുന്നു فِي سَبِيلِ മാർഗത്തിൽ الطَّاغُوتِ ത്വാഗൂത്തിന്റെ, ദുർമൂർത്തിയുടെ (പിശാചിന്റെ) فَقَاتِلُوا . അതിനാൽ(എന്നാൽ) നിങ്ങൾ യുദ്ധം ചെയ്യുവിൻ أَوْلِيَاءَ ബന്ധുക്കളോട്, മിത്രങ്ങളോട് الشَّيْطَانِ പിശാചിന്റെ إِنَّ كَيْدَ നിശ്ചയമായും തന്ത്രം

(ചതി - കെണി) الشَّيْطَانِ പിശാചിന്റെ كَانَ ആകുന്നു. ആയിരിക്കുന്നു ضَعِيفًا ദുർബ്ബലമായത്, അശക്തമായത്.

അല്ലാഹുവിന്റെ ശത്രുവായ പിശാചിന്റെ കക്ഷിക്ക് എത്രതന്നെ പിൻബലവും പ്രതാപവുമുണ്ടെങ്കിലും അല്ലാഹുവിന്റെ കക്ഷിക്കാണ് അവസാനം വിജയവും ശക്തിയും കൈവരുക എന്നു സാരം. ത്വാഗൂത്തി(**طاغوت**)ന്റെ അർഥങ്ങളെക്കുറിച്ചു മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. പിശാചുക്കളും, ആരാധ്യവസ്തുക്കളുമടക്കമുള്ള എല്ലാ ദുർമൂർത്തികളുമാണുദ്ദേശ്യമെന്ന് മുമ്പ് ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു.

വിഭാഗം - 11

أَلَمْ تَرَ إِلَى ٱلَّذِينَ قِيلَ لَهُمْ كُفُّوٓا۟ أَيْدِيَكُمْ وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ

﴾77﴿ യാതൊരു കൂട്ടരെ നീ (നോക്കി)ക്കണ്ടില്ലേ? അവരോട് 'നിങ്ങളുടെ കൈകളെ (യുദ്ധത്തിൽ നിന്നും) നിങ്ങൾ തടഞ്ഞു വെക്കുവിൻ; നിങ്ങൾ നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും ചെയ്യുവിൻ' എന്ന് പറയപ്പെട്ടു;

فَلَمَّا كُتِبَ عَلَيْهِمُ ٱلْقِتَالُ إِذَا فَرِيقٌ مِّنْهُمْ يَخْشَوْنَ ٱلنَّاسَ كَخَشْيَةِ ٱللَّهِ أَوْ أَشَدَّ خَشْيَةً ۚ

അങ്ങനെ, അവരുടെമേൽ യുദ്ധം നിയമിക്കപ്പെട്ടപ്പോൾ, അപ്പോൾ (അതാ), അവരിൽനിന്ന് ഒരു വിഭാഗം, അല്ലാഹുവിനെ ഭയപ്പെടുന്നതുപോലെ - അഥവാ (അതിലും) കൂടുതൽ ശക്തിമത്തായ ഭയപ്പാട് - മനുഷ്യരെ ഭയപ്പെടുന്നു!

وَقَالُوا۟ رَبَّنَا لِمَ كَتَبْتَ عَلَيْنَا ٱلْقِتَالَ لَوْلَآ أَخَّرْتَنَآ إِلَىٰٓ أَجَلٍ قَرِيبٍ ۗ

അവർ പറയുകയും ചെയ്തു: 'ഞങ്ങളുടെ റബ്ബേ, എന്തിനാണ് നീ ഞങ്ങളുടെ മേൽ യുദ്ധം നിയമിച്ചത്?! അടുത്ത ഒരവധിവരേക്ക് ഞങ്ങളെ നീ പിന്തിച്ചു (ഒഴിവാക്കി) തന്നുകൂടേ!'

قُلْ مَتَٰعُ ٱلدُّنْيَا قَلِيلٌ وَٱلْءَاخِرَةُ خَيْرٌ لِّمَنِ ٱتَّقَىٰ وَلَا تُظْلَمُونَ فَتِيلًا ﴿٧٧﴾

പറയുക: 'ഇഹത്തിലെ (സുഖത്തിന്റെ) അനുഭവം തുച്ഛമായതാണ്. പരലോകമാകട്ടെ, സൂക്ഷ്മത പാലിക്കുന്നവർക്ക് ഏറ്റവും ഉത്തമവുമാകുന്നു. നിങ്ങൾ ഒരു തരിമ്പോളം അക്രമിക്കപ്പെടുന്നതുമല്ല.

﴾77﴿ أَلَمْ تَرَ നീ കണ്ടില്ലേ, നോക്കുന്നില്ലേ إِلَى الَّذِينَ യാതൊരു കൂട്ടരെ (കൂട്ടരിലേക്ക്) قِيلَ لَهُمْ അവരോട് പറയപ്പെട്ടു كُفُّوا നിങ്ങൾ തടഞ്ഞുവെക്കുവിൻ, ഒതുക്കി നിറുത്തുവിൻ أَيْدِيَكُمْ നിങ്ങളുടെ കൈകളെ وَأَقِيمُوا നിങ്ങൾ നിലനിറുത്തുകയും ചെയ്യുവിൻ الصَّلَاةَ നമസ്കാരം وَآتُوا നിങ്ങൾ കൊടുക്കുകയും ചെയ്യുവിൻ الزَّكَاةَ സകാത്ത് فَلَمَّا كُتِبَ അങ്ങനെ (എന്നിട്ട്) നിയമിക്ക(നിർബ്ബന്ധമാക്ക)പ്പെട്ടപ്പോൾ عَلَيْهِمُ അവരുടെമേൽ الْقِتَالُ യുദ്ധം إِذَا فَرِيقٌ അപ്പോൾ(അതാ) ഒരു വിഭാഗം (കൂട്ടർ - സംഘം) مِنْهُمْ അവരിൽനിന്ന് يَخْشَوْنَ അവർ ഭയപ്പെടുന്നു النَّاسَ മനുഷ്യരെ كَخَشْيَةِ ഭയപ്പാടു(ഭയപ്പെടുന്നതു)പോലെ اللَّهِ അല്ലാഹുവിനെ أَوْ أَشَدَّ അല്ലെങ്കിൽ കൂടുതൽ കടുത്ത, ശക്തമായ خَشْيَةً ഭയപ്പാട് وَقَالُوا അവർ പറയുകയും ചെയ്തു رَبَّنَا ഞങ്ങളുടെ റബ്ബേ لِمَ كَتَبْتَ എന്തിനാണു നീ നിയമിച്ചത്, നിർബന്ധമാക്കി عَلَيْنَا ഞങ്ങളുടെ മേൽ الْقِتَالَ യുദ്ധം لَوْلَا أَخَّرْتَنَا നീ(നിനക്ക്) ഞങ്ങളെ പിന്തിച്ചു (ഒഴിവാക്കി)ക്കൂടേ إِلَى أَجَلٍ ഒരവധിവരെ قَرِيبٍ അടുത്തതായ قُلْ നീ പറയുക مَتَاعُ الدُّنْيَا ഇഹത്തിലെ വിഭവം (അനുഭവം, സുഖം, സാമഗ്രികൾ) قَلِيلٌ അൽപമായതാണ് وَالْآخِرَةُ പരലോകമാകട്ടെ خَيْرٌ (ഏറ്റം) ഉത്തമമാണ് لِمَنِ اتَّقَى സൂക്ഷ്മത പാലിക്കുന്നവർക്ക് وَلَا تُظْلَمُونَ നിങ്ങൾ അക്രമം (അനീതി) ചെയ്യപ്പെടുകയുമില്ല فَتِيلًا ഒരു തരിമ്പും, ഒരളവും

أَيْنَمَا تَكُونُوا۟ يُدْرِككُّمُ ٱلْمَوْتُ وَلَوْ كُنتُمْ فِى بُرُوجٍ مُّشَيَّدَةٍ ۗ وَإِن تُصِبْهُمْ حَسَنَةٌ يَقُولُوا۟ هَٰذِهِۦ مِنْ عِندِ ٱللَّهِ ۖ

﴾78﴿'നിങ്ങൾ എവിടെ(ത്തന്നെ) ആയിരുന്നാലും മരണം നിങ്ങൾക്ക് പിടിപെടുന്നതാണ്; നിങ്ങൾ (ഭദ്രമായി) കെട്ടി ഉയർത്തപ്പെട്ട കൊത്തളങ്ങളിലായിരുന്നാലും ശരി.' (നബിയേ) അവർക്ക് വല്ല നന്മയും ബാധിക്കുന്നുവെങ്കിൽ അവർ പറയും: 'ഇതു അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണ്' എന്ന്.

وَإِن تُصِبْهُمْ سَيِّئَةٌ يَقُولُوا۟ هَٰذِهِۦ مِنْ عِندِكَ ۚ قُلْ كُلٌّ مِّنْ عِندِ ٱللَّهِ ۖ

അവർക്ക് വല്ല തിന്മയും ബാധിക്കുന്നുവെങ്കിലോ, അവർ പറയും; 'ഇത് നിന്റെ പക്കൽ നിന്നുള്ളതാണ്' എന്ന്. പറയുക: 'എല്ലാം (തന്നെ) അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണ്.'

فَمَالِ هَٰٓؤُلَآءِ ٱلْقَوْمِ لَا يَكَادُونَ يَفْقَهُونَ حَدِيثًا ﴿٧٨﴾

എന്നാൽ, ഈ ജനങ്ങൾക്കെന്താണ് - അവർ ഒരു വിഷയവും ഗ്രഹിക്കുമാറാകുന്നില്ല?!

﴾78﴿ أَيْنَمَا എവിടെത്തന്നെ تَكُونُوا നിങ്ങളായിരുന്നാലും يُدْرِككُّمُ നിങ്ങളെ പിടിപെടും, കണ്ടുമുട്ടും, നിങ്ങളെ പ്രാപിക്കും الْمَوْتُ മരണം وَلَوْ كُنتُمْ നിങ്ങൾ ആയിരുന്നാലും ശരി فِي بُرُوجٍ കൊത്തളങ്ങളിൽ, കോട്ടകളിൽ, മണിമാളികകളിൽ مُشَيَّدَةٍ കെട്ടിപ്പൊക്കപ്പെട്ട وَإِن تُصِبْهُمْ അവർക്കു ബാധിക്കുന്നുവെങ്കിൽ حَسَنَةٌ വല്ല നന്മയും, ഒരു നന്മ يَقُولُوا അവർ പറയും هَٰذِهِ ഇത് مِنْ عِندِ اللَّهِ അല്ലാഹുവിന്റെ അടുക്കൽനിന്നാണ് وَإِن تُصِبْهُمْ അവർക്കു ബാധിക്കുന്നുവെങ്കിലോ سَيِّئَةٌ വല്ല(ഒരു) തിന്മയും يَقُولُوا അവർ പറയും هَٰذِهِ ഇത് مِنْ عِندِكَ നിന്റെ അടുക്കൽ നിന്നാണ് قُلْ നീ പറയുക كُلٌّ എല്ലാം(തന്നെ) مِنْ عِندِ اللَّهِ അല്ലാഹുവിന്റെ അടുക്കൽനിന്നാണ് فَمَا എന്നാൽ എന്താണ് لِهَٰؤُلَاءِ ഈ കൂട്ടർക്ക് الْقَوْمِ (ഈ)ജനത(യായ) لَا يَكَادُونَ അവർ ആകുമാറാകുന്നില്ല يَفْقَهُونَ ഗ്രഹിക്കു(മാറാകുന്നില്ല) حَدِيثًا ഒരു വിഷയവും, വൃത്താന്തവും

مَّآ أَصَابَكَ مِنْ حَسَنَةٍ فَمِنَ ٱللَّهِ ۖ وَمَآ أَصَابَكَ مِن سَيِّئَةٍ فَمِن نَّفْسِكَ

﴾79﴿ നന്മയായിട്ട് നിനക്ക് എന്തു (തന്നെ) ബാധിച്ചാലും (അത്) അല്ലാഹുവിങ്കൽ നിന്നത്രെ; തിന്മ കയായിട്ട് നിനക്ക് എന്തു (തന്നെ) ബാധിച്ചാലും (അതു) നിന്നിൽ നിന്നുമത്രെ (ഉണ്ടാകുന്നത്).

وَأَرْسَلْنَٰكَ لِلنَّاسِ رَسُولًا ۚ وَكَفَىٰ بِٱللَّهِ شَهِيدًا ﴿٧٩﴾

നിന്നെ നാം മനുഷ്യർക്ക് റസൂലായി [ദൂതനായി] അയക്കുകയും ചെയ്തിരിക്കുന്നു. സാക്ഷിയായി അല്ലാഹു (തന്നെ) മതി താനും.

﴾79﴿ مَا أَصَابَكَ നിനക്കു ബാധിച്ചത് (എന്തും) مِنْ حَسَنَةٍ നൻമയായിട്ട് فَمِنَ اللَّهِ അല്ലാഹുവിങ്കൽനിന്നാണ് وَمَا أَصَابَكَ നിനക്ക് ബാധിച്ചതോ, എന്തു ബാധിച്ചാലും مِن سَيِّئَةٍ തിന്മയായിട്ട് فَمِن نَّفْسِكَ നിന്റെ സ്വന്തത്തിൽനിന്നാണ്, നിന്നിൽ നിന്നു തന്നെ وَأَرْسَلْنَاكَ നിന്നെ നാം അയക്കുകയും ചെയ്തിരിക്കുന്നു لِلنَّاسِ മനുഷ്യർക്ക് رَسُولًا റസൂലായി, ദൂതനായി وَكَفَىٰ മതി താനും بِاللَّهِ അല്ലാഹു തന്നെ شَهِيدًا സാക്ഷിയായി

ഇസ്‌ലാമിന്റെ ആരംഭകാലത്ത് – മുസ്‌ലിംകൾ മക്കായിലായിരുന്നപ്പോൾ – തന്നെ നമസ്കാരവും സകാത്തും മുസ്‌ലിംകൾക്ക് നിർബന്ധമാക്കപ്പെട്ടിരുന്നു. ഇന്നു നിലവിലുള്ള പ്രത്യേക രീതിയിലായിരുന്നില്ല അന്നത്തെ സകാത്ത് എന്നുമാത്രം. എന്നാൽ, ശത്രുക്കളുമായി യുദ്ധം ചെയ്‌വാനുള്ള അനുവാദം അവർക്ക് നൽകപ്പെട്ടിരുന്നില്ല. ശത്രുക്കളുടെ അക്രമ മർദ്ദനങ്ങൾക്കെതിരിൽ കഴിയുന്ന ശക്തി ഉപയോഗിച്ചു യുദ്ധം നടത്തിയാൽ കൊള്ളാമെന്ന് സത്യവിശ്വാസികൾക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, തൽക്കാലം ക്ഷമയും സഹനവും കൈക്കൊള്ളുവാനായിരുന്നു കൽപന. പല നിലക്കും അന്നത്തെ പരിതഃസ്ഥിതി യുദ്ധത്തിന്

അനുകൂലമായിരുന്നില്ല. മുസ്‌ലിംകളുടെ എണ്ണവും ശക്തിയും കുറവായിരുന്നതും, ഇരുകൂട്ടരും മക്കാ പരിസരങ്ങളിൽ നിവസിച്ചു വരുന്ന സ്ഥിതിക്ക് ഹറമിൽ വെച്ചു യുദ്ധവും സംഘട്ടനവും നടക്കുവാൻ ഇടയായിത്തീരുമെന്നതും അതിന് കാരണമായിരുന്നു. മുസ്‌ലിംകൾ മദീനായിൽ ചെന്നശേഷം, അനുകൂലമായ ഒരന്തരീക്ഷം സംജാതമായപ്പോൾ, അവർ മുമ്പ് ആഗ്രഹിച്ചും ആവശ്യപ്പെട്ടുകൊണ്ടുമിരുന്ന പ്രകാരം യുദ്ധം ചെയ്തുകൊള്ളുവാനുള്ള കൽപന അവതരിച്ചു.

കപടവിശ്വാസികളും ദുർബ്ബലവിശ്വാസികളുമായ ആളുകളിൽ ഈ കൽപന വളരെ അസ്വാസ്ഥ്യം ഉളവാക്കി. ശത്രുക്കളെ നേരിടുന്നതിലുള്ള ഭയവും, മരണഭീതിയും അവരെ അലട്ടി. റബ്ബേ! എന്തിന് ഈ യുദ്ധം നിർബന്ധമാക്കി? ഞങ്ങളുടെ സ്വാഭാവികമായ മരണത്തിനു മുമ്പ് തന്നെ ശത്രുക്കളുടെ കൈക്ക് ഞങ്ങൾ മരിക്കേണ്ടിവരുമല്ലോ! ഞങ്ങളെ കുറേ കാലം കൂടി ജീവിക്കുവാൻ വിട്ടു തന്നുകൂടേ?! എന്നൊക്കെ അവർക്ക് പരാതിയും ആക്ഷേപവുമായി. ഇതിനു മറുപടി നൽകുവാൻ അല്ലാഹു നബിﷺയോട് കൽപിക്കുന്നു. മറുപടിയുടെ സാരം ഇതാണ്: ഇഹലോകത്തു എത്രതന്നെ സുഖജീവിതം ലഭിച്ചാലും പരലോകത്തെ അപേക്ഷിച്ചു അത് വളരെ തുച്ഛം മാത്രമാണ്. അല്ലാഹുവിന്റെ ആജ്ഞകൾ അനുസരിച്ചുകൊണ്ട് അവനെ സൂക്ഷിച്ച് പോരുന്നവർക്ക് അതിനെക്കാൾ ഏറ്റവും നല്ല ജീവിതം പരലോക ജീവിതമാകുന്നു. അത് അനശ്വരവും സുഖസമ്പൂർണവുമായിരിക്കും. അവന്റെ ആജ്ഞയനുസരിച്ച് നിങ്ങൾ ചെയ്യുന്ന കർമങ്ങളോ, അതിൽ നിങ്ങൾ വരിക്കേണ്ടിവരുന്ന ത്യാഗങ്ങളോ ഒന്നുംതന്നെ നിങ്ങൾക്ക് തരിമ്പു പോലും നഷ്ടപ്പെടുകയില്ല. മരണമാകട്ടെ, അത് എപ്പോഴാണ്, എങ്ങിനെയാണ് എന്നൊക്കെ ഓരോരുത്തരുടേതും അല്ലാഹു കണക്കാക്കിയിട്ടുണ്ട്. അത് അപ്രകാരം തന്നെ സംഭവിക്കാതിരിക്കയില്ല. യുദ്ധത്തിലൊന്നും പങ്കെടുക്കാതെ നിങ്ങൾ വമ്പിച്ച കോട്ടകൾക്കുള്ളിൽ അടച്ചിരുന്നാലും അത് സംഭവിക്കുക തന്നെ ചെയ്യും. യുദ്ധം മൂലം നിങ്ങളുടെ ആയുഷ്കാലത്തിൽ കുറവോ, യുദ്ധം ചെയ്യാത്തതുമൂലം അതിൽ വർദ്ധനവോ ഉണ്ടാകുമെന്നു കരുതേണ്ട. ആകയാൽ, നിങ്ങളുടെ ഒഴികഴിവുകളും വേവലാതികളും അസ്ഥാനത്താകുന്നു. അല്ലാഹുവിന്റെ കൽപനക്ക് വഴങ്ങുകയാണ് നിങ്ങൾക്ക് ഉത്തമം. അല്ലാത്തപക്ഷം, നിങ്ങൾ നിങ്ങൾക്കുതന്നെ തീരാനഷ്ടം വരുത്തിവെക്കലായിരിക്കും അതിന്റെ ഫലം.

കപടവിശ്വാസികളുടെ മറ്റൊരു ആരോപണവും അതിനുള്ള മറുപടിയും ഈ വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. കപടവിശ്വാസികൾ മാത്രമല്ല യഹൂദികളും ഈ ആരോപണത്തിൽ പങ്കു വഹിച്ചിരുന്നതായും പറയപ്പെടുന്നു. ക്ഷേമം, സൗഖ്യം പോലെയുള്ള സന്തോഷകരമായ വല്ല അനുഭവങ്ങളും വരുമ്പോൾ അത് അല്ലാഹുവിന്റെ വകയായി തങ്ങൾക്ക് ലഭിച്ച നന്മയാണെന്ന് പറഞ്ഞു അവർ അഭിമാനം കൊള്ളും. മറിച്ച് ക്ഷാമം, ദുഃഖം മുതലായ വല്ല അനിഷ്ട കാര്യങ്ങളും ബാധിക്കുമ്പോൾ അത് നബിﷺ നിമിത്തം സംഭവിച്ച ദോഷമാണെന്ന് അവർ ജൽപിക്കുകയും ചെയ്യും. നബിﷺ മദീനയിൽ ചെന്ന ഉടനെ കുറച്ചുകാലം അവിടെ ക്ഷാമം ബാധിക്കുകയുണ്ടായെന്നും, അതാണ് അവർ ഇങ്ങനെ പറയുവാൻ കാരണമെന്നും ചില വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നു. (അല്ലാഹുവിനറിയാം.) ഈ ആരോപണത്തിനും മറുപടി നൽകുവാൻ നബിﷺയോട് കൽപിക്കുന്നു. നന്മയാകട്ടെ, തിന്മയാകട്ടെ എല്ലാം അല്ലാഹു കണക്കാക്കുന്നതും സൃഷ്ടിക്കുന്നതുമാണ്. ഓരോന്നിനും ചില കാരണങ്ങളും സന്ദർഭങ്ങളും അവൻ നിശ്ചയിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങളൊന്നും ഇവർ

ഗ്രഹിക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല. വാസ്തവത്തിൽ എല്ലാം അല്ലാഹുവിങ്കൽ നിന്നുള്ളത് തന്നെയാണെങ്കിലും നന്മയും തിന്മയും തമ്മിൽ വ്യത്യാസമുണ്ട്. നന്മ അല്ലാഹുവിങ്കൽ നിന്നാണ് ഉത്ഭവിക്കുന്നത്. അതെ, അവന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ടാണതുണ്ടാകുന്നത്. തിന്മയുടെ ഉത്ഭവം മനുഷ്യരിൽ നിന്നുതന്നെയാണ്. അതായത്, അവരുടെ പ്രവൃത്തിദോഷവും അനുസരണക്കേടുമാണതിന് കാരണം. എന്നിങ്ങിനെയാണ് മറുപടിയുടെ താൽപര്യം.

നന്മയും തിന്മയും അല്ലാഹുവിങ്കൽ നിന്നുതന്നെയാണ് സംഭവിക്കുന്നതെങ്കിലും രണ്ടും തമ്മിലുള്ള ഈ വ്യത്യാസമാണ് 79-ാം വചനത്തിലൂടെ ചൂണ്ടിക്കാട്ടുന്നത്. അതിൽ مَآأَصَابَكَ (നിനക്ക് ബാധിച്ചത്) എന്നു നബിﷺയെ അഭിമുഖീകരിച്ചു കൊണ്ടാണ് പറഞ്ഞിട്ടുള്ളതെന്ന് വെച്ച് മറ്റുള്ളവർക്ക് ബാധിക്കുന്നതൊന്നും അങ്ങിനെയല്ലെന്ന് ധരിക്കേണ്ടതില്ല. മറ്റൊരു സ്ഥലത്ത് കുറേകൂടി വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറയുന്നു: وَمَآأَصَابَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُوا عَن كَثِيرٍ (നിങ്ങൾക്ക് എന്തൊരു വിപത്തു ബാധിച്ചാലും അത് നിങ്ങളുടെ കൈകൾ ചെയ്തുവെച്ചതു നിമിത്തമാകുന്നു. പലതിനെക്കുറിച്ചും അവൻ മാപ്പു നൽകുകയും ചെയ്യുന്നു.) (ശൂറാ - 30.) തുടർന്നു കൊണ്ട് നന്മയും തിന്മയും ഉണ്ടാക്കുന്നതിൽ നബിﷺക്ക് പങ്കില്ല എന്നും, നബിﷺയെ അല്ലാഹു അവന്റെ റസൂലാക്കി അയച്ചിരിക്കുകയാണ് - അവന്റെ ഭൗത്യങ്ങൾ പ്രബോധനം ചെയ്യൽ മാത്രമാണ് അവിടുത്തെ ചുമതല - എന്നും, അത് ആർ സമ്മതിച്ചാലും ഇല്ലെങ്കിലും അതിന് മറ്റാരുടെയും തെളിവും സ്ഥിരീകരണവും ആവശ്യമില്ല എന്നും, അല്ലാഹുവിന്റെ സാക്ഷ്യം തന്നെ മതി എന്നും ചൂണ്ടിക്കാട്ടുന്നു.

ഈ വചനം, മറ്റു ചില ക്വുർആൻ വചനങ്ങളും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് 'ക്വദ്വാക്വദ്റി'നെ (അല്ലാഹുവിന്റെ വിധിവ്യവസ്ഥയെ) നിഷേധിക്കുന്ന ചില യുക്തിവാദക്കാർ തങ്ങളുടെ പുതിയ വാദങ്ങൾക്ക് ന്യായീകരണം നൽകാറുണ്ട്. ഇത് സംബന്ധിച്ച് സൂ: ഹദീദിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ വേണ്ടത്ര വിവരിച്ചിട്ടുണ്ട്. കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ അവിടെ നോക്കുക.

مَّن يُطِعِ ٱلرَّسُولَ فَقَدْ أَطَاعَ ٱللَّهَ ۖ

﴾80﴿ റസൂലിനെ ആർ അനുസരിക്കുന്നുവോ അവൻ തീർച്ചയായും, അല്ലാഹുവിനെ അനുസരിച്ചു;

وَمَن تَوَلَّىٰ فَمَآ أَرْسَلْنَٰكَ عَلَيْهِمْ حَفِيظًا ﴿٨٠﴾

ആരെങ്കിലും (അനുസരിക്കാതെ) തിരിഞ്ഞു കളയുന്ന പക്ഷം, (നബിയേ) അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം അയച്ചിട്ടില്ല.

﴾80﴿ مَنْ ആർ, വല്ലവനും يُطِعِ അനുസരിക്കുന്ന(തായാൽ) الرَّسُولَ റസൂലിനെ فَقَدْأَطَاعَ അവൻ തീർച്ചയായും അനുസരിച്ചു, അനുസരിച്ചു കഴിഞ്ഞു اللهَ അല്ലാഹുവിനെ وَمَنْ ആർ, വല്ലവനും تَوَلَّى തിരിഞ്ഞു കളഞ്ഞു(വോ) فَمَاأَرْسَلْنَاكَ എന്നാൽ നിന്നെ നാം അയച്ചിട്ടില്ല عَلَيْهِمْ അവരുടെ മേൽ, അവരിൽ حَفِيظًا

കാവൽക്കാര(പാറാവുകാര - സൂക്ഷിച്ചു കാക്കുന്നവ)നായി

റസൂലിനെ അനുസരിക്കൽ അല്ലാഹുവിനെ അനുസരിക്കൽതന്നെയാണെന്ന് പറഞ്ഞതിന്റെ താൽപര്യം 59-ാം വചനത്തിന്റെയും തുടർന്നുള്ള പല വചനങ്ങളുടെയും വ്യാഖ്യാനത്തിൽ മുമ്പ് വേണ്ടത്ര വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവിടെ അതാവർത്തിക്കേണ്ടതില്ല. റസൂലിനെ അനുസരിക്കുവാൻ തയ്യാറില്ലാത്തവരെ അനുസരിപ്പിക്കേണ്ടുന്ന ചുമതല അദ്ദേഹത്തിനില്ല; അല്ലാഹുവിന്റെ ദൗത്യം നിറവേറ്റലും, അതു ജനങ്ങൾക്ക് എത്തിച്ചുകൊടുക്കലും മാത്രമേ റസൂലിന് കടമയുള്ളൂ എന്നാണ് പിന്നീട് പറഞ്ഞതിന്റെ ഉദ്ദേശ്യം.

وَيَقُولُونَ طَاعَةٌ فَإِذَا بَرَزُوا۟ مِنْ عِندِكَ بَيَّتَ طَآئِفَةٌ مِّنْهُمْ غَيْرَ ٱلَّذِى تَقُولُ

﴾81﴿ അവർ പറയും; 'അനുസരണം' എന്ന്! എന്നിട്ട് നിന്റെ അടുക്കൽ നിന്ന് അവർ വെളിയിൽ പോയാൽ, അവരിൽ നിന്ന് ഒരു കൂട്ടർ തങ്ങൾ(ആദ്യം) പറയുന്നതല്ലാത്തതിനു രാത്രി പരിപാടിയിടുക [ഗൂഢാലോചന നടത്തുക]യായി

وَٱللَّهُ يَكْتُبُ مَا يُبَيِّتُونَ ۖ فَأَعْرِضْ عَنْهُمْ وَتَوَكَّلْ عَلَى ٱللَّهِ ۚ

അല്ലാഹുവാകട്ടെ, അവർ രാത്രി പരിപാടിയിടുന്ന [ഗൂഢാലോചന നടത്തുന്ന]ത് രേഖപ്പെടുത്തുകയും ചെയ്യുന്നു. ആകയാൽ, അവരെക്കുറിച്ച് നീ അവഗണിച്ചേക്കുക; അല്ലാഹുവിന്റെ മേൽ നീ ഭരമേൽപിക്കുകയും ചെയ്തുകൊള്ളുക.

وَكَفَىٰ بِٱللَّهِ وَكِيلًا ﴿٨١﴾

ഭരമേൽപിക്കപ്പെടുന്നവനായി അല്ലാഹു (തന്നെ) മതി.

﴾81﴿ وَيَقُولُونَ അവർ പറയും; പറയുകയും ചെയ്യുന്നു طَاعَةٌ അനുസരണം فَإِذَا بَرَزُوا എന്നിട്ടവർ വെളിയിൽ പോയാൽ مِنْ عِندِكَ നിന്റെ അടുക്കൽ നിന്ന് بَيَّتَ രാത്രി പരിപാടിയിടും, ഗൂഢാലോചന നടത്തുകയായി طَائِفَةٌ ഒരു വിഭാഗം, കൂട്ടർ مِنْهُمْ അവരിൽ നിന്ന് غَيْرَ الَّذِي യാതൊന്നല്ലാത്തതിന് تَقُولُ അത്(അവർ) പറയുന്നു وَاللَّهُ അല്ലാഹുവാകട്ടെ يَكْتُبُ രേഖപ്പെടുത്തുന്നു, എഴുതിവെക്കും مَا يُبَيِّتُونَ അവർ രാപരിപാടിയിടുന്നത് فَأَعْرِضْ അതിനാൽ നീ തിരിഞ്ഞു കളയുക (അവഗണിക്കുക) عَنْهُمْ അവരെപ്പറ്റി وَتَوَكَّلْ ഭരമേൽപിക്കുകയും ചെയ്യുക عَلَى اللَّهِ അല്ലാഹുവിന്റെ മേൽ وَكَفَى بِاللَّهِ അല്ലാഹു മതി وَكِيلًا ഭരമേൽപിക്കപ്പെടുന്നവനായി, ഭരമേൽക്കുന്നവൻ

കപടവിശ്വാസികളുടെ ഒരു ദുഃസ്വഭാവമാണിതും. നബി ﷺ വല്ലതും കൽപിക്കുകയോ, വല്ല ദൈവീക സന്ദേശങ്ങളും കേൾപ്പിക്കുകയോ ചെയ്യുമ്പോൾ, അത് ശരിക്കും അനുസരിക്കുവാൻ തങ്ങൾ തയ്യാറാണെന്നു പറഞ്ഞു സന്നദ്ധത പ്രകടിപ്പിക്കും.

അവിടം വിട്ടുപോയാൽ, അവർ പരസ്പരം ഗൂഢാലോചന നടത്തി അതിനെതിരായ പരിപാടികൾ ആസൂത്രണം ചെയ്കയും ചെയ്യും. അതൊക്കെ അല്ലാഹു അറിയുകയും, രേഖപ്പെടുത്തി വെക്കുകയും ചെയ്യുന്നുണ്ടെന്നും, അതിന്റെ ഫലം വഴിയെ അവർതന്നെ അനുഭവിക്കേണ്ടിവരുമെന്നും അവരെ അല്ലാഹു താക്കീത് ചെയ്യുന്നു. എന്നാൽ, അവരെപ്പറ്റി അവരുടെ ഇത്തരം ചെയ്തികൾ നബിﷺ മനസ്സിലാക്കി വെച്ചാൽ മതി. അല്ലാതെ അതിന് വല്ല വിലയും കൽപിക്കുകയോ നടപടിയെടുക്കുകയോ വേണ്ടതില്ല, അല്ലാഹുവിന്റെമേൽ ഭരമേൽപിക്കുകയേ വേണ്ടൂ, വേണ്ടുന്ന നടപടികൾ അവൻതന്നെ എടുത്തുകൊള്ളും, എന്നൊക്കെ നബിﷺയെ ഉണർത്തുകയും ചെയ്യുന്നു.

أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ ۚ وَلَوْ كَانَ مِنْ عِندِ غَيْرِ ٱللَّهِ لَوَجَدُوا۟ فِيهِ ٱخْتِلَٰفًا كَثِيرًا ﴿٨٢﴾

﴾82﴿ എന്നാൽ, അവർ ക്വുർആനെ ക്കുറിച്ച് ഉറ്റാലോചിക്കുന്നില്ലേ?! അത്, അല്ലാഹു അല്ലാത്ത (മറ്റുവല്ല) വരുടെ അടുക്കൽ നിന്നുമായിരുന്നുവെങ്കിൽ, വളരെ പരസ്പര വ്യത്യാസം അതിൽ അവർ കണ്ടെത്തുകതന്നെ ചെയ്യുമായിരുന്നു.

﴾82﴿ أَفَلَا يَتَدَبَّرُونَ അപ്പോൾ അവർ ഉറ്റാലോചിക്കുന്നില്ലേ الْقُرْآنَ ക്വുർആനെ وَلَوْ كَانَ അതായിരുന്നെങ്കിൽ مِنْ عِندِ അടുക്കൽനിന്ന് غَيْرِ اللَّهِ അല്ലാഹു അല്ലാത്തവരുടെ لَوَجَدُوا അവർ കണ്ടെത്തുകതന്നെ ചെയ്യുമായിരുന്നു فِيهِ അതിൽ اخْتِلَافًا പരസ്പരവ്യത്യാസം, ഭിന്നിപ്പ്, വിയോജിപ്പ് كَثِيرًا വളരെ, ധാരാളം

ക്വുർആന്റെ പ്രസ്താവനകളെക്കുറിച്ച് ഉറ്റാലോചിച്ചു ചിന്തിക്കാത്തതാണ് അങ്ങിനെയുള്ള വികൃത മനഃസ്ഥിതി അവരിലുണ്ടാവാൻ കാരണമെന്നും, അതുകൊണ്ട് ക്വുർആൻ മനസ്സിരുത്തി ചിന്തിക്കുകയാണ് വേണ്ടതെന്നും അവരെ അല്ലാഹു ഓർമിപ്പിക്കുന്നു. അന്നത്തെ കപടവിശ്വാസികൾക്കോ, അക്കാലത്തുള്ള ആളുകൾക്കോ മാത്രം ബാധകമായ ഒരറിയിപ്പല്ല ഇത്. ഏത് കാലത്തുമുള്ള എല്ലാവരെയും ബാധിക്കുന്ന അറിയിപ്പാണിത്. ഈ ഗ്രന്ഥം അല്ലാഹുവിൽനിന്ന് അവതരിച്ചതല്ല - മറ്റാരുടെയെങ്കിലും കൃതിയാണ് - എന്നുവരികിൽ, നിശ്ചയമായും അതിൽ പല വ്യത്യാസങ്ങളും വിയോജിപ്പുകളും കാണാവുന്നതാണ് എന്നുള്ള അല്ലാഹുവിന്റെ വാക്യം നിഷ്പക്ഷ ബുദ്ധിയും, സത്യാന്വേഷണ മനഃസ്ഥിതിയുമുള്ള ഏവരെയും ഇരുത്തിച്ചിന്തിപ്പിക്കുവാൻ പോരുന്നതാണ്. ഒരു രാഷ്ട്രത്തിലെ ഏറ്റവും വലിയ ബുദ്ധിശാലികളും, അറിവിലും പരിജ്ഞാനത്തിലും ഉച്ചകോടിയിലെത്തിയവരുമായ ഒരു സംഘം ആളുകൾ ഒത്തുചേർന്ന് മാസക്കണക്കിലും കൊല്ലക്കണക്കിലും കാലം തലപുകഞ്ഞാലോചിച്ചു സർവ്വസമ്മതമായി രൂപീകരിക്കപ്പെടുന്ന ഭരണഘടനകളും നിയമവ്യവസ്ഥകളും അധികം താമസിയാതെ തന്നെ - പരസ്പര വൈരുദ്ധ്യവും അപ്രായോഗികതയും കാരണമായി - തൽകർത്താക്കളുടെ കൈക്കുതന്നെ മാറ്റേണ്ടിവരുന്ന ഗതികേട് മിക്ക രാജ്യങ്ങളിലും നാം ഇന്നു കണ്ടുകൊണ്ടിരിക്കുന്ന അനുഭവമാണല്ലോ.

ക്വുർആനെ സംബന്ധിച്ച് അത് വിഭാവനം ചെയ്യുന്ന തത്വങ്ങളിലോ, അതിന്റെ സിദ്ധാന്തങ്ങളിലോ, ആ തത്വ സിദ്ധാന്തങ്ങളെ യഥാർഥീകരിക്കുന്ന അതിന്റെ നിയമ നിർദ്ദേശങ്ങളിലോ - ഒന്നും തന്നെ - ഇന്നു ഇക്കാലം വരെ അങ്ങിനെയുള്ള ഒരു

ഗതികേടും സംഭവിച്ചിട്ടില്ല. മേലിൽ സംഭവിക്കുകയുമില്ലെന്ന് തീർത്തു പറയാം. എന്നാൽ, ക്വുർആനോട് പ്രത്യക്ഷമായോ പരോക്ഷമായോ ശത്രുതയും പകയും പുലർത്തിപ്പോരുന്നവർക്കും അതിന്റെ തത്വസിദ്ധാന്തങ്ങളിൽ ചിലത് തങ്ങളുടെ താൽപര്യങ്ങൾക്ക് യോജിക്കായ്കനിമിത്തം അവയോട് അവജ്ഞതോന്നുന്നവർക്കും ഭൗതിക താല്പര്യങ്ങൾക്ക് മുന്തൂക്കം നൽകുന്നവർക്കുമൊക്കെ ഈ യാഥാർഥ്യം അംഗീകരിക്കുവാൻ മനഃപ്രയാസമുണ്ടാകുക സ്വാഭാവികമത്രെ. വേണമെങ്കിൽ, അത്തരക്കാർ ക്വുർആനിൽ ചില പരസ്പര വ്യത്യാസങ്ങളോ, വിയോജിപ്പോ ഉള്ളതായി ചിത്രീകരിക്കുകയും ചെയ്യും. വാസ്തവത്തിൽ അതിന്റെ ഉത്തരവാദിത്വം അവരുടെ വക്രമായ ചിന്താഗതിക്ക് തന്നെയാണുള്ളത്. ഒരു കാര്യം നമുക്ക് ഉറപ്പിച്ചു പറയുവാൻ കഴിയും. അതായത്:

ക്വുർആന്റെ സ്പഷ്ടമായ ഒരു പ്രസ്താവന മറ്റൊരു സ്പഷ്ടമായ പ്രസ്താവനക്ക് ഒരിക്കലും എതിരാകുകയോ വിരുദ്ധമാകുകയോ ചെയ്യുന്നതായി ആരാലും ചൂണ്ടിക്കാട്ടപ്പെടുക സാധ്യമല്ല. ഒരു പ്രസ്താവന സ്പഷ്ടമായിരിക്കുകയും മറ്റൊന്ന് അത്ര സ്പഷ്ടമല്ലാതിരിക്കുകയും ചെയ്യുക, ഒന്ന് വിശദരൂപത്തിലും മറ്റേത് സാമാന്യ രൂപത്തിലുമായിരിക്കുക പോലെയുള്ള ചില സന്ദർഭങ്ങളിലായിരിക്കും പ്രത്യക്ഷത്തിൽ വല്ല പരസ്പര വ്യത്യാസവും ഉള്ളതായി ആർക്കെങ്കിലും തോന്നുവാൻ ഇടയാകുന്നത്. വ്യക്തത കുറവുള്ള ഭാഗത്തെ കൂടുതൽ വ്യക്തമായ ഭാഗം കൊണ്ട് വ്യാഖ്യാനിക്കുക എന്നതാണ് ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കരണീയവും നിർബ്ബന്ധവും. നേരെ മറിച്ചു വ്യക്തത കുറഞ്ഞ ഭാഗത്തെ അടിസ്ഥാനമാക്കുകയും, അതിന് അവരവർ കാണുന്ന - അല്ലെങ്കിൽ ഇഷ്ടപ്പെടുന്ന - വ്യാഖ്യാനം നിർണയിക്കുകയും ചെയ്തശേഷം, കൂടുതൽ വ്യക്തമായ പ്രസ്താവനകളെ അതിനൊപ്പിച്ചു വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ മാത്രമേ യഥാർഥത്തിൽ ആ വൈരുദ്ധ്യം അനുഭവപ്പെടുകയുള്ളൂ. എന്തെങ്കിലും ഒരു ആദർശമോ താൽപര്യമോ മുൻകൂട്ടി മനസ്സിൽവെച്ചുകൊണ്ട് ക്വുർആനെ സമീപിക്കുന്നവർക്കാണ് ഈ അനുഭവം ഉണ്ടാവാറുള്ളത്. ഇത് ക്വുർആന്റെ ദോഷമല്ലെന്ന് സ്പഷ്ടമാണല്ലോ. (ഈ വിഷയത്തെപ്പറ്റി മുഖവുരയിലും, ആലുഇംറാൻ-7 ലും അതിന്റെ വ്യാഖ്യാനത്തിലും മുമ്പ് വിവരിച്ചത് ഓർക്കുക.)

وَإِذَا جَآءَهُمۡ أَمۡرٌ مِّنَ ٱلۡأَمۡنِ أَوِ ٱلۡخَوۡفِ أَذَاعُواْ بِهِۦۖ

﴾83﴿ സമാധാനത്തെയോ, ഭയത്തെയോ സംബന്ധിക്കുന്ന വല്ല കാര്യവും അവർക്ക് വന്നാൽ, അവർ അതിനെ പ്രചരിപ്പിക്കുന്നതാണ്.

وَلَوۡ رَدُّوهُ إِلَى ٱلرَّسُولِ وَإِلَىٰٓ أُوْلِي ٱلۡأَمۡرِ مِنۡهُمۡ

അവർ അതിനെ റസൂലിലേക്കും, അവരിൽ നിന്ന് കാര്യ(വിവര)മുള്ളവരിലേക്കും മടക്കിയിരുന്നെങ്കിൽ.

لَعَلِمَهُ ٱلَّذِينَ يَسۡتَنۢبِطُونَهُۥ مِنۡهُمۡۗ

അവരിൽ നിന്ന് അതിനെ നിരീക്ഷിച്ചെടുക്കുന്നവർ അതിനെക്കുറിച്ചു (വേണ്ടത്) അറിയുമായിരുന്നു.

وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ لَٱتَّبَعْتُمُ ٱلشَّيْطَٰنَ إِلَّا قَلِيلًا ﴿٨٣﴾

നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും (അഥവാ ഔദാര്യവും) അവന്റെ കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ, നിങ്ങൾ - അൽപം ആളുകളൊഴികെ - പിശാചിനെ പിൻപറ്റിക്കളയുമായിരുന്നു.

﴾83﴿ وَإِذَا جَاءَهُمْ അവർക്ക് വന്നാൽ أَمْرٌ വല്ല കാര്യവും مِنَ الأَمْنِ അഭയത്തെ (സമാധാനത്തെ) സംബന്ധിച്ച് أَوِ الْخَوْفِ അല്ലെങ്കിൽ ഭയത്തെ أَذَاعُوا അവർ പ്രചരിപ്പിക്കും, പരത്തുകയായി بِهِ അതിനെ, അത് സംബന്ധിച്ച് وَلَوْ رَدُّوهُ അതിനെ അവർ മടക്കി(ആക്കി)യെങ്കിൽ إِلَى الرَّسُولِ റസൂലിലേക്ക് وَإِلَىٰ أُولِي ഉള്ളവരിലേക്കും الأَمْرِ കാര്യം(കാര്യവിവരം) مِنْهُمْ അവരിലുള്ള, അവരിൽനിന്ന് لَعَلِمَهُ അതിനെ അറിയുമായിരുന്നു, അറിയുകതന്നെ ചെയ്യും الَّذِينَ യാതൊരുകൂട്ടർ يَسْتَنبِطُونَهُ അതിനെ ആരാഞ്ഞെടുക്കുന്ന (പുറത്ത് കൊണ്ടുവരുന്ന) നിരീക്ഷിച്ചെടുക്കുന്ന مِنْهُمْ അവരിൽനിന്ന് وَلَوْلَا ഇല്ലായിരുന്നെങ്കിൽ, ഇല്ലെങ്കിൽ فَضْلُ اللهِ അല്ലാഹുവിന്റെ അനുഗ്രഹം, ഔദാര്യം عَلَيْكُمْ നിങ്ങളുടെമേൽ وَرَحْمَتُهُ അവന്റെ കാരുണ്യവും لَاتَّبَعْتُمُ നിങ്ങൾ പിൻപറ്റുകതന്നെ ചെയ്യും الشَّيْطَانَ പിശാചിനെ إِلَّا قَلِيلًا അൽപം (ആളുകൾ) ഒഴികെ.

കപടവിശ്വാസികളിൽനിന്നും, കാര്യവിവരമില്ലാത്ത ചില സാത്വികന്മാരിൽ നിന്നും ഉണ്ടാകാറുള്ള ഒരു ദോഷമാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ജനങ്ങൾക്ക് സമാധാനം നൽകുന്നതോ ഭീതിയുളവാക്കുന്നതോ ആയ വല്ല വിവരങ്ങളും കേട്ടാൽ, അതിന്റെ സത്യാവസ്ഥയും, അത് പരസ്യപ്പെടുത്തിയാലുണ്ടായേക്കുന്ന ഭവിഷ്യത്തും ആലോചിക്കാതെ - അല്ലെങ്കിൽ അറിയാതെ - അത് പ്രചരിപ്പിക്കുക. നാനാ ഭാഗത്തും ഇസ്‌ലാമിന്റെ ശത്രുക്കൾ തഞ്ചം പാർത്തു കൊണ്ടിരിക്കുന്ന അന്നത്തെ ചുറ്റുപാടിൽ അത്തരം പല വാർത്തകളും കിംവദന്തികളും കേൾക്കുക സ്വാഭാവികമാണല്ലോ. അത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നതുകൊണ്ടുണ്ടാകുന്ന ഭവിഷ്യത്ത് ചിലപ്പോൾ ഭയങ്കരമായിരിക്കും. കപടവിശ്വാസികൾ അറിഞ്ഞുകൊണ്ട് മനഃപൂർവ്വം അതിന് മുതിർന്നേക്കും. എന്നാൽ, സത്യവിശ്വാസികളായ സാത്വികന്മാർ ഭവിഷ്യത്തിനെപ്പറ്റി അറിയാത്തതുകൊണ്ടായിരിക്കും അങ്ങിനെ ചെയ്യുന്നത്. രണ്ടായാലും ഫലം ഒന്നുതന്നെയാണല്ലോ. അങ്ങിനെയുള്ള വാർത്തകൾ വല്ലതും കേട്ടാൽ അത് റസൂൽ ﷺ തിരുമേനിയെയും, അതിന്റെ ഗുണദോഷങ്ങൾ മനസ്സിലാക്കുവാൻ തക്ക കാര്യവിവരമുള്ള നേതാക്കളെയും അറിയിക്കുന്ന പക്ഷം, അവർ വിഷയം വേണ്ടപോലെ കൈകാര്യം ചെയ്യുകയും, അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഏർപ്പാട് ചെയ്യുകയും ചെയ്യും. അങ്ങിനെ ചെയ്യാതെ, കേട്ടമാത്രയിൽ അത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നതിനെപ്പറ്റിയാണ് അല്ലാഹു ആക്ഷേപിക്കുന്നത്. ഈ സമ്പ്രദായം കേവലം പൈശാചിക പ്രേരിതമാണെന്നും, അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ മിക്കവാറും ആളുകൾ പിശാചിന്റെ

ദുഷ്പ്രേരണകൾക്ക് വശംവദരാകുമായിരുന്നുവെന്നും ഉണർത്തുകയും ചെയ്യുന്നു.

സത്യാവസ്ഥയും, ഭവിഷ്യത്തും ആലോചിക്കാതെ, കേട്ട വാർത്തകളെല്ലാം പരസ്യപ്പെടുത്തലും പ്രചരിപ്പിക്കലും എല്ലായ്പോഴും വളരെ സൂക്ഷിക്കേണ്ടുന്ന ഒരു സംഗതിയാണ്. ചില സന്ദർഭങ്ങളിൽ അടിസ്ഥാനരഹിതമായ ചെറിയൊരു വാർത്ത നിമിത്തം അതിഭയങ്കരമായ ഭവിഷ്യത്തുകളായിരിക്കും സംഭവിക്കുക. സംഭവിച്ചു കഴിഞ്ഞശേഷം, പിന്നീട് ആ വാർത്ത ശരിയായിരുന്നില്ലെന്ന് അറിഞ്ഞത് കൊണ്ട് പ്രയോജനമില്ലല്ലോ. അതേ സമയത്ത് ആ വാർത്തപ്രചരിപ്പിച്ചവരെല്ലാം ആ പാതകത്തിന് ഉത്തരവാദികളായിത്തീരുകയും ചെയ്യുന്നു. നബിﷺ അരുളിച്ചെയ്യുന്നു: 'കേട്ടതെല്ലാം പറയുന്നത് തന്നെ മതി, ഒരു മനുഷ്യനിൽ വ്യാജം ഉണ്ടായിരിക്കുവാൻ.' (മു; ദാ.) മുഗീറത്തുബ്നുശുഅ്ബഃ(റ) ഉദ്ധരിച്ച ഒരു ഹദീഥിൽ, 'നബിﷺ 'ക്വീല'യും 'ക്വാല'യും വിരോധിച്ചിരിക്കുന്നു' എന്ന് കാണാം. (ബു; മു.) 'ആരോ പറഞ്ഞു, അങ്ങിനെ പറയപ്പെടുന്നു. ആളുകൾ പറഞ്ഞുകേൾക്കുന്നു' എന്നിങ്ങിനെയുള്ള പ്രയോഗങ്ങളാണ് 'ക്വീല (قِيل) കൊണ്ടുദ്ദേശ്യം. അവൻ പറഞ്ഞു, ഇവൻ പറഞ്ഞു' എന്നിങ്ങിനെയുള്ള പ്രയോഗങ്ങളാണ് 'ക്വാല' (قَالَ) കൊണ്ടുദ്ദേശ്യം. അതായത് സത്യാവസ്ഥയും ഗുണദോഷവും നോക്കാതെ 'കണ്ടതും കേട്ടതു'മൊക്കെ പറയുന്നത് നബിﷺ വിരോധിച്ചിരിക്കുന്നുവെന്നർഥം. അബൂദാവൂദ്(റ) ഉദ്ധരിച്ച ഒരു നബിവചനത്തിലെ വാചകം ഇതാണ്: بئس مطية الرجل زعموا ('അവർ പറയുന്നു' എന്നുള്ളത് മനുഷ്യന്റെ വളരെ ദുഷിച്ച ഒരു വാഹനമാണ്.') അതായത്, വാർത്തകൾ ഉദ്ധരിക്കുമ്പോൾ 'അവർ പറഞ്ഞു, ഇവർ പറഞ്ഞു' എന്നൊക്കെ പ്രസ്താവിക്കുന്ന സമ്പ്രദായം ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ വേണ്ടി മനുഷ്യൻ ഉപയോഗിക്കുന്ന ഒരു ദുഷിച്ച അടവാണ് എന്ന് താൽപര്യം.

فَقَـٰتِلْ فِى سَبِيلِ ٱللَّهِ لَا تُكَلَّفُ إِلَّا نَفْسَكَ ۚ وَحَرِّضِ ٱلْمُؤْمِنِينَ ۖ

84 എന്നാൽ, (നബിയേ) നീ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്തു കൊള്ളുക. നിന്നോട് നിന്റെ സ്വന്തത്തെക്കുറിച്ചല്ലാതെ ശാസിക്കപ്പെടുന്നതല്ല; സത്യവിശ്വാസികളെ (അതിന്) പ്രേരിപ്പിക്കുകയും ചെയ്തുകൊള്ളുക.

عَسَى ٱللَّهُ أَن يَكُفَّ بَأْسَ ٱلَّذِينَ كَفَرُوا۟ ۚ وَٱللَّهُ أَشَدُّ بَأْسًا وَأَشَدُّ تَنكِيلًا ﴿٨٤﴾

അവിശ്വസിച്ചവരുടെ (സമര) ശൗര്യത്തെ അല്ലാഹു തടുത്ത് തന്നേക്കാം. അല്ലാഹുവാകട്ടെ, അതികഠിനമായ ശൗര്യമുള്ളവനും, അതി കഠിനമായ (മാതൃകാ) ശിക്ഷ നൽകുന്നവനുമാകുന്നു.

مَّن يَشْفَعْ شَفَـٰعَةً حَسَنَةً يَكُن لَّهُۥ

85 ആരെങ്കിലും ഒരു നല്ലതായ ശുപാർശ ശുപാർശചെയ്യുന്ന പക്ഷം. അവന് അതിൽനിന്ന് ഒരു

نَصِيبٌ مِّنْهَا ۖ وَمَن يَشْفَعْ شَفَٰعَةً سَيِّئَةً يَكُن لَّهُۥ كِفْلٌ مِّنْهَا ۗ

ഓഹരിയുണ്ടായിരിക്കും. ആരെങ്കിലും ഒരു ദുഷിച്ചതായ ശുപാർശ ശുപാർശചെയ്യുന്ന പക്ഷം, അവന് അതിൽ നിന്ന് ഒരു പങ്കും ഉണ്ടായിരിക്കും.

وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ مُّقِيتًا ﴿٨٥﴾

അല്ലാഹു എല്ലാ കാര്യത്തിനും കഴിവുറ്റവനുമാകുന്നു. (അഥവാ മേൽനോട്ടം വഹിക്കുന്നവനാകുന്നു.)

﴾84﴿ فَقَاتِلْ എന്നാൽ (ആകയാൽ) നീ യുദ്ധം ചെയ്യുക فِي سَبِيلِ اللهِ അല്ലാഹുവിന്റെ മാർഗത്തിൽ لَا تُكَلَّفُ നീ (നിന്നോട്) ശാസിക്ക(നിർബ്ബന്ധിക്ക)പ്പെടുകയില്ല, ഹേമിക്കപ്പെടുന്നില്ല إِلَّا نَفْسَكَ നിന്റെ സ്വന്തത്തെ (ദേഹത്തെ)ക്കുറിച്ചല്ലാതെ وَحَرِّضِ നീ പ്രേരിപ്പിക്കുക (പ്രോത്സാഹിപ്പിക്കുക)യും ചെയ്യുക الْمُؤْمِنِينَ സത്യവിശ്വാസികളെ عَسَى اللهُ അല്ലാഹു ആയേക്കാം أَنْ يَكُفَّ അവൻ തടുക്കുവാൻ, തടയുവാൻ بَأْسَ ശൗര്യം, സമരശക്തി الَّذِينَ كَفَرُوا അവിശ്വസിച്ചവരുടെ وَاللهُ അല്ലാഹുവാകട്ടെ أَشَدُّ ഏറ്റവും കഠിനമായവനാണ് بَأْسًا ശൗര്യം, സമരശക്തിയിൽ وَأَشَدُّ അധികം കഠിനമായവനുമാണ് تَنْكِيلًا (മാതൃകാ)ശിക്ഷനൽകൽ, ശിക്ഷ നൽകുന്നതിൽ ﴾85﴿ مَنْ يَشْفَعْ ആരെങ്കിലും (വല്ലവരും) ശുപാർശ ചെയ്യുന്നപക്ഷം شَفَاعَةً ശുപാർശ حَسَنَةً നല്ലതായ, നന്മയായ يَكُنْ لَهُ അവന്നുണ്ടായിരിക്കും نَصِيبٌ ഒരു ഓഹരി, പങ്ക്, ഭാഗം مِنْهَا അതിൽ നിന്ന് وَمَنْ يَشْفَعْ ആരെങ്കിലും ശുപാർശ ചെയ്യുന്ന പക്ഷം شَفَاعَةً ഒരു ശുപാർശ سَيِّئَةً ദുഷിച്ച, തിന്മയായ يَكُنْ لَهُ അവന്നുണ്ടായിരിക്കും كِفْلٌ ഒരുപങ്ക്, ഓഹരി مِنْهَا അതിൽനിന്ന് وَكَانَ اللهُ അല്ലാഹു ആകുന്നു عَلَى كُلِّ شَيْءٍ എല്ലാകാര്യത്തിനും مُقِيتًا കഴിവുറ്റവൻ, മേൽനോട്ടം ചെയ്യുന്നവൻ, സൂക്ഷിച്ചു പോരുന്നവൻ

സത്യവിശ്വാസികളെ യുദ്ധത്തിന് പ്രേരിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യലാണ് നബിﷺയുടെ കടമ. അവർ യുദ്ധത്തിൽ പങ്കെടുക്കുന്നില്ലെങ്കിൽ എന്തുകൊണ്ട് പങ്കെടുത്തില്ല എന്ന് നബിﷺയോട് ചോദിക്കപ്പെടുകയില്ല. സ്വന്തം ദേഹത്തിന്റെ കാര്യം മാത്രമേ ചോദിക്കപ്പെടുകയുള്ളൂ എന്ന് അല്ലാഹു നബിﷺയെ ഉണർത്തുന്നു. ശത്രുക്കളുടെ സമരശക്തിയും വീര്യവും അധികം താമസിയാതെ അല്ലാഹു ക്ഷയിപ്പിച്ചു കളഞ്ഞേക്കുമെന്നും, അങ്ങനെ സത്യവിശ്വാസികൾക്ക് വിജയം കൈവന്നേക്കുമെന്നും സമാധാനിപ്പിക്കുകയും ചെയ്യുന്നു.

ഒരാൾ ഒരാൾക്ക് നല്ല തരത്തിലുള്ള വല്ല ശുപാർശയും ചെയ്താൽ അതിന്റെ നന്മയിൽ നിന്നൊരു വിഹിതവും, ചീത്തയായ വല്ല ശുപാർശയും ചെയ്താൽ അതിന്റെ തിന്മയിൽ നിന്നൊരു പങ്കും ആ ശുപാർശകന് ലഭിക്കുമെന്ന് രണ്ടാമത്തെ വചനത്തിൽ അറിയിക്കുന്നു. എല്ലാ നല്ല കാര്യങ്ങൾക്ക് വേണ്ടിയും നടത്തപ്പെടുന്ന ഉപദേശങ്ങൾ, പ്രോത്സാഹനങ്ങൾ, പ്രാർഥനകൾ ആദിയായവ നല്ല ശുപാർശയിലും, എല്ലാ ചീത്തകാര്യങ്ങൾക്ക് വേണ്ടിയും നടത്തപ്പെടുന്ന ഉപദേശങ്ങളും പ്രോത്സാഹനങ്ങളും,

അപേക്ഷകളും ചീത്ത ശുപാർശയിലും ഉൾപ്പെടുന്നു. സന്ദർഭം നോക്കുമ്പോൾ, അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നല്ല ശുപാർശകളും, അതിനെതിരെ നടത്തപ്പെടുന്ന ചീത്ത ശുപാർശകളുമാണ് പ്രധാനമായും ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് കരുതാം. والله اعلم

وَإِذَا حُيِّيتُم بِتَحِيَّةٍ فَحَيُّوا۟ بِأَحْسَنَ مِنْهَآ أَوْ رُدُّوهَآ ۗ

《86》നിങ്ങൾക്ക് [സത്യവിശ്വാസികൾക്ക്] വല്ല അഭിവാദ്യവും അർപ്പിക്കപ്പെട്ടാൽ, അതിനെക്കാൾ നല്ലതിനെ (അങ്ങോട്ടും) അഭിവാദ്യമർപ്പിക്കുവിൻ; അല്ലെങ്കിൽ അത് (പ്രകാരം തന്നെ) മടക്കുവിൻ.

إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ حَسِيبًا ﴿٨٦﴾

നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും കണക്ക് നോക്കുന്നവനാകുന്നു.

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۚ لَيَجْمَعَنَّكُمْ إِلَىٰ يَوْمِ ٱلْقِيَٰمَةِ لَا رَيْبَ فِيهِ

《87》അല്ലാഹു - അവനല്ലാതെ ആരാധ്യനേ ഇല്ല. തീർച്ചയായും, അവൻ നിങ്ങളെ ക്വിയാമത്ത് നാളിലേക്ക് ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും - അതിൽ സന്ദേഹമേ ഇല്ല.

وَمَنْ أَصْدَقُ مِنَ ٱللَّهِ حَدِيثًا ﴿٨٧﴾

ആരാണ് അല്ലാഹുവിനെക്കാൾ വർത്തമാനത്തിൽ സത്യം പറയുന്നവൻ!? [ഇല്ല, ആരുമില്ല.]

《86》 وَإِذَا حُيِّيتُمْ നിങ്ങൾക്ക് അഭിവാദ്യം നൽകപ്പെട്ടാൽ, കാഴ്ചവെക്കപ്പെട്ടാൽ بِتَحِيَّةٍ വല്ല ഉപചാരത്തെയും, കാഴ്ചയെയും فَحَيُّوا എന്നാൽ നിങ്ങൾ അഭിവാദ്യം ചെയ്‌വിൻ, കാഴ്ച്ചവെക്കുവിൻ بِأَحْسَنَ مِنْهَا അതിനെക്കാൾ നല്ലതിനെ (നല്ലതുമായി) أَوْ رُدُّوهَا അല്ലെങ്കിൽ അത് മടക്കുവിൻ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു, ആയിരിക്കുന്നു عَلَىٰ كُلِّ شَيْءٍ എല്ലാകാര്യത്തെപ്പറ്റിയും حَسِيبًا കണക്കുനോക്കുന്നവൻ 《87》 اللَّهُ അല്ലാഹു لَا إِلَٰهَ ഒരു ഇലാഹുമില്ല, ആരാധ്യനേ ഇല്ല, ദൈവമില്ല إِلَّا هُوَ അവനല്ലാതെ لَيَجْمَعَنَّكُمْ തീർച്ചയായും അവൻ നിങ്ങളെ ഒരുമിച്ചു കൂട്ടും إِلَىٰ يَوْمِ الْقِيَامَةِ ക്വിയാമത്ത് നാളിലേക്ക് لَا رَيْبَ സന്ദേഹമേ ഇല്ല, സംശയമില്ല فِيهِ അതിൽ وَمَنْ .ആര്, ആരാണ് أَصْدَقُ അധികം സത്യവാൻ, സത്യം പറയുന്നവൻ مِنَ اللَّهِ അല്ലാഹുവിനെക്കാൾ حَدِيثًا വർത്തമാനം, വർത്തമാനത്തിൽ

'അഭിവാദ്യം' എന്ന് അർഥം കൽപിക്കപ്പെട്ട تَحِيَّة (തഹിയ്യത്ത്) എന്ന വാക്കിന് ദീർഘായുസ്സിനുവേണ്ടി പ്രാർഥിക്കുക എന്നാണ് സാക്ഷാൽ അർഥം. അഭിവാദ്യം അർപ്പിക്കുക - അഥവാ സലാം പറയുക - എന്ന ഉദ്ദേശ്യത്തിലാണ് അത് സാധാരണ

ഉപയോഗിക്കപ്പെട്ടുവരുന്നത്. അതാണിവിടെയും ഉദ്ദേശ്യം. ഒരാൾ ഇങ്ങോട്ട് സലാം പറഞ്ഞാൽ, അതിനെക്കാൾ നല്ല രൂപത്തിൽ അങ്ങോട്ടും പറയുകയാണ് വേണ്ടത്. ചുരുങ്ങിയ പക്ഷം, ഇങ്ങോട്ട് പറഞ്ഞ അതേ രൂപത്തിലെങ്കിലും അങ്ങോട്ട് മടക്കണം എന്ന് അല്ലാഹു കൽപിക്കുന്നു. ശത്രുക്കളുടെ ഭാഗത്ത് നിന്ന് ഇങ്ങോട്ട് അഭിവാദ്യം ചെയ്യപ്പെട്ടാൽ, കൂടുതൽ മാന്യമായും ഉദാരമായും അങ്ങോട്ട് പെരുമാറണമെന്നുകൂടി ഇതിൽ സൂചനയുണ്ട്.

മുസ്‌ലിംകൾക്കിടയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സലാമിന്റെ വാചകം 'അസ്സലാമു അലൈക്കും (السَّلَامُ عَلَيكُمْ)' എന്നാണല്ലോ. നിങ്ങൾക്ക് സമാധാന രക്ഷയുണ്ടാവട്ടെ എന്നർഥം. ഒരാൾ السَّلَامُ عَلَيكُمْ എന്ന് സലാം പറഞ്ഞാൽ وَعَلَيْكُمْ السَّلَام وَرَحْمَةُ الله (നിങ്ങൾക്ക് സമാധാന രക്ഷയും അല്ലാഹുവിന്റെ കാരുണ്യവും ഉണ്ടാവട്ടെ) എന്നും السَّلَامُ عَلَيْكُمْ وَرَحْمَةُ الله എന്ന് സലാം പറഞ്ഞാൽ, അതോടുകൂടി وَبَرَكَاتُهُ (അവന്റെ ആശീർവാദങ്ങളും ഉണ്ടാവട്ടെ) എന്നുകൂടി ചേർത്തുകൊണ്ട് وعَلَيْكُمْ السَّلَام وَرَحْمَةُ الله وبَرَكَاتُهُ എന്നും മടക്കേണ്ടതാണ് എന്ന് ഹദീഥുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആദ്യമായി സലാം പറഞ്ഞവൻ ഉപയോഗിച്ചതിനെക്കാൾ കൂടുതൽ വാക്കുകൾ അങ്ങോട്ട് മടക്കുന്നതിന് പുറമെ നല്ല മുഖഭാവവും, പ്രസന്നതയും പ്രകടിപ്പിക്കുന്നതും ആവശ്യമാകുന്നു. ആദ്യം പറയുന്നവൻ السَّلَامُ عَلَيكُمْ എന്നോ السَّلَامُ عَلَيْكُمْ وَرَحْمَةُ الله എന്നോ പറഞ്ഞു മതിയാക്കുകയാണ് വേണ്ടതെന്നും, അത് മടക്കുന്നവന് وَبَرَكَاتُهُ എന്നുകൂടി വർദ്ധിപ്പിക്കുവാൻ എന്നാലെ സൗകര്യപ്പെടുകയുള്ളൂവെന്നും ചില ഹദീഥുകളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. السَّلَامُ عَلَيكُمْ എന്നു പറയുന്നത് പത്ത് നന്മയും وَرَحْمَةُ الله എന്ന് ചേർക്കുമ്പോൾ ഇരുപത് നന്മയും, وَبَرَكَاتُهُ എന്നു കൂടി ചേർക്കുമ്പോൾ മുപ്പത് നന്മയുമായിരിക്കും അത് എന്നും ഒരു നബി വചനത്തിൽ വന്നിരിക്കുന്നു. (അ; ദാ; തി; ബ.)

ഇങ്ങോട്ട് പറഞ്ഞ സലാമിൽ കുറയാത്ത രൂപത്തിലെങ്കിലും അങ്ങോട്ട് സലാം മടക്കൽ നിർബ്ബന്ധമാകുന്നു. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനെ കണ്ടുമുട്ടുമ്പോൾ തമ്മിൽ സലാം പറയൽ - നിയമപരമായ വീക്ഷണത്തിൽ നോക്കുമ്പോൾ - കേവലം ഒരു നിർബ്ബന്ധ കൽപനയാണെന്ന് പറഞ്ഞു കൂടാ. പക്ഷേ, ധാർമികമായി ഒരു പ്രധാന കടമയാണത്. സലാം മടക്കലാകട്ടെ, നിയമപരമായിത്തന്നെ നിർബ്ബന്ധവുമാകുന്നു എന്നത്രെ പണ്ഡിതന്മാരുടെ പൊതുവായ അഭിപ്രായം. ഈ വചനത്തിൽ നിന്ന് മനസ്സിലാകുന്നതും അങ്ങിനെത്തന്നെ. ഒരാൾ മറ്റെയാൾക്ക് അയക്കുന്ന കത്തുകളിലും, സമ്മാനാദി ഉപചാരങ്ങളിലും ഇപ്രകാരം മര്യാദ പാലിക്കേണ്ടതുണ്ടെന്ന് ചില മഹാന്മാർ ഈ വചനത്തെ അടിസ്ഥാനമാക്കി അഭിപ്രായപ്പെട്ടിരിക്കുന്നു. تَحِيَّة എന്ന വാക്കിന്റെ അർഥത്തിൽ സലാം മാത്രമല്ല, എല്ലാതരം ഉപചാര കർമങ്ങളും ഉൾപെടുമെന്നാണ് അവർ അതിന് പറയുന്ന ന്യായം. ഇസ്‌ലാമിൽ സലാമിന് പ്രാധാന്യം, അതിന്റെ ആചരണത്തിൽ ഗൗനിക്കപ്പെടേണ്ടുന്ന മര്യാദകൾ, ആദിയായവയെക്കുറിച്ച് ധാരാളം ഹദീഥുകൾ നിലവിലുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഹദീഥ് ഗ്രന്ഥങ്ങളെയും, മറ്റ് ഇസ്‌ലാമിക നിയമഗ്രന്ഥങ്ങളെയും സമീപിക്കേണ്ടതാണ്.

ഇസ്‌ലാമിന്റെ ഒരു പ്രത്യേക ചിഹ്നമാണ് സലാം. മുസ്‌ലിം സഹോദരന്മാർ പരസ്പരം നിത്യവും ആചരിക്കേണ്ടുന്ന ഒരു മുഖ്യ കടമയുമാണത്. ഈ സംഗതി പൊതുവെ എല്ലാവർക്കും അറിയാവുന്നതാണെങ്കിലും, ഇന്നത്തെ മുസ്‌ലിംകളിൽ പലരും - നമ്മുടെ രാജ്യങ്ങളിൽ പ്രത്യേകിച്ചും - ഇക്കാര്യത്തിൽ വേണ്ടത്ര ഗൗനിക്കാറില്ലെന്നുള്ളത് വളരെ വ്യസനകരം തന്നെ! മുസ്‌ലിംകളിൽ അനിസ്‌ലാമിക സംസ്കാരങ്ങളുടെ അതിപ്രസരം നിമിത്തം ഉളവായ അനേകം ഭവിഷ്യത്തുകളിൽ ചിലതത്രെ സലാം പറയുന്നതിൽ മുസ്‌ലിംകൾക്കിടയിൽ കടന്നുകൂടിയ വൈമുഖ്യവും അനിസ്‌ലാമികമായ ഉപചാര വാക്യങ്ങളുടെ പ്രയോഗവും.

അവിശ്വാസികളും, കപടവിശ്വാസികളും എന്തു നിലപാടുതന്നെ സ്വീകരിച്ചാലും ശരി, അല്ലാഹു മാത്രമാണ് ആരാധ്യൻ എന്ന വസ്തുതയും, മരണാനന്തരം എല്ലാവരെയും അല്ലാഹു കിയാമത്തുനാളിൽ ഒരുമിച്ചുകൂട്ടി വിചാരണ ചെയ്തു നടപടി എടുക്കുമെന്നുള്ള വസ്തുതയും യഥാർഥമായിത്തന്നെ അവശേഷിക്കുന്നുവെന്നുള്ള താക്കീതാണ് രണ്ടാമത്തെ വചനത്തിൽ അടങ്ങിയിരിക്കുന്നത്.

വിഭാഗം - 12

فَمَا لَكُمْ فِى ٱلْمُنَـٰفِقِينَ فِئَتَيْنِ وَٱللَّهُ أَرْكَسَهُم بِمَا كَسَبُوٓا۟ ۚ

﴾88﴿ അപ്പോൾ, കപടവിശ്വാസികളുടെ കാര്യത്തിൽ (നിങ്ങൾ) രണ്ടു കക്ഷികളാകുവാൻ നിങ്ങൾക്കെന്താണ്? അവർ (ചെയ്തത്) സമ്പാദിച്ചത് നിമിത്തം അല്ലാഹു അവരെ (പൂർവ്വസ്ഥിതിയിലേക്ക്) മറിച്ചിട്ടിരിക്കെ?

أَتُرِيدُونَ أَن تَهْدُوا۟ مَنْ أَضَلَّ ٱللَّهُ ۖ وَمَن يُضْلِلِ ٱللَّهُ فَلَن تَجِدَ لَهُۥ سَبِيلًا ﴿٨٨﴾

അല്ലാഹു വഴിപിഴവിലാക്കിയവരെ നിങ്ങൾ നേർമാർഗത്തിലാക്കുവാൻ ഉദ്ദേശിക്കുന്നുവോ?! യാതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവന് (പിന്നെ) നീ ഒരു മാർഗവും കണ്ടെത്തുകയേ ഇല്ല.

﴾88﴿ فَمَالَكُمْ അപ്പോൾ (എന്നാൽ) നിങ്ങൾക്ക് എന്താണ് فِي الْمُنَافِقِينَ കപടവിശ്വാസികളിൽ, മുനാഫിക്വുകളെപ്പറ്റി فِئَتَيْنِ രണ്ട് കക്ഷികളായിട്ട്, രണ്ട് സംഘം (ആകുവാൻ) وَاللَّهُ അല്ലാഹുവാകട്ടെ أَرْكَسَهُمْ അവരെ(കുത്തനെ) മറിച്ചിട്ടിരിക്കുന്നു, (മുൻസ്ഥിതിയിലേക്ക്) തള്ളിയിരിക്കുന്നു بِمَا كَسَبُوا അവർ സമ്പാദിച്ച(ചെയ്തുവെച്ച)ത് നിമിത്തം أَتُرِيدُونَ നിങ്ങൾ ഉദ്ദേശിക്കുന്നുവോ, ഉദ്ദേശിക്കുകയോ أَنْ تَهْدُوا നിങ്ങൾ നേർമാർഗത്തിലാക്കുവാൻ, വഴി കാട്ടുവാൻ مَنْ أَضَلَّ വഴിപിഴവിലാക്കിയവരെ(വനെ) اللَّهُ അല്ലാഹു وَمَنْ يُضْلِلِ യാതൊരുവനെ (ആരെ) വഴിപിഴവിലാക്കുന്നുവോ اللَّهُ അല്ലാഹു فَلَنْ تَجِدَ എന്നാൽ നീ കണ്ടെത്തുകയേ ഇല്ല لَهُ അവന് سَبِيلًا ഒരു മാർഗം

പ്രത്യക്ഷത്തിൽ ഇസ്‌ലാമിനെ അംഗീകരിച്ചു മുസ്‌ലിംകളായി അഭിനയിക്കുകയും, അതേ സമയത്ത് മുശ്‌രിക്കുകളായ സ്വജനങ്ങളെ വിട്ടു ഹിജ്റഃപോരുവാൻ തയ്യാറില്ലാതെ അവരുമായി കലർന്ന് ജീവിക്കുകയും ചെയ്തിരുന്ന കുറേ ആളുകളുണ്ടായിരുന്നു. പുറമെ മുസ്‌ലിംകളായി ചമയുകയും അവരോട് സ്നേഹബന്ധം പ്രകടിപ്പിക്കുകയും ചെയ്തിരുന്നതുകൊണ്ട് അവർ യഥാർഥത്തിൽ മുസ്‌ലിംകൾ തന്നെയാണെന്നും, മുസ്‌ലിംകളോടെന്നപോലെ അവരോടും പെരുമാറണമെന്നും ആയിരുന്നു സ്വഹാബികളിൽ ഒരു വിഭാഗത്തിന്റെ പക്ഷം. പ്രത്യക്ഷത്തിൽ മുസ്‌ലിംകളാണെങ്കിൽ തന്നെയും മുശ്‌രിക്കുകളെ കൈവെടിയുവാൻ ഒരുക്കമില്ലാതിരിക്കുകയും, അവരുടെ പ്രവർത്തനങ്ങളിലെല്ലാം ഏറെക്കുറെ ഭാഗഭാക്കാകുകയും ചെയ്തിരുന്നതുകൊണ്ട് അവർ തനി കപടൻമാരാണെന്നും, അവിശ്വാസികളോടെന്നപോലെ അവരോടും പെരുമാറണമെന്നും ആയിരുന്നു മറ്റൊരു പക്ഷത്തിന്റെ അഭിപ്രായം. ഈ രണ്ടാമത്തെ അഭിപ്രായക്കാരെയാണ് അല്ലാഹു ശരിവെക്കുന്നതെന്ന് ഈ വചനത്തിൽ നിന്നും അടുത്ത വചനങ്ങളിൽനിന്നും സ്പഷ്ടമാകുന്നു. അവർ ഇസ്‌ലാമിനെ അംഗീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പിന്നീടുള്ള അവരുടെ ചെയ്തികൾ നിമിത്തം അവർ പഴയ ശിർക്കിലേക്കുതന്നെ തലകുത്തനെ മറിഞ്ഞു പോകുകയും, സത്യമാർഗത്തിൽ നിന്ന് വ്യതിചലിച്ചുപോകുകയും ചെയ്തിരിക്കുകയാണ്. എന്നിരിക്കെ, അവരെ സന്മാർഗികളും നല്ലവരുമായി ഗണിക്കുവാൻ എന്തു ന്യായമാണുള്ളത്? എന്നത്രെ അല്ലാഹു ചോദിക്കുന്നത്.

അല്ലാഹു വഴിപിഴവിലാക്കി; അല്ലാഹു പൂർവ്വസ്ഥിതിയിലേക്ക് മറിച്ചിട്ടു; അല്ലാഹു ഹൃദയത്തിന് മുദ്രവെച്ചു എന്നിങ്ങിനെയുള്ള പ്രയോഗങ്ങളുടെ ഉദ്ദേശ്യത്തെക്കുറിച്ച് സൂ: ഫാതിഹഃയിൽ 'ഹിദായത്തി'ന്റെ വിവരണത്തിലും, അൽബക്വറഃ 7-ാം വചനം മുതലായവയടെ വ്യാഖ്യാനത്തിലും മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. 'അവർ വഴിപിഴച്ചു പോയി, അവർ പൂർവ്വസ്ഥിതിയിലേക്കു മടങ്ങി, അവരുടെ ഹൃദയത്തിലേക്ക് വേണ്ടതൊന്നും കടക്കാതായിത്തീർന്നു' എന്നൊക്കെയുള്ള അർഥത്തിലാണ് അവ കലാശിക്കുന്നത്. കാരണങ്ങൾ അവരിൽ നിന്നാണെങ്കിലും എല്ലാം അല്ലാഹുവിന്റെ സൃഷ്ടിയാണല്ലോ. മേൽ പ്രസ്താവിച്ച കപടവിശ്വാസികളുടെ യഥാർഥ സ്ഥിതിയും അവരോട് സ്വീകരിക്കപ്പെടേണ്ടുന്ന നയം എന്താണെന്നും അടുത്തവചനങ്ങളിൽ അല്ലാഹു വിവരിക്കുന്നു:-

وَدُّوا۟ لَوْ تَكْفُرُونَ كَمَا كَفَرُوا۟ فَتَكُونُونَ سَوَآءً ۖ فَلَا تَتَّخِذُوا۟ مِنْهُمْ أَوْلِيَآءَ حَتَّىٰ يُهَاجِرُوا۟ فِى سَبِيلِ ٱللَّهِ ۚ

﴿89﴾ അവർ അവിശ്വസിച്ചതുപോലെ, നിങ്ങളും അവിശ്വസിക്കുകയും, അങ്ങിനെ നിങ്ങൾ(ഇരുകൂട്ടരും) സമമായിരിക്കുകയും ചെയ്തിരുന്നെങ്കിൽ (കൊള്ളാമായിരുന്നു) എന്ന് അവർ ആഗ്രഹിക്കുകയാണ്. അതിനാൽ, അവരിൽ നിന്ന് നിങ്ങൾ (ബന്ധു) മിത്രങ്ങളെ സ്വീകരിക്കരുത്, അവർ അല്ലാഹുവിന്റെ മാർഗത്തിൽ 'ഹിജ്റഃ' [രാജ്യം ത്യജിച്ചു]

പോകുന്നത് വരേക്കും.

فَإِن تَوَلَّوۡاْ فَخُذُوهُمۡ وَٱقۡتُلُوهُمۡ حَيۡثُ وَجَدتُّمُوهُمۡۖ وَلَا تَتَّخِذُواْ مِنۡهُمۡ وَلِيّٗا وَلَا نَصِيرًا ﴿٨٩﴾

ഇനി, അവർ തിരിഞ്ഞു കളയുകയാണെങ്കിൽ, നിങ്ങൾ അവരെ പിടിക്കുകയും, അവരെ കണ്ടുമുട്ടിയേടത്തുവെച്ച് കൊലപ്പെടുത്തുകയും ചെയ്യുവിൻ. അവരിൽ നിന്നും ഒരു ബന്ധു മിത്രത്തെയാകട്ടെ. സഹായകനെയാകട്ടെ നിങ്ങൾ സ്വീകരിക്കുകയും ചെയ്യരുത്:-

﴾89﴿ وَدُّوا അവർ ആഗ്രഹിക്കുകയാണ്, കൊതിച്ചിരിക്കുന്നു لَوۡ تَكۡفُرُونَ നിങ്ങൾ അവിശ്വസിച്ചിരുന്നുവെങ്കിൽ (എന്ന്) كَمَا كَفَرُوا അവർ അവിശ്വസിച്ചതുപോലെ فَتَكُونُونَ അങ്ങിനെ നിങ്ങൾ ആയിരിക്കുകയും سَوَاءً സമം, ഒരുപോലെ فَلَا تَتَّخِذُوا അതിനാൽ നിങ്ങൾ ഉണ്ടാക്കരുത്, സ്വീകരിക്കരുത് مِنۡهُمۡ അവരിൽ നിന്ന് أَوۡلِيَاءَ മിത്രങ്ങളെ, ബന്ധുക്കളെ حَتَّىٰ يُهَاجِرُوا അവർ ഹിജ്റഃ പോകുന്നതുവരെ فِي سَبِيلِ മാർഗത്തിൽ اللَّهِ അല്ലാഹുവിന്റെ فَإِنۡ تَوَلَّوۡا എനി അവർ തിരിഞ്ഞു കളഞ്ഞെങ്കിൽ فَخُذُوهُمۡ എന്നാലവരെ നിങ്ങൾ പിടിക്കുവിൻ وَاقۡتُلُوهُمۡ അവരെ നിങ്ങൾ കൊല്ലുകയും ചെയ്യുവിൻ حَيۡثُ وَجَدتُّمُوهُمۡ നിങ്ങളവരെ കണ്ടുമുട്ടിയേടത്ത് (കിട്ടിയേടത്ത്)വെച്ച് وَلَا تَتَّخِذُوا നിങ്ങൾ സ്വീകരിക്കുകയും അരുത് مِنۡهُمۡ അവരിൽ നിന്ന് وَلِيًّا ഒരു ബന്ധുവിനെയും, ഒരു മിത്രത്തെ وَلَا نَصِيرًا ഒരു സഹായകനെയും അരുത്

إِلَّا ٱلَّذِينَ يَصِلُونَ إِلَىٰ قَوۡمِۭ بَيۡنَكُمۡ وَبَيۡنَهُم مِّيثَٰقٌ أَوۡ جَآءُوكُمۡ حَصِرَتۡ صُدُورُهُمۡ أَن يُقَٰتِلُوكُمۡ أَوۡ يُقَٰتِلُواْ قَوۡمَهُمۡۚ

﴾90﴿ (അതെ) നിങ്ങൾക്കും തങ്ങൾക്കുമിടയിൽ വല്ല ഉടമ്പടിയും ഉള്ളതായ ഒരു ജനതയോട് ചേർന്ന് (ബന്ധപ്പെട്ട്) നിൽക്കുന്നവരൊഴികെ; അല്ലെങ്കിൽ, നിങ്ങളുമായി യുദ്ധം ചെയ്യുകയോ, തങ്ങളുടെ ജനതയുമായി യുദ്ധം ചെയ്യുകയോ ചെയ്വാൻ (വിഷമിച്ച്) തങ്ങളുടെ മനസ്സിടുങ്ങിയ നിലയിൽ നിങ്ങളുടെ അടുക്കൽ വന്നിട്ടുള്ള(വർ ഒഴികെ).

وَلَوۡ شَآءَ ٱللَّهُ لَسَلَّطَهُمۡ عَلَيۡكُمۡ فَلَقَٰتَلُوكُمۡۚ

അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, നിങ്ങൾക്കെതിരെ (ശക്തിനൽകി) അവരെ അവൻ അധികാരപ്പെടുത്തുകയും, അങ്ങനെ, അവർ നിങ്ങളോട് യുദ്ധം ചെയ്യുകയും

فَإِنِ ٱعۡتَزَلُوكُمۡ فَلَمۡ يُقَٰتِلُوكُمۡ وَأَلۡقَوۡاْ إِلَيۡكُمُ ٱلسَّلَمَ فَمَا جَعَلَ ٱللَّهُ لَكُمۡ عَلَيۡهِمۡ سَبِيلٗا ﴿٩٠﴾

തന്നെ ചെയ്യുമായിരുന്നു.

എന്നാൽ, അവർ നിങ്ങളെ വിട്ടുനിന്നു നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളോട് സമാധാനം പ്രകടിപ്പിക്കുക [സന്ധിക്കു ഒരുങ്ങുക]യും ചെയ്തുവെങ്കിൽ. അപ്പോൾ, അവരുടെ മേൽ നിങ്ങൾക്ക് അല്ലാഹു ഒരു മാർഗവും ഉണ്ടാക്കിത്തന്നിട്ടില്ല.

إِلَّا الَّذِينَ ﴿90﴾ യാതൊരുവരൊഴികെ يَصِلُونَ അവർ ചേരുന്നു, ബന്ധപ്പെടുന്നു إِلَىٰ قَوْمٍ ഒരു ജനതയിലേക്ക് بَيْنَكُمْ നിങ്ങൾക്കിടയിലുണ്ട് وَبَيْنَهُمْ അവർക്കിടയിലുമുണ്ട് مِيثَاقٌ വല്ല ഉറപ്പും, കരാറും, ഉടമ്പടിയും أَوْ جَاءُوكُمْ അല്ലെങ്കിൽ അവർ നിങ്ങളുടെ അടുക്കൽ വന്നു حَصِرَتْ ഇടുങ്ങിയ നിലയിൽ صُدُورُهُمْ അവരുടെ നെഞ്ചുകൾ(മനസ്സ്) أَن يُقَاتِلُوكُمْ അവർ നിങ്ങളുമായി (നിങ്ങളോട്) യുദ്ധം ചെയ്‌വാൻ أَوْ يُقَاتِلُوا അല്ലെങ്കിൽ അവർ യുദ്ധം ചെയ്‌വാൻ قَوْمَهُمْ അവരുടെ (തങ്ങളുടെ) ജനതയോട് وَلَوْ شَاءَ ഉദ്ദേശിച്ചിരുന്നെങ്കിൽ اللَّهُ അല്ലാഹു لَسَلَّطَهُمْ അവരെ അധികാരപ്പെടുത്തുക (നിയോഗിക്കുക) തന്നെ ചെയ്തിരുന്നു عَلَيْكُمْ നിങ്ങളുടെ മേൽ, നിങ്ങൾക്കെതിരെ فَلَقَاتَلُوكُمْ അങ്ങനെ(എന്നിട്ട്) അവർ നിങ്ങളോട് യുദ്ധം ചെയ്യുക തന്നെ ചെയ്തിരുന്നു فَإِنِ اعْتَزَلُوكُمْ എന്നാൽ അവർ നിങ്ങളെ വിട്ടു നിന്നാൽ, ഒഴിഞ്ഞു നിന്നെങ്കിൽ فَلَمْ يُقَاتِلُوكُمْ എന്നിട്ട് നിങ്ങളോടവർ യുദ്ധം ചെയ്തില്ല وَأَلْقَوْا അവർ ഇടുക (പ്രകടിപ്പിക്കുക - കാണിക്കുക)യും ചെയ്തു إِلَيْكُمُ നിങ്ങളിലേക്ക്, നിങ്ങളോട് السَّلَمَ സമാധാനം, ഒതുക്കം, ശാന്തത, സലാം فَمَا جَعَلَ എന്നാൽ ആക്കിയിട്ടില്ല, ഏർപ്പെടുത്തിയിട്ടില്ല اللَّهُ അല്ലാഹു لَكُمْ عَلَيْهِمْ നിങ്ങൾക്ക് അവരുടെ മേൽ سَبِيلًا ഒരു മാർഗം, വഴിയും

കഴിഞ്ഞ വചനത്തിൽ പ്രസ്താവിക്കപ്പെട്ട ആ കപട വിശ്വാസികളെ സംബന്ധിച്ച് ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടിയ സംഗതികൾ ഇങ്ങനെ സംഗ്രഹിക്കാം:

(1) അവർ യഥാർഥത്തിൽ സത്യവിശ്വാസികളല്ല. അവിശ്വാസികൾ തന്നെയാണ്. നിങ്ങളും കൂടി അവരെപ്പോലെ അവിശ്വാസികളായിത്തീരുവാനാണ് അവർ ആഗ്രഹിക്കുന്നതും. അതുകൊണ്ട് അവരോട് മൈത്രിയും സ്നേഹബന്ധവും പുലർത്തിക്കൂടാ.

(2) അവർ മുസ്‌ലിംകളാണെങ്കിൽ അവർ ഹിജ്റഃ പോരേണ്ടതായിരുന്നു. എനി അവർ 'ദാറുൽഹർബി' (ശത്രുനാട്ടി)ൽ നിന്ന് മദീനായിലേക്ക് ഹിജ്റഃ വരുന്നപക്ഷം അപ്പോൾ അവരെ മുസ്‌ലിംകളായി കരുതാവുന്നതുമാണ്.

(3) ഹിജ്റഃ പോരാൻ വിസമ്മതിക്കുന്ന പക്ഷം, അവർ അവിശ്വാസികളും ശത്രുക്കളുമായിത്തന്നെ കരുതണം. മക്കാ മുശ്രിക്കുകളോടെന്നപോലെ അവരോടും യുദ്ധ നടപടികൾ സ്വീകരിക്കണം. അതെ, മുസ്ലിംകളോട് യുദ്ധം പ്രഖ്യാപിച്ച മുശ്രിക്കുകളെ തക്കം കിട്ടിയേടത്തുവെച്ച് ബന്ധനത്തിലാക്കുകയോ, കൊലപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. അത്പോലെ ഇവരോടും അതേനയം സ്വീകരിക്കേണ്ടിയിരിക്കുന്നു. അവരുമായി എന്തെങ്കിലും കൂട്ടുകെട്ടോ, അവരുടെ സഹായം സ്വീകരിക്കലോ പാടില്ലാത്തതാകുന്നു.

ഒരു കാര്യം ഇവിടെ ഓർക്കുന്നത് നന്ന്. മുസ്ലിംകൾക്ക് അക്കാലത്ത് മദീനായിൽ മാത്രമേ മതസ്വാതന്ത്ര്യവും, സൈ്വരജീവിതവും ലഭിച്ചിട്ടുള്ളൂ. ചുറ്റുപാടും - മക്കയിൽ പ്രത്യേകിച്ചും - ശത്രുക്കൾ ഇസ്ലാമിനെ നശിപ്പിക്കുവാൻ തക്കം പാർത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇസ്ലാമിനെ ആശ്ലേഷിക്കുന്നവർ ശത്രുജനങ്ങൾക്കിടയിൽ കഴിഞ്ഞുകൂടുന്നത് പല നിലക്കും അപകടമായിരുന്നു. അതുകൊണ്ട് ഹിജ്റഃക്ക് കഴിവുള്ള എല്ലാ സത്യവിശ്വാസികളും മദീനായിലേക്ക് ഹിജ്റഃ പോകൽ അന്നത്തെ പരിതഃസ്ഥിതിയിൽ നിർബ്ബന്ധമായിരുന്നു. (ആഗ്രഹമുണ്ടായിട്ടും അതിന് സാധിക്കാത്തവർ അതിൽനിന്ന് ഒഴിവാണെന്ന് 98-ാം വചനത്തിൽ വരുന്നുണ്ട്.) പിന്നീട് മക്കാവിജയം ഉണ്ടാകുകയും, അറേബ്യ ഉപദ്വീപ് മിക്കവാറും മുസ്ലിം രാജ്യമായി മാറുകയും ചെയ്തതോടെ ഹിജ്റഃയുടെ നിർബ്ബന്ധം ഇല്ലാതായിത്തീർന്നു. മക്കാ വിജയ ദിവസം നബിﷺ പറഞ്ഞു: 'വിജയത്തിനുശേഷം ഹിജ്റഃ ഇല്ല. എങ്കിലും 'ജിഹാദും, നിയ്യത്ത്' (സമരവും സമരോദ്ദേശ്യവു)മാണുള്ളത്. യുദ്ധത്തിന് പുറപ്പെടുവാൻ ആവശ്യപ്പെടുമ്പോൾ നിങ്ങൾ യുദ്ധത്തിന് പുറപ്പെടുവിൻ.' (ബു; മു.)

(4) എന്നാൽ, മുസ്ലിംകളുമായി സന്ധിയിലോ സഖ്യത്തിലോ നിലകൊള്ളുന്ന ഏതെങ്കിലും ജനതയിൽ പെട്ടവരോ, അവരുടെ അടുക്കൽ അഭയം തേടിച്ചെന്നവരോ, അതുമല്ലെങ്കിൽ, മുസ്ലിംകളോടും സ്വന്തം ജനങ്ങളായ മുശ്രിക്കുകളോടും യുദ്ധം ചെയ്വാൻ മടിച്ചുകൊണ്ട് ധർമസങ്കടത്തിൽ കഴിയുന്നവരോ ആണെങ്കിൽ, അവരെ ശത്രുക്കളായി ഗണിച്ചു മുശ്രിക്കുകളോടെന്നോണം പെരുമാറിക്കൂടാത്തതാകുന്നു. അവർ, സത്യവിശ്വാസികൾക്കെതിരിൽ ശക്തി സംഭരിക്കാതിരുന്നത് അല്ലാഹുവിന്റെ ഒരു അനുഗ്രഹമാണ് എന്ന് കരുതിയാൽ മതി.

(5) ശത്രുനാട്ടിൽ നിന്ന് ഹിജ്റഃ പോരാതിരുന്നെങ്കിലും മുസ്ലിംകളോട് - ശത്രുക്കളൊന്നിച്ചോ ഒറ്റക്കോ - യുദ്ധം ചെയ്യാതെ ഒഴിഞ്ഞു നിൽക്കുകയും, മുസ്ലിംകളുമായി സമാധാനത്തിലും മമതയിലും വർത്തിക്കുകയും ചെയ്യുന്നവരായിരുന്നാലും അവരുടെമേൽ നടപടിയൊന്നും എടുത്തു കൂടാത്തതാണ്. അതെ, അവരെ കൊലചെയ്വാനോ, പിടിച്ചു ബന്ധനത്തിലാക്കുവാനോ പാടില്ല.

سَتَجِدُونَ ءَاخَرِينَ يُرِيدُونَ أَن يَأْمَنُوكُمْ وَيَأْمَنُوا۟ قَوْمَهُمْ

﴾91﴿ **വേറെ ചിലരെ നിങ്ങൾ കണ്ടെത്തിയേക്കും: നിങ്ങളെക്കുറിച്ച്, നിർഭയരായിരിക്കുവാനും തങ്ങളുടെ**

ജനതയെക്കുറിച്ച് നിർഭയരായിരിക്കുവാനും അവർ ഉദ്ദേശിക്കുന്നു.

كُلَّ مَا رُدُّوٓاْ إِلَى ٱلْفِتْنَةِ أُرْكِسُواْ فِيهَا ۚ

അവർ കുഴപ്പത്തിലേക്ക് തിരിക്കപ്പെടുമ്പോഴെല്ലാം അതിൽ അവർ (സ്വയം) മറിഞ്ഞു വീഴുന്നു.

فَإِن لَّمْ يَعْتَزِلُوكُمْ وَيُلْقُوٓاْ إِلَيْكُمُ ٱلسَّلَمَ وَيَكُفُّوٓاْ أَيْدِيَهُمْ فَخُذُوهُمْ وَٱقْتُلُوهُمْ حَيْثُ ثَقِفْتُمُوهُمْ ۚ

എന്നാൽ, അവർ നിങ്ങളെവിട്ടു നിൽക്കുകയും, നിങ്ങളോട് സമാധാനം പ്രകടിപ്പിക്കുകയും, അവരുടെ കൈകളെ (യുദ്ധം ചെയ്യാതെ) തടഞ്ഞു വെക്കുകയും ചെയ്യുന്നില്ലെങ്കിൽ, അവരെ കണ്ടുമുട്ടുന്നേടത്തുവെച്ച് നിങ്ങൾ പിടിക്കുകയും കൊലപ്പെടുത്തുകയും ചെയ്യുവിൻ.

وَأُوْلَـٰٓئِكُمْ جَعَلْنَا لَكُمْ عَلَيْهِمْ سُلْطَـٰنًا مُّبِينًا ﴿٩١﴾

(അങ്ങിനെയുള്ള) അക്കൂട്ടർ - അവരുടെ മേൽ നിങ്ങൾക്ക് നാം വ്യക്തമായ ഒരധികാരം (അഥവാ ന്യായം) ഉണ്ടാക്കിത്തന്നിരിക്കുന്നു.

﴾91﴿ سَتَجِدُونَ നിങ്ങൾ വഴിയെ കണ്ടുമുട്ടും, കണ്ടേക്കും آخَرِينَ വേറെ ചിലരെ يُرِيدُونَ അവർ ഉദ്ദേശിക്കും, ഉദ്ദേശിക്കുന്നു أَنْ يَأْمَنُوكُمْ നിങ്ങളെ(ക്കുറിച്ച്) അവർ നിർഭയരായിരിക്കുവാൻ وَيَأْمَنُوا അവർ നിർഭയരായിരിക്കുവാനും قَوْمَهُمْ തങ്ങളുടെ ജനതയെ (ക്കുറിച്ച്) كُلَّمَا رُدُّوا അവർ മടക്ക(ആക്ക)പ്പെടുമ്പോഴെല്ലാം, തിരിക്കപ്പെടുമ്പോഴൊക്കെ إِلَى الْفِتْنَةِ കുഴപ്പത്തിലേക്ക് أُرْكِسُوا അവർ(കുത്തനെ) മറിച്ചിടപ്പെടും (മറിഞ്ഞു വീഴും) فِيهَا അതിൽ فَإِنْ لَمْ يَعْتَزِلُوكُمْ എന്നാൽ അവർ നിങ്ങളെ വിട്ടു(അകന്നു) നിന്നില്ലെങ്കിൽ وَيُلْقُوا إِلَيْكُمُ നിങ്ങൾക്ക് ഇട്ടുതരുക(നിങ്ങളോട് പ്രകടിപ്പിക്കുക)യും السَّلَمَ സമാധാനം, ഒതുക്കം وَيَكُفُّوا അവർ തടഞ്ഞുവെക്കുകയും, (നിറുത്തൽചെയ്കയും) أَيْدِيَهُمْ അവരുടെ കൈകളെ فَخُذُوهُمْ എന്നാലവരെ നിങ്ങൾ പിടിച്ചുകൊള്ളുവിൻ وَاقْتُلُوهُمْ അവരെ നിങ്ങൾ കൊലപ്പെടുത്തുകയും ചെയ്യുവിൻ حَيْثُ ثَقِفْتُمُوهُمْ അവരെ നിങ്ങൾ കണ്ടുമുട്ടിയേടത്ത്, കണ്ടുകിട്ടിയ സ്ഥലത്തുവെച്ച് وَأُولَئِكُمْ അക്കൂട്ടർ جَعَلْنَا നാം ഉണ്ടാക്കി(ഏർപ്പെടുത്തി)യിരിക്കുന്നു لَكُمْ നിങ്ങൾക്ക് عَلَيْهِمْ അവരുടെ മേൽ سُلْطَانًا ഒരു അധികാരം, ന്യായം مُبِينًا വ്യക്തമായ, സ്പഷ്ടമായ

മുമ്പ് വിവരിച്ച കപട വിശ്വാസികളിൽ ചില തരക്കാരെക്കുറിച്ച് തന്നെയാണ് ഈ വചനത്തിലെയും പരാമർശം. നാമമാത്രമാണെങ്കിലും ഇസ്‌ലാമിനെ അംഗീകരിച്ചു കൊണ്ട് മുസ്‌ലിംകളോടും, മുശ്‌രിക്കുകളായ സ്വജനങ്ങളോടും സംഘട്ടനം കൂടാതെ കഴിയണമെന്ന് ആഗ്രഹിക്കുന്നവരെപ്പറ്റിയാണ് മുമ്പ് പറഞ്ഞത്. ഇവരുടെ സ്ഥിതി അതിൽ നിന്ന് വ്യത്യസ്തമാണ്. വേണ്ടപ്പോൾ മുസ്‌ലിംകളായി അഭിനയിക്കാറുണ്ടെങ്കിലും സ്വജനങ്ങളുടെ ശിർക്കുപരമായ കുഴപ്പ പ്രവർത്തനങ്ങളിൽ ഇവർ സഹകരിച്ചും പങ്ക് വഹിച്ചും വരുന്നു. അത്തരം കുഴപ്പങ്ങളിൽ പങ്കു ചേരുവാൻ പ്രേരണ ലഭിക്കുമ്പോഴേക്കും അതിലേക്കവർ സ്വയം മറിഞ്ഞു വീഴുകയായി. അങ്ങനെ, ഇരു ഭാഗത്തും തങ്ങൾക്ക് അഭയം ലഭിക്കുവാൻവേണ്ടിയുള്ള ഇരുമുഖ നയമായിരിക്കും ഇവർക്കുള്ളത്. ഈ നിലമാറ്റി മുസ്‌ലിംകൾക്കെതിരെയുള്ള സംരംഭങ്ങളിലൊന്നും ഭാഗഭാക്കാകാതെ സമാധാനത്തിലും ഒതുക്കത്തിലും നിൽക്കാത്ത കാലത്തോളം ഇവരെയും പ്രത്യക്ഷ ശത്രുക്കളായി കണക്കാക്കണമെന്നും, തക്കം കിട്ടുമ്പോൾ അവരെ പിടിച്ചു ബന്ധനത്തിലാക്കുകയോ കൊല്ലുകയോ വേണമെന്നും, അതിന് തികച്ചും ന്യായവും അവകാശവുമുണ്ടെന്നും അല്ലാഹു അറിയിക്കുന്നു.

എത്ര വ്യക്തവും, യുക്തവും, വിശദവുമായ രൂപത്തിലാണ് സത്യവിശ്വാസികളെ അല്ലാഹു ഉപദേശിക്കുന്നതും, ശത്രുക്കളോട് അനുവർത്തിക്കേണ്ടുന്ന നയപരിപാടികളും സമരമുറകളും അവരെ പഠിപ്പിക്കുന്നതുമെന്നു നോക്കുക! അതേ സമയം തന്നെ ശത്രുവിഭാഗക്കാരുടെ മനഃശ്ശാസ്ത്രപരമായ തരംതിരിവുകളെയും, അതത് വിഭാഗക്കാരോട് സ്വീകരിക്കേണ്ടുന്ന നടപടികളും എത്ര യുക്തമായും, നീതിന്യായത്തോടുകൂടിയുമാണ് അല്ലാഹു വിവരിക്കുന്നതെന്നും നോക്കുക! الله أكبر

വിഭാഗം - 13

ഇസ്‌ലാമിന്റെ ശത്രുക്കളുടെയും, അവരോട് ബന്ധപ്പെട്ടു കഴിയുന്ന കപടവിശ്വാസികളുടെയും നേരെ സ്വീകരിക്കേണ്ടുന്ന നടപടികളെക്കുറിച്ച് പലതും വിവരിച്ചശേഷം, സത്യവിശ്വാസികളെയോ, അവരോട് സഖ്യബന്ധമുള്ളവരെയോ കൊല ചെയ്യുന്നത് സംബന്ധിച്ച നിയമങ്ങൾ അല്ലാഹു വിവരിക്കുന്നു:-

وَمَا كَانَ لِمُؤْمِنٍ أَن يَقْتُلَ مُؤْمِنًا
إِلَّا خَطَـًٔا ۚ وَمَن قَتَلَ مُؤْمِنًا خَطَـًٔا
فَتَحْرِيرُ رَقَبَةٍ مُّؤْمِنَةٍ وَدِيَةٌ مُّسَلَّمَةٌ
إِلَىٰٓ أَهْلِهِۦٓ إِلَّآ أَن يَصَّدَّقُوا۟ ۚ

﴾92﴿ **ഒരു സത്യവിശ്വാസിക്കും (തന്നെ) അബദ്ധമായിട്ടല്ലാതെ, ഒരു സത്യവിശ്വാസിയെ അവൻ കൊലപ്പെടുത്തുക ഉണ്ടാകാവതല്ല. [ഉണ്ടാവാൻ പാടില്ല.] ആരെങ്കിലും ഒരു സത്യവിശ്വാസിയെ അബദ്ധമായി കൊലപ്പെടുത്തിയാലാകട്ടെ, അപ്പോൾ ഒരു സത്യവിശ്വാസിയായ അടിമയെ സ്വതന്ത്രമാക്കലും, അവന്റെ [കൊല്ലപ്പെട്ടവന്റെ] ആൾക്കാ**

ർക്ക് ഏൽപിച്ചുകൊടുക്കപ്പെടുന്ന ഒരു തെണ്ടവും [നഷ്ടപരിഹാരവും] ആകുന്നു (വേണ്ടത്); അവർ (വിട്ടു കൊടുത്ത്) സൗജന്യമാക്കുന്നതായാലൊഴികെ.

فَإِن كَانَ مِن قَوْمٍ عَدُوٍّ لَّكُمْ وَهُوَ مُؤْمِنٌ فَتَحْرِيرُ رَقَبَةٍ مُّؤْمِنَةٍ ۖ

എനി(കൊല്ലപ്പെട്ട) അവൻ, നിങ്ങളുടെ ശത്രുവായ ഒരു ജനതയിൽ പെട്ടവനാണ്, അവനാകട്ടെ സത്യവിശ്വാസിയുമാണ് എങ്കിൽ, അപ്പോൾ, സത്യവിശ്വാസിയായ ഒരു അടിമയെ സ്വതന്ത്രമാക്കലാണ് (വേണ്ടത്).

وَإِن كَانَ مِن قَوْمٍ بَيْنَكُمْ وَبَيْنَهُم مِّيثَاقٌ فَدِيَةٌ مُّسَلَّمَةٌ إِلَىٰٓ أَهْلِهِۦ وَتَحْرِيرُ رَقَبَةٍ مُّؤْمِنَةٍ ۖ

അവൻ, നിങ്ങൾക്കും തങ്ങൾക്കുമിടയിൽ വല്ല ഉടമ്പടിയുമുള്ളതായ ഒരു ജനതയിൽ പെട്ടവനാണെങ്കിലാകട്ടെ, അപ്പോൾ, അവന്റെ ആൾക്കാർക്ക് ഏൽപിച്ചുകൊടുക്കപ്പെടുന്ന ഒരു തെണ്ടവും [നഷ്ടപരിഹാരവും], ഒരു സത്യവിശ്വാസിയായ അടിമയെ സ്വതന്ത്രമാക്കലുമാണ് (വേണ്ടത്).

فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ تَوْبَةً مِّنَ ٱللَّهِ ۗ

എനി, വല്ലവർക്കും അത് (സാധിച്ചു) കിട്ടിയില്ലെങ്കിൽ, തുടർച്ചയായി രണ്ട് മാസത്തെ നോമ്പാകുന്നു (വേണ്ടത്); (അതെ) അല്ലാഹുവിങ്കൽ നിന്ന് (നിശ്ചയിക്കപ്പെട്ടിട്ടു)ള്ള പശ്ചാത്താപമായിട്ട്.

وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿٩٢﴾

അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

﴾92﴿ وَمَا كَانَ ആയിക്കൂടാ, ആകാവതല്ല, ഉണ്ടായിക്കൂടാ, പാടില്ല لِمُؤْمِنٍ ഒരു സത്യവിശ്വാസിക്കും أَن يَقْتُلَ അവൻ കൊലചെയ്യൽ, വധിക്കൽ مُؤْمِنًا ഒരു സത്യവിശ്വാസിയെ إِلا خَطَأً അബദ്ധമാ(പിഴവാ)യിട്ടൊഴികെ وَمَن قَتَلَ വല്ലവനും (ആരെങ്കിലും) കൊന്നാൽ مُؤْمِنًا ഒരു സത്യവിശ്വാസിയെ خَطَأً അബദ്ധമായി فَتَحْرِيرُ എന്നാൽ സ്വതന്ത്രമാക്കലാണ് رَقَبَةٍ ഒരു പിരടിയെ (അടിമയെ) مُؤْمِنَةٍ സത്യവിശ്വാസിയായ وَدِيَةٌ ഒരു തെണ്ട (നഷ്ടപരിഹാരം)വും مُسَلَّمَةٌ ഏല്പിച്ചു (വിട്ടു)

إِلَّا أَن يَصَّدَّقُوا അവൻ്റെ ആൾക്കാരിലേക്ക്, കുടുംബത്തിന് إِلَىٰ أَهْلِهِ കൊടുക്കപ്പെടുന്ന അവർ ധർമം (സൗജന്യം) ആക്കിയാലൊഴികെ فَإِن كَانَ എന്നി അവനായിരുന്നെങ്കിൽ مِن قَوْمٍ ഒരു ജനതയിൽ നിന്നു(ള്ളവൻ) عَدُوٍّ لَّكُمْ നിങ്ങൾക്ക് ശത്രുവായ وَهُوَ مُؤْمِنٌ അവനാകട്ടെ സത്യവിശ്വാസിയുമാണ് فَتَحْرِيرُ എന്നാൽ സ്വതന്ത്രമാക്കലാണ് رَقَبَةٍ ഒരു പിരടി (അടിമ)യെ مُّؤْمِنَةٍ സത്യവിശ്വാസിയായ وَإِن كَانَ അവനായിരുന്നാലാകട്ടെ مِن قَوْمٍ ഒരു ജനതയിൽപെട്ട(വൻ) بَيْنَكُمْ وَبَيْنَهُم നിങ്ങൾക്കും അവർക്കുമിടയിലുണ്ട് مِّيثَاقٌ കരാർ ഉടമ്പടി فَدِيَةٌ എന്നാൽ തെണ്ടം مُّسَلَّمَةٌ ഏൽപിച്ചു കൊടുക്കപ്പെടുന്ന إِلَىٰ أَهْلِهِ അവൻ്റെ ആൾക്കാർക്ക്, കുടുംബത്തിലേക്ക് وَتَحْرِيرُ رَقَبَةٍ ഒരടിമയെ സ്വതന്ത്രമാക്കലും مُّؤْمِنَةٍ സത്യവിശ്വാസിയായ فَمَن لَّمْ يَجِدْ എനി ആർക്ക് കിട്ടിയില്ലയോ, വല്ലവനും എത്തിക്കാതിരുന്നാൽ فَصِيَامُ എന്നാൽ നോമ്പ് നോൽക്കൽ شَهْرَيْنِ രണ്ട് മാസത്തെ مُتَتَابِعَيْنِ തുടർച്ചയായി(രണ്ട്) تَوْبَةً പശ്ചാത്താപമായിട്ട്, (വേദിച്ചു) മടക്കമായിട്ട് مِّنَ اللَّهِ അല്ലാഹുവിൽ നിന്ന് (നിശ്ചയിച്ച) وَكَانَ اللَّهُ അല്ലാഹു ആകുന്നു عَلِيمًا അറിയുന്നവൻ حَكِيمًا അഗാധജ്ഞൻ, യുക്തിമാൻ

وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُۥ جَهَنَّمُ خَٰلِدًا فِيهَا وَغَضِبَ ٱللَّهُ عَلَيْهِ وَلَعَنَهُۥ وَأَعَدَّ لَهُۥ عَذَابًا عَظِيمًا ﴿٩٣﴾

《93》 ആരെങ്കിലും ഒരു സത്യവിശ്വാസിയെ കൽപിച്ചു കൂട്ടി കൊലപ്പെടുത്തുന്ന പക്ഷം, അവൻ്റെ പ്രതിഫലം, 'ജഹന്നം' [നരകം] ആകുന്നു - അതിൽ (അവൻ) നിത്യവാസി യായിക്കൊണ്ട്; അവൻ്റെ മേൽ അല്ലാഹു കോപിക്കുകയും, അവനെ ശപിക്കുകയും ചെയ്യുന്നതാണ്; അവന്ന് വമ്പിച്ച ശിക്ഷ അവൻ (അല്ലാഹു) ഒരുക്കിവെക്കുകയും ചെയ്യുന്നതാണ്.

《93》 وَمَن يَقْتُلْ ആർ കൊല്ലുന്നുവോ, വല്ലവനും കൊന്നാൽ مُؤْمِنًا ഒരു സത്യവിശ്വാസിയെ مُّتَعَمِّدًا കൽപിച്ചു കൂട്ടി, കരുതിക്കൂട്ടി فَجَزَآؤُهُ എന്നാലവൻ്റെ പ്രതിഫലം جَهَنَّمُ ജഹന്നമാണ്, നരകമാകുന്നു خَالِدًا നിത്യ(സ്ഥിര)വാസിയായിക്കൊണ്ട് فِيهَا അതിൽ وَغَضِبَ اللَّهُ അല്ലാഹു കോപിക്കുകയും ചെയ്യും عَلَيْهِ അവൻ്റെ മേൽ وَلَعَنَهُ അവനെ അവൻ ശപിക്കുകയും ചെയ്യും وَأَعَدَّ لَهُ അവന്ന് അവൻ ഒരുക്കിവെക്കുകയും ചെയ്യും عَذَابًا ശിക്ഷ عَظِيمًا വമ്പിച്ചതായ

അബദ്ധം പിണഞ്ഞാലല്ലാതെ ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയെ കൊലപ്പെടുത്തുകയെന്ന സംഭവമേ ഉണ്ടായിക്കൂടാത്തതാണ് എന്ന

മുഖവുരയോടുകൂടിയാണ് അല്ലാഹു വിഷയം ആരംഭിക്കുന്നത്. തുടർന്നു കൊണ്ട് കൊലപാതകം പല വകുപ്പുകളാക്കി തരംതിരിക്കുകയും ഓരോന്നിനെയും സംബന്ധിച്ച വിധികൾ വിവരിക്കുകയും ചെയ്തിരിക്കുന്നു. അതിങ്ങിനെ സംഗ്രഹിക്കാം:-

(1) ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയെ അബദ്ധത്തിൽ കൊലചെയ്യുക. അത് നിമിത്തം രണ്ട് കാര്യങ്ങൾ ഘാതകന്റെ മേൽ നിർബ്ബന്ധമാകുന്നു.

ഒന്ന്: സത്യവിശ്വാസിയായ ഒരു അടിമയെ സ്വതന്ത്രമാക്കി മോചിപ്പിക്കൽ. ഒരു സത്യവിശ്വാസി അവന്റെ കൈക്ക് നഷ്ടപ്പെട്ട സ്ഥിതിക്ക് മറ്റൊരു സത്യവിശ്വാസിയുടെ അടിമത്തത്തിൽനിന്ന് അവനെ മോചിപ്പിക്കുന്നത് വളരെ അനുയോജ്യമാണല്ലോ, رَقَبَة (റക്വബത്ത്) എന്നാണ് അല്ലാഹു ഉപയോഗിച്ച വാക്ക്. ഒരു ആൾ എന്ന അർഥത്തിൽ 'ഒരു തല' എന്ന് മലയാളത്തിൽ പറയാറുള്ളത്പോലെ, അറബിയിൽ ചിലപ്പോൾ رَأْس (തല)എന്നും, ചിലപ്പോൾ رَقَبَة (പിരടി) എന്നും ഉപയോഗിക്കാറുണ്ട്. പക്ഷേ, അടിമകളെ - അവർ ആണോ പെണ്ണോ, ചെറുതോ വലുതോ എന്ന വ്യത്യാസമില്ലാതെ - ഉദ്ദേശിച്ചാണ് അധികവും رَقَبَةന്റെ ഉപയോഗം. എന്നാലും ആ അടിമ സത്യവിശ്വാസിയായിരിക്കണമെന്ന് നിബന്ധനയുള്ളത് കൊണ്ട് ഇസ്‌ലാമിനെപ്പറ്റി ഒന്നും അറിഞ്ഞുകൂടാത്ത ചെറിയ കുട്ടികളായാൽ പോരാ എന്നു ഇവിടെ ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

രണ്ടാമതായി: കൊല്ലപ്പെട്ടവന്റെ അവകാശികൾക്ക് അവരുടെ നഷ്ടപരിഹാരമായി ഒരു തെണ്ടവും കൊടുത്തു തീർക്കണം. നൂറു ഒട്ടകമാണ് ഒരാൾക്ക് തെണ്ടം നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഒട്ടകം കിട്ടാത്തപ്പോൾ അതിന് പകരം ആടുമാടുകളോ പണമോ ആകാവുന്നതാണ്. (വിശദവിവരങ്ങൾക്ക് ഹദീഥ് ഗ്രന്ഥങ്ങളും ഫിക്വ്ഹ് ഗ്രന്ഥങ്ങളും നോക്കേണ്ടതാകുന്നു.) ഈ തെണ്ടം കൊല്ലപ്പെട്ടവന്റെ അവകാശികൾക്കുള്ളതാകകൊണ്ട് വേണമെങ്കിൽ ഘാതകന് വിട്ടുവീഴ്ച ചെയ്തുകൊടുക്കുവാൻ അവർക്ക് അവകാശമുണ്ട്. അവർ സ്വയം അത് ഒഴിവാക്കിക്കൊടുക്കുന്ന പക്ഷം, അവൻ തെണ്ടം നൽകേണ്ടതില്ല. എന്നാലും അടിമയെ മോചിപ്പിക്കുന്നതിൽ നിന്നു ഒഴിവില്ല.

കൽപിച്ചുകൂട്ടി ഒരു സത്യവിശ്വാസിയെ കൊലപ്പെടുത്തുന്നതിനുള്ള ശിക്ഷാനിയമം പകരം പ്രതിക്രിയ ചെയ്യലാണെന്ന് അൽബക്വറഃ : 178 ൽ മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. ആ പാതകത്തിന്റെ ഗൗരവത്തെപ്പറ്റി ഇവിടെ 93-ാം വചനത്തിൽ തുടർന്നു വിവരിക്കുന്നുമുണ്ട്.

(2) കൊല്ലപ്പെട്ടവൻ സത്യവിശ്വാസി തന്നെയാണെങ്കിലും മുസ്‌ലിംകളുമായി സമരത്തിലും ശത്രുതയിലും കഴിയുന്ന ജനങ്ങളുടെ കൂട്ടത്തിൽ നിന്ന് ഹിജ്റഃപോകാതെ അവർക്കിടയിൽ തന്നെ താമസിക്കുന്ന ആളായിരിക്കുക. അപ്പോൾ കൊലക്ക് പ്രായശ്ചിത്തമായി സത്യവിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുകയാണ് വേണ്ടത്. അവകാശികൾ ശത്രുവിഭാഗക്കാരും, കൊല്ലപ്പെട്ടവൻ അവരിൽ നിന്ന് വേറിട്ട് പോരാത്തവനുമായ സ്ഥിതിക്ക് ഇവിടെ തെണ്ടത്തിന്റെ ആവശ്യമില്ല. തെണ്ടം കൊടുക്കുന്ന പക്ഷം അതു ശത്രുക്കൾക്ക് സഹായം നൽകലായിരിക്കുമല്ലോ.

ഇസ്‌ലാമിനെ യഥാർഥത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിൽ തന്നെയും ശത്രുക്കളുടെ ഇടയിൽ അവരോട് കൂടിയാടി കഴിയുന്നവരാകകൊണ്ട് അത്തരക്കാരെ ശരിക്ക് മനസ്സിലാക്കുവാൻ പ്രയാസമായിരിക്കും. ഇതിനൊരു ഉദാഹരണമാണ് അയ്യാശ്(عياش-رضـ)ന്റെ കഥ. അതായത്, അബൂജഹ്‌ലിന്റെ ഉമ്മയൊത്ത സഹോദരനായ അദ്ദേഹം മുസ്‌ലിമാകുകയും ഹിജ്റഃ പോകുകയും ചെയ്തു. അദ്ദേഹം മുസ്‌ലിമായ കാരണത്താൽ അദ്ദേഹത്തെ മർദ്ദിച്ചവശനാക്കിയിരുന്ന ഒരാളെ പിന്നീട് കണ്ടുമുട്ടിയപ്പോൾ അദ്ദേഹം വധിച്ചു കളഞ്ഞു. വാസ്തവത്തിൽ, ആ മനുഷ്യൻ ഇസ്‌ലാമിൽ വിശ്വസിച്ചു ഹിജ്റഃക്ക് പുറപ്പെട്ടതായിരുന്നു. അയ്യാശ്(റ) ആ വിവരം അറിഞ്ഞിരുന്നതുമില്ല. ഇങ്ങിനെയുള്ള അബദ്ധ സംഭവങ്ങളിലാണ് ഈ വിധി.

(3) മുസ്‌ലിംകളുമായി സന്ധി നിലവിലുള്ള ജനങ്ങളിൽപെട്ട ഒരാളാണ് അബദ്ധത്തിൽ കൊല്ലപ്പെട്ടതെങ്കിൽ തെണ്ടം കൊടുക്കുകയും അടിമയെ മോചിപ്പിക്കുകയും വേണം. കൊല്ലപ്പെട്ടവൻ മുസ്‌ലിമായാലും അല്ലെങ്കിലും വ്യത്യാസമില്ലെന്നാണ് ക്വുർആനിന്റെ വാക്കുകളിൽനിന്ന് വ്യക്തമാകുന്നത്. ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായവും അതാകുന്നു.

(4) കഴിവില്ലായ്മ കൊണ്ടോ, കിട്ടായ്കകൊണ്ടോ അടിമയെ സ്വതന്ത്രമാക്കുവാൻ സാധിക്കാതെ വരുന്ന പക്ഷം ഘാതകൻ തുടർച്ചയായി രണ്ട് മാസം നോമ്പ് പിടിക്കൽ നിർബന്ധമാകുന്നു. തുടർച്ചയായി വേണമെന്ന് നിബന്ധനയുള്ളതുകൊണ്ട് ഇടക്കുവെച്ച് നോമ്പ് മുറിച്ചാൽ വീണ്ടും രണ്ടുമാസം നോൽക്കേണ്ടി വരുന്നതാണ്.

കൊലപാതകത്തിന്റെ ഐഹിക ശിക്ഷാനടപടികളാണല്ലോ തെണ്ടവും, അടിമയെ മോചിപ്പിക്കലും. ഒരു ജീവനെ നഷ്ടപ്പെടുത്തിയതിന്റെ സ്ഥാനത്ത് മറ്റൊര് ജീവനെ അടിമത്വത്തിൽനിന്ന് മോചിപ്പിക്കുക, മുസ്‌ലിംകളിൽ നിലവിലുള്ള അടിമകളെ അവസരം കിട്ടുമ്പോഴൊക്കെ സ്വതന്ത്രരാക്കിത്തീർക്കുക, അബദ്ധത്തിലായാലും ചെയ്തുപോയ തെറ്റിനൊര് പ്രായശ്ചിത്തം നൽകുക എന്നൊക്കെയാണ് അടിമയെ മോചിപ്പിക്കുവാൻ നിശ്ചയിച്ചതിൽ അടങ്ങിയിരിക്കുന്ന തത്വങ്ങൾ. ഇത് ഘാതകന്റെ സ്വന്തം സ്വത്തിൽനിന്ന് നിർവ്വഹിക്കേണ്ടതുമാകുന്നു. അതുകൊണ്ടാണ് അതിന് സാധിക്കാത്ത പക്ഷം പകരം നോമ്പുനോൽക്കുവാനും കൽപിച്ചത്. കൊല്ലപ്പെട്ടവന്റെ കുടുംബങ്ങൾക്ക് നൽകപ്പെടേണ്ടുന്ന ഒരു നഷ്ടപരിഹാരമാണ് തെണ്ടം. അതാകട്ടെ, കേവലം ഭാരിച്ച ഒരു ബാധ്യതയുമാണ്. അതുകൊണ്ട് തെണ്ടത്തിനുള്ള വക ഘാതകന്റെ സ്വന്തം സ്വത്തിൽ നിന്നല്ല – അവന്റെ അടുത്ത അവകാശികളി(عصبة)ൽ നിന്നാണ് – ഈടാക്കേണ്ടതെന്ന് നബിﷺയുടെ സുന്നത്തിൽ നിന്ന് അറിയപ്പെട്ടിരിക്കുന്നു. അവകാശികൾക്ക് കഴിയാതെ വന്നാൽ പൊതുഖജനാവിൽ (ബൈത്തുൽമാലി)ൽ നിന്നായിരിക്കണം. അതും സാധ്യമല്ലാത്തപ്പോൾ മാത്രമേ ഘാതകന്റെ സ്വത്തിൽനിന്നു നൽകപ്പെടേണ്ടതുള്ളൂ. (വിശദവിവരങ്ങൾക്ക് ഹദീഥ് ഗ്രന്ഥങ്ങളും ഫിക്വ്ഹ് ഗ്രന്ഥങ്ങളും ആശ്രയിക്കേണ്ടതാണ്).

സത്യവിശ്വാസികളെ അബദ്ധത്തിൽ കൊലചെയ്യുന്നതിനെപ്പറ്റിയാണ് ഇതുവരെ

പ്രസ്താവിച്ചത്. കൽപിച്ചുകൂട്ടി സത്യവിശ്വാസിയെ കൊലചെയ്താൽ, പകരം കൊല്ലലാണ് ശിക്ഷയെന്നും, കൊല്ലപ്പെട്ടവന്റെ അവകാശികൾ പ്രതിക്കൊല ഒഴിവാക്കിക്കൊടുക്കുന്നപക്ഷം, തെണ്ടം മതിയെന്നും സൂറത്തുൽ ബക്വറഃയിൽ മുമ്പ് കണ്ടുവല്ലോ. എന്നാൽ, കൽപിച്ചുകൂട്ടി സത്യവിശ്വാസിയെ കൊലപ്പെടുത്തുന്നത് എത്ര കണ്ട് ഭയങ്കരവും ക്രൂരവുമായിട്ടാണ് അല്ലാഹു കണക്കാക്കിയിരിക്കുന്നതെന്ന് 98-ാം വചനം ഒരാവർത്തി വായിച്ചാൽ മനസ്സിലാക്കാവുന്നതാണ്. അവന്റെ പ്രതിഫലം ശാശ്വതമായ നരകശിക്ഷയാണ്, അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും അവൻ പാത്രമാകും, അവന് വമ്പിച്ച തോതിലുള്ള ശിക്ഷയും ഉണ്ടാകും എന്നൊക്കെയാണ് അല്ലാഹു അതിൽ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നത്. വാസ്തവത്തിൽ ഇപ്പറഞ്ഞവയിൽ ഏതെങ്കിലും ഒരു താക്കീതുകൊണ്ടുതന്നെ ഈ പാപത്തിന്റെ ഗൗരവം മനസ്സിലാക്കാം. എന്നിരിക്കെ, എല്ലാം കൂടിയാകുമ്പോഴത്തെ സ്ഥിതിയൊന്ന് ആലോചിച്ചു നോക്കുക! ഈ താക്കീതുകളും മറ്റും കണക്കിലെടുത്തുകൊണ്ടാണ് സത്യവിശ്വാസിയെ കൽപ്പിച്ചുകൂട്ടി കൊല ചെയ്തവന് തൗബയില്ല (അവന്റെ പശ്ചാതാപം സ്വീകരിക്കപ്പെടുകയില്ല) എന്ന് ഇബ്നു അബ്ബാസ്(റ) മുതലായവർ അഭിപ്രായപ്പെട്ടിരിക്കുന്നത്. എങ്കിലും മറ്റു പല തെളിവുകളും കൂടി പരിഗണിച്ചുകൊണ്ട് അവൻ ഖേദിച്ചു മടങ്ങിയാൽ അല്ലാഹു പൊറുത്തു കൊടുത്തു കൂടായ്കയില്ലെന്നത്രെ ഭൂരിപക്ഷാഭിപ്രായം. ഇരുഭാഗക്കാർക്കുമുള്ള തെളിവുകളും ന്യായങ്ങളും മറ്റേ ഭാഗക്കാർക്കുള്ള മറുപടിയും ഇവിടെ വിശദീകരിക്കുന്നില്ല. ഏതായാലും ശിർക്കും, കുഫ്റും കഴിച്ചാൽ, പാപങ്ങളിൽവെച്ച് ഏറ്റവും കടുത്തപാപം, ന്യായമായ കാരണം കൂടാതെ കൽപിച്ചുകൂട്ടി ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയെ കൊലപ്പെടുത്തലാണെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ക്വുർആനിൽനിന്നും നബിവചനങ്ങളിൽ നിന്നും സംശയരഹിതമായി അറിയപ്പെട്ടതുമാണത്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا ضَرَبْتُمْ فِى سَبِيلِ ٱللَّهِ فَتَبَيَّنُوا۟ وَلَا تَقُولُوا۟ لِمَنْ أَلْقَىٰٓ إِلَيْكُمُ ٱلسَّلَـٰمَ لَسْتَ مُؤْمِنًا

﴾94﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ (സമരത്തിനായി) യാത്രപോയാൽ, നിങ്ങൾ (കാര്യം) വ്യക്തമായി മനസിലാക്കിക്കൊള്ളുവിൻ; നിങ്ങളോട് 'സലാം' [സമാധാനം] പ്രകടിപ്പിച്ചവനോട് 'നീ സത്യവിശ്വാസിയല്ല' എന്ന് നിങ്ങൾ പറയുകയും ചെയ്യരുത്;

تَبْتَغُونَ عَرَضَ ٱلْحَيَوٰةِ ٱلدُّنْيَا فَعِندَ ٱللَّهِ مَغَانِمُ كَثِيرَةٌ

നിങ്ങൾ ഐഹിക ജീവിതത്തിന്റെ വിഭവം തേടിക്കൊണ്ട്. എന്നാൽ, അല്ലാഹുവിന്റെ അടുക്കൽ വളരെ 'ഗനീമത്ത്' [ഭാഗമായി ലഭിക്കുന്ന

വസ്തു]കൾ ഉണ്ട്.

كَذَٰلِكَ كُنتُم مِّن قَبْلُ فَمَنَّ ٱللَّهُ عَلَيْكُمْ فَتَبَيَّنُوٓا۟ إِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ﴿٩٤﴾

മുമ്പ് നിങ്ങൾ അപ്രകാരം തന്നെയായിരുന്നു; എന്നിട്ട് അല്ലാഹു നിങ്ങളിൽ ദാക്ഷിണ്യം ചെയ്തിരിക്കുകയാണ്; അതിനാൽ, നിങ്ങൾ വ്യക്തമായി (അന്വേഷിച്ച്) മനസ്സിലാക്കുവിൻ.

നിശ്ചയമായും അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മജ്ഞനാകുന്നു.

---

(94) يَاأَيُّهَاالَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ, إِذَاضَرَبْتُمْ നിങ്ങൾ യാത്രപോയാൽ فِي سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ فَتَبَيَّنُوا നിങ്ങൾ വ്യക്തത തേടുവിൻ, വ്യക്തമായി മനസ്സിലാക്കുവിൻ وَلَاتَقُولُوا നിങ്ങൾ പറയുകയും അരുത് لِمَنْ أَلْقَى ഇട്ടുതന്ന(പ്രകടിപ്പിച്ച)വനോട് إِلَيْكُمُ നിങ്ങളിലേക്ക്, നിങ്ങളോട് السَّلَامَ സലാമിനെ, സമാധാനം لَسْتَ നീ അല്ല(എന്ന്) مُؤْمِنًا സത്യവിശ്വാസി تَبْتَغُونَ നിങ്ങൾ തേടിക്കൊണ്ട് عَرَضَ വിഭവം, സാമഗ്രികൾ, ഉപകരണം الْحَيَاةِالدُّنْيَا ഐഹിക(ഇഹത്തിലെ) ജീവിതത്തിന്റെ فَعِنْدَاللَّهِ എന്നാൽ അല്ലാഹുവിന്റെ അടുക്കലുണ്ട് مَغَانِمُ ഗനീമത്തുകൾ, യുദ്ധമുതലുകൾ, ഭാഗ്യത്തിൽ ലഭിക്കുന്നവ كَثِيرَةٌ വളരെ, അധികം كَذَٰلِكَ അപ്രകാരം, അതുപോലെ (തന്നെ) كُنْتُمْ നിങ്ങൾ ആയിരുന്നു مِنْ قَبْلُ മുമ്പ് فَمَنَّ اللَّهُ എന്നിട്ട് അല്ലാഹു ദാക്ഷിണ്യം (നന്മ - ഗുണം) ചെയ്തിരിക്കുന്നു عَلَيْكُمْ നിങ്ങളുടെ മേൽ فَتَبَيَّنُوا അതിനാൽ നിങ്ങൾ വ്യക്തമായി മനസ്സിലാക്കുവിൻ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു بِمَاتَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി خَبِيرًا സൂക്ഷ്മജ്ഞാനി

ضَرَبَ (ദ്വറബ) എന്ന ക്രിയക്ക് 'അടിച്ചു, വെട്ടി' എന്നൊക്കെയാണ് സാധാരണ ഗതിയിൽ അർഥം. അതിനോട് ബന്ധപ്പെട്ടു നിൽക്കുന്ന അവ്യയങ്ങളുടെയും നാമങ്ങളുടെയും വ്യത്യാസമനുസരിച്ച് അതിന് വേറെയും പല അർഥങ്ങളും വരുന്നതാണ്. അതിനൊരു ഉദാഹരണമാണ് ഈ വചനത്തിൽ കാണുന്നത്. 'സഞ്ചരിച്ചു' അഥവാ യാത്രപോയി എന്ന അർഥത്തിലാണ് ഇവിടെ അതുള്ളത് السَّلَامَ എന്നതിന്റെ സ്ഥാനത്ത് ഇവിടെ السَّلَمَ എന്നും വായനയുണ്ട്. രണ്ടായാലും സമാധാനം, കീഴൊതുക്കം, അഭിവാദ്യ വാക്യമായ 'സലാം' എന്നൊക്കെ അതിന് അർഥം കൽപിക്കപ്പെട്ടിരിക്കുന്നു. സലാം മുഖേനയോ, തൗഹീദിന്റെ വാക്യം മുഖേനയോ മറ്റോ ഇസ്‌ലാമിന്റെ അടയാളവും, സമാധാന നിലപാടും പ്രകടിപ്പിക്കുക എന്നാണിവിടെ ഉദ്ദേശ്യം. مَغْنَم എന്ന പദത്തിന്റെ ബഹുവചനമാണ് مَغَانِمُ 'ഭാഗ്യം, അദ്ധ്വാനം കൂടാതെ ഭാഗ്യത്തിൽ ലഭിക്കുന്ന വിഭവം, യുദ്ധത്തിൽ ശത്രുക്കളിൽ നിന്ന് ലഭിക്കുന്ന വസ്തു'

എന്നൊക്കെ അതിനര്‍ഥം വരും. ഇതേ അര്‍ഥങ്ങള്‍ വരുന്ന മറ്റൊരു വാക്കാണ് غنيمة ഉം അതിന്റെ ബഹുവചനമായ غنائم ഉം. യുദ്ധത്തില്‍ ലഭിക്കുന്ന ധനത്തിനാണ് സാധാരണ ഈ വാക്കുകള്‍ ഉപയോഗിക്കാറുള്ളത്.

അറബികള്‍ ഇസ്‌ലാമിന്റെ കൊടിക്കൂറയില്‍ അണിനിരന്നു കഴിയുന്നതിനു മുമ്പ് ശത്രു രാജ്യങ്ങളില്‍ അവിടവിടെയായി ഇസ്‌ലാമില്‍ വിശ്വസിച്ചിരുന്ന ചില ഒറ്റപ്പെട്ട വ്യക്തികള്‍ ഉണ്ടായിരുന്നു. മുസ്‌ലിംകള്‍ ശത്രുനാട്ടിലേക്ക് പടയെടുക്കുമ്പോള്‍ അങ്ങിനെയുള്ളവരെ തിരിച്ചറിയുവാന്‍ പ്രത്യക്ഷ ലക്ഷണങ്ങളൊന്നും ഉണ്ടായിരിക്കയില്ല. അതുകൊണ്ട് അങ്ങിനെയുള്ള വ്യക്തികള്‍ മുസ്‌ലികളുടെ ദൃഷ്ടിയില്‍പെടുമ്പോള്‍ അവരെ ശത്രുവിഭാഗക്കാരായി ഗണിക്കുകയും, അവര്‍ വാളിന്നിരയാകുവാന്‍ ഹേതുവാകുകയും ചെയ്യുക സ്വാഭാവികമാണല്ലോ. താന്‍ മുസ്‌ലിമാണെന്ന് കാണിക്കുന്ന വല്ല വാക്കുകളും അവര്‍ പറഞ്ഞാല്‍ തന്നെയും അത് തല്‍ക്കാല രക്ഷക്കുവേണ്ടിയുള്ള ഒരു ഉപായമാണെന്ന് കരുതപ്പെട്ടേക്കുകയും ചെയ്യും. ഇങ്ങിനെയുള്ള അല്‍പം ചില സംഭവങ്ങള്‍ നടക്കുകയും ഉണ്ടായി. അതുകൊണ്ട് മേലില്‍ അത്തരം അനിഷ്ട സംഭവങ്ങള്‍ നേരിടാതിരിക്കുവാന്‍ സൂക്ഷിക്കണമെന്നും, വാസ്തവം വ്യക്തമാകാതെ അബദ്ധം പ്രവര്‍ത്തിച്ചു ഖേദിക്കുവാന്‍ ഇടവരുത്തരുതെന്നും സത്യവിശ്വാസികളോട് അല്ലാഹു കല്‍പിക്കുന്നു.

ഈ വചനത്തിന്റെ അവതരണ കാരണം സംബന്ധിച്ച് പല രിവായത്തുകളും കാണാം. അവയില്‍ ഒന്ന് ഇങ്ങിനെയാണ്: ഒരു മുസ്‌ലിം സേനാസംഘം അവരുടെ യാത്രയില്‍ ഒരാളെ കണ്ടുമുട്ടി. കൂടെ കുറച്ച് ആടുകളും ഉണ്ടായിരുന്നു. അയാള്‍ അവര്‍ക്ക് സലാം പറഞ്ഞു. അതൊരു തല്‍ക്കാല അടവാണെന്ന് അവര്‍ കരുതി. അവര്‍ അദ്ദേഹത്തെ കൊലപ്പെടുത്തുകയും, ആടുകളെ കൈവശപ്പെടുത്തുകയും ചെയ്തു. (ബു.) മറ്റൊന്ന് ഇതാണ്: മിക്ദാദുബ്നുല്‍ അസ്‌വദ്(റ) ഉള്‍പ്പെട്ടിരുന്ന ഒരു സൈന്യ സംഘം ശത്രുക്കളുടെ അടുക്കല്‍ ചെന്നപ്പോള്‍ ശത്രുക്കള്‍ അവിടവിടെ ചിന്നിച്ചിതറിപ്പോയി. ഒരാള്‍ സ്ഥലത്ത് ബാക്കിയായി. ആയാള്‍ക്ക് കുറേ സ്വത്തും ഉണ്ടായിരുന്നു. താന്‍ 'ലാഇലാഹ ഇല്ലല്ലാഹു' എന്ന് സാക്ഷ്യം വഹിക്കുന്നതായി അയാള്‍ പറഞ്ഞു: മിക്ദാദ്(റ)ന് അത് വിശ്വാസമായില്ല. അദ്ദേഹം അയാളെ കൊല ചെയ്തു. വിവരം നബിﷺ അറിഞ്ഞപ്പോള്‍ 'ലാഇലാഹ ഇല്ലല്ലാഹു കൊണ്ട് താന്‍ നാളെ എന്തു ചെയ്യും?' എന്ന് പറഞ്ഞുകൊണ്ട് മിക്ദാദ് (റ) നെ ആക്ഷേപിക്കുകയുണ്ടായി. (ബസ്സാര്‍, ത്വബ്റാനീ) ചുരുക്കത്തില്‍, ഇങ്ങിനെയുള്ള ചില സംഭവങ്ങളാണ് ഈ വചനത്തിന്റെ അവതരണ ഹേതുവെന്ന് സാമാന്യമായി പറയാം.

ഒരാളുടെ ബാഹ്യനിലകൊണ്ട് തൃപ്തിപ്പെടാതെ, അവനെ കൊലപ്പെടുത്തുന്നത് മുഖേന നിങ്ങള്‍ക്ക് ലഭിക്കുന്ന നേട്ടം കേവലം നശ്വരമായ അല്‍പം ഭൗതിക വിഭവം മാത്രമാണ്. അല്ലാഹുവിന്റെ അടുക്കല്‍ കണക്കറ്റ വസ്തു വിഭവങ്ങളും അനുഗ്രഹങ്ങളും ഇരിപ്പുണ്ട്. മറ്റവസരത്തില്‍ അതില്‍ നിന്നും നിങ്ങള്‍ക്ക് ലഭിക്കുവാനുള്ള അവസരം അവന്‍ ഉണ്ടാക്കിത്തന്നേക്കും. അതുകൊണ്ട് ഇത്തരം അതിക്രമത്തിന് മുതിരരുത്. നിങ്ങളുടെ തന്നെ പൂര്‍വ്വസ്ഥിതി ഒന്നാലോചിച്ചു നോക്കുക. നിങ്ങളും മുമ്പ് ആ വ്യക്തികളെപ്പോലെ അവിശ്വാസികളായിരുന്നു. പിന്നീട് നിങ്ങള്‍ സത്യവിശ്വാസം സ്വീകരിച്ചപ്പോള്‍ അത് പരസ്യപ്പെടുത്തുവാന്‍ ധൈര്യപ്പെടാത്ത അവസ്ഥ നിങ്ങള്‍ക്കും കഴിഞ്ഞു പോയിട്ടുണ്ട്. അല്ലാഹുവിന്റെ ദയാദാക്ഷിണ്യം കൊണ്ട് നിങ്ങളുടെ സ്ഥിതി ഇപ്പോള്‍ മെച്ചപ്പെട്ടിരിക്കുന്നുവെന്ന് മാത്രം. അതേ സ്ഥിതിയില്‍ കഴിയുന്നവരെയാണ്

നിങ്ങൾ കയ്യേറ്റം ചെയ്യുന്നതെന്നു നിങ്ങൾ ഓർക്കേണ്ടതുണ്ട്. മേലിൽ അങ്ങിനെയുള്ള അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ നിങ്ങൾ നല്ല പോലെ സൂക്ഷിക്കേണ്ടതാണ്.' താൻ മുസ്‌ലിമാണെന്ന് കാണിക്കുന്ന ഒരാളെപ്പറ്റി വ്യക്തമായ തെളിവ് കൂടാതെ 'അല്ല' എന്ന് വിധി കൽപിക്കുവാൻ പാടില്ല എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ താൽപര്യം. നിങ്ങളുടെ സകല പ്രവർത്തനങ്ങളും അല്ലാഹു ശരിക്കും, സൂക്ഷ്മമായും അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്ന് അവസാനം ഒരു താക്കീത് നൽകിയിരിക്കുന്നു.

لَّا يَسْتَوِى ٱلْقَـٰعِدُونَ مِنَ ٱلْمُؤْمِنِينَ غَيْرُ أُو۟لِى ٱلضَّرَرِ وَٱلْمُجَـٰهِدُونَ فِى سَبِيلِ ٱللَّهِ بِأَمْوَٰلِهِمْ وَأَنفُسِهِمْ ۚ

﴾95﴿ സത്യവിശ്വാസികളിൽ നിന്ന് ബുദ്ധിമുട്ടുള്ളവരല്ലാത്ത (അടങ്ങി) ഇരിക്കുന്നവരും, തങ്ങളുടെ സ്വത്തുക്കളും ദേഹങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവരും സമമാവുകയില്ല.

فَضَّلَ ٱللَّهُ ٱلْمُجَـٰهِدِينَ بِأَمْوَٰلِهِمْ وَأَنفُسِهِمْ عَلَى ٱلْقَـٰعِدِينَ دَرَجَةً ۚ وَكُلًّا وَعَدَ ٱللَّهُ ٱلْحُسْنَىٰ ۚ

തങ്ങളുടെ സ്വത്തുക്കളും, ദേഹങ്ങളുംകൊണ്ട് സമരം ചെയ്യുന്നവരെ (അടങ്ങി) ഇരിക്കുന്നവരെക്കാൾ അല്ലാഹു പദവിയാൽ ശ്രേഷ്ഠരാക്കിയിരിക്കുന്നു. എല്ലാവരോടും (തന്നെ) അല്ലാഹു ഏറ്റവും നല്ലത്(നൽകുമെന്ന്) വാഗ്ദാനം ചെയ്കയും ചെയ്തിരിക്കുന്നു.

وَفَضَّلَ ٱللَّهُ ٱلْمُجَـٰهِدِينَ عَلَى ٱلْقَـٰعِدِينَ أَجْرًا عَظِيمًا ﴿٩٥﴾

സമരം ചെയ്യുന്നവരെ (അടങ്ങി) ഇരിക്കുന്നവരെക്കാൾ വമ്പിച്ച പ്രതിഫലത്താൽ അല്ലാഹു ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു:-

دَرَجَـٰتٍ مِّنْهُ وَمَغْفِرَةً وَرَحْمَةً ۚ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٩٦﴾

﴾96﴿(അതെ) അവങ്കൽനിന്നുള്ള പല പദവികളും, പാപമോചനവും, കാരുണ്യവും! അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴾95﴿ لَايَسْتَوِي സമമാകുക (ഒപ്പമാകുക)യില്ല اَلْقَاعِدُونَ (അടങ്ങി - മുടങ്ങി) ഇരിക്കുന്നവർ, ഇരുപ്പിലായവർ مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ നിന്ന് غَيْرُ അല്ലാതെ, ഒഴികെയുള്ള أُولِي الضَّرَرِ ബുദ്ധിമുട്ട്(വിഷമം)ഉള്ളവർ وَالْمُجَاهِدُونَ സമരം ചെയ്യുന്നവരും فِي سبيل മാർഗത്തിൽ اللَّه അല്ലാഹുവിന്റെ بِأَمْوَالِهِمْ തങ്ങളുടെ സ്വത്തുക്കൾകൊണ്ട് وَأَنْفُسِهِمْ തങ്ങളുടെ സ്വന്തങ്ങളെ (ദേഹങ്ങളെ) കൊണ്ടും فَضَّلَ اللَّهُ

بِأَمْوَالِهِمْ തങ്ങളുടെ സ്വത്തുക്കൾ കൊണ്ട് وَأَنفُسِهِمْ തങ്ങളുടെ ദേഹങ്ങളും عَلَى الْقَاعِدِينَ (അടങ്ങി) ഇരിക്കുന്ന (ഇരുപ്പിലായ)വരെക്കാൾ دَرَجَةً പദവിയാൽ, പദവിയിൽ وَكُلًّا എല്ലാവരോടും وَعَدَ اللَّهُ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു الْحُسْنَىٰ ഏറ്റവും നല്ലത് وَفَضَّلَ اللَّهُ അല്ലാഹു ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു الْمُجَاهِدِينَ സമരം ചെയ്യുന്നവരെ عَلَى الْقَاعِدِينَ (അടങ്ങി) ഇരിക്കുന്നവരെക്കാൾ أَجْرًا പ്രതിഫലത്തിൽ, കൂലിയാൽ عَظِيمًا വമ്പിച്ച ﴾96﴿ دَرَجَاتٍ അതായത് പല പദവികൾ مِّنْهُ അവങ്കൽനിന്നുള്ള وَمَغْفِرَةً പാപമോചനവും, പൊറുതിയും وَرَحْمَةً കാരുണ്യവും وَكَانَ اللَّهُ അല്ലാഹു ആകുന്നുതാനും غَفُورًا വളരെ പൊറുക്കുന്നവൻ رَّحِيمًا കരുണാനിധി

(അല്ലാഹു ശ്രേഷ്ഠരാക്കിയിരിക്കുന്നു الْمُجَاهِدِينَ സമരം ചെയ്യുന്നവരെ)

രോഗം, അംഗവൈകല്യം മുതലായ ബുദ്ധിമുട്ടുകളൊന്നും കൂടാതെത്തന്നെ ദീനിനുവേണ്ടിയുള്ള ധർമസമരങ്ങളിൽ പങ്കെടുക്കാതെ വീട്ടിൽ അടങ്ങിയിരിക്കുന്ന ആളുകളും, ദേഹംകൊണ്ടും ധനംകൊണ്ടും സമരത്തിനിറങ്ങുന്നവരും ഒരു പോലെയല്ല, എല്ലാവർക്കും അവരവരുടെ സൽക്കർമങ്ങൾക്കനുസരിച്ച് ഏറ്റവും നല്ല പ്രതിഫലങ്ങൾ നൽകുക തന്നെ ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. ഏതെങ്കിലും സമരശാലികൾക്ക് മറ്റേവർക്കില്ലാത്ത വളരെ ശ്രേഷ്ഠതകളും സ്ഥാനപദവികളും അല്ലാഹു നൽകുന്നതാണ് എന്നത്രെ ഈ വചനങ്ങളുടെ രത്നച്ചുരുക്കം. യുദ്ധംപോലെയുള്ള ധർമസമരങ്ങൾ നടത്തുവാൻ സത്യവിശ്വാസികൾക്ക് ഉൽസാഹവും ആവേശവും നൽകുകയാണ് അല്ലാഹു ചെയ്യുന്നത്. രോഗം മുതലായ വിഷമങ്ങളുള്ളവർ യുദ്ധത്തിലും മറ്റും പങ്കെടുക്കാതിരിക്കുന്നതിന് ഒഴികഴിവുള്ളവരാണ്. അതുകൊണ്ടാണ് അങ്ങിനെയുള്ള ബുദ്ധമുട്ടില്ലാത്തവർ (غَيْرُ أُولِي الضَّرَرِ) എന്നു വിശേഷിപ്പിച്ചിരിക്കുന്നത്.

അംഗീകൃതമായ ഒഴികഴിവുകളില്ലാത്ത എല്ലാ വ്യക്തികളും യുദ്ധത്തിൽ പങ്കെടുക്കണമെന്ന് നിർബ്ബന്ധമില്ലാതിരുന്ന - യുദ്ധം ഒരു പൊതു നിർബ്ബന്ധമായിരിക്കുകയും, ഏതാനും ആളുകൾ അതിന് സന്നദ്ധരായാൽ മതിയാകുകയും ചെയ്യുമായിരുന്ന - അവസരത്തിൽ യുദ്ധത്തിന് പോകാതെ അടങ്ങിയിരുന്നവരെപ്പറ്റിയാണ് ഈ പ്രസ്താവന. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരെയും, പങ്കെടുക്കാത്തവരെയും സംബന്ധിച്ചാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നതെന്ന് ഇബ്നു അബ്ബാസ്(റ) പറഞ്ഞതായി ബുഖാരി(റ) ഉദ്ധരിച്ചു കാണാം. നേരെ മറിച്ച് യുദ്ധത്തിൽ പങ്കെടുക്കൽ നിർബ്ബന്ധമായിട്ടുള്ള വ്യക്തികൾ തക്കതായ കാരണം കൂടാതെ ഒഴിഞ്ഞുമാറുകയും, ഒഴികഴിവുകൾ പറയുകയും ചെയ്യുന്നതിനെപ്പറ്റി വളരെ ശക്തമായ ഭാഷയിൽ അല്ലാഹു ആക്ഷേപിച്ചിരിക്കുന്നത് സൂറത്തുത്തൗബയിൽവെച്ച് കാണാവുന്നതാണ്. മുടങ്ങി ഇരുന്നവരെപ്പറ്റി ആക്ഷേപമൊന്നും പറയാതെ രണ്ടു കൂട്ടർക്കും അല്ലാഹു നല്ല പ്രതിഫലം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും, യുദ്ധത്തിൽ പങ്കെടുത്തവരെപ്പറ്റി അവർക്ക് കൂടുതൽ ശ്രേഷ്ഠത നൽകുന്നതാണെന്ന് പറഞ്ഞതിൽ നിന്ന് തന്നെ ഇത് മനസ്സിലാക്കാമല്ലോ.

സത്യത്തിനും, ന്യായമായ അവകാശങ്ങൾക്കും വേണ്ടി നടത്തപ്പെടുന്ന എല്ലാസമരങ്ങൾക്കും جِهَاد (ജിഹാദ്)എന്നും, സമരം നടത്തുന്നവന് مجاهد

(മുജാഹിദ്) എന്നും പറയുന്നു. സമരങ്ങളിൽവെച്ച് ഏറ്റവും മുഖ്യമായത് ശത്രുക്കളുമായുള്ള യുദ്ധം തന്നെ. ഇവിടെ പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതും അതുതന്നെ. ഇമാം ഇബ്നു തൈമിയ്യ(റ) 'ജിഹാദി'നു ഇങ്ങിനെ നിർവ്വചനം നൽകിയിരിക്കുന്നു: 'ജിഹാദ് എന്നാൽ അല്ലാഹുവിന് ഇഷ്ടപ്പെട്ട വിഷയം സാധിക്കുന്നതിലും, അല്ലാഹുവിന് വെറുപ്പായ കാര്യങ്ങളെ തടയുന്നതിലും കഴിവ് - സ്വാധീനത്തിലുള്ള എല്ലാവിധ കഴിവുകളും - വിനിയോഗിക്കുക എന്നത്രെ.' (*) അപ്പോൾ ജിഹാദിന്റെ വൃത്തം വളരെ വിശാലമാണെന്ന് വ്യക്തമാണ്. ഇമാം റാഗിബ്(റ) അതിന് നൽകിയ നിർവ്വചനം ഇങ്ങിനെയാകുന്നു: 'ശത്രുവെ ചെറുക്കുന്നതിൽ കഴിവ് മുഴുവൻ ഉപയോഗിക്കുക (استفراغ الوسع في مدافعة العدو)' തുടർന്നുകൊണ്ട് പ്രത്യക്ഷ ശത്രുവിനോടുള്ള ജിഹാദ്, പിശാചിനോടുള്ള ജിഹാദ്, സ്വന്തം ദേഹത്തോടുള്ള ജിഹാദ് എന്നിങ്ങിനെ മൂന്നുതരം ജിഹാദുണ്ടെന്നും കൈകൊണ്ടും നാവുകൊണ്ടും, ജിഹാദുണ്ടാകുമെന്നും അദ്ദേഹം ക്വുർആൻ വചനവും നബിവചനവും ഉദ്ധരിച്ചുകൊണ്ട് ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. സൂക്ഷ്മമായി പരിശോധിച്ചാൽ ഈ രണ്ട് മഹാൻമാരുടെയും നിർവ്വചനങ്ങൾ ഒരേ ആശയത്തിൽതന്നെ കലാശിക്കുന്നതായി കാണാം.

വിഭാഗം - 14

إِنَّ ٱلَّذِينَ تَوَفَّىٰهُمُ ٱلْمَلَٰٓئِكَةُ ظَالِمِىٓ أَنفُسِهِمْ قَالُوا۟ فِيمَ كُنتُمْ ۖ قَالُوا۟ كُنَّا مُسْتَضْعَفِينَ فِى ٱلْأَرْضِ ۚ

﴾97﴿ **നിശ്ചയമായും, തങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കുന്നവരായ നിലയിൽ മലക്കുകൾ യാതൊരു കൂട്ടരെ (മരണപ്പെടുത്തി) പിടിച്ചെടുക്കുന്നുവോ, (അവരോട്) അവർ [മലക്കുകൾ] പറയും; 'നിങ്ങൾ എന്തിലായിരുന്നു (നിലകൊണ്ടിരുന്നത്)?' അവർ [അക്രമം പ്രവർത്തിച്ചവർ] പറയും: 'ഞങ്ങൾ ഭൂമിയിൽ ദുർബ്ബലരായിരുന്നു.'**

قَالُوٓا۟ أَلَمْ تَكُنْ أَرْضُ ٱللَّهِ وَٰسِعَةً فَتُهَاجِرُوا۟ فِيهَا ۚ

അവർ [മലക്കുകൾ] പറയും: അല്ലാഹുവിന്റെ ഭൂമി വിശാലമായതായിരുന്നില്ലേ - അതിൽ നിങ്ങൾക്ക് 'ഹിജ്റഃ' [പലായനം] ചെയ്യാമായിരുന്നുവല്ലോ?!'

قَالُوٓا۟ أَلَمْ تَكُنْ أَرْضُ ٱللَّهِ وَٰسِعَةً فَتُهَاجِرُوا۟ فِيهَا ۚ

അക്കൂട്ടർ, അവരുടെ സങ്കേതം 'ജഹന്നം' [നരകം] ആകുന്നു. അത് വളരെ മോശപ്പെട്ട പര്യവസാനവും!

﴾97﴿ إِنَّ الَّذِينَ നിശ്ചയമായും യാതൊരു കൂട്ടർ تَوَفَّاهُمُ അവരെ (പൂർണമായി) പിടിച്ചെടുക്കും الْمَلَائِكَةُ മലക്കുകൾ ظَالِمِي അക്രമം ചെയ്യുന്നവരായ സ്ഥിതിയിൽ

(*) العبودية لابن تيمية رحمه الله — ص ٤٦

فِيمَ അവർ പറയും قَالُوا തങ്ങളോട് തന്നെ തങ്ങളുടെ ആത്മാക്കളോട്, أَنفُسِهِمْ
ഞങ്ങളായിരുന്നു അവർ പറയും قَالُوا كُنَّا നിങ്ങളായിരുന്നു كُنتُمْ എന്തിൽ
അവർ പറയും قَالُوا ഭൂമിയിൽ فِي الْأَرْضِ ബലഹീനരാക്കപ്പെട്ടവർ, ദുർബ്ബലർ مُسْتَضْعَفِينَ
വിശാലമായത് وَاسِعَةً ഭൂമി അല്ലാഹുവിന്റെ أَرْضُ اللَّهِ ആയിരുന്നില്ലേ أَلَمْ تَكُنْ
فَأُولَٰئِكَ അതിൽ فِيهَا ഹിജ്റഃപോകാമായിരുന്നു അപ്പോൾ നിങ്ങൾ (ക്കു) فَتُهَاجِرُوا
جَهَنَّمُ സ്ഥലം ചെന്നെത്തുന്ന സങ്കേതം, അവരുടെ مَأْوَاهُمْ അക്കൂട്ടർ എന്നാൽ
مَصِيرًا മോശപ്പെട്ടതുമാകുന്നു (എത്രയോ) വളരെ അത് وَسَاءَتْ നരകമാണ്

إِلَّا ٱلْمُسْتَضْعَفِينَ مِنَ ٱلرِّجَالِ وَٱلنِّسَآءِ وَٱلْوِلْدَٰنِ لَا يَسْتَطِيعُونَ حِيلَةً وَلَا يَهْتَدُونَ سَبِيلًا ﴿٩٨﴾

《98》പുരുഷന്മാരും, സ്ത്രീകളും, കുട്ടികളുമാകുന്ന ദുർബ്ബലർ ഒഴികെ, വല്ല ഉപായത്തിന്നും, സാധ്യമാകുകയാകട്ടെ, വല്ല(രക്ഷാ) മാർഗവും കണ്ടു കിട്ടുകയാകട്ടെ ഇല്ലാത്ത വിധം (ദുർബ്ബലരായവരൊഴികെ)

فَأُو۟لَٰٓئِكَ عَسَى ٱللَّهُ أَن يَعْفُوَ عَنْهُمْ ۚ وَكَانَ ٱللَّهُ عَفُوًّا غَفُورًا ﴿٩٩﴾

《99》എന്നാൽ, അക്കൂട്ടർ - അവർക്ക് അല്ലാഹു മാപ്പുചെയ്യുമാറായേക്കുന്നതാണ്. അല്ലാഹു വളരെ മാപ്പു നൽകുന്നവനും, വളരെ പൊറുക്കുന്നവനുമാകുന്നു.

《98》 إِلَّا الْمُسْتَضْعَفِينَ ദുർബ്ബലരൊഴികെ, ബലഹീനരാക്കപ്പെട്ടവരല്ലാതെ
مِنَ الرِّجَالِ പുരുഷന്മാരാകുന്ന, പുരുഷന്മാരിൽ നിന്ന് وَالنِّسَاءِ സ്ത്രീകളും وَالْوِلْدَانِ
കുട്ടികളും لَا يَسْتَطِيعُونَ അവർക്ക് സാധിക്കുകയില്ല, സാധിക്കാത്ത വിധത്തിൽ حِيلَةً
ഒരു ഉപായത്തിനും, വല്ല കൗശലത്തിനും وَلَا يَهْتَدُونَ അവർ വഴികാണുകയുമില്ല
(കണ്ടെത്തുകയുമില്ല) سَبِيلًا ഒരു മാർഗവും, വഴിയും 《99》 فَأُولَٰئِكَ എന്നാൽ അക്കൂട്ടർ
عَسَى اللَّهُ അല്ലാഹു ആയേക്കാം أَن يَعْفُوَ അവൻ മാപ്പ് നൽകുവാൻ عَنْهُمْ അവർക്ക്
وَكَانَ اللَّهُ അല്ലാഹു ആകുന്നുതാനും عَفُوًّا വളരെ മാപ്പ് ചെയ്യുന്നവൻ غَفُورًا വളരെ
പൊറുക്കുന്നവൻ

സമരത്തിൽ പങ്കെടുക്കാതെ വീട്ടിൽ അടങ്ങിയിരിക്കുന്നവരെപ്പറ്റി പ്രസ്താവിച്ച ശേഷം, ശിർക്കിന്റെ നാട്ടിൽ നിന്ന് ഹിജ്റഃ പോകാതെ ശത്രുക്കളുടെ ഇടയിൽ ചടഞ്ഞു കൂടിയ മുസ്‌ലിംകളെക്കുറിച്ച് പ്രസ്താവിക്കുകയാണ്. ഇസ്‌ലാമിനെ അംഗീകരിച്ച ശേഷം നാടും വീടും വിടുവാനുള്ള മടി നിമിത്തം, മുശ്‌രിക്കുകളുടെ അറപ്പും വെറുപ്പും സമ്പാദിക്കാതിരിക്കുവാൻ വേണ്ടി വിശ്വാസം മൂടിവെക്കുകയും, മതാനുഷ്ഠാനങ്ങളിൽ വീഴ്ച വരുത്തുകയും ചെയ്തുകൊണ്ടിരുന്ന ഏതാനും ആളുകൾ മക്കയിലുണ്ടായിരുന്നു. മുശ്‌രിക്കുകളുടെ ഇംഗിതങ്ങൾക്ക് പലപ്പോഴും അവർ വഴങ്ങിക്കൊടുക്കേണ്ടതായി വരും. തങ്ങൾ ശത്രുനാട്ടിലായതുകൊണ്ട് ആ നയം ആവശ്യമാണെന്ന് അവർ പറയുകയും ചെയ്യും. മദീനാ ഹിജ്റഃക്ക് ശേഷം അവിടെ സ്വൈരമായ ഇസ്‌ലാമിക ജീവിതത്തിന്

സൗകര്യം ഉണ്ടായതോടുകൂടി, മുസ്‌ലിംകളെല്ലാം മദീനായിലേക്ക് ഹിജ്റഃ പോകൽ നിർബ്ബന്ധമായിരുന്നു. എന്നാൽ, മതജീവിതത്തിന്റെ സുരക്ഷിതത്വത്തിനും, ഇസ്‌ലാമിന്റെ ഗുണത്തിനും വേണ്ടി ഐഹിക താൽപര്യങ്ങൾ ത്യജിക്കുവാൻ മേൽപറഞ്ഞവർ സന്നദ്ധരായിരുന്നില്ല. അവരെക്കുറിച്ചാണ് ഈ വചനത്തിലെ പരാമർശം.

ഇബ്നുജരീർ, ഇബ്നുൽ മുൻദിർ, ഇബ്നുഅബീഹാതിം, ബൈഹക്വീ (റ) എന്നിവർ ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു; 'മക്കാനിവാസികളിൽ കുറേ ആളുകൾ ഇസ്‌ലാമിൽ വിശ്വസിച്ചിരുന്നു. അവർ ഇസ്‌ലാമിനെ നിസ്സാരമായി ഗണിച്ചുപോന്നു. അങ്ങനെ, മുശ്‌രിക്കുകൾ ബദ്ർ യുദ്ധത്തിൽ അവരെയും കൂടെ കൊണ്ടുവന്നു. ചിലർക്ക് യുദ്ധത്തിൽ പരിക്ക് പറ്റുകയും ചിലർ കൊല്ലപ്പെടുകയും ഉണ്ടായി. അപ്പോൾ, മുസ്‌ലിംകൾ പറഞ്ഞു: നമ്മുടെ ഈ സഹോദരന്മാർ മുസ്‌ലിംകളായിരുന്നു. അവരെ ശത്രുക്കൾ നിർബ്ബന്ധിച്ചു കൊണ്ടുപോന്നതാണ്. അങ്ങനെ, അവർ അവർക്ക് പാപമോചനം തേടി. ഇവരുടെ വിഷയത്തിൽ إِنَّ الَّذِينَ تَوَفَّاهُمُ الْمَلَائِكَةُ.... എന്ന (ഈ) വചനം അവതരിച്ചു. ഈ വിവരവും, അങ്ങിനെയുള്ള അവർക്ക് (ഹിജ്റഃ പോരാത്തവർക്ക്) ഒഴികഴിവില്ലെന്നും മക്കയിൽ ബാക്കിയുള്ള ആളുകൾക്ക് അവർ എഴുതി. അങ്ങനെ അവർ(ഹിജ്റഃ) പുറപ്പെട്ടു. മുശ്‌രിക്കുകൾ അവരുടെ പിന്നാലെ കൂടി അവരെ കുഴപ്പത്തിലാക്കി. അവരെപ്പറ്റി .... وَمِنَ النَّاسِ مَن يَقُولُ آمَنَّا (അല്ലാഹുവിൽ) ഞങ്ങൾ വിശ്വസിച്ചു എന്ന് പറയുകയും, എന്നിട്ട് അല്ലാഹുവിന്റെ വിഷയത്തിൽ വല്ല ഉപദ്രവവും ബാധിച്ചാൽ. ജനങ്ങളുടെ കുഴപ്പത്തെ അല്ലാഹുവിന്റെ ശിക്ഷയെന്നോണമാക്കിത്തീർക്കുകയും ചെയ്യുന്ന ചിലർ മനുഷ്യരിലുണ്ട്..... (അൻകബൂത്ത് : 10) എന്ന വചനം അവതരിച്ചു. (*) ഈ വിവരവും മുസ്‌ലിംകൾ അവർക്കെഴുതി. അപ്പോൾ അവർ വ്യസനിക്കുകയും, തങ്ങൾക്ക് ഗുണം ലഭിക്കുവാൻ ഒരു മാർഗവുമില്ലെന്ന് നിരാശപ്പെടുകയും ചെയ്തു. അനന്തരം അവരെ പ്പറ്റി ... ثُمَّ إِنَّ رَبَّكَ لِلَّذِينَ هَاجَرُوا (പിന്നെ നിന്റെ റബ്ബ് - കുഴപ്പത്തിലകപ്പെട്ടശേഷം ഹിജ്റഃ പോകുകയും, പിന്നീട് സമരം ചെയ്യുകയും ക്ഷമിക്കുകയും ചെയ്തവർക്ക് - അതിന്റെ ശേഷം പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാണ്. (നഹ്ൽ : 110) എന്ന വചനം അവതരിച്ചു. (**) അപ്പോൾ, ഈ വിവരവും, അവർക്ക് രക്ഷാമാർഗമുണ്ട് - അത്കൊണ്ട് പുറപ്പെട്ടുകൊള്ളുക - എന്നും മുസ്‌ലിംകൾ വീണ്ടും അവർക്കെഴുതി. അങ്ങനെ, അവർ (മദീനയിലേക്ക്) പുറപ്പെട്ടു. അപ്പോൾ, മുശ്‌രിക്കുകൾ അവരെ പിടി കൂടി അവരുമായി ഏറ്റുമുട്ടി. അതിൽ ചിലർ കൊല്ലപ്പെട്ടു.

ഇബ്നു അബ്ബാസ് (റ) ൽ നിന്ന് ഇക്‌രിമഃ (റ) വഴി ബുഖാരി(റ) ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഇപ്രകാരവും കാണാം: 'മുസ്‌ലിംകളായ ചില ആളുകൾ മുശ്‌രിക്കുകളൊന്നിച്ചുണ്ടായിരുന്നു. റസൂൽ തിരുമേനിﷺക്കെതിരിൽ തങ്ങളുടെ സംഘം അധികമുണ്ടെന്ന് തോന്നിപ്പിക്കുവാനായിരുന്നു അവർ (മുശ്‌രിക്കുകൾ) ഉദ്ദേശിച്ചിരുന്നത്. അങ്ങനെ, (യുദ്ധത്തിൽ വെച്ച്) അമ്പ് എയ്യപ്പെടുമ്പോൾ ചിലർക്ക് അത് പറ്റി കൊല്ലപ്പെടുക

(*) സൂറഃ അൻകബൂത്ത് മക്കീ സൂറത്തുകളിൽ പെട്ടതാണെങ്കിലും അതിലെ ആദ്യത്തെ പതിനൊന്ന് വചനങ്ങൾ മദനീയാണെന്ന അഭിപ്രായത്തിന് ഈ രിവായത്ത് ബലം നൽകുന്നു.

(**) ഈ വചനവും, സൂറഃ നഹ്‌ലിലെ മറ്റു ചില വചനങ്ങളും മദനീയാണെന്നും അഭിപ്രായമുണ്ട്.

യോ, ചിലർക്ക് വെട്ടുപറ്റി കൊല്ലപ്പെടുകയോ ചെയ്തിരുന്നു. അപ്പോൾ, അല്ലാഹു إِنَّ الَّذِينَ تَوَفَّاهُمُ الْمَلَائِكَةُ.... എന്ന (ഈ) വചനം അവതരിപ്പിച്ചു. അവതരണത്തിന് ഹേതു ഭൂതർ ആരായിരുന്നാലും ആയത്തിലെ വിധി മേൽ കണ്ടതുപോലെയുള്ള എല്ലാവർക്കും ബാധകമാണ്. അതായത്, മതസ്വാതന്ത്ര്യം ഇല്ലാതിരിക്കുകയും, ശത്രുക്കളുടെ ഹിത ങ്ങൾക്ക് വേണ്ടി മതമൂല്യങ്ങളും നിയമങ്ങളും അഗണ്യമാക്കേണ്ടിവരുകയും, സ്വൈര മായി ഇസ്‌ലാമിക ജീവിതം നയിക്കുവാനുള്ള മാർഗമുണ്ടായിരുന്നിട്ടുപോലും അതിന് തുനിയാതെ ഐഹിക സുഖസൗകര്യങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നവ രെയെല്ലാം ബാധിക്കുന്നതാണ് ഈ വചനം.

ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ താൽപര്യം ഇങ്ങിനെ മനസ്സിലാക്കാം: ശത്രു രാജ്യമായ 'ദാറുൽ ഹർബി' ൽ താമസിക്കുകയും, ഇസ്‌ലാമിന്റെ നാടായ 'ദാറുൽ ഇസ്‌ലാമി'ലേക്ക് ഹിജ്‌റഃ പോരുവാൻ തയ്യാറാകാതിരിക്കുകയും ചെയ്യുക വഴി സ്വന്തം ദേഹങ്ങളോട് തന്നെ അക്രമം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവർ അതേ അവസ്ഥയിൽ മരണമടയുന്നപക്ഷം, അവരുടെ ആത്മാക്കളെ പിടിച്ചെടുക്കുന്ന മലക്കുകൾ അവരോട്: നിങ്ങൾ എന്തവസ്ഥയിലായിരുന്നു - നിങ്ങളുടെ മതകാര്യങ്ങൾ നിങ്ങളെങ്ങിനെ കൈകാര്യം ചെയ്തു - നിങ്ങൾ ഏത് കക്ഷിയിലായിരുന്നു - എന്നിങ്ങിനെ ആക്ഷേപി ക്കുകയും ഭൽത്സിക്കുകയും ചെയ്യും. ഞങ്ങൾ ദുർബ്ബലരായിരുന്നു - ഞങ്ങൾക്ക് മത നിഷ്ഠ പാലിക്കുവാൻ തക്ക ശക്തിയും പ്രതാപവുമില്ലായിരുന്നു - ഞങ്ങൾ ശത്രുക്കൾക്ക് വഴങ്ങിക്കഴിയേണ്ടിവന്നു - എന്നൊക്കെയായിരിക്കും അവരുടെ മറുപടി. അപ്പോൾ അല്ലാ ഹുവിന്റെ ഭൂമി വിശാലമായതായിരുന്നില്ലേ - നിങ്ങൾക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന നാട്ടി ലേക്ക് പോകാമായിരുന്നില്ലേ - എന്തുകൊണ്ട് ശത്രുക്കളുടെ ഇടയിൽ തന്നെ ചുറ്റിപ്പറ്റി ക്കൂടി? എന്നൊക്കെ പറഞ്ഞു മലക്കുകൾ അവരെ ഖണ്ഡിക്കും. ഇങ്ങിനെയുള്ളവരുടെ ഒഴികഴിവുകൾ അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. അവർക്ക് അല്ലാഹു നരകശിക്ഷ നൽകു കതന്നെ ചെയ്യും. പക്ഷേ, ഹിജ്‌റഃ പോകാത്ത എല്ലാവരും ഇതിൽ ഉൾപ്പെടുകയില്ല. ചിലർ അതിന് തികച്ചും നിർബ്ബന്ധിതരായിരിക്കും. അതായത് രോഗം, വാർദ്ധക്യം മുത ലായ ദൗർബ്ബല്യങ്ങളുള്ള പുരുഷന്മാർ, അബലകളായ സ്ത്രീകൾ, കുട്ടികൾ എന്നി ങ്ങിനെ ഉപായം പ്രയോഗിച്ചോ, സാമർത്ഥ്യം കൊണ്ടോ, ശക്തി ഉപയോഗിച്ചോ രക്ഷപ്പെ ടുവാൻ കഴിയാത്ത പാവങ്ങൾ ഇതിൽ നിന്ന് ഒഴിവായിരിക്കും. ഇങ്ങിനെയുള്ളവർക്ക് അല്ലാഹു മാപ്പ് നൽകുന്നതാണ്.

توفى (തവഫ്ഫാ) എന്ന ക്രിയ ഭൂതകാലക്രിയയും, വർത്തമാന - ഭാവികാല ക്രിയയും (**الماضى والمضارع**) ആകാവുന്നതാണ്. രണ്ടായാലും ഇവിടെ ഉദ്ദേശ്യത്തിൽ വ്യത്യാസമില്ല. 'മുഴുവൻ എടുക്കുക, പൂർത്തിയായി നിറവേറ്റുക' എന്നൊക്കെയാണ് അതിന്റെ അർഥമെന്നും, ആത്മാക്കളെ പൂർത്തിയായി എടുക്കുക എന്ന അർഥത്തിൽ മരണപ്പെടുത്തുന്നതിനെ ഉദ്ദേശിച്ചും അത് ഉപയോഗിക്കുമെന്നും മുമ്പ് ഒന്നിലധികം പ്രാവശ്യം വിവരിച്ചിട്ടുള്ളതാകുന്നു. **توفيهم الملئكة** എന്ന് ഇവിടെ പറഞ്ഞത് മലക്കുകൾ അവരെ മരണപ്പെടുത്തുന്നതിനെ ഉദ്ദേശിച്ചാണെന്നത്രെ ക്വുർആൻ വ്യാഖ്യാതാക്കൾ പൊതുവെ അംഗീകരിച്ചിട്ടുള്ളത്. മലക്കുകൾ അവരെ മഹ്ശറിലേക്ക് പിടിച്ചു കൊണ്ടു പോകുന്നതിനെ ഉദ്ദേശിച്ചാണെന്നും ചിലർ പ്രസ്താവിച്ചു കാണാം. ഹിജ്‌റഃയുടെ പ്രാധാ ന്യത്തെപ്പറ്റി അല്ലാഹു പറയുന്നു:-

وَمَن يُهَاجِرْ فِي سَبِيلِ ٱللَّهِ يَجِدْ فِي ٱلْأَرْضِ مُرَٰغَمًا كَثِيرًا وَسَعَةً

﴾100﴿ **ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ 'ഹിജ്റഃ' [സ്വദേശം വിട്ടേച്ചു] പോകുന്നപക്ഷം, അവൻ ഭൂമിയിൽ ധാരാളം ആശ്രയ സ്ഥാനവും, വിശാലതയും കണ്ടെത്തുന്നതാണ്.**

وَمَن يَخْرُجْ مِنۢ بَيْتِهِۦ مُهَاجِرًا إِلَى ٱللَّهِ وَرَسُولِهِۦ ثُمَّ يُدْرِكْهُ ٱلْمَوْتُ فَقَدْ وَقَعَ أَجْرُهُۥ عَلَى ٱللَّهِ

ആരെങ്കിലും തന്റെ വീട്ടിൽ നിന്ന് അല്ലാഹുവിങ്കലേക്കും അവന്റെ റസൂലിലേക്കും 'ഹിജ്റഃ' പോകുന്നവനായി പുറപ്പെടുകയും, (എന്നിട്ട്) പിന്നീടവനു മരണം പിടിപെടുകയും ചെയ്യുന്നപക്ഷം, തീർച്ചയായും, അവന്റെ പ്രതിഫലം അല്ലാഹുവിന്റെ മേൽ (ബാധകമായി) സ്ഥിരപ്പെട്ടു.

وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿١٠٠﴾

അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴾100﴿ وَمَنْ يُهَاجِرْ വല്ലവരും ഹിജ്റഃ പോകുന്നപക്ഷം فِي سَبِيلِ മാർഗത്തിൽ اللَّهِ അല്ലാഹുവിന്റെ يَجِدْ അവൻ കണ്ടെത്തും, എത്തിക്കും, അവനുകിട്ടും فِي الْأَرْضِ ഭൂമിയിൽ مُرَاغَمًا ആശ്രയം, ആശ്രയ സ്ഥാനം, വിശാല സ്ഥാനം, വിഹാര സ്ഥാനം كَثِيرًا വളരെ, ധാരാളം وَسَعَةً വിശാലതയും وَمَنْ يَخْرُجْ ആരെങ്കിലും പുറപ്പെടുന്നതായാൽ مِنْ بَيْتِهِ തന്റെ വീട്ടിൽനിന്ന് مُهَاجِرًا ഹിജ്റഃ പോകുന്നവനായിട്ട് إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് وَرَسُولِهِ അവന്റെ റസൂലിലേക്കും ثُمَّ പിന്നീട്, പിന്നെ يُدْرِكْهُ അവന് പിടിപെടുക (കണ്ടെത്തുക)യും الْمَوْتُ മരണം فَقَدْ وَقَعَ എന്നാൽ തീർച്ചയായും സംഭവിച്ചു, ഉണ്ടായി (സ്ഥിരപ്പെട്ടു) أَجْرُهُ അവന്റെ പ്രതിഫലം عَلَى اللَّهِ അല്ലാഹുവിന്റെ മേൽ وَكَانَ اللَّهُ അല്ലാഹു ആകുന്നുതാനും غَفُورًا വളരെ പൊറുക്കുന്നവൻ رَحِيمًا കരുണാനിധി

ശിർക്കിന്റെ നാട്ടിൽ നിന്ന് ഹിജ്റഃ പോകുവാൻ മടിക്കുന്നവർ വിചാരിക്കുന്നതു പോലെയല്ല കാര്യം. അല്ലാഹുവിന്റെ ദീനിന്റെ നന്മയെ ലക്ഷ്യം വെച്ച് സ്വദേശം ത്യജിച്ചു പോകുന്നവർ ജീവിക്കുവാൻ സൗകര്യമില്ലാതെ കഷ്ടപ്പെടേണ്ടതായി വരികയില്ല. ശത്രുക്കളുടെ അഭീഷ്ടങ്ങളിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ട് സുഖമായി കഴിഞ്ഞു കൂടത്തക്ക ഇടവും സൗകര്യവും ഭൂമിയിൽ ധാരാളമുണ്ട്. മാത്രമല്ല, അല്ലാഹുവിന്റെ കൽപനകൾ പാലിച്ചും അവന്റെ പ്രതിഫലം മോഹിച്ചുകൊണ്ടും, റസൂലിന്റെ സഹവാസത്തിലും സാമീപ്യത്തിലും താൽപര്യം വെച്ചുകൊണ്ടും സ്വദേശം വിട്ട് പുറപ്പെട്ടശേഷം, ഉദ്ദിഷ്ട സ്ഥാനത്ത് എത്തും മുമ്പായി വല്ലവരും മരണപ്പെട്ടാലും അല്ലാഹു അവർക്ക് വമ്പിച്ച പ്രതിഫലം നൽകാതിരിക്കുകയില്ല. യഥാസ്ഥാനത്ത് എത്താത്തതുകൊണ്ട് അവർക്കു

നഷ്ടമൊന്നും വരാനില്ല. കഴിഞ്ഞുപോയ തെറ്റ് അല്ലാഹു പൊറുത്തുകൊടുക്കുകയും അവരുടെ നേരെ കരുണ കാണിക്കുകയും ചെയ്യും. എന്നൊക്കെയാണ് ഈ വചനത്തിൽ പറഞ്ഞതിന്റെ സാരം.

ഉമർ(റ) നിവേദനം ചെയ്ത ഒരു പ്രസിദ്ധ ഹദീഥിൽ നബിﷺ പറയുന്നു:- 'നിശ്ചയമായും കർമങ്ങൾ, ഉദ്ദേശ്യങ്ങൾക്കനുസരിച്ചു മാത്രമായിരിക്കും. ഓരോ മനുഷ്യനും അവൻ ഉദ്ദേശിച്ചതുതന്നെയാണുണ്ടായിരിക്കുക. എന്നുവെച്ചാൽ, ഒരുവന്റെ ഹിജ്റഃ അല്ലാഹുവിങ്കലേക്കും അവന്റെ റസൂലിലേക്കും ആയിരുന്നാൽ, അവന്റെ ഹിജ്റഃ അല്ലാഹുവിലേക്കും റസൂലിലേക്കും തന്നെ. ഒരുവന്റെ ഹിജ്റഃ ദുൻയാവിലേക്ക് (ഐഹിക കാര്യങ്ങൾക്ക് വേണ്ടി) ആയിരുന്നാൽ അവന് അത് കിട്ടും. അല്ലെങ്കിൽ ഒരു സ്ത്രീയിലേക്കായിരുന്നാൽ അവൻ അവളെ വിവാഹം കഴിക്കും. അപ്പോൾ, അവന്റെ ഹിജ്റഃ അവൻ ഏതൊന്നിലേക്ക് ഹിജ്റഃ പോകുന്നുവോ അതിലേക്കുതന്നെ.' (ബു; മു.) അല്ലാഹുവിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് നബിﷺ പ്രസ്താവിച്ചതും, ഇബ്നുഅബ്ബാസ്(റ) നിവേദനം ചെയ്തതുമായ ഒരു ഹദീഥിന്റെ ചുരുക്കം ഇപ്രകാരമാകുന്നു:- 'എല്ലാ നന്മയും തിന്മയും (നല്ലതും ചീത്തയും) അല്ലാഹുരേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ഒരാൾ ഒരു നന്മ ചെയ്യാൻ ഉദ്ദേശിച്ചു, എന്നിട്ടത് ചെയ്തില്ല എന്നാൽ അത് പൂർണമായ ഒരു നന്മയായി അവൻ രേഖപ്പെടുത്തും. ഒരു നന്മ ചെയ്വാൻ ഉദ്ദേശിക്കുകയും അത് ചെയ്കയും ചെയ്താൽ, അതു പത്ത് നന്മകളായും, എഴുനൂറുവരെയും അതിലധികവും ഇരട്ടികളായും രേഖപ്പെടുത്തും. ഒരാൾ ഒരു തിന്മ ചെയ്വാൻ ഉദ്ദേശിച്ചു, എന്നിട്ടത് ചെയ്തില്ല. എന്നാൽ അതൊരു പൂർണ നന്മയായി അവൻ രേഖപ്പെടുത്തും. ഒരു തിന്മ ചെയ്വാൻ ഉദ്ദേശിച്ചു. എന്നിട്ടതു ചെയ്കയും ചെയ്തു. എന്നാൽ അത് ഒരു തിന്മയായി (മാത്രം) രേഖപ്പെടുത്തും.' (ബു; മു.) ഹിജ്റഃ അടക്കമുള്ള എല്ലാ കർമങ്ങളുടെയും ഫലം അവകൊണ്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങളെ ആശ്രയിച്ചിരിക്കുമെന്ന് ഈ വചനങ്ങൾ മുഖേന നബിﷺ പഠിപ്പിച്ചുതരുന്നു.

ഈ വചനത്തിലെ ആശയത്തിലേക്ക് കൂടുതൽ വെളിച്ചം നൽകുന്ന ഒരു സംഭവം നബി ഉദ്ധരിച്ചത് ഇവിടെ സ്മരണീയമാകുന്നു. സംഭവത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: 'മുൻകാലത്ത് തൊണ്ണൂറ്റൊമ്പത് പേരെ കൊലപ്പെടുത്തിയിരുന്ന ഒരു മനുഷ്യൻ ഒരു വലിയ പുരോഹിതന്റെ അടുക്കൽ ചെന്നു, തനിക്ക് തൗബയുണ്ടോ(താൻ പശ്ചാത്തപിച്ചു മടങ്ങിയാൽ അത് സ്വീകരിക്കപ്പെടുമോ)? എന്നു ചോദിച്ചു. 'ഇല്ല' എന്നായിരുന്നു പുരോഹിതന്റെ മറുപടി. ഇതു കേട്ടു ക്ഷുഭിതനായ ആ മനുഷ്യൻ ആ പുരോഹിതനെയും കൊന്നു നൂറുകൊല പൂർത്തിയാക്കി. പിന്നീട് ഒരു വലിയ പണ്ഡിതന്റെ അടുക്കൽ ചെന്നു. തനിക്ക് തൗബയുണ്ടോ? എന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'ഉണ്ട്. ആരാണ് തൗബ മുടക്കുക?! താൻ ഇന്ന രാജ്യത്തേക്ക് പോയിക്കൊള്ളുക. അവിടെ അല്ലാഹുവിനെ ആരാധിക്കുന്ന ആളുകളുണ്ട്. അവരോടൊപ്പം അല്ലാഹുവിനെ ആരാധിക്കുക. തന്റെ രാജ്യത്തേക്ക് എനി താൻ മടങ്ങരുത്. അത് ദുഷിച്ച രാജ്യമാണ്.' അങ്ങനെ, ആ മനുഷ്യൻ പകുതി വഴി പോയപ്പോഴേക്കും അദ്ദേഹത്തിന് മരണം പിടിപെട്ടു. ഇദ്ദേഹത്തിന്റെ കാര്യത്തിൽ റഹ്മത്തിന്റെ (കാരുണ്യത്തിന്റെ) മലക്കുകളും, ശിക്ഷയുടെ മലക്കുകളും തമ്മിൽ - അദ്ദേഹം തങ്ങളുടെ ആളാണ് എന്ന് - തർക്കമായി. അതായത് അദ്ദേഹം മനസ്സുകൊണ്ട് ഖേദിച്ചു മടങ്ങിയിട്ടുണ്ടെന്ന് റഹ്മത്തിന്റെ പക്ഷക്കാരും, ഒരു നന്മയും ചെയ്തിട്ടില്ലാത്ത ആളാണെന്ന് ശിക്ഷയുടെ പക്ഷക്കാരും! ആ മനുഷ്യൻ ഉപേക്ഷിച്ചുപോന്ന നാട്ടിലേക്കും, ഉദ്ദേശിച്ചു പോകുന്ന നാട്ടിലേക്കും അവിടെ നിന്നുള്ള അകലം നോക്കുവാൻ മലക്കുകൾക്ക് നിർദ്ദേശം നൽകപ്പെട്ടു. നോക്കുമ്പോൾ, അദ്ദേഹം

പോകുവാനുദ്ദേശിക്കുന്ന നാട്ടിലേക്ക് ഒരു ചാൺ അടുപ്പം കൂടുതലുണ്ടായിരുന്നു. അങ്ങനെ, റഹ്മത്തിന്റെ മലക്കുകൾ അദ്ദേഹത്തെ ഏറ്റെടുത്തു.' (ബു: മു.)

ഈ ഹദീഥ് കുറേ അതിശയോക്തി കലർന്നതാണെന്നും, ന്യായയുക്തമല്ലെന്നും ചിലർ പറഞ്ഞു കേട്ടിട്ടുണ്ട്. വാസ്തവത്തിൽ, നമ്മുടെ മുമ്പിലുള്ള ഈ ക്വുർആൻ വചനവും ഇതവതരിച്ച സന്ദർഭം മുതലായവയും, അതോടൊപ്പം സൽക്കർമങ്ങൾക്കും സദുദ്ദേശ്യങ്ങൾക്കും അല്ലാഹു നൽകുന്ന പ്രോത്സാഹന വാഗ്ദാനങ്ങളും മനസ്സിരുത്തുന്നവർക്ക് ഇതുപോലെയുള്ള സംഭവങ്ങളിൽ അതിശയോക്തിയോ, ന്യായക്കുറവോ ഒന്നും തോന്നുകയില്ല തന്നെ.

വിഭാഗം - 15

وَإِذَا ضَرَبْتُمْ فِى ٱلْأَرْضِ فَلَيْسَ عَلَيْكُمْ جُنَاحٌ أَن تَقْصُرُوا۟ مِنَ ٱلصَّلَوٰةِ إِنْ خِفْتُمْ أَن يَفْتِنَكُمُ ٱلَّذِينَ كَفَرُوٓا۟ ۚ إِنَّ ٱلْكَـٰفِرِينَ كَانُوا۟ لَكُمْ عَدُوًّا مُّبِينًا ﴿١٠١﴾

﴾101﴿ (സത്യവിശ്വാസികളേ) നിങ്ങൾ ഭൂമിയിൽ യാത്ര ചെയ്യുന്നതായാൽ നിങ്ങൾ നമസ്കാരത്തിൽ നിന്ന് (കുറച്ച്) ചുരുക്കുന്നതിന് നിങ്ങളുടെമേൽ തെറ്റില്ല; അവിശ്വസിച്ചവർ നിങ്ങളെ കുഴപ്പത്തിലാക്കുന്നത് നിങ്ങൾ ഭയപ്പെട്ടുവെങ്കിൽ.

നിശ്ചയമായും, അവിശ്വാസികൾ നിങ്ങൾക്ക് പ്രത്യക്ഷമായ ശത്രുവാകുന്നു.

﴾101﴿ وَإِذَا ضَرَبْتُمْ നിങ്ങൾ യാത്രപോയാൽ فِي الْأَرْضِ ഭൂമിയിൽ, ഭൂമിയിലൂടെ فَلَيْسَ عَلَيْكُمْ എന്നാൽ നിങ്ങളുടെമേൽ ഇല്ല جُنَاحٌ തെറ്റ്, ഒരു തെറ്റും أَنْ تَقْصُرُوا നിങ്ങൾ ചുരുക്കുന്നതിന് مِنَ الصَّلَاةِ നമസ്കാരത്തിൽ നിന്ന് إِنْ خِفْتُمْ നിങ്ങൾ ഭയപ്പെട്ടെങ്കിൽ أَنْ يَفْتِنَكُمُ നിങ്ങളെ കുഴപ്പത്തിലാക്കുന്നത് الَّذِينَ كَفَرُوا അവിശ്വസിച്ചവർ إِنَّ الْكَافِرِينَ നിശ്ചയമായും അവിശ്വാസികൾ كَانُوا അവരാകുന്നു, ആയിരിക്കുന്നു لَكُمْ നിങ്ങൾക്ക് عَدُوًّا ശത്രു مُبِينًا സ്പഷ്ടമായ, പ്രത്യക്ഷമായ

യുദ്ധം, ഹിജ്റഃ എന്നിവയെക്കുറിച്ച് പലതും പ്രസ്താവിച്ചു. രണ്ടാവശ്യാർഥവും യാത്രകൾ ചെയ്യേണ്ടതുണ്ടല്ലോ. അങ്ങിനെയുള്ള യാത്രകളിൽ, ഒരു മുസ്‌ലിമിന് ഒരിക്കലും ഒഴിച്ചുകൂടാത്തതായ അഞ്ചു നിർബ്ബന്ധ നമസ്കാരങ്ങൾ യഥാവിധി നിർവ്വഹിക്കുവാൻ പ്രയാസമായതുകൊണ്ട് അതിനുള്ള പരിഹാര മാർഗങ്ങൾ ഈ വചനത്തിലും അടുത്ത വചനത്തിലുമായി അല്ലാഹു വിവരിക്കുന്നു.

قَصْر (ക്വസ്ർ) എന്നാൽ 'ചുരുക്കുക' എന്നർത്ഥം. നമസ്കാരം ചുരുക്കി നമസ്കരിക്കലാണ് ഇവിടെ വിവക്ഷ. ക്വസ്ർ രണ്ടു വിധത്തിലുണ്ട്:

(1) നമസ്കാരത്തിൽ റക്അത്തുകളുടെ എണ്ണം കുറച്ചും, ക്വിബ്‌ലക്ക് തിരിയാതെയും, റുകൂഉ് സുജൂദ് മുതലായവ പൂർത്തിയാക്കാതെയും, നടന്നും ഓടിയും കൊണ്ടും എന്നിങ്ങനെ സാധാരണരൂപത്തിൽ നിന്നും വ്യത്യസ്തമായ പല കുറവുകളും വരുത്തി

ക്കൊണ്ടും ചെയ്യുന്നത്. ഇതിനെപ്പറ്റി തുടർന്നുള്ള വചനങ്ങളിൽ വിവരിക്കുന്നുണ്ട്. صلوة الخوف (ഭയപ്പെട്ടുകൊണ്ടുള്ള നമസ്കാരം) അഥവാ ഭയപ്പാടിന്റെ അവസരത്തിലുള്ള നമസ്കാരം എന്ന പേരിലാണ് ഇത് സാധാരണ അറിയപ്പെടുന്നത്.

(2) നാലു റക്അത്തുള്ള നമസ്കാരം രണ്ട് റക്അത്ത് മാത്രം നമസ്കരിക്കുക. ഇത് ഒന്നാമത്തേതിൽ ഉൾപെടുന്ന ഒരു പ്രത്യേക ഇനം തന്നെയാണെന്ന് പറയാമെങ്കിലും قَصْر (ചുരുക്കി നമസ്കരിക്കൽ) എന്ന പേരിൽ അറിയപ്പെടുന്നതും, യാത്രകളിൽ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതും ഇതാകുന്നു. ഭയാവസ്ഥയിലുള്ള ആദ്യത്തെ ക്വസ്ർ ക്വുർആൻ കൊണ്ടും, സമാധാനാവസ്ഥയിലുള്ള രണ്ടാമത്തെ ക്വസ്ർ നബിﷺയുടെ സുന്നത്ത് കൊണ്ടും സ്ഥാപിതമായതാണ്. 'യാത്രയിലെ ക്വസ്ർ നമസ്കാരം അല്ലാഹുവിന്റെ കിതാബിൽ കാണുന്നില്ലല്ലോ, ഭയത്തിന്റെ നമസ്കാരം മാത്രമാണല്ലോ അതിൽ കാണുന്നത്?' എന്ന് ഇബ്നു ഉമർ(റ)നോട് ചോദിക്കപ്പെട്ടപ്പോൾ, അദ്ദേഹം ഇങ്ങിനെ ഉത്തരം പറഞ്ഞു: 'സഹോദരപുത്രാ, അല്ലാഹു മുഹമ്മദ് നബിﷺയെ റസൂലായി അയച്ച അവസരത്തിൽ നമുക്ക് ഒന്നും അറിഞ്ഞുകൂടായിരുന്നു. ഇപ്പോൾ, റസൂൽﷺ എപ്രകാരം ചെയ്യുന്നതായി നാം കാണുന്നുവോ അതുപോലെ നാമും ചെയ്തുവരുന്നുവെന്ന് മാത്രം. യാത്രയിൽ ക്വസ്റാക്കൽ റസൂൽﷺ നടപ്പിൽ വരുത്തിയ ഒരു സുന്നത്താകുന്നു." (ന; ജ; ബ; ഇബ്നു ഹിബ്ബാൻ)

'ഭൂമിയിലൂടെ യാത്ര ചെയ്യുമ്പോൾ നമസ്കാരം ക്വസ്റാക്കുന്നതിന് തെറ്റില്ല' എന്നാണ് അല്ലാഹു പറഞ്ഞത്. അപ്പോൾ, യാത്ര എത്ര കണ്ട് ദൂരമുള്ളതായിരിക്കണമെന്നും, ക്വസ്റാക്കണമെന്നു പറയാതെ തെറ്റില്ല എന്നു പറഞ്ഞ് മതിയാക്കിയ സ്ഥിതിക്ക് അത് ഉപേക്ഷിക്കുന്നതല്ലേ നല്ലതെന്നും സംശയിക്കപ്പെടാവുന്നതാണ്. യാത്രാദൂരത്തെ സംബന്ധിച്ചിടത്തോളം, ഇത്ര ദൂരം ഉണ്ടെങ്കിലേ യാത്രയിലെ ക്വസ്ർ പാടുള്ളുവെന്ന് നിർണയിക്കുവാൻ തക്ക ഒരു തെളിവ് നബിﷺയുടെ സുന്നത്തിൽ കാണുന്നില്ല. ചില രിവായത്തുകളും മറ്റും പരിശോധിക്കുമ്പോൾ യാത്രയുടെ ദൂരം പരിഗണിക്കപ്പെടേണ്ടതുണ്ടെന്നുവരുന്നതുകൊണ്ട് ഈ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഉണ്ട്. അത് കേവലം സ്വാഭാവികവുമാണ്. എല്ലാം കൂടി പരിശോധിച്ചാൽ - പല മഹാന്മാരും പ്രസ്താവിക്കുന്നതുപോലെ - ഒരു നിശ്ചിത ദൂരം നിർണയിക്കുവാനില്ല എന്നാണ് മനസ്സിലാക്കേണ്ടത്. എന്നാൽ, സാധാരണ ഗതിയിൽ ഒരു യാത്രയെന്ന് വിശേഷിപ്പിക്കപ്പെടുമാറുള്ള ദൂരമുണ്ടെങ്കിലേ ക്വസ്റാക്കുവാൻ പാടുള്ളുവെന്നും, അടുത്തടുത്ത സ്ഥലങ്ങളിലേക്കും, നിത്യാവശ്യങ്ങൾക്കുമുള്ള പോക്കുവരവുകളിലും ക്വസ്ർ പാടില്ല എന്നും തീർച്ചയാണുതാനും. والله اعلم

മേൽ സൂചിപ്പിച്ച അഭിപ്രായങ്ങളും അവയുടെ തെളിവുകളുമെല്ലാം വിവരിച്ചുകൊണ്ട് ഇമാം ഇബ്നുൽ ക്വയ്യിം (റ) പറയുന്നു: 'നബിﷺ തന്റെ സമുദായത്തിന് നമസ്കാരം ക്വസ്റാക്കുവാനും, നോമ്പ് ഉപേക്ഷിക്കുവാനും ഒരു നിശ്ചിത വഴി ദൂരം നിർണയിച്ചു കൊടുത്തിട്ടില്ല. അവർക്കത് നിരുപാധികം വിട്ടുകൊടുത്തിരിക്കുകയാണ്. തയമ്മുമിന്റെ കാര്യവും അങ്ങിനെത്തന്നെ. എന്നാൽ, ഒരു ദിവസത്തെയും രണ്ട് ദിവസത്തെയും, മൂന്ന് ദിവസത്തെയും യാത്ര എന്നൊക്കെ നിർണയിച്ചുകൊണ്ടുള്ള രിവായത്തുകളാകട്ടെ, ഒന്നും ബലവത്തായി സ്ഥിരപ്പെട്ടിട്ടില്ല.' (زادالمعاد)

'ക്വസ്റാക്കുന്നതിന് തെറ്റില്ല' (ليس عليكم جناح) എന്ന വാക്കിൽ നിന്ന് അത്

ചെയ്യുകയും, ചെയ്യാതിരിക്കുകയും ആവാമെന്നേ വരുന്നുള്ളൂ. എങ്കിലും യാത്രകളിലെല്ലാം തന്നെ നമസ്കാരം ക്വസ്റാക്കലായിരുന്നു നബിﷺയുടെ പതിവെന്ന് പല ഹദീഥുകളിൽ നിന്നും അറിയപ്പെട്ടതാകുന്നു. യാത്രകളിൽ നാല് റക്അത്ത് നബിﷺ പൂർത്തിയാക്കിയതായി തെളിഞ്ഞിട്ടുമില്ല. അതുകൊണ്ട് യാത്രകളിൽ ക്വസ്റ് നിർബന്ധമാണെന്നു പോലും പല മഹാന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. നിർബ്ബന്ധമില്ലെന്നാണ് ഭൂരിപക്ഷാഭിപ്രായം. ഏതായാലും ക്വസ്റാക്കലാണ് ഉത്തമമെന്നതിൽ സംശയമില്ല. എന്നാൽ 'നിങ്ങൾക്ക് കുറ്റമില്ല' എന്ന വാക്യത്തിലടങ്ങിയ സൂചനയെന്തായിരിക്കും? ഹജ്ജിലും, ഉംറയിലും സ്വഫാ - മർവക്കിടയിലുള്ള ഓട്ടം നിർബ്ബന്ധമായിരുന്നിട്ടുകൂടി - സ്വഹാബികൾക്ക് നേരിട്ട ചില സംശയങ്ങൾ നിമിത്തം - അതിനെക്കുറിച്ച് പ്രസ്താവിച്ചപ്പോഴും 'തെറ്റില്ല' എന്നാണ് അല്ലാഹു (അൽ ബക്വറഃ : 158 ൽ) പറഞ്ഞത്. അതുപോലെ, വളരെ പ്രാധാന്യം അർഹിക്കുന്ന നമസ്കാരത്തിന്റെ രൂപത്തിൽ വല്ല കുറവും വരുത്തുന്ന വിഷയത്തിലും പലർക്കും സംശയം തോന്നുവാൻ അവകാശമുണ്ടല്ലോ. അതുകൊണ്ടായിരിക്കണം ഇവിടെയും അങ്ങിനെ പ്രയോഗിച്ചത്. الله اعلم

യഅ്ലബ്നു ഉമയ്യ(റ) പറയുകയാണ്: ജനങ്ങൾ (ശത്രുക്കളിൽനിന്ന്) നിർഭയരായിത്തീർന്നിട്ടുള്ള സ്ഥിതിക്ക് 'അവിശ്വസിച്ചവർ നിങ്ങളെ കുഴപ്പത്തിലാക്കുന്നത് ഭയപ്പെട്ടാൽ നിങ്ങൾക്ക് നമസ്കാരം ക്വസ്റാക്കുന്നതിന് തെറ്റില്ല' എന്ന വചനത്തിന്റെ താൽപര്യത്തെക്കുറിച്ച് ഞാൻ ഉമർ(റ)നോട് ചോദിച്ചു. അപ്പോൾ ഉമർ(റ) പറഞ്ഞു: 'തനിക്ക് ആശ്ചര്യം (സംശയം) തോന്നിയപോലെ എനിക്കും തോന്നിയിട്ടുണ്ട്. അങ്ങനെ ഞാൻ റസൂൽ തിരുമേനിﷺയോട് അതിനെപ്പറ്റി ചോദിച്ചു. അപ്പോൾ തിരുമേനി പറഞ്ഞു: 'അത് അല്ലാഹു നിങ്ങൾക്ക് നൽകിയ ഒരു സ്വദക്വഃയാണ് (ദാനമാണ്). അവന്റെ സ്വദക്വഃ നിങ്ങൾ സ്വീകരിച്ചു കൊള്ളുവിൻ. 'അഹ്മദ്, മുസ്ലിം(റ) മുതലായ പലരും ഉദ്ധരിച്ചതാണ് ഈ ഹദീഥ്. അല്ലാഹു തന്നെ ചൂണ്ടിക്കാട്ടിയതുപോലെ, ശത്രുക്കൾ തക്കംപാർത്തുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ക്വസ്ർ അനുവദിക്കപ്പെട്ടതെങ്കിലും പിന്നീട് ആ അനുവാദം യാത്രകളിലെല്ലാം തുടർന്നു ഉപയോഗപ്പെടുത്തിക്കൊള്ളുവാൻ അല്ലാഹു സമുദായത്തിന് നൽകിയ ഒരു ഔദാര്യമാണത് എന്നത്രെ നബിﷺ പറഞ്ഞതിന്റെ സാരം. ഇപ്പറഞ്ഞത് മുകളിൽ കണ്ട രണ്ടാമത്തെ ഇനത്തിലുള്ള ക്വസ്റിനെപ്പറ്റിയാണ് - ഒന്നാമത്തെ ക്വസ്റിനെപ്പറ്റിയല്ല - എന്ന് അടുത്ത വചനത്തിൽ നിന്ന് മനസ്സിലാക്കാം.

ക്വസ്റിന്റെയും, അത് സംബന്ധമായ നിയമങ്ങളുടെയും വിശദവിവരങ്ങളും, അതിലുള്ള അഭിപ്രായ വ്യത്യാസങ്ങളും ഇവിടെ സ്പർശിക്കേണ്ടതില്ല. കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ ഹദീഥ് വ്യാഖ്യാനങ്ങളും ഫിക്വ്ഹ് ഗ്രന്ഥങ്ങളും നോക്കേണ്ടതാണ്.

وَإِذَا كُنتَ فِيهِمْ فَأَقَمْتَ لَهُمُ ٱلصَّلَوٰةَ فَلْتَقُمْ طَآئِفَةٌ مِّنْهُم مَّعَكَ وَلْيَأْخُذُوٓا۟ أَسْلِحَتَهُمْ فَإِذَا سَجَدُوا۟ فَلْيَكُونُوا۟ مِن وَرَآئِكُمْ وَلْتَأْتِ طَآئِفَةٌ

﴿102﴾ **(നബിയേ) നീ അവരിൽ ഉണ്ടായിരിക്കുകയും, എന്നിട്ട് അവർക്ക് നമസ്കാരം നില നിറുത്തി [നടത്തി] ക്കൊടുക്കുകയും ചെയ്താൽ, അവരിൽ നിന്ന് ഒരു വിഭാഗം നിന്റെ കൂടെ (നമസ്കാരത്തിന്) നിന്നുകൊള്ളട്ടെ; അവർ തങ്ങളുടെ ആയുധങ്ങൾ എടുത്ത് കൊള്ളു**

أُخْرَىٰ لَمْ يُصَلُّوا۟ فَلْيُصَلُّوا۟ مَعَكَ وَلْيَأْخُذُوا۟ حِذْرَهُمْ وَأَسْلِحَتَهُمْ ۗ

കയും ചെയ്യട്ടെ. അങ്ങനെ, അവർ 'സുജൂദ്' ചെയ്താൽ അവർ നിങ്ങളുടെ പിൻപുറത്തായിരിക്കട്ടെ. നമസ്കരിച്ചിട്ടില്ലാത്ത മറ്റൊരു വിഭാഗം (നിന്റെകൂടെ) വരുകയും ചെയ്യട്ടെ; എന്നിട്ട് അവർ നിന്റെ കൂടെ നമസ്കരിച്ചുകൊള്ളട്ടെ; അവർ തങ്ങളുടെ ജാഗ്രതയും, തങ്ങളുടെ ആയുധങ്ങളും എടുത്ത് കൊള്ളുകയും ചെയ്യട്ടെ.

وَدَّ ٱلَّذِينَ كَفَرُوا۟ لَوْ تَغْفُلُونَ عَنْ أَسْلِحَتِكُمْ وَأَمْتِعَتِكُمْ فَيَمِيلُونَ عَلَيْكُم مَّيْلَةً وَٰحِدَةً ۚ وَلَا جُنَاحَ عَلَيْكُمْ إِن كَانَ بِكُمْ أَذًى مِّن مَّطَرٍ أَوْ كُنتُم مَّرْضَىٰٓ أَن تَضَعُوٓا۟ أَسْلِحَتَكُمْ ۖ وَخُذُوا۟ حِذْرَكُمْ ۗ

നിങ്ങൾ നിങ്ങളുടെ ആയുധങ്ങളെയും, നിങ്ങളുടെ സാമഗ്രികളെയും സംബന്ധിച്ചു ശ്രദ്ധ വിട്ടിരുന്നെങ്കിൽ (കൊള്ളാം) എന്ന് (ആ) അവിശ്വാസിച്ചവർ മോഹിക്കുകയാണ്; എന്നാലവർക്ക് നിങ്ങളുടെമേൽ (പെട്ടെന്നു) ഒരൊറ്റ ആഞ്ഞടിനടത്താമായിരുന്നു (വല്ലോ)! നിങ്ങൾക്ക് മഴ നിമിത്തം വല്ല ശല്യവും ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ നിങ്ങൾ രോഗികളായിരിക്കുകയോ ചെയ്തെങ്കിൽ, നിങ്ങളുടെ മേൽ തെറ്റുമില്ല, നിങ്ങളുടെ ആയുധങ്ങൾ (ഇറക്കി) വെക്കുന്നതിന്. (എന്നാലും) നിങ്ങൾ നിങ്ങളുടെ ജാഗ്രത സ്വീകരിക്കുകയും ചെയ്യണം. [അതിൽ വീഴ്ച വരുത്തിക്കൂടാ.]

إِنَّ ٱللَّهَ أَعَدَّ لِلْكَٰفِرِينَ عَذَابًا مُّهِينًا ﴿١٠٢﴾

നിശ്ചയമായും, അവിശ്വാസികൾക്ക് അല്ലാഹു നിന്ദാകരമായ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു.

﴾102﴿ وَإِذَا كُنتَ നീ ആയിരുന്നാൽ, ഉണ്ടായിരുന്നാൽ فِيهِمْ അവരിൽ فَأَقَمْتَ എന്നിട്ടു നീ നിലനിറുത്തുക (നടത്തുക)യും لَهُمُ അവർക്ക്, അവർക്ക് വേണ്ടി ٱلصَّلَوٰةَ നമസ്കാരം فَلْتَقُمْ എന്നാൽ നിൽക്കട്ടെ طَآئِفَةٌ مِّنْهُم അവരിൽ നിന്ന് ഒരു വിഭാഗം, ഒരു കൂട്ടർ مَعَكَ നിന്റെ കൂടെ, ഒപ്പം وَلْيَأْخُذُوٓا۟ അവർ എടുക്കുകയും ചെയ്യട്ടെ أَسْلِحَتَهُمْ അവരുടെ ആയുധങ്ങൾ فَإِذَا سَجَدُوا۟ എന്നിട്ട് അവർ സുജൂദ് ചെയ്താൽ فَلْيَكُونُوا۟

അവർ ആയിക്കൊള്ളട്ടെ, ആയിരിക്കട്ടെ مِن وَرَآئِكُمْ നിങ്ങളുടെ പിൻപുറത്തിലൂടെ وَلْتَأْتِ വരുകയും ചെയ്യട്ടെ, വന്നും കൊള്ളട്ടെ طَآئِفَةٌ ഒരു വിഭാഗം أُخْرَىٰ വേറെ, മറ്റൊരു لَمْ يُصَلُّوا നമസ്കരിച്ചിട്ടില്ലാത്ത, അവർ നമസ്കരിച്ചിട്ടില്ല فَلْيُصَلُّوا എന്നിട്ട വർ നമസ്കരിക്കട്ടെ مَعَكَ നിന്റെ കൂടെ وَلْيَأْخُذُوا അവർ എടുത്തും (സ്വീകരിച്ചും) കൊള്ളട്ടെ حِذْرَهُمْ അവരുടെ ജാഗ്രത, സൂക്ഷ്മത, കാവൽ وَأَسْلِحَتَهُمْ അവരുടെ ആയുധങ്ങളും وَدَّ കൊതിക്കുകയാണ്, മോഹിച്ചു, ആഗ്രഹിച്ചു الَّذِينَ كَفَرُوا അവിശ്വസിച്ച വർ لَوْ تَغْفُلُونَ നിങ്ങൾ ശ്രദ്ധ വിട്ടിരുന്നെങ്കിൽ, അശ്രദ്ധരായാൽ കൊള്ളാം (എന്ന്) عَنْ أَسْلِحَتِكُمْ നിങ്ങളുടെ ആയുധങ്ങളെപ്പറ്റി وَأَمْتِعَتِكُمْ നിങ്ങളുടെ സാമഗ്രികളെയും, ഉപകരണങ്ങളെയും فَيَمِيلُونَ എന്നാൽ (അപ്പോൾ - അങ്ങനെ) അവർ ആഞ്ഞു വീഴുകയും, ആഞ്ഞടിക്കാം, മറിഞ്ഞു വീഴാം, മറിയുവാൻ عَلَيْكُمْ നിങ്ങളുടെമേൽ, നിങ്ങളിൽ مَيْلَةً ഒരു ആഞ്ഞടി, മറിയൽ وَاحِدَةً ഒരു, ഏക وَلَا جُنَاحَ തെറ്റില്ലതാനും, കുറ്റവുമില്ല عَلَيْكُمْ നിങ്ങളുടെ മേൽ إِن كَانَ بِكُمْ നിങ്ങളിൽ ഉണ്ടായെങ്കിൽ أَذًى വല്ല ശല്യവും, ഉപദ്രവം مِّن مَّطَرٍ മഴയാൽ, മഴ നിമിത്തം أَوْ كُنتُم അല്ലെങ്കിൽ നിങ്ങൾ ആയിരുന്നു (എങ്കിൽ) مَّرْضَىٰ രോഗികൾ أَن تَضَعُوا നിങ്ങൾ വെക്കുന്നതിനു, താഴെ വെക്കുന്നതിന് أَسْلِحَتَكُمْ നിങ്ങളുടെ ആയുധങ്ങൾ وَخُذُوا നിങ്ങൾ എടുക്കുക(സ്വീകരിക്കുക)യും ചെയ്‌വിൻ حِذْرَكُمْ നിങ്ങളുടെ ജാഗ്രത, സൂക്ഷ്മത إِنَّ اللَّهَ നിശ്ചയമായും അല്ലാഹു أَعَدَّ ഒരുക്കിവെച്ചിരിക്കുന്നു لِلْكَافِرِينَ അവിശ്വാസികൾക്ക് عَذَابًا ശിക്ഷ مُّهِينًا നിന്ദാകരമായ, അപമാനിക്കുന്ന.

فَإِذَا قَضَيْتُمُ ٱلصَّلَوٰةَ فَٱذْكُرُوا۟ ٱللَّهَ قِيَـٰمًا وَقُعُودًا وَعَلَىٰ جُنُوبِكُمْ ۚ فَإِذَا ٱطْمَأْنَنتُمْ فَأَقِيمُوا۟ ٱلصَّلَوٰةَ ۚ إِنَّ ٱلصَّلَوٰةَ كَانَتْ عَلَى ٱلْمُؤْمِنِينَ كِتَـٰبًا مَّوْقُوتًا ﴿١٠٣﴾

(103) അങ്ങനെ, നിങ്ങൾ നമസ്കാരം നിർവ്വഹിച്ചു കഴിഞ്ഞാൽ, നിൽക്കുന്നവരായും, ഇരിക്കുന്നവരായും, നിങ്ങളുടെ പാർശ്വങ്ങളിലായും [കിടക്കുന്നവരായും] കൊണ്ട് നിങ്ങൾ അല്ലാഹുവിനെ ഓർമിക്കുവിൻ.

എനി, നിങ്ങൾക്ക് സമാധാനമായാൽ നിങ്ങൾ നമസ്കാരം (മുറക്ക്) നിലനിറുത്തുവിൻ.

(കാരണം) നിശ്ചയമായും നമസ്കാരം, സത്യവിശ്വാസികളുടെ മേൽ സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധ(നിയമ)മാകുന്നു.

﴾103﴿ فَإِذَا قَضَيْتُمُ അങ്ങനെ നിങ്ങൾ നിർവ്വഹിച്ചാൽ, ചെയ്തുതീർത്താൽ الصَّلَاةَ നമസ്കാരം فَاذْكُرُوا നിങ്ങൾ ഓർമിക്കുവിൻ, ധ്യാനിക്കുവിൻ اللَّهَ അല്ലാഹുവിനെ قِيَامًا നിൽക്കുന്നവരായിട്ട് وَقُعُودًا ഇരിക്കുന്നവരായും وَعَلَىٰ جُنُوبِكُمْ നിങ്ങളുടെ പാർശ്വ(ഭാഗ)ങ്ങളിലായും فَإِذَا اطْمَأْنَنتُمْ എന്നിട്ട് (എനി - അപ്പോൾ) നിങ്ങൾക്ക് സമാധാനമായെങ്കിൽ (മനസ്സൊതുങ്ങിയെങ്കിൽ) فَأَقِيمُوا അപ്പോൾ നിങ്ങൾ നിലനിറുത്തുവിൻ الصَّلَاةَ നമസ്കാരം إِنَّ الصَّلَاةَ നിശ്ചയമായും നമസ്കാരം كَانَتْ ആയിരിക്കുന്നു, ആകുന്നു عَلَى الْمُؤْمِنِينَ സത്യവിശ്വസികളുടെ മേൽ كِتَابًا നിയമം, നിശ്ചയം, നിർബ്ബന്ധം مَوْقُوتًا സമയം നിശ്ചയിക്കപ്പെട്ട, നിർണയം ചെയ്യപ്പെട്ടതായ

ഈ വചനങ്ങളിൽ പല നിയമങ്ങളും ഉപദേശങ്ങളും അടങ്ങിയിരിക്കുന്നു. \ _ nﷺയെ അഭിമുഖീകരിച്ചുകൊണ്ട് 'നീ അവരിൽ ഉണ്ടായിരിക്കുകയും, അവർക്ക് നമസ്കാരം നടത്തുകയും ചെയ്താൽ എന്ന് പറഞ്ഞതിൽ നിന്ന് സൈന്യനായകന്മാരാണ് നമസ്കാരത്തിൽ സൈന്യത്തിന് നേതൃത്വം നൽകേണ്ടത് (ഇമാമായിരിക്കേണ്ടത്) എന്നും, യുദ്ധവേളയിൽ പോലും ജമാഅത്തായിട്ടാണ് നമസ്കരിക്കേണ്ടതെന്നും, ആവശ്യമെന്ന് കാണുമ്പോൾ തുടർന്നു പറഞ്ഞതു പോലെയുള്ള ഭയത്തിന്റെ നമസ്കാരത്തിന് ഏർപ്പാട് ചെയ്യേണ്ടത് സേനാനായകന്മാരാണെന്നും മനസ്സിലാക്കാം. ഭയത്തിന്റെ നമസ്കാരത്തി(صَلَاةُ الخَوْف) ന്റെ പ്രധാന വശങ്ങളാണ് അല്ലാഹു ഇവിടെ വിവരിച്ചിരിക്കുന്നത്. അതിന്റെ വിശദീകരണങ്ങൾ നബിﷺയുടെ സുന്നത്തിൽ നിന്നാണ് മനസ്സിലാക്കുവാൻ കഴിയുക. ശത്രുക്കളുമായി യുദ്ധക്കളത്തിൽ വെച്ചു ഏറ്റുമുട്ടലുകൾ നടന്നു കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ സ്വീകരിക്കേണ്ടുന്ന രൂപമല്ല ഈ വചനങ്ങളിൽ വിവരിച്ചിരിക്കുന്നത്. ഇരുചേരികളും തമ്മിൽ കൂട്ടിമുട്ടി ആയുധ സംഘട്ടനം നടത്തിക്കൊണ്ടിരിക്കുമ്പോൾ സൈന്യത്തെ രണ്ടോ അധികമോ ഭാഗമാക്കി ഭാഗിച്ചു നിറുത്തി ഓരോ ഭാഗത്തെയും ചേർത്ത് ഓരോ റക്അത്തായി നമസ്കരിക്കുവാൻ സൗകര്യമുണ്ടായിരിക്കുകയില്ലല്ലോ. അങ്ങിനെയുള്ള ദുർഘട ഘട്ടങ്ങളിൽ - അത് യുദ്ധത്തിൽ വെച്ചായാലും അല്ലെങ്കിലും - ഓരോരുത്തരും അവനവനു സാധിക്കുന്ന പ്രകാരം കാൽനടയായോ വാഹനപ്പുറത്തായോ നടന്നുകൊണ്ടും, റുകൂഅ് - സുജൂദ് മുതലായവ പൂർത്തിയാക്കാതെയും നമസ്കരിച്ചാൽ മതിയാകുമെന്ന് സൂറത്തുൽ ബക്വറഃ 239-ാം വചനത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്.

യുദ്ധാവസരത്തിൽ അനുഷ്ഠിക്കേണ്ടുന്ന صَلَاةُ الخَوْف (ഭയപ്പെട്ടുകൊണ്ടുള്ള നമസ്കാരത്തി)ന്റെ രൂപം ഇവിടെ അല്ലാഹു വിവരിച്ചതിന്റെ സാരം ഇതാണ്: സൈന്യത്തെ രണ്ടായി വിഭജിച്ചു ഒരു വിഭാഗത്തെയും കൂട്ടി നബിﷺ നമസ്കാരം ആരംഭിക്കുക. സുജൂദ് കഴിഞ്ഞാൽ ആ വിഭാഗക്കാർ പിന്നോട്ടുമാറി ശത്രുക്കളെ അഭിമുഖീകരിച്ചു നിൽക്കുക. അതോടെ മറ്റേ വിഭാഗം മുമ്പോട്ട് വന്ന് അവർ നബിﷺയോടൊപ്പം ഒരു റക്അത്ത് നമസ്കരിക്കുക. എന്നാൽ ഓരോ വിഭാഗവും നബിﷺയൊന്നിച്ചു എത്ര റക്അത്ത് നമസ്കരിക്കണം? ബാക്കി റക്അത്തുകൾ അവർ എങ്ങിനെ പൂർത്തിയാക്കണം? എന്നൊന്നും വിശദീകരിക്കപ്പെട്ടില്ല. എങ്കിലും, നബിﷺയൊന്നിച്ചു ഓരോ വിഭാഗക്കാരും ഓരോ റക്അത്ത് നമസ്കരിക്കണമെന്നും, ബാക്കിയുള്ള റക്അത്തുകൾ സൗകര്യം പോലെ സൈന്യം ഒറ്റയായോ, കൂട്ടായോ, നബിﷺയോടൊപ്പം ഊഴം വെച്ചോ പൂർത്തിയാക്കാമെന്നുമാണ് ഇതിൽനിന്ന് വരുന്നത്. الله اعلم

ഹദീഥുകൾ പരിശോധിക്കുമ്പോൾ, ഭയപ്പാടിന്റെ നമസ്കാരം നബിﷺ ഒന്നിലധികം രൂപത്തിൽ ചെയ്തിട്ടുള്ളതായി കാണാം. അവയിൽ ചിലതിന് മുൻഗണന നൽകിക്കൊണ്ട് ആ രൂപമാണ് കൂടുതൽ ശരിയായതെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുമുണ്ട്. അതാത് അവസരത്തിലെ പരിതഃസ്ഥിതികൾ കണക്കിലെടുത്തുകൊണ്ട് കൂടുതൽ അനുയോജ്യമായ രൂപം ഏതോ അതായിരുന്നു തിരുമേനി സ്വീകരിച്ചിരുന്നതെന്നും, എല്ലായ്പോഴും ഒരു പ്രത്യേക രൂപത്തിൽ മാത്രമായിരുന്നില്ല നബിﷺ അത് നടപ്പിൽ വരുത്തിയിരുന്നതെന്നതുമാണ് വാസ്തവം. മുസ്ലിം സൈന്യവും ശത്രുസൈന്യവും എണ്ണത്തിലുള്ള താരതമ്യം, ഇരുകൂട്ടരും നിലകൊള്ളുന്ന സ്ഥാനങ്ങളുടെ പ്രത്യേകത, നിർവ്വഹിക്കപ്പെടുന്ന നമസ്കാരത്തിന്റെ റക്അത്തുകളുടെ എണ്ണം, സംഘട്ടനങ്ങളുടെ സ്വഭാവം മുതലായവയും, യുദ്ധക്കളത്തിൽ അണികൾ അന്യോന്യം ഏറ്റുമുട്ടി സംഘട്ടനം ആരംഭിച്ചിട്ടുണ്ടോ ഇല്ലേ എന്ന വസ്തുതയുമൊക്കെ കണക്കിലെടുക്കുമ്പോൾ, ഒരേ രൂപം എല്ലായ്പോഴും പ്രായോഗികമായിരിക്കയില്ലല്ലോ. നബിﷺ സ്വീകരിച്ച രൂപങ്ങൾ എല്ലാം തന്നെ, അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയ മൂലരൂപത്തിൽ നിന്നും പുറത്തുപോകുന്നില്ലെന്നും, വിശദാംശങ്ങളിൽ മാത്രം സന്ദർഭത്തിനൊത്ത മാറ്റങ്ങൾ സ്വീകരിക്കുകയാണ് അവിടുന്ന് ചെയ്തിട്ടുള്ളതെന്നും കാണാവുന്നതാകുന്നു. വിശദമായി അറിയുവാൻ യഥാസ്ഥാനങ്ങളെ അവലംബിക്കേണ്ടതാണ്.

ഇതരഗ്രന്ഥങ്ങളിൽ കാണാറുള്ളത് പോലെ. നിയമങ്ങൾ വിവരിക്കുമ്പോൾ അവ മാത്രം വിവരിച്ചുമതിയാക്കുന്ന പതിവ് ക്വുർആൻ സ്വീകരിക്കാറില്ല. നിയമത്തിന് ആസ്പദമായ തത്വങ്ങൾ, അവയിലടങ്ങിയ യുക്തികൾ, അവയുടെ നിർവ്വഹണത്തിൽ അറിഞ്ഞിരിക്കേണ്ടുന്ന കാര്യങ്ങൾ എന്നിവ കൂടി ചൂണ്ടിക്കാട്ടുക പതിവാകുന്നു. ഈ വചനങ്ങളിൽ ഇതിന് പല ഉദാഹരണങ്ങളും കാണാം. നോക്കുക:-

(1) ആദ്യത്തെ വിഭാഗക്കാർ നബിﷺയൊന്നിച്ചു നമസ്കരിക്കണമെന്ന് പറഞ്ഞതോടൊപ്പം അവർ അവരുടെ യുദ്ധായുധങ്ങൾ കയ്യിലെടുക്കണം. (وَلْيَأْخُذُوا أَسْلِحَتَهُمْ) എന്ന് ഉപദേശിച്ചിരിക്കുന്നു. നമസ്കാരത്തിലായിതുകൊണ്ട് ആയുധം ധരിച്ചുകൂടാ എന്നു കരുതരുത്. വേണ്ടിവന്നാൽ നമസ്കാരത്തിലും ആക്രമണം നടത്തുവാൻ സാധിക്കണം, ആയുധം എടുക്കാതെ നമസ്കാരത്തിന് നിന്നാൽ ശത്രുക്കൾ ആ തക്കം ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കും എന്നൊക്കെയാണിത് സൂചിപ്പിക്കുന്നത്.

(2) രണ്ടാമത്തെ വിഭാഗക്കാർ നമസ്കാരത്തിൽ പ്രവേശിക്കുമ്പോഴും ആയുധം കയ്യിലെടുക്കണമെന്ന് വീണ്ടും ഉപദേശിക്കുന്നു. ഒന്നാമത്തെ വിഭാഗത്തെയും കൂട്ടി നബിﷺ നമസ്കാരം ആരംഭിക്കുന്നത് ശത്രുക്കൾ മുൻകൂട്ടി പ്രതീക്ഷിക്കുന്നുണ്ടാവാൻ മിക്കവാറും അവകാശമില്ല. നമസ്കാരം ആരംഭിച്ചു കഴിഞ്ഞാൽ, അവർ മുസ്ലിംകളുടെ ചലനങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തുമെന്ന് തീർച്ചയാണ്. അതുകൊണ്ട് ആയുധങ്ങൾ ധരിച്ചു കൊള്ളണമെന്ന് പറഞ്ഞു മതിയാക്കാതെ, അവർ ജാഗ്രത പാലിക്കുകയും വേണം (وَلْيَأْخُذُوا حِذْرَهُمْ) എന്നുകൂടി ഉണർത്തിയിരിക്കുന്നു. ജാഗ്രത വേണമെന്ന് പറയുവാനുള്ള കാരണവും വ്യക്തമാക്കിയിരിക്കുന്നു. അതായത്, നിങ്ങളുടെ ആയുധങ്ങളെയും സാധനസാമഗ്രികളെയും കുറിച്ച് നിങ്ങൾ ശ്രദ്ധ വിട്ടാൽ തരക്കേടില്ല - എന്നാലവർക്ക് നിങ്ങളുടെ നേരെ വമ്പിച്ച ഒരു ആഞ്ഞടി നടത്താം - എന്നാണവർ ആഗ്രഹിക്കുന്നത്. സത്യവിശ്വാസികളുടെ നേരെ അല്ലാഹുവിനുള്ള സ്നേഹവും കരുണയുമാണ് ഇതെല്ലാം കുറിക്കുന്നത്.

(3) എന്നാൽ, വാൾ, കുന്തം, അമ്പ്, അങ്കി മുതലായവ ധരിച്ചുകൊണ്ട് നമസ്കരിക്കുന്നത് അൽപം ബുദ്ധിമുട്ടുള്ള കാര്യമാണല്ലോ. നമസ്കാരത്തിൽ ആയുധങ്ങൾ ധരിക്കണമെന്ന് ആവർത്തിച്ചു പറയുമ്പോൾ ഒഴിച്ചുകൂടാത്ത ഒരു നിർബന്ധ കൽപനയാണതെന്ന് തോന്നുവാനും ഇടയുണ്ട്. അതുകൊണ്ട് മഴ, രോഗം മുതലായ വിഷമങ്ങളുള്ളപ്പോൾ ആയുധങ്ങൾ ധരിച്ചുകൊള്ളണമെന്നില്ല (وَلَا جُنَاحَ عَلَيْكُمْ إِنْ كَانَ بِكُمْ أَذًى....) എന്ന് പ്രസ്താവിക്കുന്നു. എന്നാലും ശത്രുക്കളെക്കുറിച്ചുള്ള ജാഗ്രത കൈവിടരുത്. (وَلْيَأْخُذُوا حِذْرَهُمْ) എന്ന കാര്യം പ്രത്യേകം ഓർമിപ്പിച്ചിരിക്കുന്നു.

(4) സത്യവിശ്വാസികളോട് അല്ലാഹുവിന് വളരെ സ്നേഹവും കൃപയുമാണുള്ളത്. അവിശ്വാസികളോട് അങ്ങേഅറ്റം വെറുപ്പും കോപവുമാണുള്ളത്. എന്നിരിക്കെ, എന്തുകൊണ്ട് അല്ലാഹുവിന് അവിശ്വാസികളെ പരാജയപ്പെടുത്തി ഒതുക്കിക്കൂടാ? എന്ന് ആരും ശങ്കിക്കേണ്ടതില്ല. അല്ലാഹു അവർക്ക് നിന്ദ്യമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്. (إِنَّ اللَّهَ أَعَدَّ لِلْكَافِرِينَ....)അതെ, ഇഹത്തിൽ അവർ ക്രമേണ നിന്ദ്യമായി പരാജയപ്പെടുകയും, പരത്തിൽ അപമാനകരമായ ശിക്ഷ അനുഭവിക്കേണ്ടിവരുകയും ചെയ്യും എന്ന് പറഞ്ഞു സത്യവിശ്വാസികളെ സമാധാനിപ്പിക്കുന്നു.

(5) പിന്നീട്, മേൽ വിവരിച്ച പ്രകാരം നമസ്കാരം നിർവ്വഹിച്ചു കഴിഞ്ഞ ശേഷവും അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ കൈവിട്ടുകൂടാ എന്നും, സന്ദർഭമനുസരിച്ച് നിന്നോ ഇരുന്നോ കിടന്നോ എങ്ങിനെയായാലും അല്ലാഹുവിനെ ഓർത്തുകൊണ്ടിരിക്കണം (فَإِذَا قَضَيْتُمُ الصَّلَاةَ ......) എന്നും ഉണർത്തിയിരിക്കുന്നു.

(6) യുദ്ധം കഴിഞ്ഞു ഭയപ്പാട് നീങ്ങിപ്പോകുകയും, സ്ഥിതി ശാന്തമാകുകയും ചെയ്താൽ പിന്നീട് പതിവ് പ്രകാരം നമസ്കാരം അതിന്റെ മുറപ്രകാരം തന്നെ അനുഷ്ഠിച്ചുപോരണം (فَإِذَا اطْمَأْنَنتُمْ فَأَقِيمُوا...) എന്നും പ്രസ്താവിക്കുന്നു. അതായത് ജമാഅത്തായും, ഘടകങ്ങളും നിബന്ധനകളും മര്യാദകളുമെല്ലാം യഥാരൂപത്തിൽ നിർവ്വഹിച്ചുകൊണ്ടും തന്നെ ചെയ്തുപോരണമെന്ന്.

(7) നമസ്കാരത്തിന്റെ കാര്യം – യുദ്ധത്തിൽ പോലും ഒഴിവില്ലാത്തവിധം – ഇത്രയും കർശനമായി പ്രസ്താവിക്കുവാൻ കാരണം, അത് സത്യവിശ്വാസികൾക്ക് ഒഴിവാക്കുവാൻ പാടില്ലാത്തവണ്ണം സമയനിർണയം ചെയ്യപ്പെട്ടിട്ടുള്ള ഒരു നിർബ്ബന്ധ നിയമമാണ് (إِنَّ الصَّلَاةَ كَانَتْ.....) എന്നും പ്രത്യേകം എടുത്ത് കാണിച്ചിരിക്കുന്നു. സത്യവിശ്വാസം സ്വീകരിച്ചു കഴിഞ്ഞാൽ അനുഷ്ഠാനപരമായി സ്വീകരിക്കേണ്ടുന്ന കർമങ്ങളിൽ അതിപ്രധാനമായതാണല്ലോ നമസ്കാരം. ഓരോ മുസ്‌ലിമും വളരെ ഗൗരവപൂർവ്വം ഓർമിച്ചിരിക്കേണ്ടുന്ന ഒരു വാക്യമാണിത്. യുദ്ധത്തിൽ പോലും നമസ്കാരം സമയം തെറ്റിക്കാതെ ചെയ്യേണ്ടതുണ്ടെന്നും, സാധാരണ നിലയിൽ നിന്ന് കുറെയെല്ലാം വിട്ടുവീഴ്ചകൾ അനുവദിച്ചുകൊണ്ടാണെങ്കിലും ജമാഅത്തായിത്തന്നെ അത് നിർവ്വഹിക്കേണ്ടതുണ്ടെന്നും പറഞ്ഞതിനെത്തുടർന്നാണ് ഈ വാക്യം അല്ലാഹു പറഞ്ഞിട്ടുള്ളതെന്നുകൂടി ഓർക്കേണ്ടതുണ്ട്.

ഇബ്നു മസ്ഊദ്(റ) പറയുകയാണ്: 'കർമങ്ങളിൽ വെച്ച് അല്ലാഹുവിങ്കലേക്ക് ഏറ്റവും പ്രിയപ്പെട്ടത് ഏതാണ്?' എന്ന് ഞാൻ നബി തിരുമേനിﷺയോട് ചോദിച്ചു: തിരുമേനി പറഞ്ഞു: 'നമസ്കാരം അതിന്റെ സമയത്തിന് നമസ്കരിക്കലാണ്.' ഞാൻ

ചോദിച്ചു: 'പിന്നെ ഏതാണ്?' തിരുമേനി പറഞ്ഞു: 'മാതാപിതാക്കൾക്ക് നന്മ ചെയ്യലാണ്.' ഞാൻ ചോദിച്ചു: 'പിന്നെ ഏതാണ്?' അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യലാണ്.' ഇബ്നു മസ്ഊദ്(റ) പറയുകയാണ്: 'ഇക്കാര്യങ്ങൾ എനിക്ക് അവിടുന്ന് പറഞ്ഞുതന്നു. ഞാൻ കൂടുതൽ ചോദിച്ചിരുന്നുവെങ്കിൽ തിരുമേനി എനിക്ക് കൂടുതൽ പറഞ്ഞു തരുമായിരുന്നു.' (ബു; മു.) ജാബിർ (റ) പറയുന്നു: റസൂൽﷺ പറഞ്ഞു: 'ഒരടിയാന്റെയും കുഫ്റിന്റെയും (അവിശ്വാസത്തിന്റെയും) ഇടക്കുള്ളത് നമസ്കാരം ഉപേക്ഷിക്കലാണ്.' (മു). ഇസ്ലാമിനും കുഫ്റിനും ഇടക്കുള്ള അതിരു വരമ്പാണ് നമസ്കാരം. അഥവാ അത് ഉപേക്ഷിക്കുന്നത് കുഫ്റാണെന്ന് സാരം. ബുറൈദ(റ) പറയുന്നു: 'റസൂൽﷺ പറഞ്ഞു: നമ്മുടെയും അവരുടെയും (മറ്റുള്ളവരുടെയും) ഇടക്കുള്ള ഉടമ്പടി നമസ്കാരമാകുന്നു. ആർ അത് ഉപേക്ഷിച്ചുവോ അവൻ അവിശ്വാസിയായി.' (അ; തി; ന; ജ.) അബ്ദുല്ലാഹിബ്നു ശകീക് (റ) പറയുന്നു: 'കർമങ്ങളിൽപെട്ട യാതൊന്നും തന്നെ ഉപേക്ഷിക്കുന്നത് കുഫ്റാണെന്ന് നബിﷺയുടെ സഹാബികൾ അഭിപ്രായപ്പെട്ടിരുന്നില്ല - നമസ്കാരം അല്ലാതെ.' (തി.)

وَلَا تَهِنُوا۟ فِى ٱبْتِغَآءِ ٱلْقَوْمِ ۖ إِن تَكُونُوا۟ تَأْلَمُونَ فَإِنَّهُمْ يَأْلَمُونَ كَمَا تَأْلَمُونَ ۖ وَتَرْجُونَ مِنَ ٱللَّهِ مَا لَا يَرْجُونَ ۗ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿١٠٤﴾

﴿104﴾ (ആ) ജനതയെ തേടിപ്പിടിക്കുന്നതിൽ നിങ്ങൾ ബലഹീനരാകരുത്. നിങ്ങൾ വേദനഅനുഭവിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ, നിങ്ങൾ വേദന അനുഭവിക്കുന്നതുപോലെ നിശ്ചയമായും അവരും വേദന അനുഭവിച്ചുകൊണ്ടിരിക്കുന്നു. (കൂടാതെ) അവർ പ്രതീക്ഷിക്കുന്നില്ലാത്ത (ചില)ത് അല്ലാഹുവിൽ നിന്നും നിങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

﴿104﴾ وَلَاتَهِنُوا നിങ്ങൾ ദുർബ്ബലരാകരുത് فِي ابْتِغَاءِ അന്വേഷി(ച്ചുപിടി)ക്കുന്നതിൽ الْقَوْمِ (ആ)ജനതയെ إِنْتَكُونُوا നിങ്ങളാകുന്നുവെങ്കിൽ تَأْلَمُونَ നിങ്ങൾ വേദനപ്പെടുന്നു(വേദന അനുഭവിക്കുന്നു) فَإِنَّهُمْ എന്നാൽ നിശ്ചയമായും അവർ يَأْلَمُونَ അവർ വേദന അനുഭവിക്കുന്നു. അവർക്ക് വേദനയുണ്ടാകുന്നു كَمَاتَأْلَمُونَ നിങ്ങൾ വേദനപ്പെടുന്ന (അനുഭവിക്കുന്ന)തുപോലെ وَتَرْجُونَ നിങ്ങൾ പ്രതീക്ഷിക്കുക (അഭിലഷിക്കുക)യും ചെയ്യുന്നു مِنَاللهِ അല്ലാഹുവിൽ നിന്ന് مَالَايَرْجُونَ അവർ പ്രതീക്ഷിക്കാത്തത് وَكَانَاللهُ അല്ലാഹുവാകുന്നു عَلِيمًا അറിയുന്നവൻ حَكِيمًا അഗാധജ്ഞാനി, യുക്തിമാൻ

സത്യദീനിനെ ഉന്മൂലനം ചെയ്യാൻ കച്ചകെട്ടി ഇറങ്ങിയ മുശ്രിക്കുകളാകുന്ന ശത്രുക്കൾ യുദ്ധകാഹളം മുഴക്കുമ്പോൾ അവരെ നേരിട്ടാൽ മാത്രം പോരാ, അവരെ കഴിയുന്നത്ര തേടിപ്പിടിച്ചു നശിപ്പിക്കുവാൻ ശ്രമിക്കേണ്ടതുമുണ്ട്. അതിൽ ഭീരുത്വമോ, ദൗർബ്ബ

ല്യമോ നിങ്ങൾക്കുണ്ടാവാൻ പാടില്ല. ക്ഷമയോടും, വീറോടും കൂടി അതിൽ നിങ്ങൾ ബദ്ധശ്രദ്ധരായിരിക്കണം. അവരെ നേരിടുന്നതുമൂലം നിങ്ങൾക്ക് പല കഷ്ടനഷ്ട ങ്ങളും പരിക്കുകളുമൊക്കെ അനുഭവപ്പെടുന്നുണ്ടാകും. അതിന്റെ പേരിൽ നിങ്ങൾ പിന്നോക്കം നിന്നുകൂടാ. നിങ്ങളെപ്പോലെത്തന്നെ അവർക്കും അതൊക്കെ അനുഭവ പ്പെടുന്നുണ്ടെന്ന് നിങ്ങൾ ഓർക്കണം. എന്നാൽ, അവർക്കില്ലാത്ത ഒരു വിശേഷത നിങ്ങൾക്കുണ്ട്. ഇഹത്തിലും പരത്തിലും അല്ലാഹുവിങ്കൽനിന്നുള്ള പല അനുഗ്രഹ ങ്ങളും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നവരാണ് നിങ്ങൾ. അവർക്ക് ആ പ്രതീക്ഷയില്ല. ആ നിലക്ക് അവരെക്കാൾ ക്ഷമയും, ചൊടിയും, ചുണയും നിങ്ങൾക്കുണ്ടായിരിക്കേ ണ്ടതുണ്ടല്ലോ എന്ന് താൽപര്യം.

വിഭാഗം - 16

അൻസ്വാരികളിലും യഹൂദികളിലും പെട്ട ചിലർക്കിടയിൽ നടന്നതും താഴെ വിവ രിക്കുന്നതുമായ ഒരു സംഭവത്തെ പരാമർശിച്ചുകൊണ്ടുള്ളവയാണ് തുടർന്നുള്ള ഏതാനും വചനങ്ങൾ. എന്നാലും അവയിലടങ്ങിയ ഓരോ വാക്യവും, ആശയവും ഓരോ മുസ്‌ലിമും ഓർമിച്ചിരിക്കേണ്ടുന്ന പാഠങ്ങളാകുന്നു. ചുരുക്കിയും, വിസ്തരിച്ചും കൊണ്ട് പല മാർഗങ്ങളിൽ കൂടി പല മഹാന്മാരും ഉദ്ധരിച്ചതും, ഈ വചനങ്ങളുടെ അവതരണ ഹേതുവായി മിക്ക ക്വുർആൻ വ്യാഖ്യാതാക്കളും എണ്ണിവരുന്നതുമായ ആ സംഭവത്തിന്റെ സ്വഭാവം ചുരുക്കത്തിൽ ഇപ്രകാരമാകുന്നു:-

നബി ഒന്നിച്ചുണ്ടായിരുന്ന ഒരു പടയെടുപ്പിൽ അൻസ്വാരികളിൽപെട്ട ക്വത്താദത്തു ബ്നുനുഅ്മാനും, അദ്ദേഹത്തിന്റെ പിതൃവ്യൻ രിഫാഅത്തും (റ) പങ്കെടുത്തിരുന്നു. അവരിൽ ഒരാളുടെ (രിഫാഅത്തിന്റെ) പടയങ്കി കളവുപോയി. ഒരു അൻസ്വാരി ഗോത്ര മായ ബനൂളഫർ (بَنُو ظَفَر) കാരനായ ഉബൈരിക്വി (أُبَيْرِق)ന്റെ മക്കൾ എന്ന പേരിൽ അറിയപ്പെടുന്ന ഒരു വീട്ടുകാരെ സംബന്ധിച്ച് സംശയം ഉളവായി. അതനുസരിച്ച് അങ്കി യുടെ ഉടമസ്ഥൻ നബിﷺയുടെ അടുക്കൽചെന്ന് ഉബൈരിക്വിന്റെ മകൻ ത്വഅ്മത്ത് (طَعَمَة) എന്റെ അങ്കി മോഷ്ടിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. ചില രിവായത്തുകളിൽ ഇയാ ളുടെ പേർ ബശീർ എന്നാണെന്നും, ഇയാൾ ഒരു കപട വിശ്വാസിയും മുസ്‌ലിംകൾക്കെ തിരിൽ കവിതകൾ പ്രചരിപ്പിക്കുന്നവനുമായിരുന്നുവെന്നും വന്നിട്ടുണ്ട്. ഏതായാലും യഥാർഥ മോഷ്ടാവ് വിവരം അറിഞ്ഞപ്പോൾ, അങ്കിയെടുത്ത് രാത്രി സമയത്ത് സൈദു ബ്നുസ്സമീൻ എന്ന ഒരു യഹൂദിയുടെ വീട്ടിൽ കൊണ്ടുപോയിവെച്ചു. (കുറച്ചു ഭക്ഷണ സാധനങ്ങളും ആ അങ്കിയും കൂടി അയാളുടെ പക്കൽ സൂക്ഷിക്കുവാൻ ഏൽപിക്കുക യാണ് ചെയ്തതെന്നും, കൊണ്ട് പോകുമ്പോൾ ഭക്ഷണസാധനം ചാക്കിൽ നിന്ന് വഴി നീളെ ചോർന്നു പോയിരുന്ന അടയാളം കാണാമായിരുന്നുമെന്നും പറയപ്പെടുന്നു.) മോഷ്ടാവ് ആ വിവരം തന്റെ കുടുംബത്തിൽ ചിലരെ അറിയിച്ചു. അവർ റസൂൽ തിരു മേനിﷺയുടെ അടുക്കൽചെന്ന് തങ്ങളുടെ സ്നേഹിതൻ (ത്വഅ്മത്ത് അല്ലെങ്കിൽ ബശീർ) നിരപരാധിയാണെന്നും, യഥാർഥത്തിൽ അങ്കിമോഷ്ടിച്ചവൻ ആ യഹൂദനാ ണെന്നും, കളവ് മുതൽ അവന്റെ അടുക്കൽ നിന്ന് കിട്ടിയിട്ടുണ്ടെന്നും അറിയിച്ചു. തങ്ങളുടെ സ്നേഹിതൻ ഒരു മുസ്‌ലിമും, മോഷ്ടിച്ചവൻ വഞ്ചകനായ ഒരു യഹൂദനു മാകയാൽ, സ്നേഹിതന്റെ നിരപരാധിത്വം പരസ്യമായി പ്രഖ്യാപിക്കണമെന്നും അവ നുവേണ്ടി തിരുമേനി വാദിക്കണമെന്നും അവർ അപേക്ഷിച്ചു. യഹൂദൻ അവന്റെ നിരപ രാധിത്വവും, സംഭവത്തിന്റെ യഥാർഥവും വിവരിക്കുകയും തനിക്കുള്ള തെളിവുകൾ

സമർപ്പിക്കുകയും ചെയ്തു. കളവ് മുതൽ അവന്റെ പക്കൽ നിന്ന് കണ്ടുകിട്ടിയതിനെയും അവനെതിരിൽ സമർപ്പിക്കപ്പെട്ട തെളിവുകളെയും അടിസ്ഥാനമാക്കി യഹൂദന്റെ വാദം നബിﷺ തള്ളിക്കളയുകയും, ഉബൈരികിന്റെ മകന്റെ നിരപരാധിത്വം പ്രഖ്യാപിക്കുകയും ഉണ്ടായി.

യഹൂദന്റെ വീട്ടിൽ നിന്ന് കളവ് മുതൽ കണ്ടെടുക്കുന്നതിന് മുമ്പ് ക്വത്താദയെയും, അദ്ദേഹത്തിന്റെ പിതൃവ്യൻ രിഫാഅത്തിനെയും സംബന്ധിച്ച് അവർ - ഇബ്നു ഉബൈരികിന്റെ കൂട്ടർ - നബിﷺയുടെ അടുക്കൽ ആക്ഷേപം സമർപ്പിച്ചിരുന്നു. മുസ്ലിംകളായ തങ്ങളുടെ വീട്ടുകാരെപ്പറ്റി തക്ക തെളിവൊന്നും കൂടാതെ അവർ കളവു കേസ്സു ചുമത്തിയെന്നായിരുന്നു ആക്ഷേപം. ക്വത്താദ(റ) പറയുകയാണ്: ഞാൻ റസൂൽ തിരുമേനിﷺയുടെ അടുക്കൽ ചെന്നു സംസാരിച്ചു. അപ്പോൾ, തെളിവും രേഖയും കൂടാതെ നല്ല ആളുകളായ ഒരു മുസ്ലിം കുടുംബത്തിന്റെ മേൽ കളവ് ചുമത്തുകയാണ് താൻ ചെയ്യുന്നതെന്ന് തിരുമേനി എന്നോട് പറഞ്ഞു. അയ്യോ! അത് പറയേണ്ടിയിരുന്നില്ലെന്ന് ഖേദിച്ചുകൊണ്ടാണ് ഞാൻ മടങ്ങിപ്പോന്നത്. എന്റെ പിതൃവ്യൻ രിഫാഅത്ത്(റ) വന്ന് എന്നോട് വിവരം ചോദിച്ചു. നബിﷺ പറഞ്ഞ മറുപടി കേട്ടപ്പോൾ അദ്ദേഹം (വ്യസനത്തോടെ)പറഞ്ഞു: **الله المستعان** (അല്ലാഹുവിനോടാണ് സഹായം തേടുവാനുള്ളത്.) പിന്നീട് അധികം താമസമുണ്ടായില്ല. .... إِنَّا أَنزَلْنَا إِلَيْكَ الْكِتَابَ മുതൽ فَسَوْفَ نُؤْتِيهِ أَجْرًا عَظِيمًا..... വരെയുള്ള (105 മുതൽ 114 കൂടി) വചനങ്ങൾ അവതരിച്ചു. ഈ വചനങ്ങൾ അവതരിച്ചപ്പോൾ, തിരുമേനി ആ ആയുധം (അങ്കി) രിഫാഅത്തിന് ഏൽപിച്ചു കൊടുത്തു. ക്വത്താദ(റ) പറയുകയാണ്: ഞാൻ പിതൃവ്യന്റെ അടുക്കൽ -അദ്ദേഹം വയസ്സ് ചെന്ന് കണ്ണിന് കാഴ്ച ഇല്ലാതായിട്ടുണ്ടായിരുന്നു - ആയുധവും കൊണ്ട് ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു: 'സഹോദരപുത്രാ! അത് അല്ലാഹുവിന്റെ മാർഗത്തിലേക്ക് സംഭാവനയാണ്' അദ്ദേഹത്തിന്റെ ഇസ്ലാമിൽ കലർപ്പുകൂടിയിട്ടുണ്ടെന്നായിരുന്നു ഞാൻ മുമ്പ് ധരിച്ചിരുന്നത്. ഇപ്പോൾ എനിക്ക് ബോധ്യപ്പെട്ടു: അദ്ദേഹത്തിന്റെഇസ്ലാം ശരിയായ ഇസ്ലാം തന്നെയായിരുന്നുവെന്ന്. ഈ ക്വുർആൻ വചനങ്ങൾ അവതരിച്ചപ്പോൾ ഉബൈരികിന്റെ മകൻ (യഥാർഥ മോഷ്ടാവ്) മുശ്രിക്കുകളുടെ കൂട്ടത്തിൽ ചേർന്നു. അപ്പോൾ അല്ലാഹു ....وَمَن يُشَاقِقِ الرَّسُولَ മുതൽ فَقَدْ ضَلَّ ضَلَالًا بَعِيدًا... വരെയുള്ള (115, 116) വചനങ്ങൾ അവതരിപ്പിച്ചു. ഇതാണ് സംഭവം.

സയ്യിദുക്വുത്ത്ബ്(റ) ചൂണ്ടിക്കാട്ടിയതുപോലെ, ക്വുർആൻ അല്ലാഹുവിന്റെ വചനമാണെന്നുള്ളതിന് മറ്റ് തെളിവുകളില്ലെങ്കിൽപോലും മനസ്സിരുത്തി ചിന്തിക്കുന്ന നിഷ്പക്ഷ ബുദ്ധികൾക്ക് ആ യാഥാർഥ്യം സ്വയം ബോധ്യപ്പെടുവാൻ മതിയായതാണ് ഈ വചനങ്ങൾ. ഒരു സംഭവത്തിന്റെ യഥാർഥരൂപം വെളിപ്പെടുത്തുമാറുള്ള തെളിവുകൾ ഇല്ലാതിരിക്കുകയും, അതിന് എതിരായ തെളിവുകൾ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ, ആ സംഭവത്തിന്റെ ചുരുളുകളിൽ അജ്ഞാതമായി കിടപ്പുള്ള ഗൂഢരഹസ്യങ്ങളെ - സംഭവത്തിന്റെ പുതുമ നശിക്കും മുമ്പ് തന്നെ - കലവറ കൂടാതെ ഈ വചനങ്ങൾ തുറന്ന് കാട്ടുന്നു. ഇത് അദൃശ്യജ്ഞാനിയായ അല്ലാഹുവിൽ നിന്നായിരിക്കുവാനേ നിവൃത്തിയുള്ളൂ. ക്വുർആന്റെ ആക്ഷേപങ്ങൾക്ക് മറ്റേതൊരു സമുദായത്തെക്കാളും ഇരയായ ഒരു സമുദായമാണ് യഹൂദികൾ. മദീനായിലെ യഹൂദികൾ വിശേഷിച്ചും. എന്നിട്ടുപോലും ആ യഹൂദന്റെ നിരപരാധിത്വവും, അതോടുകൂടി അൻസ്വാരികളായ സ്വഹാബികളുടെ കൂട്ടത്തിൽപെട്ട ചില വ്യക്തികളുടെ കാപട്യവും, വഞ്ചനയും ഈ വചനങ്ങ

ളിൽ പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു. ഇത്ര ശക്തി യുക്തമായ ഭാഷയിൽ -സ്ഥിതി ഗതികളുടെ മുക്കും മൂലയും അണപ്പിച്ചുകൊണ്ടും, അതോടൊപ്പം നബിﷺയെ സംബന്ധിച്ച് പോലും ആക്ഷേപ സ്വരത്തിലുള്ള വാക്കുകൾ ഉൾപ്പെടുത്തിക്കൊണ്ടും - വിശദമായ ഒരു പ്രസ്താവന ഇറക്കുവാൻ എല്ലാം സൂക്ഷ്മമായറിയുന്ന അല്ലാഹുവിങ്കൽ നിന്നല്ലാതെ സാധ്യതയില്ലതന്നെ. എനി, അല്ലാഹുവിന്റെ പ്രസ്താവനകൾ ശ്രദ്ധിക്കുക:-

إِنَّآ أَنزَلْنَآ إِلَيْكَ ٱلْكِتَٰبَ بِٱلْحَقِّ لِتَحْكُمَ بَيْنَ ٱلنَّاسِ بِمَآ أَرَىٰكَ ٱللَّهُ ۚ

﴾105﴿ (നബിയേ) നിശ്ചയമായും, നാം നിനക്ക് യഥാർഥ (മുറ) പ്രകാരം വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു; അല്ലാഹു നിനക്ക് കാണിച്ചുതന്ന പ്രകാരം നീ മനുഷ്യർക്കിടയിൽ വിധി കൽപിക്കുവാൻ വേണ്ടി.

وَلَا تَكُن لِّلْخَآئِنِينَ خَصِيمًا ﴿١٠٥﴾

നീ വഞ്ചകന്മാർക്ക് വേണ്ടി (കക്ഷിപിടിച്ച്) വാദിക്കുന്നവനാവരുത്.

وَٱسْتَغْفِرِ ٱللَّهَ ۖ إِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا ﴿١٠٦﴾

﴾106﴿ അല്ലാഹുവിനോട് നീ പാപമോചനം തേടുകയും ചെയ്യുക. നിശ്ചയമായും അല്ലാഹു, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

وَلَا تُجَٰدِلْ عَنِ ٱلَّذِينَ يَخْتَانُونَ أَنفُسَهُمْ ۚ إِنَّ ٱللَّهَ لَا يُحِبُّ مَن كَانَ خَوَّانًا أَثِيمًا ﴿١٠٧﴾

﴾107﴿ തങ്ങളുടെ സ്വന്തങ്ങളോട് (തന്നെ) വഞ്ചന പ്രവർത്തിക്കുന്നവർക്ക് വേണ്ടി നീ തർക്കം നടത്തുകയും ചെയ്യരുത്. നിശ്ചയമായും മഹാവഞ്ചകനും മഹാപാപിയുമായവരെ അല്ലാഹു ഇഷ്ടപ്പെടുന്നതല്ല.

يَسْتَخْفُونَ مِنَ ٱلنَّاسِ وَلَا يَسْتَخْفُونَ مِنَ ٱللَّهِ وَهُوَ مَعَهُمْ إِذْ يُبَيِّتُونَ مَا لَا يَرْضَىٰ مِنَ ٱلْقَوْلِ ۚ

﴾108﴿ അവർ മനുഷ്യരിൽ നിന്നും മറച്ചു വെക്കുന്നു; അല്ലാഹുവിൽ നിന്ന് മറച്ചുവെക്കുന്നുമില്ല; അവൻ തൃപ്തിപ്പെടാത്തതായ വാക്കുകൾ (പറയുവാൻ) അവർ (ഗൂഢമായി) രാത്രി പരിപാടിയിടുമ്പോൾ, അവൻ അവരുടെ കൂടെയുണ്ട്താനും. (എന്നിട്ടും!)

وَكَانَ ٱللَّهُ بِمَا يَعْمَلُونَ مُحِيطًا ﴿١٠٨﴾

അല്ലാഹു, അവർ പ്രവർത്തിക്കുന്നതിനെ വലയം ചെയ്യുന്ന [സൂക്ഷ്മമായി അറിയുന്ന]വനുമാകുന്നു.

﴾105﴿ إِنَّا أَنزَلْنَا നിശ്ചയമായും നാം ഇറക്കിത്തന്നിരിക്കുന്നു إِلَيْكَ നിനക്ക്, നിന്നിലേക്ക് الْكِتَابَ (വേദ) ഗ്രന്ഥം بِالْحَقِّ യഥാർഥ (മുറ - കാര്യ) പ്രകാരം لِتَحْكُمَ

നീ വിധി കൽപിക്കുവാൻ വേണ്ടി بَيْنَ النَّاسِ മനുഷ്യർക്കിടയിൽ بِمَا أَرَاكَ നിനക്കുകാ ണിച്ചു തന്നതുകൊണ്ട് (കാട്ടിത്തന്നതനുസരിച്ച് - പ്രകാരം) اللَّهُ അല്ലാഹു وَلَا تَكُنْ നീ ആകരുത്, ആകുകയും അരുത് لِلْخَائِنِينَ ചതിക്കുന്നവർക്ക്, വഞ്ചകന്മാർക്ക് വേണ്ടി خَصِيمًا വാദിക്കുന്നവൻ, കക്ഷി വാദം ചെയ്യുന്നവൻ ﴾106﴿ وَاسْتَغْفِرِ നീ പൊറുതി (പാപമോചനം) തേടുകയും ചെയ്യുക اللَّهَ അല്ലാഹുവിനോട് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു, ആയിരിക്കുന്നു غَفُورًا വളരെ പൊറുക്കുന്നവൻ رَحِيمًا കരുണാനിധി, കരുണയുള്ളവൻ ﴾107﴿ وَلَا تُجَادِلْ നീ തർക്കം നടത്തുകയും ചെയ്യ രുത് عَنِ الَّذِينَ യാതൊരു കൂട്ടരെപ്പറ്റി, യാതൊരുവർക്ക് വേണ്ടി يَخْتَانُونَ വഞ്ചന പ്രവർത്തിക്കുന്ന أَنفُسَهُمْ തങ്ങളുടെ സ്വന്തങ്ങളോട് (ആത്മാക്കളോട്) തങ്ങളോടുതന്നെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يُحِبُّ ഇഷ്ടപ്പെടുന്നതല്ല, സ്നേഹിക്കയില്ല مَن كَانَ ആയവരെ(വനെ) خَوَّانًا വലിയ(മഹാ) വഞ്ചകൻ أَثِيمًا വലിയ(മഹാ) പാപി ﴾108﴿ يَسْتَخْفُونَ അവർ മറച്ചുവെക്കുന്നു, മറക്കുവാൻ ശ്രമിക്കുന്നു مِنَ النَّاسِ മനുഷ്യ രിൽ നിന്ന്, മനുഷ്യരെ സംബന്ധിച്ച് وَلَا يَسْتَخْفُونَ അവർ മറച്ചു വെക്കുന്നുമില്ല مِنَ اللَّهِ അല്ലാഹുവിൽ നിന്ന് وَهُوَ അവനാകട്ടെ, അവനോ مَعَهُمْ അവരുടെ കൂടെ ഉണ്ട്(താ നും) إِذْ يُبَيِّتُونَ അവർ രാപ്പരിപാടി നടത്തുമ്പോൾ (രാത്രി നടത്തുന്ന സന്ദർഭം) مَا لَا يَرْضَىٰ അവൻ തൃപ്തിപ്പെടാത്തത് مِنَ الْقَوْلِ വാക്കിൽ (വാക്കുകളിൽ) നിന്ന്, വാക്കാകുന്ന وَكَانَ اللَّهُ അല്ലാഹു ആകുന്നുതാനും بِمَا يَعْمَلُونَ അവർ പ്രവർത്തിക്കുന്ന തിനെ(പ്പറ്റി) مُحِيطًا വലയം ചെയ്യുന്ന (മുഴുവൻ - സൂക്ഷ്മമായി അറിയുന്ന)വൻ

ബാഹ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ, യഥാർത്ഥ മോഷ്ടാവായ ഉബൈ രിക്വിന്റെ മകനെ(ത്വഅ്മത്തിനെ, അല്ലെങ്കിൽ ബഷീറിനെ) നിരപരാധിയായി നബി ﷺ പ്രഖ്യാപിച്ചതും, അവന്റെ കക്ഷിയുടെ വാദത്തെ ന്യായീകരിച്ചതും നിയമ ദൃഷ്ട്യാ ഒരു തെറ്റല്ല. ബാഹ്യമായ തെളിവുകൾക്കനുസരിച്ച് വിധി കൽപിക്കുവാനേ മനുഷ്യർക്ക് നിവൃ ത്തിയുള്ളൂ. അദൃശ്യ കാര്യങ്ങൾ അല്ലാഹുവിനല്ലാതെ ആർക്കും അറിയുകയില്ലല്ലോ. നബി ﷺ യും ഇതിൽ നിന്ന് ഒഴിവല്ല. അതുകൊണ്ടാണ് ഒരു സംഭവത്തിൽ നബി ﷺ ഇങ്ങിനെ പറഞ്ഞത്: 'അറിഞ്ഞേക്കുക: ഞാൻ ഒരു മനുഷ്യൻ തന്നെയാണ്. ഞാൻ കേൾക്കുന്നതനുസരിച്ചേ ഞാൻ വിധികൽപിക്കുകയുള്ളൂ. നിങ്ങളിൽ ചിലർ, ചിലരെ ക്കാൾ തന്റെ ന്യായം വ്യക്തമാക്കിയിട്ടുണ്ടായിരിക്കും. അങ്ങനെ, അവനു ഞാൻ ഗുണ മായി വിധിച്ചു കൊടുത്തേക്കുകയും ചെയ്യും. ഒരു മുസ്ലിമിന്റെ(യഥാർഥ) അവകാശം ഞാൻ (വേറെ) ആർക്കെങ്കിലും വിധിച്ചു കൊടുത്താൽ (യഥാർത്ഥത്തിൽ) അത്, നരക ത്തിൽ നിന്നുള്ള ഒരു കഷ്ണമായിരിക്കും. അതവൻ ഏറ്റെടുക്കുകയോ, ഉപേക്ഷിക്കു കയോ (ഇഷ്ടംപോലെ) ചെയ്തുകൊള്ളട്ടെ.' (ബു; മു.)

എന്നിരുന്നാലും നബി തിരുമേനി ﷺ യുടെ ഉന്നത നിലപാടിനെ അപേക്ഷിച്ച് സംഭ വത്തിന്റെ യഥാർഥ സ്ഥിതിയെക്കുറിച്ച് തിരുമേനി കുറേ കൂടി സൂക്ഷ്മാന്വേഷണം നട ത്തേണ്ടതുണ്ടായിരുന്നുവെന്നുള്ള സൂചനയാണ് وَلَا تَكُنْ الخ (നീ വഞ്ചകൻമാർക്ക് വേണ്ടി

വാദിക്കുന്നവനാവരുത്) എന്നും .... وَلَا تُجَادِلْ عَنِ الَّذِينَ (സ്വന്തങ്ങളോട് തന്നെ വഞ്ചന പ്രവർത്തിക്കുന്നവർക്കുവേണ്ടി നീ തർക്കം നടത്തരുത്)എന്നുമുള്ള വാക്യങ്ങളിൽ കാണുന്നത്. പാപമോചനം തേടുവാൻ കൽപിച്ചതു ക്വത്താദത്ത് (റ)നോട് തെളിവും രേഖയും കൂടാതെ ഒരു മുസ്‌ലിം കുടുംബത്തിന്റെ പേരിൽ കളവ് ആരോപിക്കുകയാണ് താൻ ചെയ്യുന്നതെന്ന് നബിﷺ പറഞ്ഞതിനെ ഉദ്ദേശിച്ചാണെന്നാണ് പല വ്യാഖ്യാതാക്കളും പറയുന്നത്. ബാഹ്യാവസ്ഥയനസരിച്ച് ഉബൈരിക്വിന്റെ മകനെ കുറ്റത്തിൽ നിന്നു ഒഴിവാക്കുവാൻ ശ്രമിച്ചതിനെ ഉദ്ദേശിച്ചാണ് പാപമോചനം തേടുവാൻ കൽപിച്ചതെന്നാണ് മറ്റു ചിലരുടെ അഭിപ്രായം. രണ്ടിനെയും ഉദ്ദേശിച്ചായിരിക്കുവാനും സാധ്യതയുണ്ട്താനും. الله اعلم . ഏതായാലും, നബിﷺയുടെ ഉന്നത പദവിയനുസരിച്ച് കുറേ കൂടി സൂക്ഷ്മാന്വേഷണം നടത്തേണ്ടതുണ്ടായിരുന്നുവെന്നു മാത്രമേ ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടതുള്ളൂ. അഥവാ നബിﷺ ഒരു പാപം ചെയ്തുവെന്ന് ഇതിന് അർഥമില്ല.

നബിമാർ പാപമോചനം തേടുന്നതും, അവരോട് പാപമോചനം തേടുവാൻ അല്ലാഹു കൽപിക്കുന്നതും, അവരുടെ ചില പ്രവൃത്തികളെപ്പറ്റി ആക്ഷേപ രൂപത്തിൽ സംസാരിക്കുന്നതും അവർ പാപം ചെയ്തതുകൊണ്ടല്ലെന്നും, നബിമാർ പാപങ്ങളിൽ നിന്ന് രക്ഷിക്കപ്പെട്ടവരാണെന്ന അംഗീകൃത തത്വത്തിന് അതൊന്നും വിരുദ്ധമല്ലെന്നും, അവരുടെ മഹത്തായ നിലപാടിന് അനുയോജ്യമല്ലാത്ത നിസ്സാരങ്ങളായ വല്ല പാകപ്പിഴവുകളെയും മുൻനിറുത്തിയാണതെന്നും മനസ്സിലാക്കേണ്ടതാകുന്നു. കൂടാതെ, അവരുടെ അനുയായികളായ സത്യവിശ്വാസികൾക്ക് അത് ഒരു പാഠവും കൂടിയാണല്ലോ.

വഞ്ചകന്മാർ, സ്വയം വഞ്ചിച്ചവർ, മഹാവഞ്ചകരും പാപികളുമായവർ എന്നൊക്കെ വിശേഷിപ്പിച്ചത് മേലുദ്ധരിച്ച സംഭവത്തെ സംബന്ധിച്ചിടത്തോളം ഉബൈരിക്വിന്റെ മകനെയും അവന്റെ ആൾക്കാരെയും ഉദ്ദേശിച്ചാകുന്നുവെങ്കിലും, അത്തരം വഞ്ചനകളും കൃത്രിമ സൂത്രങ്ങളും നടത്തുന്ന എല്ലാവരെയും ഉൾപെടുത്തുന്ന വിധത്തിലാണ് ആ വാക്കുകൾ അല്ലാഹു ഉപയോഗിച്ചിരിക്കുന്നത്. അവതരണഹേതു പ്രത്യേകമായിരുന്നാലും ആയത്തിന്റെ വിധി പൊതുവാണെന്നുള്ളത് ഒരു അംഗീകൃത തത്വമാണ്. അതുകൊണ്ടാണ് ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ കഥാനായകന്മാരുടെ പേർ വെളിപ്പെടുത്താതെ, അവരെ ഗുണദോഷിക്കുന്ന വിശേഷണങ്ങൾ പറഞ്ഞു അല്ലാഹു മതിയാക്കുന്നതും. ക്വുർആന്റെ നിയമം എല്ലാ കാലത്തുള്ളവർക്കും വേണ്ടിയുള്ളതാണല്ലോ. അവരവരുടെ പ്രവർത്തന ഫലം അവരവർ തന്നെ അനുഭവിക്കുന്നതുകൊണ്ടാണ് തങ്ങളോടുതന്നെ വഞ്ചന നടത്തുന്നവർ എന്നുകൂടി വഞ്ചകൻമാരെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നത്. കളവു മുതൽ യഹൂദന്റെ വീട്ടിൽ കൊണ്ടുപോയി വെക്കുവാനും, വേണ്ടിവരുമ്പോൾ അവനെ കുറ്റക്കാരനാക്കി ഒഴിഞ്ഞു മാറുവാനും രാത്രിയിൽ ഗൂഢാലോചന നടത്തി പരിപാടിയിട്ടതിനെപ്പറ്റിയാണ് അവർ രാപ്പരിപാടി നടത്തിയെന്നും, അവർ മനുഷ്യരിൽനിന്ന് മറച്ചു വെച്ച് - അല്ലാഹുവിൽ നിന്ന് മറച്ചുവെച്ചതുമില്ല - എന്നും 108-ാം വചനത്തിൽ പ്രസ്താവിച്ചത്. നബിﷺയുടെ അടുക്കൽ കേസ്സ് എത്തുന്നതിന് മുമ്പ് ലബീദ് എന്ന് പേരായ ഒരാളുടെ പേരിൽ ആ കളവ് ചുമത്തുവാൻ അവർ ഒരു ശ്രമം നടത്തുകയുണ്ടായെന്നും, ലബീദ് അതുകേട്ട് ക്ഷോഭിച്ചപ്പോൾ അതിൽ നിന്ന് അവർ ഒഴിഞ്ഞുമാറിയെന്നും ഈ സംഭവത്തിന്റെ ഒരു രിവായത്തിൽ വന്നിട്ടുണ്ട്. ഇതിൽ നിന്നെല്ലാം അല്ലാഹു അവരെപ്പറ്റി വിശേഷിപ്പിച്ചു പറഞ്ഞതിന്റെ താൽപര്യം വ്യക്തമാണല്ലോ.

هَٰٓأَنتُمْ هَٰٓؤُلَآءِ جَٰدَلْتُمْ عَنْهُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا فَمَن يُجَٰدِلُ ٱللَّهَ عَنْهُمْ يَوْمَ ٱلْقِيَٰمَةِ أَم مَّن يَكُونُ عَلَيْهِمْ وَكِيلًا ﴿١٠٩﴾

《109》 ഹാ! നിങ്ങൾ (ഇതാ) ഇങ്ങിനെയുള്ള കൂട്ടരാണ്; ഐഹിക ജീവിതത്തിൽ അവർക്ക് വേണ്ടി നിങ്ങൾ തർക്കം നടത്തി.

എന്നാൽ, ക്വിയാമത്തുനാളിൽ അവർക്ക് വേണ്ടി അല്ലാഹുവിനോട് ആരാണ് തർക്കം നടത്തുക?! അല്ലാത്ത പക്ഷം, ആരാണ് അവരുടെമേൽ (ബാധ്യത) ഏറ്റെടുക്കുന്നവനായിരിക്കുക?!

وَمَن يَعْمَلْ سُوٓءًا أَوْ يَظْلِمْ نَفْسَهُۥ ثُمَّ يَسْتَغْفِرِ ٱللَّهَ يَجِدِ ٱللَّهَ غَفُورًا رَّحِيمًا ﴿١١٠﴾

《110》 ആരെങ്കിലും വല്ല തിന്മയും പ്രവർത്തിക്കുകയോ തന്നോടുതന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്യുകയും, പിന്നീടവൻ അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുന്നതായാൽ, അവൻ അല്ലാഹുവിനെ വളരെ പൊറുക്കുന്നവനായും, കരുണാനിധിയായും കണ്ടെത്തുന്നതാണ്.

وَمَن يَكْسِبْ إِثْمًا فَإِنَّمَا يَكْسِبُهُۥ عَلَىٰ نَفْسِهِۦ ۚ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿١١١﴾

《111》 ആരെങ്കിലും ഒരു കുറ്റം സമ്പാദിച്ചു [പ്രവർത്തിച്ചു]വെക്കുന്ന പക്ഷം അതു തനിക്കുതന്നെ എതിരായിട്ടത്രെ അവൻ സമ്പാദിക്കുന്നത്. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

وَمَن يَكْسِبْ خَطِيٓـَٔةً أَوْ إِثْمًا ثُمَّ يَرْمِ بِهِۦ بَرِيٓـًٔا فَقَدِ ٱحْتَمَلَ بُهْتَٰنًا وَإِثْمًا مُّبِينًا ﴿١١٢﴾

《112》 ആരെങ്കിലും വല്ല തെറ്റോ, കുറ്റമോ സമ്പാദി [പ്രവർത്തി]ക്കുകയും പിന്നീട് അതിനെപ്പറ്റി ഒരു നിരപരാധിയെ [നിരപരാധിയുടെ മേൽ] ആരോപിക്കുകയും ചെയ്യുന്ന പക്ഷം, തീർച്ചയായും, അവൻ കള്ളാരോപണവും, സ്പഷ്ടമായ കുറ്റവും പേറിപ്പോയി.

《109》 هَاأَنتُمْ ഹാ (ഹേ) നിങ്ങൾ هَٰؤُلَاءِ (ഇങ്ങിനെയുള്ള) ഇക്കൂട്ടരാണ് جَادَلْتُمْ നിങ്ങൾ തർക്കം നടത്തി عَنْهُمْ അവരെക്കുറിച്ച് (അവർക്കുവേണ്ടി) فِي الْحَيَاةِ ജീവിത

ത്തിൽ الدُّنْيَا ദുൻയാവിന്റെ, ഐഹിക فَمَنْ يُجَادِلُ എന്നാൽ ആർ തർക്കം നടത്തും, തർക്കിക്കുന്നവൻ ആർ اللّٰهَ അല്ലാഹുവിനോട് عَنْهُمْ അവർക്കുവേണ്ടി, അവരെപ്പറ്റി يَوْمَ الْقِيَامَةِ ക്വിയാമത്തു നാളിൽ أَمْ مَنْ അതല്ലെങ്കിൽ (അഥവാ) ആരാണ് يَكُونُ ആയിരിക്കുക عَلَيْهِمْ അവർക്ക്, അവരുടെ മേൽ وَكِيلًا കാര്യം ഏൽപിക്കപ്പെടുന്നവൻ, വക്കീൽ, ഭാരവാഹി, ഏൽക്കുന്നവൻ. ﴾110﴿ وَمَنْ يَعْمَلْ ആരെങ്കിലും (വല്ലവരും, ആർ, യാതൊരുവൻ) പ്രവർത്തിക്കുന്നതായാൽ سُوءًا ഒരുതിന്മ, വല്ല തിന്മയും أَوْ يَظْلِمْ അല്ലെങ്കിൽ അക്രമം ചെയ്താൽ نَفْسَهُ തന്റെ സ്വന്തത്തോട്, തന്നോടുതന്നെ ثُمَّ പിന്നെ, അനന്തരം يَسْتَغْفِرِ അവൻ പാപമോചനം തേടിയാൽ اللّٰهَ അല്ലാഹുവിനോട് يَجِدِ اللّٰهَ അല്ലാഹുവിനെ അവൻ കണ്ടെത്തും غَفُورًا വളരെ പൊറുക്കുന്നവനായി رَحِيمًا കരുണാനിധിയായി ﴾111﴿ وَمَنْ يَكْسِبْ വല്ലവനും സമ്പാദിച്ചാൽ, ചെയ്തുവെക്കുന്ന പക്ഷം إِثْمًا ഒരു കുറ്റം, വല്ല പാപവും فَإِنَّمَا يَكْسِبُهُ എന്നാലവൻ അതു സമ്പാദിക്കുക(പ്രവർത്തിക്കുക)തന്നെ ചെയ്യുന്നു عَلَىٰ نَفْسِهِ തന്റെ സ്വന്തം പേരിൽ(ബാധ്യതയായി), തനിക്കെതിരെ وَكَانَ اللّٰهُ അല്ലാഹു ആകുന്നു عَلِيمًا (എല്ലാം) അറിയുന്നവൻ حَكِيمًا അഗാധജ്ഞൻ, വിജ്ഞാനി, യുക്തിമാൻ ﴾112﴿ وَمَنْ يَكْسِبْ വല്ലവനും (ആരെങ്കിലും) സമ്പാദിക്കുന്ന (ചെയ്യുന്ന) പക്ഷം خَطِيئَةً വല്ലതെറ്റും, തെറ്റായത് أَوْ إِثْمًا അല്ലെങ്കിൽ കുറ്റം, പാപം ثُمَّ يَرْمِ بِهِ പിന്നെ അതുകൊണ്ട് എറിയുക (അതിനെ ആരോപിക്കുക)യും ചെയ്താൽ بَرِيئًا ഒരു നിരപരാധിയെ (കുറ്റരഹിതന്റെമേൽ) فَقَدِ احْتَمَلَ എന്നാൽ തീർച്ചയായും അവൻ പേറി, ഏറ്റെടുത്തു بُهْتَانًا ഒരു കള്ളാരോപണം, നുണ وَإِثْمًا مُبِينًا വ്യക്ത(സ്പഷ്ട)മായ കുറ്റവും (പാപവും)

ഒരു വ്യാഖ്യാനവും കൂടാതെതന്നെ ഈ വചനങ്ങളിലെ ആശയം വ്യക്തമാണ്. നിങ്ങൾ അവർക്ക് വേണ്ടി തർക്കം നടത്തി എന്ന് ആക്ഷേപിച്ചത് പ്രസ്തുത സംഭവത്തിൽ മോഷ്ടാവായ ത്വഅ്മത്തിനു – അല്ലെങ്കിൽ ബശീറിനു – വേണ്ടി വാദിച്ചതിനെയും, ഒരു കുറ്റം ചെയ്തുവെച്ചിട്ട് അത് നിരപരാധിയുടെ നേരെ ആരോപിച്ചതായി പറഞ്ഞത് ആ കളവു കുറ്റം നിരപരാധിയായ ആ യഹൂദന്റെ മേൽ ആരോപിച്ചതിനെയും സൂചിപ്പിക്കുന്നു. മുമ്പ് ചൂണ്ടിക്കാട്ടിയതുപോലെ, ഈ പ്രസ്താവനകളെല്ലാം തന്നെ അതുപോലെ പ്രവർത്തിക്കുന്ന എല്ലാവർക്കും ബാധകമാണെന്ന് പ്രത്യേകം പറയേണ്ടതില്ല. ഒരാൾ ഒരു തെറ്റോ കുറ്റമോ ചെയ്തിട്ട് പിന്നീടത് നിരപരാധിയായ മറ്റൊരുവന്റെ മേൽ ആരോപിക്കുകയോ, ആരോപണത്തിനനുകൂലമായി വാദിക്കുകയോ ചെയ്യുമ്പോൾ ആദ്യം ചെയ്ത കുറ്റത്തിനു പുറമെ, മറ്റൊരാളെപ്പറ്റി കള്ളം പറഞ്ഞുണ്ടാക്കിയ കുറ്റവും, അവനെ കുറ്റക്കാരനാക്കി ചിത്രീകരിച്ചതുമൂലം അവന് നേരിടുന്ന എല്ലാ ദോഷങ്ങളുടെയും ഉത്തരവാദിത്വവും അവൻ വഹിക്കേണ്ടി വരുന്നതാണ് എന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. ഇന്നത്തെ പൊതുജനങ്ങളിൽ മുസ്‌ലിംകളടക്കം പലരും ഈ കഠിനമായ താക്കീതിനു പാത്രമാണെന്നു പറയേണ്ടി വന്നിരിക്കുന്നു وإلى الله المشتكى

വിഭാഗം – 17

وَلَوْلَا فَضْلُ ٱللَّهِ عَلَيْكَ وَرَحْمَتُهُۥ لَهَمَّت طَّآئِفَةٌ مِّنْهُمْ أَن يُضِلُّوكَ

﴾113﴿ (നബിയേ) നിന്റെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും, അവന്റെ കാരുണ്യവും ഇല്ലായിരുന്നെങ്കിൽ, അവരിൽ നിന്നു ഒരു വിഭാഗം (ആളുകൾ) നിന്നെ വഴിപിഴപ്പിക്കുവാൻ തുനിയുക തന്നെ ചെയ്യുമായിരുന്നു.

وَمَا يُضِلُّونَ إِلَّآ أَنفُسَهُمْ ۖ وَمَا يَضُرُّونَكَ مِن شَىْءٍ ۚ

(വാസ്തവത്തിൽ) അവർ അവരെത്തന്നെയല്ലാതെ, വഴിപിഴപ്പിക്കുന്നുമില്ല; അവർ നിനക്ക് യാതൊന്നും തന്നെ ഉപദ്രവം വരുത്തുന്നതുമല്ല.

وَأَنزَلَ ٱللَّهُ عَلَيْكَ ٱلْكِتَـٰبَ وَٱلْحِكْمَةَ وَعَلَّمَكَ مَا لَمْ تَكُن تَعْلَمُ ۚ

അല്ലാഹു നിനക്ക് വേദഗ്രന്ഥവും, വിജ്ഞാനവും ഇറക്കിത്തരുകയും ചെയ്തിരിക്കുന്നു; നീ അറിയുമായിരുന്നില്ലാത്തത് (പലതും) അവൻ നിനക്ക് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു.

وَكَانَ فَضْلُ ٱللَّهِ عَلَيْكَ عَظِيمًا ﴿١١٣﴾

നിന്റെ മേൽ അല്ലാഹുവിന്റെ അനുഗ്രഹം വമ്പിച്ചതാകുന്നു.

﴾113﴿ وَلَوْلَا ഇല്ലായിരുന്നെങ്കിൽ فَضْلُ اللهِ അല്ലാഹുവിന്റെ അനുഗ്രഹം, ഔദാര്യം عَلَيْكَ നിന്റെ മേൽ, നിനക്ക് وَرَحْمَتُهُ അവന്റെ കാരുണ്യവും لَهَمَّتْ തുനിയുക (ഉദ്ദേശിക്കുക - ശ്രമിക്കുക) തന്നെ ചെയ്യുമായിരുന്നു طَائِفَةٌ ഒരു വിഭാഗം, കക്ഷി مِنْهُمْ അവരിൽ നിന്ന് أَنْ يُضِلُّوكَ നിന്നെ അവർ വഴിപിഴപ്പിക്കുവാൻ وَمَا يُضِلُّونَ അവർ വഴിപിഴപ്പിക്കുന്നില്ല (പിഴപ്പിക്കുകയില്ല)താനും إِلَّا أَنْفُسَهُمْ അവരെത്തന്നെ(സ്വന്തങ്ങളെ)യല്ലാതെ وَمَا يَضُرُّونَكَ അവർ നിന്നെ ഉപദ്രവിക്ക(നിനക്ക് ദ്രോഹം വരുത്തുക)യുമില്ല مِنْ شَيْءٍ യാതൊന്നും وَأَنْزَلَ اللهُ അല്ലാഹു ഇറക്കുകയും ചെയ്തിരിക്കുന്നു عَلَيْكَ നിന്റെ മേൽ الْكِتَابَ വേദഗ്രന്ഥം وَالْحِكْمَةَ വിജ്ഞാനവും وَعَلَّمَكَ നിന്നെ (നിനക്ക്) പഠിപ്പിക്കുകയും ചെയ്തു مَا لَمْ تَكُنْ നീ ആയിരുന്നില്ലാത്തത് تَعْلَمُ നീ അറിയുക وَكَانَ ആകുന്നു താനും فَضْلُ اللهِ അല്ലാഹുവിന്റെ അനുഗ്രഹം عَلَيْكَ നിന്റെ മേൽ عَظِيمًا വമ്പിച്ചത്, മഹത്തായത്.

ത്വഅ്മത്തിന്റെ - അല്ലെങ്കിൽ ബശീറിന്റെ - ആൾക്കാർ സത്യാവസ്ഥ മൂടിവെച്ചു കള്ളത്തെളിവുകളുണ്ടാക്കി അവന്റെ നിരപരാധിത്വം നബിﷺ മുഖാന്തരം സ്ഥാപിക്കുവാൻ നടത്തിയ ശ്രമം അല്ലാഹു പാഴാക്കിക്കളഞ്ഞു. സത്യാവസ്ഥ അവർ നബിﷺക്ക് വെളിവാക്കിക്കൊടുക്കുകയും ചെയ്തു. ഇതുപോലെ, സത്യാവസ്ഥ മനസ്സിലാക്കുവാൻ

കഴിയാത്ത പല സന്ദർഭങ്ങളിലും വഹ്യ് മൂലം അവയുടെ ഉള്ളുകള്ളി അല്ലാഹു തിരുമേനിക്ക് തുറന്നു കാട്ടിക്കൊടുക്കുകയുണ്ടായിട്ടുണ്ട്. ഇത് അല്ലാഹു നബിﷺക്ക് ചെയ്തു കൊടുത്ത പ്രത്യേക അനുഗ്രഹങ്ങളാകുന്നു. അതില്ലായിരുന്നുവെങ്കിൽ, അവരെപ്പോലെ വഞ്ചകരായ ഒരു തരം ആളുകൾ നബിﷺയെ നേർമാർഗം വിട്ടു പിഴപ്പിക്കുവാൻ ശ്രമം നടത്തുമായിരുന്നു. അതിനൊന്നും ഇടയാകാത്ത വിധം അല്ലാഹു നബിﷺയെ കാത്തു രക്ഷിച്ചിട്ടുണ്ട്. നേരെ മറിച്ച് അത്തരം കുതന്ത്രങ്ങളുടെ ദുഷ്ഫലം അതിന്റെ കർത്താക്കൾ തന്നെ അനുഭവിക്കേണ്ടിവരും. നബിﷺക്ക് അല്ലാഹു ചെയ്തു കൊടുത്ത അനുഗ്രഹങ്ങളും കാരുണ്യവും ഇതു മാത്രമല്ല, ഏറ്റവും വമ്പിച്ച അനുഗ്രഹമായ പ്രവാചകത്വവും, അതോടുബന്ധപ്പെട്ട മറ്റു കാര്യങ്ങളും അവൻ നബിﷺക്ക് നൽകിയിട്ടുണ്ട് എന്നൊക്കെയാണ് ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ താൽപര്യം.

വേദഗ്രന്ഥം (الكتاب) കൊണ്ടുദ്ദേശ്യം ഖുർആനും, വിജ്ഞാനം (الحكمة) കൊണ്ടുദ്ദേശ്യം സുന്നത്തും തന്നെ. ഖുർആനല്ലാത്ത എത്രയോ വിജ്ഞാന സന്ദേശങ്ങളും നബിﷺക്ക് വഹ്യ്മൂലം സിദ്ധിച്ചിട്ടുണ്ടല്ലോ. അത്കൊണ്ടാണ് വേദഗ്രന്ഥവും, വിജ്ഞാനവും ഇറക്കിത്തന്നുവെന്ന് പറയുന്നത്.

لَّا خَيْرَ فِى كَثِيرٍ مِّن نَّجْوَىٰهُمْ إِلَّا مَنْ أَمَرَ بِصَدَقَةٍ أَوْ مَعْرُوفٍ أَوْ إِصْلَٰحٍۭ بَيْنَ ٱلنَّاسِ ۚ وَمَن يَفْعَلْ ذَٰلِكَ ٱبْتِغَآءَ مَرْضَاتِ ٱللَّهِ فَسَوْفَ نُؤْتِيهِ أَجْرًا عَظِيمًا ﴿١١٤﴾

﴾114﴿ അവരുടെ ഗൂഢസംസാരത്തിൽ മിക്കതിലും ഒരു ഗുണവുമില്ല; വല്ല ദാനധർമത്തെയോ, (സദാചാര) മര്യാദയെയോ, മനുഷ്യർക്കിടയിൽ (സന്ധിയാക്കി) നന്നാക്കുന്നതിനെയോ സംബന്ധിച്ചു കൽപിക്കുന്നവന്റെ (ഗൂഢസംസാരം) ഒഴികെ.

അല്ലാഹുവിന്റെ പ്രീതിയെ തേടിക്കൊണ്ട് ആരെങ്കിലും അത് ചെയ്യുന്ന പക്ഷം, എന്നാൽ, വഴിയെ നാം അവനു വമ്പിച്ച പ്രതിഫലം നൽകുന്നതാണ്.

وَمَن يُشَاقِقِ ٱلرَّسُولَ مِنۢ بَعْدِ مَا تَبَيَّنَ لَهُ ٱلْهُدَىٰ وَيَتَّبِعْ غَيْرَ سَبِيلِ ٱلْمُؤْمِنِينَ نُوَلِّهِۦ مَا تَوَلَّىٰ وَنُصْلِهِۦ جَهَنَّمَ

﴾115﴿ ആരെങ്കിലും അവന് സന്മാർഗം വ്യക്തമാ(യി മനസിലാ)യതിന് ശേഷം, റസൂലിനോട് (ഭിന്നിച്ച്) ചേരിപിരിയുന്നതായാൽ, സത്യവിശ്വാസികളുടെ മാർഗമല്ലാത്തതിനെ അവൻ പിൻപറ്റുകയും (ചെയ്താൽ). അവൻ തിരിഞ്ഞ പ്രകാരം [അതേപാട്ടിന്] അവനെ നാം തിരിച്ചുകളയും, അവനെ 'ജഹന്നമി'ൽ [നരകത്തിൽ] കടത്തി എരിയിക്കുകയും ചെയ്യും.

وَسَآءَتۡ مَصِيرًا ﴿١١٥﴾ അത് എത്രയോ മോശമായ പര്യവസാനം!

﴾114﴿ لَا خَيۡرَ ഒരു ഗുണവുമില്ല, നന്മയേ ഇല്ല فِي كَثِيرٖ മിക്കതിലും, അധികത്തിലും مِّن نَّجۡوَىٰهُمۡ അവരുടെ ഗൂഢസംസാരത്തിൽ(രഹസ്യ ഭാഷണത്തിൽ)നിന്ന് إِلَّا مَنۡ ഒരുവന്റെ ഒഴികെ أَمَرَ കൽപിച്ച, ഉപദേശിച്ച بِصَدَقَةٍ വല്ല ധർമവും കൊണ്ട്, ദാനധർമത്തെപ്പറ്റി أَوۡ مَعۡرُوفٍ അല്ലെങ്കിൽ വല്ല (സദാചാര)മര്യാദയും أَوۡ إِصۡلَٰحِۭ അല്ലെങ്കിൽ നന്നാക്കിത്തീർക്കൽ, സന്ധിയാക്കൽ بَيۡنَ ٱلنَّاسِ മനുഷ്യർക്കിടയിൽ وَمَن يَفۡعَلۡ ആരെങ്കിലും ചെയ്താൽ, ആർ ചെയ്തുവോ ذَٰلِكَ അത് ٱبۡتِغَآءَ ആഗ്രഹത്താൽ مَرۡضَاتِ ٱللَّهِ അല്ലാഹുവിന്റെ പ്രീതി فَسَوۡفَ എന്നാൽ വഴിയെ نُؤۡتِيهِ അവന് നാം നൽകും أَجۡرًا പ്രതിഫലം عَظِيمًا വമ്പിച്ച ﴾115﴿ وَمَن ആർ, വല്ലവനും يُشَاقِقِ ചേരി (കക്ഷി) പിരിഞ്ഞു, ഭിന്നിച്ചു നിന്നു (എന്നാൽ) ٱلرَّسُولَ റസൂലിനോട് مِنۢ بَعۡدِ ശേഷമായി مَا تَبَيَّنَ വ്യക്തമായതിന് لَهُ അവന് ٱلۡهُدَىٰ സന്മാർഗം, നേർവഴി وَيَتَّبِعۡ അവൻ പിൻപറ്റുകയും غَيۡرَ سَبِيلِ മാർഗമല്ലാത്തതിനെ ٱلۡمُؤۡمِنِينَ സത്യവിശ്വാസികളുടെ نُوَلِّهِۦ അവനെ നാം തിരിക്കും مَا تَوَلَّىٰ അവൻ തിരിഞ്ഞ പ്രകാരം وَنُصۡلِهِۦ അവനെ നാം കടത്തി എരിയിക്കുകയും ചെയ്യും جَهَنَّمَ ജഹന്നമിൽ وَسَآءَتۡ അത് എത്രയോ (വളരെ) മോശം (ചീത്ത) مَصِيرًا പര്യവസാനം, മടക്കസ്ഥാനം

'ഗൂഢസംസാരം, രഹസ്യഭാഷണം' എന്നൊക്കെയാണ് نَجْوَى (നജ്‌വാ) എന്ന വാക്കിനർഥം. സംസാരവിഷയം നല്ലതായിരുന്നാലും ചീത്തയായിരുന്നാലും വിരോധമില്ല. എങ്കിലും ചീത്ത കാര്യങ്ങളിലായിരിക്കും മിക്കവാറും അതിന്റെ ഉപയോഗം. സംസാരവിഷയം മറ്റുള്ളവർ അറിയുവാൻ കൊള്ളാത്തതായിരിക്കുന്നതുകൊണ്ടാണല്ലോ മിക്കപ്പോഴും അത് ഗൂഢമാക്കേണ്ടി വരുന്നത്. അതുകൊണ്ടാണ് ഗൂഢസംസാരങ്ങളെപ്പറ്റി ചില സന്ദർഭങ്ങളിൽ ക്വുർആൻ ആക്ഷേപിച്ചു കാണുന്നതും. എന്നാൽ, ധർമവിഷയങ്ങൾ, സൽക്കാര്യങ്ങൾ, ജനങ്ങൾ തമ്മിലുള്ള വഴക്കും ഛിദ്രവും തീർത്തു നന്നാക്കുവാനുള്ള ശ്രമങ്ങൾ എന്നിങ്ങനെയുള്ള വേണ്ടപ്പെട്ട വിഷയങ്ങളിലാണ് രഹസ്യഭാഷണം നടക്കുന്നതെങ്കിൽ അത് നല്ല കാര്യം തന്നെ. അത് അല്ലാഹുവിന്റെ പ്രീതിയെ ഉദ്ദേശിച്ചു കൊണ്ടു കൂടിയായിരിക്കണം. എന്നാലതിന് അല്ലാഹു വമ്പിച്ച പ്രതിഫലം നൽകുന്നതാണെന്ന് ആദ്യത്തെ വചനത്തിൽ വാഗ്ദാനം ചെയ്യുന്നു. ശരിയായ മാർഗം ഇന്നതാണെന്ന് വ്യക്തമായി മനസ്സിലായിട്ടു പിന്നെയും അതിന് വഴങ്ങാതെ, റസൂൽ ﷺ തിരുമേനിയോട് ഭിന്നിച്ചു ചേരിതിരിയുകയും, സത്യവിശ്വാസികൾ സ്വീകരിക്കുന്നതും സ്വീകരിക്കേണ്ടതുമായ മാർഗം വിട്ടേച്ച് മറ്റൊരു മാർഗം സ്വീകരിക്കുകയും ചെയ്യുന്നവരെ തൽക്കാലം അല്ലാഹു അവരുടെ പാട്ടിന് വിട്ടേക്കും. പിന്നീട് അവരെ നരകത്തിലിട്ട് കഠിനമായി ശിക്ഷിക്കുകയും ചെയ്യുമെന്നുള്ള ശക്തിയായ താക്കീതാണ് രണ്ടാമത്തെ വചനത്തിലുള്ളത്.

ഈ രണ്ടു വചനങ്ങളും ഏതെങ്കിലും പ്രത്യേക വ്യക്തികളെ മാത്രം ബാധിക്കുന്നതല്ല - പൊതുവിൽ എല്ലാവരെയും ബാധിക്കുന്നതാണ് - എന്ന് സ്പഷ്ടമത്രെ. വാചകങ്ങളിൽ നിന്ന് അത് വ്യക്തവുമാണ്. അതേ സമയം, മേൽ ഉദ്ധരിച്ച മോഷണക്കേസ്സിലെ

ചില വ്യക്തികളെ രണ്ട് വചനങ്ങളിലും പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്താനും. ഉബൈരി ക്വിന്റെ മകനും അവന്റെ ആൾക്കാരും ചേർന്നു അവനെ മോഷണക്കുറ്റത്തിൽ നിന്നു ഒഴിവാക്കുവാനും, യഹൂദന്റെ മേൽ കുറ്റം ചുമത്തുവാനും വേണ്ടി രാത്രി നടത്തിയ ഗൂഢാലോചനയാണ് ആദ്യത്തെ വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ഗൂഢാലോചന നടപ്പിൽ വരുത്തുകയും, തൽക്കാലം അത് ഫലവത്താകുകയും ചെയ്തു അധികം താമസിയാതെത്തന്നെ എല്ലാ രഹസ്യങ്ങളും തുറന്നുകാട്ടിക്കൊണ്ട് ക്വുർആൻ അവത രിച്ചു. ഒരു മുസ്‌ലിം കുടുംബമായി അറിയപ്പെട്ടിരുന്ന സ്ഥിതിക്ക് ഉബൈരിക്വിന്റെ മക്കൾക്ക് നബിﷺയെപ്പറ്റി ഏറെക്കുറെ അറിയാവുന്നതിന് പുറമെ, നബിﷺയുടെയും അവിടുന്ന് പ്രബോധനം ചെയ്യുന്ന സന്മാർഗത്തിന്റെയും സത്യതക്ക് സ്പഷ്ടമായ ഒരു തെളിവ് അതുവഴി അവർക്ക് ലഭിക്കുകയും ചെയ്തു. റസൂൽ തിരുമേനിﷺക്കുപോലും അറിയുവാൻ കഴിയാതിരുന്ന ആ ഗൂഢരഹസ്യങ്ങൾ വെളിപ്പെടുത്തിയത് അല്ലാഹുവ ല്ലാതെ മറ്റാരുമല്ലെന്ന് അവർക്കറിയാമല്ലോ. ആ സ്ഥിതിക്ക് താൽക്കാലത്തെ അപമാനം വകവെക്കാതെ നബിﷺയുടെ മുമ്പാകെ ചെന്ന് പശ്ചാത്തപിച്ചു മടങ്ങുകയായിരുന്നു ത്വഅ്മത്ത് - അല്ലെങ്കിൽ ബശീർ - ചെയ്യേണ്ടിയിരുന്നത്. അതവൻ ചെയ്തില്ലെന്ന് മാത്ര മല്ല, കൂടുതൽ ധിക്കാരം പ്രവർത്തിക്കുകയാണ് ചെയ്തതും. അവൻ നേരെ മക്കായിൽ ചെന്നു മുശ്‌രിക്കുകളുടെ കൂട്ടത്തിൽ ചേർന്നു. ഇത് സംബന്ധിച്ചാണ് രണ്ടാമത്തെ വച നത്തിലെ സൂചന. മക്കായിൽ തന്റെ ആതിഥേയരായിരുന്നവരുടെ വസ്തുക്കൾ പോലും അവൻ മോഷ്ടിച്ചിരുന്നുവെന്നും, അവന്റെ അന്ത്യം വളരെ ദാരുണമായ രൂപത്തിലായി രുന്നു കലാശിച്ചതെന്നും രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നു. الله اعلم

സന്ദർഭവശാൽ ഇവിടെ ചില കാര്യങ്ങൾ ഓർക്കുന്നത് നന്നായിരിക്കും.

(1) റസൂൽ തിരുമേനിﷺയുടെ ജീവിതകാലത്ത് അവിടുത്തോട് ഭിന്നിപ്പും കക്ഷി ത്വവും പ്രകടിപ്പിക്കുകയെന്നതിന്റെ ഉദ്ദേശ്യം വ്യക്തം തന്നെ. അവിടുത്തെ കാലശേഷം അതിന്റെ അർഥം, അവിടുന്ന് പ്രബോധനം ചെയ്ത തത്വങ്ങൾക്കും, അവിടുന്നു കാണി ച്ചുതന്ന നടപടി മാർഗങ്ങൾക്കും എതിരായ മറ്റു മാർഗങ്ങൾ സ്വീകരിക്കുക എന്നത്രെ.

(2) ലക്ഷ്യങ്ങളും തെളിവുകളും മുഖേന സത്യം മനസ്സിലായിട്ടും അത് വകവെ ക്കാത്തവർ നന്നായിത്തീരുവാൻ പ്രയാസമാണ്. അവരെ ഉപദേശിക്കുന്നത് നിഷ്ഫല വുമായിരിക്കും. സത്യം മനസ്സിലാക്കാത്തവർ - അത് മനസ്സിലാക്കുവാൻ ശ്രമിക്കാത്ത തിന്റെ പേരിൽ അവർ തെറ്റുകാരാണെങ്കിലും - സത്യം മനസ്സിലാകുമ്പോൾ നന്നായി ത്തീരുമെന്നാശിക്കാം. അവരെ ഉപദേശിക്കുന്നത് ഫലവത്തുമായിരിക്കും.

(3) റസൂൽ തിരുമേനിﷺയുടെ മാർഗം സ്വീകരിക്കുന്നവരാണല്ലോ സത്യവിശ്വാ സികൾ. അപ്പോൾ, തിരുമേനിയുമായി ഭിന്നിച്ചവൻ സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിൻപറ്റിയവനാണെന്നും, അല്ലാഹുവിന്റെ താക്കീതിന് ബാധ്യസ്ഥനാണെന്നും പറയേ ണ്ടതില്ല.

നബിﷺയോടുള്ള ഭിന്നിപ്പ് - ഇബ്നു കഥീർ(റ) ചൂണ്ടിക്കാട്ടിയതു പോലെ - രണ്ട് പ്രകാരത്തിലായിരിക്കാം.

(1) ക്വുർആന്റെയും നബിﷺയുടെ സുന്നത്തിന്റെയും വ്യക്തമായ പ്രസ്താവന കൾക്ക് എതിരായിക്കൊണ്ടുള്ളഭിന്നിപ്പ്.

(2) വ്യക്തമായ പ്രസ്താവനകളിലെങ്കിലും ഭിന്നാഭിപ്രായം കൂടാതെ സത്യവിശ്വാ

സികൾ പൊതുവെ അംഗീകരിച്ചും സ്ഥിരപ്പെട്ടും വന്നിട്ടുള്ള വിഷയങ്ങൾക്ക് എതിരായതുകൊണ്ടുള്ള ഭിന്നിപ്പ്. ക്വുർആന്റെയും സുന്നത്തിന്റെയും അധ്യാപനങ്ങളെ ആധാരമാക്കിയുള്ള കാര്യങ്ങളിൽ മാത്രമേ മുസ്‌ലിം സമുദായം പൊതുവെ യോജിക്കുകയുള്ളുവെന്ന് തീർച്ചയാണ്. ഇബ്നു ഉമറും, ഇബ്നു അബ്ബാസും(റ) നിവേദനം ചെയ്ത ഒരു ഹദീഥിൽ നബിﷺ പറയുന്നു: 'ഈ സമുദായത്തെ അല്ലാഹു ഒരിക്കലും ദുർമാർഗത്തിൽ ഒരുമിച്ചു കൂട്ടുകയില്ല.' (തി; ബ.)

സമുദായം ഒന്നടങ്കം ദുർമാർഗത്തിൽ ഏകോപിക്കുകയില്ലെന്ന് സാരം. ഈ അർഥത്തിലുള്ള ഹദീഥുകൾ വേറെയും കാണാം.

സന്മാർഗം വ്യക്തമായി മനസിലായശേഷം കൽപ്പിച്ചുകൂട്ടി ദുർമാർഗം പിൻപറ്റുന്നവനെപ്പറ്റി അവൻ തിരിഞ്ഞ പാട്ടിൽ അല്ലാഹു അവനെ തിരിച്ചുവിടും(نُوَلِّهِۦ مَا تَوَلَّىٰ) എന്ന് പറഞ്ഞ വാക്യം വളരെ ഗൗരവപ്പെട്ടതും വളരെ അർഥഗർഭവുമാകുന്നു. അല്ലാഹു അവന് നൽകിയ ബുദ്ധി, അറിവ്, മനസ്സാക്ഷി, ഇച്ഛാസ്വാതന്ത്ര്യം എന്നിവയെല്ലാം ധിക്കാരപൂർവ്വം ദുരുപയോഗപ്പെടുത്തിയവനാണവൻ. അതിനാൽ, നേർമാർഗം സ്വീകരിച്ചു രക്ഷ പ്രാപിക്കുവാനുള്ള തൗഫീക്വും, സഹായവും അവന് അല്ലാഹുവിൽനിന്ന് ലഭിക്കുവാൻ അവകാശമില്ല. അല്ലാഹു നേർമാർഗം നൽകാത്തവനെ നേർമാർഗത്തിലാക്കുവാൻ ആർക്കും സാധ്യമല്ലതാനും.

വിഭാഗം - 18

إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ۚ

﴾116﴿ **നിശ്ചയമായും, അല്ലാഹുവിനോട് പങ്കു ചേർക്കപ്പെടുന്നതിനെ അവൻ പൊറുക്കുകയില്ല; അതിനപ്പുറമുള്ളതിനെ അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും ചെയ്യും.**

وَمَن يُشْرِكْ بِٱللَّهِ فَقَدْ ضَلَّ ضَلَٰلًۢا بَعِيدًا ﴿١١٦﴾

ആർ അല്ലാഹുവിനോട് (വല്ലതും) പങ്കു ചേർക്കുന്നുവോ അവൻ, തീർച്ചയായും വിദൂരമായ ഒരു വഴി പിഴവു പിഴച്ചു പോയി!

﴾116﴿ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു لَا يَغْفِرُ അവൻ പൊറുക്കുകയില്ല أَن يُشْرَكَ പങ്കുചേർക്കപ്പെടുന്നത്(ശിർക്ക് ചെയ്യൽ) بِهِۦ അവനോട്, അവനിൽ وَيَغْفِرُ അവൻ പൊറുക്കുകയും ചെയ്യും مَا دُونَ ഇപ്പുറമുള്ളത്, താഴെയുള്ളത്, പുറമെയുള്ളത് ذَٰلِكَ അതിന്റെ لِمَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَمَن يُشْرِكْ ആരെങ്കിലും പങ്ക് ചേർക്കുന്ന പക്ഷം بِٱللَّهِ അല്ലാഹുവിനോട്, അല്ലാഹുവിൽ فَقَدْ ضَلَّ എന്നാൽ തീർച്ചയായും അവൻ പിഴച്ചു ضَلَٰلًا ഒരു വഴിപിഴവ് بَعِيدًا വിദൂരമായ

ശിർക്ക് അല്ലാഹു പൊറുക്കുകയില്ലെന്ന് ഉറപ്പിച്ചു പറയുന്ന ഒരു വചനം ഇതുപോലെ ഈ സൂറത്തിൽ തന്നെ 48-ാം വചനത്തിലും മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. അവിടെ ആവ

ശ്യമായ വ്യാഖ്യാനവും നാം നൽകിയിട്ടുണ്ട്. ആകയാൽ, ഇവിടെ അതാവർത്തിച്ചു വിവരിക്കേണ്ടതില്ല. എന്നാൽ, അല്ലാഹുവിനോട് പങ്ക് ചേർക്കുന്നതിനെപ്പറ്റി അവൻ വമ്പിച്ച കുറ്റം കെട്ടിച്ചമച്ചുണ്ടാക്കി (فَقَدِ ٱفْتَرَىٰٓ إِثْمًا عَظِيمًا) എന്നാണ് 48-ാം വചനത്തിൽ തുടർന്നു പ്രസ്താവിച്ചത്. ഇവിടെ അവൻ വിദൂരമായ വഴിപിഴവു പിഴച്ചുപോയി (فَقَدْ ضَلَّ ضَلَٰلًۢا بَعِيدًا) എന്നുമാണ് പറഞ്ഞിരിക്കുന്നത്. വേദക്കാരുടെ കെട്ടിച്ചമക്കലിനെയും, മാറ്റി മറിക്കലിനെയും പരാമർശിച്ചു സംസാരിക്കുന്ന സന്ദർഭത്തിലാണ് അവിടെ ആ വചനം നിലകൊള്ളുന്നത്. ഇവിടെ ഇബ്നു ഉബൈരിക്വിന്റെ സംഭവം വിവരിച്ചതിനെ തുടർന്നാണ് ഈ വചനം ഉള്ളത്. അതായിരിക്കാം അവിടെ അങ്ങിനെയും, ഇവിടെ ഇങ്ങിനെയും പറയുവാൻ കാരണം. الله اعلم സന്ദർഭത്തിനനുസരിച്ച സമാപനവാക്യങ്ങൾ ക്വുർആന്റെ പതിവാണല്ലോ. അല്ലാഹു തുടരുന്നു:-

إِن يَدْعُونَ مِن دُونِهِۦٓ إِلَّآ إِنَٰثًا وَإِن يَدْعُونَ إِلَّا شَيْطَٰنًا مَّرِيدًا ﴿١١٧﴾

﴾117﴿ അവന് [അല്ലാഹുവിന്] പുറമെ ചില പെണ്ണുങ്ങളെ [ദേവികളെ] യല്ലാതെ അവർ വിളി(ച്ചു പ്രാർഥി)ക്കുന്നില്ല; ധിക്കാര ശീലനായ പിശാചിനെയല്ലാതെ അവർ വിളി(ച്ചു പ്രാർഥി)ക്കുന്നുമില്ല.

لَّعَنَهُ ٱللَّهُ ۘ وَقَالَ لَأَتَّخِذَنَّ مِنْ عِبَادِكَ نَصِيبًا مَّفْرُوضًا ﴿١١٨﴾

﴾118﴿ അവനെ (പിശാചിനെ) അല്ലാഹു ശപിച്ചിരിക്കുന്നു(അഥവാ ശപിക്കട്ടെ)! അവൻ പറയുകയും ചെയ്തിരിക്കുന്നു: 'നിശ്ചയമായും, നിന്റെ അടിയാന്മാരിൽ നിന്ന് ഒരു നിശ്ചിത ഓഹരി ഞാൻ (എനിക്ക്) ഉണ്ടാക്കിത്തീർക്കുന്നതാണ്;

وَلَأُضِلَّنَّهُمْ وَلَأُمَنِّيَنَّهُمْ وَلَءَامُرَنَّهُمْ فَلَيُبَتِّكُنَّ ءَاذَانَ ٱلْأَنْعَٰمِ وَلَءَامُرَنَّهُمْ فَلَيُغَيِّرُنَّ خَلْقَ ٱللَّهِ ۚ

﴾119﴿ ഞാനവരെ വഴിപിഴപ്പിക്കുകയും, അവരെ വ്യാമോഹിപ്പിക്കുകയും തന്നെ ചെയ്യും; ഞാൻ അവരോട് കൽപിക്കുകയും, അങ്ങനെ അവർ കാലികളുടെ [ആടുമാടൊട്ടകങ്ങളുടെ] കാതുകൾ (കീറി) മുറിക്കുകയും തന്നെ ചെയ്യും; ഞാനവരോട് കൽപിക്കുകയും, അങ്ങനെ അവർ അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ (വികൃതമാക്കി) ഭേദഗതി വരുത്തുകയും തന്നെ ചെയ്യും.'

وَمَن يَتَّخِذِ ٱلشَّيْطَٰنَ وَلِيًّا مِّن دُونِ ٱللَّهِ

ആർ അല്ലാഹുവിന് പുറമെ പിശാചിനെ കാര്യകർത്താവാക്കി വെക്കുന്നുവോ, തീർച്ചയായും, അവന്

فَقَدْ خَسِرَ خُسْرَانًا مُّبِينًا ﴿١١٩﴾

സ്പഷ്ടമായ നഷ്ടം സംഭവിച്ചു പോയി!

يَعِدُهُمْ وَيُمَنِّيهِمْ ۖ وَمَا يَعِدُهُمُ ٱلشَّيْطَٰنُ إِلَّا غُرُورًا ﴿١٢٠﴾

《120》 അവൻ [പിശാച്] അവരോട് വാഗ്ദാനം ചെയ്യുകയും, അവരെ വ്യാമോഹിപ്പിക്കുകയും ചെയ്യുന്നതാണ്. പിശാച് അവരോട് വഞ്ചനയല്ലാതെ (ഒന്നും) വാഗ്ദാനം ചെയ്കയില്ലതാനും.

أُو۟لَٰٓئِكَ مَأْوَىٰهُمْ جَهَنَّمُ وَلَا يَجِدُونَ عَنْهَا مَحِيصًا ﴿١٢١﴾

《121》 അക്കൂട്ടർ - അവരുടെ സങ്കേതസ്ഥാനം 'ജഹന്നം' [നരകം] ആകുന്നു. അത് വിട്ടേച്ചു ഓടിപ്പോകുന്ന ഒരു സ്ഥാനവും അവർ കണ്ടെത്തുകയുമില്ല.

《117》 إِنْ يَدْعُونَ അവർ വിളിക്കുന്നില്ല, പ്രാർഥിക്കുന്നില്ല مِنْ دُونِهِ അവന് പുറമെ, അവനെകൂടാതെ إِلَّا إِنَاثًا ചില പെണ്ണുങ്ങളെയല്ലാതെ وَإِنْ يَدْعُونَ അവർ വിളിക്കുന്നു (പ്രാർഥിക്കുന്നു)മില്ല إِلَّا شَيْطَانًا പിശാചിനെയല്ലാതെ مَرِيدًا ധിക്കാരശീലനായ 《118》 لَعَنَهُ അവനെ ശപിച്ചിരിക്കുന്നു, ശപിക്കട്ടെ اللَّهُ അല്ലാഹു وَقَالَ അവൻ പറയുകയും ചെയ്തിരിക്കുന്നു لَأَتَّخِذَنَّ തീർച്ചയായും ഞാൻ ഉണ്ടാക്കിത്തീർക്കുകതന്നെ ചെയ്യും مِنْ عِبَادِكَ നിന്റെ അടിയാൻമാരിൽ നിന്ന് نَصِيبًا ഒരു ഓഹരി, പങ്ക് مَفْرُوضًا നിർണയം ചെയ്യപ്പെട്ട (നിശ്ചിത) 《119》 وَلَأُضِلَّنَّهُمْ ഞാനവരെ വഴിപിഴപ്പിക്കുകതന്നെ ചെയ്യും وَلَأُمَنِّيَنَّهُمْ ഞാനവരെ വ്യാമോഹിപ്പിക്കുക (കൊതിപ്പിക്കുക)യും തന്നെ ചെയ്യും وَلَآمُرَنَّهُمْ ഞാനവരോട് കൽപിക്കുകയും തന്നെ ചെയ്യും فَلَيُبَتِّكُنَّ എന്നിട്ടവർ മുറിക്കുക (കീറിപ്പൊളിക്കുക) തന്നെ ചെയ്യും آذَانَ ചെവികളെ الْأَنْعَامِ കാലികളുടെ (ആടുമാടൊട്ടകങ്ങളുടെ) وَلَآمُرَنَّهُمْ അവരോട് ഞാൻ കൽപിക്കുകയും തന്നെ ചെയ്യും فَلَيُغَيِّرُنَّ എന്നിട്ടവർ ഭേദഗതി(മാറ്റം) വരുത്തുക തന്നെ ചെയ്യും خَلْقَ اللَّهِ അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ, സൃഷ്ടിയെ وَمَنْ يَتَّخِذِ ആരെങ്കിലും ആക്കിയാൽ, വല്ലവനും സ്വീകരിക്കുന്നപക്ഷം الشَّيْطَانَ പിശാചിനെ وَلِيًّا കാര്യകർത്താവായി, ബന്ധുവായി مِنْ دُونِ പുറമെ, കൂടാതെ اللَّهِ അല്ലാഹുവിന്, അല്ലാഹുവിനെ فَقَدْ خَسِرَ തീർച്ചയായും അവന് നഷ്ടപ്പെട്ടു خُسْرَانًا ഒരു നഷ്ടപ്പെടൽ مُبِينًا സ്പഷ്ടമായ 《120》 يَعِدُهُمْ അവൻ അവരോട് വാഗ്ദാനം ചെയ്യും وَيُمَنِّيهِمْ അവരെ വ്യാമോഹിപ്പിക്കുകയും ചെയ്യും وَمَا يَعِدُهُمُ അവരോട് വാഗ്ദാനം ചെയ്കയില്ലതാനും الشَّيْطَانُ പിശാച് إِلَّا غُرُورًا വഞ്ചന(കൃത്രിമം)അല്ലാതെ 《121》 أُولَٰئِكَ അക്കൂട്ടർ مَأْوَاهُمْ അവരുടെ സങ്കേതം, പ്രാപ്യസ്ഥാനം, അഭയസ്ഥാനം جَهَنَّمُ ജഹന്നമാകുന്നു وَلَا يَجِدُونَ അവർ കണ്ടെത്തുക (അ

വർക്ക് കിട്ടുക)യുമില്ല عَنْهَا അതിനെ വിട്ട് مَحِيصًا ഓടിപ്പോകുന്ന ഒരു സ്ഥാനം, തെറ്റിപ്പോകാനുള്ള ഇടം

ശിർക്കിന്റെ ഇനങ്ങളിൽ മുഖ്യമായത് അല്ലാഹു അല്ലാത്തവരെ ആരാധിക്കലാണല്ലോ. ആരാധനാകർമങ്ങളുടെ സത്തും ജീവനുമാകട്ടെ, പ്രാർഥനയുമാകുന്നു. 'പ്രാർഥന തന്നെയാണ് ആരാധന' എന്നും, 'പ്രാർഥന ആരാധനയുടെ കാമ്പാകുന്നു' എന്നും നബിﷺ അരുൾ ചെയ്തിട്ടുള്ളതും പ്രസിദ്ധമാണ്. ബഹുദൈവവിശ്വാസികൾ ചില പെണ്ണുങ്ങളെയും, ധിക്കാരിയായ പിശാചിനെയുമല്ലാതെ വിളിച്ചു പ്രാർഥിക്കുന്നില്ലെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അറേബ്യായിൽ അക്കാലത്തുള്ള മുശ്‌രിക്കുകളുടെ മാത്രമല്ല, ഇന്ന് നിലവിലുള്ള വിഗ്രഹാരാധകരായ എല്ലാ ബഹുദൈവ വിശ്വാസികളുടെയും സ്ഥിതി ഏറെക്കുറെ ഇതു തന്നെയാകുന്നു. അറബികളിലുള്ള മിക്ക ഗോത്രങ്ങൾക്കും അവരുടെതായ ചില ദേവതകളും, അവയുടെ പേരിൽ സ്ഥാപിക്കപ്പെട്ട വിഗ്രഹങ്ങളും ഉണ്ടായിരുന്നു. ഇന്നും അതുപോലെ, ചില നാട്ടുകാർക്കും, ചില ജാതിക്കാർക്കും - ചില കുടുംബങ്ങൾക്കുപോലും - അവരവരുടേതായ പ്രത്യേക ദേവതകളും വിഗ്രഹങ്ങളും നിലവിലുണ്ട്. അറബികൾ അവരുടെ ദേവതകളെക്കുറിച്ച് മലക്കുകൾ എന്ന് പറഞ്ഞു വന്നിരുന്നു. അഥവാ മലക്കുകളുടെ പ്രതിഷ്ഠകളാണ് തങ്ങളുടെ വിഗ്രഹങ്ങളെന്നായിരുന്നു. അവരുടെ സങ്കൽപം.'ലാത്ത, ഉസ്സ, മനാത്ത' മുതലായ വിഗ്രഹനാമങ്ങൾ പോലും സ്ത്രീ നാമങ്ങളായിട്ടാണ് അവർ ഉപയോഗിച്ചു വന്നിരുന്നത്. ഒരു പ്രത്യേക ഗോത്രക്കാരുടെ വിഗ്രഹത്തെക്കുറിച്ച് انثى بنى فلان (ഇന്ന കുടുംബക്കാരുടെ പെണ്ണ്) എന്നും അവർ പറയുക പതിവായിരുന്നു. അറബികളെപ്പോലെ വിഗ്രഹങ്ങളെക്കുറിച്ച് മലക്കുകൾ എന്നോ, മലക്കുകളെക്കുറിച്ച് അല്ലാഹുവിന്റെ പെൺമക്കൾ എന്നോ ഇന്നത്തെ വിഗ്രഹാരാധകൻമാരിൽ പലരും പറയാറില്ല. അതേ സമയത്ത് 'മലക്കുകൾ' എന്നതിന് പകരം 'ദേവത, ദേവി, ദേവൻ, ദിവ്യാവതാരം' എന്നിത്യാദി പ്രയോഗങ്ങളും സങ്കൽപങ്ങളും എല്ലാവരിലും കാണാവുന്നതാണ്താനും 'അവർ അല്ലാഹുവിന് പുറമെ പെണ്ണുങ്ങളെയല്ലാതെ വിളിച്ചു പ്രാർഥിക്കുന്നില്ല, (إِن يَدْعُونَ مِن دُونِهِۦٓ إِلَّآ إِنَٰثًا)എന്ന വാക്യത്തിലെ إِنَٰثًا (പെണ്ണുങ്ങൾ) കൊണ്ട് വിവക്ഷ നിർജ്ജീവ വസ്തുക്കളാണെന്ന് കാണിക്കുന്ന ഒരു രിവായത്ത് ഇബ്നു അബ്ബാസ്(റ)ൽ നിന്നും, ജീവനില്ലാത്ത എല്ലാ വസ്തുവും - ഉണങ്ങിയ മരക്കഷ്ണമോ കല്ലോ ആയാലും ശരി - എന്ന് കാണിക്കുന്ന ഒരു രിവായത്ത് ഹസനി(റ)ൽ നിന്നും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. (كمافى ابن كثير)

'ധിക്കാരിയായ പിശാച് (شَيْطَٰنًا مَّرِيدًا)' എന്ന് ഇവിടെ പറഞ്ഞത് ഇബ്‌ലീസിനെ ഉദ്ദേശിച്ചാണെന്ന് തുടർന്നുള്ള പ്രസ്താവനകളിൽ നിന്ന് വ്യക്തമാകുന്നു. സൂ: അഅ്റാഫ് 16; ഹിജ്ർ 39; സ്വാദ് 82 മുതലായ സ്ഥലങ്ങളിൽ കാണാവുന്നതുപോലെ, ആദം നബി(അ)ക്ക് സുജൂദ് ചെയ്‌വാൻ കൂട്ടാക്കാതിരുന്നതിനെത്തുടർന്ന് അല്ലാഹുവിന്റെ ശാപകോപത്തിന് പാത്രമായപ്പോൾ, ആദമിന്റെ മക്കളെ തന്നാൽ കഴിയുന്ന വിധം വഴിപിഴപ്പിക്കുവാൻ താൻ ശ്രമിക്കുമെന്ന് ഇബ്‌ലീസ് ശപഥം ചെയ്തു പറയുകയുണ്ടായി. ആ ശപഥങ്ങളിലെ ചില ഭാഗങ്ങളാണ് ഇവിടെ 118, 119 വചനങ്ങളിൽ അല്ലാഹു ഉദ്ധരിക്കുന്നത്. എന്നാൽ, ഇബ്‌ലീസിനെ ആരും വിളിച്ചു പ്രാർഥിക്കാറില്ലല്ലോ എന്ന് പറയപ്പെട്ടേക്കാം. അവന്റെ ദുർമന്ത്രങ്ങൾക്കും, ദുരുപദേശങ്ങൾക്കും വഴങ്ങിക്കൊണ്ടാണ് എല്ലാ മുശ്‌രിക്കുകളും അവരവരുടെ ദൈവങ്ങളെ - അവ വിഗ്രഹങ്ങളോ, നക്ഷത്രങ്ങളോ,ക

ല്ലുകളോ, മഹാത്മാക്കളോ, ദേവീദേവൻമാരോ, മറ്റു വല്ലതുമോ ആവട്ടെ – ആരാധിച്ചും വിളിച്ചുപ്രാർഥിച്ചും വരുന്നത്. അതാണ് അവർ പിശാചിനെ – ഇബ്‌ലീസിനെ – യല്ലാതെ വിളിച്ചു പ്രാർഥിക്കുന്നില്ലെന്ന് പറഞ്ഞതിന്റെ താൽപര്യം. എന്നല്ലാതെ, വിഗ്രഹങ്ങളുടെ മുമ്പിൽ ആരാധന നടത്തപ്പെടുന്നതുപോലെ ഇബ്‌ലീസിന്റെ മുമ്പിലും ആരാധന നടത്തപ്പെടുന്നുവെന്നല്ല ഉദ്ദേശ്യം. വിഗ്രഹമോ പ്രതിഷ്ഠയോ കൂടാതെ പിശാചുക്കളെത്തന്നെ ആരാധിക്കുന്ന ചിലരും ഇല്ലാതില്ല താനും. (ഇതിനെപ്പറ്റി സൂ: സബഉ് 41 ഉം, യാസീൻ 60 ഉം വചനങ്ങളുടെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചത് നോക്കുക.)

എല്ലാ തരം ശിർക്കുകളുടെയും പാപങ്ങളുടെയും പിന്നിലുള്ള പ്രചോദനം ഇബ്‌ലീസിൽ നിന്നാകകൊണ്ട് അവന്റെ യഥാർഥ നിലപാടെന്താണെന്ന് അല്ലാഹു പ്രത്യേകം എടുത്തു കാട്ടിയിരിക്കുന്നു. അവൻ ധിക്കാരിയാണ് (مَرِيدًا)എന്നും, അവനെ അല്ലാഹു ശപിച്ചിരിക്കുന്നു (لَعَنَهُ ٱللَّهُ) എന്നും വിശേഷിപ്പിച്ചശേഷം, അവൻ മനുഷ്യവർഗത്തിന്റെ ആജീവനാന്ത ശത്രുവും, അവരെ വഴിപിഴപ്പിക്കുവാൻ പ്രതിജ്ഞയെടുത്തവനുമാണെന്നും – അവന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടുതന്നെ – ഓർമിപ്പിക്കുന്നു. തുടർന്ന് അവന്റെ വഞ്ചനയിൽ അകപ്പെട്ടാലുണ്ടാകുന്ന ഭവിഷ്യത്തുകളും ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഇബ്‌ലീസിനെയും അവന്റെ വർഗക്കാരായ പിശാചുക്കളെയും സംബന്ധിച്ച് താക്കീത് ചെയ്തുകൊണ്ടുള്ള വളരെയധികം ക്വുർആൻ വചനങ്ങളും നബി വചനങ്ങളും കാണാവുന്നതാണ്. അതിശക്തവും, അതിവിപുലവും, അതിസമർഥവും, അതോടുകൂടി അദൃശ്യവുമാണ് മനുഷ്യരിൽ പിശാചിന്റെ ഉപദ്രവം. അതാണതിന് കാരണം. ധിക്കാരപൂർവ്വം അവൻ അല്ലാഹുവിനെ അഭിമുഖീകരിച്ചുകൊണ്ട് പറയുന്നത് നോക്കുക:-

(1) ...... لَأَتَّخِذَنَّ مِنْ عِبَادِكَ (നിന്റെ അടിയാൻമാരിൽ നിന്ന് ഞാൻ ഒരു നിശ്ചിത ഓഹരി ഉണ്ടാക്കി വെക്കുക തന്നെ ചെയ്യും.) അതായത്, എന്റെ ചൊൽപടിക്ക് നില കൊള്ളുന്ന എന്റെ അനുയായികളായി നിനക്കെതിരിൽ മനുഷ്യരിൽ നിന്ന് ഒരു വിഭാഗത്തെ ഞാൻ ഉണ്ടാക്കിത്തീർക്കുക തന്നെ ചെയ്യുമെന്ന് സാരം. ആ ശപിക്കപ്പെട്ടവന്റെ ദുർബോധനങ്ങളിൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വഞ്ചിതരായവരാണ് മനുഷ്യരിൽ അധിക ഭാഗവുമെന്ന് പറയേണ്ടതില്ല. 'ആദമിന്റെ മക്കളിൽ അൽപമൊഴിച്ച് ബാക്കിയുള്ളവരെ ഞാൻ താറുമാറാക്കും.' (17 : 62)എന്നും, 'നിന്റെ കളങ്കരഹിതരായ അടിയാൻമാരല്ലാത്തവരെ മുഴുവനും ഞാൻ വഴി പിഴപ്പിക്കും.' (38 : 82) എന്നും ഇബ്‌ലീസ് തുറന്ന് പറഞ്ഞിട്ടുള്ളതാണ്.

(2) .....وَلَأُضِلَّنَّهُمْ وَلَأُمَنِّيَنَّهُمْ (ഞാനവരെ വഴി പിഴപ്പിക്കുകയും, വ്യാമോഹിപ്പിക്കുകയും തന്നെ ചെയ്യും.) 'നിന്റെ ചൊവ്വായ പാതയിൽ ഞാൻ അവർക്കായി ഇരിപ്പുറപ്പിക്കുകയും, എന്നിട്ട് അവരുടെ മുമ്പിലൂടെയും, പിമ്പിലൂടെയും, വലഭാഗത്തിലൂടെയും, ഇടഭാഗത്തിലൂടെയും ഞാൻ അവരുടെ അടുക്കൽ ചെല്ലും; അവരിൽ അധികമാളുകളെയും നന്ദിയുള്ളവരായി നീ കാണുകയില്ല.' (7:16, 17) എന്നും, 'ഭൂമിയിൽ ഞാൻ അവർക്ക് അലങ്കാരമാക്കിക്കൊടുക്കും.' (15 : 39)എന്നും മറ്റും ഇതുപോലെ അവൻ വേറെ പലതും തുറന്നു പറഞ്ഞിരിക്കുന്നു. പിശാചിന്റെ വഴിപിഴപ്പിക്കലും, വ്യാമോഹിപ്പിക്കലുമെല്ലാം തന്നെ – വ്യക്തികളുടെയും, കാലദേശ പരിതഃസ്ഥിതികളുടെയും വ്യത്യാസമനുസരിച്ച് – വ്യത്യസ്തങ്ങളായിരിക്കുന്നതാണെന്ന് അടുത്ത വാക്യങ്ങളിൽ നിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ്.

(3) ..... وَلَآمُرَنَّهُمْ فَلَيُبَتِّكُنَّ آذَانَ-الانعام (അവരോട് ഞാൻ കൽപിക്കുകയും, അങ്ങനെ അവർ കാലികളുടെ കാതുകൾ കീറി മുറിക്കുകയും തന്നെ ചെയ്യും.) അതായത്, അവരോട് ഞാൻ പലതും നിർദ്ദേശിക്കും, അതനുസരിച്ച് കാലികളുടെ കാതുകൾ കീറി മുറിക്കുകപോലെയുള്ള തോന്നിയവാസങ്ങൾ അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുമെന്ന് സാരം. വിഗ്രഹങ്ങളുടെ പേരിൽ ആടുമാടൊട്ടകങ്ങളെ നേർച്ച വഴിപാടാക്കിവെക്കുക മുശ്‌രിക്കുകളുടെ പതിവായി പോരുന്നുവല്ലോ. ചില പ്രത്യേക തരം വഴിപാടുകളിൽ അതിന്റെ ചിഹ്നമായി ഒട്ടകങ്ങളുടെ കാത് കീറി മുറിക്കലും അവരുടെ പതിവായിരുന്നു. അതാണിവിടെ ഒരു ഉദാഹരണമായി അല്ലാഹു എടുത്ത് പറഞ്ഞത്.

(4) ...وَلَآمُرَنَّهُمْ فَلَيُغَيِّرُنَّ خَلْقَ اللَّهِ (അവരോട് ഞാൻ കൽപിക്കുകയും, അങ്ങനെ അവർ അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ ഭേദഗതി വരുത്തുകയും ചെയ്യും.) കുറേ വിപുലമായ അർഥത്തിലുള്ള ഒരു വാക്കാണിത്. അല്ലാഹു നിശ്ചയിച്ച പ്രകൃതികളിൽ മാറ്റത്തിരുത്തങ്ങൾ വരുത്തുവാൻ ശ്രമിക്കുകയും, അവയെ അലങ്കോലപ്പെടുത്തുകയും ചെയ്യുന്ന എല്ലാ ഏർപ്പാടുകളും ഇതിൽ ഉൾപെടുന്നുവെന്ന് സാമാന്യമായി പറയാം. മതാദ്ധ്യാപനങ്ങൾക്കും ധാർമിക മൂല്യങ്ങൾക്കും വിലകല്പിക്കപ്പെടാറില്ലാത്ത ഇക്കാലത്ത് മനുഷ്യർക്കിടയിൽ ഇതിന് ധാരാളക്കണക്കിൽ തന്നെ ഉദാഹരണങ്ങൾ കാണാവുന്നതാണ്. സ്വവർഗഭോഗം, വന്ധ്യംകരണം, സ്ത്രീകൾ പുരുഷവേഷവും പുരുഷന്മാർ സ്ത്രീവേഷവും സ്വീകരിക്കൽ, ശരീരത്തിൽ പച്ചകുത്തൽ, കൃത്രിമച്ചായങ്ങളും ഉപകരണങ്ങളും വഴി ശരീരത്തിന് കൃത്രിമ വേഷമുണ്ടാക്കൽ എന്നിങ്ങിനെയുള്ളതെല്ലാം ഇതിന്റെ ഉദാഹരണങ്ങളാണെന്ന് നബിവചനങ്ങളിൽ നിന്നും മറ്റും മനസ്സിലാക്കാവുന്നതാണ്.

പിശാച് ഏത് തരക്കാരനാണെന്ന് അവന്റെ വാക്കുകളിലൂടെത്തന്നെ വിവരിച്ചശേഷം, അല്ലാഹുവിനെ കൈകാര്യ കർത്താവായി സ്വീകരിക്കാതെ ആ പിശാചിന്റെ ഉപദേശങ്ങൾ പിൻപറ്റുകവഴി അവനെ കൈകാര്യ കർത്താവായി സ്വീകരിക്കുന്നതിന്റെ ഭവിഷ്യത്തുകളും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതെ, അത് തീരാനഷ്ടത്തിന് കാരണമാണ്, അവന്റെ വാഗ്ദാനങ്ങൾ തനിപൊള്ളയും വഞ്ചനയുമായിരിക്കും, പ്രാപ്യമല്ലാത്ത കാര്യങ്ങളിൽ വ്യാമോഹിപ്പിക്കുക മാത്രമാണ് അവൻ ചെയ്യുക, അതിൽ വഞ്ചിതരായിക്കഴിഞ്ഞവർക്ക് ശാശ്വതമായ നരകശിക്ഷയായിരിക്കും ആധാരം എന്നൊക്കെ.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ سَنُدْخِلُهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۖ وَعْدَ ٱللَّهِ حَقًّا ۚ وَمَنْ أَصْدَقُ مِنَ ٱللَّهِ قِيلًا ﴿١٢٢﴾

﴾122﴿ വിശ്വസിക്കുകയും, സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിൽ വഴിയെ അവരെ നാം പ്രവേശിപ്പിക്കുന്നതാണ്; അതിൽ എന്നെന്നും (അവർ) സ്ഥിരവാസികളായിക്കൊണ്ട്. അല്ലാഹുവിന്റെ വാഗ്ദാനം! (അതെ) യഥാർഥം!!

വാക്കിൽ അല്ലാഹുവിനെക്കാൾ കൂടുതൽ സത്യവാൻ(വേറെ) ആരാണ്?!

﴾122﴿ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَعَمِلُوا അവർ പ്രവർത്തിക്കുകയും ചെയ്ത الصَّالِحَاتِ സൽകർമങ്ങൾ سَنُدْخِلُهُمْ വഴിയെ നാം അവരെ പ്രവേശിപ്പിക്കും جَنَّاتٍ സ്വർഗങ്ങളിൽ تَجْرِي ഒഴുകുന്ന مِن تَحْتِهَا അതിന്റെ അടിഭാഗത്തിലൂടെ الْأَنْهَارُ അരുവികൾ, നദി(പുഴ)കൾ خَالِدِينَ സ്ഥിരവാസികളായിക്കൊണ്ട് فِيهَا അതിൽ, അവയിൽ أَبَدًا എക്കാലവും, എന്നെന്നും وَعْدَ اللَّهِ അല്ലാഹുവിന്റെ വാഗ്ദാനം حَقًّا യഥാർഥം, യഥാർഥമായ وَمَنْ ആരാണ്, ആരുണ്ട് أَصْدَقُ അധികം സത്യവാൻ مِنَ اللَّهِ അല്ലാഹുവിനെക്കാൾ قِيلًا വാക്കിൽ, വാക്കിനാൽ

പിശാചിനെ കൈകാര്യക്കാരനാക്കാതെ, അല്ലാഹുവിനെ മാത്രം കൈകാര്യക്കാരനായി അംഗീകരിച്ച് സത്യവിശ്വാസവും സൽക്കർമവും സ്വീകരിക്കുന്നവരുടെ നേട്ടങ്ങൾ നേരെ മറിച്ചായിരിക്കണം. അതെ, അവർക്ക് ശാശ്വത നരകശിക്ഷയാണെങ്കിൽ, ഇവർക്ക് ശാശ്വതവും സുഖസമ്പൂർണവുമായ സ്വർഗീയ ജീവിതമായിരിക്കും ലഭിക്കുക. അവർ കൈകാര്യകർത്താവാക്കിയ പിശാച് അവർക്ക് നൽകിയ വാഗ്ദാനങ്ങളെല്ലാം കളവും കൃത്രിമവുമായിരുന്നുവെങ്കിൽ, ഇവർ കൈകാര്യകർത്താവായി സ്വീകരിച്ച അല്ലാഹു അവരോട് നൽകിയ വാഗ്ദാനങ്ങളെല്ലാം തികച്ചും സത്യവും പരമാർഥവുമായിരിക്കും.

لَّيْسَ بِأَمَانِيِّكُمْ وَلَآ أَمَانِيِّ أَهْلِ ٱلْكِتَـٰبِ ۗ مَن يَعْمَلْ سُوٓءًا يُجْزَ بِهِۦ وَلَا يَجِدْ لَهُۥ مِن دُونِ ٱللَّهِ وَلِيًّا وَلَا نَصِيرًا ﴿١٢٣﴾

﴾123﴿ നിങ്ങളുടെ വ്യാമോഹങ്ങളനുസരിച്ചല്ല; വേദക്കാരുടെ വ്യാമോഹങ്ങളനുസരിച്ചുമല്ല (കാര്യം). ആർ ഒരു തിന്മ പ്രവർത്തിക്കുന്നുവോ അവന് അതിന് (തക്ക) പ്രതിഫലം നൽകപ്പെടും; അല്ലാഹുവിന് പുറമെ ഒരു കൈകാര്യ കർത്താവിനെയാകട്ടെ, സഹായകനെയാകട്ടെ, അവൻ തനിക്ക് കണ്ടെത്തുകയുമില്ല.

وَمَن يَعْمَلْ مِنَ ٱلصَّـٰلِحَـٰتِ مِن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُو۟لَـٰٓئِكَ يَدْخُلُونَ ٱلْجَنَّةَ وَلَا يُظْلَمُونَ نَقِيرًا ﴿١٢٤﴾

﴾124﴿ ആണായോ, പെണ്ണായോ ഉള്ള ആരെങ്കിലും താൻ സത്യവിശ്വാസിയായും കൊണ്ട് സൽക്കർമങ്ങളിൽ നിന്ന് (വല്ലതും) ചെയ്യുന്ന പക്ഷം, അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്, അവരോട് ഒട്ടും അനീതി ചെയ്യപ്പെടുകയുമില്ല.

﴾123﴿ لَيْسَ അല്ല بِأَمَانِيِّكُمْ നിങ്ങളുടെ വ്യാമോഹങ്ങളനുസരിച്ചല്ല وَلَا أَمَانِيِّ വ്യാമോഹങ്ങളനുസരിച്ചുമല്ല أَهْلِ الْكِتَابِ വേദക്കാരുടെ مَنْ يَعْمَلْ ആർ പ്രവർത്തിക്കുന്നുവോ سُوءًا ഒരു തിന്മ, വല്ല ദൂഷ്യവും يُجْزَ بِهِ അവന് അതിന് പ്രതിഫലം നൽകപ്പെടും وَلَا يَجِدْ അവൻ കണ്ടെത്തുകയുമില്ല لَهُ തനിക്ക്, അവന്ന്

مِن دُونِ اللَّهِ അല്ലാഹുവിന്ന് പുറമെ (കൂടാതെ) وَلِيًّا ഒരു കൈകാര്യകർത്താവിനെ, ബന്ധുവെ وَلَا نَصِيرًا സഹായകനെയും ഇല്ല ﴾124﴿ وَمَن يَعْمَلْ ആരെങ്കിലും പ്രവർത്തിക്കുന്നതായാൽ مِنَ الصَّالِحَاتِ സൽകർമങ്ങളിൽ നിന്ന് مِن ذَكَرٍ ആണായിട്ട് أَوْ أُنثَىٰ അല്ലെങ്കിൽ പെണ്ണായിട്ട് وَهُوَ അയാൾ, താൻ مُؤْمِنٌ സത്യവിശ്വാസിയാണ് (താനും) فَأُولَٰئِكَ എന്നാൽ അക്കൂട്ടർ يَدْخُلُونَ അവർ പ്രവേശിക്കും الْجَنَّةَ സ്വർഗ ത്തിൽ وَلَا يُظْلَمُونَ അവർ (അവരോട്) അനീതി ചെയ്യപ്പെടുകയുമില്ല نَقِيرًا ഒരു കുത്തോളം (ഒട്ടും)

സത്യവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ട് മൗലിക പ്രധാനമായ ഒരു തത്വം അല്ലാഹു ഈ വചനങ്ങളിൽ അറിയിക്കുന്നു. വിജയവും മോക്ഷവും ഒരു സമുദായത്തിന്റെയോ വിഭാഗത്തിന്റെയോ കുത്തകാവകാശമല്ല; മോഹം കൊണ്ടോ വാദം കൊണ്ടോ ലഭിക്കുന്നതുമല്ല. അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങളും റസൂലുകളുടെ അദ്ധ്യാപനങ്ങളും അനുസരിച്ചുള്ള സത്യവിശ്വാസവും സൽക്കർമവും കൊണ്ടാണത് സിദ്ധിക്കുക. ആണും പെണ്ണുമെന്ന വ്യത്യാസവും അതിൽ ഇല്ല. ആർ നന്മ ചെയ്തു, ആർ തിന്മ ചെയ്തു എന്നതാണ് കാര്യം. തിന്മയായുള്ളത് എന്തു ചെയ്താലും അതിന്റെ ഫലം അതിന്റെ കർത്താവ് അനുഭവിക്കും. നന്മയായുള്ളത് എന്ത് ചെയ്താലും യാതൊരു കുറവും കൂടാതെ അതിന്റെ ഫലം അതിന്റെ കർത്താവും അനുഭവിക്കും. പക്ഷേ, സത്യവിശ്വാസത്തോട് കൂടി ചെയ്യപ്പെടുന്ന നന്മ മാത്രമേ അല്ലാഹുവിങ്കൽ സ്വീകാര്യമായിരിക്കുകയുള്ളൂ. ഇതാണ് ആ തത്വം.

സത്യവിശ്വാസം സ്വീകരിക്കാത്തവരുടെ സൽക്കർമങ്ങൾ – അവ സ്വതവേ നോക്കുമ്പോൾ നല്ല കർമങ്ങളായിരുന്നാൽ തന്നെയും – അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്ന് ക്വുർആൻ പലപ്പോഴും വ്യക്തമാക്കിയിട്ടുള്ളതാണ്. ആണായാലും പെണ്ണായാലും സൽക്കർമങ്ങൾ പ്രവർത്തിക്കുന്നവർ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് പറയാതെ وَهُوَ مُؤْمِنٌ (അയാൾ സത്യവിശ്വാസിയായിക്കൊണ്ട് പ്രവർത്തിച്ചാൽ) എന്ന് ഇവിടെയും അക്കാര്യംഅല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അത്രയുമല്ല, അല്ലാഹുവിൽ വിശ്വസിക്കുന്നതിന് പുറമെ, അവന്റെ പ്രീതിയും പ്രതിഫലവും ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന സൽക്കർമങ്ങൾക്ക് മാത്രമേ പരലോകത്ത് വെച്ച് പ്രതിഫലം നൽകപ്പെടുകയുള്ളൂവെന്നും ഐഹികമായ ഏതെങ്കിലും ലക്ഷ്യംവെച്ച് ചെയ്യുന്ന കർമങ്ങൾക്കൊന്നും പ്രതിഫലം ലഭിക്കുകയില്ലെന്നും ക്വുർആനിൽനിന്നും ഹദീഥിൽനിന്നും അറിയപ്പെട്ടതാണ്. (فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ) (ഒരു അണുത്തൂക്കം നന്മ ഒരാൾ പ്രവർത്തിച്ചാൽ അതവൻ കാണും)എന്ന വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് സത്യവിശ്വാസം സൽക്കർമങ്ങൾ സ്വീകരിക്കപ്പെടുന്നതിന് ഒരു ഉപാധിയല്ലെന്നും, വിശ്വാസിയാവട്ടെ അവിശ്വാസിയാവട്ടെ ആർ സൽക്കർമം ചെയ്താലും അതിന് പ്രതിഫലം ലഭിക്കാതിരിക്കുകയില്ലെന്നും ചിലർ പറയാറുണ്ട്. ഇത് ശരിയല്ലെന്നും, ക്വുർആന്റെ സ്പഷ്ടമായ പല പ്രസ്താവനകൾക്കും എതിരാണെന്നും തീർത്തു പറയാം.

ഞങ്ങളാണ് നിങ്ങളെക്കാൾ രക്ഷക്കും വിജയത്തിനും അവകാശപ്പെട്ടവർ എന്ന് മുസ്‌ലിംകളും വേദക്കാരും തമ്മിൽ ന്യായവാദം നടക്കുകയുണ്ടായെന്നും, അതിനെത്തുടർന്നാണ് ഈ വചനങ്ങൾ അവതരിച്ചതെന്നും ചില രിവായത്തുകളിൽ വന്നിട്ടുണ്ട്. എല്ലാ തിന്മകൾക്കും അതാതിന്റെ പ്രതിഫലം അനുഭവപ്പെടുക തന്നെ ചെയ്യുമെങ്കിൽ നാം

എങ്ങിനെ രക്ഷപ്പെടും? ഒട്ടും തിന്മ ചെയ്യാത്തവർ ആരാണുണ്ടായിരിക്കുക? എന്നൊക്കെ ചില സ്വഹാബികൾ ഈ വചനം അവതരിച്ചപ്പോൾ ഭയപ്പെട്ടതായും, സത്യവിശ്വാസികൾക്ക് അനുഭവപ്പെട്ടേക്കുന്ന രോഗം, വ്യസനം പോലെയുള്ള എല്ലാ ബുദ്ധിമുട്ടുകൾക്കും തന്നെ – അവർ ക്ഷമ കൈക്കൊള്ളുന്നപക്ഷം – അവർക്ക് സൽഫലങ്ങൾ ലഭിച്ചുകൊണ്ടിരിക്കുമെന്ന് പറഞ്ഞു നബിﷺ അവരെ സമാധാനിപ്പിച്ചതായും അഹ്മദ്, മുസ്‌ലിം, തിർമദി, നസാഈ(റ) മുതലായവർ രേഖപ്പെടുത്തിയിട്ടുള്ള ഒന്നിലധികം ഹദീഥുകൾ കാണാവുന്നതാകുന്നു. (نَقِيرًا എന്ന പദത്തിന്റെ അർഥവും പ്രയോഗവും സംബന്ധിച്ച് 49-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളത് ഓർക്കുക.)

وَمَنْ أَحْسَنُ دِينًا مِّمَّنْ أَسْلَمَ وَجْهَهُۥ لِلَّهِ وَهُوَ مُحْسِنٌ وَٱتَّبَعَ مِلَّةَ إِبْرَٰهِيمَ حَنِيفًا ۗ

﴾125﴿ മത(കാര്യത്തിൽ) കൂടുതൽ നല്ലവൻ ആരാണ്? താൻ (നിഷ്കളങ്കം) നന്മ പ്രവർത്തിക്കുന്നവനായും കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തുക [വിട്ടു കൊടുക്കുക]യും. ഋജുമാനസനായ നിലയിൽ ഇബ്റാഹീമിന്റെ മാർഗം പിൻപറ്റുകയും ചെയ്തിട്ടുള്ള ഒരുവനെക്കാൾ!

وَٱتَّخَذَ ٱللَّهُ إِبْرَٰهِيمَ خَلِيلًا ﴿١٢٥﴾

ഇബ്റാഹീമിനെ അല്ലാഹു ഒരു (ഉറ്റ) ചങ്ങാതിയായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

وَلِلَّهِ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۚ

﴾126﴿ അല്ലാഹുവിനുള്ളതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (ഒക്കെ)

وَكَانَ ٱللَّهُ بِكُلِّ شَىْءٍ مُّحِيطًا ﴿١٢٦﴾

അല്ലാഹു എല്ലാ കാര്യത്തെയും വലയം ചെയ്ത [പൂർണമായി അറിയുന്ന]വനാകുന്നു.

﴾125﴿ وَمَنْ أَحْسَنُ അധികം (ഏറ്റവും) നല്ലവൻ ആരാണ് دِينًا മതം, മതത്തിൽ, മതത്താൽ مِمَّنْ ഒരുവനെ (യാതൊരുത്തനെ)ക്കാൾ أَسْلَمَ വിട്ടുകൊടുത്ത, കീഴ്പെടുത്തിയ, ഏൽപിച്ചുകൊടുത്ത وَجْهَهُ തന്റെ മുഖത്തെ لِلَّهِ അല്ലാഹുവിന്ന് وَهُوَ അവനാകട്ടെ, അവനോ مُحْسِنٌ സൽഗുണവാനാണ്, നന്മ പ്രവർത്തിക്കുന്ന (നിഷ്കളങ്കമായി ചെയ്യുന്ന)വനുമാണ് وَاتَّبَعَ പിൻപറ്റുകയും ചെയ്ത مِلَّةَ മാർഗത്തെ, നടപടിക്രമം إِبْرَاهِيمَ ഇബ്റാഹീമിന്റെ حَنِيفًا ഋജുമാനസനായിട്ട്, നിഷ്കളങ്കനായ നിലയിൽ وَاتَّخَذَ اللَّهُ അല്ലാഹു സ്വീകരിക്കുക(ആക്കുക)യും ചെയ്തിരിക്കുന്നു إِبْرَاهِيمَ ഇബ്റാഹീമിനെ خَلِيلًا (ഉറ്റ) ചങ്ങാതി ﴾126﴿ وَلِلَّهِ അല്ലാഹുവിന്നാണ്, അല്ലാഹുവിന്നുള്ള

താണ് مَافِي السَّمَاوَاتِ ആകാശങ്ങളിലുള്ളതും وَمَافِي الأَرْضِ ഭൂമിയിലുള്ളതും وَكَانَ اللَّهُ അല്ലാഹു ആകുന്നുതാനും بِكُلِّ شَيْءٍ എല്ലാ കാര്യത്തെ (വസ്തുവെ)യും مُحِيطًا വലയം ചെയ്തവൻ, ചുറ്റി പൊതിഞ്ഞവൻ

കഴിഞ്ഞ വചനത്തിൽ സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമം പ്രവർത്തിക്കുക എന്ന് പറഞ്ഞതിന്റെ പ്രാവർത്തിക രൂപവും വിശദീകരണവുമാണിത് എന്ന് പറയാം. അല്ലാഹുവിന്റെ ആജ്ഞാനിർദ്ദേശങ്ങൾ അനുസരിച്ച് അവനെ മാത്രം ആരാധിച്ചുകൊണ്ട് അവന് പരിപൂർണമായി കീഴ്പെടുക, കലർപ്പുകളൊന്നും തീണ്ടാതെ നിഷ്കളങ്കം സൽക്കർമങ്ങൾ ചെയ്യുക. അങ്ങിനെ ഇബ്റാഹീം (അ) സ്വീകരിച്ചു വന്ന അതേ നട പടി പിൻപറ്റുക, ഇതിലധികം നല്ലതായ ഒരു മതനടപടി വേറെയില്ല. ആ മാർഗം ആർ സ്വീകരിക്കുന്നുവോ അവരാണ് യഥാർഥ വിജയികളും ഭാഗ്യവാന്മാരും എന്ന് താൽപ ര്യം.

മുസ്‌ലിംകളും മുശ്‌രിക്കുകളും അടക്കമുള്ള അറബികളും, യഹൂദികളും ക്രിസ്ത്യാ നികളും അടങ്ങിയ വേദക്കാരും തങ്ങളുടെ വംശപിതാവെന്ന നിലക്കും, പ്രവാചക കുടും ബത്തിലെ പ്രത്യേക സ്ഥാനപതി എന്ന നിലക്കും അഭിമാനപൂർവ്വം ആദരിച്ചു ബഹുമാനിച്ചു വരുന്ന ആളാണല്ലോ ഇബ്റാഹീം നബി(അ). തങ്ങളാണ് ഇബ്റാഹീം നബി(അ)യുടെ മാർഗം പിൻപറ്റുന്നവരെന്ന് എല്ലാവരും വാദിക്കുകയും ചെയ്യുന്നു. അതു കൊണ്ടാണ് അദ്ദേഹം സ്വീകരിച്ച മാർഗം ഉന്നതാണെന്ന് സൂചിപ്പിച്ചുകൊണ്ട് അത് പിൻപറ്റിയവരാണ് ഏറ്റവും നല്ല മതനടപടിക്കാർ എന്ന് പറഞ്ഞത്. എല്ലാവരും അംഗീ കരിക്കുന്ന ഒരു മഹാനാണദ്ദേഹമെന്ന് മാത്രമല്ല, അദ്ദേഹത്തെ ഒരു ഉറ്റചങ്ങാതിയായി - ഏറ്റവും പ്രിയപ്പെട്ടവനും വളരെ സാമീപ്യം സിദ്ധിച്ചവനുമായി - അല്ലാഹു സ്വീകരി ച്ചിട്ടുമുണ്ടെന്നും, അതുകൊണ്ട് ഓരോ കൂട്ടരും തങ്ങൾ അദ്ദേഹത്തിന്റെ മാർഗത്തിലാണ് നിലകൊള്ളുന്നതെന്ന വാദം യാഥാർഥ്യമാക്കുവാൻ ശ്രമിക്കേണ്ടതാണെന്നും അല്ലാഹു ഉണർത്തുന്നു. എന്നാൽ എല്ലാവരും അല്ലാഹുവിന് പരിപൂർണമായി കീഴ്പെട്ടു കൊള്ള ണമെന്ന് കൽപിക്കുന്നതിനുള്ള അടിസ്ഥാന കാരണമെന്താണ് എന്ന് കൂടി അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതെ, ആകാശഭൂമികളിലുള്ളത് മുഴുവനും അവന്റെതാണ്. എല്ലാം തന്നെ അവന്റെ സൃഷ്ടി. എല്ലാം അവന്റെ ഉടമയിൽ. എല്ലാവരും അവന്റെ അടി മകളും. എന്ത് - എവിടെ - എങ്ങിനെ സ്ഥിതിചെയ്യുന്നുവോ അതത്രയും പൂർണമായും സൂക്ഷ്മമായും അറിയുന്നവനുമാണവൻ.

വിഭാഗം - 19

അനാഥകളെയും,സ്ത്രീകളെയും സംബന്ധിക്കുന്ന കാര്യങ്ങളായിരുന്നുവല്ലോ സൂറ ത്തിന്റെ ആദ്യവചനങ്ങളിലെ സംസാരവിഷയം.പിന്നീട് പല തുറയിലേക്കും സംസാര ഗതി നീങ്ങി. ആദ്യം തുടങ്ങിവെച്ച വിഷയത്തിലേക്കു തന്നെ വീണ്ടും സംസാരഗതി തിരിച്ചുകൊണ്ടു അല്ലാഹുപറയുന്നു :-

وَيَسْتَفْتُونَكَ فِي ٱلنِّسَآءِ ۖ
قُلِ ٱللَّهُ يُفْتِيكُمْ فِيهِنَّ

﴾127﴿ **(നബിയേ), സ്ത്രീകളുടെ കാര്യത്തിൽ അവർ നിന്നോട് വിധി തേടുന്നു.പറയുക: അവരുടെ കാര്യ ത്തിൽ അല്ലാഹു നിങ്ങൾക്ക് വിധി**

وَمَا يُتْلَىٰ عَلَيْكُمْ فِي ٱلْكِتَٰبِ فِي
يَتَٰمَى ٱلنِّسَآءِ ٱلَّٰتِي لَا تُؤْتُونَهُنَّ
مَا كُتِبَ لَهُنَّ وَتَرْغَبُونَ أَن
تَنكِحُوهُنَّ وَٱلْمُسْتَضْعَفِينَ مِنَ
ٱلْوِلْدَٰنِ وَأَن تَقُومُوا۟ لِلْيَتَٰمَىٰ
بِٱلْقِسْطِ ۚ
وَمَا تَفْعَلُوا۟ مِنْ خَيْرٍ
فَإِنَّ ٱللَّهَ كَانَ بِهِۦ عَلِيمًا ﴿١٢٧﴾

നൽകുന്നു; സ്ത്രീകളിലെ അനാഥകളുടെ കാര്യത്തിൽ (വേദ)ഗ്രന്ഥത്തിൽ നിങ്ങൾക്ക് ഓതികേൾപ്പിക്കപ്പെടുന്നതും (നിങ്ങളെ ഓർമിപ്പിക്കുന്നു.) (അതായത്:) തങ്ങൾക്ക് നിയമി(ച്ചു നിശ്ചയി)ക്കപ്പെട്ടിട്ടുള്ളത് നിങ്ങൾ കൊടുക്കാതിരിക്കുകയും, നിങ്ങൾ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നവരുടെയും,കുട്ടികളാവുന്ന ദുർബലരായുള്ളവരുടെയും (കാര്യത്തിൽ ഓതികേൾപ്പിക്കപ്പെടുന്നതും, ഓർമിപ്പിക്കുന്നു.) അനാഥകളോട് നിങ്ങൾ നീതിമുറയുസരിച്ച് നിലകൊള്ളണമെന്നും (ഓർമിപ്പിക്കുന്നു).

നിങ്ങൾ ഗുണ(കര)മായി എന്തു (തന്നെ) ചെയ്യുന്നതായാലും അതിനെ പറ്റി അല്ലാഹു നിശ്ചയമായും അറിയുന്നവനാകുന്നു.

﴾127﴿ وَيَسْتَفْتُونَكَ അവർ നിന്നോട് വിധിതേടുന്നു فِي النِّسَاءِ സ്ത്രീകളുടെ കാര്യത്തിൽ قُلِ നീ പറയുക اللَّهُ يُفْتِيكُمْ അല്ലാഹു നിങ്ങൾക്കു വിധി നൽകുന്നു فِيهِنَّ അവരുടെ കാര്യത്തിൽ وَمَا يُتْلَى ഓതിത്തരപ്പെടുന്നതും عَلَيْكُمْ നിങ്ങൾക്ക് فِي الْكِتَابِ (വേദ)ഗ്രന്ഥത്തിൽ فِي يَتَامَى അനാഥരുടെ കാര്യത്തിൽ النِّسَاءِ സ്ത്രീകളിലെ اللاتِي യാതൊരുവരായ لاتُؤْتُونَهُنَّ അവർക്ക് നിങ്ങൾ നൽകുകയില്ല, നിങ്ങൾ കൊടുക്കാത്ത مَاكُتِبَ രേഖപ്പെടുത്ത (നിശ്ചയിക്ക – നിയമിക്ക)പ്പെട്ടത് لَهُنَّ അവർക്ക് وَتَرْغَبُونَ നിങ്ങൾ ആഗ്രഹിക്കുകയും ചെയ്യും. അനിഷ്ടപ്പെടുന്നു أَنْ تَنْكِحُوهُنَّ അവരെ വിവാഹം ചെയ്യാൻ وَالْمُسْتَضْعَفِينَ ബലഹീനരാക്കപ്പെട്ടവരുടെയും, ദുർബലരുടെയും(കാര്യത്തിൽ) مِنَ الْوِلْدَانِ കുട്ടികളാകുന്ന, കുട്ടികളിൽ നിന്നുള്ള وَأَنْ تَقُومُوا നിങ്ങൾ നിലകൊള്ളുവാനും (നിലകൊള്ളണമെന്നും) لِلْيَتَامَى അനാഥകൾക്ക്, അനാഥരോട് بِالْقِسْطِ നീതിമുറയനുസരിച്ച്, നീതിയോടെ وَمَا تَفْعَلُوا നിങ്ങൾ എന്തു ചെയ്താലും, എന്തു ചെയ്യുന്നുവോ مِنْ خَيْرٍ നല്ലതായിട്ട്, ഗുണകരമാകുന്ന فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു, ആയിരിക്കുന്നു بِهِ അതിനെപ്പറ്റി عَلِيمًا അറിയുന്നവൻ.

സ്ത്രീകളുടെ വിഷയത്തിൽ അവർ (സ്വഹാബികൾ) നബിﷺ യോട് ഫത്വ (വിധി) തേടിയിരുന്നുവെന്നു മാത്രമേ അല്ലാഹു ഇവിടെ പറയുന്നുള്ളൂ. ചോദ്യത്തിന്റെ രൂപം വിശദീകരിച്ചിട്ടില്ല. എങ്കിലും തുടർന്നുള്ള വചനങ്ങളിൽ നിന്ന് ചോദ്യത്തെപ്പറ്റി ഏറെ

ക്കുറെ മനസ്സിലാക്കുവാൻ കഴിയും. ശരിക്കുള്ള മറുപടി അടങ്ങിയിരിക്കുന്നതും ആ വചനങ്ങളിൽ തന്നെ. മറുപടിക്കു മുമ്പായി , അതിനാധാരമായ തത്വങ്ങളടങ്ങിയ ഒരു മുഖവുരയും, ഒരു അനുസ്മരണവും എന്ന നിലക്കാണ് ഈ വചനം നിലകൊള്ളുന്നത്.

لَا تُؤْتُونَهُنَّ مَا كُتِبَ لَهُنَّ (അവർക്ക് നിയമിക്കപ്പെട്ടത് കൊടുക്കാതിരിക്കുക) എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം, അനാഥകളുടെ മഹ്ർ മുതലായ അവകാശങ്ങൾ കൊടുക്കാതിരിക്കുക എന്നാകുന്നു. وَتَرْغَبُونَ أَن تَنكِحُوهُنَّ എന്ന വാക്യത്തിന് അവരെ വിവാഹം ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുക (تَرْغَبُونَ فِي أَن تَنكِحُوهُنَّ) എന്നും, അവരെ വിവാഹം ചെയ്യുവാൻ നിങ്ങൾ മടിക്കുക (تَرْغَبُونَ عَنْ تَنكِحُوهُنَّ) എന്നും, അർത്ഥം വരാവുന്നതാണ്. (*) ആദ്യത്തെ അർത്ഥമാണ് പരിഭാഷയിൽ കൊടുത്തിരിക്കുന്നത്. രണ്ടായാലും ഇവിടെ യോജിക്കായ്കയില്ലതാനും. കാരണം , ഒരാളുടെ സംരക്ഷണത്തിൻകീഴിൽ അയാൾക്ക് വിവാഹം കഴിക്കുന്നതിനു വിരോധമില്ലാത്ത അനാഥയായ പെൺകുട്ടിയുണ്ടാകുമ്പോൾ, അവളുടെ ധനത്തിലോ സൗന്ദര്യത്തിലോ മറ്റോ ആകൃഷ്ടനായി അയാൾ അവളെ വിവാഹം കഴിക്കുവാൻ ആഗ്രഹിച്ചെന്നുവരും. ചിലപ്പോൾ അവളുടെ വൈരൂപ്യമോ മറ്റോ കാരണമായി അവളെ വിവാഹം കഴിക്കുവാൻ അയാൾ മടിച്ചെന്നും വരും. അതേ സമയത്ത് അവളുടെ ധനം അന്യാധീനപ്പെട്ടു പോകുമെന്ന് കരുതി മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കുവാൻ ഇഷ്ടപ്പെടാതെയുമിരിക്കും. രണ്ടു പ്രകാരത്തിലായാലും- വിവാഹം ചെയ്‌വാൻ ആഗ്രഹിക്കുന്നതായാലും, അതിനു മടിക്കുന്നതായാലും ശരി, അവരോടു നീതി പാലിക്കണമെന്നും അവരുടെ നിയമപ്രകാരമുള്ള മഹ്ർ മുതലായ എല്ലാ അവകാശങ്ങളും കൊടുക്കുകതന്നെ വേണമെന്നും അല്ലാഹു കൽപിക്കുന്നു .ഈ വിഷയം ആഇശഃ (റ) യിൽ നിന്ന് ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിച്ച ചില ഹദീഥുകളിൽ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. അതുപോലെത്തന്നെ, ദുർബലരും പ്രായപൂർത്തി വന്നു സ്വന്തം കൈകാര്യങ്ങൾ നടത്തുമാറായിട്ടില്ലാത്തവരുമായ കുട്ടികളോടും നീതീപാലിക്കണമെന്നും അവർക്കവകാശപ്പെട്ട അനന്തര സ്വത്തുക്കളും മറ്റും മുറപോലെ കൊടുക്കണമെന്നും കൽപിക്കുന്നു. ഇക്കാര്യങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഈ സൂറത്തിന്റെ ആദ്യ വചനങ്ങളിലും വ്യാഖ്യാനത്തിലുമായി മുമ്പ് വിവരിച്ചു കഴിഞ്ഞതാണ്. ഇവിടെ അതിന്റെ അനുസ്മരണം മാത്രമാണുള്ളത്. അല്ലാഹു തുടർന്നു പറയുന്നു:-

وَإِنِ ٱمْرَأَةٌ خَافَتْ مِنۢ بَعْلِهَا نُشُوزًا أَوْ إِعْرَاضًا فَلَا جُنَاحَ عَلَيْهِمَآ أَن يُصْلِحَا بَيْنَهُمَا صُلْحًا ۚ

﴾128﴿ വല്ല സ്ത്രീയും അവളുടെ വരനിൽ നിന്നു പിണക്കമോ, അവഗണനയോ ഭയപ്പെട്ടുവെങ്കിൽ അവർ രണ്ടു പേരും അവർക്കിടയിൽ വല്ല യോജിപ്പുണ്ടാക്കുന്നതിന് അവർക്ക് കുറ്റമില്ല.

(*) رغبة (റഗ്ബത്ത്) എന്ന മൂലത്തിൽ നിന്നുള്ള ക്രിയാരൂപങ്ങളോടു ബന്ധപ്പെട്ടു കൊണ്ട് ചിലപ്പോൾ في എന്ന അവ്യയവും, ചിലപ്പോൾ عن എന്ന അവ്യയവും വരും. في ആയിരിക്കുമ്പോൾ അതിനുശേഷം പറയുന്ന കാര്യത്തിൽ ആഗ്രഹം പ്രകടിപ്പിക്കുക- അത് ഇഷ്ടപ്പെടുക-എന്നും عن ആയിരിക്കുമ്പോൾ അതിനുശേഷം പറഞ്ഞ കാര്യത്തിൽ മടി കാണിക്കുക- അതിനോടു വെറുപ്പായിരിക്കുക -എന്നുമായിരിക്കും ഉദ്ദേശ്യം. ഇവിടെ പ്രസ്തുത രണ്ടു അവ്യയങ്ങളും പറയപ്പെട്ടിട്ടില്ലെങ്കിലും രണ്ടിലൊന്ന് ലോപിച്ചുപോയിട്ടുണ്ടെന്ന് വെക്കേണ്ടതുണ്ട്. രണ്ടിൽ ഓരോന്നും ആവാൻ ഇവിടെ സാധ്യതയുള്ളതുകൊണ്ടാണ് രണ്ടുപ്രകാരവും അർത്ഥം പറയപ്പെടുന്നത്.

وَٱلصُّلۡحُ خَيۡرٞۗ

യോജിപ്പാകട്ടെ , ഗുണകരവുമാകുന്നു.

وَأُحۡضِرَتِ ٱلۡأَنفُسُ ٱلشُّحَّۚ وَإِن تُحۡسِنُواْ وَتَتَّقُواْ فَإِنَّ ٱللَّهَ كَانَ بِمَا تَعۡمَلُونَ خَبِيرٗا ﴿١٢٨﴾

മനസ്സുകളിൽ പിശുക്ക് (ശീലം , സദാ) തയ്യാറാക്കപ്പെട്ടിരിക്കുന്നുതാനും. നിങ്ങൾ നൻമ പ്രവർത്തിക്കുകയും, സൂക്ഷിക്കുകയും ചെയ്യുന്നുവെങ്കിലോ, നിശ്ചയമായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു.

وَلَن تَسۡتَطِيعُوٓاْ أَن تَعۡدِلُواْ بَيۡنَ ٱلنِّسَآءِ وَلَوۡ حَرَصۡتُمۡۖ

﴿129﴾ സ്ത്രീകൾക്കിടയിൽ നീതി പാലിക്കുവാൻ നിങ്ങൾ (അതിന്) അത്യാഗ്രഹിച്ചാലും നിങ്ങൾക്ക് സാധിക്കുകയില്ല തന്നെ.

فَلَا تَمِيلُواْ كُلَّ ٱلۡمَيۡلِ فَتَذَرُوهَا كَٱلۡمُعَلَّقَةِۚ

എന്നാൽ, നിങ്ങൾ (ഒരു പക്ഷത്തേക്ക്) മുഴുവൻ(അങ്ങ്) ചാഞ്ഞുപോകരുത്. അപ്പോൾ, നിങ്ങൾ അവളെ [മറുപക്ഷത്തുള്ളവളെ] കെട്ടിയിടപ്പെട്ടവളെപ്പോലെ വിട്ടുകളഞ്ഞേക്കും.

وَإِن تُصۡلِحُواْ وَتَتَّقُواْ فَإِنَّ ٱللَّهَ كَانَ غَفُورٗا رَّحِيمٗا ﴿١٢٩﴾

നിങ്ങൾ യോജിപ്പുണ്ടാക്കുകയും, സൂക്ഷിക്കുകയും ചെയ്യുന്നുവെങ്കിലോ, നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴿128﴾ وَإِنِ امْرَأَةٌ വല്ല സ്ത്രീയും (ആയി) എങ്കിൽ خَافَتْ അവൾ ഭയപ്പെട്ടു(എങ്കിൽ) مِنْ بَعْلِهَا അവളുടെ വരനിൽ (ഭർത്താവിൽ) നിന്ന് نُشُوزًا പിണക്കത്തെ أَوْ إِعْرَاضًا അല്ലെങ്കിൽ അവഗണന, തിരിഞ്ഞുകളയൽ فَلَا جُنَاحَ എന്നാൽ കുറ്റമില്ല. തെറ്റില്ല عَلَيْهِمَا അവർ രണ്ടാളുടെ മേൽ أَنْ يُصْلِحَا അവർ യോജിപ്പു(ഒത്തുതീർപ്പു-സന്ധി-നന്നാവൽ) ഉണ്ടാക്കുന്നതിന് بَيْنَهُمَا അവർ രണ്ടാൾക്കിടയിൽ صُلْحًا ഒരു യോജിപ്പ്, വല്ല ഒത്തുതീർപ്പും وَالصُّلْحُ യോജിപ്പാകട്ടെ خَيْرٌ ഉത്തമമാണ്, ഏറ്റം നല്ലതാണ് وَأُحْضِرَتِ തയ്യാറാക്ക (സന്നദ്ധമാക്ക) പ്പെടുകയും ചെയ്തിരിക്കുന്നു الْأَنْفُسُ മനസ്സുകളിൽ, ആളുകൾക്ക് الشُّحَّ പിശുക്ക്ശീലം وَإِنْ تُحْسِنُوا നിങ്ങൾ നൻമ(ഗുണം) ചെയ്യു

ന്നപക്ഷം وَتَتَّقُوا നിങ്ങൾ സൂക്ഷിക്കുകയും فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപറ്റി خَبِيرًا സൂക്ഷ്മമായി അറിയുന്നവൻ ﴾129﴿ وَلَن تَسْتَطِيعُوا നിങ്ങൾക്ക് സാധ്യമാകുന്നതേയല്ല أَن تَعْدِلُوا നിങ്ങൾ നീതി പാലിക്കുവാൻ بَيْنَ النِّسَاءِ സ്ത്രീകൾക്കിടയിൽ وَلَوْ حَرَصْتُمْ നിങ്ങൾ അത്യാഗ്രഹിച്ചാലും ,മോഹിച്ചാലും فَلَا تَمِيلُوا അപ്പോൾ നിങ്ങൾ ചായ(മറിയ-ചരിയ)രുത് كُلَّ الْمَيْلِ മുഴുവൻ ചായ്‌വും فَتَذَرُوهَا അപ്പോൾ അവളെ നിങ്ങൾ വിട്ടുകളയും,വിട്ടേക്കും كَالْمُعَلَّقَةِ കെട്ടിയിടപ്പെട്ട (ബന്ധനത്തിലാക്കപ്പെട്ട) വളെപ്പോലെ وَإِن تُصْلِحُوا നിങ്ങൾ യോജിപ്പുണ്ടാക്കുന്ന (നന്നാക്കിത്തീർക്കുന്ന) പക്ഷം وَتَتَّقُوا നിങ്ങൾ സൂക്ഷിക്കുകയും فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു كَانَ غَفُورًا . വളരെ പൊറുക്കുന്നവനാകുന്നു رَحِيمًا കരുണാനിധി

وَإِن يَتَفَرَّقَا

يُغْنِ ٱللَّهُ كُلًّا مِّن سَعَتِهِۦ ۚ

وَكَانَ ٱللَّهُ وَٰسِعًا حَكِيمًا ﴿١٣٠﴾

﴾130﴿ അവർ രണ്ടുപേരും (തമ്മിൽ) പിരിഞ്ഞുപോകുന്നുവെങ്കിലോ, (രണ്ടിൽ) എല്ലാ(ഓരോരു) വരെയും അല്ലാഹു അവന്റെ വിശാല കഴിവിനാൽ ധന്യരാക്കുന്നതാണ്.

അല്ലാഹു വിശാലനും, അഗാധജ്ഞനുമാകുന്നു.

﴾130﴿ وَإِن يَتَفَرَّقَا അവർ രണ്ടാളും പിരിഞ്ഞെങ്കിൽ, വേറിട്ടാൽ يُغْنِ اللَّهُ അല്ലാഹു ധന്യരാക്കും (ആശ്രയിക്കാതാക്കും) كُلًّا എല്ലാവരെയും (ഓരോരുത്തരെയും) مِّن سَعَتِهِ അവന്റെ വിശാല കഴിവിനാൽ, വിശാലത നിമിത്തം وَكَانَ اللَّهُ അല്ലാഹു ആകുന്നുതാനും وَاسِعًا വിശാലൻ حَكِيمًا അഗാധജ്ഞൻ, യുക്തിമാൻ.

കഴിഞ്ഞ വചനത്തിൽ സൂചിപ്പിക്കപ്പെട്ട ചോദ്യത്തിനുള്ള മറുപടിയായിട്ടാണ് ഈ വചനങ്ങൾ നിലകൊള്ളുന്നത്. ഭർത്താവും ഭാര്യയും തമ്മിലുണ്ടാവുന്ന പിണക്കം, ഒത്തുതീർപ്പ്, വേർപാട് എന്നിവയെപ്പററി മുമ്പ് വിവരിച്ചിട്ടില്ലാത്ത ചില ഉപദേശ നിർദ്ദേശങ്ങൾ ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു. ഭർത്താവ് തന്നോട് പിണക്കത്തിലാണെന്നോ, തന്നെ അവഗണിക്കുന്നുവെന്നോ ഒരു സ്ത്രീക്ക് മനസ്സിലായാൽ-അത് വർദ്ധിക്കുവാൻ കാരണമുണ്ടാക്കാതെ- രണ്ടാളും തമ്മിൽ യോജിക്കുന്നവിധം ഒരു ഒത്തുതീർപ്പുണ്ടാക്കി പരിഹരിക്കേണ്ടതാണെന്ന് അല്ലാഹു ഉപദേശിക്കുന്നു. ഒത്തുതീർപ്പ് നിർദ്ദേശം ഉന്നയിക്കുന്നത് ഏതുഭാഗത്ത് നിന്നായിരിക്കണം എന്ന് പറഞ്ഞിട്ടില്ല. ആദ്യം ഉന്നയിക്കുന്നത് ആരായിരിക്കുമോ അവരായിരിക്കും അതിൽ ശ്രേഷ്ഠ സ്ഥാനം അർഹിക്കുന്നവർ. ഒത്തുതീർപ്പിലുള്ള വ്യവസ്ഥകൾ രണ്ടാളും തമ്മിലോ,രണ്ടാളുടെയും പക്ഷക്കാർ തമ്മിലോ കൂടിയാലോചിച്ചു തയ്യാറാക്കാവുന്നതാകുന്നു. തമ്മിൽ യോജിപ്പുണ്ടാക്കുന്നതിന് കുറ്റമില്ല (فَلَا جُنَاحَ عَلَيْهِمَا أَن يُصْلِحَا بَيْنَهُمَا) എന്നാണ് ആദ്യം അല്ലാഹു പറഞ്ഞ

തെങ്കിലും തുടർന്നുകൊണ്ട് യോജിപ്പാണ് ഏറ്റവും നല്ലത് (وَالصُّلْحُ خَيْرٌ) എന്ന് പറഞ്ഞിരിക്കകൊണ്ട് ഒത്തുതീർപ്പിന് സാധ്യത ഇല്ലെങ്കിലേ മറ്റു മാർഗങ്ങൾ സ്വീകരിക്കേണ്ടതുള്ളൂവെന്ന് വ്യക്തമാകുന്നു. ഒത്തുതീർപ്പുണ്ടാകാത്ത പക്ഷം, അത് പരസ്പരം വേർപാടിലാണല്ലോ കലാശിക്കുക; അഥവാ വിവാഹമോചനത്തിലേക്ക്. അതാകട്ടെ, അവസാനത്തെ കയ്യും, മതത്തിൽ വെറുക്കപ്പെട്ട കാര്യവുമാണ്. ഏതെങ്കിലും ഒരു ഭാഗത്തു നിന്നോ, രണ്ടു ഭാഗത്തു നിന്നും തന്നെയോ ചില വിട്ടുവീഴ്ചകൾ കൂടാതെ ഒത്തുതീർപ്പുണ്ടാകുകയില്ല. എന്നാൽ, ഒരു ഭാഗത്തു നിന്നുണ്ടാകുന്ന വിട്ടുവീഴ്ചയെ അതിന്റെ അവകാശം മറ്റേ ഭാഗത്തിനു അടിയറവെക്കലായോ, അതിനു കൈക്കൂലി കൊടുക്കലായോ വ്യാഖ്യാനിക്കേണ്ടതില്ല എന്നൊരു സൂചനകൂടി 'രണ്ടുകൂട്ടരും തങ്ങൾക്കിടയിൽ യോജിപ്പുണ്ടാക്കുന്നതിൽ തെറ്റില്ല (.......فَلَا جُنَاحَ عَلَيْهِمَا) എന്ന വാക്യത്തിൽ അടങ്ങിയിരിക്കാം. والله اعلم

ഒത്തുതീർപ്പു വ്യവസ്ഥകളെപ്പറ്റി കൂടുതലൊന്നും പറയാതെ, അത് സന്ദർഭത്തിനൊത്തവണ്ണം ചെയ്തുകൊള്ളുവാൻ അല്ലാഹു ഭാര്യാഭർത്താക്കൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. വ്യക്തികളുടെയും പരിതഃസ്ഥിതികളുടെയും നിലപാട് കണക്കിലെടുത്തു കൊണ്ടുള്ള വ്യവസ്ഥകളാണല്ലോ പ്രായോഗികമാകുക. ഭാര്യയുടെ അനാരോഗ്യം വൈരൂപ്യം, സ്വഭാവദോഷം, അപ്രാപ്തി , വന്ധ്യത എന്നിങ്ങനെയുള്ള ചില കാരണങ്ങളായിരിക്കും പലപ്പോഴും പിണക്കത്തിനും, അവഗണനക്കും ഹേതുവാകുന്നത്. ഇങ്ങിനെ വരുമ്പോൾ അവന് വേറെ വിവാഹം കഴിക്കുവാൻ ആഗ്രഹമോ അത്യാവശ്യകതയോ നേരിട്ടേക്കും. അതേ സമയത്ത് രണ്ടു പേരുമോ , ഒരാളോ, ദരിദ്രരോ, ധനികരോ ആയിരിക്കുകയും ചെയ്യും. ഇതുപോലെയുള്ള സ്ഥിതി വിശേഷങ്ങളെല്ലാം കണക്കിലെടുത്തു കൊണ്ടായിരിക്കണം ഒത്തുതീർപ്പ്. ഭക്ഷണം, പാർപ്പിടം , വസ്ത്രം മുതലായ ഭർത്താവിൽ നിന്ന് കിട്ടേണ്ടുന്ന വകകളിൽ വല്ലതും വിട്ടുകൊടുക്കുക; ഒന്നിലധികം ഭാര്യമാരുള്ള ഭർത്താവ് ഓരോ ഭാര്യയുടെ അടുക്കലും താമസിക്കുവാൻ നിശ്ചയിച്ചിട്ടുള്ള ഊഴത്തിൽ ഇളവ് അനുവദിക്കുക; പുതിയ വിവാഹം കഴിക്കുന്നതിൽ പ്രതിഷേധം പ്രകടിപ്പിക്കാതിരിക്കുക എന്നിങ്ങനെ പലതും സ്ത്രീയുടെ ഭാഗത്തുനിന്നുണ്ടാകേണ്ടുന്ന വിട്ടുവീഴ്ചകളായിരിക്കും.

നബി തിരുമേനിﷺ അവിടുത്തെ പത്നിമാർക്കിടയിൽ കൃത്യമായ ഊഴം നിശ്ചയിച്ചുകൊണ്ടായിരുന്നു അവരുടെ അടുക്കൽ താമസിച്ചിരുന്നത്. എന്നാലും ദിവസം ഒരു പ്രാവശ്യം എല്ലാവരുടെ അടുക്കലും ചെന്നുപോരുകയും പതിവായിരുന്നു. ഊഴപ്രകാരമുള്ള ദിവസങ്ങളിലേ ആരുമായും സമീപനമുണ്ടാകുകയുള്ളൂ. സൗദാ (റ) ക്കു വാർദ്ധക്യവും അനാരോഗ്യവും സംഭവിച്ചപ്പോൾ, റസൂൽﷺ തന്നെ വിവാഹമോചനം ചെയ്തേക്കുമോ എന്ന് അവർക്ക് സംശയം തോന്നി. അവർ നബിയോടു ഇങ്ങിനെ ഉണർത്തി: 'എനിക്ക് എനി ഒരു ഭർത്താവിന്റെ ആവശ്യമില്ല. അങ്ങയുടെ പത്നിമാരിൽ ഒരുത്തിയായിക്കൊണ്ട് പരലോകത്ത് ഒരുമിച്ചു കൂടുവാൻ ഞാൻ വളരെ ആഗ്രഹിക്കുന്നു താനും . എന്റെ ഊഴം ഞാൻ ആഇശാക്കു വിട്ടു കൊടുക്കുന്നു. അവിടുന്ന് എന്നെ വേർപ്പെടുത്തി വിടാതെ സ്വീകരിച്ചുകൊണ്ടിരിക്കണം' . അങ്ങനെ, സൗദാ (റ) യുടെ ദിവസങ്ങളിലും തിരുമേനി ആഇശഃ (റ) യുടെ കൂടെ താമസിച്ചു പോരുകയുണ്ടായി. പ്രധാനപ്പെട്ട എല്ലാ ഹദീഥ് പണ്ഡിതൻമാരും ഈ വിവരം രേഖപ്പെടുത്തിക്കാണാം. ഇതുപോലെ, ഭാര്യ വന്ധ്യയായിരിക്കുകയോ, വാർദ്ധക്യവും അനാരോഗ്യവും പിടിപെട്ടവളായിരിക്കുകയോ നിമിത്തം ഭർത്താവ് മറ്റൊരു വിവാഹത്തിനോ, അവളെ പിരിച്ചുവിടാനോ ആലോചി

ക്കുന്ന സന്ദർഭങ്ങളിൽ; മഹ്ർ, നിത്യ ചിലവുകൾ , ദാമ്പത്യാവകാശം ആദിയായവയിൽ വിട്ടുവീഴ്ച ചെയ്തുകൊടുത്തുകൊണ്ട് അതേവരെ കഴിഞ്ഞുപോന്ന വിവാഹബന്ധം തുടർന്നു പോകുവാൻ ഇരുകൂട്ടരും തമ്മിൽ യോജിപ്പ് വ്യവസ്ഥയുണ്ടാക്കുന്നത് സംബന്ധിച്ചതാണ് ഇവിടെ (128-ാം വചനത്തിൽ) പ്രസ്താവിക്കുന്നതെന്നും, ഇതിൽ ക്വുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമുള്ളതായി അറിയുന്നില്ലെന്നും പല രിവായത്തുകളും ഉദ്ധരിച്ചുകൊണ്ട് ഇബ്നു കഥീർ (റ) പ്രസ്താവിച്ചിരിക്കുന്നു.

ഒത്തുതീർപ്പിനെപ്പറ്റി പ്രസ്താവിച്ചശേഷം മനുഷ്യമനസ്സുകളിൽ നിന്ന് വേറിട്ടു പോകാതെ സദാ അതിൽ തങ്ങി നിൽക്കുന്ന ഒരു സഹജശീലമാണ് പിശുക്ക് എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. പിശുക്ക് എന്ന് അർത്ഥം കൽപിച്ചത് شُحّ (ശുഹ്ഹ്) എന്ന പദത്തിനാണ്. അധീനത്തിലുള്ളത് ചിലവഴിക്കുന്നതിലുള്ള ലുബ്ധതക്കു പുറമെ, കൂടുതൽ ലഭിക്കുവാനുള്ള ആർത്തിയും കൂടി ഉണ്ടായിരിക്കുമ്പോഴാണ് അതിന് 'ശുഹ്ഹ്' എന്ന് പറയപ്പെടുക. വളരെ ശ്രദ്ധേയമായ ഒരു വസ്തുതയാണ് ഈ വാക്യത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നത്. രണ്ടുകൂട്ടർ തമ്മിലുണ്ടാകുന്ന ഭിന്നിപ്പ് അവസാനിക്കേണമെങ്കിൽ അന്യോന്യം വിട്ടുവീഴ്ചയും, ഔദാര്യ മനഃസ്ഥിതിയും അനിവാര്യമാണല്ലോ. അതാകട്ടെ പൊതുവിൽ മനഃപ്രയാസം ഉളവാക്കുന്ന കാര്യവുമാണ്. അതുകൊണ്ട് കുറേയൊക്കെ മനഃപ്രയാസം തോന്നിയാലും സങ്കുചിത മനഃസ്ഥിതി പ്രകടിപ്പിക്കാതെ ഓരോരുത്തരും സ്വന്തം ഭാഗത്ത് നിന്ന് കഴിയുന്നത്ര നീക്കുപോക്കുകൾക്ക് തയ്യാറാവുകയും, മറുഭാഗത്ത് നിന്നുണ്ടാകുന്ന നീക്കങ്ങളിൽ കുറേയൊക്കെ പോരായ്മകൾ ഉണ്ടായാലും അതിന്റെ നേരെ കണ്ണടയ്ക്കുകയും ചെയ്യണം. എന്നാലെ തമ്മിൽ യോജിപ്പിലെത്താൻ കഴിയുകയുള്ളൂവെന്നാണിത് സൂചിപ്പിക്കുന്നത്. പ്രശ്നം ശുഭകരമായി കലാശിക്കുന്നതിന് ഉതകുന്ന നൻമകൾ ചെയ്യുകയും, അതിന് ദോഷകരമായ തിൻമകളൊന്നും ചെയ്യാതെ സൂക്ഷിക്കുകയും ചെയ്താൽ, അല്ലാഹു അതെല്ലാം ശരിക്കും അറിയുകയും, കണക്കിലെടുക്കുകയും, തക്ക പ്രതിഫലം നൽകുകയും ചെയ്യുന്നതാണെന്നുകൂടി ഉണർത്തിയിരിക്കുന്നു. (وَإِنْ تُحْسِنُوا وَتَتَّقُوا .....)

ഒത്തുതീർപ്പിനെപ്പറ്റി പലതും പ്രസ്താവിച്ചശേഷം (129-ാം വചനത്തിൽ) വളരെ ശ്രദ്ധേയമായ മറ്റൊരു കാര്യം കൂടി അല്ലാഹു ഉണർത്തുന്നു. നിങ്ങൾക്ക് അത്യാഗ്രഹമുണ്ടായാൽ തന്നെയും സ്ത്രീകൾക്കിടയിൽ നീതി പാലിക്കുവാൻ - പരിപൂർണമായ നീതി പാലനം നടത്തുവാൻ --- മനുഷ്യരായ നിങ്ങൾക്ക് സാധ്യമല്ലതന്നെ (وَلَنْ تَسْتَطِيعُوا أَنْ تَعْدِلُوا ...) എന്ന് അല്ലാഹു തീർത്തു പറയുന്നു. അതുകൊണ്ട് കഴിവുള്ളിടത്തോളം നീതി പാലിക്കണമെന്നേ നിങ്ങളോട് കൽപിക്കുന്നുള്ളൂ- നിങ്ങളുടെ കഴിവിന്നതീതമായ നീതിപാലനം നടത്തുവാൻ കൽപ്പിക്കുന്നില്ല— എന്നത്രേ ഈ വാക്യം ധ്വനിപ്പിക്കുന്നത്. എന്നുവെച്ച് ചിലരുടെ നേരെ പ്രത്യേകം ചായ്‌വുണ്ടായിത്തീരുകയും, മറ്റേവരെ കെട്ടിയിട്ടപോലെ കുടുക്കിലാക്കി വിഷമിപ്പിക്കുകയും ചെയ്യരുത് (فَلَا تَمِيلُوا كُلَّ الْمَيْلِ فَتَذَرُوهَا كَالْمُعَلَّقَةِ) എന്ന് പ്രത്യേകം വിരോധിക്കുകയും ചെയ്തിരിക്കുന്നു. كَالْمُعَلَّقَةِ (കെട്ടിയിടപ്പെട്ടവളെപ്പോലെ) എന്ന് പറഞ്ഞതിന്റെ താൽപര്യം, നിയമപ്രകാരം വിവാഹിതയാണെങ്കിലും ഫലത്തിൽ വിവാഹിതയോ, മോചിതയോ അല്ലാത്തവിധം ബന്ധനത്തിൽ അകപ്പെട്ടവൾ എന്നാണ്.

സ്വഭാവഗുണം, ഭർതൃസ്നേഹം, സംസാരശൈലി, സൗന്ദര്യം, ആരോഗ്യം, അറിവ്, കാര്യപ്രാപ്തി എന്നിങ്ങനെയുള്ള പലഗുണങ്ങളുടെ തോതനുസരിച്ചായിരിക്കും ഭാര്യാ

ഭർത്താക്കൾ തമ്മിലുള്ള സ്നേഹബന്ധവും ഇണക്കവും. പ്രസ്തുത ഗുണങ്ങളിലാണെങ്കിൽ, എല്ലാവരും ഒരേ തരക്കാരായിരിക്കുകയുമില്ല. സ്വാഭാവികമായ ഇക്കാരണത്താൽ, ഒന്നിലധികം ഭാര്യമാരുള്ള ഒരാൾക്ക് എല്ലാ നിലക്കും എല്ലാവരോടും ശരിക്കും തുല്യമായി പെരുമാറുവാൻ കഴിയുകയില്ലെന്നു സ്പഷ്ടമാകുന്നു. എന്നാൽ ഭക്ഷണം ,വസ്ത്രം, ഒന്നിച്ചുള്ള താമസം, ജീവിത സൗകര്യങ്ങൾ മുതലായ പല കാര്യങ്ങളിലും തുല്യ നില കൈകൊള്ളുവാൻ പ്രയാസവുമില്ല. സ്ത്രീകൾക്കിടയിൽ പരിപൂർണമായ നീതിപാലിക്കുക സാധ്യമല്ലെന്നും അതുകൊണ്ട് കഴിയുന്നിടത്തോളം നീതിപാലിക്കലാണ് നിർബന്ധമുള്ളതെന്നും, നീതിപാലിക്കുവാൻ കഴിയുന്ന വിഷയങ്ങളിൽ എല്ലാവരോടും തുല്യനില പ്രകടമാക്കണമെന്നും, അതിൽ പക്ഷഭേദം കാണിക്കുവാൻ പാടില്ലെന്നുമാണ് ഇപ്പറഞ്ഞതിന്റെ ചുരുക്കം. ഈ വചനവും അല്ലാഹു അവസാനിപ്പിച്ചത് നോക്കുക . 'നിങ്ങൾ യോജിച്ചു നന്നായി തീരുകയും സൂക്ഷിക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു വളരെ പൊറുക്കുന്നവനും കാരുണ്യമുള്ളവനുമാണ്' . കഴിയുന്നത്ര ക്ഷമിച്ചും, സഹിച്ചും, വിട്ടുവീഴ്ച ചെയ്തും തമ്മിൽ യോജിക്കുവാൻ ശ്രമിക്കണം. അതിൽ ആരും വിലങ്ങു നിൽക്കരുത്. അങ്ങിനെ ചെയ്താൽ അല്ലാഹു നിങ്ങൾക്ക് പാപമോചനം നൽകുകയും നിങ്ങളുടെ നേരെ കരുണ കാണിക്കുകയും ചെയ്യുമെന്നുള്ള ഒരു വാഗ്ദാനമാണിത്.

ആഇശാ (റ) പ്രസ്താവിക്കുന്നു: റസൂൽ തിരുമേനിﷺ അവിടുത്തെ ഭാര്യമാർക്കിടയിൽ ഭാഗിക്കുകയും (ഓരോരുത്തരുടെയും അടുക്കൽ താമസിക്കുന്നതിനുള്ള ഊഴം കണക്കാക്കുകയും), അതിൽ നീതി പാലിക്കുകയും ചെയ്തിരുന്നു. എന്നിട്ട് പിന്നെയും അവിടുന്നു പറയും: 'അല്ലാഹുവേ, ഇത് എനിക്ക് കഴിയാവുന്ന കാര്യത്തിലുള്ള എന്റെ ഭാഗിക്കലാണ്. അതുകൊണ്ട് നിനക്കു കഴിയുന്നതും, എനിക്കു കഴിയാത്തതുമായ കാര്യത്തിൽ നീ എന്നെ കുറ്റപ്പെടുത്തരുതേ!'. (അ ; ദാ; ജ; തി; ന) നബിﷺ അരുളി ചെയ്തതായി അബൂഹുറയ്റഃ (റ) പറയുന്നു: ഒരാൾക്ക് രണ്ടു ഭാര്യമാരുണ്ടായിരുന്നിട്ട് അവൻ അവരിൽ ഒരുവളിലേക്ക് ചാഞ്ഞാൽ , ക്വിയാമത്ത് നാളിൽ അവന്റെ രണ്ടു പക്ഷങ്ങളിൽ ഒന്നു ചരിഞ്ഞുംകൊണ്ട് അവൻ വരുന്നതാണ്. (അ ; ദാ; ജ; തി; ന) എല്ലാ ഭാര്യമാരുമായുള്ള പെരുമാറ്റങ്ങൾ തികച്ചും പക്ഷഭേദം തോന്നാത്ത വിധത്തിലായിരിക്കുവാൻ സൂക്ഷിക്കണമെന്ന് ചുരുക്കത്തിൽ പറയാം.

സന്ദർഭവശാൽ ഒരു സംഗതി ഇവിടെ ഉണർത്തുന്നത് ആവശ്യമെന്ന് കരുതുന്നു. ഈ സൂറത്തിലെ 3-ാം വചനവും, ബലപ്പെട്ട പല ഹദീഥുകളും മുഖേന സ്ഥാപിതമായതും , ഇസ്ലാമിന്റെ ആദ്യ കാലം തൊട്ട് അടുത്ത കാലം വരെ മുസ്ലിംകൾക്കിടയിൽ ഭിന്നാഭിപ്രായമുണ്ടായിട്ടില്ലാത്തതുമായ ബഹുഭാര്യാത്വത്തെ -വേണ്ടിവന്നാൽ ഒരു പുരുഷന് ഒന്നു മുതൽ നാലു വരെ ഭാര്യമാരെ സ്വീകരിക്കാമെന്ന നിയമത്തെ- ഇപ്പോൾ ചില മുസ്ലിം പണ്ഡിത വേഷധാരികൾ വിമർശിച്ചും, ദുർവ്യാഖ്യാനം ചെയ്തും വരുന്നത് പലർക്കും അറിയാവുന്നതാണ്. ഇസ്ലാമിക നിയമങ്ങളെ കഴിവതും ആധുനിക ചിന്താഗതികൾക്കും, അനിസ്ലാമിക സംസ്കാരങ്ങൾക്കും ഒപ്പിച്ചു വ്യാഖ്യാനിക്കുവാനുള്ള താൽപര്യമാണ് യഥാർത്ഥത്തിൽ ഇതിന്റെ പിന്നിലുള്ള പ്രേരണയെങ്കിലും ക്വുർആന്റെയൊ ഹദീഥിന്റേയോ പിൻബലം തങ്ങൾക്കുണ്ടെന്ന് വരുത്തിത്തീർക്കാത്ത പക്ഷം മുസ്ലിംകൾക്കിടയിൽ അത് വിലപ്പോകുകയില്ലല്ലോ. ക്വുർആന്റെ പിൻബലമുണ്ടെന്ന് സമർത്ഥിക്കാൻ പറ്റിയാൽ പിന്നെ ഹദീഥ് ഒരു പ്രശ്നമാകുന്നതല്ല. കാരണം, അത് ക്വുർആന് വിരുദ്ധമാണെന്ന് പറയുക മാത്രമേ പിന്നീട് ആവശ്യമുള്ളൂ. അങ്ങനെ വളരെ പരതി നോക്കിയശേഷം- ഈ വിഷയകമായി ക്വുർആൻ ആവിഷ്കരിച്ച ആ നിയമത്തിന്റെ

അന്തഃസ്സത്ത തങ്ങൾ കണ്ടുപിടിച്ചുവെന്ന അഭിമാനത്തോടെ – അവർ തങ്ങൾക്കനുകൂല മായി കണ്ടെത്തിയ ഒരു വാകൃമാണ് ഈ ആയത്തിലെ وَلَن تَسْتَطِيعُوا أَن تَعْدِلُوا بَيْنَ النِّسَاءِ وَلَوْ حَرَصْتُمْ (നിങ്ങൾക്ക് അത്യാഗ്രഹമുണ്ടായിരുന്നാലും സ്ത്രീകൾക്കിടയിൽ നിങ്ങൾക്ക് നീതിപാലിക്കുക സാധ്യമല്ല തന്നെ) എന്ന വാക്യം.

3-ാം വചനത്തിൽ ബഹുഭാര്യാത്വത്തിനു അനുമതി നൽകിയപ്പോൾ 'നിങ്ങൾ നീതി പാലിക്കുകയില്ലെന്ന് ഭയപ്പെട്ടാൽ ഒരു സ്ത്രീയെ മാത്രം വിവാഹം ചെയ്യേണ്ടതാണ്.' (فَإِنْ خِفْتُمْ أَلَّا تَعْدِلُوا فَوَاحِدَةً) എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. സ്ത്രീകൾക്കിടയിൽ നീതി പാലിക്കാൻ നിങ്ങൾക്ക് കഴിയുകയില്ലെന്ന് ഇവിടെ ഉറപ്പിച്ചു പറയുന്ന സ്ഥിതിക്ക് മനുഷ്യന് പാലിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു നിബന്ധനയോടുകൂടിയാണ് ഒന്നിലധികം സ്ത്രീകളെ വിവാഹം ചെയ്യാമെന്ന് അവിടെ പ്രസ്താവിച്ചത് എന്ന് വ്യക്തമാണ്. അതായത്, ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുവാൻ പാടില്ലെന്നാണ് ഇസ്‌ലാമിന്റെ സ്ഥിരമായ സിദ്ധാന്തം. ഒഴിച്ചുകൂടാത്ത സന്ദർഭം നേരിട്ടാൽ , കേവലം അസാദ്ധ്യമായ ഒരു നിബന്ധന ചുമത്തികൊണ്ട് ഒരു നാമമാത്ര അനുവാദം നൽകിയിരിക്കുകയാണ് ഈ വിഷയത്തിൽ ഖുർആൻ ചെയ്തിരിക്കുന്നത്. എന്നിങ്ങനെയാണ് ഇവർ സമർത്ഥിക്കുന്നത്. പാവങ്ങൾ! ഇവരുടെ സമർത്ഥനം കണ്ടാൽ തോന്നും , ഖുർആനിലെ ചില നിയമങ്ങൾ സാങ്കൽപികമാണ്– പ്രയോഗത്തിൽ വരുത്തുവാൻ സാധ്യമായതല്ല– എന്ന് معاذ الله വാസ്തവത്തിൽ ഈ സമർത്ഥനം ഒരു ഉപായം – അജ്ഞത– മാത്രമാണെന്ന് ഇതേ വാക്യത്തിന്റെ തൊട്ട വാക്യം കൂടി വായിക്കുന്ന പക്ഷം അനുകരണ ലഹരിയും ആധുനിക ഭ്രമവും പിടിപെടാത്ത ആർക്കും മനസ്സിലാകുന്നതാണ്. 'എന്നാൽ നിങ്ങൾ ഒരു പക്ഷത്തേക്ക് മുഴുവനും അങ്ങ് ചായുകയും , മറ്റേവളെ കെട്ടിയിടപ്പെട്ടപോലെ ആക്കി തീർക്കുകയും ചെയ്യരുത് (فَلَا تَمِيلُوا كُلَّ الْمَيْلِ ...) എന്നാണല്ലോ അല്ലാഹു പിന്നീട് പറഞ്ഞത്. സ്ത്രീകൾക്കിടയിൽ എല്ലാനിലക്കും പരിപൂർണമായി നീതി പാലിക്കുക മനുഷ്യർക്ക് സാധ്യമല്ല. അതുകൊണ്ട് സാധിക്കുന്നത്ര നീതി പാലിക്കണം. ഒരു പക്ഷത്തേക്ക് മുഴുവൻ ചായുകയും, മറ്റേ പക്ഷത്തോട് നീതികേട് കാണിക്കുകയും ചെയ്യരുത് എന്നല്ലാതെ മറ്റെന്താണ് ഇതിനർത്ഥം?!. ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുന്നതിന് മുൻ ആയത്തിൽ ഒരു നിബന്ധനയെന്നോണം നിശ്ചയിച്ച നീതിപാലനവും ഇതേ അർത്ഥത്തിൽ തന്നെയാണെന്നുള്ളത് നീതിപാലിക്കാൻ കഴിയാത്തത് ഏതുതരം കാര്യങ്ങളിലാണെന്നും നാം മുമ്പ് വിവരിച്ചു കഴിഞ്ഞതാണ്.

ശരി, മുകളിൽ വിവരിച്ച പ്രകാരമുള്ള ഒത്തുതീർപ്പുകളൊന്നും സാധ്യമാകാതെ വരുകയും, ഭിന്നിപ്പും അവഗണനയും നിലവിലുണ്ടായിരിക്കുകയും ചെയ്താൽ, അവസാനത്തെ പോംവഴി അവർ തമ്മിലുള്ള വിവാഹബന്ധം അവസാനിപ്പിക്കലാണല്ലോ. നിയമാനുവാദമുണ്ടെങ്കിലും അല്ലാഹുവിങ്കൽ വെറുപ്പായ ഒരു കാര്യമാണിത്. മറ്റു നിവൃത്തികളില്ലെങ്കിൽ അത് ചെയ്തുകൊള്ളാമെന്ന് 130-ാം വചനത്തിൽ അല്ലാഹു സൂചിപ്പിക്കുന്നു. അങ്ങനെ വിവാഹമോചനം നടത്തി ഇരുകൂട്ടരും –ഭർത്താവും ഭാര്യയും– പിരിയേണ്ടി വരുന്ന പക്ഷം, അവൾക്ക് അവന്റെയും അവന് അവളുടെയും ആശ്രയം കൂടാതെ അല്ലാഹു കഴിച്ചുകൂട്ടുമെന്ന് വാഗ്ദാനവും ചെയ്തിരിക്കുന്നു. പരസ്പരം യോജിപ്പിനുള്ളമാർഗങ്ങളൊന്നും സ്വീകരിക്കാതെയും, വിട്ടുവീഴ്ചകൾക്ക് തയ്യാറില്ലാതെയും വാശി പിടിച്ചു തെറ്റിപ്പിരിയുന്ന പക്ഷം, അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള ഈ വാഗ്ദാനം പ്രതീക്ഷിക്കേണ്ടതില്ലെന്നുള്ള ഒരു സൂചനയും അതിൽ അന്തർഭവിച്ചിട്ടുള്ളതായി കാണാം . പലപ്പോഴും അനുഭവത്തിൽ കാണപ്പെടാറുള്ളതുമാണിത്. والله اعلم

وَلِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۗ	﴿131﴾ അല്ലാഹുവിനുള്ളതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും, (എല്ലാം).
وَلَقَدْ وَصَّيْنَا ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلِكُمْ وَإِيَّاكُمْ	നിങ്ങൾക്കു മുമ്പ് (വേദ) ഗ്രന്ഥം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം 'വസ്വിയ്യത്തു ' ചെയ്കയുണ്ടായിട്ടുണ്ട്.
أَنِ ٱتَّقُوا۟ ٱللَّهَ ۚ وَإِن تَكْفُرُوا۟	നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്ന്.
فَإِنَّ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۚ	നിങ്ങൾ അവിശ്വസിക്കുന്നുവെങ്കിലോ, എന്നാൽ (അറിയുക) നിശ്ചയമായും, അല്ലാഹുവിനുള്ളതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം).
وَكَانَ ٱللَّهُ غَنِيًّا حَمِيدًا ﴿١٣١﴾	അല്ലാഹു (പരാശ്രയമില്ലാത്ത) ധന്യനും, സ്തുത്യർഹനുമാകുന്നു.
وَلِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۚ	﴿132﴾ അല്ലാഹുവിനുള്ളതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം).
وَكَفَىٰ بِٱللَّهِ وَكِيلًا ﴿١٣٢﴾	കൈകാര്യം ഏറ്റെടുക്കുന്നതിനായി അല്ലാഹു തന്നെ മതി.!

﴿131﴾ وَلِلَّهِ അല്ലാഹുവിനുള്ളതാണ് مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളതും وَمَا فِي الأَرْضِ ഭൂമിയിലുള്ളതും وَلَقَدْ وَصَّيْنَا തീർച്ചയായും നാം വസ്വിയ്യത്ത് ചെയ്തിട്ടുണ്ട്. الَّذِينَ أُوتُوا നൽകപ്പെട്ടവരോട് الْكِتَابَ (വേദ) ഗ്രന്ഥം مِن قَبْلِكُمْ നിങ്ങളുടെ മുമ്പ് وَإِيَّاكُمْ നിങ്ങളോടും أَنِ اتَّقُوا നിങ്ങൾ സൂക്ഷിക്കണമെന്ന് اللهَ അല്ലാഹുവിനെ وَإِن تَكْفُرُوا നിങ്ങൾ അവിശ്വസിക്കുന്നുവെങ്കിൽ فَإِنَّ لِلَّهِ . എന്നാൽ നിശ്ചയമായും അല്ലാഹുവിനാണ് مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളതും وَمَا فِي الأَرْضِ ഭൂമിയിലുള്ളതും وَكَانَ اللهُ അല്ലാഹു ആകുന്നു غَنِيًّا ധന്യൻ, അനാശ്രയൻ, حَمِيدًا സ്തുത്യർഹൻ, സ്തുതിക്കപ്പെടുന്നവൻ. ﴿132﴾ وَلِلَّهِ അല്ലാഹുവിനാണ് مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളതും وَمَا فِي الأَرْضِ ഭൂമിയിലുള്ളതും وَكَفَىٰ بِاللَّهِ അല്ലാഹു (തന്നെ) മതി وَكِيلًا ഏറ്റെടുക്കുന്നവനായി, ഏൽപ്പിക്കപ്പെടുന്നവൻ.

അല്ലാഹുവിന്റെ എല്ലാ കൽപനാ നിർദ്ദേശങ്ങൾക്കും, ശാസനകൾക്കും പരമാടിസ്ഥാനമായി നിലകൊള്ളുന്ന ഒരു യാഥാർത്ഥ്യം , അഥവാ യാഥാർത്ഥ്യങ്ങളുടെയെല്ലാം മൂല

മായ യാഥാർത്ഥ്യം അഖിലാണ്ഡ വസ്തുക്കളെല്ലാം അല്ലാഹുവിന്റെതാണ് (لِلَّهِ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ) എന്നുള്ളതത്രെ. അതെ, എല്ലാം അവന്റെ സൃഷ്ടി, അവന്റെ ഉടമസ്ഥതയിൽ, അവന്റെ നിയന്ത്രണം, അവന്റെ അവകാശാധികാരം.ഈ യാഥാർത്ഥ്യത്തെക്കുറിച്ചു മനുഷ്യൻ സദാ ബോധവാനായിരിക്കേണ്ടതുകൊണ്ടാണ് ഇക്കാര്യം പലപ്പോഴും അല്ലാഹു ആവർത്തിച്ചാവർത്തിച്ചു ഓർമിപ്പിക്കുന്നത് (والله الحجة البالغة)

إِن يَشَأْ يُذْهِبْكُمْ أَيُّهَا ٱلنَّاسُ وَيَأْتِ بِـَٔاخَرِينَ ۚ

﴾133﴿ അവൻ ഉദ്ദേശിക്കുന്ന പക്ഷം- മനുഷ്യരേ- നിങ്ങളെ അവൻ നീക്കം ചെയ്യുകയും, മറ്റൊരു കൂട്ടരെ കൊണ്ടുവരികയും, ചെയ്യുന്നതാണ്.

وَكَانَ ٱللَّهُ عَلَىٰ ذَٰلِكَ قَدِيرًا ﴿١٣٣﴾

അല്ലാഹു അതിന് കഴിവുള്ളവനു മാകുന്നു.

﴾133﴿ إِنْ يَشَأْ അവൻ ഉദ്ദേശിക്കുന്ന പക്ഷം يُذْهِبْكُمْ നിങ്ങളെ പോക്കിക്കളയും (നീക്കം ചെയ്യും) أَيُّهَا النَّاسُ മനുഷ്യരേ وَيَأْتِ വരുകയും ചെയ്യും بِآخَرِينَ വേറൊരു കൂട്ടരെകൊണ്ടു وَكَانَ اللَّهُ അല്ലാഹു ആകുന്നുതാനും عَلَىٰ ذَٰلِكَ അതിന്, അതിന്റെ മേൽ قَدِيرًا കഴിവുള്ളവൻ

അതെ, അതിൽ ഒട്ടും സംശയിക്കേണ്ട. പക്ഷേ, അതിമഹത്തായ ചില ഉദ്ദേശ്യ ലക്ഷ്യ ങ്ങളെ മുൻനിർത്തി അങ്ങിനെ ചെയ്യാൻ അവൻ ഉദ്ദേശിച്ചിട്ടില്ലാത്തതുകൊണ്ട് അത് സംഭ വിക്കുന്നില്ലെന്ന് മാത്രം. (47: 38; 35: 16 മുതലായ വചനങ്ങളും വ്യാഖ്യാനങ്ങളും നോക്കു ക)

مَّن كَانَ يُرِيدُ ثَوَابَ ٱلدُّنْيَا فَعِندَ ٱللَّهِ ثَوَابُ ٱلدُّنْيَا وَٱلْـَٔاخِرَةِ ۚ وَكَانَ ٱللَّهُ سَمِيعًۢا بَصِيرًا ﴿١٣٤﴾

﴾134﴿ ആരെങ്കിലും ഇഹത്തിലെ പ്രതിഫലത്തെ ഉദ്ദേശിക്കുന്നതായാൽ, അല്ലാഹുവിന്റെ പക്കൽ , ഇഹത്തിലെയും പരത്തിലെയും പ്രതിഫലമുണ്ട് (എന്ന് അവൻ അറിഞ്ഞു കൊള്ളട്ടെ) അല്ലാഹു (എല്ലാം) കേൾക്കുന്നവനും , കാണുന്നവനും ആകുന്നു.

﴾134﴿ مَنْ كَانَ ആരെങ്കിലും ആയാൽ يُرِيدُ ഉദ്ദേശിക്കുന്നു ثَوَابَ الدُّنْيَا ഇഹത്തിലെ പ്രതിഫലം فَعِنْدَ اللَّهِ എന്നാൽ അല്ലാഹുവിന്റെപക്കലുണ്ട് ثَوَابُ الدُّنْيَا ഇഹത്തിലെ പ്രതിഫലം وَالْآخِرَةِ പരത്തിലെയും وَكَانَ اللَّهُ അല്ലാഹു ആകുന്നു سَمِيعًا കേൾക്കുന്നവൻ بَصِيرًا കാണുന്നവൻ

അൽബഖറഃ 200, 201; ശൂറാ : 20 എന്നീ വചനങ്ങളും വ്യാഖ്യാനവും നോക്കുക.

വിഭാഗം - 20

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوا۟ قَوَّٰمِينَ بِٱلْقِسْطِ شُهَدَآءَ لِلَّهِ وَلَوْ عَلَىٰٓ أَنفُسِكُمْ أَوِ ٱلْوَٰلِدَيْنِ وَٱلْأَقْرَبِينَ ۚ إِن يَكُنْ غَنِيًّا أَوْ فَقِيرًا فَٱللَّهُ أَوْلَىٰ بِهِمَا

《135》ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി സാക്ഷികളായ നിലയിൽ, നീതിമുറയെ നിലനിർത്തിപ്പോരുന്നവരായിരിക്കുവിൻ. നിങ്ങളുടെ (സ്വന്തം) ദേഹങ്ങൾക്കോ, അല്ലെങ്കിൽ മാതാപിതാക്കൾക്കും, അടുത്ത കുടുംബങ്ങൾക്കുമോ എതിരായാലും ശരി. അയാൾ ധനികനോ, ദരിദ്രനോ ആയിരുന്നാൽ [രണ്ടായാലും] അല്ലാഹു ആ രണ്ടാളുമായും അധികം ബന്ധപ്പെട്ടവനാകുന്നു.

فَلَا تَتَّبِعُوا۟ ٱلْهَوَىٰٓ أَن تَعْدِلُوا۟ ۚ

അതിനാൽ, നീതിപാലിക്കുന്നതിനു (വിഘാതമായി) നിങ്ങൾ ഇച്ഛയെ പിൻപറ്റരുത്.

وَإِن تَلْوُۥٓا۟ أَوْ تُعْرِضُوا۟ فَإِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ﴿١٣٥﴾

നിങ്ങൾ വളച്ചു തിരിക്കുകയോ, തിരിഞ്ഞുകളയുകയോ ചെയ്യുന്ന പക്ഷം, അപ്പോൾ (നിങ്ങൾ ഓർക്കണം) നിശ്ചയമായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

《135》 يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചവരേ كُونُوا നിങ്ങളായിരിക്കുവിൻ قَوَّامِينَ ശരിക്കും നിലകൊള്ളുന്നവർ, നിലനിർത്തിപ്പോരുന്നവർ بِالْقِسْطِ നീതിമുറയനുസരിച്ച്, നീതിമുറയെ شُهَدَاءَ സാക്ഷികളായികൊണ്ട് لِلَّهِ അല്ലാഹുവിനു വേണ്ടി وَلَوْ عَلَىٰ أَنفُسِكُمْ നിങ്ങളുടെ ദേഹങ്ങളുടെ (സ്വന്തങ്ങളുടെ) മേൽ (എതിരിൽ) ആയിരുന്നാലും أَوِ الْوَالِدَيْنِ അല്ലെങ്കിൽ മാതാപിതാക്കളുടെ وَالْأَقْرَبِينَ ഏറ്റം അടുത്തവരുടെ (അടുത്ത കുടുംബങ്ങളുടെ) യും إِن يَكُنْ അവൻ (അയാൾ) ആയിരുന്നാൽ غَنِيًّا ധനികൻ أَوْ فَقِيرًا അല്ലെങ്കിൽ ദരിദ്രൻ فَاللَّهُ എന്നാൽ (അപ്പോൾ) അല്ലാഹു أَوْلَىٰ ഏറ്റവും ബന്ധപ്പെട്ടവനാണ് بِهِمَا അവർ രണ്ടാളുമായും, രണ്ടാളെകുറിച്ചും فَلَا تَتَّبِعُوا അതിനാൽ നിങ്ങൾ പിൻപറ്റരുത് الْهَوَىٰ ഇച്ഛയെ أَن تَعْدِلُوا നിങ്ങൾ നീതിപാലിക്കുന്നതിനു (വിഘാതമായി), നീതി പാലിക്കുന്നതു വിട്ട് وَإِن تَلْوُوا നിങ്ങൾ വളച്ചു (തിരിച്ചു) കളയുന്ന പക്ഷം أَوْ تُعْرِضُوا അല്ലെങ്കിൽ നിങ്ങൾ തിരിഞ്ഞു കളയുക (അവഗണിക്കുക) യോ فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തി

ക്കുന്നതിനെപ്പറ്റി خَبِيرًا സൂക്ഷ്മജ്ഞാനി.

വർത്തമാനങ്ങൾ, സാക്ഷ്യങ്ങൾ, തീരുമാനങ്ങൾ, ഇടപാടുകൾ മുതലായ എല്ലാ വിഷയങ്ങളിലും നീതിമുറ തെറ്റാതെ അത് നിലനിർത്തി പോരണം. സ്വന്തം ദേഹത്തിനോ, മാതാപിതാക്കൾക്കോ, കുടുംബങ്ങൾക്കോ ആർക്കുംതന്നെ ദോഷമായിരുന്നാലും സത്യവും കൃത്യവും പാലിക്കണം. അതിൽ ധനികനെന്നോ , ദരിദ്രനെന്നോ വ്യത്യാസം ഉണ്ടായിക്കൂടാ.ധനികനായതുകൊണ്ട് അവന് ദോഷം വരുത്താം-അല്ലെങ്കിൽ അവനെ ഭയപ്പെടേണ്ടതാണ്-എന്നും, ദരിദ്രനായതുകൊണ്ട് അവന് ഗുണം വരുത്തേണ്ടതാണ്-അല്ലെങ്കിൽ അവനെപ്പറ്റി ഗൗനിക്കേണ്ടതില്ല-എന്നു കരുതി നീതികേട് ചെയ്വാൻ പാടില്ല; എന്നൊക്കെയാണ് അല്ലാഹു ഈ വചനം മുഖേന കൽപ്പിക്കുന്നത്. സാക്ഷ്യം വഹിക്കുന്നതിലോ മറ്റോ സത്യത്തെ മറിച്ചു തിരിച്ചു അവതരിപ്പിക്കുകയോ, സത്യം തുറന്നു പറയാതെ ഒഴിഞ്ഞു മാറുകയോ ചെയ്താൽ അല്ലാഹു അതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നതാണ്- അതിനെപ്പറ്റി തക്ക നടപടി എടുക്കുക തന്നെ ചെയ്യും- എന്ന് താക്കീതും നൽകുന്നു.

ഖൈബർ യുദ്ധത്തെത്തുടർന്നു യഹൂദികളിൽ നിന്ന് ലഭിച്ചിരുന്ന വസ്തുവകകളുടെ ആദായം പിരിച്ചെടുക്കുവാൻ നബി ﷺ അബ്ദുല്ലാഹിബ്നു റവാഹത്ത് (റ) നെ അയച്ചിരുന്നപ്പോൾ , തങ്ങൾ നൽകേണ്ടിയിരുന്ന തുകയിൽ ഇളവ് നൽകുവാൻ വേണ്ടി അവർ അദ്ദേഹത്തിന് കൈക്കൂലി കൊടുക്കുവാൻ ശ്രമിക്കുകയുണ്ടായി . അപ്പോൾ ആ മഹാൻ ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'അല്ലാഹു തന്നെയാണ, സൃഷ്ടികളിൽ വെച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട ആളുടെ - നബിﷺയുടെ- അടുക്കൽ നിന്നാണ് ഞാൻ നിങ്ങളിലേക്ക് വന്നിരിക്കുന്നത്. നിങ്ങളാകട്ടെ , എന്റെ അടുക്കൽ കുരങ്ങുകളെയും പന്നികളെയുംകാൾ അധികം വെറുക്കപ്പെട്ടവരുമാകുന്നു: എന്നാലും അദ്ദേഹത്തോടുള്ള സ്നേഹവും, നിങ്ങളോടുള്ള വെറുപ്പും നിങ്ങളിൽ നീതി പാലിക്കാതിരിക്കുവാൻ എന്നെ പ്രേരിപ്പിക്കുകയില്ല '. ഇതുകേട്ടപ്പോൾ അവർ പറഞ്ഞു: 'ഇത് (നീതി) കൊണ്ടുതന്നെയാണ് ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്നതും '. ഒരു ഹദീഥിൽ നബിﷺ പറയുന്നു: 'ആവശ്യത്തിനുമുമ്പ് തന്നെ സാക്ഷ്യം നിറവേറ്റുന്നവനാണ് സാക്ഷികളിൽ വെച്ച് ഉത്തമൻ'. (മു.) ഏറ്റെടുത്ത സാക്ഷ്യം നിർവഹിക്കുവാൻ മടികൂടാതെ മുന്നോട്ടു വരുന്നവനെ ഉദ്ദേശിച്ചാണ് നബിﷺ പറയുന്നത്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ ءَامِنُوا۟ بِٱللَّهِ وَرَسُولِهِۦ وَٱلْكِتَـٰبِ ٱلَّذِى نَزَّلَ عَلَىٰ رَسُولِهِۦ وَٱلْكِتَـٰبِ ٱلَّذِىٓ أَنزَلَ مِن قَبْلُ

﴿136﴾ ഹേ, വിശ്വസിച്ചവരേ , നിങ്ങൾ അല്ലാഹുവിലും , അവന്റെ റസൂലിലും വിശ്വസിക്കുവിൻ; അവൻ തന്റെ റസൂലിന്റെ മേൽ അവതരിപ്പിച്ച ഗ്രന്ഥത്തിലും , അവൻ മുമ്പ് ഇറക്കിയിട്ടുള്ള ഗ്രന്ഥത്തിലും (വിശ്വസിക്കുവിൻ)

وَمَن يَكْفُرْ بِٱللَّهِ وَمَلَـٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ وَٱلْيَوْمِ ٱلْـَٔاخِرِ

ആർ, അല്ലാഹുവിലും, അവന്റെ മലക്കുകളിലും ,അവന്റെ (വേദ) ഗ്രന്ഥങ്ങളിലും, അവന്റെ റസൂലുകളിലും , അന്ത്യ ദിനത്തിലും അവിശ്വ

فَقَدْ ضَلَّ ضَلَـٰلًۢا بَعِيدًا ﴿١٣٦﴾

സിക്കുന്നുവോ, അവൻ , തീർച്ചയായും വിദൂരമായ വഴിപ്പിഴവ് പിഴച്ചു പോയി!

﴾136﴿ يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ آمِنُوا നിങ്ങൾ വിശ്വസിക്കുവിൻ بِاللَّهِ അല്ലാഹുവിൽ وَرَسُولِهِ അവന്റെ റസൂലിലും وَالْكِتَابِ ഗ്രന്ഥത്തിലും الَّذِي نَزَّلَ അവൻ അവതരിപ്പിച്ച عَلَىٰ رَسُولِهِ അവന്റെ റസൂലിന്റെ മേൽ وَالْكِتَابِ الَّذِي യാതൊരു ഗ്രന്ഥത്തിലും أَنْزَلَ അവൻ ഇറക്കിയ مِنْ قَبْلُ മുമ്പ് وَمَنْ يَكْفُرْ ആർ അവിശ്വസിക്കുന്നുവോ, ആരെങ്കിലും അവിശ്വസിക്കുന്നപക്ഷം بِاللَّهِ അല്ലാഹുവിൽ وَمَلَائِكَتِهِ അവന്റെ മലക്കുകളിലും وَكُتُبِهِ അവന്റെ ഗ്രന്ഥങ്ങളിലും وَرُسُلِهِ അവന്റെ റസൂലുകളിലും وَالْيَوْمِ الْآخِرِ അന്ത്യ ദിനത്തിലും فَقَدْ ضَلَّ എന്നാൽ തീർച്ചയായും അവൻ പിഴച്ചു ضَلَالًا ഒരു വഴിപ്പിഴവ് بَعِيدًا വിദൂരമായ

ഇസ്‌ലാമിലെ വിശ്വാസ സിദ്ധാന്തങ്ങളിൽ മൗലിക പ്രധാനമായ വിഷയങ്ങളും, മത സിദ്ധാന്തങ്ങളുടെയെല്ലാം കേന്ദ്ര പ്രധാനമായ വശങ്ങളും ഉൾക്കൊള്ളുന്ന ഒരു വചനമാണിത്. ഈ വചനത്തിൽ പ്രസ്താവിച്ച എല്ലാ കാര്യങ്ങളിലും പൂർണമായി വിശ്വസിക്കാത്ത ഒരാളും സത്യവിശ്വാസിയാകുകയില്ല തന്നെ. എന്നിരിക്കെ, സത്യവിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് അല്ലാഹുവിലും ക്വുർആനിലും മുൻവേദ ഗ്രന്ഥങ്ങളിലും വിശ്വസിക്കണമെന്ന് പറയുന്നതിന്റെ താൽപര്യം, ആ വിശ്വാസം കൈവിടാതെ , അതിനെ സുദൃഢമാക്കിത്തീർക്കുകയും, ആ അടിസ്ഥാനത്തിൽ ജീവിച്ചു പോരുകയും വേണമെന്നാകുന്നു. അവന്റെ റസൂൽ എന്ന് പറഞ്ഞത് നബിﷺയെ ഉദ്ദേശിച്ചും, അദ്ദേഹത്തിന്റെ മേൽ അവതരിപ്പിച്ചത് എന്ന് പറഞ്ഞത് ക്വുർആനെ ഉദ്ദേശിച്ചുമാണ്. തൗറാത്തും ഇൻജീലും അടക്കമുള്ള എല്ലാ വേദ ഗ്രന്ഥങ്ങളും 'മുമ്പ് ഇറക്കിയതി 'ലും ഉൾപ്പെടുന്നു.

إِنَّ ٱلَّذِينَ ءَامَنُوا۟ ثُمَّ كَفَرُوا۟ ثُمَّ ءَامَنُوا۟ ثُمَّ كَفَرُوا۟ ثُمَّ ٱزْدَادُوا۟ كُفْرًا لَّمْ يَكُنِ ٱللَّهُ لِيَغْفِرَ لَهُمْ وَلَا لِيَهْدِيَهُمْ سَبِيلًۢا ﴿١٣٧﴾

﴾137﴿ **നിശ്ചയമായും, വിശ്വസിക്കുകയും, പിന്നെ അവിശ്വസിക്കുകയും, പിന്നെയും വിശ്വസിക്കുകയും, പിന്നീട് അവിശ്വസിക്കുകയും , പിന്നെ അവിശ്വാസം വർദ്ധിക്കുകയും ചെയ്തിട്ടുള്ളവർ, അവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുകയേ ഇല്ല. അവരെ (അവൻ) നേരായ വഴിയിൽ ചേർക്കുകയാവട്ടെ (ചെയ്ക) ഇല്ല.**

﴾137﴿ إِنَّ الَّذِينَ നിശ്ചയമായും യാതൊരു കൂട്ടർ آمَنُوا അവർ വിശ്വസിച്ചു, വിശ്വസിച്ച ثُمَّ كَفَرُوا പിന്നെ അവർ അവിശ്വസിച്ചു ثُمَّ آمَنُوا പിന്നീട് വിശ്വസിച്ചു ثُمَّ كَفَرُوا പിന്നെ (യും) അവിശ്വസിച്ചു ثُمَّ ازْدَادُوا പിന്നെ അവർ വർദ്ധിച്ചു, ഏറി كُفْرًا അവിശ്വാ

സം (അവിശ്വാസത്തിൽ) لَمۡ يَكُنِ ٱللَّهُ അല്ലാഹു ഇല്ല, ആകുകയില്ല لِيَغۡفِرَ പൊറുക്കുവാൻ (പൊറുക്കുകയേ ഇല്ല) لَهُمۡ അവർക്ക് وَلَا لِيَهۡدِيَهُمۡ അവരെ ചേർക്കുവാനും (നയിക്കുവാനും- കാണിച്ചു കൊടുക്കുവാനും) ഇല്ല سَبِيلًا വഴി, മാർഗം.

بَشِّرِ ٱلۡمُنَٰفِقِينَ بِأَنَّ لَهُمۡ عَذَابًا أَلِيمًا ﴿١٣٨﴾

﴿138﴾ കപട വിശ്വാസികളെ അവർക്ക് വേദനയേറിയ ശിക്ഷയുണ്ടെന്ന് നീ സന്തോഷവാർത്ത അറിയിച്ചു കൊള്ളുക.

ٱلَّذِينَ يَتَّخِذُونَ ٱلۡكَٰفِرِينَ أَوۡلِيَآءَ مِن دُونِ ٱلۡمُؤۡمِنِينَۚ أَيَبۡتَغُونَ عِندَهُمُ ٱلۡعِزَّةَ فَإِنَّ ٱلۡعِزَّةَ لِلَّهِ جَمِيعًا ﴿١٣٩﴾

﴿139﴾ അതായത് , സത്യവിശ്വാസികളെ കൂടാതെ അവിശ്വാസികളെ മിത്രങ്ങ(ളാക്കി സ്വീകരി)ക്കുന്നവരെ.

അവർ അവരുടെ [അവിശ്വാസികളുടെ] അടുക്കൽ പ്രതാപം തേടുകയാണോ?! എന്നാൽ നിശ്ചയമായും പ്രതാപം മുഴുവനും (ഉള്ളത്) അല്ലാഹുവിനാകുന്നു. [ഇതവർ ഓർത്തിരിക്കട്ടെ]

﴿138﴾ بَشِّرِ നീ സന്തോഷവാർത്ത അറിയിക്കുക ٱلۡمُنَٰفِقِينَ കപടവിശ്വാസികൾക്ക് بِأَنَّ لَهُمۡ അവർക്കുണ്ടെന്ന് عَذَابًا ശിക്ഷ أَلِيمًا വേദനയേറിയ. ﴿139﴾ ٱلَّذِينَ (അതായത്) യാതൊരു കൂട്ടർ يَتَّخِذُونَ ആക്കുന്ന, അവർ സ്വീകരിക്കും ٱلۡكَٰفِرِينَ അവിശ്വാസികളെ أَوۡلِيَآءَ മിത്രങ്ങൾ, ബന്ധുക്കൾ, കാര്യകർത്താക്കൾ مِن دُونِ കൂടാതെ, അല്ലാതെ ٱلۡمُؤۡمِنِينَ സത്യവിശ്വാസികളെ أَيَبۡتَغُونَ അവർ തേടുകയോ, അന്വേഷിക്കുകയാണോ عِندَهُمُ അവരുടെ അടുക്കൽ ٱلۡعِزَّةَ പ്രതാപം, വീര്യം فَإِنَّ ٱلۡعِزَّةَ എന്നാൽ നിശ്ചയമായും പ്രതാപം لِلَّهِ അല്ലാഹുവിനാണ് جَمِيعًا മുഴുവനും

അവസരവാദികളും , സമയത്തിനൊത്ത് നിറം മാറുന്നവരുമായ കപടവിശ്വാസികളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. സത്യം ഗ്രഹിച്ചു ഹൃദയത്തിൽ വിശ്വാസം വന്നതുകൊണ്ടല്ല അവിശ്വാസികളായി ചമയുന്നത്. താൽക്കാലികമായ വല്ല കാര്യലാഭത്തെയും മുൻനിർത്തി നാവുകൊണ്ട് സത്യവിശ്വാസം രേഖപ്പെടുത്തി മുസ്ലിമാകും. മറിച്ചൊരവസരം വരുമ്പോൾ പഴയ അവിശ്വാസത്തിലേക്ക് തന്നെ മടങ്ങും. അവസരം മാറുമ്പോൾ വീണ്ടും ഇതാവർത്തിക്കുകയും ചെയ്യും. ഇതാണവരുടെ പതിവ്. ഇങ്ങനെയുള്ളവർ അതിൽനിന്ന് ഖേദിച്ചു മടങ്ങുകയും , നിഷ്കളങ്കവും യഥാർത്ഥവുമായ വിശ്വാസം സ്വീകരിക്കുകയും ചെയ്യാത്ത കാലത്തോളം ഒരിക്കലും അവർക്ക് പൊറുത്തു കൊടുക്കുകയോ, അവരെ സൻമാർഗത്തിലാക്കുകയോ ചെയ്യുകയില്ല എന്ന് അല്ലാഹു ഉറപ്പിച്ചു പറയുന്നു.അവിശ്വാസത്തിലേക്കുള്ള മടക്കം ചിലപ്പോൾ പരസ്യമായിത്തന്നെ അവർ പ്രകടിപ്പിച്ചെന്നു വരാം. ചിലപ്പോൾ അത് പ്രവർത്തനങ്ങളിലൂടെ മാത്രമായിരിക്കും. രണ്ടാ

യാലും അവരുടെ കൂട്ടുകെട്ടും ആഭിമുഖ്യവും അവിശ്വാസികളോടായിരിക്കും. അവരുടെ ദൃഷ്ടിയിൽ അവിടെയായിരിക്കും തൽക്കാലം ബാഹ്യമായ പ്രതാപവും സ്വാധീനവും അവർ കാണുന്നത്.അതാണവരുടെ ഈ അസ്ഥിരതക്കു കാരണം. എന്നാൽ -പ്രതാപ മാണവരുടെ ആവശ്യമെങ്കിൽ - അത് തേടിപ്പോകേണ്ടത് അവിശ്വാസികളുടെ അടുക്ക ലേക്കല്ല. അല്ലാഹുവിന്റെ അടുക്കലേക്കാണ്. അഥവാ അവർ യഥാർത്ഥ വിശ്വാസികളാ യിത്തീരുകയാണ് അതിനുള്ള മാർഗം എന്ന് അല്ലാഹു അവരെ ഉണർത്തുന്നു. 'അവർക്ക് ശിക്ഷയെ കുറിച്ചു സന്തോഷവാർത്ത അറിയിക്കുക ' എന്ന വാക്ക് പരിഹാസ രൂപത്തി ലുള്ള ഒരു പ്രയോഗമത്രെ. അഥവാ അവരോട് വല്ല സന്തോഷവാർത്തയും അറിയി ക്കുവാനുണ്ടെങ്കിൽ അത് ശിക്ഷയെ കുറിച്ചു മാത്രമാണെന്ന അർത്ഥത്തിൽ ശക്തിയായ ഒരു താക്കീതാണത്.

وَقَدْ نَزَّلَ عَلَيْكُمْ فِى ٱلْكِتَـٰبِ أَنْ إِذَا سَمِعْتُمْ ءَايَـٰتِ ٱللَّهِ يُكْفَرُ بِهَا وَيُسْتَهْزَأُ بِهَا فَلَا تَقْعُدُوا۟ مَعَهُمْ حَتَّىٰ يَخُوضُوا۟ فِى حَدِيثٍ غَيْرِهِۦٓ ۚ

《140》 (വേദ) ഗ്രന്ഥത്തിൽ അവൻ നിങ്ങളുടെ മേൽ ഇറക്കിയിട്ടുണ്ടല്ലോ, അല്ലാഹുവിന്റെ 'ആയത്തു' [വചനം] കളെ അതിൽ അവിശ്വസിക്കപ്പെടുന്ന തായും, അതിനെപ്പറ്റി പരിഹാസം കൊള്ളുന്നതായും നിങ്ങൾ കേട്ടാൽ, അവരുടെ കൂടെ നിങ്ങൾ ഇരിക്കരു തെന്ന്, അവർ അതല്ലാത്ത (വേറെ) ഒരു വർത്തമാനത്തിൽ ഏർപ്പെടു ന്നതു വരേക്കും.

إِنَّكُمْ إِذًا مِّثْلُهُمْ ۗ إِنَّ ٱللَّهَ جَامِعُ ٱلْمُنَـٰفِقِينَ وَٱلْكَـٰفِرِينَ فِى جَهَنَّمَ جَمِيعًا ﴿١٤٠﴾

അപ്പോൾ [അങ്ങിനെ ചെയ്താൽ] നിശ്ചയമായും , നിങ്ങൾ അവരെ പ്പോലെ (ത്തന്നെ) യായിരിക്കും. നിശ്ചയമായും അല്ലാഹു കപടവിശ്വാ സികളെയും, അവിശ്വാസികളെയും മുഴുവൻ ജഹന്നമിൽ [നരകത്തിൽ] ഒരുമിച്ചു കൂട്ടുന്നവനാകുന്നു.

《140》 وَقَدْنَزَّلَ അവൻ ഇറക്കിയിട്ടുമുണ്ട്, ഇറക്കിയിട്ടുണ്ടല്ലോ عَلَيْكُمْ നിങ്ങ ളുടെമേൽ, നിങ്ങൾക്ക് فِيالْكِتَابِ (വേദ) ഗ്രന്ഥത്തിൽ أَنْ അതായത്, എന്ന് إِذَاسَمِعْتُمْ നിങ്ങൾ കേട്ടാൽ آيَاتِاللَّهِ അല്ലാഹുവിന്റെ ആയത്തുകളെ يُكْفَرُبِهَا അതിൽ (അ വയിൽ) അവിശ്വസിക്കപ്പെടുന്നതായി وَيُسْتَهْزَأُبِهَا അതിനെപ്പറ്റി പരിഹാസം കൊള്ളുന്ന തായും, അത് പരിഹസിക്കപ്പെടുന്നതായും فَلَاتَقْعُدُوا എന്നാൽ നിങ്ങൾ ഇരിക്കരുത് (എന്ന്) مَعَهُمْ അവരോടുകൂടെ حَتَّىٰيَخُوضُوا അവർ ഏർപ്പെടുന്നത് (പ്രവേശിക്കും) വരെ فِيحَدِيثٍ ഒരു വർത്തമാനത്തിൽ غَيْرِهِ അതല്ലാത്ത (വേറെ) إِنَّكُمْ നിശ്ചയമായും إِذًا അപ്പോൾ (എന്നാൽ) നിങ്ങൾ مِثْلُهُمْ അവരെപ്പോലെയാണ് إِنَّاللَّهَ നിശ്ചയമായും അല്ലാഹു جَامِعُ ഒരുമിച്ചുകൂട്ടുന്നവനാണ് الْمُنَافِقِينَ കപടവിശ്വാസികളെ وَالْكَافِرِينَ അവിശ്വാ സികളെയും فِيجَهَنَّمَ ജഹന്നമിൽ جَمِيعًا മുഴുവനും, എല്ലാവരെയും.

കപടവിശ്വാസികളുടെ മിത്രങ്ങളും ബന്ധുക്കളും അവിശ്വാസികളാണെന്ന് പറഞ്ഞു വല്ലോ. അവിശ്വാസികളാവട്ടെ, അല്ലാഹുവിന്റെ വചനങ്ങളും ലക്ഷ്യങ്ങളുമാകുന്ന ആയത്തുകളെ നിഷേധിക്കലും , പരിഹസിക്കലും, വിമർശിക്കലും അവരുടെ പതിവാണുതാനും. അങ്ങിനെ വല്ലവരും ചെയ്യുന്നത് കണ്ടാൽ, അവർ ആ വിഷയം മാറ്റി മറ്റു വിഷയങ്ങളിൽ പ്രവേശിക്കുന്നതുവരെ അവരൊന്നിച്ചു സത്യവിശ്വാസികൾ ഇരിക്കുകയും , അവരുടെ കൂട്ടത്തിൽ സഹകരിക്കുകയും ചെയ്യരുതെന്ന് മുമ്പ് തന്നെ അല്ലാഹു ക്വുർആനിൽ--അതേ , മക്കീസൂറഃയായ അൻആം 68 ൽ- വിരോധിച്ചിട്ടുള്ളതാണ്.എന്നിട്ട് പിന്നെയും തങ്ങൾ സത്യവിശ്വാസികളാണെന്ന് വാദിക്കുന്ന അവർ അതോടൊപ്പം അവരൊന്നിച്ചു പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്തു വരുന്നതിനെക്കുറിച്ചുള്ള ആക്ഷേപമാണിത്. ഇതിന്റെ അർത്ഥം അവർ രണ്ടു കൂട്ടരും ഒരേ നിലപാടുകാരാണ് എന്നാണല്ലോ. അതുകൊണ്ട് ഇതുപോലെയുള്ള വിഷയങ്ങളിൽ രണ്ടു കൂട്ടരും ഒന്നിച്ചു പങ്കെടുക്കുന്നത്പോലെത്തന്നെ, പരലോകത്ത് നരകത്തിലും അവർ ഇരുകൂട്ടരും ഒന്നിച്ചു ശിക്ഷിക്കപ്പെടുമെന്ന് അല്ലാഹു അവരെ താക്കീത് ചെയ്യുന്നു.

മക്കീസൂറത്തുകളിൽപ്പെട്ടതാണ് അൻആം. ഈ സൂറത്ത് മദനിയാണ്. അപ്പോൾ, നേരത്തെത്തന്നെ സത്യവിശ്വാസികളെ മുടക്കിയിട്ടുള്ള വിഷയമാണിത് എന്ന് വ്യക്തമാണ്. അവിടെ അല്ലാഹു പറഞ്ഞതിന്റെ സാരം ഇതാകുന്നു: 'നമ്മുടെ ആയത്തുകളിൽ മുഴുകി കുഴപ്പമുണ്ടാക്കുന്നവരെ കണ്ടാൽ, അവർ മറ്റൊരു വിഷയത്തിൽ മുഴുകുന്നതുവരെ അവരിൽ നിന്ന് വിട്ടുനിൽക്കണം. മറന്നുകൊണ്ട് അങ്ങിനെ വന്നുപോയാൽ, ഓർമ വന്ന ശേഷം പിന്നെ ഇരിക്കരുത്, സത്യവിശ്വാസികൾ വളരെ മനസ്സിരുത്തേണ്ട ഒരു തത്വമാണ് ഈ വചനത്തിൽ അടങ്ങിയിരിക്കുന്നത്.മതപ്രമാണങ്ങളും മതസിദ്ധാന്തങ്ങളും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് പുതിയ തത്വ സിദ്ധാന്തങ്ങൾ അവതരിപ്പിക്കപ്പെടുകയോ, മത മൂല്യങ്ങളും നിയമങ്ങളും പരിഹാസ്യവും പഴഞ്ചനുമായി ചിത്രീകരിക്കപ്പെടുകയോ ചെയ്യുന്ന സദസ്സുകളിൽ പങ്കെടുക്കുന്നതും , അത്തരം പ്രഭാഷണങ്ങൾ കേൾക്കുന്നതും, അത്തരം ഗ്രന്ഥങ്ങളും സാഹിത്യങ്ങളും വായിച്ചുകൊണ്ടിരിക്കുന്നതുമെല്ലാം— ഈ വചനത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചാൽ -തീർച്ചയായും വർജ്ജിക്കപ്പെടേണ്ടതാണെന്ന് കാണാം. മതത്തിൽ വേണ്ടത്ര അറിവും അടിയുറപ്പും സിദ്ധിച്ചിട്ടില്ലാത്തവർ സത്യത്തിൽ നിന്ന് അകന്നു വഴി പിഴച്ചു പോകുകയായിരിക്കും അതിന്റെ ഫലം.വസ്തുനിഷ്ഠമായും കാര്യക്ഷമമായും വിഷയങ്ങളെപ്പറ്റി ചിന്തിച്ചറിയുവാൻ അവർക്ക് കഴിയുകയില്ലല്ലോ. ചുരുങ്ങിയപക്ഷം , അത്തരം മതദ്രോഹികൾക്ക് പ്രോത്സാഹനം നൽകലും, അവരുടെ സംരംഭങ്ങളിൽ അവരെ സഹായിക്കലുമായിരിക്കും അത്. അവരിൽ നിന്ന് അകന്നു നിൽക്കുന്നത് തന്നെ അവരോടുള്ള പ്രതിഷേധവുമായിരിക്കും. നിങ്ങൾ അവരോട് കൂടെ ഇരുന്നാൽ നിങ്ങളും അവരെപ്പോലെത്തന്നെയാണ് എന്ന് അല്ലാഹു പറഞ്ഞ വാക്കിന്റെ ഗൗരവം ഒന്നാലോചിച്ചു നോക്കുക!

അതേസമയത്ത് ഇസ്‌ലാമിന്റെ പ്രമാണങ്ങളെയും സിദ്ധാന്തങ്ങളെയും സംബന്ധിച്ചു അറിവും പരിചയവുമുള്ള വ്യക്തികൾ അവ കഴിവതും വീക്ഷിച്ചും മനസ്സിരുത്തിയും വരേണ്ടതും , അതിനെതിരിൽ സത്യാവസ്ഥ തുറന്നു കാണിക്കുവാൻ ശ്രമിക്കേണ്ടതുമാണ് താനും. 'എല്ലാവരും പറയുന്നത് കേൾക്കണം, എന്നിട്ട് അതിൽ നിന്ന് സത്യം തിരഞ്ഞെടുക്കണം, അതാണ് വിവേകം '. എന്നൊക്കെപറഞ്ഞു എല്ലാ മതദ്രോഹികളുടെയും പിഴച്ച കക്ഷികളുടെയും പ്രസംഗങ്ങളും പ്രസ്താവനകളും കേൾക്കുവാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ശരിയല്ല. ഈ വാക്കുകൾ പ്രത്യക്ഷത്തിൽ ആകർഷകമായി തോന്നുമെങ്കിലും മുൻകൂട്ടി സത്യാവസ്ഥ മനസ്സിലാക്കിയിട്ടില്ലാത്ത സാധാരണക്കാരിൽ

അത് ഗുണത്തെക്കാളേറെ ദോഷമായിരിക്കും വരുത്തുക. (ഇതു സംബന്ധിച്ചു അൻആം 68-70 ൽ വെച്ച് വീണ്ടും നമുക്കു സംസാരിക്കാം إن شاء الله) അല്ലാഹു തുടരുന്നു:-

ٱلَّذِينَ يَتَرَبَّصُونَ بِكُمْ فَإِن كَانَ لَكُمْ فَتْحٌ مِّنَ ٱللَّهِ قَالُوٓا۟ أَلَمْ نَكُن مَّعَكُمْ

﴾141﴿ നിങ്ങളെപ്പറ്റി കാത്തുകൊണ്ടിരിക്കുന്നവരത്രെ (ആ കപടൻമാർ), എന്നാൽ, അല്ലാഹുവിങ്കൽ നിന്ന് നിങ്ങൾക്ക് വല്ല തുറവിയും [വിജയവും] ഉണ്ടായെങ്കിൽ അവർ പറയും; 'ഞങ്ങൾ നിങ്ങളുടെ കൂടെയായിരുന്നില്ലേ!'

وَإِن كَانَ لِلْكَٰفِرِينَ نَصِيبٌ قَالُوٓا۟ أَلَمْ نَسْتَحْوِذْ عَلَيْكُمْ وَنَمْنَعْكُم مِّنَ ٱلْمُؤْمِنِينَ ۚ

അവിശ്വാസികൾക്ക് വല്ല പങ്കും ഉണ്ടായെങ്കിലാകട്ടെ, അവർ പറയും: 'ഞങ്ങൾ നിങ്ങളുടെ മേൽ സ്വാധീനം നേടുകയും , (അതോടുകൂടി) വിശ്വാസികളിൽ നിന്ന് നിങ്ങളെ ഞങ്ങൾ രക്ഷപ്പെടുത്തുകയും ചെയ്തില്ലേ !' എന്നാൽ,

فَٱللَّهُ يَحْكُمُ بَيْنَكُمْ يَوْمَ ٱلْقِيَٰمَةِ ۗ وَلَن يَجْعَلَ ٱللَّهُ لِلْكَٰفِرِينَ عَلَى ٱلْمُؤْمِنِينَ سَبِيلًا ﴿١٤١﴾

(ഹേ, കൂട്ടരേ,) ക്വിയാമത്തുനാളിൽ അല്ലാഹു നിങ്ങൾക്കിടയിൽ വിധിക്കുന്നതാണ്. അവിശ്വാസികൾക്ക് സത്യവിശ്വാസികളുടെ മേൽ ഒരു മാർഗവും അല്ലാഹു ഉണ്ടാക്കിക്കൊടുക്കുന്നതേയല്ല.

﴾141﴿ ٱلَّذِينَ യാതൊരുകൂട്ടരാണ് يَتَرَبَّصُونَ അവർ കാത്തിരിക്കുന്നു, പ്രതീക്ഷിക്കുന്നു بِكُمْ നിങ്ങളെപ്പറ്റി, നിങ്ങളിൽ فَإِن كَانَ എന്നാൽ (എന്നിട്ട്) ഉണ്ടായാൽ لَكُمْ നിങ്ങൾക്ക് فَتْحٌ ഒരു തുറവി, വല്ല വിജയവും مِنَ ٱللَّهِ അല്ലാഹുവിൽ നിന്ന് قَالُوا അവർ പറയും, പറയുകയായി أَلَمْ نَكُن ഞങ്ങൾ ആയിരുന്നില്ലേ , ഉണ്ടായിരുന്നില്ലേ مَعَكُمْ നിങ്ങളുടെ കൂടെ وَإِن كَانَ ഉണ്ടായാലാകട്ടെ لِلْكَافِرِينَ അവിശ്വാസികൾക്ക് نَصِيبٌ ഒരംശം, വല്ല പങ്കും, ഓഹരി قَالُوا അവർ പറയും أَلَمْ نَسْتَحْوِذْ ഞങ്ങൾ സ്വാധീനം നേടിയില്ലേ, അധികാരം (ശക്തി) പ്രാപിച്ചില്ലേ عَلَيْكُمْ നിങ്ങളുടെ മേൽ (എതിരെ) وَنَمْنَعْكُم നിങ്ങളെ ഞങ്ങൾ തടയുക(രക്ഷിക്കുക)യും ചെയ്തില്ലേ مِنَ الْمُؤْمِنِينَ വിശ്വാസികളിൽ നിന്ന് فَاللَّهُ എന്നാൽ അല്ലാഹു يَحْكُمُ വിധിക്കും بَيْنَكُمْ നിങ്ങൾക്കിടയിൽ يَوْمَ الْقِيَامَةِ ക്വിയാമത്ത് നാളിൽ وَلَن يَجْعَلَ ആക്കുക (ഉണ്ടാക്കുക) യേ ഇല്ല اللَّهُ അല്ലാഹു لِلْكَافِرِينَ അവിശ്വാസികൾക്ക് عَلَى الْمُؤْمِنِينَ വിശ്വാ

സികളുടെ മേൽ (എതിരെ) سَبِيلا ഒരു മാർഗം, ഒരു വഴിയും.

കപടവിശ്വാസികളുടെ വേറൊരു സ്വഭാവമാണ് അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. സത്യവിശ്വാസികൾക്ക് എന്തൊക്കെ ആപത്ത് സംഭവിക്കാൻ പോകുന്നുവെന്നായിരിക്കും അവരുടെ കാത്തിരിപ്പ്. അതേസമയം സത്യവിശ്വാസികൾക്ക് വല്ല വിജയമോ നേട്ടമോ കൈവരുമ്പോൾ, നമ്മളൊക്കെ ഒന്നല്ലേ, ഞങ്ങളും മുസ്‌ലിംകളാണല്ലോ, ഞങ്ങൾക്കും അതിൽ അവകാശവും പങ്കും ഉണ്ടല്ലോ എന്നിങ്ങനെ സമർത്ഥിച്ചുകൊണ്ട് അതിൽ ഭാഗഭാക്കാകുവാൻ ശ്രമിക്കുകയും ചെയ്യും. നേരെ മറിച്ച്– ഉഹ്ദിൽ സംഭവിച്ചതുപോലെ-വല്ലപ്പോഴും അവിശ്വാസികൾക്ക് എന്തെങ്കിലും നേട്ടമോ വിജയമൊ ലഭിച്ചുവെങ്കിൽ ഭാവം മാറ്റി അവരെ പറ്റിക്കൂടുകയും ചെയ്യും. വേണമെങ്കിൽ ഞങ്ങൾക്ക് മുസ്‌ലിംകളെ സഹായിച്ചുകൊണ്ട് നിങ്ങളെ പരാജയപ്പെടുത്തുവാൻ അവസരവും കഴിവുമുണ്ടായിരുന്നു.അതിന് തുനിയാതെ അവരുമായി നിസ്സഹകരിക്കുകയും, നിങ്ങൾക്കു അവരിൽ നിന്ന് രക്ഷ കിട്ടുവാൻ വഴിവെക്കുകയുമാണ് ഞങ്ങൾ ചെയ്തത്. അതുകൊണ്ട് നിങ്ങളുടെ നേട്ടങ്ങളിൽ ഞങ്ങൾക്കും പങ്ക് ലഭിക്കേണ്ടതാണ് എന്നൊക്കെയായിരിക്കും അപ്പോഴത്തെ സമർത്ഥന രീതി. തൽക്കാലം അവരുടെ മേൽ ശിക്ഷാനടപടിയൊന്നും എടുക്കുന്നില്ലെങ്കിലും ക്വിയാമത്ത് നാളിൽ തക്ക നടപടി എടുക്കുക തന്നെ ചെയ്യുമെന്നും, അവർ വിചാരിക്കുന്നതുപോലെ സത്യവിശ്വാസികളെ പരാജയപ്പെടുത്തി കീഴടക്കുവാനുള്ള അവസരം അല്ലാഹു അവർക്ക് ഒരിക്കലും നൽകുകയില്ലെന്നും അല്ലാഹു അവരെ ഓർമിപ്പിക്കുന്നു.

وَلَنْ يَجْعَلَ اللهُ لِلْكَافِرِينَ..... (വിശ്വാസികളുടെ മേൽ അവിശ്വാസികൾക്ക് അല്ലാഹു ഒരു മാർഗവും ഉണ്ടാക്കിക്കൊടുകയില്ല തന്നെ) എന്ന വാക്യത്തിന്റെ താൽപര്യം ഒന്നിലധികം പ്രകാരത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു: (1) സത്യവിശ്വാസികളെ നശിപ്പിച്ചു നാമാവശേഷമാക്കുവാൻ അവിശ്വാസികൾക്ക് ഒരിക്കലും സാധ്യമല്ല. (2) തെളിവുകളും ലക്ഷ്യങ്ങളും മുഖേന സത്യവിശ്വാസികളെ പരാജയപ്പെടുത്തുവാൻ അവർക്ക് കഴിയുകയില്ല. (3) ക്വിയാമത്ത് നാളിൽ സത്യവിശ്വാസികളെ കവച്ചുവെക്കുവാനും, അവർക്കെതിരിൽ ഭാഗ്യം വരിക്കുവാനും അവർക്ക് സാധിക്കയില്ല (4) മുസ്‌ലിംകൾ യഥാർത്ഥ സത്യവിശ്വാസികളായി ഉറച്ചു നിൽക്കുന്ന കാലത്തോളം അവിശ്വാസികൾക്ക് അവരെ കീഴൊതുക്കി വെക്കുവാൻ കഴിയുകയില്ല. ഈ വ്യാഖ്യാനങ്ങളെല്ലാം തന്നെ ആ വാക്യത്തിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നതും, പരസ്പരം വിയോജിപ്പില്ലാത്തതുമാകുന്നു.

വിഭാഗം - 21

إِنَّ ٱلْمُنَـٰفِقِينَ يُخَـٰدِعُونَ ٱللَّهَ وَهُوَ خَـٰدِعُهُمْ

﴿142﴾ **നിശ്ചയമായും, കപടവിശ്വാസികൾ അല്ലാഹുവിനോട് വഞ്ചന പ്രവർത്തിക്കുകയാണ്. അവനാകട്ടെ, അവരെ വഞ്ചിക്കുന്നവനുമാകുന്നു.**

وَإِذَا قَامُوٓا۟ إِلَى ٱلصَّلَوٰةِ قَامُوا۟ كُسَالَىٰ يُرَآءُونَ ٱلنَّاسَ وَلَا يَذْكُرُونَ ٱللَّهَ

അവർ നമസ്കാരത്തിനു നിൽക്കുന്നതായാൽ, മടിയൻമാരായിക്കൊണ്ട് നിൽക്കുന്നതാണ്. (അതെ) അവർ മനുഷ്യരെ കാണിക്കുവാനായി

إِلَّا قَلِيلًا ﴿١٤٢﴾	ചെയ്യുന്നു. അൽപ്പമായിട്ടല്ലാതെ അവർ അല്ലാഹുവിനെ ഓർക്കുകയുമില്ല.
مُّذَبْذَبِينَ بَيْنَ ذَٰلِكَ لَآ إِلَىٰ هَٰٓؤُلَآءِ وَلَآ إِلَىٰ هَٰٓؤُلَآءِ	﴾143﴿ ഇക്കൂട്ടരിലേക്കുമില്ല, ഇക്കൂട്ടരിലേക്കുമില്ലാതെ, അതിന്നിടയിൽ ആടിപ്പിടക്കുന്നവരായിക്കൊണ്ട്.
وَمَن يُضْلِلِ ٱللَّهُ فَلَن تَجِدَ لَهُۥ سَبِيلًا ﴿١٤٣﴾	ഏതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവന് യാതൊരു മാർഗവും നീ കണ്ടെത്തുകയേ ഇല്ല.

﴾142﴿ إِنَّ الْمُنَافِقِينَ നിശ്ചയമായും, കപടവിശ്വാസികൾ يُخَادِعُونَ അവർ വഞ്ചന പ്രവർത്തിക്കുന്നു. അവർ ചതിപ്രയോഗം ചെയ്യും اللهَ അല്ലാഹുവിനോട് وَهُوَ അവനാകട്ടെ خَادِعُهُمْ അവരെ വഞ്ചിക്കുന്ന (ചതിക്കുന്ന) വനുമാണ് وَإِذَا قَامُوا അവർ നിന്നാൽ (ശ്രമിച്ചാൽ), എഴുനേൽക്കുന്നതായാൽ إِلَى الصَّلَاةِ നമസ്കാരത്തിലേക്ക് (നമസ്കാരത്തിന്) قَامُوا അവർ നിൽക്കുന്നതാണ് كُسَالَى മടിയൻമാരായിട്ട് يُرَاءُونَ അവർ കാണിച്ചു ചെയ്യുന്നു, കാണിക്കുവാനായി ചെയ്യുന്നു النَّاسَ മനുഷ്യരെ وَلَا يَذْكُرُونَ അവർ ഓർക്കുക (സ്മരിക്കുക) യുമില്ല اللهَ അല്ലാഹുവിനെ إِلَّا قَلِيلًا കുറച്ചു (അൽപം) അല്ലാതെ ﴾143﴿ مُذَبْذَبِينَ ആടിക്കളിച്ചു (പിടപിടച്ചു-ഇളകിയാടി) കൊണ്ടിരിക്കുന്നവരായി بَيْنَ ذَٰلِكَ അതിനിടയിൽ لَا إِلَى هَٰؤُلَاءِ ഇക്കൂട്ടരിലേക്ക് അല്ലാ (ഇല്ലാ)തെ وَلَا إِلَى هَٰؤُلَاءِ ഇക്കൂട്ടരി (മറ്റേ കൂട്ടത്തി)ലേക്കുമല്ല (ഇല്ല) وَمَنْ ആരെയെങ്കിലും, വല്ലവനെയും يُضْلِلِ اللهُ അല്ലാഹു വഴിപിഴവിലാക്കുന്നതായാൽ فَلَنْ تَجِدَ എന്നാൽ നീ കണ്ടെത്തുകയില്ല തന്നെ, നിനക്കു കിട്ടുകയേ ഇല്ല لَهُ അവന് سَبِيلًا ഒരു മാർഗം, വഴി

സൂറത്തുൽ ബക്വറഃ 9 ൽ കപടവിശ്വാസികൾ അല്ലാഹുവിനോടും സത്യവിശ്വാസികളോടും വഞ്ചന പ്രവർത്തിക്കുന്നുവെന്നും, വാസ്തവത്തിൽ അവർ തങ്ങളെത്തന്നെയാണ് വഞ്ചിക്കുന്നതെന്നും പ്രസ്താവിച്ചുവല്ലോ, ഏതാണ്ട് അതേ മാതിരിയുള്ള ഒരു പ്രസ്താവന തന്നെയാണ് ഇവിടെയും കാണുന്നത്. എല്ലാ നിഗൂഢ രഹസ്യങ്ങളും പരസ്യമായി അറിയുന്ന സർവ്വജ്ഞനായ അല്ലാഹുവിനോട് വഞ്ചന നടത്തുവാൻ ആർക്കും കഴിയുന്നതല്ലെന്ന് തീർച്ചയാണ്. പക്ഷേ, കപടവിശ്വാസികളുടെ വിചാരവും ഭാവവും പ്രവർത്തനവുമെല്ലാം കാണിക്കുന്നത് അവരുടെ ഗൂഢരഹസ്യങ്ങളൊന്നും അല്ലാഹു അറിയുകയില്ലെന്നാകുന്നു. അതുകൊണ്ടാണ് അവർ അല്ലാഹുവിനോട് വഞ്ചന പ്രവർത്തിക്കുന്നുവെന്നു പറഞ്ഞത്. ഇഹത്തിൽ വെച്ചു മാത്രമല്ല , പരത്തിൽ വെച്ചും അവർ അല്ലാഹുവിനെ കബളിപ്പിക്കുവാൻ ശ്രമം നടത്തി നോക്കുന്നതാണെന്ന് മറ്റൊരിടത്ത് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. നിങ്ങളോട് ശപഥം ചെയ്തു പറയുന്നതുപോലെ , അവരെ എഴു

ന്നേൽപ്പിക്കുന്ന ദിവസം അല്ലാഹുവിനോട് ശപഥം ചെയ്തു പറയും എന്നാണതിന്റെ ചരുക്കം (സൂ: മുജാദിലഃ 18 ഉം വ്യാഖ്യാനവും നോക്കുക) വാസ്തവത്തിൽ അവരുടെ വഞ്ചനാ പ്രവർത്തനങ്ങളിൽ വഞ്ചിതരാകുന്നത് അവർ തന്നെയാണ്. എല്ലാ കുറ്റവാളികൾക്കും നൽകപ്പെടുന്ന ശിക്ഷ അവരവരുടെ കുറ്റത്തിന്റെ സ്വഭാവമനുസരിച്ചായിരിക്കുമല്ലോ. അതാണ് അല്ലാഹു അവരെ വഞ്ചിക്കുന്നവനാണ് എന്ന് പറഞ്ഞതിന്റെ താൽപര്യം. വഞ്ചനക്കനുയോജ്യമായ നടപടി എടുക്കുമെന്നല്ലാതെ, യഥാർത്ഥത്തിൽ അല്ലാഹു അവരെ വഞ്ചിച്ചേക്കും എന്നല്ല ഉദ്ദേശ്യം.

കപടവിശ്വാസികളുടെ ഒരു കപടനയം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. നാമമാത്ര മുസ്‌ലിംകളും കപടവിശ്വാസികളുമായ ആളുകളിൽ അന്നുതൊട്ട് ഇന്നോളം - ഇക്കാലത്തു വിശേഷിച്ചും - കാണപ്പെടുന്ന ഒരു ലക്ഷണമത്രെ അത്. മുസ്‌ലിമിന്റെ അനുഷ്ഠാനകർമങ്ങളിൽ വെച്ചു ഏറ്റവും ശ്രേഷ്ഠമായതും ഇസ്‌ലാമിന്റെ പ്രധാന ചിഹ്നമായി നിലകൊള്ളുന്നതുമാണല്ലോ നമസ്കാരം. ഈ കർമം നിർവ്വഹിക്കുവാൻ അവർക്ക് വലിയ മടിയായിരിക്കും. അത് പാടെ ഉപേക്ഷിക്കുന്ന പക്ഷം അവരെ മുസ്‌ലിംകളുടെ കൂട്ടത്തിൽ എണ്ണുകയില്ലെന്ന് പേടിച്ചു അത് നിർവ്വഹിക്കാൻ അവർ നിർബന്ധിതരാകും. ജനങ്ങളെ കാട്ടി ബോധ്യപ്പെടുത്തുവാൻ വേണ്ടി ബാഹ്യത്തിൽ അവരത് നിർവ്വഹിക്കുകയും തക്കം കിട്ടുമ്പോൾ നമസ്കരിക്കാതെ കഴിച്ചുകൂട്ടുകയും ചെയ്യും. എന്നാൽ നമസ്കാരത്തിന്റെ കാതലും ആത്മാവുമാകുന്ന ഭാഗം — അല്ലാഹുവിനെ കുറിച്ചുള്ള ഓർമ —അതിൽ വിരളവുമായിരിക്കും. ഇതാണ് ആ നയം. നബിﷺയുടെ കാലത്ത് നമസ്കാരകർമം ജമാഅത്തായി (കൂട്ടനമസ്കാരമായി)ട്ടാണല്ലോ നടത്തപ്പെട്ടിരുന്നത്. അതിൽ പങ്കെടുക്കാത്തവരെപറ്റി അവർ കപടൻമാരാണെന്ന് സ്വാഭാവികമായും സംശയിക്കപ്പെട്ടിരുന്നു. കപടവിശ്വാസികൾ മുസ്‌ലിംകളായി അഭിനയിച്ചു വരുന്ന സ്ഥിതിക്ക് നമസ്കാരം പരസ്യമായി ഉപേക്ഷിക്കുവാൻ അക്കാരണത്താൽ അവർക്ക് വിഷമമായിരുന്നു. എന്നാലും കഴിവതും നമസ്കാരത്തിൽ പങ്കെടുക്കാതെ കഴിക്കുവാൻ അവർ ശ്രമിച്ചിരുന്നുവെന്നും, ഇശാ, സ്വുബ്ഹ് എന്നീ ഇരുട്ടത്തുള്ള നമസ്കാരങ്ങളിൽ നിന്ന് വിശേഷിച്ചും അവർ ഒഴിഞ്ഞു മാറാറുണ്ടായിരുന്നുവെന്നുമാണ് മനസ്സിലാകുന്നത് الله اعلم

നബിﷺ പറയുകയുണ്ടായി: 'നമസ്കാരത്തിൽ വെച്ച് കപട വിശ്വാസികൾക്ക് ഏറ്റവും ഭാരമേറിയത് ഇശാ നമസ്കാരവും, സ്വുബഹ് നമസ്കാരവുമാകുന്നു. ആ രണ്ടിലുമുള്ളത് (പുണ്യം) അവർക്കറിയാമായിരുന്നുവെങ്കിൽ , അവർ ആ രണ്ടിനും മുട്ടുകുത്തിക്കൊണ്ടെങ്കിലും വരുമായിരുന്നു. നമസ്കാരം (ജമാഅത്തായി) നടത്തപ്പെടുവാൻ ഒരാളോട് കൽപിക്കുകയും , എന്നിട്ട് ഞാനും കുറേ ആളുകളും കുറച്ചു വിറകുകെട്ടും എടുത്തുകൊണ്ട് നമസ്കാരത്തിന് ഹാജരാകാത്ത ആളുകളുടെ അടുക്കൽ ചെന്നു അവരുടെ വീടുകൾ അവരോടെ കത്തിച്ചു കളഞ്ഞെങ്കിലോ എന്ന് ഞാൻ കരുതുകയുണ്ടായി '. (ബു; മു) ഒരു രിവായത്തിൽ ഇങ്ങിനെ കൂടിയുണ്ട്: 'എന്റെ ആത്മാവ് യാതൊരുവന്റെ കൈവശമാണോ അവൻ തന്നെയാണ്! ഒരു കൊഴുത്ത ഞരമ്പോ, നല്ല രണ്ടു കുളമ്പുകളോ, കിട്ടുമെന്ന് അവരിൽ ഒരുവൻ അറിഞ്ഞിരുന്നെങ്കിൽ അവൻ നമസ്കാരത്തിന് ഹാജരാകുമായിരുന്നു. വീടുകളിൽ സ്ഥിതി ചെയ്യുന്ന സ്ത്രീകളും കുട്ടികളും ഇല്ലായിരുന്നെങ്കിൽ അവരുടെ വീടുകൾ അവരോടെ ഞാൻ കത്തിക്കുമായിരുന്നു.' മറ്റൊരു ഹദീഥിൽ 'ഇത് കപടവിശ്വാസിയുടെ നമസ്ക്കാരമാകുന്നു' എന്ന് മൂന്നു പ്രാവശ്യം ആവർത്തിച്ചു പറഞ്ഞുകൊണ്ട് നബിﷺ പ്രസ്താവിച്ചതിന്റെ സാരം ഇതാകുന്നു. 'സൂര്യൻ അസ്തമിക്കുന്നതുവരെ കാത്തിരുന്നു അസ്തമയ സമയമാകുമ്പോൾ കോഴി കൊത്തും പോലെ അവൻ നാലു കൊത്തു കൊത്തും' (മ; മു; തി; ന) കപടവിശ്വാസിയുടെ അസ്ർ നമ

സ്കാരത്തെയാണ് നബിﷺ ഈ വചനത്തിൽ ചിത്രീകരിച്ചത്.

ഇസ്ലാമിലെ അനുഷ്ഠാനപരമായ ആരാധനാ കർമങ്ങളെ രാഷ്ട്രീയവും നാഗരികവുമായ വീക്ഷണ ഗതിയിലൂടെ വിലയിരുത്തുകയും, ആത്മീയവും പാരത്രികവുമായ വശങ്ങൾക്കു വേണ്ടത്ര പരിഗണന നൽകാതിരിക്കുകയും പതിവാക്കിയ ഒരു പണ്ഡിതൻ ഇവിടെ എഴുതിക്കാണുന്ന ചില വാക്യങ്ങൾ കാണുമ്പോൾ ആശ്ചര്യം തോന്നിപ്പോകുന്നു. 'നബിﷺയുടെ കാലത്ത് നമസ്കാര നിഷ്ഠയില്ലാത്തവരെ ഇസ്ലാമിക സമൂഹത്തിലെ പ്രാഥമിക അംഗങ്ങളായി പോലും എണ്ണിയിരുന്നില്ല' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം തുടരുകയാണ്: 'ലോകത്തുള്ള സകല പാർട്ടി (കക്ഷി) കളും സംഘടനകളും പൊതുവായി അംഗീകരിച്ചു വരുന്ന ഒരു നിഷ്കൃഷ്ട നയമാണ് അംഗങ്ങൾ പാർട്ടി യോഗങ്ങളിൽ നിർബ്ബന്ധപൂർവ്വം പങ്കെടുക്കണമെന്നത്. വല്ലമെമ്പറും (അംഗവും) അകാരണമായി ഒരു യോഗത്തിൽ സംബന്ധിക്കാതിരുന്നാൽ , അയാൾക്ക് പാർട്ടിയോട് താൽപര്യമില്ലെന്ന് മനസ്സിലാക്കപ്പെടുന്നു. തുടർച്ചയായി പല യോഗങ്ങളിൽ അസന്നിഹിതരാകുന്നവരെ പാർട്ടി അംഗത്വത്തിൽ നിന്ന് പുറം തള്ളുകയും ചെയ്യുന്നു.' പിന്നീടദ്ദേഹം പറയുകയാണ്: 'തികച്ചും ഇതേ നയമാണ് ഇസ്ലാമിക ജമാഅത്തും കൈകൊണ്ടിട്ടുള്ളത്.' ഇസ്ലാമിലെ പരിപാവനങ്ങളായ ആരാധനാ കർമങ്ങളുടെ അന്തസത്തയെ അവഗണിച്ചുകൊണ്ടുള്ളതും ജമാഅത്ത് നമസ്കാരങ്ങളെ പാർട്ടി യോഗങ്ങളാക്കി തരംതാഴ്ത്തുന്നതുമായ ഒരു പ്രസ്താവനയാണിത് എന്ന് മാത്രമേ തൽക്കാലം ഇതിനെക്കുറിച്ചു പറയുവാനുള്ളൂ والله يهدينا سواء السبيل

കപടവിശ്വാസികളുടെ ഒരു പൊതുസ്ഥിതിയാണ് 143-ാം വചനത്തിൽ കാണുന്നത്. ഇസ്ലാമിന്റെ പക്ഷത്തോ, കുഫ്റിന്റെ പക്ഷത്തോ നില ഉറപ്പിക്കാതെ –സത്യവിശ്വാസത്തിലോ അവിശ്വാസത്തിലോ ഉറച്ചു നിൽക്കാതെ -ഇടയിൽ കിടന്നു അങ്ങോട്ടുമിങ്ങോട്ടും ആടിക്കളിച്ചുകൊണ്ടിരിക്കുക. നേരായ മാർഗം ഒന്നു മാത്രമായ സ്ഥിതിക്ക് അവരുടെ ഈ നിലമാറാതെ ഒരിക്കലും അവർ നേർമാർഗത്തിലാകുകയില്ല. അല്ലാഹു അവരെ വഴിപിഴച്ച ദുർമാർഗികളായി മാത്രമേ എണ്ണുകയുള്ളൂ. അവർക്ക് പിന്നെ എങ്ങിനെ രക്ഷാമാർഗം ലഭിക്കുവാനാണ്?!. അതെ അല്ലാഹു വഴിപിഴവിലാക്കിയവർക്ക് വേറെ മാർഗമൊന്നും ലഭിക്കുകയില്ല തന്നെ وَمَن يُضْلِلِ اللَّهُ فَلَن تَجِدَ لَهُ سَبِيلًا

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ ٱلْكَٰفِرِينَ أَوْلِيَآءَ مِن دُونِ ٱلْمُؤْمِنِينَ ۚ أَتُرِيدُونَ أَن تَجْعَلُوا۟ لِلَّهِ عَلَيْكُمْ سُلْطَٰنًا مُّبِينًا ﴿١٤٤﴾

﴾144﴿ ഹേ , വിശ്വസിച്ചവരേ, സത്യവിശ്വാസികളെ കൂടാതെ, അവിശ്വാസികളെ നിങ്ങൾ മിത്രങ്ങളായി സ്വീകരിക്കരുത്. നിങ്ങൾക്കെതിരെ അല്ലാഹുവിന് വ്യക്തമായ ഒരധികൃത രേഖ ഉണ്ടാക്കുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നുവോ?!

﴾144﴿ يَا أَيُّهَا الَّذِينَ آمَنُوا ഹേ , വിശ്വസിച്ചവരേ, لَا تَتَّخِذُوا നിങ്ങൾ ആക്കിത്തീർക്കരുത്, സ്വീകരിക്കരുത് الْكَافِرِينَ അവിശ്വാസികളെ أَوْلِيَاءَ മിത്രങ്ങൾ, ബന്ധുക്കൾ, കാര്യകർത്താക്കൾ مِن دُونِ കൂടാതെ , അല്ലാതെ, പുറമെ الْمُؤْمِنِينَ സത്യവിശ്വാസികളെ

أَتُرِيدُونَ നിങ്ങൾ ഉദ്ദേശിക്കുന്നുവോ أَن تَجْعَلُوا നിങ്ങൾ ആക്കുവാൻ, ഉണ്ടാക്കുന്നതിന്ന് لِلَّهِ അല്ലാഹുവിന് عَلَيْكُمْ നിങ്ങളുടെമേൽ (എതിരെ) سُلْطَانًا അധികൃതരേഖ, തെളിവ് , ന്യായം مُّبِينًا വ്യക്തമായ

കപടവിശ്വാസികൾ ചെയ്യുന്നതുപോലെ അവിശ്വാസികളെ മിത്രങ്ങളാക്കി സ്വീകരിച്ചുകൂടാത്തതാണ്; സത്യവിശ്വാസികൾ തമ്മതമ്മിലേ മൈത്രീബന്ധവും മനസ്സിണങ്ങിയ കൂട്ടുകെട്ടും ഉണ്ടാകാവൂ; അവിശ്വാസികളോട് മൈത്രിയും കൂട്ടുകെട്ടും സ്ഥാപിക്കുന്നത് അവരെപ്പോലെ നിങ്ങളും പിഴച്ചവരാണെന്ന് നിങ്ങൾക്കെതിരിൽ നിങ്ങൾ തന്നെ വ്യക്തമായ തെളിവ് സ്ഥാപിക്കലായിത്തീരും; അതുകൊണ്ട് അത് വളരെ ഗൗരവപൂർവ്വം സൂക്ഷിക്കേണ്ടതാണ് എന്ന് സാരം.

إِنَّ ٱلْمُنَٰفِقِينَ فِى ٱلدَّرْكِ ٱلْأَسْفَلِ مِنَ ٱلنَّارِ وَلَن تَجِدَ لَهُمْ نَصِيرًا ﴿١٤٥﴾

﴾145﴿ **നിശ്ചയമായും കപടവിശ്വാസികൾ നരകത്തിൽ നിന്നും ഏറ്റം താഴെ പടിയിലായിരിക്കും. അവർക്ക് ഒരു സഹായകനെയും നീ കണ്ടെത്തുന്നതേയല്ല താനും :-**

إِلَّا ٱلَّذِينَ تَابُوا۟ وَأَصْلَحُوا۟ وَٱعْتَصَمُوا۟ بِٱللَّهِ وَأَخْلَصُوا۟ دِينَهُمْ لِلَّهِ فَأُو۟لَٰٓئِكَ مَعَ ٱلْمُؤْمِنِينَ ۖ وَسَوْفَ يُؤْتِ ٱللَّهُ ٱلْمُؤْمِنِينَ أَجْرًا عَظِيمًا ﴿١٤٦﴾

﴾146﴿ **(അതെ) പശ്ചാത്തപിച്ചു മടങ്ങുകയും, (കർമങ്ങൾ) നന്നാക്കുകയും, അല്ലാഹുവിനെ മുറുകെ പിടിക്കുകയും, തങ്ങളുടെ മതത്തെ അല്ലാഹുവിന്നു നിഷ്കളങ്കമാക്കുകയും ചെയ്തവരൊഴികെ; അക്കൂട്ടർ സത്യവിശ്വാസികളുടെ കൂടെയായിരിക്കും. സത്യ വിശ്വാസികൾക്ക് വഴിയെ അല്ലാഹു മഹത്തായ പ്രതിഫലം കൊടുക്കുകയും ചെയ്യും .**

﴾145﴿ إِنَّ ٱلْمُنَٰفِقِينَ നിശ്ചയമായും കപടവിശ്വാസികൾ فِى ٱلدَّرْكِ പടിയിലാണ്, തട്ടിലായിരിക്കും ٱلْأَسْفَلِ ഏറ്റം താഴ്ന്ന مِنَ ٱلنَّارِ നരകത്തിൽനിന്ന് وَلَن تَجِدَ നീ കണ്ടെത്തുകയേ ഇല്ലതാനും, കാണുകയുമില്ല തന്നെ لَهُمْ അവർക്ക് نَصِيرًا ഒരു സഹായകനെ ﴾146﴿ إِلاالَّذِينَ യാതൊരുവരൊഴികെ تَابُوا അവർ പശ്ചാത്തപിച്ചു وَأَصْلَحُوا അവർ നന്നാക്കുകയും ചെയ്തു, നന്നായി തീരുകയും ചെയ്തു وَاعْتَصَمُوا മുറുകെ പിടിക്കുകയും ചെയ്തു, രക്ഷാവലംബമാക്കുകയും ചെയ്തു بِاللَّهِ അല്ലാഹുവിനെ وَأَخْلَصُوا നിഷ്കളങ്കമാക്കുക (തനിച്ചാക്കുക) യും ചെയ്തു دِينَهُمْ തങ്ങളുടെ മതത്തെ, നടപടിയെ لِلَّهِ അല്ലാഹുവിന് فَأُولَٰئِكَ എന്നാൽ അക്കൂട്ടർ مَعَ الْمُؤْمِنِينَ സത്യവിശ്വാസികളോടു കൂടെയായിരിക്കും وَسَوْفَ വഴിയെ , പിന്നീട് يُؤْتِ اللَّهُ അല്ലാഹു നൽകും, കൊടുക്കും الْمُؤْمِنِينَ സത്യ വിശ്വാസികൾക്ക് أَجْرًا പ്രതിഫലം عَظِيمًا മഹത്തായ

തികച്ചും അവിശ്വാസികളായ വിഭാഗത്തെക്കാൾ നീചവും നിന്ദ്യവുമായ സ്വഭാവക്കാരാണ് കപടവിശ്വാസികളെന്നും, അതിനാൽ അല്ലാഹുവിന് അവരോടുള്ള അമർഷം വളരെ വമ്പിച്ചതാണെന്നും കഴിഞ്ഞ പ്രസ്താവനകളിൽ നിന്ന് വ്യക്തമാണ്. അതുകൊണ്ട് ശിക്ഷയിലും അവർ ഏറ്റവും നികൃഷ്ടരായിരിക്കുമെന്നും, നരകത്തിന്റെ ഏറ്റവും താഴെ പടിയിലായിരിക്കും അവരെന്നും അല്ലാഹു അറിയിക്കുന്നു.എന്നിരുന്നാലും, അവർ ഖേദിച്ചു മടങ്ങി നന്നായി തീരുന്ന പക്ഷം അല്ലാഹു അവർക്ക് കരുണ ചെയ്യാൻ തയ്യാറാണെന്നും, യഥാർത്ഥ സത്യവിശ്വാസികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി വമ്പിച്ച പ്രതിഫലം നൽകി അവരെ അനുഗ്രഹിക്കുമെന്നും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.ചെയ്തതിനെപ്പറ്റി ഖേദം പ്രകടിപ്പിച്ചാൽ മാത്രം പോരാ അത് യഥാർത്ഥമാണെന്ന് പ്രവർത്തി മൂലം തെളിയിക്കുകയും വേണ്ടതുണ്ട് എന്നത്രെ .... وَأَصۡلَحُواوَاعۡتَصَمُوا (നന്നാക്കി തീർക്കുകയും, അല്ലാഹുവിനെ മുറുകെ പിടിക്കുകയും, മതത്തെ അല്ലാഹുവിന് നിഷ്കളങ്കമാക്കുകയും ചെയ്തു)എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം. അതായത്, മുമ്പ് ചെയ്തു പോയ നീച കൃത്യങ്ങളെക്കുറിച്ചു ഖേദിക്കുകയും, മേലിൽ നല്ല പ്രവർത്തനങ്ങൾ ചെയ്തു നന്നായിത്തീരുകയും, അല്ലാഹുവിനെ മാത്രം രക്ഷാധികാരിയായി സ്വീകരിക്കുകയും, മറ്റുള്ളവരെ കാണിക്കുവാനോ ബോധ്യപ്പെടുത്തുവാനോ ശ്രമിക്കാതെ മത ജീവിതത്തിൽ അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും മാത്രം ലക്ഷ്യമാക്കുകയും ചെയ്യണം. അപ്പോഴേ പശ്ചാത്താപം സാക്ഷാൽകൃതമാകുകയുള്ളൂവെന്ന് താൽപ്പര്യം. മനുഷ്യരെ ശിക്ഷിക്കണമെന്ന് അല്ലാഹുവിന് ഒട്ടും ഉദ്ദേശമില്ലെന്ന് അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടികാട്ടുന്നു:-

مَّا يَفۡعَلُ ٱللَّهُ بِعَذَابِكُمۡ إِن شَكَرۡتُمۡ وَءَامَنتُمۡۚ وَكَانَ ٱللَّهُ شَاكِرًا عَلِيمًا ﴿١٤٧﴾

﴿147﴾ **നിങ്ങളെ ശിക്ഷിക്കുന്നതുകൊണ്ട് അല്ലാഹു എന്ത് ചെയ്യാനാണ്? നിങ്ങൾ നന്ദി കാണിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്ന പക്ഷം! അല്ലാഹു നന്ദി കാണിക്കുന്നവനും (എല്ലാം) അറിയുന്നവനുമാകുന്നുതാനും.**

﴿147﴾ مَايَفۡعَلُ എന്തു ചെയ്യും, എന്തു ചെയ് വാനാണ് اللَّهُ അല്ലാഹു بِعَذَابِكُمۡ നിങ്ങളുടെ ശിക്ഷ (നിങ്ങളെ ശിക്ഷിക്കുന്നത്) കൊണ്ട് إِنۡ شَكَرۡتُمۡ നിങ്ങൾ നന്ദി കാണിച്ചെങ്കിൽ, നന്ദി ചെയ്യുന്ന പക്ഷം وَ آمَنۡتُمۡ നിങ്ങൾ വിശ്വസിക്കുകയും ചെയ്തു (വെങ്കിൽ) وَ كَانَ اللَّهُ അല്ലാഹു ആകുന്നുതാനും, ആകുകയും ചെയ്തിരിക്കുന്നു شَاكِرًا നന്ദി കാണിക്കുന്നവൻ عَلِيمًا അറിയുന്നവൻ

വളരെ ശ്രദ്ധേയവും , സത്യവിശ്വാസികൾക്ക് വളരെ മനസ്സമാധാനം നൽകുന്നതുമാണ് ഈ വചനം . നന്ദികേടും, അവിശ്വാസവുമാണ് നിങ്ങളെ ശിക്ഷക്ക് വിധേയമാക്കുന്നത്; നിങ്ങൾ നന്ദിയുള്ളവരും വിശ്വാസികളും ആയിരുന്നാൽ അല്ലാഹു നിങ്ങളെ ശിക്ഷിക്കുവാൻ പോകുന്നില്ല; നിങ്ങളെ വൃഥാ ശിക്ഷിക്കണമെന്ന് അവന് ഒട്ടും ഉദ്ദേശ്യമില്ല. നിങ്ങളെ ശിക്ഷിച്ചതു കൊണ്ട് യാതൊരു നേട്ടവും അവനില്ല താനും. അതോടുകൂടി നിങ്ങൾ ചെയ്യുന്ന നല്ല കാര്യങ്ങളെന്തും അവൻ നന്ദിപൂർവ്വം സ്വീകരിച്ചു ഉദാര

മായ പ്രതിഫലം നൽകുന്നവനും, നിങ്ങളുടെ സർവ്വകാര്യങ്ങളെക്കുറിച്ചും ശരിക്കും അറിയുന്നവനുമാണവൻ. അതുകൊണ്ട് നിങ്ങൾ നന്ദിയുള്ള സത്യവിശ്വാസികളായിരിക്കുവിൻ. എന്നൊക്കെയാണ് ഈ വചനത്തിന്റെ ആശയം.

അല്ലാഹു പറയുന്നു: لَئِن شَكَرْتُمْ لَأَزِيدَنَّكُمْ وَلَئِن كَفَرْتُمْ إِنَّ عَذَابِي لَشَدِيدٌ (നിങ്ങൾ നന്ദി കാണിക്കുന്ന പക്ഷം, തീർച്ചയായും ഞാൻ നിങ്ങൾക്ക് വർദ്ധിപ്പിച്ചു തരുക തന്നെ ചെയ്യും. നിങ്ങൾ നന്ദികേട് കാണിച്ചുവെങ്കിലോ, നിശ്ചയമായും എന്റെ ശിക്ഷ കഠിനമായത് തന്നെയാകുന്നു. (ഇബ്റാഹീം : 7) മനസ്സിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല നന്ദി. വിചാര വികാരങ്ങളിലൂടെയും, വാക്കുകളിലൂടെയും, പ്രവൃത്തികളിലൂടെയും അത് പ്രകടമാക്കേണ്ടതുണ്ട്. എല്ലാ സത്കർമങ്ങളും നന്ദിയുടെ ലക്ഷണവും, എല്ലാ ദുഷ്കർമങ്ങളും നന്ദികേടിന്റെ ലക്ഷണവുമാകുന്നു. നന്ദിയുടെ ഉദ്ഭവവും വളർച്ചയുമാകട്ടെ, വിശ്വാസത്തിൽ നിന്നാണ്താനും.

ജുസ്ഉ് - 6

۞ لَّا يُحِبُّ ٱللَّهُ ٱلْجَهْرَ بِٱلسُّوٓءِ مِنَ ٱلْقَوْلِ إِلَّا مَن ظُلِمَ ۚ

﴿148﴾ വാക്കിൽ നിന്ന് തിൻമയായുള്ളതിനെ [ചീത്തയായ വാക്കുകളെ] ഉച്ചത്തിലാ (ക്കി പരസ്യമാ) ക്കുന്നതിനെ അല്ലാഹു ഇഷ്ടപ്പെടുകയില്ല. അക്രമം ചെയ്യപ്പെട്ടവൻ (ഉച്ചത്തിലാക്കുന്നത്) ഒഴികെ.

وَكَانَ ٱللَّهُ سَمِيعًا عَلِيمًا ﴿١٤٨﴾

അല്ലാഹു (എല്ലാം) കേൾക്കുന്നവനും , അറിയുന്നവനുമാകുന്നു താനും.

إِن تُبْدُوا۟ خَيْرًا أَوْ تُخْفُوهُ أَوْ تَعْفُوا۟ عَن سُوٓءٍ فَإِنَّ ٱللَّهَ كَانَ عَفُوًّا قَدِيرًا ﴿١٤٩﴾

﴿149﴾ നിങ്ങൾ ഒരു നല്ല കാര്യം വെളിവാക്കുകയോ, അത് മറച്ചുവെക്കുകയോ ഒരു തിൻമയെക്കുറിച്ചു മാപ്പു നൽകുകയോ ചെയ്യുന്നപക്ഷം, (അറിഞ്ഞുകൊള്ളുക) നിശ്ചയമായും അല്ലാഹു , വളരെ മാപ്പ്ചെയ്യുന്നവനും, കഴിവുള്ളവനുമാകുന്നു.

﴿148﴾ لَا يُحِبُّ ٱللَّهُ അല്ലാഹു ഇഷ്ടപ്പെടുകയില്ല ٱلْجَهْرَ പരസ്യമാക്കൽ, ഉച്ചത്തിലാക്കൽ بِٱلسُّوٓءِ തിൻമയെ, ചീത്തയായതിനെ , ദുഷിച്ചതുകൊണ്ട് مِنَ ٱلْقَوْلِ വാക്കിൽ (സംസാരത്തിൽ) നിന്ന് إِلَّا مَن യാതൊരുവനൊഴികെ ظُلِمَ അക്രമം ചെയ്യപ്പെട്ടു وَكَانَ ٱللَّهُ അല്ലാഹു ആകുന്നു താനും سَمِيعًا കേൾക്കുന്നവൻ عَلِيمًا അറിയുന്നവൻ ﴿149﴾ إِن تُبْدُوا നിങ്ങൾ വെളിവാക്കുന്നുവെങ്കിൽ خَيْرًا നല്ലതിനെ, വല്ല നൻമയും أَوْ تُخْفُوهُ അല്ലെങ്കിലതു മറച്ചുവെക്കുന്നു (വെങ്കിൽ) أَوْ تَعْفُوا അല്ലെങ്കിൽ നിങ്ങൾ മാപ്പ് നൽകുന്നു (വെ

ങ്കിൽ) عَنۡ سُوٓءٖ വല്ല തിൻമയെ (ചീത്തയെ) ക്കുറിച്ചും فَإِنَّ ٱللَّهَ എന്നാൽ വിശ്ചയമായും അല്ലാഹു كَانَ عَفُوًّا വളരെ മാപ്പ് നൽകുന്നവനാകുന്നു قَدِيرًا കഴിവുള്ളവൻ.

ഒരു പൊതു തത്വം അല്ലാഹു ഈ വചനം മുഖേന പഠിപ്പിക്കുകയാണ്. നന്നല്ലാത്ത ദുഷിച്ച വാക്കുകൾ പറയുന്നതും ഉപയോഗിക്കുന്നതും എപ്പോഴും പാടില്ലാത്തത് തന്നെ. എന്നാലത് ഉച്ചത്തിലും പരസ്യമായും ആയിരിക്കുമ്പോൾ കൂടുതൽ ഗൗരവതരമായി ത്തീരുന്നു. വളരെ നിസ്സാരമായി കരുതപ്പെടുന്ന ഒരു വാക്ക് പരസ്യമായിത്തീർന്നതിന്റെ പേരിൽ ചില അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നത് അപൂർവ്വമല്ല. ദുഷിച്ച വാക്ക് പറയു കയും അത് പരസ്യമായിട്ടായിരിക്കുകയും കൂടി ചെയ്യുമ്പോൾ അത് അല്ലാഹുവിന്റെ വെറുപ്പിന് കാരണമാകുന്നു എന്നത്രെ لَا يُحِبُّ ٱللَّهُ ٱلۡجَهۡرَ (ഉച്ചത്തിലാക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല) എന്ന് പറഞ്ഞതിന്റെ താൽപര്യം. അഥവാ ദുഷിച്ച വാക്കുകൾ രഹ സ്യമായോ പതുക്കെയോ പറയുന്നതിന് വിരോധമില്ല എന്നല്ല. അല്ലാഹുവിനെ സംബ ന്ധിക്കുന്ന വാക്കുകളിലും , ജനങ്ങളെ സംബന്ധിക്കുന്ന വാക്കുകളിലുമെല്ലാം സൂക്ഷി ക്കേണ്ടുന്ന വിഷയമാണിത്.

അല്ലാഹുവിന്റെ മഹിത മഹത്വങ്ങൾക്ക് യോജിക്കാത്ത എല്ലാ വാക്കുകളും, മറ്റൊ രാളെ സംബന്ധിച്ച് ചീത്ത പറയൽ, ഏഷണിയും പരദൂഷണവും പറയൽ തിൻമക്കായി പ്രാർത്ഥിക്കൽ മുതലായവയും ഈ വിരോധത്തിന് വിധേയമാകുന്നു. തൃപ്തികരമല്ലാത്ത വല്ലതും മനസ്സിൽ തോന്നിയാൽ പോലും അത് പുറത്ത് പറയാതിരിക്കുക, പറഞ്ഞാൽ തന്നെ അത് ഒച്ചപ്പെടുത്തുകയും പരസ്യമാക്കുകയും ചെയ്യാതിരിക്കുക, ഇതാണ് വേണ്ട ത്. പക്ഷേ, അക്രമത്തിന് പാത്രമായിത്തീർന്നവർ തങ്ങളുടെ സങ്കട നിവൃത്തിക്കുവേ ണ്ടിയോ , അവകാശം വകവച്ചു കിട്ടേണ്ടതിനു വേണ്ടിയോ അക്രമകാരികൾക്കെതിരെ ആക്ഷേപവും തെളിവും കൊണ്ടുവരുന്നതിനും, അത് പരസ്യമാക്കുന്നതിനും വിരോധ മില്ല. ഇങ്ങോട്ട് ആദ്യമായി ചീത്തപറഞ്ഞവനെ അതുപോലെ പകരം അങ്ങോട്ട് പറയു ന്നതും തെറ്റല്ല. സ്വാഭിമാനം രക്ഷിക്കലാണല്ലോ അത്. ഇങ്ങോട്ട് പറഞ്ഞതിൽ കവിഞ്ഞ വാക്കുകൾ അങ്ങോട്ട് പറയുവാൻ പാടില്ല താനും. വിട്ടുവീഴ്ച നൽകലും മാപ്പ് കൊടു ക്കലുമാണ് കൂടുതൽ നല്ലത്. അതാണ് മാന്യതയും സംസ്കാരവും, അതാണ് അല്ലാഹുവിങ്കൽ പുണ്യമായിട്ടുള്ളതും.

നല്ല വാക്കുകളും നല്ല കാര്യങ്ങളും— അവ പരസ്യമായി ചെയ്താലും രഹസ്യമായി ചെയ്താലും ശരി--അല്ലാഹു ഇഷ്ടപ്പെടുന്നു. തിൻമക്കു പകരം തിൻമ ചെയ്യാതെ മാപ്പ് നൽകുന്നതും അവൻ വളരെ ഇഷ്ടപ്പെടുന്ന കാര്യമാണ്. അതിനൊക്കെ അവൻ വമ്പിച്ച പ്രതിഫലം നൽകുകയും ചെയ്യും.കാരണം , അവൻ എന്തിനും കഴിവുള്ള സർവ്വശക്ത നായതോടൊപ്പം വളരെ മാപ്പും വിട്ടുവീഴ്ചയും നൽകുന്ന അത്യുദാരനും കൂടിയാകു ന്നു. ഇതാണ് 149-ാം വചനത്തിന്റെ താൽപര്യം. സന്ദർഭം നോക്കുമ്പോൾ , കപടവിശ്വാ സികളോടും , വേദക്കാരോടും വിട്ടുവീഴ്ചാനയം സ്വീകരിക്കണമെന്നും, അവരുടെ തെറ്റു കുറ്റങ്ങൾ പരസ്യമായി പ്രചരിപ്പിക്കാതിരിക്കുകയാണ് വേണ്ടതെന്നുള്ള ഉപദേശം കൂടി യാണ് ഈ വചനങ്ങൾ എന്നും കാണാം. ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞി രിക്കുന്നു: 'ദാന ധർമം നിമിത്തം ധനം ചുരുങ്ങിപ്പോകുകയില്ല. മാപ്പ് നൽകൽ കൊണ്ടു വീര്യമല്ലാതെ അല്ലാഹു വർദ്ധിപ്പിക്കുകയുമില്ല. അല്ലാഹുവിനു വേണ്ടി ആർ താഴ്മ കാണി ക്കുന്നുവോ അവനെ അവൻ ഉയർത്തുന്നതാണ്.' (മു).

إِنَّ ٱلَّذِينَ يَكۡفُرُونَ بِٱللَّهِ وَرُسُلِهِۦ وَيُرِيدُونَ أَن يُفَرِّقُواْ بَيۡنَ ٱللَّهِ وَرُسُلِهِۦ وَيَقُولُونَ نُؤۡمِنُ بِبَعۡضٍ وَنَكۡفُرُ بِبَعۡضٍ وَيُرِيدُونَ أَن يَتَّخِذُواْ بَيۡنَ ذَٰلِكَ سَبِيلًا ﴿١٥٠﴾

﴿150﴾ നിശ്ചയമായും, യാതൊരു കൂട്ടർ: അല്ലാഹുവിലും, അവന്റെ റസൂലുകളിലും അവർ അവിശ്വസിക്കുന്നു; അല്ലാഹുവിന്റെയും അവന്റെ റസൂലുകളുടെയും ഇടയിൽ വ്യത്യാസപ്പെടുത്തുവാൻ അവർ ഉദ്ദേശിക്കുകയും ചെയ്യുന്നു. 'ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരിൽ അവിശ്വസിക്കുകയും ചെയ്യുന്നു' എന്ന് അവർ പറയുകയും ചെയ്യുന്നു. അതിനിടയിൽ ഒരു (പ്രത്യേക) മാർഗം സ്വീകരിക്കുവാനും അവർ ഉദ്ദേശിക്കുന്നു:-

أُوْلَٰٓئِكَ هُمُ ٱلۡكَٰفِرُونَ حَقًّاۚ وَأَعۡتَدۡنَا لِلۡكَٰفِرِينَ عَذَابًا مُّهِينًا ﴿١٥١﴾

﴿151﴾ (അങ്ങിനെയുള്ള) അക്കൂട്ടർ തന്നെയാണ് യഥാർത്ഥത്തിൽ അവിശ്വാസികൾ.

അവിശ്വാസികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

﴿150﴾ إِنَّ الَّذِينَ നിശ്ചയമായും, യാതൊരുകൂട്ടർ يَكْفُرُونَ അവർ അവിശ്വസിക്കുന്നു بِاللَّهِ അല്ലാഹുവിൽ وَرُسُلِهِ അവന്റെ റസൂലുകളിലും وَيُرِيدُونَ അവർ ഉദ്ദേശിക്കുകയും ചെയ്യുന്നു أَن يُفَرِّقُوا അവർ വ്യത്യാസപ്പെടുത്തു (ഭിന്നിപ്പുണ്ടാക്കു—വിവേചനം കാണിക്കു) വാൻ بَيْنَ اللَّهِ അല്ലാഹുവിനിടയിൽ وَرُسُلِهِ അവന്റെ റസൂലുകളുടെയും وَيَقُولُونَ അവർ പറയുകയും ചെയ്യുന്നു نُؤْمِنُ ഞങ്ങൾ വിശ്വസിക്കുന്നു بِبَعْضٍ ചിലരിൽ وَنَكْفُرُ ഞങ്ങൾ അവിശ്വസിക്കുകയും ചെയ്യുന്നു بِبَعْضٍ ചിലരിൽ وَيُرِيدُونَ അവർ ഉദ്ദേശിക്കുകയും ചെയ്യുന്നു أَن يَتَّخِذُوا അവർ ഉണ്ടാക്കുവാൻ, സ്വീകരിക്കുന്നതിന് بَيْنَ ذَٰلِكَ അതിനിടയിൽ سَبِيلًا ഒരു മാർഗം ﴿151﴾ أُولَٰئِكَ അക്കൂട്ടർ هُمُ അവർ (തന്നെ) الْكَافِرُونَ അവിശ്വാസികൾ حَقًّا യഥാർത്ഥത്തിൽ, സത്യമായും, ശരിക്ക് وَأَعْتَدْنَا നാം ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു لِلْكَافِرِينَ അവിശ്വാസികൾക്ക് عَذَابًا ശിക്ഷ مُهِينًا അപമാനകരമായ, നിന്ദ്യമായ

ചില റസൂലുകളിലും അവരുടെ പ്രബോധനത്തിലും വിശ്വസിക്കുന്നതായി വാദിക്കുകയും, മറ്റു ചില റസൂലുകളിൽ വിശ്വസിക്കാതെ അവരെ നിഷേധിക്കുകയും ചെയ്യുന്ന എല്ലാവരെയും--വിശേഷിച്ചു യഹൂദികളെയും ക്രിസ്ത്യാനികളെയും-സംബന്ധിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. എല്ലാ റസൂലുകളും അല്ലാഹുവിന്റെ ദൗത്യവാഹകൻമാരായി നിയോഗിക്കപ്പെട്ടവരാണ്. എല്ലാവരുടെയും ദൗത്യം ഒന്നുതന്നെയാ

ണ്താനും. എന്നിരിക്കെ, ചിലരിൽമാത്രം വിശ്വസിക്കുകയും, ചിലരെ നിഷേധിക്കുകയും ചെയ്യുന്നത് തനി അവിശ്വാസം തന്നെയാണെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു.

وَٱلَّذِينَ ءَامَنُواْ بِٱللَّهِ وَرُسُلِهِۦ وَلَمۡ يُفَرِّقُواْ بَيۡنَ أَحَدٍ مِّنۡهُمۡ أُوْلَٰٓئِكَ سَوۡفَ يُؤۡتِيهِمۡ أُجُورَهُمۡۚ

﴿152﴾ **അല്ലാഹുവിലും, അവന്റെ റസൂലുകളിലും വിശ്വസിക്കുകയും, അവരിൽ ഒരാൾക്കിടയിലും വ്യത്യാസപ്പെടുത്താതിരിക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ-അവർക്ക് അവരുടെ പ്രതിഫലങ്ങൾ വഴിയെ അവൻ നൽകുന്നതാണ്.**

وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿١٥٢﴾

അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴿152﴾ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ بِاللَّهِ وَرُسُلِهِ അല്ലാഹുവിലും, അവന്റെ റസൂലുകളിലും وَلَمْ يُفَرِّقُوا അവർ വ്യത്യാസം വരുത്തിയതുമില്ല بَيْنَ أَحَدٍ ഒരാൾക്കിടയിലും مِنْهُمْ അവരിൽ നിന്ന് أُولَئِكَ അക്കൂട്ടർ سَوْفَ يُؤْتِيهِمْ വഴിയെ അവൻ അവർക്ക് കൊടുക്കും أُجُورَهُمْ അവരുടെ പ്രതിഫലങ്ങൾ وَكَانَ اللَّهُ അല്ലാഹു ആകുന്നുതാനും غَفُورًا വളരെ പൊറുക്കുന്നവൻ رَحِيمًا കരുണാനിധി.

വിഭാഗം - 22

ഇവിടം മുതൽ ഏതാനും വചനങ്ങളിൽ വേദക്കാരെക്കുറിച്ചുള്ള പരാമർശങ്ങളാകുന്നു.

يَسۡـَٔلُكَ أَهۡلُ ٱلۡكِتَٰبِ أَن تُنَزِّلَ عَلَيۡهِمۡ كِتَٰبًا مِّنَ ٱلسَّمَآءِۚ

﴿153﴾ **(നബിയേ) വേദക്കാർ നിന്നോട് ചോദിക്കുന്നു. ആകാശത്ത് നിന്ന് ഒരു ഗ്രന്ഥം നീ അവർക്ക് ഇറക്കിക്കൊടുക്കണമെന്ന്!**

فَقَدۡ سَأَلُواْ مُوسَىٰٓ أَكۡبَرَ مِن ذَٰلِكَ فَقَالُوٓاْ أَرِنَا ٱللَّهَ جَهۡرَةً

എന്നാൽ, മൂസായോട് അവർ അതിനെക്കാൾ വലിയത് ചോദിക്കുകയുണ്ടായിട്ടുണ്ട് : അതായത്, അവർ പറഞ്ഞു: 'ഞങ്ങൾക്ക് നീ അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണിച്ചു തരണ' മെന്ന്!

فَأَخَذَتۡهُمُ ٱلصَّٰعِقَةُ بِظُلۡمِهِمۡۚ

അങ്ങനെ അവരുടെ അക്രമം നിമിത്തം ഇടിത്തീ അവരെ പിടികൂടി

ثُمَّ ٱتَّخَذُواْ ٱلۡعِجۡلَ مِنۢ بَعۡدِ مَا

പിന്നെ, വ്യക്തമായ തെളിവുകൾ തങ്ങൾക്ക് വന്നതിന് ശേഷം അവർ പശുക്കുട്ടിയെ (ദൈവമായി) സ്വീക

جَآءَتۡهُمُ ٱلۡبَيِّنَٰتُ فَعَفَوۡنَا عَن ذَٰلِكَ	രിച്ചു. എന്നിട്ട് അതിനെക്കുറിച്ചു നാം മാപ്പ് നൽകി.
وَءَاتَيۡنَا مُوسَىٰ سُلۡطَٰنٗا مُّبِينٗا ﴿١٥٣﴾	മൂസാക്കു നാം സ്പഷ്ടമായ അധികൃത രേഖ നൽകുകയും ചെയ്തു.
وَرَفَعۡنَا فَوۡقَهُمُ ٱلطُّورَ بِمِيثَٰقِهِمۡ	﴾154﴿ അവരുടെ (കരാർ) ഉറപ്പ് സംബന്ധിച്ച് അവരുടെ മീതെ നാം 'ത്വൂർ' (പർവ്വതം) ഉയർത്തുകയും ചെയ്തു.
وَقُلۡنَا لَهُمُ ٱدۡخُلُواْ ٱلۡبَابَ سُجَّدٗا	'നിങ്ങൾ സുജൂദ്' ചെയ്തു കൊണ്ട് (രാജ്യത്തിന്റെ) പടിവാതിൽ കടക്കുവിൻ എന്ന് അവരോട് നാം പറയുകയും ചെയ്തു.
وَقُلۡنَا لَهُمۡ لَا تَعۡدُواْ فِي ٱلسَّبۡتِ	'സബ്ത്തി' ൽ (ശബ്ബത്താചരണത്തിൽ) നിങ്ങൾ അതിക്രമം ചെയ്യരുതെന്നും അവരോട് നാം പറഞ്ഞു.
وَأَخَذۡنَا مِنۡهُم مِّيثَٰقًا غَلِيظٗا ﴿١٥٤﴾	അവരിൽ നിന്ന് നാം കനത്ത (കരാർ) ഉറപ്പ് മേടിക്കുകയും ചെയ്തു.

﴾153﴿ يَسۡأَلُكَ നിന്നോടു ചോദിക്കുന്നു أَهۡلُ الۡكِتَابِ വേദ (ഗ്രന്ഥ) ക്കാർ أَنۡ تُنَزِّلَ നീ ഇറക്കിക്കൊടുക്കുവാൻ عَلَيۡهِمۡ അവരുടെമേൽ, അവർക്ക് كِتَابًا ഒരു ഗ്രന്ഥം مِنَ السَّمَاءِ ആകാശത്തുനിന്ന് فَقَدۡ سَأَلُوا എന്നാൽ അവർ ചോദിച്ചിട്ടുണ്ട് مُوسَىٰ മൂസായോട് أَكۡبَرَ കൂടുതൽ (വളരെ) വലിയതു് مِنۡ ذَٰلِكَ അതിനെക്കാൾ فَقَالُوا അതായത് അവർ പറഞ്ഞു أَرِنَا ഞങ്ങൾക്കു നീ കാണിച്ചു തരുക اللّٰهَ അല്ലാഹുവിനെ جَهۡرَةً പരസ്യമായി, പ്രത്യക്ഷത്തിൽ فَأَخَذَتۡهُمُ അങ്ങിനെ (എന്നിട്ട്) അവരെ പിടികൂടി الصَّاعِقَةُ ഇടിത്തീ بِظُلۡمِهِمۡ അവരുടെ അക്രമം നിമിത്തം ثُمَّ اتَّخَذُوا പിന്നെ അവർ ഉണ്ടാക്കി, സ്വീകരിച്ചു الۡعِجۡلَ പശു (മൂരി) ക്കുട്ടിയെ مِنۡ بَعۡدِ ശേഷമായി مَا جَاءَتۡهُمُ അവർക്ക് വന്നതിന്റെ الۡبَيِّنَاتُ (വ്യക്തമായ) തെളിവുകൾ فَعَفَوۡنَا എന്നിട്ട് നാം മാപ്പ് ചെയ്തു عَنۡ ذَٰلِكَ അതിനെക്കുറിച്ചു وَآتَيۡنَا مُوسَىٰ മൂസാക്കു നാം നൽകുകയും ചെയ്തു سُلۡطَانًا അധികാരശക്തി (അധികൃതരേഖ-തെളിവ്) مُبِينًا വ്യക്തമായ ﴾154﴿ وَرَفَعۡنَا നാം ഉയർത്തുകയും ചെയ്തു فَوۡقَهُمُ അവർക്കുമീതെ الطُّورَ ത്വൂറിനെ (പർവ്വതത്തെ-സീനാമലയെ) بِمِيثَاقِهِمۡ അവരുടെ ഉറപ്പ് (കരാർ) സംബന്ധിച്ചു (നിമിത്തം) وَقُلۡنَا لَهُمُ അവരോട് നാം പറയുകയും ചെയ്തു ادۡخُلُوا നിങ്ങൾ പ്രവേശിക്കുവിൻ الۡبَابَ (പടി) വാതിൽ سُجَّدًا സുജൂദ് ചെയ്യുന്നവരായി (ചെയ്തുകൊണ്ട്) وَقُلۡنَا لَهُمۡ അവരോട് നാം പറയുകയും ചെയ്തു

لَا تَعْدُوا നിങ്ങൾ അതിക്രമിക്കരുത്, ക്രമം തെറ്റരുത് فِي السَّبْتِ സബ്തിൽ, ശബ്ബത്താചരണത്തിൽ وَأَخَذْنَا നാം എടുക്കുക (വാങ്ങുക) യും ചെയ്തു مِنْهُم അവരിൽ നിന്ന്, അവരോട് مِيثَاقًا ഉറപ്പ്, കരാർ, ഉടമ്പടി غَلِيظًا കനത്ത, ശക്തമായ, കടുത്ത

വേദക്കാരിൽ നിന്നു- യഹൂദികളുടെ ഭാഗത്തു നിന്നു-ണ്ടായ ധിക്കാര പരമായ ഒരു ചോദ്യത്തെക്കുറിച്ചാണ് അല്ലാഹു പ്രസ്താവിച്ചത്.ഞങ്ങൾ താങ്കളിൽ വിശ്വസിക്കണമെങ്കിൽ മുമ്പ് മൂസാ നബി (അ) ക്ക് ലഭിച്ചതു പോലെ ഒരു വേദഗ്രന്ഥം ആകാശത്തു നിന്ന് ഞങ്ങൾക്ക് ഇറക്കിത്തരണം, ഞങ്ങൾ താങ്കളിൽ വിശ്വസിക്കണമെന്ന് അതിൽ കൽപിച്ചിരിക്കുകയും വേണം, എന്നാലേ ഞങ്ങൾ വിശ്വസിക്കൂ എന്നായിരുന്നു അവരുടെ വാദം. ഇത് സദുദ്ദേശ്യത്തോടുകൂടി ചോദിച്ചതല്ലെന്നും, തനി ധിക്കാരവും നിഷേധവുമാണ് ഇതിന് അവരെ പ്രേരിപ്പിക്കുന്നതെന്നും, ഇതിലും കടന്ന ധിക്കാരങ്ങൾ പലതും പ്രവർത്തിച്ച പാരമ്പര്യം ഉള്ളവരാണ് അവരെന്നും ഉദാഹരണങ്ങൾ നിരത്തിക്കൊണ്ട് അല്ലാഹു സ്ഥാപിക്കുന്നു.

അല്ലാഹുവിനെ നേരിൽ പ്രത്യക്ഷമായി കാണണം. അല്ലാതെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയില്ല എന്നു മൂസാ നബി (അ) യോട് അവർ പറഞ്ഞത്; അതുമൂലം അവർക്ക് ഇടിത്തീ ബാധിച്ചത്, അനേകം ദൃഷ്ടാന്തങ്ങൾ കണ്ടനുഭവിച്ചിട്ട് പിന്നെയും മൂസാ (അ) തൗറാത്തുമായി വന്നപ്പോഴേക്കും പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചത്, അല്ലാഹു ആ അപരാധം മാപ്പ് ചെയ്തു കൊടുത്തത്, പിന്നെയും അച്ചടക്കരാഹിത്യം മുഴുത്തപ്പോൾ ത്വൂർ പർവ്വതം അവരുടെ തലക്കു മീതെ ഉയർത്തിക്കൊണ്ട് അവരിൽ നിന്ന് കരാറും ഉറപ്പും വാങ്ങിയത്, ബൈത്തുൽ മുക്വദ്ദസിലേക്കു പ്രവേശിക്കുമ്പോൾ സുജൂദ് ചെയ്തുകൊണ്ട് പ്രവേശിക്കണമെന്ന കൽപന അവർ നിരസിച്ചത് ; ശനിയാഴ്ച മത്സ്യം പിടിക്കരുതെന്ന് കൽപിച്ചിട്ട് ആ കൽപന ലംഘിച്ചത്, തൗറാത്ത് അനുസരിച്ചു കൊള്ളാമെന്ന പ്രതിജ്ഞക്ക് വിരുദ്ധമായി പ്രവർത്തിച്ചത് എന്നിങ്ങനെ അവരിൽ കഴിഞ്ഞുപോയതും , അവർക്ക് നിഷേധിക്കുവാനാകാത്തതുമായ ഏതാനും സംഭവങ്ങൾ അവരുടെ ധിക്കാരത്തിന് ഉദാഹരണമായി ഈ വചനങ്ങളിൽ അല്ലാഹു എടുത്തു കാട്ടിയിരിക്കുന്നു. വിശദീകരണമൊന്നും കൂടാതെ അനുസ്മരിപ്പിക്കുക മാത്രമാണ് ഇവിടെ അല്ലാഹു ചെയ്തിരിക്കുന്നത്.പശുക്കുട്ടിയെ ആരാധിച്ചതിനെപ്പറ്റി സൂ: അഅ്റാഫിലും സൂ: ത്വാഹായിലും വിവരിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾ അവിടങ്ങളിൽ കാണാവുന്നതാണ്. മറ്റു സംഭവങ്ങളെക്കുറിച്ചെല്ലാം സൂറത്തുൽ ബക്വറഃയിൽ മുമ്പ് വേണ്ടത്ര വിവരിച്ചു കഴിഞ്ഞിട്ടുമുണ്ട്. അതുകൊണ്ട് ഇവിടെ അതൊന്നും കൂടുതൽ വിസ്തരിക്കുന്നില്ല.

فَبِمَا نَقْضِهِم مِّيثَٰقَهُمْ
وَكُفْرِهِم بِـَٔايَٰتِ ٱللَّهِ
وَقَتْلِهِمُ ٱلْأَنۢبِيَآءَ بِغَيْرِ حَقٍّ
وَقَوْلِهِمْ قُلُوبُنَا غُلْفٌۢ

﴾155﴿ എന്നിട്ട് , അവരുടെ (കരാർ) ഉറപ്പ് അവർ ലംഘിച്ചതുകൊണ്ടും, അല്ലാഹുവിന്റെ 'ആയത്തു' [ലക്ഷ്യം] കളിൽ അവർ അവിശ്വസിച്ചതുകൊണ്ടും , ഒരു ന്യായവും കൂടാതെ പ്രവാചകന്മാരെ അവർ കൊലപ്പെടുത്തിയതുകൊണ്ടും, 'ഞങ്ങളുടെ ഹൃദയങ്ങൾ ഉറയി (ട്ടു മൂ) ടപ്പെട്ടവയാകുന്നുവെന്ന്' അവർ പറഞ്ഞതു

بَلْ طَبَعَ ٱللَّهُ عَلَيْهَا بِكُفْرِهِمْ فَلَا يُؤْمِنُونَ إِلَّا قَلِيلًا ﴿١٥٥﴾

കൊണ്ടും (അവർ ശപിക്കപ്പെട്ടു).

പക്ഷേ ,(മൂടപ്പെടുകയല്ല-) അവരുടെ അവിശ്വാസം നിമിത്തം അല്ലാഹു അവയുടെമേൽ മുദ്രകുത്തിയിരിക്കുകയാണ്. ആകയാൽ, അൽപമായിട്ടല്ലാതെ അവർ വിശ്വസിക്കുകയില്ല.

وَبِكُفْرِهِمْ وَقَوْلِهِمْ عَلَىٰ مَرْيَمَ بُهْتَٰنًا عَظِيمًا ﴿١٥٦﴾

﴾156﴿ (അതെ) അവരുടെ അവിശ്വാസം കൊണ്ടും, മർയമിന്റെ പേരിൽ വമ്പിച്ച കള്ളാരോപണം അവർ പറഞ്ഞതുകൊണ്ടും:-

وَقَوْلِهِمْ إِنَّا قَتَلْنَا ٱلْمَسِيحَ عِيسَى ٱبْنَ مَرْيَمَ رَسُولَ ٱللَّهِ

﴾157﴿ 'നിശ്ചയമായും, അല്ലാഹുവിന്റെ റസൂലായ മർയമിന്റെ മകൻ ഈസാ എന്ന 'മസീഹി' നെ ഞങ്ങൾ കൊലപ്പെടുത്തിയിരിക്കുന്നുവെന്ന്' അവർ പറഞ്ഞതുകൊണ്ടും (അവർ ശപിക്കപ്പെട്ടിരിക്കുന്നു)

وَمَا قَتَلُوهُ وَمَا صَلَبُوهُ وَلَٰكِن شُبِّهَ لَهُمْ ۚ

(വാസ്തവമാകട്ടെ) അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല, അദ്ദേഹത്തെ അവർ ക്രൂശിച്ചിട്ടുമില്ല താനും. എങ്കിലും , അവർക്ക് തിരിച്ചറിയാതാക്കപ്പെട്ടിരിക്കുകയാണ്.

وَإِنَّ ٱلَّذِينَ ٱخْتَلَفُوا۟ فِيهِ لَفِى شَكٍّ مِّنْهُ ۚ مَا لَهُم بِهِۦ مِنْ عِلْمٍ إِلَّا ٱتِّبَاعَ ٱلظَّنِّ ۚ

നിശ്ചയമായും, അദ്ദേഹത്തിന്റെ കാര്യത്തിൽ ഭിന്നാഭിപ്രായത്തിലായവർ, അദ്ദേഹ (ത്തിന്റെ സംഭവ) ത്തെക്കുറിച്ചു സംശയത്തിൽ തന്നെയാണു (ഉള്ളത്) . അവർക്ക് അദ്ദേഹത്തെക്കുറിച്ചു യാതൊരു അറിവുമില്ല -ഊഹത്തെ പിൻപറ്റലല്ലാതെ

وَمَا قَتَلُوهُ يَقِينًۢا ﴿١٥٧﴾

ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല:-

بَل رَّفَعَهُ ٱللَّهُ إِلَيْهِ ۚ

﴾158﴿ പക്ഷേ, അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്.

وَكَانَ ٱللَّهُ عَزِيزًا حَكِيمًا ﴿١٥٨﴾

അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

﴿155﴾ فَبِمَا എന്നിട്ടു (അങ്ങനെ) نَقْضِهِمْ അവരുടെ ലംഘനം കൊണ്ട് مِيثَاقَهُمْ അ
വരുടെ ഉറപ്പിനെ, കരാറിനെ وَكُفْرِهِمْ അവരുടെ അവിശ്വാസം بِآيَاتِ اللَّهِ അല്ലാഹു
വിന്റെ ആയത്തു (ലക്ഷ്യം-ദൃഷ്ടാന്തം-വചനം) കളിൽ وَقَتْلِهِمُ അവരുടെ കൊലചെ
യ്യലും الأَنْبِيَاءَ നബി (പ്രവാചകൻ) മാരെ بِغَيْرِ حَقٍّ ഒരു കാര്യം (ന്യായം-അവകാശം)
ഇല്ലാതെ وَقَوْلِهِمْ അവരുടെ വാക്കും, അവർ പറഞ്ഞതും قُلُوبُنَا ഞങ്ങളുടെ ഹൃദയങ്ങൾ
غُلْفٌ മൂടി (ഉറ) ഇടപ്പെട്ടവയാണ് بَلْ طَبَعَ പക്ഷേ മുദ്രകുത്തിയിരിക്കയാണ് اللَّهُ അല്ലാഹു
عَلَيْهَا അവക്കു, അവയുടെ മേൽ بِكُفْرِهِمْ അവരുടെ അവിശ്വാസം നിമിത്തം فَلَا يُؤْمِنُونَ
അതിനാൽ (എനി) അവർ വിശ്വസിക്കയില്ല إِلَّا قَلِيلًا അൽപമല്ലാതെ ﴿156﴾ وَبِكُفْرِهِمْ
അവരുടെ അവിശ്വാസം കൊണ്ടും وَقَوْلِهِمْ അവരുടെ വാക്കു(പറയൽ) കൊണ്ടും
عَلَىٰ مَرْيَمَ മർയമിന്റെമേൽ بُهْتَانًا കള്ളാരോപണം, നുണ عَظِيمًا വമ്പിച്ച ﴿157﴾ وَقَوْلِهِمْ അ
വരുടെ വാക്കും, പറയലും إِنَّا قَتَلْنَا നിശ്ചയമായും ഞങ്ങൾ കൊലപ്പെടുത്തി الْمَسِيحَ മ
സീഹിനെ عِيسَى ابْنَ مَرْيَمَ മർയമിന്റെ മകൻ ഈസായെ رَسُولَ اللَّهِ അല്ലാഹുവിന്റെ റസൂ
ലായ وَمَا قَتَلُوهُ അദ്ദേഹത്തെ അവർ കൊലചെയ്തിട്ടില്ലതാനും وَمَا صَلَبُوهُ അദ്ദേഹത്തെ
അവർ ക്രൂശിച്ചിട്ടുമില്ല وَلَٰكِنْ പക്ഷേ شُبِّهَ തിരിച്ചറിയാതാക്കപ്പെട്ടിരിക്കയാണ് (യ
ഥാർത്ഥം തിരിയാതായി) لَهُمْ അവർക്ക് وَإِنَّ الَّذِينَ നിശ്ചയമായും യാതൊരു കൂട്ടർ
اخْتَلَفُوا അവർ ഭിന്നാഭിപ്രായത്തിലായി فِيهِ അദ്ദേഹത്തി (ന്റെകാര്യത്തി)ൽ لَفِي شَكٍّ സം
ശയത്തിൽതന്നെയാണ് مِنْهُ അദ്ദേഹത്തെപ്പറ്റി مَا لَهُمْ بِهِ അദ്ദേഹത്തെ (അതിനെ) കുറിച്ചു
അവർക്കില്ല مِنْ عِلْمٍ അറിവിൽനിന്ന് (ഒന്നും), ഒരറിവും إِلَّا اتِّبَاعَ പിൻപറ്റലല്ലാതെ
الظَّنِّ ഊഹത്തെ , ധാരണയെ وَمَا قَتَلُوهُ അദ്ദേഹത്തെ അവർകൊലപ്പെടുത്തിയിട്ടില്ല
يَقِينًا ഉറപ്പായിട്ട് ﴿158﴾ بَلْ പക്ഷേ, എന്നാൽ رَفَعَهُ اللَّهُ അല്ലാഹു അദ്ദേഹത്തെ ഉയർത്തി
യിരിക്കയാണ് إِلَيْهِ അവങ്കലേക്ക്, തന്നിലേക്ക് وَكَانَ اللَّهُ അല്ലാഹു ആകുന്നു عَزِيزًا പ്ര
താപശാലി حَكِيمًا അഗാധജ്ഞൻ, യുക്തിമാൻ

യഹൂദികളെ സംബന്ധിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നതെന്ന് വ്യക്തമാണ്. അവർ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമായിത്തീർന്നതിനുള്ള ഏതാനും കാരണങ്ങളാണ് അല്ലാഹു എടുത്തു കാട്ടുന്നത്.

(1) കരാറുകളും പ്രതിജ്ഞകളും അവർ ലംഘിച്ചു കൊണ്ടിരുന്നത്.

(2) അല്ലാഹുവിന്റെ ആയത്തുകളിലുള്ള അവിശ്വാസം. വേദഗ്രന്ഥം മുഖേന ലഭിച്ച ലക്ഷ്യങ്ങളിലും, മൂസാ നബി (അ) യുടെ കൈക്കും മറ്റും വെളിവായ ദൃഷ്ടാന്തങ്ങളിലും, ബുദ്ധിപരമായ ദൃഷ്ടാന്തങ്ങളിലുമുള്ള എല്ലാ അവിശ്വാസവും നിഷേധവും ഇതിൽ ഉൾപെടുന്നു.

(3) യാതൊരു ന്യായവും കൂടാതെ - തനി അക്രമവും ധിക്കാരവുമായി- പല പ്രവാചകൻമാരെയും കൊലപ്പെടുത്തിയത്. ഈ സംഗതികളെക്കുറിച്ചു സൂറത്തുൽ ബക്വറഃ

(61 മുതലായവ) യിൽ മുമ്പു വിവരിച്ചു കഴിഞ്ഞതാണ്. സൂറത്തുൽ അഅ്റാഫിൽ വെച്ചു എനിയും പല വിവരങ്ങളും കണാവുന്നതുമാകുന്നു إن شاء الله

(4) ഞങ്ങളുടെ ഹൃദയങ്ങൾ ഉറയിട്ടു മൂടിക്കിടക്കുകയാണ്- നിങ്ങൾ ഉപദേശിക്കുന്നതൊന്നും ഞങ്ങളുടെ ഹൃദയത്തിലേക്ക് കടക്കുകയില്ല - എന്ന് പറഞ്ഞുകൊണ്ട് മർക്കട മുഷ്ടി കാണിക്കുകയാണവർ ചെയ്യുന്നത്. ഇതിനെപ്പറ്റി അൽബക്വറഃ 88-ാം വചനത്തിലും വ്യാഖ്യാനത്തിലും മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഞങ്ങളുടെ ഹൃദയങ്ങൾ വിജ്ഞാനം കൊണ്ട് നിറയ്ക്കപ്പെട്ട ഉറകളാണ്-അതുകൊണ്ട് എനി പുതുതായ അറിവുകൾക്കൊന്നും അതിൽ സ്ഥാനമില്ല-എന്ന അർത്ഥത്തിലും ആ വാക്ക് വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടെന്നും, രണ്ടായാലും ഒരേ സാരത്തിലാണ് കലാശിക്കുന്നതെന്നും നാമവിടെ ചൂണ്ടിക്കാട്ടിയിരിക്കുന്നു.

അവരുടെ ഹൃദയങ്ങളിലേക്ക് ഉപദേശങ്ങളൊന്നും കടക്കുന്നില്ലെന്നുള്ളത് ശരി തന്നെയാണെങ്കിലും അതിന് അവർ പറഞ്ഞ കാരണം ശരിയല്ലെന്നും, യഥാർത്ഥ കാരണം മറ്റൊന്നാണെന്നും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതെ ....بَلْ طَبَعَ اللَّهُ عَلَيْهَا (പക്ഷേ, അവരുടെ അവിശ്വാസം നിമിത്തം അല്ലാഹു അവക്ക് മുദ്ര വെച്ചിരിക്കുകയാണ്) ഇതാണതിന് യഥാർത്ഥ കാരണം. അവരുടെ സത്യനിഷേധവും മർക്കട മുഷ്ടിയും അത്രക്ക് മുഴുത്തു പോയിട്ടുണ്ട്. സത്യവിശ്വാസം അവരുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുവാൻ മാർഗമില്ലാതായിത്തീർന്നിരിക്കുന്നു എന്ന് സാരം. കവിഞ്ഞപക്ഷം, ഏതെങ്കിലും അൽപം ചില വ്യക്തികൾ വിശ്വസിച്ചെന്നു വരാം. അല്ലെങ്കിൽ അവരിൽ നാമമാത്രമായ വിശ്വാസം പ്രകടമായെന്നു വരാം. അതിൽ കവിഞ്ഞൊന്നും അവരിൽനിന്ന് പ്രതീക്ഷിക്കുവാനില്ല എന്നു കൂടി അല്ലാഹു വ്യക്തമാക്കുന്നു. (فَلَا يُؤْمِنُونَ إِلَّا قَلِيلًا) അല്ലാഹുവിന്റെ ഈ പ്രസ്താവന അക്ഷരാർത്ഥത്തിൽ തന്നെ അനുഭവത്തിൽ കാണാവുന്നതുമാണല്ലോ.

(5) അവിശ്വാസവും, മർയമിന്റെ പേരിൽ വമ്പിച്ച കള്ളാരോപണം പറഞ്ഞുണ്ടാക്കിയതും . മർയം (അ) വ്യഭിചാരിണിയാണെന്നും, ഈസാ (അ)ജാരസന്താനമാണെന്നുമുള്ള യഹൂദ വാദമാണിതുകൊണ്ടു വിവക്ഷ. പിതാവില്ലാതെ ഈസാ (അ)ഭൂജാതനായപ്പോൾ ജനങ്ങൾ മർയമിനെ ആക്ഷേപിക്കയുണ്ടായെന്നും, മർയം മൗനംദീക്ഷിച്ചുകൊണ്ട് തൊട്ടിലിൽ കിടക്കുന്ന കുട്ടിയുടെ നേരെ ചൂണ്ടിക്കാട്ടിയെന്നും, താൻ അല്ലാഹുവിന്റെ അടിയാനാകുന്നു-തന്നെ അല്ലാഹു പ്രവാചകനാക്കിയിട്ടുണ്ട്- എന്നും മറ്റും കുട്ടി അവരോട് മറുപടി പറഞ്ഞുവെന്നും സൂറത്തു മർയമിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ആദ്യം അവർക്ക് മർയമിനെക്കുറിച്ച് സംശയം തോന്നിയെങ്കിലും ഇതോടുകൂടി ആ സംശയം അവസാനിക്കുകയുണ്ടായി. ഇസ്റാഈല്യർക്കിടയിൽ ആദരണീയവും ഉന്നതവുമായി കരുതപ്പെട്ടിരുന്ന ഒരു കുടുംബത്തിലെ അംഗമായിരുന്ന മർയമിനോടും, അസാധാരണമായ നിലയിൽ ജനിച്ച ആ അൽഭുതശിശുവിനോടും അവർ വളരെ ബഹുമാനപൂർവ്വം പെരുമാറിപ്പോരുകയും ചെയ്തു.പിന്നീട് അദ്ദേഹത്തിന് പ്രവാചകത്വം സിദ്ധിക്കുകയും അതിനെത്തുടർന്നു അവരുടെ ദുർനടപടികളെയും തോന്നിയവാസങ്ങളെയും ആക്ഷേപിക്കുവാനും സന്മാർഗോപദേശം നൽകുവാനും ആരംഭിക്കുകയും ചെയ്തപ്പോൾ അവരുടെ മട്ടുമാറി. അദ്ദേഹത്തെ നിഷേധിക്കുവാനും അദ്ദേഹത്തോടു പക വെക്കുവാനും തുടങ്ങി . അങ്ങനെ , ആ പഴയ ആരോപണം പൂർവ്വോപരി ശക്തിയായ രൂപത്തിൽ വീണ്ടും അവർ ഘോഷിക്കുകയായി. അതുകൊണ്ടാണ് അതിനെപ്പറ്റി بُهْتَانًا عَظِيمًا (വമ്പിച്ച കള്ളാരോപണം) എന്ന് അല്ലാഹു വിശേഷിപ്പിക്കുന്നത്. (ഈസാ നബി(അ)യുടെ

ജനന സംഭവത്തെപ്പറ്റി സൂ: ആലുഇംറാനിലും സൂ: മർയമിലും വിവരിച്ചു കഴിഞ്ഞിട്ടുണ്ട്.)

(6) ഈസാ നബി(അ) യെ തങ്ങൾ ക്രൂശിച്ചു കൊലപ്പെടുത്തിയിരിക്കുന്നുവെന്നുള്ള അവരുടെ അഹങ്കാരവാദം. മർയമിന്റെ മകൻ ഈസാ മസീഹിനെ ഞങ്ങൾ കൊലപ്പെടുത്തി (قَتَلْنَا الْمَسِيحَ عِيسَى ابْنَ مَرْيَمَ) എന്നു മാത്രം പറഞ്ഞു മതിയാക്കാതെ 'അല്ലാഹുവിന്റെ റസൂലായ (رَسُولَ اللَّهِ) 'എന്നുകൂടി വിശേഷിപ്പിച്ചത് അവരുടെ പരിഹാസത്തെയും ധിക്കാരത്തെയുമാണ് സൂചിപ്പിക്കുന്നത്. മറ്റു പ്രവാചകൻമാരുടെ കൈക്കൊന്നും വെളിപ്പെട്ടിട്ടില്ലാത്ത പല ദിവ്യ ദൃഷ്ടാന്തങ്ങളും അദ്ദേഹത്തിന്റെ കൈക്ക് വെളിപ്പെട്ടു കണ്ടിട്ടുപോലും വ്യഭിചാര പുത്രനെന്നും, ആഭിചാരിയെന്നും കള്ളവാദിയെന്നുമൊക്കെ അദ്ദേഹത്തെപ്പറ്റി ആരോപിച്ചുകൊണ്ടിരുന്ന അവർ അദ്ദേഹത്തെപ്പറ്റി അദ്ദേഹം അല്ലാഹുവിന്റെ റസൂലാണെന്ന് എങ്ങിനെ സമ്മതിക്കും?!

ഈസാ (അ) ക്രൂശിച്ചു കൊല്ലപ്പെട്ടുവെന്നു യഹൂദികൾ മാത്രമല്ല, അവരെപ്പോലെ ക്രിസ്ത്യാനികളും വാദിക്കുകയും വിശ്വസിക്കുകയും ചെയ്തുവരുന്നു. പക്ഷേ , രണ്ടു കൂട്ടരും തമ്മിൽ വമ്പിച്ച ഒരു വ്യത്യാസമുണ്ട്. തങ്ങളുടെ ശത്രുവും വ്യഭിചാരസന്തതിയും കള്ളവാദിയുമാണെന്ന ആരോപണാടിസ്ഥാനത്തിൽ , ആ കൃത്യം തങ്ങളുടെ ധീരതയെയും കീർത്തിയെയും കുറിക്കുന്ന സംഭവമായിട്ടാണ് യഹൂദികൾ കരുതിപ്പോരുന്നതും. (*) ക്രിസ്ത്യാനികളാവട്ടെ മറ്റൊരു വിധത്തിലാണതിനെ വിലയിരുത്തുന്നത്. യഹൂദികളുടെ അക്രമപരവും, വഞ്ചനാപരവുമായ ഒരു കഠിന കഠോര കൃത്യമായിരുന്നു ആ സംഭവമെങ്കിലും ജന്മനാപാപിയായ മനുഷ്യ വർഗത്തിന്റെ പാപഭാരത്തിൽ നിന്ന് മനുഷ്യന് മോചനം ലഭിക്കുവാൻ വേണ്ടി ദൈവ പുത്രനായ യേശു (ഈസാ-അ) കുരിശു വരിച്ചതായിട്ടാണ് അവരതു കണക്കാക്കുന്നത്. ക്രിസ്തീയ മതത്തിന്റെ ഒന്നാമത്തെ അടിത്തറയായി അതവർ ഗണിക്കുകയും ചെയ്യുന്നു.

താഴെ വിവരിക്കുന്ന പ്രകാരം- അല്ലാഹു തന്നെ സൂചിപ്പിച്ചതുപോലെ - കുരിശു സംഭവം നടന്ന കാലത്തെ ക്രിസ്ത്യാനികൾക്കിടയിൽ അതു സംബന്ധിച്ച പ്രതികരണങ്ങൾ പലതരത്തിലായിരുന്നു. പിന്നീട് കുറേ കഴിഞ്ഞാണ് ക്രിസ്ത്യാനികളിൽ മേൽ പറഞ്ഞ വിശ്വാസ സിദ്ധാന്തം രൂഢമൂലമായിത്തീർന്നത്. മനുഷ്യ പിതാവായ ആദം (അ) സ്വർഗത്തിലെ വിലക്കപ്പെട്ട വൃക്ഷത്തിൽ നിന്ന് ഭുജിച്ചതിനെത്തുടർന്ന് മനുഷ്യവർഗം മുഴുക്കെ ജൻമനാ പാപികളായെന്നും, ഈ പാപത്തിൽ നിന്ന് മനുഷ്യവർഗത്തെ മോചിപ്പിക്കുവാനായി- മനുഷ്യാരംഭം മുതൽ സുദീർഘമായ ഒരു കാലഘട്ടം കഴിഞ്ഞ ശേഷം ഒരു സുവർണാവസരത്തിൽ- ദൈവം തന്റെ പുത്രനായ യേശുവിനെ മനുഷ്യരൂപത്തിൽ ഭൂമിയിലേക്കയച്ചുവെന്നും, അദ്ദേഹം കുരിശ് വരിച്ചു അതിനു പരിഹാരം വരുത്തിയെന്നും മറ്റുമാണ് നിലവിലുള്ള ക്രിസ്തീയ വിശ്വാസം. ക്രിസ്തുവിന്റെ കാലത്ത് അദ്ദേഹത്തിന്റെ ബദ്ധവൈരിയായി വർത്തിക്കുകയും, കുരിശു സംഭവം കഴിഞ്ഞ് ഏതാനും കൊല്ലങ്ങൾക്കു ശേഷം പെട്ടന്നൊരു മുഹൂർത്തം നോക്കി അദ്ദേഹത്തിന്റെ അപ്പോസ്തല

(*) പല ക്രിസ്തീയ സഭകളുടെയും പരമാദ്ധ്യക്ഷ സ്ഥാനം വഹിക്കുന്ന റോമിലെ പോപ്പ്, ഏതാണ്ട് രണ്ടായിരം കൊല്ലത്തോളം അവർ യഹൂദികളുടെ മേൽ വെച്ചു കെട്ടിപ്പോന്ന ഈ മഹാപാതകത്തിൽനിന്ന് അൽപം മുമ്പ് അവരെ ശുദ്ധമാക്കി മാപ്പു കൊടുത്തിരിക്കുകയാണ്. പാതിരിമാർ പറയുന്നതെല്ലാം ക്രിസ്ത്യാനികൾക്ക് മതമാണല്ലോ.

സ്ഥാനം അദ്ദേഹം തന്നെ തനിക്കു നൽകുകയുണ്ടായെന്ന് അവകാശപ്പെട്ടു കൊണ്ടു രംഗത്തിറങ്ങുകയും ചെയ്ത 'വിശുദ്ധപൗലോസ് ' എന്ന മനുഷ്യൻ (*) രൂപ കൽപന ചെയ്തുണ്ടാക്കിയതാണ് വാസ്തവത്തിൽ ഈ സിദ്ധാന്തം.

കുരിശു സംഭവത്തെ സംബന്ധിച്ചു വിശദമായ വിവരങ്ങളൊന്നും ക്വുർആനിൽ ഇല്ല. എങ്കിലും, ആ സംഭവത്തിൽ ഈസാ (അ) കുരിശിൽ തറക്കപ്പെടുകയോ വധിക്കപ്പെടുകയോ ഉണ്ടായിട്ടില്ലെന്നും, അവർക്ക് യഥാർത്ഥ സംഭവം തിരിച്ചറിയാതെ പോയിരിക്കയാണെന്നും, അങ്ങിനെ സംഭവിച്ചിട്ടുണ്ടെന്ന് പറയുന്നവരുടെ അടുക്കൽ ഊഹാപോഹങ്ങളല്ലാതെ യാതൊരു തെളിവുമില്ലെന്നും അർത്ഥശങ്കക്ക് ഇടമില്ലാത്ത വണ്ണം അല്ലാഹു ഖണ്ഡിതമായി പ്രഖ്യാപിച്ചിരിക്കുന്നു.സൂ: ആലുഇംറാൻ 54,55 എന്നീ വചനങ്ങളുടെ വിവരണത്തിൽ ഈ വിഷയകമായി നാം കുറെയെല്ലാം വിശദീകരിച്ചു കഴിഞ്ഞിട്ടുണ്ട്. നമ്മുടെ മുമ്പിലിരിക്കുന്ന ഈ രണ്ടു (157,158) വചനങ്ങളും ഉദ്ധരിച്ചുകൊണ്ടു കുരിശു സംഭവത്തിന്റെ പല വശങ്ങളെപ്പറ്റിയും അവിടെ നാം ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. (الحمد لله) അതുകൊണ്ട് കൂടുതലൊന്നും ഇവിടെ സംസാരിക്കേണ്ടതില്ല. ബന്ധപ്പെട്ട ചില സംഗതികളിലേക്കു ശ്രദ്ധക്ഷണിക്കുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ.

(1) ഒരു കുരിശു സംഭവം നടന്നിട്ടുണ്ടെങ്കിലും അതിൽ ഈസാ (അ) കൊല്ലപ്പെട്ടിട്ടില്ലെന്നും, യഥാർത്ഥത്തിൽ അവിടെ നടന്നതെന്താണെന്ന് അവർക്ക് തിരിച്ചറിയാതെ പോയതാണെന്നും (وَمَا قَتَلُوهُ وَمَا صَلَبُوهُ وَلَٰكِن شُبِّهَ لَهُمْ) ആണല്ലോ അല്ലാഹു പറഞ്ഞതിന്റെ അർത്ഥം. ഈ തിരിച്ചറിയാതിരിക്കലിനുള്ള കാരണം അല്ലാഹു വ്യക്തമാക്കിയിട്ടില്ല. ബൈബ്ളിലെ പുതിയ നിയമ പുസ്തകങ്ങളിൽ ഈ സംഭവത്തെ സംബന്ധിച്ചു വന്ന പ്രസ്താവനകൾ പരിശോധിച്ചാൽ, ക്രൂശിക്കപ്പെട്ട ആൾ ഈസാ (അ) ആയിരുന്നില്ല- അദ്ദേഹമാണെന്ന ധാരണയിൽ മറ്റൊരാളാണ് ക്രൂശിക്കപ്പെട്ടത്-എന്ന് വരുവാനുള്ള പല സാധ്യതകളും അതിൽ തെളിഞ്ഞു കാണാം. സംഭവത്തിന്റെ യഥാർത്ഥ രൂപം -അത് ശരിയോ തെറ്റോ ആവട്ടെ-ഇന്നിന്ന പ്രകാരമാണെന്ന് ബൈബ്ളിന്റെ ഉദ്ധരണികളെ അടിസ്ഥാനമാക്കി നിർണയിച്ചു പറയുക സാധ്യമല്ലതാനും. അത്രയും പരസ്പര വിരുദ്ധങ്ങളാണവ. ആ സ്ഥിതിക്ക് وَمَا قَتَلُوهُ يَقِينًا (അവർ അദ്ദേഹത്തെ ഉറപ്പായും കൊലചെയ്തിട്ടില്ല) എന്ന് അല്ലാഹു പറഞ്ഞത് ക്രിസ്ത്യാനികളും -വായ കൊണ്ടല്ലെങ്കിൽ മനസ്സുകൊണ്ടെങ്കിലും-സമ്മതിക്കാതിരിക്കുവാൻ ന്യായമില്ല.

(2) ഈസായുടെ വിഷയത്തിൽ ഭിന്നാഭിപ്രായത്തിൽ നിലകൊള്ളുന്നവർ അദ്ദേഹത്തെ സംബന്ധിച്ചു സംശയത്തിൽ തന്നെയാണുള്ളത്. അവർക്ക് അദ്ദേഹത്തിന്റെ സംഭവത്തെപ്പറ്റി ശരിയായ ഒരു വിവരവുമില്ല, അവർ ഊഹത്തെ പിൻപറ്റുക മാത്രമാണ് ചെയ്യുന്നത്, അദ്ദേഹത്തെ അവർ കൊന്നുകളഞ്ഞിട്ടുണ്ടെന്ന യാതൊരു ഉറപ്പും അവർക്കില്ല എന്നൊക്കെ അല്ലാഹു തറപ്പിച്ചു പറയുന്നു. ഈസാ നബി(അ) യെക്കുറിച്ചു യഹൂദികൾ വ്യഭിചാര പുത്രനെന്നും, ആഭിചാരിയെന്നും കള്ളവാദിയെന്നും പറഞ്ഞുവരുന്നു. അതേ സമയം ക്രിസ്ത്യാനികൾ അദ്ദേഹത്തെ ദൈവപുത്രനെന്നും , അതല്ല ദൈവം തന്നെയാണെന്നും, ത്രിയേകത്വത്തിലെ പുത്രഭൂതമാണെന്നുമൊക്കെ വാദിക്കുന്നു. എല്ലാറ്റിനും ആധാരം ഊഹം തന്നെ. എനി കുരിശു സംഭവത്തെപ്പറ്റി പറയുകയാണെങ്കിൽ , അത്രത്തോളം അഭിപ്രായ ഭിന്നിപ്പുകൾ നിലവിലുള്ള ഒരു സംഭവം വേദക്കാർക്കിടയിൽ

[*] സെന്റ് പോൾ (S. T. Paul) എന്നും بُولس القديس എന്നും പറയുന്നത് പൗലോസിനെപ്പറ്റി തന്നെ.

വേറെയുണ്ടോ എന്ന് സംശയമാണ്. കുരിശിൽ തറച്ചത് യേശുവിനെയല്ല, അദ്ദേഹത്തോട് രൂപസാദൃശ്യമുള്ള വേറെ ഒരാളെയായിരുന്നുവെന്ന് അവരിൽ തന്നെ അഭിപ്രായക്കാരുണ്ട്. കുരിശിൽ തറക്കപ്പെട്ടത് അദ്ദേഹം തന്നെയാണെങ്കിലും അദ്ദേഹം അതിൽ വെച്ച് മരണമടഞ്ഞിട്ടില്ലെന്ന് വേറെ ചിലർ പറയുന്നു.

അതല്ല, കുരിശിൽ വെച്ച് മരിച്ചുവെങ്കിലും പിന്നീട് ഉയിർത്തെഴുന്നേൽക്കുകയും ശിഷ്യൻമാരെ ഉപദേശിക്കുകയും ചെയ്തെന്നാണ് വേറൊരു അഭിപ്രായം. ശരീരം മാത്രം ക്രൂശിക്കപ്പെട്ടു-ആത്മാവ് ഉയർത്തപ്പെട്ടു- എന്നും ചിലർ പറയുന്നു. കൂടാതെ, വേറെയും അഭിപ്രായങ്ങൾ കാണാം . ചുരുക്കിപ്പറഞ്ഞാൽ, തങ്ങൾ യേശുവിനെ ക്രൂശിച്ചു കൊന്നുവെന്ന് അഹങ്കരിക്കുന്ന യഹൂദികൾക്കോ, കുരിശു സംഭവം തങ്ങളുടെ മോക്ഷത്തിനുള്ള ഏകമാർഗമാക്കിത്തീർത്ത ക്രിസ്ത്യാനികൾക്കോ ആസംഭവത്തിന്റെ യാഥാർത്ഥ്യത്തെപ്പറ്റി ഒരു എത്തും പിടിയുമില്ല. അനേകം ഊഹങ്ങളുണ്ടായിരുന്നതിൽ നിന്ന് ചിലതിന് അവർക്കിടയിൽ ക്രമേണ പ്രചാരണവും സ്ഥിരീകരണവും ലഭിക്കുകയും അത് ക്രിസ്തുമതത്തിന്റെ അടിത്തറയായി ഗണിക്കപ്പെട്ടുവരുകയും ചെയ്തുവെന്നു മാത്രം.

(3) ശരി, ഈസാ (അ) കൊല്ലപ്പെടുകയോ ക്രൂശിക്കപ്പെടുകയോ ഉണ്ടായിട്ടില്ല. എന്നാൽ പിന്നെ അദ്ദേഹത്തിന്റെ കഥയെന്തായി? അതെ , بَل رَّفَعَهُ ٱللَّهُ إِلَيْهِ (അല്ലാഹു അദ്ദേഹത്തെ തന്റെ അടുക്കലേക്കു ഉയർത്തി.) അതാണ് സംഭവിച്ചത്. ഉയർത്തൽ എങ്ങനെയാണുണ്ടായത്? ജഡത്തോടുകൂടിയോ അല്ലേ? ഉറക്കത്തിലോ ഉണർച്ചയിലോ? അദ്ദേഹം ഇപ്പോൾ എവിടെയുണ്ട്? അവിടെ അദ്ദേഹത്തിന്റെ ജീവിതരീതി എങ്ങിനെയാണ്? ഇതൊന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. ഉറപ്പിച്ചും വിശദീകരിച്ചും പറയത്തക്ക വേറെ തെളിവുകളുമില്ല. എന്നാൽ, ഈ സംശയങ്ങൾക്ക് സ്വയം സമാധാനം കണ്ടെത്തുവാൻ സഹായകമാകുന്ന ചില വസ്തുതകൾ കൂടി ഇവിടെ ചൂണ്ടിക്കാട്ടാം :-

(ഒന്ന്) 'അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല' എന്നും 'അദ്ദേഹത്തെ അവർ ക്രൂശിച്ചിട്ടുമില്ല' എന്നും പറഞ്ഞതിലെ 'അദ്ദേഹം' എന്ന സർവ്വനാമംകൊണ്ട് വിവക്ഷ ശരീരവും ആത്മാവും ചേർന്നുള്ള ഈസാ നബി(അ)യല്ലാതെ മറ്റൊന്നുമല്ലെന്നു പറയേണ്ടതില്ലല്ലോ. എന്നിരിക്കെ, അതിനെത്തുടർന്നു بَل رَّفَعَهُ ٱللَّهُ (പക്ഷേ, അല്ലാഹു അദ്ദേഹത്തെ ഉയർത്തി) എന്ന് പറയുമ്പോൾ അതേ ശരീരവും ആത്മാവും ചേർന്നുള്ള ഈസാ (അ) യെത്തന്നെ ആയിരിക്കുവാനേ നിവൃത്തിയുള്ളൂ.മറ്റൊരർത്ഥം കൽപിക്കുന്നത് സാഹസവും യുക്തിഹീനവുമാകുന്നു.

(രണ്ട്) ഒരു അസാധാരണ സംഭവമെന്ന നിലക്കാണ് ഈ ഉയർത്തലിനെപ്പറ്റി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്. ഈസാ നബി (അ) യെക്കുറിച്ച്-അതും കുരിശു സംഭവത്തോട് അനുബന്ധിച്ചുകൊണ്ട്-മാത്രമേ 'തന്നിലേക്കു ഉയർത്തുക എന്ന വാക്ക് അല്ലാഹു പ്രയോഗിച്ചിട്ടുള്ളൂ. മറ്റേതെങ്കിലും ഒരാളെക്കുറിച്ചോ, ഏതെങ്കിലും സംഭവത്തെത്തുടർന്നോ ഈ പ്രയോഗം ക്വുർആനിൽ വന്നിട്ടില്ല. അദ്ദേഹത്തിന്റെ ആത്മാവിനെ മാത്രമാണ് ഉയർത്തിയിരുന്നതെങ്കിൽ , അതിന് ഈസാനബിയുമായോ, കുരിശു സംഭവവുമായോ ഒരു പ്രത്യേക ബന്ധവുമില്ല. എല്ലാ കൊല്ലപ്പെടുന്നവരുടെയും മരണപ്പെടുന്നവരുടെയും ആത്മാവ് ഉയർത്തപ്പെടുക പതിവാണല്ലോ.

(മൂന്ന്) മുമ്പ് വിവരിച്ച കാര്യങ്ങൾക്ക് സ്ഥിരീകരണം നൽകുന്നവിധം അനുയോജ്യമായ വല്ല സമാപന വാക്യങ്ങളുംകൊണ്ട് ആയത്തുകളെ അവസാനിപ്പിക്കുക ക്വുർആനിൽ സർവ്വ സാധാരണമാണ്. ഈ വിഷയം അല്ലാഹു അവസാനിപ്പിക്കുന്നത്

وَكَانَ اللَّهُ عَزِيزًا حَكِيمًا (അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു) എന്ന് പറഞ്ഞുകൊണ്ടാണ്. അവൻ ഉദ്ദേശിക്കുന്ന കാര്യം നടപ്പിൽ വരുത്തുന്നതിൽ അവന് തടസ്സമോ പരാജയമോ ബാധിക്കുകയില്ലെന്നും, അവന്റെ പ്രവർത്തനങ്ങൾ നീതിക്കും യുക്തിക്കും നിരക്കുന്നതുമായിരിക്കുമെന്നുമാണല്ലോ ഇതിവിടെ പറഞ്ഞതിന്റെ താൽപര്യം. എല്ലാവരുടെയും ആത്മാവിനെ ഉയർത്തുന്നതുപോലെ ഈസാ (അ)ന്റെ ആത്മാവും ഉയർത്തിയതാണെങ്കിൽ ഈ നാമ വിശേഷങ്ങൾ ഇവിടെ എടുത്തു പറഞ്ഞതിന് വലിയ പ്രസക്തിയൊന്നും കാണുന്നില്ല والله اعلم

(നാല്) ആലുഇംറാനിലെ ആയത്തിന്റെ വിവരണത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ, അദ്ദേഹത്തെ അല്ലാഹു ഉയർത്തി (رَفَعَهُ اللَّهُ) എന്ന് പറഞ്ഞു മതിയാക്കാതെ തന്റെ അടുക്കലേക്ക് ഉയർത്തി (رَفَعَهُ اللَّهُ إِلَيْهِ) എന്ന് പറഞ്ഞിരിക്കകൊണ്ട് -ചില സ്ഥാപിത താൽപര്യക്കാർ ചെയ്യുന്നതുപോലെ -അദ്ദേഹത്തിന് ഉന്നതമായ സ്ഥാനം നൽകി എന്ന് അതിന് അർത്ഥം കൽപിക്കുവാൻ നിവൃത്തിയില്ല. ഉയർത്തിക്കൊണ്ടുപോയി എന്ന് മാത്രമേ അർത്ഥമായിരിക്കുവാൻ നിവൃത്തിയുള്ളൂ.

(അഞ്ച്) കാലാവസാനത്തിൽ ഈസാ (അ) ഭൂമിയിലേക്ക് ഇറങ്ങിവരുമെന്നും, ഭൂമിയിൽ അദ്ദേഹം നീതി നടത്തുമെന്നും മറ്റും (അടുത്ത വചനത്തിന്റെ വ്യാഖ്യാനത്തിൽ ഉദ്ധരിക്കുന്നതുപോലെയുള്ള) അനേകം ബലവത്തായ ഹദീഥുകളാൽ സ്ഥാപിതമായതാണ്. ചില തൽപരകക്ഷികൾ ഒഴികെ മുസ്‌ലിംകൾ പൊതുവിൽ അതുശരിവെക്കുന്നവരുമാകുന്നു.

(ആറ്) അല്ലാഹു തന്റെ അടുക്കലേക്ക് ഉയർത്തി എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം, ആകാശത്തേക്ക്- ഉപരിലോകത്തുള്ള ഏതെങ്കിലും ഒരു സ്ഥലത്തേക്ക്-ഉയർത്തി എന്നായിരിക്കാമെന്നല്ലാതെ അതു സംബന്ധിച്ച് നമുക്ക് ഒന്നും തിട്ടപ്പെടുത്തി പറയുക സാധ്യമല്ല.

(ഏഴ്) അദ്ദേഹം സ്ഥിതി ചെയ്യുന്നത് എവിടെത്തന്നെ ആയിരുന്നാലും അവിടെ ജീവിക്കുവാനാവശ്യമായ എല്ലാ സാഹചര്യങ്ങളും അദ്ദേഹത്തിനവിടെ ഉണ്ടാക്കിക്കൊടുക്കുവാനും, അദ്ദേഹത്തിന്റെ പ്രകൃതം ആ സാഹചര്യങ്ങളുമായി ഇണക്കുവാനും കഴിവുള്ളവനാണല്ലോ അല്ലാഹു. ഭൂമിയിൽ ജീവിക്കാൻ ഭക്ഷണവും വെള്ളവും വായുവും അനിവാര്യമാക്കിവെച്ച അതേ സ്രഷ്ടാവിനു അവ കൂടാതെ ജീവിക്കാനുള്ള വല്ല വ്യവസ്ഥിതിയും ഏർപ്പെടുത്തുവാനോ , അവിടേക്കു യോജിച്ച വല്ല ജീവിതരീതിയും ഉണ്ടാക്കിക്കൊടുക്കുവാനോ പ്രയാസമൊന്നുമില്ല. നിലവിലുള്ള ഭൗതിക നിയമങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായിക്കൊണ്ട് പിതാവില്ലാതെ അദ്ദേഹത്തെ ജനിപ്പിക്കുകയും, മറ്റാർക്കും സിദ്ധിക്കാത്ത ഒരു പ്രത്യേകതയായി അദ്ദേഹത്തെ ഭൂമിയിൽ നിന്ന് ഉയർത്തുകയും ചെയ്ത സ്ഥിതിക്ക് അദ്ദേഹത്തിന് പ്രത്യേകമായ ഒരു ജീവിതരീതി അവിടെ അല്ലാഹു നൽകിയെങ്കിൽ അതിൽ അവിശ്വസനീയമായി ഒന്നും തന്നെയില്ല.

(എട്ട്) ഭൂലോകത്ത് നമ്മുടെ കണക്കു പ്രകാരം കൊല്ലങ്ങൾ കഴിയുമ്പോൾ, ഉപരിമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ചില ഗ്രന്ഥങ്ങളിൽ കേവലം ദിവസങ്ങളോ, നാഴികകളോ മാത്രമായിരിക്കും അവയെന്ന് ശാസ്ത്രജ്ഞൻമാർ കാര്യകാരണ സഹിതം സ്ഥാപിക്കാറുള്ളതും സ്മരണീയമാകുന്നു. വളരെ ക്ലേശങ്ങൾ സഹിച്ചാണെങ്കിലും ചന്ദ്രഗോളത്തിൽ പോയി മനുഷ്യൻ നിരീക്ഷണങ്ങൾ നടത്തി തിരിച്ചു പോരുകയും , ചൊവ്വാഗ്രഹത്തിലും മറ്റും ചെന്നു നിരീക്ഷണം നടത്തുവാൻ ശുഭപ്രതീക്ഷയോടെ പരീക്ഷണം നട

ത്തിക്കൊണ്ടിരിക്കുകയും ചെയ്തുവരുന്ന ഇക്കാലത്ത് അഖിലാണ്ഡത്തിന്റെ സ്രഷ്ടാവ് ഒരു മനുഷ്യജീവിക്ക് ഈ ഭൗതിക പ്രകൃതിയിൽ നിന്നും വ്യത്യസ്തമായ ഒരു ജീവിതം ഉപരിലോകത്ത് എവിടെയെങ്കിലും നൽകുകയെന്നത് സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒട്ടും വിദൂരമായ കാര്യമല്ല. ശാസ്ത്രജ്ഞൻമാരെ സംബന്ധിച്ച് പറയുകയാണെങ്കിൽ അദൃശ്യ കാര്യങ്ങളിൽ നിരീക്ഷണം നടത്തി വിധി കൽപിക്കുവാൻ അവർക്ക് സാധ്യവുമല്ല.

وَإِن مِّنْ أَهْلِ ٱلْكِتَـٰبِ إِلَّا لَيُؤْمِنَنَّ بِهِۦ قَبْلَ مَوْتِهِۦ ۖ وَيَوْمَ ٱلْقِيَـٰمَةِ يَكُونُ عَلَيْهِمْ شَهِيدًا ﴿١٥٩﴾

﴾159﴿ വേദക്കാരിൽ നിന്ന് (ആരും) അദ്ദേഹത്തിന്റെ മരണത്തിന് മുമ്പ് തീർച്ചയായും അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കയില്ല. ഖിയാമത്തു നാളിലാകട്ടെ, അദ്ദേഹം അവരുടെ മേൽ സാക്ഷിയായിരിക്കുകയും ചെയ്യും

﴾159﴿ وَإِنْ ഇല്ല مِنْ أَهْلِ الْكِتَابِ വേദക്കാരിൽ നിന്ന് (ആരും) إِلَّا لَيُؤْمِنَنَّ തീർച്ചയായും (അവൻ) വിശ്വസിക്കാതെ بِهِ അദ്ദേഹത്തിൽ قَبْلَ مَوْتِهِ അദ്ദേഹത്തിന്റെ (അവന്റെ) മരണത്തിന്മുമ്പ് وَيَوْمَ الْقِيَامَةِ ഖിയാമത്തുനാളിലാകട്ടെ يَكُونُ അദ്ദേഹമായിരിക്കും عَلَيْهِمْ അവരുടെ മേൽ شَهِيدًا സാക്ഷി

ആദ്യത്തെ വാക്യത്തിന് രണ്ടു പ്രകാരത്തിൽ അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. ഒന്ന്: നാം പരിഭാഷയിൽ സ്വീകരിച്ച പ്രകാരം തന്നെ. മറ്റൊന്ന് : 'വേദക്കാരിൽ നിന്ന് ആരും തന്റെ മരണത്തിന് മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കുകയില്ല' എന്നാകുന്നു. بِهِ (ബിഹി) എന്ന വാക്കിലെ സർവ്വനാമം (ضمير)കൊണ്ടുദ്ദേശ്യം ഈസാ നബി (അ) യാണെന്നുള്ളതിൽ പക്ഷാന്തരമില്ല. مَوْتِهِ (മൗതിഹി) എന്ന വാക്കിലെ സർവ്വനാമം കൊണ്ടുദ്ദേശ്യം ഈസാ (അ) തന്നെ ആയിരിക്കുവാനും, വേദക്കാരിൽ നിന്നുള്ള ഓരോരുത്തനും ആയിരിക്കുവാനും സാധ്യതയുള്ളതാണ് ഈ അഭിപ്രായങ്ങൾക്ക് കാരണം. ഒന്നാമത്തെതനുസരിച്ച് ആ വാക്യത്തിന്റെ സാരം ഇപ്രകാരമായിരിക്കും: ഈസാ (അ) മരണപ്പെടുന്നതിനു മുമ്പ്- അദ്ദേഹം വീണ്ടും ഭൂമിയിൽ ഇറങ്ങി വന്ന ശേഷം ഭൂമിയിൽ വെച്ചു മരണമടയുന്നതിനു മുമ്പ്-അക്കാലത്തുള്ള വേദക്കാരിൽ ആരും അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കുകയില്ല. രണ്ടാമത്തെതനുസരിച്ചു സാരം ഇപ്രകാരമായിരിക്കും: വേദക്കാരായ ഓരോ ആളും അയാൾ മരണപ്പെടുന്നതിനുമുമ്പ് - അഥവാ മരണം കണ്ണിൽ കാണുകയും ഈ ലോകവുമായുള്ള ബന്ധം മുറിഞ്ഞു പോകുകയും ചെയ്യുന്ന അവസരത്തിൽ - അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കയില്ല. എന്നുവെച്ചാൽ, അതേവരെ താൻ ഈസാ (അ) നെക്കുറിച്ചു വെച്ചുപുലർത്തിപ്പോന്ന വിശ്വാസങ്ങളെല്ലാം തെറ്റാണെന്ന് ആ അവസരത്തിൽ അവനു ബോധ്യപ്പെടുകയും, ശരിയായ വിശ്വാസം പ്രകടിപ്പിക്കുകയും ചെയ്യുമെന്ന് താൽപര്യം. ഈ രണ്ടു അഭിപ്രായക്കാരിലും സ്വഹാബികളും , താബിഉകളുമടക്കം പല ഖുർആൻ വ്യാഖ്യാതാക്കളെയും കാണാവുന്നതാണ്.

വാസ്തവത്തിൽ വേദക്കാരുടെ മാത്രമല്ല, പിഴച്ച വിശ്വാസമാർഗങ്ങൾ സ്വീകരിച്ച എല്ലാവരുടെയും സ്ഥിതി ഒരേമാതിരി തന്നെയായിരിക്കും. അതായത് മരണവേളയിൽ അതേവരെയുള്ള പിഴച്ച വിശ്വാസങ്ങളിൽ നിന്ന് അവർ ഖേദിച്ചു മടങ്ങുകയും യഥാർത്ഥ

വിശ്വാസം പ്രകടിപ്പിക്കുകയും ചെയ്യും. പക്ഷേ , ആ സമയത്തുള്ള ആ വിശ്വാസം കൊണ്ട് യാതൊരു ഫലവും ഉണ്ടാകുവാനില്ല. ഈ സംഗതി ക്വുർആൻ കൊണ്ടും നബിവാക്യങ്ങൾ കൊണ്ടും വ്യക്തമായി അറിയപ്പെട്ടതാകുന്നു. അതോടുകൂടി بِهِ (ബിഹി) എന്നതിലെ സർവ്വനാമം ഈസാ നബി (അ)യെ ഉദ്ദേശിച്ചായ സ്ഥിതിക്ക്-സാധാരണഗതിയിൽ مَوْتِهِ (മൗതിഹി)എന്നതിലെ സർവ്വനാമവും അദ്ദേഹത്തെ ഉദ്ദേശിച്ചായിരിക്കുവാനാണ് കൂടുതൽ ന്യായവും കാണുന്നത്. الله اعلم

രണ്ടഭിപ്രായങ്ങൾക്കും നിദാനമായ പല രിവായത്തുകളും ഉദ്ധരിച്ചശേഷം മഹാനായ ഇബ്നുജരീർ (റ) ഒന്നാമത്തെ അഭിപ്രായമാണ് ശരിവെച്ചിരിക്കുന്നത്. അദ്ദേഹം ശരിവെച്ചതു തന്നെയാണ് ശരിയെന്ന് വ്യക്തമാക്കിക്കൊണ്ട് ഇബ്നു കഥീർ (റ) അതിന് പറഞ്ഞ ന്യായം ശ്രദ്ധേയമാകുന്നു. അതിന്റെ സാരം ഇപ്രകാരമാണ്: 'ഈസാ നബി (അ) യെ തങ്ങൾ കൊല ചെയ്യുകയോ ക്രൂശിക്കുകയോ ചെയ്തിട്ടുണ്ടെന്ന യഹൂദികളുടെ വാദത്തെയും, അജ്ഞരായ ക്രിസ്ത്യാനികൾ ആ വാദം സമ്മതിച്ചു വരുന്നതിനെയും ഖണ്ഡിക്കലാണ് കഴിഞ്ഞ വചനങ്ങളുടെ ലക്ഷ്യം. കാര്യം അവർ പറയുന്നത് പോലെയല്ല, അദ്ദേഹത്തോട് സദൃശ്യമായി തോന്നിയ ഒരാളെ മാത്രമാണവർ കൊന്നത്. യഥാർത്ഥം അവർക്ക് തിരിച്ചറിയാൻ കഴിഞ്ഞതുമില്ല, അദ്ദേഹത്തെ അല്ലാഹു തന്റെ അടുക്കലേക്ക് ഉയർത്തുകയാണുണ്ടായത് എന്നൊക്കെയാണ് അല്ലാഹു ആ വചനങ്ങളിൽ പ്രസ്താവിച്ചത്. അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്നും , ഭാവിയിൽ ഇറങ്ങിവന്നു ഇവിടെ പലതും പ്രവർത്തിക്കുമെന്നും, ഇസ്ലാമല്ലാതെ മറ്റൊന്നും അദ്ദേഹം അംഗീകരിക്കുകയില്ലെന്നും ധാരാളം ഹദീഥുകളാൽ സ്ഥാപിതമായിട്ടുണ്ട്. എന്നിരിക്കെ, അവിശ്വാസികളായ എല്ലാ വേദക്കാരും (അദ്ദേഹം ഇറങ്ങിവരുന്ന) ആ അവസരത്തിൽ വിശ്വസിക്കുക തന്നെ ചെയ്യുമെന്നു പറയുന്നതിനാണ് ഇവിടെ യോജിപ്പുള്ളത്. മരണവേളയിൽ-വിശ്വാസം ഫലം ചെയ്യാത്ത അന്ത്യഘട്ടത്തിൽ-എല്ലാ അവിശ്വാസികളും മുഹമ്മദ് നബി ﷺ യിലും, ഈസാ നബി (അ) യിലും വിശ്വസിക്കുമെന്നുള്ളത് യഥാർത്ഥം തന്നെ. എങ്കിലും, ഇവിടത്തെ സന്ദർഭം അത് വിവരിക്കുന്ന സന്ദർഭമല്ല.

ഇമാം ഇബ്നുതൈമിയ്യ (റ) ക്രിസ്ത്യാനികൾക്ക് ഖണ്ഡനമായി രചിച്ച **الجواب الصحيح لمن بدل دين المسيح** (മസീഹിന്റെ മതത്തെ മാറ്റി മറിച്ചവർക്ക് ശരിയായ മറുപടി) എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ ഒരു സന്ദർഭത്തിൽ (*) ഈ ആയത്ത് ഉദ്ധരിച്ചു വ്യാഖ്യാനിച്ചിട്ടുണ്ട്. നാം ഒന്നാമതായി ഉദ്ധരിച്ച ഭൂരിപക്ഷാഭിപ്രായത്തെ ശരിവെച്ചും രണ്ടാമത്തെ അഭിപ്രായത്തെ വിമർശിച്ചും കൊണ്ടുള്ള ആ വ്യാഖ്യാനത്തിൽ, ഇബ്നുകഥീർ ചൂണ്ടിക്കാട്ടിയ ന്യായത്തിന് ഒരു വിശദീകരണവും, ശ്രദ്ധേയമായ വേറെ ചില ന്യായങ്ങളും അടങ്ങിയിരിക്കുന്നു. അതിങ്ങിനെ ഗ്രഹിക്കാം:-

(1) വേദക്കാരിൽപെട്ട ആരും തീർച്ചയായും വിശ്വസിക്കാതിരിക്കയില്ല (وَإِن مِّنْ أَهْلِ الْكِتَابِ إِلَّا لَيُؤْمِنَنَّ) എന്നാണ് അല്ലാഹു പറയുന്നത്. യഹൂദികളും ക്രിസ്ത്യാനികളുമാണ് വേദക്കാർ. അപ്പോൾ, ഈസാ (അ) കള്ളവാദിയാണെന്ന് വാദിക്കുന്ന യഹൂദികളും, അദ്ദേഹം ദൈവപുത്രനാണെന്ന് വാദിക്കുന്ന ക്രിസ്ത്യാനികളും അദ്ദേഹത്തെക്കുറിച്ച് അദ്ദേഹം അല്ലാഹുവിന്റെ റസൂലും അടിമയുമാണെന്ന് വിശ്വസിക്കാതിരിക്കുകയില്ല എന്നാണിതിന്റെ അർത്ഥം. മരണവേളയിൽ യഥാർത്ഥമായ വിശ്വാസം വിശ്വസിക്കുമെന്നുള്ളതിൽ വേദക്കാരും അല്ലാത്തവരുമെന്ന വ്യത്യാസം ഇല്ല .ആ

(*) الجواب الصحيح ص ٢٨٣ ـ ج ٢ طبع مطابع المجد التجارية

വിശ്വാസം ഈസാ (അ) നെക്കുറിച്ചു മാത്രവുമായിരിക്കയില്ല. അവർ മുമ്പ് ഏതിനെയെല്ലാം നിഷേധിച്ചു വന്നിരുന്നുവോ അതിന്റെയെല്ലാം സത്യാവസ്ഥ അവർക്ക് അപ്പോൾ ബോധ്യപ്പെടുകയും അതിലെല്ലാം അവർ വിശ്വസിക്കുകയും ചെയ്യുന്നതാണ്.

(2) لَيُؤْمِنَنَّ (തീർച്ചയായും അവർ വിശ്വസിക്കുക തന്നെ ചെയ്യും) എന്നു ശപഥ (الْقَسَم) രൂപത്തിലുള്ള ക്രിയ ഭാവികാലത്തെ കുറിക്കുന്നത് (المستقبل) ആയിരിക്കുവാനേ നിവൃത്തിയുള്ളൂ. അപ്പോൾ അത് (ചുരുങ്ങിയ പക്ഷം) അല്ലാഹു ഈ വിവരം (ക്വുർആനിൽ) അറിയിച്ചത് മുതൽക്കുള്ള ആളുകളെക്കുറിച്ചായിരിക്കുവാനേ തരമുള്ളൂ. അഥവാ മരണവേളയിലുണ്ടാകുന്ന വിശ്വാസത്തെ ഉദ്ദേശിച്ചാണ് അതെന്നുവെക്കുന്ന പക്ഷം, അതിന് മുമ്പുള്ളവർക്കും പിമ്പുള്ളവർക്കും അതിൽ പ്രത്യേകതയൊന്നും ഉണ്ടായിരിക്കുവാനില്ലല്ലോ.

(3) قَبْلَ مَوْتِهِ (മരണത്തിന് മുമ്പ്) എന്നാണ് അല്ലാഹു പറഞ്ഞത്. (മരണവേളയിൽ എന്നോ മരണശേഷം എന്നോ അല്ല) ഈസാ നബി (അ) യുടെ മരണത്തിനു മുമ്പ്-അതായത്, അദ്ദേഹം ഭൂമിയിൽ ഇറങ്ങിവന്നു മരണമടയുന്നതിനുമുമ്പ്- അദ്ദേഹത്തിൽ അവർ വിശ്വസിക്കും എന്നായിരിക്കണം ഇതിന്റെ അർത്ഥം. അഥവാ, വേദക്കാരുടെ മരണത്തിനുമുമ്പ്- അദ്ദേഹത്തിൽ വിശ്വസിക്കും എന്നായിരിക്കണമല്ലോ അർത്ഥം. ഇതു ശരിയല്ലെന്ന് പറയേണ്ടതില്ല.

അവസാനകാലത്ത് ഈസാ (അ) ഭൂമിയിൽ ഇറങ്ങിവരും, അദ്ദേഹം ഭൂമിയിൽ നീതി നടത്തുകയും ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്യും, അദ്ദേഹം ദജ്ജാലിനെ കൊലപ്പെടുത്തും എന്നൊക്കെ വളരെ ഹദീഥുകളിൽ വന്നിട്ടുള്ളതാണ്. ഉദാഹരണത്തിന് ഒന്നുമാത്രം ഇവിടെ ഉദ്ധരിക്കാം. നബിﷺ അരുളിച്ചെയ്തതായി അബൂഹുറയ്റഃ (റ) ഉദ്ധരിക്കുന്നു: 'നീതിമാനായ ഒരു വിധി കർത്താവായ നിലയിൽ ഇബ്നുമർയം(ഈസാ-അ) നിങ്ങളിൽ ഇറങ്ങി വരുവാൻ സമയം അടുത്തുവരുന്നു. അദ്ദേഹം ദജ്ജാലിനെ കൊലപ്പെടുത്തും; പന്നികളെ കൊല്ലും; കുരിശു മുറിച്ചു കളയും, കപ്പം (കരം) നിറുത്തൽ ചെയ്യും; ധനം സ്വീകരിക്കാൻ ഒരാളും ഉണ്ടാകാതിരിക്കുകയും, ദുൻയാവിനെയും അതിലുള്ളതിനെയുംകാൾ ഒരു സുജൂദ് ഉത്തമമായിത്തീരുകയും ചെയ്യുമാറ് (അക്കാലത്ത്) ധനം ഒഴുകിക്കൊണ്ടിരിക്കുകയും ചെയ്യും.' ഈ നബി വചനം ഉദ്ധരിച്ചുകൊണ്ട് അബൂഹുറയ്റഃ (റ) ഇങ്ങിനെ പറയുകയും ചെയ്തിരുന്നു: 'നിങ്ങൾ വേണമെങ്കിൽ (ഇതിനു തെളിവായി)...وَإِن مِّنْ أَهْلِ الْكِتَابِ എന്ന ഈ വചനം ഓതിക്കൊള്ളുക.' (ബുഖാരിയും, മുസ്‌ലിമും അടക്കം പല ഹദീസു പണ്ഡിതൻമാരും പല മാർഗങ്ങളിലൂടെ രേഖപ്പെടുത്തിയതാണിത്.)

മസീഹുദ്ദജ്ജാൽ (المسيح الدجال) എന്ന ഒരു യഹൂദനായ കള്ളവാദി അവസാനകാലത്ത് പ്രത്യക്ഷപ്പെടുമെന്നും, അസാധാരണമായ പല കടുംകൃത്യങ്ങൾ നടത്തുവാനുള്ള കഴിവ് അവനുണ്ടായിരിക്കുമെന്നും, അതുവഴി അവൻ ജനങ്ങളെ വഴിപിഴപ്പിച്ചു കൊണ്ടിരിക്കുമെന്നും, യഹൂദികളായിരിക്കും അവന്റെ പ്രധാന അനുയായികളെന്നും, ഈസാ നബി (അ) യുടെ കൈക്കായിരിക്കും അവൻ കൊല്ലപ്പെടുകയെന്നും അനേകം ഹദീഥുകളിൽ വന്നിട്ടുള്ളതാണ്. 'യഅ്ജൂജ്-മഅ്ജൂജി ' ന്റെ പുറപ്പാട്, ദജ്ജാലിന്റെ വരവ്, ഈസാ നബി (അ) യുടെ വരവ്, സൂര്യൻ പടിഞ്ഞാറു നിന്നു ഉദയം ചെയ്യൽ എന്നിങ്ങനെയുള്ള ചില സംഭവങ്ങൾ ലോകാവസാന കാലങ്ങളിൽ ഉണ്ടാകുവാൻ പോകുന്ന ദൃഷ്ടാന്തങ്ങളാണെന്ന് പ്രവചിച്ചുകൊണ്ടുള്ള പല നബി വചനങ്ങൾ വേറെയും ഉണ്ട് . ഇവയിൽ ചിലതിനെപ്പറ്റി ചില പരാമർശങ്ങൾ 43: 61; 27: 82 എന്നീ വചനങ്ങളിലും അവയുടെ വ്യാഖ്യാനങ്ങളിലും കാണാം. യഅ്ജൂജ് -മഅ്ജൂജിനെപ്പറ്റി സൂറത്തുൽ കഹ്ഫിനു ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിലും പ്രസ്താവിച്ചിട്ടുണ്ട്.

ഇങ്ങിനെയുള്ള ഭാവി കാര്യങ്ങളെക്കുറിച്ച് ബലവത്തായ ഹദീഥുകളിൽ വ്യക്തമായ ഭാഷയിൽ പ്രസ്താവിച്ചു കാണുന്നതിനപ്പുറം കടന്നു വല്ല വിശദീകരണവും നൽകുവാൻ നമുക്ക് നിവൃത്തിയില്ല. യുക്തിന്യായങ്ങൾ മൂലമോ, ഭൗതികശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിലോ അവയെ നിഷേധിക്കുകയോ , പുതിയ വ്യാഖ്യാനങ്ങൾ നൽകി തൃപ്തി അടയുകയോ ചെയ്‌വാൻ ക്വുർആനിലും ഹദീഥിലും വിശ്വസിക്കുന്നവർക്കു പാടില്ലാത്തതുമാകുന്നു. ഒരുകാലത്ത് അലങ്കാരപ്രയോഗങ്ങളെന്നോ, പ്രത്യക്ഷാർത്ഥത്തിൽ സംഭവ്യമല്ലെന്നോ കരുതപ്പെട്ടിരുന്നതും , അതേ സമയത്ത് ഹദീഥുകളിൽ തുറന്ന ഭാഷയിൽ പ്രവചിക്കപ്പെട്ടിട്ടുള്ളതുമായ പല കാര്യങ്ങളും. അക്ഷരം പ്രതി പുലർന്നു കഴിഞ്ഞിട്ടുള്ളതിന് പല ഉദാഹരണങ്ങളും നമ്മുടെ അനുഭവത്തിലുണ്ട്. അതുപോലെ ഇതേവരെപുലർന്നു കഴിഞ്ഞിട്ടില്ലാത്ത പലതും ഭാവിയിൽ പുലർന്നുകൊണ്ടിരിക്കുക തന്നെ ചെയ്യുമെന്ന് നമുക്ക് ഉറപ്പിച്ചും തറപ്പിച്ചും പറയാവുന്നതാണ്. സാധാരണ ഗതിയിൽ വിദൂരമായിത്തോന്നുന്ന കാര്യങ്ങളിൽ -കുറഞ്ഞപക്ഷം -യഥാർത്ഥ ഉദ്ദേശ്യം അല്ലാഹുവിനും റസൂലിനും അറിയാമെന്നുവെച്ച് മൗനമവലംബിക്കുകയാണ് നാം ചെയ്യേണ്ടത്. അല്ലാത്തപക്ഷം, അത് വമ്പിച്ച അപകടത്തിൽ ചാടിച്ചേക്കുമെന്ന് ഓർക്കേണ്ടതാണ്. നമസ്കാരങ്ങളിലും മറ്റും ദജ്ജാലിന്റെ കുഴപ്പങ്ങളിൽ നിന്ന് രക്ഷക്കു വേണ്ടി പ്രാർത്ഥിക്കുവാൻ നബിﷺ കൽപിച്ചിട്ടുള്ളതിൽ നിന്ന് അവൻ മൂലം സംഭ വിക്കുന്ന ആപത്തുകൾ അതിഭയങ്കരങ്ങളാണെന്ന് വ്യക്തമാണ്. വന്നു കഴിഞ്ഞിട്ടില്ലാത്തതും, വരുമെന്ന് പ്രതീക്ഷിക്കേണ്ടതുമായ ഏറ്റവും ദുഷിച്ച ആൾ (**شر غائب ينتظر**) എന്നാണ് ഒരു ഹദീഥിൽ നബിﷺ അവനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. (തി) അവന്റെ കുഴപ്പങ്ങളിലും അക്രമങ്ങളിലും അകപ്പെടാതെ അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ.

ഈസാ നബി (അ) യെ സംബന്ധിച്ചു ക്വുർആനിലും ഹദീഥിലും പ്രസ്താവിച്ച കാര്യങ്ങളിൽ ചിലത് ദുർവ്യാഖ്യാനം ചെയ്യുകയും, ചിലത് നിഷേധിക്കുകയും ചെയ്തുകൊണ്ടാണ് വടക്കേ ഇന്ത്യയിലെ 'ക്വാദിയാൻ' എന്ന സ്ഥലത്ത് നബിത്വവാദവുമായി വെളിപ്പെട്ട അഹ്മദ്ഗുലാം അയാളുടെ പുതിയ മതത്തിന്റെ അടിത്തറക്ക് അവസാന രൂപം നൽകിയിരിക്കുന്നത് എന്ന വസ്തുത ഇവിടെ പ്രസ്താവ്യമാകുന്നു.

ക്വിയാമത്ത് നാളിൽ അദ്ദേഹം-ഈസാ (അ) -അവരുടെ മേൽ സാക്ഷിയായിത്തീരും (وَيَوْمَ الْقِيَامَةِ يَكُونُ عَلَيْهِمْ شَهِيدًا) എന്ന വാക്യത്തിന്റെ ഉദ്ദേശ്യം വ്യക്തമാണ്. തന്നെ നിഷേധിക്കുകയും, ആക്രമിക്കുകയും, കുരിശിലേറ്റുവാൻ ശ്രമിക്കുകയും ചെയ്ത ശപിക്കപ്പെട്ട യഹൂദികളുടെയും, തന്റെ വിഷയത്തിൽ അതിരുകവിയുകയും തന്നെ ദൈവമായി ആരാധിക്കുകയും ചെയ്തു വഴിപിഴച്ചുപോയ ക്രിസ്ത്യാനികളുടെയും ചെയ്തികൾക്ക് എതിരായി അല്ലാഹുവിന്റെ മുമ്പിൽ അദ്ദേഹം സാക്ഷ്യം സമർപ്പിക്കുമെന്ന് സാരം. സൂ : മാഇദഃ : 119 മുതൽ 122 വരെയുള്ള വചനങ്ങളിൽ ഈ സാക്ഷ്യത്തെപ്പറ്റി ചില വിശദീകരണങ്ങൾ കാണാവുന്നതാണ്. إن شاء الله

فَبِظُلْمٍ مِّنَ ٱلَّذِينَ هَادُوا۟ حَرَّمْنَا عَلَيْهِمْ طَيِّبَٰتٍ أُحِلَّتْ لَهُمْ

﴿160﴾ **അങ്ങനെ, യഹൂദരായവരിൽ നിന്നുള്ള ഒരു (വമ്പിച്ച) അക്രമം നിമിത്തം, അവർക്ക് അനുവദനീയമാക്കപ്പെട്ടിരുന്ന ചില നല്ലതായ വസ്തുക്കളെ അവരുടെ മേൽ നാം നിഷിദ്ധ**

وَبِصَدِّهِمْ عَن سَبِيلِ ٱللَّهِ كَثِيرًا ﴿١٦٠﴾

മാക്കി. (കൂടാതെ) അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) ധാരാളമായി അവർ തടഞ്ഞതു കൊണ്ടും:-

وَأَخْذِهِمُ ٱلرِّبَوٰا۟ وَقَدْ نُهُوا۟ عَنْهُ وَأَكْلِهِمْ أَمْوَٰلَ ٱلنَّاسِ بِٱلْبَـٰطِلِ ۚ وَأَعْتَدْنَا لِلْكَـٰفِرِينَ مِنْهُمْ عَذَابًا أَلِيمًا ﴿١٦١﴾

﴿161﴾ അവരോട് പലിശയെക്കുറിച്ചു വിരോധിക്കപ്പെട്ടിരുന്നിട്ടും അവരത് മേടിച്ചതുകൊണ്ടും, അന്യായമായി മനുഷ്യരുടെ സ്വത്തുക്കളെ അവർ തിന്നുന്നതുകൊണ്ടും (കൂടിയാണത്).

അവരിൽ നിന്നുള്ള അവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷ നാം ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു.

﴿160﴾ فَبِظُلْمٍ അങ്ങനെ ഒരു (വമ്പിച്ച) അക്രമം കൊണ്ട് (നിമിത്തം) مِنَ الَّذِينَ യാതൊരുവരിൽ നിന്ന് هَادُوا യഹൂദികളായ حَرَّمْنَا നാം നിഷിദ്ധമാക്കി عَلَيْهِمْ അവരുടെ മേൽ طَيِّبَاتٍ ചില നല്ല വസ്തുക്കളെ أُحِلَّتْ അനുവദനീയമാക്കപ്പെട്ട لَهُمْ അവർക്ക് وَبِصَدِّهِمْ അവർ തിരിച്ചു വിട്ടതുകൊണ്ടും, തിരിഞ്ഞു പോയതു നിമിത്തവും عَنْ سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് كَثِيرًا വളരെ ആളുകളെ , ധാരാളമായി ﴿161﴾ وَأَخْذِهِمُ അവർ വാങ്ങിയതും الرِّبَا പലിശ وَقَدْ نُهُوا അവർ വിരോധിക്കപ്പെട്ടിട്ടുണ്ടുതാനും عَنْهُ അതിനെപ്പറ്റി وَأَكْلِهِمْ അവർ തിന്നതും أَمْوَالَ النَّاسِ മനുഷ്യരുടെ സ്വത്തുക്കൾ بِالْبَاطِلِ അന്യായമായി وَأَعْتَدْنَا നാം ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു لِلْكَافِرِينَ مِنْهُمْ അവരിൽ നിന്നുള്ള അവിശ്വാസികൾക്ക് عَذَابًا أَلِيمًا വേദനയേറിയ ശിക്ഷ.

153-ാം വചനം മുതൽ യഹൂദികളുടെ നിഷേധവും അക്രമങ്ങളും ആയിരുന്നുവല്ലോ സംസാര വിഷയം. സന്ദർഭവശാൽ ഇടക്കുവെച്ചു കുരിശു സംഭവത്തിന്റെ യഥാർത്ഥം ഇന്നതാണെന്ന് വിവരിച്ചു. വീണ്ടും ആദ്യത്തെ വിഷയത്തിലേക്കു തന്നെ സംസാരഗതി തിരിഞ്ഞിരിക്കുകയാണ്. മുമ്പ് വിവരിച്ചതിനു പുറമെ, അല്ലാഹുവിന്റെ സത്യമാർഗത്തിൽ നിന്ന് സ്വയം തിരിഞ്ഞു പോകുകയും മറ്റുള്ളവരെ ധാരാളക്കണക്കിൽ വഴി തെറ്റിക്കുകയും ചെയ്യുക, പലിശ വാങ്ങരുതെന്നു കർശനമായി നിരോധിച്ചിട്ടും അതു വകവെക്കാതെ പലിശ വാങ്ങിക്കൊണ്ടിരിക്കുക, പലിശ ഇടപാടുകളും കൈക്കൂലി വാങ്ങലും പോലെയുള്ള നിഷിദ്ധ മാർഗങ്ങളിലൂടെ ധനം സമ്പാദിക്കുക എന്നിങ്ങനെയുള്ള അവരുടെ അക്രമങ്ങൾ നിമിത്തം - ഐഹികമായ ഒരു ശിക്ഷയെന്ന നിലക്ക് - മുമ്പ് അവർക്ക് അനുവദിക്കപ്പെട്ടിരുന്ന ചില നല്ലതായ വസ്തുക്കളെ അല്ലാഹു അവർക്ക് നിഷിദ്ധമാക്കിക്കൽപിച്ചു. പരലോക ശിക്ഷ വേറെ ഉണ്ട്താനും എന്നത്രെ ഈ വചനങ്ങളിൽ പറഞ്ഞതിന്റെ ചുരുക്കം. പരലോക ശിക്ഷയെക്കുറിച്ചു പറഞ്ഞപ്പോൾ അവരിൽ നിന്നുള്ള അവിശ്വാസികൾക്ക് ഒരുക്കിവെച്ചിരിക്കുന്നു (لِلْكَافِرِينَ مِنْهُمْ) എന്നു പറഞ്ഞതിൽ

നിന്ന് യഹൂദികളിൽ ചിലരെങ്കിലും അവിശ്വാസികളല്ലാത്തവരുണ്ടെന്ന് വരുന്നു. അവർ ആരാണെന്ന് അടുത്ത വചനത്തിൽ നിന്ന് മനസ്സിലാക്കാം.

നിരോധിക്കപ്പെട്ട ആ വസ്തുക്കൾ ഏതെല്ലാമായിരുന്നുവെന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടില്ല. നഖമുള്ള എല്ലാ വസ്തുക്കളും, പശു, ആട് എന്നിവയുടെ കൊഴുപ്പുകളും അവരുടെ ധിക്കാരം നിമിത്തം അവർക്ക് നിഷിദ്ധമാക്കപ്പെട്ടുവെന്ന് സൂ : അൻആം 146 ൽ വരുന്നുണ്ട് . അവയായിരിക്കാം – ഒരു പക്ഷേ, അവയും വേറെ ചിലതും കൂടിയായിരിക്കാം – ഇവിടെയും ഉദ്ദേശ്യം. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടയുന്നതിൽ പല സമുദായങ്ങൾക്കും പങ്കുണ്ടെങ്കിലും യഹൂദികളുടെ ചരിത്രം എല്ലാവരെയും കവച്ചു വെക്കുന്നതാകുന്നു. ഇസ്റാഈലി പ്രവാചകൻമാരുടെ കാലങ്ങളിൽ അവരുടെ ചരിത്രം എങ്ങിനെയായിരുന്നുവെന്ന് അല്ലാഹു നമുക്ക് വിവരിച്ചു തന്നിട്ടുണ്ട്. അതിനു ശേഷമുള്ള കാലത്തെ സ്ഥിതിയാവട്ടെ, അതിലധികം ശോചനീയവുമാണ്. കമ്മ്യൂണിസം, നിരീശ്വരപ്രസ്ഥാനം, ധാർമിക അരാജകത്വം തുടങ്ങിയവ പരിശോധിച്ചാൽ അവയുടെയെല്ലാം സ്ഥാപക നേതാക്കൾ യഹൂദികളാണെന്ന് കാണാവുന്നതു തന്നെ ഇതിന് മതിയായ തെളിവാകുന്നു. പലിശ, കൈക്കൂലി മുതലായ അന്യായ മാർഗങ്ങളിലൂടെ അന്യരുടെ ധനം ചൂഷണം ചെയ്യുന്നതിലുള്ള അവരുടെ താൽപര്യവും വൈദഗ്ദ്ധ്യവും ലോക പ്രസിദ്ധമാണ്. ബാങ്കുകൾ തുടങ്ങിയ പലിശ സ്ഥാപനങ്ങളുടെ ഉൽഭവംപോലും യഹൂദികളിൽ നിന്നാണെന്ന് വരുമ്പോൾ , അല്ലാഹുവിന്റെ പ്രസ്താവനയിലടങ്ങിയ ഗൗരവം ഏറെക്കുറെ ഊഹിക്കാവുന്നതാണ്. ബൈബ്ളിന്റെ പഴയ നിയമത്തിൽ അവർക്ക് വിരോധിക്കപ്പെട്ടിരുന്ന കാര്യങ്ങളുടെയും, അവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്ന കാര്യങ്ങളുടെയും ഒരു നീണ്ട പട്ടിക കാണാം. (പുറപ്പാട് : അദ്ധ്യായം 20 മുതൽ ഏതാനും അദ്ധ്യായങ്ങളും മറ്റും നോക്കുക.) കൂട്ടത്തിൽ പലിശ ഇടപാടുകളെക്കുറിച്ചും (പുറപ്പാട് 22 : 25; ലേവ്യർ 25 : 36 മുതലായവയിൽ) കാണാവുന്നതാണ്.

لَّٰكِنِ ٱلرَّٰسِخُونَ فِي ٱلْعِلْمِ مِنْهُمْ وَٱلْمُؤْمِنُونَ يُؤْمِنُونَ بِمَآ أُنزِلَ إِلَيْكَ وَمَآ أُنزِلَ مِن قَبْلِكَ ۚ وَٱلْمُقِيمِينَ ٱلصَّلَوٰةَ ۚ وَٱلْمُؤْتُونَ ٱلزَّكَوٰةَ وَٱلْمُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ

﴾162﴿ **എങ്കിലും, അവരിൽ നിന്നും അറിവിൽ അടിയുറച്ചവരും, സത്യവിശ്വാസികളും, നിനക്ക് ഇറക്കപ്പെട്ടതിലും, നിനക്ക് മുമ്പ് ഇറക്കപ്പെട്ടതിലും വിശ്വസിക്കുന്നു : (വിശേഷിച്ച്) നമസ്കാരം നിലനിർത്തുന്നവരും, 'സകാത്ത്' കൊടുക്കുന്നവരും, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരും.**

أُو۟لَٰٓئِكَ سَنُؤْتِيهِمْ أَجْرًا عَظِيمًا ﴿١٦٢﴾

അക്കൂട്ടർ, അവർക്ക് വഴിയെ നാം വമ്പിച്ച പ്രതിഫലം നൽകുന്നതാണ്.

﴾162﴿ لَٰكِنِ എങ്കിലും الرَّاسِخُونَ അടിയുറച്ചവർ, പൂണ്ടു പിടിച്ചവർ فِي الْعِلْمِ അറി

വില്‍, ജ്ഞാനത്തില്‍ مِنْهُمْ അവരില്‍ നിന്ന് وَالْمُؤْمِنُونَ വിശ്വാസികളും يُؤْمِنُونَ അവര്‍ വിശ്വസിക്കുന്നതാണ് بِمَا أُنْزِلَ ഇറക്കപ്പെട്ടതില്‍ إِلَيْكَ നിനക്ക്, നിന്നിലേക്ക് وَمَا أُنْزِلَ ഇറക്കപ്പെട്ടതിലും مِنْ قَبْلِكَ നിനക്കു മുമ്പായി وَالْمُقِيمِينَ നിലനിര്‍ത്തുന്നവരെയും (പ്രത്യേകം പറയുന്നു) الصَّلَاةَ നമസ്കാരം وَالْمُؤْتُونَ കൊടുക്കുന്നവരും الزَّكَاةَ സകാത്ത് وَالْمُؤْمِنُونَ വിശ്വസിക്കുന്നവരും بِاللَّهِ അല്ലാഹുവില്‍ وَالْيَوْمِ الْآخِرِ അന്ത്യനാളിലും أُولَٰئِكَ അക്കൂട്ടര്‍ سَنُؤْتِيهِمْ വഴിയെ അവര്‍ക്കുനാം കൊടുക്കും أَجْرًا പ്രതിഫലം عَظِيمًا വമ്പിച്ച, മഹത്തായ

വേദക്കാരെപ്പറ്റി പൊതുവെയും, യഹൂദികളെപ്പറ്റി പ്രത്യേകിച്ചും പലതും വിവരിച്ചുകൊണ്ട് അവരില്‍ നിന്നുള്ള അവിശ്വാസികള്‍ക്കു വേദനയേറിയ ശിക്ഷ-നരകം- ഒരുക്കിവെച്ചിട്ടുണ്ടെന്ന് കഴിഞ്ഞ വചനത്തില്‍ പ്രസ്താവിച്ചു. എന്നാല്‍, അവരില്‍ വേണ്ടത്ര അറിവും വിശ്വാസവുമുള്ള ചിലര്‍ ഉണ്ടെന്നും, അവര്‍ക്ക് വമ്പിച്ച പ്രതിഫലം അല്ലാഹു നല്‍കുന്നതാണെന്നും ഈ വചനത്തില്‍ ചൂണ്ടിക്കാട്ടുന്നു. യഹൂദികളില്‍ നിന്ന് ഇസ്‌ലാമിനെ അംഗീകരിച്ച അബ്ദുല്ലാഹിബ്നു സലാം (റ) പോലെയുള്ള ചുരുക്കം വ്യക്തികളും ക്രിസ്ത്യാനികളില്‍ നിന്ന് ഇസ്‌ലാമില്‍ വന്നവരും ഇതിനു ഉദാഹരണമാണ്.

വിഭാഗം - 23

إِنَّآ أَوْحَيْنَآ إِلَيْكَ كَمَآ أَوْحَيْنَآ إِلَىٰ نُوحٍ وَٱلنَّبِيِّـۧنَ مِنۢ بَعْدِهِۦ ۚ

﴾163﴿ **(നബിയേ,) നിശ്ചയമായും, നൂഹിനും, അദ്ദേഹത്തിനു ശേഷമുള്ള നബിമാര്‍ക്കും നാം 'വഹ്‌യ്' [ദിവ്യബോധനം] നല്‍കിയതുപോലെ, നിനക്കും നാം 'വഹ്‌യ്' നല്‍കിയിരിക്കുന്നു.**

وَأَوْحَيْنَآ إِلَىٰٓ إِبْرَٰهِيمَ وَإِسْمَـٰعِيلَ وَإِسْحَـٰقَ وَيَعْقُوبَ وَٱلْأَسْبَاطِ وَعِيسَىٰ وَأَيُّوبَ وَيُونُسَ وَهَـٰرُونَ وَسُلَيْمَـٰنَ ۚ وَءَاتَيْنَا دَاوُۥدَ زَبُورًا ﴿١٦٣﴾

ഇബ്‌റാഹീമിനും, ഇസ്മാഈലിനും, ഇസ്ഹാകിനും, യഅ്ക്വൂബിനും (അദ്ദേഹത്തിന്റെ) സന്തതികള്‍ക്കും, ഈസാക്കും, അയ്യൂബിനും, യൂനുസിനും, ഹാറൂന്നും, സുലൈമാന്നും നാം 'വഹ്‌യ്' നല്‍കിയിരിക്കുന്നു. ദാവൂദിന് നാം 'സബൂറും' [ഒരു പ്രത്യേക ഏടും] കൊടുത്തിരിക്കുന്നു.

﴾163﴿ إِنَّآ أَوْحَيْنَآ നിശ്ചയമായും നാം വഹ്‌യ് നല്‍കിയിരിക്കുന്നു إِلَيْكَ നിനക്ക് كَمَآ أَوْحَيْنَآ നാം വഹ്‌യ് നല്‍കിയപോലെ إِلَىٰ نُوحٍ നൂഹിന്, നൂഹിലേക്ക് وَٱلنَّبِيِّـۧنَ നബിമാര്‍ക്കും مِنۢ بَعْدِهِۦ- അദ്ദേഹത്തിനു ശേഷമുള്ള وَأَوْحَيْنَآ നാം വഹ്‌യ് നല്‍കുകയും ചെയ്തു إِلَىٰٓ إِبْرَٰهِيمَ ഇബ്‌റാഹീമിന് وَإِسْمَـٰعِيلَ ഇസ്മാഈലിനും وَإِسْحَـٰقَ ഇസ്ഹാ

കിനും وَيَعْقُوبَ യഅ്ക്വൂബിനും وَٱلْأَسْبَاطِ സന്തതികൾക്കും وَعِيسَىٰ ഈസാക്കും وَأَيُّوبَ അയ്യൂബിനും وَيُونُسَ യൂനുസിനും وَهَـٰرُونَ ഹാറൂന്നും وَسُلَيْمَـٰنَ സുലൈമാനും وَءَاتَيْنَا നാം കൊടുക്കുകയും ചെയ്തു دَاوُۥدَ ദാവൂദിന് زَبُورًا ഒരു ഏട്, സബൂർ

وَرُسُلًا قَدْ قَصَصْنَـٰهُمْ عَلَيْكَ مِن قَبْلُ وَرُسُلًا لَّمْ نَقْصُصْهُمْ عَلَيْكَ ۚ وَكَلَّمَ ٱللَّهُ مُوسَىٰ تَكْلِيمًا ﴿١٦٤﴾

﴿164﴾ (മാത്രമല്ല) മുമ്പ് നാം നിനക്ക് വിവരിച്ചു തന്നിട്ടുള്ള കുറെ റസൂലുകളെയും, നിനക്ക് നാം വിവരിച്ചു തന്നിട്ടില്ലാത്ത കുറെ റസൂലുകളെയും (അയച്ചിട്ടുണ്ട്).

മൂസായോട് അല്ലാഹു (നേരിൽ) ഒരു സംസാരം സംസാരിക്കുകയും ചെയ്തിരിക്കുന്നു:

رُّسُلًا مُّبَشِّرِينَ وَمُنذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى ٱللَّهِ حُجَّةٌۢ بَعْدَ ٱلرُّسُلِ ۚ وَكَانَ ٱللَّهُ عَزِيزًا حَكِيمًا ﴿١٦٥﴾

﴿165﴾ (അതെ) സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീതു നൽകുന്നവരുമായ റസൂലുകളായിക്കൊണ്ട് (അവരെയൊക്കെ അയച്ചു); റസൂലുകളുടെ (നിയോഗത്തിനു) ശേഷം അല്ലാഹുവിന്നെതിരിൽ മനുഷ്യർക്ക് ഒരു ന്യായവും (പറയുവാൻ) ഉണ്ടാകാതിരിക്കുവാൻ വേണ്ടിയത്രെ (അതെല്ലാം). അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

﴿164﴾ وَرُسُلًا കുറെ (ചില) റസൂലുകളെയും قَدْ قَصَصْنَاهُمْ അവരെ നാം വിവരിച്ചു (കഥനം ചെയ്തു) തന്നിട്ടുണ്ട് عَلَيْكَ നിനക്ക് مِن قَبْلُ മുമ്പേ, മുമ്പ് وَرُسُلًا ചില (കുറെ) റസൂലുകളെയും لَمْ نَقْصُصْهُمْ അവരെ നാം വിവരിച്ചു തന്നിട്ടില്ല عَلَيْكَ നിനക്ക് وَكَلَّمَ اللَّهُ അല്ലാഹു സംസാരിക്കയും ചെയ്തു مُوسَىٰ മൂസായോട് تَكْلِيمًا ഒരു (നേരിലുള്ള-ശരിക്കുള്ള)സംസാരം ﴿165﴾ رُسُلًا (അതെ) റസൂലുകളെ مُبَشِّرِينَ സന്തോഷവാർത്ത അറിയിക്കുന്നവരായ (ആയിട്ട്) وَمُنذِرِينَ താക്കീതു (മുന്നറിയിപ്പു-ഭയവാർത്ത) നൽകുന്നവരും لِئَلَّا يَكُونَ ഉണ്ടാവാതെ (ഇല്ലാതെ) ഇരിക്കുവാൻ لِلنَّاسِ മനുഷ്യർക്ക് عَلَى اللَّهِ അല്ലാഹുവിന്റെ മേൽ (എതിരെ) حُجَّةٌ ഒരു ന്യായവും بَعْدَ الرُّسُلِ റസൂലുകളുടെ ശേഷം وَكَانَ اللَّهُ അല്ലാഹു ആകുന്നു, ആയിരിക്കുന്നു عَزِيزًا പ്രതാപശാലി حَكِيمًا യുക്തിമാൻ, അഗാധജ്ഞൻ.

നബി തിരുമേനിﷺയുടെ പ്രവാചകത്വം, ദിവ്യ ദൗത്യം, അവിടുന്നു കൊണ്ടു വന്ന വേദ ഗ്രന്ഥം എന്നിവയൊന്നും മനുഷ്യചരിത്രത്തിൽ പുതിയതല്ല. മുമ്പ് മുതൽക്കേമാനവ

സമുദായങ്ങളിൽ അല്ലാഹു നടപ്പിൽ വരുത്തിക്കൊണ്ടിരുന്നിട്ടുള്ള കാര്യങ്ങളാണവ. ഒരു സമുദായത്തിലേക്ക് നിയോഗിച്ചയക്കപ്പെട്ട ആദ്യത്തെ ദൈവദൂതനായ (റസൂലായ) നൂഹ് നബി (അ) ക്കും, അദ്ദേഹത്തിനു ശേഷം പല സമുദായങ്ങളിലേക്കുമായി നിയോഗിക്കപ്പെട്ട മറ്റു പല പ്രവാചകൻമാർക്കും അല്ലാഹു ദിവ്യസന്ദേശങ്ങൾ നൽകിവന്നിട്ടുണ്ട്. വേദക്കാരുടേയും അറബികളുടെയും വംശ പിതാവായ ഇബ്റാഹീം നബി (അ) , അദ്ദേഹത്തിന്റെ മക്കളായ ഇസ്മാഈൽ, ഇസ്ഹാക് (അ) എന്നിവർ, പൗത്രനായ യഅ്ക്വൂബ് (അ) എന്നിവർക്കും, യഅ്ക്വൂബ് (അ)ന്റെ സന്തതി ഗോത്രങ്ങളായ പന്ത്രണ്ടു ഇസ്റാഈലി ഗോത്രങ്ങളിൽ ഉണ്ടായിട്ടുള്ള വളരെയധികം പ്രവാചകൻമാർക്കും പ്രവാചക കുടുംബത്തിൽ ഓരോ നിലക്ക് വിഖ്യാതരായ ഈസാ, അയ്യൂബ്, യൂനുസ്, ഹാറൂൻ, സുലൈമാൻ (അ) എന്നിവർക്കും, എന്നുവേണ്ട, ക്വുർആൻ മുഖേനയോ മറ്റോ പരിചയപ്പെടുത്തപ്പെട്ടിട്ടുള്ളവരും അല്ലാത്തവരുമായി കഴിഞ്ഞുപോയിട്ടുള്ള എല്ലാ പ്രവാചകൻമാർക്കും തന്നെ അല്ലാഹു സന്ദേശങ്ങളും ബോധനങ്ങളും നൽകി വന്നിട്ടുണ്ട്. അക്കൂട്ടത്തിൽ ഒന്നത്രെ ദാവൂദ് നബി(അ) ക്കു ലഭിച്ച 'സബൂറും.' മൂസാ നബി (അ) ക്കാകട്ടെ, തൗറാത്ത് നൽകപ്പെടുക മാത്രമല്ല, അദ്ദേഹത്തോട് അല്ലാഹു നേരിൽ - മലക്കുകളുടെയോ മറ്റോ മാദ്ധ്യമമൊന്നും കൂടാതെ- തന്നെ സംസാരം നടത്തുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ , മുഹമ്മദ് നബിﷺയുടെ കാര്യത്തിൽ എന്താണ് ഇത്ര പുതുമക്കോ സംശയത്തിനോ കാരണമുള്ളത്?!

അല്ലാഹുവിന്റ റസൂലുകൾക്ക് ജനമദ്ധ്യേ നിർവ്വഹിക്കുവാനുള്ള കൃത്യങ്ങൾ മൊത്തത്തിൽ രണ്ടു കാര്യങ്ങളാകുന്നു:

(1) സത്യവിശ്വാസവും സൻമാർഗവും സ്വീകരിക്കുന്നവർക്ക് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുവാനിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചു സന്തോഷവാർത്ത അറിയിക്കുക.

(2) അത് രണ്ടും സ്വീകരിക്കാത്തവർക്ക് അവന്റെ പക്കൽ നിന്നും അനുഭവിക്കേണ്ടി വരുന്ന ശിക്ഷാനടപടികളെക്കുറിച്ചു താക്കീതും മുന്നറിയിപ്പും നൽകുക. ഈ ആവശ്യാർത്ഥം ഇത്രയധികം റസൂലുകളെ അവൻ നിയോഗിച്ചുകൊണ്ടിരുന്നതും, അവർക്കെല്ലാം സന്ദേശങ്ങളും ബോധനങ്ങളും നൽകിക്കൊണ്ടിരുന്നതും ഒരു പ്രത്യേക ലക്ഷ്യംവെച്ചുകൊണ്ടുതന്നെയാണ്. അതെ, ഞങ്ങൾക്ക് സൻമാർഗം ഇന്നതാണെന്ന് തിരിച്ചറിയാത്തതുകൊണ്ടാണ് ഞങ്ങൾ പിഴച്ചുപോയത്-ഞങ്ങൾക്ക് വേണ്ടുന്ന ഉപദേശങ്ങൾ നൽകുവാൻ ആളുണ്ടായിരുന്നെങ്കിൽ ഞങ്ങൾക്ക് ഈ ഗതികേട് നേരിടുകയില്ലായിരുന്നു-എന്നിങ്ങനെയുള്ള ഒഴികഴിവ് പറഞ്ഞു വിചാരണവേളയിൽ അല്ലാഹുവിനെതിരായി ന്യായം സമർപ്പിക്കുവാൻ ആർക്കും അവസരം ഉണ്ടാകരുത് എന്നുള്ളതാണ് പ്രസ്തുത ലക്ഷ്യം . അതുകൊണ്ട് -അല്ലാഹു ഇങ്ങിനെയെല്ലാം മനുഷ്യർക്കുവേണ്ടി ചെയ്തുകൊടുത്തിട്ടുള്ള സ്ഥിതിക്ക്-അങ്ങിനെയുള്ള ഒഴികഴിവുകൾ പറഞ്ഞു രക്ഷപ്പെടുവാൻ ആർക്കും എനി സാധ്യമല്ലെന്ന് അല്ലാഹു താക്കീതു നൽകുന്നു.

'വഹ്‌യ്' (وحى) എന്ന വാക്കിന് 'സ്വകാര്യഭാഷണം, രഹസ്യബോധനം, ഗൂഢസംസാരം' എന്നൊക്കെ ഭാഷയിൽ അർത്ഥമാകുന്നു. നബിമാർക്ക് അല്ലാഹു സന്ദേശം നൽകുന്നതിനെ ഉദ്ദേശിച്ചാണ് സാധാരണ 'വഹ്‌യ്' എന്നു പറഞ്ഞുവരുന്നത്. നബിമാർക്ക് ലഭിക്കുന്ന വഹ്‌യുകൾ മലക്കുകൾ മുഖാന്തരവും, മനസ്സിൽ വെളിപാട് നൽകിയും , മറയുടെ പിന്നിൽ നിന്ന് അല്ലാഹുവിന്റെ സംസാരം കേട്ടും ഇങ്ങിനെ ഒന്നിലധികം പ്രകാരത്തിൽ ഉണ്ടാവുമെന്ന് സൂറത്തു:ശൂറാ 51 ൽ അല്ലാഹു അറിയിച്ചിട്ടുണ്ട്. (വിശദവിവരം അവിടെ നോക്കുക.) എന്നാൽ, സംസാരം മുഖേനയുള്ള വഹ്‌യ് മൂസാ നബി (അ) ക്ക

ല്ലാതെ മറ്റാർക്കും സിദ്ധിക്കുകയുണ്ടായിട്ടില്ല. സീനാ പർവ്വതത്തിൽവെച്ച് അദ്ദേഹത്തോട് അല്ലാഹു സംസാരിച്ച വിവരം സൂ : ത്വാഹായിൽ വിവരിച്ചിട്ടുണ്ട്. (ബൈബ്ളിൽ പുറപ്പാട് പുസ്തകം 33: 11 ലും അതിനെപ്പറ്റി പ്രസ്താവിച്ചു കാണാം.) ദാവൂദ് നബി (അ) ക്കു നൽകപ്പെട്ട പ്രത്യേക ഏടാണ് 'സബൂർ'. ബൈബ്ളിൽ 'ദാവൂദിന്റെ സങ്കീർത്തനങ്ങൾ' എന്ന പേരിൽ ഒരു പുസ്തകമുണ്ട്: അതാണ് യഥാർത്ഥത്തിൽ സബൂർ എന്ന് പറയുവാൻ നിവൃത്തിയില്ല. അതുപോലെ സുലൈമാൻ, അയ്യൂബ് (അ) തുടങ്ങിയ വേറെ പ്രവാചകൻമാരുടെ പേരോട് ചേർത്തുകൊണ്ടുള്ള ഏതാനും പുസ്തകങ്ങളും ബൈബ്ളിലുണ്ട്. അവയിലൊക്കെ ഏതെങ്കിലും ചില ഭാഗങ്ങൾ യഥാർത്ഥ വഹ്‌യ് തന്നെ ആയിരിക്കുവാൻ അവകാശമുണ്ടെങ്കിലും വഹ്‌യായിരിക്കുവാൻ യാതൊരു മാർഗമില്ലാത്തവയും അവയിൽ അടങ്ങിയിരിക്കുന്നു. പല ഭാഗങ്ങളും വഹ്‌യാണെന്നോ അല്ലെന്നോ തീർത്തു പറയുവാൻ സാധ്യമല്ലാത്തവയുമാകുന്നു. സങ്കീർത്തന പുസ്തകം ആരുടെ വകയാണെന്ന് പോലും തർക്കവിഷയമാണ് താനും.

لَّٰكِنِ ٱللَّهُ يَشْهَدُ بِمَآ أَنزَلَ إِلَيْكَ ۖ أَنزَلَهُۥ بِعِلْمِهِۦ ۖ وَٱلْمَلَٰٓئِكَةُ يَشْهَدُونَ ۚ وَكَفَىٰ بِٱللَّهِ شَهِيدًا ﴿١٦٦﴾

﴾166﴿ എന്നാൽ, അല്ലാഹു നിനക്ക് ഇറക്കിത്തന്നതിനെപ്പറ്റി അവൻ സാക്ഷ്യം വഹിക്കുന്നു :- അതു അവന്റെ അറിവോടെ ഇറക്കിയിരിക്കുകയാണ്. മലക്കുകളും (അതിന്) സാക്ഷ്യം വഹിക്കുന്നു.

സാക്ഷിയായി അല്ലാഹു തന്നെ മതി താനും.

﴾166﴿ لَـٰكِنِ اللهُ എന്നാൽ (എങ്കിലും) അല്ലാഹു يَشْهَدُ സാക്ഷ്യം വഹിക്കുന്നു بِمَا أَنزَلَ അവൻ ഇറക്കിയതിന്, ഇറക്കിയതിനെപ്പറ്റി إِلَيْكَ നിനക്ക്, നിന്നിലേക്ക് أَنزَلَهُ അതവൻ ഇറക്കിയിരിക്കുന്നു بِعِلْمِهِ തന്റെ അറിവോടെ, അറിവുപ്രകാരം وَالْمَلَائِكَةُ മലക്കുകളും يَشْهَدُونَ സാക്ഷ്യം വഹിക്കുന്നു وَكَفَى മതി താനും بِاللهِ അല്ലാഹു തന്നെ شَهِيدًا സാക്ഷിയായി

ആരു തന്നെ നിഷേധിച്ചാലും ശരി, അല്ലാഹു നബിﷺക്കു അവതരിപ്പിച്ചുകൊടുത്തിട്ടുള്ളത് സത്യയാഥാർത്ഥ്യമാണ്; അതിന് അവനും അവന്റെ മലക്കുകളും സാക്ഷ്യം വഹിക്കുന്നു. വാസ്തവത്തിൽ മറ്റാരുടെയും സാക്ഷ്യം അതിന് ആവശ്യമേ ഇല്ല, അല്ലാഹുവിന്റെ സാക്ഷ്യം തന്നെ മതി അതിന് എന്ന് സാരം. أَنزَلَهُ بِعِلْمِهِ (അവന്റെ അറിവോടെ അത് അവൻ ഇറക്കി) എന്ന വാക്യം ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു:

(1) മറ്റാർക്കും പ്രാപിക്കുവാൻ കഴിയാത്തതായ- അവന്റെ സ്വന്തമായ -അറിവും വൈദഗ്ദ്ധ്യവും അനുസരിച്ചാണ് ഖുർആൻ ഇറക്കിയത്.

(2) അത് കൈകാര്യം ചെയ്യാൻ തരപ്പെട്ട ആൾ ആരാണെന്നും, ചുറ്റുപാടുകൾ എന്തായിരിക്കുമെന്നുമൊക്കെ അറിഞ്ഞുകൊണ്ടു തന്നെയാണത് അവതരിപ്പിച്ചിരിക്കുന്നത്.

(3) ജനങ്ങളുടെ നൻമയും വിജയവും ഏതൊക്കെയാണെന്ന് അറിഞ്ഞുകൊണ്ട് അത നുസരിച്ചാണ് അവതരിപ്പിച്ചത്. എല്ലാം പരസ്പരം യോജിക്കുന്ന വ്യാഖ്യാനങ്ങൾ തന്നെ.

إِنَّ ٱلَّذِينَ كَفَرُواْ وَصَدُّواْ عَن سَبِيلِ ٱللَّهِ قَدْ ضَلُّواْ ضَلَٰلَۢا بَعِيدًا ﴿١٦٧﴾

﴾167﴿ **നിശ്ചയമായും, അവിശ്വസിക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തിരിച്ചുകളയുകയും ചെയ്തവർ, അവർ വിദൂരമായ വഴിപിഴവ് പിഴച്ചു കഴിഞ്ഞിരിക്കുന്നു.**

إِنَّ ٱلَّذِينَ كَفَرُواْ وَظَلَمُواْ لَمْ يَكُنِ ٱللَّهُ لِيَغْفِرَ لَهُمْ وَلَا لِيَهْدِيَهُمْ طَرِيقًا ﴿١٦٨﴾

﴾168﴿ **നിശ്ചയമായും, അവിശ്വസിക്കുകയും, അക്രമം പ്രവർത്തിക്കുകയും ചെയ്തവർ ,- അവർക്ക് പൊറുത്തു കൊടുക്കുവാൻ അല്ലാഹു (വിനു ഉദ്ദേശ്യം) ഇല്ല ; അവരെ ഒരു വഴിയും കാട്ടികൊടുക്കുവാനും (അവന് ഉദ്ദേശ്യം) ഇല്ല ;-**

إِلَّا طَرِيقَ جَهَنَّمَ خَٰلِدِينَ فِيهَآ أَبَدًا

﴾169﴿ **(അതെ) 'ജഹന്നമി'ന്റെ [നരകത്തിന്റെ] വഴിയല്ലാതെ ; എന്നെന്നും അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്.**

وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ﴿١٦٩﴾

അതു അല്ലാഹുവിന്റെ മേൽ എളുപ്പമായ കാര്യവുമാകുന്നു.

﴾167﴿ إِنَّ الَّذِينَ كَفَرُوا നിശ്ചയമായും, അവിശ്വസിച്ചവർ وَصَدُّوا അവർ തിരിച്ചുകളയുകയും ചെയ്തു, തിരിഞ്ഞു കളയുകയും عَن سَبِيلِ മാർഗത്തിൽനിന്ന് اللَّهِ അല്ലാഹുവിന്റെ قَدْ ضَلُّوا അവർ പിഴച്ചു പോയിട്ടുണ്ട്, പിഴച്ചു കഴിഞ്ഞു ضَلَالًا ഒരു പിഴവ്, വഴിപിഴക്കൽ بَعِيدًا വിദൂരമായ ﴾168﴿ إِنَّ الَّذِينَ كَفَرُوا നിശ്ചയമായും, അവിശ്വസിച്ചവർ وَظَلَمُوا അവർ അക്രമം ചെയ്കയും ചെയ്തു لَمْ يَكُنِ ഇല്ലാ, ആകുകയില്ല اللَّهُ അല്ലാഹു لِيَغْفِرَ പൊറുക്കുക, പൊറുക്കുവാൻ (ഉദ്ദേശ്യം-ഒരുക്കം) لَهُمْ അവർക്ക് وَلَا لِيَهْدِيَهُمْ അവരെ വഴികാട്ടുകയുമില്ല, കാട്ടുവാനും ഇല്ല طَرِيقًا ഒരു വഴിയും ﴾169﴿ إِلَّا طَرِيقَ വഴിയല്ലാതെ جَهَنَّمَ ജഹന്നമിന്റെ خَالِدِينَ فِيهَا അതിൽ നിത്യവാസികളായ നിലയിൽ أَبَدًا എന്നെന്നും, എക്കാലവും وَكَانَ ذَٰلِكَ അതാകുന്നുതാനും عَلَى اللَّهِ അല്ലാഹുവിന്റെ മേൽ يَسِيرًا എളുപ്പമുള്ളത് (പ്രയാസമില്ലാത്തത്)

അവരുടെ അവിശ്വാസവും ധിക്കാരവും കാരണമായി അവരെ കാലാകാലം നരകത്തിലിട്ടു ശിക്ഷിക്കുകയെന്നത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഒരു വലിയ

കാര്യമോ പ്രയാസകരമായതോ ഒന്നുമല്ല എന്ന് സാരം. അവിശ്വാസികൾക്ക് പൊറുത്തു കൊടുക്കുകയില്ലെന്നും, ധിക്കാരികൾക്കും ദുർവ്വാശിക്കാർക്കും സൻമാർഗം പ്രദാനം ചെയ്കയില്ലെന്നുമുള്ളത് അല്ലാഹുവിന്റെ നടപടിച്ചട്ടങ്ങളിൽ പെട്ടതാണല്ലോ.

സന്ദർഭവശാൽ ഒന്നു രണ്ടു കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു;

(1) ശിർക്ക് (അല്ലാഹുവിനോട് പങ്കു ചേർക്കൽ) അല്ലാഹു പൊറുക്കുകയില്ലെന്നും അതല്ലാത്ത പാപങ്ങൾ അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുമെന്നും 48-ാം വചനത്തിലും 116-ാം വചനത്തിലും അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ, ശിർക്ക് കലരാത്ത അവിശ്വാസം - കേവലം സാങ്കൽപികമാണെങ്കിലും- അല്ലാഹു പൊറുത്തു കൊടുത്തേക്കുമെന്ന് ചിലർ അതിൽ നിന്ന് മനസ്സിലാക്കിയതായി പറയപ്പെടുന്നുണ്ട്. ഇത് ശരിയല്ലെന്നും, എല്ലാ കുഫ്റും (അവിശ്വാസവും) പൊറുക്കപ്പെടാത്ത പാപം തന്നെയാണെന്നും ഈ വചനത്തിൽ നിന്ന് സ്പഷ്ടമാകുന്നു. കൂടാതെ, 2:217;33:64,65 പോലെയുള്ള പല വചനങ്ങളിൽ നിന്നും ഇത് വ്യക്തമാണ്.

(2) സജ്ജനങ്ങളുടെ സ്വർഗജീവിതവും , സ്വർഗീയാനുഗ്രഹങ്ങളും ഏതെങ്കിലും ഒരു കാലത്ത് മുറിഞ്ഞു പോകാത്തവിധം എന്നെന്നും ശാശ്വതമായിരിക്കും . خَالِدِينَ فِيهَا أَبَدًا എന്ന് അല്ലാഹു ഒന്നിലധികം സ്ഥലത്ത് ക്വുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെത്തന്നെ, അവിശ്വാസികളുടെ നരകജീവിതവും ശിക്ഷാനുഭവങ്ങളും എന്നെന്നും ശാശ്വതമായിരിക്കുന്നതാണ് (خَالِدِينَ فِيهَا أَبَدًا) എന്ന് ഇവിടെ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ , 33:64,65; 72:23 എന്നീ വചനങ്ങളിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവിന്റെ അടുക്കൽ അതൊരു പ്രയാസമല്ലാത്ത കാര്യമാണ് (وَ كَانَ ذَٰلِكَ عَلَى اللَّهِ يَسِيرًا) എന്നുകൂടി ഇവിടെ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുകയാണ്.

يَٰٓأَيُّهَا ٱلنَّاسُ قَدْ جَآءَكُمُ ٱلرَّسُولُ بِٱلْحَقِّ مِن رَّبِّكُمْ فَـَٔامِنُوا۟ خَيْرًا لَّكُمْ ۚ وَإِن تَكْفُرُوا۟ فَإِنَّ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿١٧٠﴾

﴿170﴾ ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള യഥാർത്ഥവും കൊണ്ട് നിങ്ങൾക്ക് റസൂൽ വന്നിട്ടുണ്ട്. ആകയാൽ , നിങ്ങൾ നിങ്ങൾക്ക് ഗുണകരമായ നിലയിൽ വിശ്വസിച്ചുകൊള്ളുവിൻ. നിങ്ങൾ അവിശ്വസിക്കുകയാണെങ്കിലോ, എന്നാൽ, ആകാശഭൂമികളിലുള്ളത് (എല്ലാം) അല്ലാഹുവിന്റെതാണ്. [ഇതു നിങ്ങൾ ഓർത്തുകൊള്ളുക].

അല്ലാഹു (എല്ലാം) അറിയുന്നവനും , അഗാധജ്ഞനുമാകുന്നു.

﴿170﴾ يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ قَدْ جَاءَكُمُ നിങ്ങൾക്ക് വന്നിട്ടുണ്ട് الرَّسُولُ റസൂൽ, ദൂതൻ بِالْحَقِّ യഥാർത്ഥവും കൊണ്ട്, യഥാർത്ഥ സമേതം مِن رَّبِّكُمْ നിങ്ങളുടെ റബ്ബിങ്കൽ നിന്ന് فَآمِنُوا അതിനാൽ നിങ്ങൾ വിശ്വസിക്കുവിൻ خَيْرًا لَّكُمْ നിങ്ങൾക്കു ഗുണ (കര) മായികൊണ്ട് وَإِن تَكْفُرُوا നിങ്ങൾ അവിശ്വസിക്കുകയാണെ

ങ്കിലോ فَإِنَّ لِلَّهِ എന്നാൽ നിശ്ചയമായും അല്ലാഹുവിനുള്ളതാണ് مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളതും وَالأَرْضِ ഭൂമിയിലും (ഉള്ളതും) وَكَانَ اللَّهُ അല്ലാഹു ആകുന്നു عَلِيمًا അറിയുന്നവൻ حَكِيمًا അഗാധജ്ഞൻ

നിങ്ങളെല്ലാവരും കൂടി അവിശ്വാസികളായിരുന്നാലും അല്ലാഹുവിന് ഒരു നഷ്ടവും നേരിടാനില്ല. നിങ്ങളുടെ മേൽ വേണ്ടുന്ന നടപടി എടുക്കുവാൻ അവന് യാതൊരു പ്രയാസവുമില്ല. ആകാശഭൂമികളിലുള്ള വസ്തുക്കളഖിലവും അവന്റെതാണ്. എല്ലാം അവന്റെ സൃഷ്ടിയും ഉടമയിലും നിയന്ത്രണത്തിലും; ഇത് നിങ്ങൾ ഓർമിച്ചുകൊള്ളണം എന്ന് സാരം. സംസാര മദ്ധ്യേ ഇടക്ക് പൊതുവിൽ മനുഷ്യരെ അഭിമുഖീകരിച്ചുകൊണ്ട് ചിലതെല്ലാം പ്രസ്താവിച്ച ശേഷം വീണ്ടും സംസാരത്തിന്റെ ആഭിമുഖ്യം വേദക്കാരിലേക്ക് തിരിച്ചുകൊണ്ട് അല്ലാഹു പറയുന്നു :-

يَٰٓأَهْلَ ٱلْكِتَٰبِ لَا تَغْلُوا۟ فِى دِينِكُمْ وَلَا تَقُولُوا۟ عَلَى ٱللَّهِ إِلَّا ٱلْحَقَّ

《171》 വേദക്കാരേ, നിങ്ങൾ നിങ്ങളുടെ മതത്തിൽ അതിരു കവിയരുത്; നിങ്ങൾ അല്ലാഹുവിന്റെ പേരിൽ യഥാർത്ഥമല്ലാതെ പറയുകയും ചെയ്യരുത്.

إِنَّمَا ٱلْمَسِيحُ عِيسَى ٱبْنُ مَرْيَمَ رَسُولُ ٱللَّهِ وَكَلِمَتُهُۥٓ أَلْقَىٰهَآ إِلَىٰ مَرْيَمَ وَرُوحٌ مِّنْهُ ۖ

നിശ്ചയമായും, മർയമിന്റെ മകൻ ഈസാ 'മസീഹ്' അല്ലാഹുവിന്റെ റസൂലും, അവന്റെ വാക്കും മാത്രമാകുന്നു; അത് [ആ വാക്ക്] അവൻ മർയമിലേക്ക് ഇട്ടുകൊടുത്തു. അവങ്കൽ നിന്നുള്ള ഒരു ആത്മാവുമാകുന്നു.

فَـَٔامِنُوا۟ بِٱللَّهِ وَرُسُلِهِۦ ۖ وَلَا تَقُولُوا۟ ثَلَٰثَةٌ ۚ ٱنتَهُوا۟ خَيْرًا لَّكُمْ ۚ

ആകയാൽ, നിങ്ങൾ അല്ലാഹുവിലും, അവന്റെ റസൂലുകളിലും വിശ്വസിക്കുവിൻ. മൂന്നു (ദൈവങ്ങൾ) എന്ന് നിങ്ങൾ പറയുകയും അരുത്. (അതിൽ നിന്ന്) നിങ്ങൾ വിരമിക്കുവിൻ — നിങ്ങൾക്ക് ഗുണകരമായ നിലക്ക് .

إِنَّمَا ٱللَّهُ إِلَٰهٌ وَٰحِدٌ ۖ سُبْحَٰنَهُۥٓ أَن يَكُونَ لَهُۥ وَلَدٌ ۘ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ وَكَفَىٰ بِٱللَّهِ وَكِيلًا ﴿١٧١﴾

നിശ്ചയമായും , അല്ലാഹു ഒരേ 'ഇലാഹു' മാത്രമാകുന്നു. അവന് ഒരു സന്താനം ഉണ്ടായിരിക്കുന്നതിൽ നിന്ന് അവൻ മഹാ പരിശുദ്ധൻ ! അവന്റെതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം). (കൈകാര്യം) ഏൽപിക്കപ്പെടുന്നവനായി അല്ലാഹു തന്നെ മതി.

﴾171﴿ يَاأَهْلَ الْكِتَابِ വേദക്കാരേ لاتَغْلُوا നിങ്ങൾ അതിരു കവിയരുത് فِي دِينِكُمْ നിങ്ങളുടെ മതത്തിൽ وَلاتَقُولُوا നിങ്ങൾ പറയുകയും അരുത് عَلَى اللهِ അല്ലാഹുവിന്റെ മേൽ إِلاالْحَقَّ യഥാർത്ഥമല്ലാതെ إِنَّمَا الْمَسِيحُ നിശ്ചയമായും മസീഹ് عِيسَى ابْنُ مَرْيَمَ മർയമിന്റെ മകൻ ഈസാ رَسُولُ اللهِ അല്ലാഹുവിന്റെ റസൂൽ (മാത്രം) ആകുന്നു وَكَلِمَتُهُ അവന്റെ വാക്കും, വാക്യവും أَلْقَاهَا അതവൻ ഇട്ടു (കൊടുത്തു) إِلَى مَرْيَمَ മർയമിലേക്ക് وَرُوحٌ ഒരു ആത്മാവുമാകുന്നു مِنْهُ അവങ്കൽ നിന്നുള്ള فَآمِنُوا അതിനാൽ നിങ്ങൾ വിശ്വസിക്കുവിൻ بِاللهِ അല്ലാഹുവിൽ وَرُسُلِهِ അവന്റെ റസൂലുകളിലും وَلاتَقُولُوا നിങ്ങൾ പറയുകയും ചെയ്യരുത് ثَلاثَةٌ മൂന്ന് എന്ന് انتَهُوا നിങ്ങൾ വിരമിക്കുവിൻ خَيْرًا لَكُمْ നിങ്ങൾക്ക് ഗുണമായിട്ട്(ഗുണമായ നിലക്ക്) إِنَّمَا اللهُ നിശ്ചയമായും (മാത്രം) അല്ലാഹു إِلَٰهٌ وَاحِدٌ ഏകഇലാഹ് (ദൈവം- ആരാധ്യൻ) ആകുന്നു سُبْحَانَهُ അവൻ മഹാ (എത്രയോ) പരിശുദ്ധൻ أَنْ يَكُونَ ഉണ്ടായിരിക്കുന്നതി(ൽനി)ന്ന് لَهُ وَلَدٌ അവന് ഒരു സന്താനം لَهُ അവന്നാണ്, അവന്റെതാണ് مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَمَا فِي الأَرْضِ ഭൂമിയിലുള്ളതും وَكَفَى بِاللهِ അല്ലാഹു തന്നെ മതി وَكِيلا ഏൽപിക്കപ്പെടുന്ന (ഭരമേൽപിക്കപ്പെടുന്ന) വൻ

يَاأَهْلَ الْكِتَابِ (വേദക്കാരേ) എന്ന സംബോധനയോടുകൂടി ഒന്നാമതായി അല്ലാഹു പറഞ്ഞത് لاتَغْلُوا فِي دِينِكُمْ (നിങ്ങൾ നിങ്ങളുടെ മതത്തിൽ അതിരു കവിയരുത്) എന്നാകുന്നു. ഒരർത്ഥത്തിൽ അതിരു കവിയലിൽ യഹൂദികളും ക്രിസ്ത്യാനികളും യോജിക്കുന്നുവെങ്കിലും രണ്ടു കൂട്ടരുടെയും അതിരു കവിയൽ തമ്മിൽ വ്യത്യാസമുണ്ട്. അല്ലാഹുവിന്റെ അടിയാനും റസൂലുമായ ഈസാ നബി (അ) യെ സംബന്ധിച്ച് വ്യഭിചാര പുത്രൻ, ആഭിചാരി, കള്ളവാദി എന്നൊക്കെ യഹൂദികൾ പറയുമ്പോൾ, അദ്ദേഹം ദൈവവും, ദൈവപുത്രനും ആരാധ്യനുമാണെന്ന് ക്രിസ്ത്യാനികൾ പറയുന്നു. ഇവിടെ പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് ക്രിസ്ത്യാനികളുടെ അതിരു കവിയലാണെന്ന് തുടർന്നുള്ള പ്രസ്താവനകളിൽ നിന്ന് വ്യക്തമാണ്. യഹൂദികളുടെ അതിരുകവിയലിനെപ്പറ്റി മുൻ വചനങ്ങളിൽ വിവരിച്ചിട്ടുണ്ടതാനും. ക്രിസ്ത്യാനികളുടെ എല്ലാ മാർഗഭ്രംശത്തിനും മൂലകാരണം ഈസാ നബി (അ) യുടെ വിഷയത്തിൽ അവരുടെ അതിരു കവിഞ്ഞ വിശ്വാസങ്ങളാകുന്നു. ബാക്കിയെല്ലാം അവയുമായി ബന്ധപ്പെട്ടതത്രെ. അവരെപ്പോലെ മുസ്‌ലിംകളും വഴിപിഴച്ചു പോകരുതെന്ന് കരുതിയാണ് നബി ﷺ ഒരിക്കലിങ്ങനെ അരുളിചെയ്തത്: 'മർയമിന്റെ മകൻ ഈസായെക്കുറിച്ച് ക്രിസ്ത്യാനികൾ അധികപ്രശംസ നടത്തിയത് പോലെ നിങ്ങൾ എന്നെക്കുറിച്ച് അധികപ്രശംസ നടത്തരുത്. നിശ്ചയമായും ഞാൻ ഒരു അടിയാൻ മാത്രമാകുന്നു.അതുകൊണ്ട് (എന്നെപ്പറ്റി) അല്ലാഹുവിന്റെ അടിയാനും, അവന്റെ റസൂലുമെന്ന് പറഞ്ഞുകൊള്ളുവിൻ ' (അ;ബു.). അഹ്മദ് (റ) ന്റെ ഒരു നിവേദനത്തിൽ ഇങ്ങിനെയും കൂടിയുണ്ട്: 'അല്ലാഹുവിനെത്തന്നെയാണ! അല്ലാഹു എനിക്കു നൽകിയിട്ടുള്ള സ്ഥാനപദവിക്കുമീതെ എന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുകയില്ല.' അല്ലാഹുവിനെപ്പറ്റി യഥാർത്ഥ വിരുദ്ധമായ വിശ്വാസങ്ങളും സങ്കൽപങ്ങളും വെച്ചു പുലർത്തുന്നതു കൊണ്ടാണല്ലോ ഈസാ (അ) യുടെ കാര്യത്തിലുള്ള അവരുടെ അതിരു കവിയലിനു കാരണം. അതുകൊണ്ടാണ് അതിരു

കവിയരുത് എന്ന് പറഞ്ഞു മതിയാക്കാതെ وَلَا تَقُولُوا عَلَى اللَّهِ إِلَّا الْحَقَّ (അല്ലാഹുവിന്റെ പേരിൽ യഥാർത്ഥമല്ലാത്തത് പറയുകയും ചെയ്യരുത്) എന്നു കൂടി പറയുന്നത്.

തുടർന്നുകൊണ്ട് ഈസാ നബി (അ) യുടെ യഥാർത്ഥ നിലപാട് എന്താണെന്ന് വിവരിക്കുന്നു: .....إِنَّمَا الْمَسِيحُ (മർയമിന്റെ മകൻ ഈസാ എന്ന മസീഹ് അല്ലാഹുവിന്റെ റസൂലും , അവൻ മർയമിലേക്ക് ഇട്ടു കൊടുത്ത അവന്റെ വാക്കും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു) അതിനപ്പുറം കടന്നു പറയുന്നതെല്ലാം അതിരു കവിയലാണെന്ന് സാരം. مَسِيحُ ,عِيسَى (മസീഹ്, ഈസാ) എന്നീ നാമങ്ങളെപ്പറ്റി ആലുഇംറാൻ 45 ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. ابْنُ مَرْيَمَ (മർയമിന്റെ മകൻ) എന്ന് അദ്ദേഹത്തെപ്പറ്റി ക്വുർആനിൽ പലേടത്തും വിശേഷിപ്പിക്കാറുള്ളതാണ്. പിതാവില്ലാതെ മാതാവിൽ നിന്നു മാത്രം ജനിച്ച ആളാണെന്നാണ് പ്രധാനമായും അതിലുള്ള സൂചന. അദ്ദേഹത്തിന്റെ സ്ഥാനവിശേഷണങ്ങളെന്ന നിലക്ക് മൂന്നു കാര്യങ്ങളാണ് അല്ലാഹു ഇവിടെ എടുത്തു കാട്ടിയത് :

(1) رَسُولُ اللَّهِ (അല്ലാഹുവിന്റെ റസൂലാണ്.) റസൂലുകളെല്ലാം മനുഷ്യരും, അല്ലാഹുവിന്റെ അടിമകളും, സൃഷ്ടികളുമാണ്. ആരും ദൈവമോ, ദൈവപുത്രനോ, ദൈവാംശമോ അല്ല. ആരിലും ദൈവാംശവുമില്ല. എന്നിരിക്കെ, ഈസാ നബി (അ) ക്കു മാത്രം ഒരു പ്രത്യേക സ്ഥാനം കൽപിക്കുന്നത് അസംബന്ധമാണല്ലോ.

(2) وَكَلِمَتُهُ أَلْقَاهَا إِلَى مَرْيَمَ (മർയമിലേക്ക് അവൻ ഇട്ടു കൊടുത്ത അവന്റെ വാക്കാണ്). വാക്ക് (كَلِمَتُ) കൊണ്ടുദ്ദേശ്യമെന്താണെന്ന് താഴെ കാണുന്ന ഉദ്ധരണികളിൽ നിന്ന് മനസ്സിലാക്കാം :

ഏതൊരു വസ്തുവെക്കുറിച്ചും അത് ഉണ്ടാവണമെന്ന് അല്ലാഹു ഉദ്ദേശിക്കുമ്പോൾ അതിനോട് 'ഉണ്ടാകുക' എന്ന് അവൻ പറയുകയേ വേണ്ടൂ, അപ്പോൾ അത് ഉണ്ടാകുന്നതാണ്. (إِذَا أَرَادَ شَيْئًا أَنْ يَقُولَ لَهُ كُنْ فَيَكُونُ) എന്ന് ഒന്നിലധികം സ്ഥലത്ത് ക്വുർആനിൽ പറയുന്നു. ഈസായുടെ ഉദാഹരണം ആദമിന്റെ മാതിരിയാണ്. ആദമിനെ അല്ലാഹു മണ്ണുകൊണ്ട് സൃഷ്ടിച്ചു രൂപപ്പെടുത്തി. എന്നിട്ട് അതിനോട് ഉണ്ടാകുക എന്നു പറഞ്ഞു. അപ്പോഴത് ഉണ്ടാകുകയായി. (إِنَّ مَثَلَ عِيسَى عِنْدَ اللَّهِ كَمَثَلِ آدَمَ....الآية) എന്ന് ആലുഇംറാൻ 59 ലും പറഞ്ഞിരിക്കുന്നു. പുരുഷന്റെ സ്പർശനം കൂടാതെ താൻ ഒരു കുട്ടിയെ പ്രസവിക്കുവാൻ പോകുന്നുവെന്നും, അത് തീരുമാനം കഴിഞ്ഞ ഒരു കാര്യമാണെന്നും മലക്ക് ജിബ്രീൽ (അ) മർയമി (റ) നോടുപറഞ്ഞതായി സൂറത്തു മർയമിലും മറ്റും പ്രസ്താവിക്കുന്നുമുണ്ട്. ജിബ്രീൽ (അ) മർയമി (റ)ന്റെ അടുക്കൽ ചെന്നു 'നീ ഭയപ്പെടേണ്ട, നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും.' എന്ന് പറഞ്ഞതായി ബൈബ്ളിലും (ലൂക്കോസ്, 1:30) കാണാം. അപ്പോൾ സാധാരണ പ്രകൃതി ചട്ടങ്ങളിൽ നിന്ന് വ്യത്യസ്തമായി - ഒരു പിതാവിന്റെ മദ്ധ്യമം കൂടാതെ - അല്ലാഹുവിന്റെ വാക്കു കൊണ്ട് - അതെ, അവന്റെ ഉത്തരവുകൊണ്ടു- മാത്രം മർയമിൽ ജനിച്ച ആളാണ് അദ്ദേഹമെന്നാണിതുകൊണ്ട് വിവക്ഷയെന്നു വ്യക്തമാണ്. ഈസാ (അ) അല്ലാഹുവിന്റെ വാക്കാണ് (كَلِمَةُ الله) എന്നു ക്രിസ്ത്യാനികളും പറയാറുണ്ട്. പക്ഷേ, അതിന് യഥാർത്ഥത്തിൽ ഇല്ലാത്തതും ഭാഷക്ക് നിരക്കാത്തതുമായ ചില അർത്ഥ വ്യാഖ്യാനങ്ങളാണ് അവർ നൽകി വരുന്നത്. അല്ലാഹുവിന്റെ നിത്യഗുണങ്ങളിൽ ഒന്നായ ദിവ്യവചനം മർയമിൽ

അവതരിച്ചു ജഡമായി രൂപാന്തരപ്പെട്ടുവെന്നും, അങ്ങിനെ, യേശു (ഈസാ) ദൈവത്തിന്റെ (അല്ലാഹുവിന്റെ) ഒരവതാരമോ പുത്രനോ ആണെന്നും മറ്റുമുള്ള ഒരുപാട് ദുർവ്യാഖ്യാനങ്ങൾ ഇതു സംബന്ധിച്ച് ക്രിസ്ത്യാനികൾക്കിടയിൽ പ്രചാരത്തിലുണ്ട്. ആ അർത്ഥ വ്യാഖ്യാനങ്ങളൊന്നും ആദ്യകാല ക്രിസ്ത്യാനികൾക്ക് അറിഞ്ഞു കൂടായിരുന്നു. പിൽക്കാലങ്ങളിൽ അന്യമതങ്ങളിൽ നിന്നും സമുദായങ്ങളിൽ നിന്നും ക്രൈസ്തവമതത്തിൽ കടത്തിക്കൂട്ടപ്പെട്ട പലതരം തത്വശാസ്ത്രങ്ങളിൽ ഒന്നത്രെ അത്.

(3) رُوحٌ مِنْهُ (അല്ലാഹുവിങ്കൽ നിന്നുള്ള ഒരു ആത്മാവുമാണ്.) ഈ ആത്മാവുകൊണ്ടുദ്ദേശ്യമെന്താണെന്നും ക്വുർആനിൽ നിന്ന് തന്നെ മനസ്സിലാക്കാം. ആദം (അ) നെക്കുറിച്ചു മലക്കുകളോട് അല്ലാഹു പറഞ്ഞു: 'ഞാൻ അവനെ രൂപം നൽകി ശരിപ്പെടുത്തുകയും, അവനിൽ ഞാൻ എന്റെ ആത്മാവിൽ നിന്ന് ഊതുകയും ചെയ്താൽ, നിങ്ങൾ അവന് സുജൂദ് ചെയ്തുകൊള്ളണം' എന്ന്. (സൂ: ഹിജ്ർ 29, സ്വാദ് 72) മർയമിനെക്കുറിച്ചു പറയുന്നു: '...എന്നിട്ട് നാം അവളിൽ നമ്മുടെ ആത്മാവിൽ നിന്നും ഊതി.' (അൻബിയാഉ് 91; തഹ്‌രീം 12.) അപ്പോൾ , പിതാവും മാതാവുമില്ലാതെ മനുഷ്യരൂപത്തിൽ സൃഷ്ടിക്കപ്പെട്ട ആദമിൽ അല്ലാഹു അവന്റെ വക ആത്മാവ് ഊതിയതിനാൽ അദ്ദേഹവും മനുഷ്യജീവിയായി ജനിച്ചുവെന്ന് സാരം. ഇക്കാരണത്താൽ ആദം (അ) ദൈവമോ, ദൈവപുത്രനോ, ദൈവാംശമോ ആകുന്നില്ലാത്തതുപോലെ, ഈസാ(അ)യും അതൊന്നും ആകുകയില്ലല്ലോ. അല്ലാഹുവിങ്കൽ നിന്നുള്ള ആത്മാവ് ലഭിച്ചതുകൊണ്ട് ദിവ്യത്വം ഉണ്ടായിത്തീരുകയാണെങ്കിൽ ഈസായെക്കാൾ ആദമിനാണ് ദിവ്യത്വം കൽപിക്കുവാൻ അവകാശം. ആദമിന് ദിവ്യത്വമുണ്ടെന്ന് ക്രിസ്ത്യാനികളും വാദിക്കുന്നില്ലല്ലോ.

2:87 ലും മറ്റും ഈസായെ പരിശുദ്ധാത്മാവിനെകൊണ്ട് നാം ശക്തിപ്പെടുത്തി (أَيَّدْنَاهُ بِرُوحِ الْقُدُسِ) എന്നും, അദ്ദേഹം അല്ലാഹുവിങ്കൽ നിന്നുള്ള ആത്മാവാണ് (رُوحٌ مِنْهُ) എന്നും ക്വുർആനിൽ പറഞ്ഞിട്ടുള്ളതിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഈസാ (അ) ന്റെ ദിവ്യത്വം ക്വുർആനും സമ്മതിക്കുന്നതായി ക്രിസ്ത്യാനികൾ മുസ്‌ലിം പാമരജനങ്ങളെ വഞ്ചിക്കുവാൻ ശ്രമിക്കാറുണ്ട്. വാസ്തവത്തിൽ , പരിശുദ്ധാത്മാവി(رُوحِ الْقُدُسِ) നെ ക്രിസ്ത്യാനികൾ അവരുടെ ത്രിത്വത്തിലെ (പിതാവ്-പുത്രൻ-പരിശുദ്ധാത്മാവ് എന്ന ത്രിഭൂതവാദത്തിലെ) ഒരു ഘടകമായി എടുത്തിട്ടുണ്ടെങ്കിലും അതുകൊണ്ടുള്ള വിവക്ഷ എന്താണെന്ന് അവർക്കിടയിൽ ഇക്കാലംവരെയും സുനിശ്ചിതമായ ഒരു തീരുമാനമോ എത്തും പിടിയോ ഉണ്ടായിട്ടില്ല. ഈ സത്യം (താഴെ വായിക്കുവാൻ പോകുന്ന) അവരുടെ ആധികാരികരേഖകളിൽ നിന്നു തന്നെ വ്യക്തമാണ്. എന്നാൽ, ക്വുർആനിൽ പറഞ്ഞ പരിശുദ്ധാത്മാവ് (رُوحِ الْقُدُسِ) കൊണ്ടും വിവക്ഷ ജിബ് രീൽ (അ) എന്ന മലക്കാണെന്ന് ക്വുർആനിൽ നിന്നു തന്നെ വ്യക്തമാണ്. കാരണം, ജിബ്‌രീലാണ് ക്വുർആൻ അവതരിപ്പിച്ചതെന്നുള്ളതിൽ സംശയമില്ല. അൽബക്വറഃ 97 ൽ അല്ലാഹു തന്നെ അത് വ്യക്തമാക്കിയിരിക്കുന്നു. അതേ സമയത്ത് വിശ്വസ്തനായ ആത്മാവ് (الرُّوحُ الأَمِينُ) അതുമായി ഇറങ്ങി എന്നും (26 : 193) പരിശുദ്ധാത്മാവ് (رُوحِ الْقُدُسِ) അതിനെ ഇറക്കി എന്നും(16 : 102) അല്ലാഹു പറഞ്ഞിരിക്കുന്നു. അപ്പോൾ, ജിബ്‌രീൽ (അ) നെ തന്നെയാണ് വിശ്വസ്തനായ ആത്മാവ് എന്നും, പരിശുദ്ധാത്മാവ് എന്നും വിശേഷിപ്പിച്ചതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കൂടാതെ, സത്യവിശ്വാസികളെക്കുറിച്ച് അല്ലാഹുവിങ്കൽ നിന്നുള്ള ഒരു ആത്മാവിനെക്കൊണ്ട് അവൻ അവരെ

ശക്തിപ്പെടുത്തി എന്നും (58:22) അല്ലാഹു പറയുന്നു. ബൈബ്ളിന്റെ പുതിയ നിയമത്തിൽ തന്നെയും ഇതുപോലെ ചില വാക്കുകൾ കാണാം. യേശുവിനെ ശക്തിപ്പെടുത്താൻ സ്വർഗത്തിൽ നിന്ന് ഒരു ദൂതൻ പ്രത്യക്ഷനായി എന്നും (ലൂക്കോസ് 22:43) യേശുവിന്റെ ശേഷം അദ്ദേഹത്തിന്റെ ശിഷ്യൻമാർ പരിശുദ്ധാത്മാവു നിറഞ്ഞവരായി എന്നും (അപ്പോ: പ്രവൃത്തികൾ 2:4) പറയുന്നു. ക്രിസ്ത്യാനികൾ വാദിക്കുന്നപോലെ, യേശു (ഈസാ-അ) ദൈവമാണെങ്കിൽ അദ്ദേഹത്തെ ശക്തിപ്പെടുത്തുവാൻ സ്വർഗത്തിൽ നിന്ന് ഒരു ദൂതൻ എന്തിനു വരണം?! പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ആ ശിഷ്യൻമാർ യേശുവിനെ പോലെ എന്തുകൊണ്ട് ദൈവങ്ങളാകുന്നില്ല ?! അല്ലാഹുവിങ്കൽ നിന്നുള്ള ആത്മാവ് കൊണ്ട് ശക്തിപ്പെടുത്തപ്പെട്ട സത്യവിശ്വാസികൾക്ക് എന്തുകൊണ്ട് ദിവ്യത്വം കൽപിക്കപ്പെട്ടില്ല?! ഇല്ലാത്തത് പറഞ്ഞുണ്ടാക്കുമ്പോൾ പരസ്പര വൈരുദ്ധ്യങ്ങൾ അതിന്റെ കൂടപ്പിറപ്പുകളുമായിരിക്കുന്നതാണ്.

അല്ലാഹുവിങ്കൽ നിന്നുള്ള ആത്മാവാണ് അദ്ദേഹം (رُوحٌ مِنْهُ) എന്ന പ്രയോഗത്തിൽ നിന്ന് അദ്ദേഹം അല്ലാഹുവിന്റെ ഒരു അംശമാണെന്നോ അവതാരമാണെന്നോ അതു മൂലം അദ്ദേഹത്തിന് ദിവ്യത്വം സിദ്ധിച്ചുവെന്നോ വരുന്നില്ലേ എന്ന് വല്ലവർക്കും തോന്നിപ്പോകുന്നപക്ഷം, 'ഇല്ല' എന്നു തന്നെയാണ് ഉത്തരം. നോക്കുക: അല്ലാഹു പറയുന്നു: وَسَخَّرَ لَكُم مَّا فِي السَّمَاوَاتِ وَمَا فِي الْأَرْضِ جَمِيعًا مِّنْهُ (ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും മുഴുവൻ അവങ്കൽ നിന്നും അവൻ നിങ്ങൾക്ക് കീഴ്പ്പെടുത്തി തന്നിരിക്കുന്നു. (45: 13). ആകാശഭൂമികളിൽ ഉള്ളതെല്ലാം അവങ്കൽ നിന്നായതുകൊണ്ട് അവയെല്ലാം ദൈവങ്ങളോ, ദൈവാംശങ്ങളോ അവന്റെ അവതാരങ്ങളോ ആകുന്നുണ്ടോ?! വാസ്തവത്തിൽ, കഅ്ബഃയെപ്പറ്റി 'എന്റെ വീട്' (بَيْتِيَ) എന്നും, ഥമൂദ് ഗോത്രത്തിനു ദൃഷ്ടാന്തമായി അയക്കപ്പെട്ട ഒട്ടകത്തെപ്പറ്റി 'അല്ലാഹുവിന്റെ ഒട്ടകം' (نَاقَةُ الله) എന്നും മറ്റുമൊക്കെയുള്ള പ്രയോഗങ്ങൾ പോലെ , അല്ലാഹുവിന്റെ സ്വന്തം വകയായി അവൻ അനുഗ്രഹിച്ചരുളിയ ആത്മാവാണ് അദ്ദേഹം എന്ന് മാത്രമെ അതിനർത്ഥമുള്ളൂ. അഥവാ അല്ലാഹുവിന്റെ ഒരംശമോ, അവന്റെ ആത്മാവോ ആണദ്ദേഹം എന്നല്ല തന്നെ.

ഈസാ (അ) നെ സംബന്ധിച്ച യഥാർത്ഥ സ്ഥിതി ഇന്നതാണെന്ന് ചൂണ്ടികാട്ടിയതിനെ തുടർന്ന് അല്ലാഹു ക്രിസ്ത്യാനികളോട് പറയുന്നു: فَآمِنُوا بِاللَّهِ وَرُسُلِهِ (ആകയാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിക്കുവിൻ.) അതായത്,- വാസ്തവം ഇങ്ങനെയായിരിക്കെ - അല്ലാഹു ഏകനാണ്, അവന് ഇണയോ തുണയോ പങ്കുകാരോ മക്കളോ ഇല്ല, അവൻ സർവ്വത്തിന്റെയും സ്രഷ്ടാവും ഉടമസ്ഥനുമാണ്, ആരാധനക്കർഹനായി അവൻ മാത്രമേയുള്ളൂ എന്നൊക്കെ. അല്ലാഹുവിൽ വിശ്വസിക്കേണ്ടുന്ന പ്രകാരം വിശ്വസിക്കുവിൻ. എല്ലാ റസൂലുകളെയും പോലെ ഈസായും അവന്റെ റസൂലുകളായ അടിയാൻമാരിൽ പെട്ടഒരാളാണ് , ആരും തന്നെ ദൈവങ്ങളും, ദൈവത്വമുള്ളവരുമല്ല എന്നൊക്കെ എല്ലാ റസൂലുകളെപ്പറ്റിയും വിശ്വസിച്ചുകൊള്ളണമെന്ന് താൽപര്യം . ഇങ്ങനെ യഥാർത്ഥമായ സത്യവിശ്വാസം സ്വീകരിക്കുന്നതോടുകൂടി നിങ്ങൾ നിങ്ങളുടെ ആ പിഴച്ച വിശ്വാസ സിദ്ധാന്തം അങ്ങ് ഉപേക്ഷിക്കേണ്ടതുണ്ടെന്ന് താക്കീത് ചെയ്യുന്നു : وَلَا تَقُولُوا ثَلَاثَةٌ(മൂന്ന് എന്ന്- മൂന്നു ദൈവങ്ങൾ, അല്ലെങ്കിൽ മൂന്നെണ്ണം ചേർന്ന ഏക ദൈവം എന്ന് - പറയുകയും ചെയ്യരുത്) എന്ന് വെച്ചാൽ, അല്ലാഹുവിനു പുറമെ ഈസാ(അ) നെയും മർയം (അ) നെയും ദൈവങ്ങളാക്കുന്നതോ, പിതാവ്- പുത്രൻ- പരിശുദ്ധാത്മാവ് എന്നിങ്ങനെ മുക്കൂട്ടു ദൈവത്തെ ഉണ്ടാക്കി

ത്തീർക്കുന്നതോ ആയ എല്ലാവിധ ത്രിത്വസിദ്ധാന്തങ്ങളും ഉപേക്ഷിച്ചേ തീരൂ എന്നർത്ഥം. ആ ദുഷിച്ചുപഴകിയ സിദ്ധാന്തത്തിൽ നിന്ന് വിരമിക്കുന്നത് നിങ്ങളുടെ തന്നെ ഗുണത്തിന് വേണ്ടിയാണെന്നും, ഇല്ലാത്തപക്ഷം നിങ്ങൾക്കു തന്നെയാണതിന്റെ നഷ്ടം ബാധിക്കുകയെന്നും (انْتَهُوا خَيْرًا لَّكُمْ) ഓർമിപ്പിച്ചിരിക്കുന്നു.

ഇത്രയും പറഞ്ഞതുകൊണ്ട് മതിയാക്കാതെ, വിഷയം വീണ്ടും ആവർത്തിച്ചുറപ്പിച്ചുകൊണ്ടും, ബുദ്ധിയും സത്യം സ്വീകരിക്കാനുള്ള സന്നദ്ധതയും ഉള്ളവർക്ക് ചിന്തിക്കുവാൻ മതിയായ തെളിവ് ചൂണ്ടിക്കാട്ടിക്കൊണ്ടും അല്ലാഹു പറയുന്നു :- അല്ലാഹു മാത്രമാണ് ആരാധനക്കർഹനായ ഏകദൈവമായുള്ളവൻ (إِنَّمَا اللَّهُ إِلَٰهٌ وَاحِدٌ) ക്രിസ്ത്യാനികളും മറ്റും പറയുന്നതുപോലെ അവന് ഒരു തരത്തിലുള്ള സന്താനവും ഉണ്ടായിരിക്കുവാൻ നിവൃത്തിയില്ല; അവൻ അതിൽ നിന്ന് എത്രയോ പരിശുദ്ധനാണ് (سُبْحَانَهُ أَن يَكُونَ لَهُ وَلَدٌ) കാരണം, ആകാശഭൂമികളിലുള്ള സർവ്വ വസ്തുക്കളും അവന്റെ സൃഷ്ടിയും അവന്റെ ഉടമയിലുമാകുന്നു (لَّهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ) ; എല്ലാറ്റിന്റെയും കൈകാര്യവും അവൻതന്നെ നടത്തുന്നു. അതിന് അവനല്ലാതെ മറ്റാരുമില്ല; അവൻ തന്നെ അതിന് ധാരാളം മതിതാനും. (وَكَفَىٰ بِاللَّهِ وَكِيلًا) എന്നൊക്കെ. യഥാർത്ഥം ഇങ്ങിനെയിരിക്കെ, ആകാശഭൂമികളിലുള്ള ചില വസ്തുക്കളോ, ചില ആളുകളോ ദൈവമാണെന്നോ , ദൈവത്വമുള്ളതാണെന്നോ പറയുന്നത് ആ യാഥാർത്ഥ്യത്തെ നിഷേധിക്കലും, വ്യാജം കെട്ടിച്ചമക്കലുമല്ലാതെ മറ്റൊന്നുമല്ല.

ഈസാ(അ) ദൈവമോ, ദൈവപുത്രനോ അല്ലെന്നും അദ്ദേഹം ക്രൂശിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തിട്ടില്ലെന്നും, അദ്ദേഹം അല്ലാഹുവിന്റെ സൃഷ്ടിയും അടിയാനുമായ ഒരു റസൂൽ മാത്രമാണെന്നും സ്ഥാപിച്ചു കഴിഞ്ഞാൽ , ക്രിസ്ത്യാനികളുടെ മറ്റൊരു പ്രധാന വിശ്വാസ സിദ്ധാന്തമായ പാപ പരിഹാര വാദത്തിന് (മനുഷ്യൻ ജൻമനാ പാപിയാണെന്നും, ആ പാപപരിഹാരാർത്ഥം അതിന് പ്രായശ്ചിത്തമായിട്ടാണ് യേശുക്രിസ്തു ഈ ലോകത്ത് മനുഷ്യനായി അവതരിച്ചു കുരിശു വരിച്ചതെന്നുള്ള വാദത്തിന്) പിന്നെ നിലനിൽപില്ലല്ലോ. അതുകൊണ്ടായിരിക്കാം അതിനെപ്പറ്റി അല്ലാഹു പ്രത്യേകമായൊന്നും ഇവിടെ എടുത്തു പറയാതിരുന്നത് الله اعلم

ക്രിസ്ത്യാനികളുടെ ത്രിത്വസിദ്ധാന്തം (تثليث النصارى)

ഈസാ നബി (അ) യെ സംബന്ധിച്ചു ക്രിസ്ത്യാനികൾ കെട്ടിച്ചമച്ചുണ്ടാക്കിയതും, ക്രിസ്തുമതത്തിലെ മൗലിക വിശ്വാസ സിദ്ധാന്തങ്ങളായി അവർ കരുതിവരുന്നതുമായ പല വിഷയങ്ങളെക്കുറിച്ച് അടുത്ത സൂറത്തിൽ ഇനിയും ചില പരാമർശങ്ങളും ഖണ്ഡനങ്ങളും വരുന്നുണ്ട്. സു: മർയമിലും മറ്റുമായി വേറെ സൂറത്തുകളിലും പലതും കാണാം. അവയെല്ലാം വേണ്ടതുപോലെ ഗ്രഹിക്കുവാനും, പ്രസ്തുത സിദ്ധാന്തങ്ങളുടെ പൊള്ളത്തരങ്ങളും പരസ്പര വൈരുദ്ധ്യങ്ങളും മനസ്സിലാക്കുവാനും , കാലാന്തരങ്ങളിൽ അവയിൽ സ്വീകരിക്കപ്പെട്ടുവന്ന ഭേദഗതികളും മാറ്റങ്ങളും സാമാന്യം പരിചയപ്പെടുവാനും ക്രിസ്തുമതത്തിന്റെ ഒന്നാമത്തെ അടിസ്ഥാന സിദ്ധാന്തമായി ക്രിസ്ത്യാനികൾ സ്വീകരിച്ചു വരുന്ന അവരുടെ ത്രിത്വോപദേശത്തെക്കുറിച്ച് അൽപം അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് (الاب والابن وروح القدس) എന്നിങ്ങനെ മൂന്ന്

ഭൂതങ്ങൾ (الاقانيم الثلاثة) ചേർന്നതാണ് ദൈവം: ദൈവത്വത്തിലും; ദൈവികഗുണങ്ങളിലും ഈ മൂന്ന് ഭൂതങ്ങളും സമമാണെങ്കിലും ദൈവം ഏകനായുള്ളവൻ തന്നെ എന്നുള്ളതാണ് ത്രിത്വോപദേശത്തിന്റെ ആകെത്തുക. ഇതിനാണ് 'ത്രിയേകത്വം' എന്നു പറയപ്പെടുന്നത്. ഇസ്‌ലാമിലെ 'തൗഹീദി'ന്റെ സ്ഥാനമാണ് ക്രിസ്തുമതത്തിൽ ത്രിയേകത്വത്തിനുള്ളത്. എന്നാലും ക്രിസ്തീയ രേഖകൾ പരിശോധിക്കുമ്പോൾ, ഈ സിദ്ധാന്തത്തോളം അവ്യക്തതയും യുക്തിരാഹിത്യവും നിറഞ്ഞതോ ക്രിസ്തീയ സമുദായത്തിൽ തന്നെ തത്വനിർണയത്തിൽ ഇത്രത്തോളം ഭിന്നാഭിപ്രായമുള്ളതോ ആയ ക്രൈസ്തവ സിദ്ധാന്തം വേറെയുണ്ടോ എന്ന് സംശയമാണ്. അവരുടെ ആധികാരിക ഗ്രന്ഥങ്ങളിൽ നിന്ന് തന്നെ മനസ്സിലാക്കാവുന്ന ഒരു പരമാർത്ഥമാണിത്.

'ത്രിത്വോപദേശം' എന്ന ശീർഷകത്തിൽ 'വേദപുസ്തക നിഘണ്ടുവിൽ (*) ഒരു നീണ്ട ലേഖനം തന്നെയുണ്ട്. ദൈർഘ്യഭയം നിമിത്തം അതിലെ ഏതാനും പ്രസക്ത ഭാഗങ്ങൾ മാത്രം നമുക്കിവിടെ പരിശോധിക്കാം. നിഘണ്ടു പറയുന്നു :-(**)

'ഈ ഉപദേശം ഒരു ദിവ്യ മർമമാകുന്നു. ദൈവമുണ്ടെന്നും അവനു പല ലക്ഷണങ്ങൾ ഉണ്ടെന്നും അറിയാമെങ്കിലും തത്വം അഥവാ സ്വഭാവം ഇന്നതെന്നു മനസ്സിലാക്കുവാൻ കഴിയില്ല. ദൈവം ഏകനാണെന്നുള്ളത് സന്ദേഹരഹിതമാണെങ്കിലും ആ ഏകത്വത്തെക്കുറിച്ച് പൂർണമായി ഗ്രഹിക്കുന്നത് പ്രയാസമാണ്.' (ഈ പ്രയാസത്തെപ്പറ്റി കുറേയധികം നീട്ടി സംസാരിച്ച ശേഷം നിഘണ്ടു തുടരുന്നു :-)

'ഇങ്ങനെ ഏകനായവനെക്കുറിച്ച് ത്രിയേകനാണെന്നു (Triune) പറയുന്നത് (***) മഹാമർമമാണെങ്കിലും നാം അത്യന്തം വിനയത്തോടും വിശ്വാസത്തോടും സ്നേഹത്തോടും അതിനെ അംഗീകരിക്കുന്നതു നമ്മുടെ കർത്തവ്യമാകുന്നു. അല്ലെങ്കിൽ ദൈവത്തിന്റെ തത്വത്തെ ആർക്ക് ഗ്രഹിക്കുവാൻ കഴിയും ?....... ഈ ഉപദേശത്തെ ആക്ഷേപിക്കുന്നവർക്കു പ്രതിഷേധമായി ക്രൈസ്തവ പണ്ഡിതൻമാർ ഇതിനു പല നിർവ്വചനങ്ങൾ നൽകിയിട്ടുള്ളതിൽ രണ്ടെണ്ണം മാത്രം ഇവിടെ ഉദ്ധരിച്ചാൽ മതിയാകും. (i) കാതോലിക്കാ വിശ്വാസം എന്നത് : നാം ഏകദൈവത്തെ ത്രിത്വത്തിലും ത്രിത്വത്തെ ഏകദൈവത്തിലും വന്ദിക്കുന്നതു തന്നെ . മൂർത്തികളെ സമ്മിശ്രമാക്കാതെയും തത്വത്തെ വിഭാഗിക്കാതെയും ഇരിക്കണം. എന്തെന്നാൽ പിതാവ് വേറെ , പുത്രൻ വേറെ , പരിശുദ്ധാത്മാവ് വേറെ എങ്കിലും മൂന്നിന്റെയും ദൈവത്വം ഒന്നുതന്നെ . മഹത്വം സമവും, പ്രഭാവം നിത്യവുമാണ് എന്നു അത്താനാസ്യോസിന്റെ വിശ്വാസ പ്രമാണത്തിൽ പറഞ്ഞിരിക്കുന്നു. (ii) ആംഗ്ളേയ തിരുസഭയിലെ മതസംഗതികൾ : നിത്യനായി ശരീരമോ അവയവങ്ങളോ വികാരങ്ങളോ ഇല്ലാത്തവനായി അന്തമില്ലാത്ത ശക്തിയും ജ്ഞാനവും നൻമയും

(*) 'ദി മലയാളം ക്രിസ്ത്യൻ ലിറ്ററേച്ചർ കമ്മിറ്റി' യാൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ആധികാരിക നിഘണ്ടുവാണിത്. ക്രിസ്ത്വബ്ദം 1950ൽ പ്രസിദ്ധീകരിച്ച അതിന്റെ 2-ാം പതിപ്പിൽ നിന്നാണ് താഴെ കാണുന്ന ഉദ്ധരണികൾ. പേജ് നമ്പറുകളും അതിന്റെ തന്നെ.

(**) നിഘണ്ടുവിലെ നീണ്ട പ്രസ്താവനകൾ ചിലത് അൽപം ചുരുക്കി ഉദ്ധരിച്ചിട്ടുണ്ടെങ്കിലും കഴിവതും അതിന്റെ തന്നെ വാചകങ്ങളിലാക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

(***) ദൈവം മൂന്ന്മൂർത്തികൾ ചേർന്നതും അതോടൊപ്പം മൂന്നുംകൂടി ഏകവുമാണെന്നു പറയുന്നത്.

ഉള്ളവനായി ദൃശ്യാദൃശ്യങ്ങളായ സകലത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായി ജീവനും സത്യവുമുള്ള ദൈവം ഒന്നുമാത്രം. ഈ ദൈവത്തിന്റെ ഐക്യത്തിൽ തത്വവും ശക്തിയും നിത്യവും ഒന്നായിരിക്കുന്ന പിതാവ് എന്നും പുത്രനെന്നും പരിശുദ്ധാത്മാവെന്നും മൂവർ ഉണ്ട്. (വേ. പു. നി. പുറം. 157, 158) ['മതസംഗതികൾ' എന്നു പറഞ്ഞത് Articles of Religion എന്ന ഗ്രന്ഥത്തെ ഉദ്ദേശിച്ചാണെന്ന് 498-ാം പേജിൽ നിന്നു ഗ്രഹിക്കാം]

തുടർന്നുകൊണ്ട് ചില ഉദ്ധരണികളും ഉപമകളും വഴി ഒന്നു മൂന്നായതിനെയും, മൂന്നും ഒന്നായതിനെയും ന്യായീകരിക്കുവാൻ നിഘണ്ടു ശ്രമിക്കുന്നു. വൈരുദ്ധ്യങ്ങളും അവ്യക്തതയും കെട്ടിക്കുടുക്കും നിറഞ്ഞ ആ ഭാഗം നമുക്കിവിടെ ഉദ്ധരിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല. (ഒരു സാമാന്യ വിവരം താഴെ വരുന്നുമുണ്ട്.) പിന്നീട് ഈ ത്രിത്വോപദേശത്തിന്റെ ചരിത്രം എന്ന ഉപശീർഷകത്തിൽ നിഘണ്ടു പറയുകയാണ് :- '......പ്രവാചക കാലം മുതൽക്കേ ഏകദൈവമേയുള്ളൂ എന്നതിന്റെ അർത്ഥം എബ്രായർ അറിവാനിടയായി. ചുരുക്കിപ്പറഞ്ഞാൽ അനന്തകാലത്തു ദൈവത്തിനും തങ്ങൾക്കും മദ്ധ്യെ ഒരു മദ്ധ്യസ്ഥൻ വേണമെന്നു വിചാരിച്ചു..... എങ്കിലും ത്രിത്വത്തെക്കുറിച്ചാകട്ടെ , പരിശുദ്ധാത്മാവിനെക്കുറിച്ചാകട്ടെ അവർ ഒന്നും അറിഞ്ഞിരുന്നില്ല. ത്രിത്വത്തിൽ മൂന്നാം ആളായ പരിശുദ്ധാത്മാവിനെക്കുറിച്ച് യേശുവിന്റെ ഉപദേശത്തിലാണ് (*) നാം ആദ്യമായി കാണുന്നത്. പുതിയ നിയമത്തിൽ ത്രിത്വോപദേശത്തെക്കുറിച്ചു ഒരു വാക്യത്തിൽ പോലും വിശദമായി പറഞ്ഞിട്ടില്ലെങ്കിലും (**) മുമ്പുദ്ധരിച്ച വാക്യങ്ങളിലും അപ്പോസ്തലൻമാർ എഴുതിയ ഗ്രന്ഥങ്ങളിലും അത് മൂലോപദേശമായിരിക്കുന്നു. അത് അവരുടെ അനുഭവത്തിൽ നിന്ന് വളർന്നു വന്ന ഉപദേശമത്രെ. വിശുദ്ധ പൗലോസ് (***) മുതലായവരുടെ മനസ്സിൽ ത്രിത്വ വിശ്വാസമില്ലായിരുന്നുവെങ്കിൽ ദൈവം നിർവ്വഹിച്ച വേലയെക്കുറിച്ച്

(*) യേശുവിന്റെ കാലശേഷം പല കൊല്ലങ്ങൾ കഴിഞ്ഞു പലരാലും എഴുതപ്പെട്ടതും , എഴുതപ്പെട്ട കാലത്തെയോ, എഴുതിയ കർത്താക്കളെയോ സംബന്ധിച്ചു സൂക്ഷ്മായി അറിയപ്പെടാത്തതും, ക്രിസ്ത്യാനികൾക്കിടയിൽ പോലും വളരെ തർക്കങ്ങൾക്കും വാഗ്വാദങ്ങൾക്കും ഇടയായതും, കാലക്രമത്തിൽ ക്രിസ്തുമത വേദഗ്രന്ഥങ്ങളായി അംഗീകരിക്കപ്പെട്ടു വരുന്നതുമായ സുവിശേഷങ്ങളിൽ യേശുവിന്റെ പ്രസ്താവനകളായി ഉദ്ധരിക്കപ്പെട്ടിട്ടുള്ള വാക്യങ്ങളെ ഉദ്ദേശിച്ചാണിത്. അവയിൽ തന്നെയും പരിശുദ്ധാത്മാവിനു ദൈവത്വമുള്ളതായി കാണിക്കുന്ന വാക്യങ്ങളൊന്നും ഇല്ലതാനും.

(**) വിശദമായി പറഞ്ഞിട്ടില്ലെന്നതു ശരി. എന്നാൽ, സൂചനയായോ സംക്ഷിപ്തമായോ ത്രിത്വോപദേശത്തെപ്പറ്റി വല്ലതും പറയുന്നുണ്ടോ ? അതുമില്ല. അവിടവിടെയുള്ള ഏതാനും വാക്യങ്ങളെ തേടിപ്പിടിച്ചു കൂട്ടിയിണക്കിക്കൊണ്ട് അവയിൽ നിന്നു ത്രിത്വോപദേശം മിനഞ്ഞെടുക്കുവാൻ നിഘണ്ടുവിന്റെ കർത്താക്കളും മറ്റും ശ്രമം നടത്തിയിട്ടുണ്ട് അത്രമാത്രം.

(***) വിശുദ്ധ പൗലോസ് St. Paul بولس القديس എന്ന അപ്പോസ്തലൻ കുരിശു സംഭവംവരേക്കും യേശുവിന്റെ ബദ്ധവൈരിയും, ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനുമായിരുന്ന ഒരു മുഴുത്ത യഹൂദനായിരുന്നു. അദ്ദേഹം യേശുവിനെ കാണുകയുണ്ടായിട്ടില്ല.കുരിശു സംഭവം കഴിഞ്ഞു ഏതാനും കൊല്ലങ്ങൾക്കു ശേഷം -എത്ര കൊല്ലമെന്നുള്ളതിൽ ഭിന്നാഭിപ്രായങ്ങളുണ്ട്- പെട്ടെന്നുണ്ടായ ഒരു സംഭവ

അവർ പറഞ്ഞത് മനസ്സിലാക്കാൻ പ്രയാസമായിരിക്കും............ ആദ്യ ക്രിസ്ത്യാനികളെല്ലാവരും ത്രിത്വത്തെക്കുറിച്ച് വിവിധാഭിപ്രായക്കാരായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ രണ്ടും മൂന്നും നൂറ്റാണ്ടുകളിലെ ക്രിസ്ത്യാനികളിൽ പലരും പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ പേരുകൾ ഉപയോഗിച്ചിരുന്നുവെങ്കിലും ആ പേരുകളിലടങ്ങിയ അർത്ഥവും ബന്ധവും എന്താണെന്നു ദൃഢമായി വിവരിച്ചിട്ടില്ല.

വ്യാജോപദേശങ്ങൾ (*) പ്രചരിച്ച കാലം മുതൽക്ക് തിരുസഭയിൽ സത്യോപദേശം നിലനിൽക്കണമെന്ന് ആഗ്രഹിച്ചവർ ഈ ഉപദേശത്തെക്കുറിച്ചു സുന്നഹദോസുകളിൽ (**) ആലോചിച്ചു നിർണയം ചെയ്തു പൊതു വിശ്വാസപ്രമാണത്തിൽ ഉൾപ്പെടുത്തി ഉപദേശിച്ചു വന്നു.

(നിഘണ്ടു തുടരുന്നു:) 'ക്രിസ്ത്വബ്ദം 325 ൽ പ്രസിദ്ധീകരിച്ച നിഖ്യാ (***) വിശ്വാസപ്രമാണത്തിൽ പിതാവും പുത്രനും തമ്മിലുള്ള ബന്ധം വിവരിച്ചു. ക്രി. 381 ൽ കൊൻസ്തൻതീൻ പുരിയിൽ (****) കൂടിയ സുന്നഹദോസു 'പരിശുദ്ധാത്മാവ് പിതാവിലും പുത്രനിലും നിന്ന് പുറപ്പെടുന്നു' എന്ന് സ്ഥിരപ്പെടുത്തി ത്രിത്വബന്ധത്തെ ബുദ്ധിക്കു എത്താവുന്നേടത്തോളം വിവരിച്ചു : ഏകദേശം ക്രി. 500 ൽ പ്രസിദ്ധീകരിച്ച

ത്തിൽ താൻ യേശു ക്രിസ്തുവിനെ ബാഹ്യ നേത്രം കൊണ്ടു കണ്ടുവെന്നും യേശു കർത്താവ് പുറം ജാതികളിലേക്കുള്ള അപ്പോസ്തലനായി തന്നെ നിയോഗിച്ചിട്ടുണ്ടെന്നും അവകാശപ്പെട്ടുകൊണ്ട് അപ്പോസ്തലൻമാരിൽ ഒരാളായി രംഗപ്രവേശം ചെയ്ത ആളാണ് പൗലോസ് . യേശു സ്വർഗാരോഹണം ചെയ്തശേഷം പൗലോസ് അദ്ദേഹത്തെ നേരിൽ കണ്ടുവെങ്കിലും അപ്പോസ്തല സ്ഥാനം നൽകിയത് മറ്റൊരാൾ വഴിക്കാണെന്ന് അഭിപ്രായമുണ്ട്. ഏതായാലും ഭാവിയിൽ തന്റെ ജീവിതം സുഖകരമാക്കുവാനും, നേതൃസ്ഥാനം കൈവരുവാനും വേണ്ടി പൗലോസ് കണ്ടുപിടിച്ച ഒരു വിദ്യയായിരുന്നു അതെന്നു ക്രിസ്തീയ സാഹിത്യങ്ങൾ വായിക്കുന്നവർക്കു-ക്രിസ്ത്യാനികളല്ലാത്തവർക്ക്-മനസ്സിലാകുന്നതാണ്. ത്രിത്വസിദ്ധാന്തം, പാപപരിഹാരവാദം എന്നിങ്ങനെ നിലവിലുള്ള പല ക്രിസ്തീയ വിശ്വാസ സിദ്ധാന്തങ്ങൾക്കും രൂപകൽപന ചെയ്തത് പൗലോസാകുന്നു. പൗലോസിന്റെ ചരിത്ര ഗ്രന്ഥങ്ങളിൽ നിന്നും നിഘണ്ടുവിലെ പല പ്രസ്താവനകളിൽ നിന്നു അറിയാവുന്ന ഒരു പരമാർത്ഥമാണിത്.

(*) അതതു കാലത്തു നിലവിലുള്ള ഭൂരിപക്ഷ ക്രിസ്തീയ വിശ്വാസങ്ങൾക്കു യോജിക്കാത്തവരുടെ അഭിപ്രായങ്ങളാണ് വ്യാജോപദേശങ്ങൾ കൊണ്ടു വിവക്ഷ.

(**) സുന്നഹദോസു=ക്രിസ്തീയ മഹാസഭ

(***) തുർക്കിയിലെ അനാത്തോലിയ (اناضول) യിലെ ഒരു പട്ടണമാണ് നിഖ്യ (نيقيا --Nicce) ഇപ്പോൾ ഇതിന്റെ പേർ ഇസ്നീക് (از نيق) എന്നാകുന്നു. ക്രിസ്ത്വബ്ദം 325 ലും, 787 ലുമായി അവിടെ രണ്ടു സുന്നഹദോസുകൾ കൂടിയിട്ടുണ്ട് (المنجد)

(****) കൊൻസ്തൻതീൻപുരി -- കാൺസ്റ്റന്റിനോപ്പ്ൾ നഗരം (قسطنطينية= Constantinople)

അത്താനാസ്യോസിന്റെ (*) വിശ്വാസപ്രമാണം അദ്ദേഹം നിർമിച്ചതല്ല. അത് ഉണ്ടാക്കിയ ആളിന്റെ പേരറിഞ്ഞുകൂടാ. എന്നാൽ ഇതിനെ യൂറോപ്പിന്റെ പടിഞ്ഞാറൻ ദേശങ്ങളിലെ സഭക്കാർ സ്വീകരിച്ചിരുന്നുവെന്നും, ആ പ്രമാണത്തിൽ ത്രിത്വോപദേശം സവിസ്തരം പ്രതിപാതിക്കപ്പെട്ടിരുന്നുവെന്നും കണ്ട് ക്രൈസ്തവ സഭ 6-ാം നൂറ്റാണ്ടു മുതൽ ഇതു അംഗീകരിച്ചുവെന്നു വിശ്വസിക്കാം. യവനസഭ 'പരിശുദ്ധാത്മാവ് പിതാവിലും പുത്രനിലും നിന്ന് പുറപ്പെടുന്നു' എന്ന് പറയാതെ 'അവൻ പിതാവിൽ നിന്ന് പുറപ്പെടുന്നവനാണ്' എന്നേ പറയുന്നുള്ളൂ. ഇതിൽ യവനസഭക്കും പടിഞ്ഞാറൻ സഭക്കും തമ്മിലുള്ള ത്രിത്വോപദേശം സംബന്ധിച്ച പ്രധാന വ്യത്യാസം ദൃശ്യമാകുന്നു.അക്കാലം മുതൽ പല വൈദിക പണ്ഡിതൻമാരും തത്വശാസ്ത്രജ്ഞൻമാരും ഈ ഉപദേശത്തെപ്പറ്റി വിവരിക്കുവാൻ പ്രയത്നിച്ചു പല താർക്കിക ഗ്രന്ഥങ്ങളും തത്വശാസ്ത്ര ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ടെങ്കിലും ഈ മർമം എന്നേക്കും ഒരു മർമം തന്നെയാണെന്ന് പറയാതെ തരമില്ല.' (വേ. പു. നി. പുറം. 159)

ക്രിസ്തീയ വിശ്വാസപ്രമാണങ്ങളിൽ മുഖ്യമായത് അപ്പോസ്തല പ്രമാണം, നിഖ്യാ പ്രമാണം, അത്താനാസ്യോസിന്റെ പ്രമാണം എന്നീ മൂന്നെണ്ണമാകുന്നു. താരതമ്യേന കൂടുതൽ പ്രാമാണ്യം കൽപിക്കപ്പെടുന്നത് നിഖ്യാ പ്രമാണത്തിനാണെന്നു പറയാം . ഈ മൂന്നു പ്രമാണങ്ങളുടെയും ചരിത്രം നോക്കുമ്പോൾ ഒന്നിനും തന്നെ ക്രിസ്ത്യാനികളുടെ ഇടയിൽ സർവ്വസ്വീകാര്യമായ അടിസ്ഥാനമില്ലെന്നും, ഒന്നും വേദഗ്രന്ഥത്തെയോ യേശു ക്രിസ്തുവിന്റെ വചനങ്ങളെയോ ആസ്പദമാക്കി രൂപം നൽകപ്പെട്ടവയല്ലെന്നും, എല്ലാം അതതു കാലത്തെ രാഷ്ട്രീയവും സാമൂഹ്യവും ശാസ്ത്രീയവുമായ പരിതഃസ്ഥിതിക്കനുസരിച്ചു അതതു കാലത്തുള്ള ക്രിസ്തീയ നേതാക്കളാൽ തയ്യാറാക്കപ്പെട്ടവ മാത്രമാണെന്നും കാണാവുന്നതാണ്. 'വിശ്വാസ പ്രമാണം' എന്ന ശീർഷകത്തിൽ വേ. പു. നിഘണ്ടു ആദ്യമായി ഒരു പൊതു വിവരണം നൽകിക്കാണാം. അതിലെ ചില പ്രസക്ത ഭാഗങ്ങൾ കൂടി താഴെ ഉദ്ധരിക്കുന്നു:-

'വിശ്വാസ പ്രമാണം' എന്നതു ക്രിസ്ത്യാനികൾ ചില കാലങ്ങളിൽ വിശ്വസിച്ചുവന്ന മത സിദ്ധാന്തത്തെ കുറിക്കുന്നു. ആദ്യ കാലത്തു അപ്പൊസ്തലൻമാർ ഒരു പൊതു സംഘമായി കൂടിവന്നു യേശുവിനെക്കുറിച്ചു അറിഞ്ഞ സംഗതികളെ സംബന്ധിച്ചു ചിന്തിച്ചു വിശ്വാസപ്രമാണം എന്ന ഒരു ചെറിയ ഗ്രന്ഥം എഴുതി പരസ്യപ്പെടുത്തി. സകല ക്രിസ്ത്യാനികളും സ്വീകരിക്കണം എന്നു തീരുമാനിച്ചു എന്ന് നാം ഒരിക്കലും വിചാരിക്കരുത്. പിൽക്കാലത്തു വൈദിക ശാസ്ത്രജ്ഞൻമാർ ഇപ്രകാരം ചെയ്തുവന്നതിൽ സംശയമില്ല. (**) മുൻകാലങ്ങളിലുള്ളവർ അവരവരുടെ അഭിപ്രായപ്രകാരം അവരവർ അറിഞ്ഞ വിഷയങ്ങളെ അംഗീകരിച്ചുവന്നു. അവർക്ക് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഉണ്ടായിരുന്നപ്പോൾ അവർ തമ്മിൽ തർക്കിക്കുക പതിവായിരുന്നു.ചിലപ്പോൾ

(*) അത്താനാസ്യോസ് (أثناسيو الاسكندري - Athanasius Or Athanase) ഇദ്ദേഹം അലക്സാന്തരീയ്യയിലെ പാത്രിയർക്കീസ് (بطريرك - Patriarch) ആയിരുന്നു. ഇദ്ദേഹമാണ് നിഖ്യായിൽവെച്ചു ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിച്ചിരുന്ന അരിയൂസു പക്ഷക്കാരെ പുറം തള്ളുവാൻ മുൻകൈ എടുത്തത്.

(**) ത്രിത്വവിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തീയ വേദഗ്രന്ഥങ്ങളോ യേശുവിന്റെ വാക്യങ്ങളോ അല്ലെന്നും, അതതു കാലത്തെ ക്രിസ്തീയ പണ്ഡിതൻമാരുടെ സൃഷ്ടിയാണെന്നും അപ്പോൾ വ്യക്തമാണല്ലോ. നിഘണ്ടു തന്നെ വഴിയെ ഇത് തുറന്നു പറയുന്നത് കാണാം.

തർക്കം തീർക്കുന്നതിന് അവർ ഒരു പ്രത്യേക തീരുമാനം ഉണ്ടാക്കും. തിരുസഭ പല നൂറ്റാണ്ടുകളായി വാദപ്രതിവാദം നടത്തിക്കൊണ്ടിരുന്നിട്ടും അവ സകല ക്രിസ്ത്യാനികളും അംഗീകരിക്കണമെന്നുള്ള തീരുമാനം അവർ ഉണ്ടാക്കീട്ടില്ല. ദൃഷ്ടാന്തമായി ത്രിത്വത്തെക്കുറിച്ചു ഇന്നുവരെയും ഗ്രീക്കു സഭക്കും മറ്റു ക്രിസ്ത്യാനികൾക്കും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ട്. ഇപ്രകാരം വിശ്വാസ പ്രമാണങ്ങൾ എന്നതു ക്രിസ്ത്യാനികൾ മതസംബന്ധമായ വിഷയങ്ങളെക്കുറിച്ചു ഉണ്ടാക്കിയ തീരുമാനങ്ങൾ എന്നർത്ഥം. അവ ദൈവം സഭക്കു കൊടുത്ത പ്രമാണങ്ങൾ അല്ല'.

അനന്തരം, 'സാധാരണമായി ക്രിസ്ത്യാനികൾക്കിടയിൽ ഉപയോഗത്തിലിരിക്കുന്ന മൂന്ന് വിശ്വാസപ്രമാണങ്ങളുണ്ടെ' ന്ന് പറഞ്ഞുകൊണ്ട് നിഘണ്ടു ഓരോന്നിനെക്കുറിച്ചും ഇങ്ങനെ വിവരിക്കുന്നു:-

1. അപ്പോസ്തല വിശ്വാസപ്രമാണം: ഇതു അപ്പോസ്തലൻമാർ എല്ലാവരുംകൂടി ഉണ്ടാക്കിയതെന്നാണു ആദി ക്രിസ്തീയ പാരമ്പര്യം. എന്നാൽ ഈ പ്രമാണം അവരുടെ കാലത്തു ഉണ്ടാക്കപ്പെട്ടതാണെന്നും, പിതാപുത്ര പരിശുദ്ധാത്മാവിനെക്കുറിച്ച് ആദ്യ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന വിശ്വാസത്തെ അവർ സഭായോഗമായി കൂടുമ്പോൾ ഒരുമിച്ചു ചൊല്ലി വന്നുവെന്നും പറയുന്നതിനു യാതൊരു തെളിവുമില്ല......... ഇതു അപ്പോസ്തലൻമാർ ഉപദേശിച്ചതിന്റെ സാരമായിരുന്നു എന്നു പറയുന്നതിലും ആക്ഷേപമില്ല.

2. നിഖ്യാവിശ്വാസപ്രമാണം : ഏകദേശം ക്രി.200 മുതൽ ക്രിസ്തുവിന്റെ തത്വങ്ങളെക്കുറിച്ച് ആദ്യ ക്രിസ്ത്യാനികൾക്കിടയിൽ പല വാദ പ്രതിവാദങ്ങൾ ഉണ്ടായിട്ടുണ്ട്. ക്രിസ്ത്വബ്ദം 4-ാം നൂറ്റാണ്ടിൽ ആരിയൂസ് പക്ഷക്കാർ ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ച് ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു. അത്താനാസ്യോസ് അവരെ എതിർത്തു. അക്കാലത്തെ റോമാ ചക്രവർത്തിയായിരുന്ന കുസ്തൻതീനോസ് (*) ക്രി. 325 ൽ നിഖ്യായിൽ ഒരു പൊതു സുന്നഹദോസു കൂടി സത്യ ക്രിസ്ത്യാനികൾ ഈ വിഷയത്തിൽ സ്വീകരിച്ച വിശ്വാസത്തെ പ്രസിദ്ധപ്പെടുത്താൻ എല്ലാ അദ്ധ്യക്ഷൻമാർക്കും വൈദിക ശാസ്ത്രജ്ഞൻമാർക്കും കൽപന കൊടുത്തു. അവർ പ്രസിദ്ധപ്പെടുത്തിയ പ്രമാണത്തിൽ (**) യേശുക്രിസ്തു പിതാവിന്റെ തുല്യത്വമുള്ളവനെന്നല്ല, സാക്ഷാൽ 'ത്രിത്വത്തിൽ പിതാവിനോടുകൂടെ ഏകത്വമുള്ളവൻ' എന്നു പറഞ്ഞിരിക്കുന്നു. ക്രി. 381 ൽ കുസ്തൻതിനോപ്പോലീസ് (***) എന്ന പട്ടണത്തിൽ കൂടിയ പൊതുയോഗത്തിൽ പരിശുദ്ധാത്മാവ് ത്രിത്വത്തിൽ പിതാവിനോടും പുത്രനോടും കൂടി ഒരാളായിരിക്കുന്നു എന്ന് സഭാ നേതാക്കൾ തീരുമാനിച്ചു. പരിശുദ്ധാത്മാവ് രണ്ടാളിൽ നിന്നും പുറപ്പെടുന്നു എന്ന ആശയം 5 ഉം 6 ഉം നൂറ്റാണ്ടുകളിലാണ് ഈ പ്രമാണങ്ങളിൽ സ്ഥാനം പിടിച്ചത്. അതുകൊണ്ട് ഈ പ്രമാണം പല നൂറ്റാണ്ടുകളിൽ പല ആളുകളാൽ വളർച്ച പ്രാപിച്ചതാണെന്ന് പറയാം.

(*) قسطنطين കോൺസ്റ്റണ്ടിൻ

(**) സുന്നഹദോസിന്റെ ഏകോപിച്ച തീരുമാനമോ ഭൂരിപക്ഷ തീരുമാനമോ ആയിരുന്നില്ല അത്. ആയിരക്കണക്കിൽ വൈദിക പ്രമാണികൾ സംബന്ധിച്ചിരുന്നുവെങ്കിലും അവർ അനേകം കക്ഷികളായി പിരിയുകയാണ് ഉണ്ടായത്. അവരിൽ ഒരു കക്ഷി 318 പേരുണ്ടായിരുന്നു. ഈ കക്ഷിയുടെ അഭിപ്രായത്തെ കുസ്തൻതിനോസ് ചക്രവർത്തി പിൻതാങ്ങുകയും അനുകൂലിച്ചു പ്രചരിപ്പിക്കുകയുമാണ് ഉണ്ടായത്. കൂടുതൽ വിവരം താഴെ കാണാം.

(***) قسطنطينية (കാൺസ്റ്റാന്റിനോപ്പിൾ).

3. അത്താനാസ്യോസിന്റെ വിശ്വാസപ്രമാണം: ഇത് അദ്ദേഹത്തിന്റെ കാലശേഷം ഉണ്ടാക്കപ്പെട്ടതാണ്. ഇതിൽ ത്രിത്വത്തെക്കുറിച്ചും, പുത്രൻ ഈ ലോകത്ത് അവതരിക്കുന്നതിനെയും മറ്റു പലതിനെയും കുറിച്ചും, അവ സ്വീകരിക്കാത്തവർക്ക് വരുന്ന ശാപത്തെ കുറിച്ചും പറഞ്ഞിരിക്കുന്നു. വേദവ്യാഖ്യാതാക്കൾ ഉപദേശിച്ച പല തെറ്റുകളെയും ഖണ്ഡിക്കുന്നതിനായി ഈ പ്രമാണം എഴുതപ്പെട്ടു എന്ന് പറയാം.........ഇത് ക്രിസ്ത്വബ്ദം 450 ൽ ഉണ്ടാക്കപ്പെട്ടതാണെന്ന് ചിലരും, 700 നും 800 നും ഇടയിൽ ഉണ്ടാക്കപ്പെട്ടതാണെന്ന് മറ്റു ചിലരും പറയുന്നു .(വേ. പു, നിഘണ്ടു പേജ് 482,483)

കോൺസ്റ്റന്റീൻ ചക്രവർത്തിയുടെ കാലത്തു നിഖ്യായിൽ വെച്ചുകൂടിയ ക്രിസ്തീയ മഹാസഭയുടെ തീരുമാനം ഏതടിസ്ഥാനത്തിലാണ് ഉണ്ടായതെന്നു ഹിജ്റഃ 400-ാം കൊല്ലത്തിന്റെ അടുത്ത കാലത്തു അലക്സാന്തരീയ്യ (اسكندرية) യിലെ പാത്രിയാർക്കീസായിരുന്ന സഈദുബ്നുബിത്‌രീക് (*) പ്രസ്താവിച്ചതായി ഇബ്നുകഥീർ(റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഉദ്ധരിച്ചിട്ടുണ്ട്. അതിന്റെ സാരം ഇപ്രകാരമാകുന്നു: അവരുടെ ആ വലിയ വിശ്വാസപ്രമാണം (الامانة الكبيرة) -വാസ്തവത്തിൽ അതു നിന്ദ്യമായ വഞ്ചനാപ്രമാണം (الخيانة الحقيرة) ആകുന്നു- അവർ നിർമിച്ച മഹാസഭ (**) കൂടിയത് ക്വുസ്തന്തീന്റെ (***) കാലത്താണ്. രണ്ടായിരത്തിൽപരം ബിഷപ്പുമാർ അതിൽ സംബന്ധിച്ചു. അവർ 20, 50, 70, 100 എന്നിങ്ങനെ ഏറിയും കുറഞ്ഞുമുള്ള അനേകം കക്ഷികളായിരുന്നു. ഓരോ കൂട്ടരും ഓരോ പ്രബന്ധം സമർപ്പിച്ചിരുന്നു. ഒരു സംഘത്തിൽ 318 പേരുണ്ടായിരുന്നു. ഇത്രയും ആളുകൾ ഒരു പ്രബന്ധത്തിൽ യോജിച്ചു കണ്ടപ്പോൾ രാജാവ് അത് സ്വീകരിച്ചു. അദ്ദേഹം ഒരു തത്വജ്ഞാനിയും തന്ത്രജ്ഞനുമായിരുന്നു. മറ്റു അഭിപ്രായങ്ങളെല്ലാം അദ്ദേഹം ദുർബലപ്പെടുത്തി. ആ 318 പേരുടെ ഒരു സഭ ഏർപ്പെടുത്തി, അവർക്ക് ചർച്ചുകൾ (****) സ്ഥാപിച്ചുകൊടുക്കുകയും, ഗ്രന്ഥങ്ങളും നിയമങ്ങളും ഏർപ്പെടുത്തി കൊടുക്കുകയും ചെയ്തു. അങ്ങനെ ചെറിയ കുട്ടികളുടെ വിശ്വാസം ശരിപ്പെടുത്തുവാനും അവരെ സ്നാനം ചെയ്യിക്കാനും ചൊല്ലിക്കൊടുക്കപ്പെടുന്ന ആ വിശ്വാസപ്രമാണം അവർ നിർമിച്ചു. ഇവരുടെ അനുയായികളാണ് രാജകീയ കക്ഷി (الملكانية). പിന്നീട് മറ്റൊരു മഹാസഭ കൂടുകയുണ്ടായി. അതിലാണ് യാക്കോബായ കക്ഷി (اليعقوبية) ഉണ്ടായിത്തീർന്നത്. പിന്നീട് മൂന്നാമതൊരു മഹാസഭ കൂടി , അപ്പോ

(*) سعيد بن بطريق ഇദ്ദേഹത്തിന്റെ കാലം ക്രി . 877-940 ആയിരുന്നു.- المنجد

(**) മഹാസഭ = സുന്നഹദോസ് എന്ന പേരിൽ അറിയപ്പെടുന്ന ക്രിസ്തീയ മഹാസഭ

(***) ക്വുസ്തന്തീൻ = കുസ്തന്തീനോസ് (قسطنطين) . ഈ പേരിൽ റോമാ ചക്രവർത്തിമാരായി ഒന്നിലധികം രാജാക്കൾ ഉണ്ടായിട്ടുണ്ട്. ക്രി. 274-337 ൽ ജീവിച്ച 1-ാം ക്വുസ്തന്തീന്റെ കാലത്തും അദ്ദേഹത്തിന്റെ ആവശ്യപ്രകാരവുമാണ് പ്രസ്തുതസഭയുണ്ടായത്. ഇദ്ദേഹം ക്രിസ്തു മതത്തിന്റെ യഥാർത്ഥ വിശ്വാസിയായിരുന്നുവോ, അതല്ല രാഷ്ട്രീയ ലക്ഷ്യം വെച്ചുകൊണ്ടു ക്രിസ്തീയ വിശ്വാസം പ്രകടിപ്പിച്ച ആളാണോ എന്നതിൽ ഭിന്നാഭിപ്രായം കാണാവുന്നതാണ്.

(****) സാധാരണയായി ക്രിസ്തീയ പള്ളികൾക്കു ചർച്ചു (الكنيسة) കൾ എന്നു പറഞ്ഞു വരുന്നുവെങ്കിലും 'സഭ' എന്നത്രെ ആ വാക്കിന്റെ അർത്ഥം.

ഴാണ് നെസ്തോരിയൻ കക്ഷി (النسطورية) ഉടലെടുത്തത്. (*) ഇവരെല്ലാം തന്നെ ഈസാമസീഹിൽ ത്രിഭൂതങ്ങളെ സ്ഥാപിക്കുന്നു. പക്ഷേ, അതിന്റെ സ്വഭാവത്തിലും, ദൈവത്വ-മനുഷ്യത്വങ്ങളിലും, രണ്ടും ഒന്നോ അല്ലേ എന്നതിലും, സമ്മിശ്രമാണോ- അവതരിച്ചതാണോ എന്നതിലും അവർക്ക് ഭിന്നിപ്പാണുള്ളത്. ഓരോ കക്ഷിയും മറ്റേ കക്ഷിയെ അവിശ്വാസി (كافر) യായി ഗണിക്കുന്നു. നാമാകട്ടെ മൂന്നു കക്ഷിയെയും അവിശ്വാസികളായി ഗണിക്കുന്നു.'(ابن كثير).

ഇബ്നു കഥീർ (റ) ന്റെ ഉദ്ധരണിയിലടങ്ങിയ വിവരങ്ങൾ ശരിയാണെന്ന് പല ക്രൈസ്തവ സഭാചരിത്ര ഗ്രന്ഥങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്. വിഷയത്തിലേക്ക് അൽപംകൂടി വ്യക്തത ലഭിക്കുമാറ് കെ.വി. സൈമൺ എഴുതിയ 'ക്രൈസ്തവ സഭാചരിത്ര' ത്തിലെ (**) ചില വാക്യങ്ങളും അറിയുന്നത് നന്നായിരിക്കും. വിശ്വസിക്കേണ്ടതും ജീവിക്കേണ്ടതും എങ്ങിനെയാണെന്നുള്ളതിനു പ്രമാണം പഴയ നിയമം. പുതിയ നിയമം എന്നിങ്ങനെ വിഭജിക്കുന്ന ഗ്രന്ഥങ്ങളാണെന്നും , അപ്പോസ്തലൻമാർ അതിനു വേണ്ട ചട്ടം ചെയ്തിരുന്നുവെന്നും മറ്റും സമർത്ഥിച്ചുകൊണ്ടു ഗ്രന്ഥകാരൻ ആ ഗ്രന്ഥങ്ങളെ -ബൈബ്ളിന്റെ പഴയ നിയമങ്ങളെയും പുതിയ നിയമത്തെയും.-സംബന്ധിച്ച് ഇങ്ങനെ പറയുന്നു:-

'ഇതിന്റെ വാചകൻമാർ ഇതിലെ വാക്യങ്ങൾക്കു നേരെയുള്ളതും തെളിഞ്ഞതുമായ അർത്ഥം ധരിക്കേണ്ടിയിരുന്നു. എങ്കിലും ഈ (ഒന്നാമത്തെ) നൂറ്റാണ്ടിൽ തന്നെ വേദവാക്യങ്ങളിൽ നിന്നു നേരെ കിട്ടുന്ന അർത്ഥത്തെ ഏതാനും ചിന്തകൻമാർ നിരസിച്ചു. ഇവർ വേദശബ്ദങ്ങൾക്ക് ഇഷ്ടാനുസരണം രൂപകാർത്ഥം അഥവാ ജ്ഞാനാർത്ഥം കൊടുത്ത് മറിച്ചു കളഞ്ഞു. ഇങ്ങിനെ പഴയ നിയമത്തെ കയ്യേറ്റം ചെയ്വാൻ യഹൂദതാത്വികന്മാരെപ്പോലെ പുതിയ നിയമങ്ങളെ ദുർവ്യാഖ്യാനം ചെയ്വാൻ ക്രൈസ്തവ തത്വജ്ഞാനികളും ഈ (ഒന്നാം) നൂറ്റാണ്ടിൽ തന്നെ ഉദിച്ചു. ബർണബാസിന്റെ ലേഖനം ഈ വാസ്തവത്തെ ദൃഢീകരിക്കുന്നു. മതോപദേശം എന്തെല്ലാമെന്നു അപ്പോസ്തലൻമാർ ഓരോ സന്ദർഭത്തിൽ വെളിപ്പെടുത്തിയെന്നല്ലാതെ താത്വിക മട്ടിൽ മോടി പിടിപ്പിക്കുകയോ ശാസ്ത്രരീത്യാ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.... ക്രിസ്തീയോപദേശങ്ങളുടെ ചുരുക്കം അപ്പോസ്തല വിശ്വാസ പ്രമാണത്തിൽ (***) അടങ്ങിയിരിക്കുന്നു 4-ാം നൂറ്റാണ്ടു മുതൽക്കാണ് ഇതിന് അപ്പോസ്തല വിശ്വാസം എന്ന പേർ കൊടുക്കപ്പെട്ടത്. ഇക്കാലത്ത് പൗരാണിക അറിവ് സ്വൽപമെങ്കിലുമുള്ളവർ ഈ വിശ്വാസപ്രമാണം അപ്പോസ്തല നിർമിതമാണെന്ന് വിചാരിക്കയില്ല. നേരെമറിച്ച് അപ്പോസ്തല കാലത്ത്

(*) പിന്നീട് ഈ മൂന്ന് കക്ഷികളിൽ നിന്നുമായി അനേകം കക്ഷികൾ ഉണ്ടായിത്തീരുകയും, മിക്ക കക്ഷിയും ഓരോ പേരിൽ അറിയപ്പെടുകയും ചെയ്തുവന്നു.

(**) ആദ്യത്തെ അഞ്ചു നൂറ്റാണ്ടുകളിലെ ക്രൈസ്തവസഭയുടെ ചരിത്രങ്ങളെ അധികരിച്ചു എഴുതിയതാണ് ഈ ഗ്രന്ഥം. ഗ്രന്ഥകാരൻ ഒരു ക്രിസ്തുമത പണ്ഡിതനും, മതോപദേഷ്ടാവും, പ്രഗൽഭ സാഹിത്യകാരനുമായ കുന്നും പുറത്തു വറുഗീസ് സൈമൺ എന്ന കെ.വി. സൈമണാകുന്നു. ക്രിസ്തുമതത്തിലെ വിശ്വാസാചാരങ്ങളിൽ കടന്നു കൂടിയിട്ടുള്ള പല അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും കുറിച്ച് അദ്ദേഹം അതിൽ വിവരിച്ചിരിക്കുന്നു. ക്രി. 1976 ൽ പുറത്തിറങ്ങിയ അതിന്റെ രണ്ടാം പതിപ്പിൽനിന്നാണു നാം ഉദ്ധരിക്കുന്നത്.

(***) ഈ വിശ്വാസ പ്രമാണം താഴെ കാണാവുന്നതാണ്.

എത്രയും ചെറുതായിരുന്ന ഒരു 'വിശ്വാസവചനം' അനേക നൂറ്റാണ്ടുകൊണ്ടു വളർന്നു ഈ രൂപത്തിൽ എത്തിയതാണെന്ന് വിശ്വസിക്കുകയത്രെ നമ്മുടെ കൃത്യം [ഡീൻസ്റ്റാൻലിയുടെ ക്രിസ്തീയോപദേശങ്ങൾ XIV ഭാഗം നോക്കുക] ഇതിൽ ക്രമേണ പുതിയ വാചകങ്ങൾ ചേർത്തതു ഓരോ കാലത്ത് സഭകളിലുണ്ടായ പിശകാഭിപ്രായങ്ങളെ പരിഹരിപ്പാനായിരിക്കണം.' (പേജ് 46)

മൂന്ന് വിശ്വാസ പ്രമാണങ്ങളാണ് ക്രിസ്തീയ സഭകളിൽ ഉപയോഗത്തിലിരിക്കുന്നതെന്ന് പറഞ്ഞുവല്ലോ. 1-ാമത്തേതായി ഗണിക്കപ്പെടുന്ന നിലവിലുള്ള അപ്പോസ്തല പ്രമാണത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ത്രിമൂർത്തികളെപ്പറ്റി പറയുന്നത് ഇങ്ങനെയാണ് : 'സർവ്വശക്തിയുള്ള പിതാവായി ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവന്റെ ഏകപുത്രനായി നമ്മുടെ കർത്താവായ യേശുമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഇവൻ പരിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉൽപാദിപ്പിക്കപ്പെട്ടു ജനിച്ചു.' (തുടർന്നു കൊണ്ട്-പുത്രനെപ്പറ്റി-അവൻ കുരിശിൽ തറക്കപ്പെട്ട് മരിച്ചതിനെയും, ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്ക് കരേറി പിതാവിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നതിനെയും, ജീവികളോടും മരിച്ചവരോടും ന്യായം വിധിപ്പാൻ വേണ്ടി ഇറങ്ങി വരുന്നതിനെയും കുറിച്ചു ചുരുക്കി പ്രസ്താവിച്ചശേഷം അത് ഇങ്ങനെ തുടരുന്നു:) 'പരിശുദ്ധാത്മാവിലും ശുദ്ധമായി പൊതുവിലുള്ള സഭയിലും ശുദ്ധമുള്ളവരുടെ സംസർഗത്തിലും പാപമോചനത്തിലും ശരീരത്തിന്റെ ഉയർത്തെഴുന്നേൽപിലും നിത്യ ജീവനിലും ഞാൻ വിശ്വസിക്കുന്നു.' (ക്രൈസ്തവ സഭാചരിത്രം പേജ് 46, 47 ൽ നിന്ന്.) അൽപാൽപ വ്യത്യാസത്തോടു കൂടി 'സഭാചരിത്ര സംഗ്രഹം' (*) എന്ന ഗ്രന്ഥത്തിലും (പേജ് 402) മറ്റും ഇത് ഉദ്ധരിച്ചു കാണാം.

2-ാമത്തേതായ 'നിഖ്യാവിശ്വാസ' പ്രമാണത്തിന്റെ നിലവിലുള്ള രൂപത്തിൽ പിതാ-പുത്ര-പരിശുദ്ധാത്മാക്കളെക്കുറിച്ച് കൂടുതൽ വിശേഷണങ്ങൾ കൂട്ടിച്ചേർത്തു കാണാം. അതിലെ വാചകം ഇങ്ങനെയാണ് : 'പിതാവായി സർവ്വശക്തനായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ ത്രൈകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകപുത്രനും സർവ്വത്തിന്റെയും സ്രഷ്ടാവായ ത്രൈകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും , ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, തത്വത്തിൽ പിതാവിനോട് ഏകത്വമുള്ളവനും, സകല സൃഷ്ടിക്കും മുഖാന്തരമായവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷക്കും വേണ്ടി സ്വർഗത്തിൽ നിന്ന് ഇറങ്ങി വിശുദ്ധ റൂഹാ(**)യാൽ തമ്പുരാനെ പ്രസവിച്ച കന്യകാ മറിയായിൽ നിന്ന് ശരീരം ധരിച്ച് മനുഷ്യനായി, പൊന്തിയൂസ് പിലാത്തോസിന്റെ (***) നാളുകളിൽ ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട് കഷ്ടതയനുഭവിച്ച് മരിച്ചടക്കപ്പെട്ട്, തിരുഹിത പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗത്തിലേക്ക്

(*) ഇതിന്റെ കർത്താവ് റവ. ഡോ. സി വി. ഇ. എബ്രഹാമാകുന്നു.

(**) പരിശുദ്ധാത്മാവിനെ ഉദ്ദേശിച്ചാണ് 'വിശുദ്ധ റൂഹാ' എന്നും പറയുന്നത്.

(***) റോമാ ചക്രവർത്തിയുടെ കീഴിലുള്ള ഒരു ഭരണാധികാരിയായിരുന്നു പിലാത്തോസ്.

കയറി തന്റെ പിതാവിന്റെ വലത്തു ഭാഗത്തിരുന്നവനും, അവസാനമില്ലാത്ത രാജ്യത്വമുള്ളവനും, ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ മഹാ പ്രഭാവത്തോടെ ഇനിയും വരുവാനിരിക്കുന്നവനുമായ യേശു മിശീഹാ ആയ കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടി വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബ്യമാരും ശ്ളീഹമാരും മുഖാന്തരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയും ഉള്ള ഏക റൂഹായിലും കത്തോലിക്കായ്ക്കും ശ്ളീഹാക്കും അടുത്ത ഏക വിശുദ്ധസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.' തുടർന്നുകൊണ്ട് പാപമോചനത്തിനു മാമോദീസ മാത്രമാണെന്ന് ഞങ്ങൾ ഏറ്റു പറയുന്നുവെന്നും , ഉയിർത്തെഴുന്നേൽപിനെയും വരുവാനിരിക്കുന്ന പുതിയ ജീവനെയും നോക്കിപ്പാർക്കുന്നുവെന്നും പറഞ്ഞുകൊണ്ടാണ് ഈ പ്രമാണം അവസാനിക്കുന്നത്. (സഭാചരിത്ര സംഗ്രഹം പേജ് 401. 402 ഉം മറ്റും നോക്കുക)

ഈ വാചകങ്ങളിൽ പലതും യഥാർത്ഥ നിഖ്യാ വിശ്വാസ പ്രമാണത്തിൽ ഇല്ലാത്തതും, പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതുമാണെന്നും, ഇത് പൗരസ്ത്യ സഭകൾ സ്വീകരിച്ചുവരുന്ന നിഖ്യാപ്രമാണത്തിന്റെ രൂപമാണ്- പാശ്ചാത്യൻ സഭകൾ അംഗീകരിച്ചു വരുന്ന രൂപത്തിൽ വ്യത്യാസമുണ്ട്-എന്നും, ഇതിന്റെ അവസാനത്തിൽ ഇതിനെ നിഷേധിക്കുന്നവരെ ശപിക്കുന്ന ചില വാചകങ്ങൾ കൂടി ചേർക്കപ്പെട്ടിരുന്നുവെന്നുമൊക്കെ അതേ ഗ്രന്ഥം തന്നെ പ്രസ്താവിച്ചിരിക്കുന്നു. (പേജ് 74 ഉം 81 ഉം നോക്കുക.) അപ്പോസ്തല പ്രമാണത്തിൽ സ്പർശിച്ചിട്ടില്ലാത്ത പലതും പുത്രന്റെ വിശേഷണങ്ങളായി നിഖ്യാ പ്രമാണത്തിൽ കൂട്ടിച്ചേർക്കപ്പെട്ടതിനു കാരണം വ്യക്തമാണ്. നിഖ്യാ പ്രമാണ നിർമാണം നടക്കുന്ന കാലത്തുണ്ടായിരുന്ന ഭിന്നാഭിപ്രായങ്ങളുടെ ഖണ്ഡനാർത്ഥം അന്നത്തെ രാജകീയ കക്ഷി സ്വീകരിച്ച സിദ്ധാന്തങ്ങളെ സ്ഥിരപ്പെടുത്തി ഉറപ്പിക്കലാണ് അതിന്റെ പിന്നിലുള്ള ലക്ഷ്യമെന്ന് പറയേണ്ടതില്ല.

എനി മൂന്നാമത്തെയും അത്താനാസ്യോസിന്റെ പേരോടു ചേർത്ത് പറയപ്പെടുന്നതുമായ വിശ്വാസ പ്രമാണത്തിന്റെ കഥ നോക്കിയാൽ, ഇതിലേറെ ആശ്ചര്യകരമായി കാണാം. വളരെയധികം വലിച്ചു നീട്ടി ദീർഘിപ്പിച്ചുകൊണ്ടാണ് അതുള്ളത്. അതോടു കൂടി, അത്രയധികം പൊരുത്തക്കേടുകളും പരസ്പരവൈരുദ്ധ്യങ്ങളും നിറഞ്ഞ മറ്റു വല്ല വാചകങ്ങളും എവിടെയെങ്കിലും കാണപ്പെടുമോ എന്നു പോലും സംശയമാണ്. ദൈർഘ്യഭയം നിമിത്തം അതിൽ നിന്നും ഏതാനും ഉദാഹരണങ്ങൾ മാത്രം ഇവിടെ ചുരുക്കി ഉദ്ധരിക്കാം.

അത്താനാസ്യോസിന്റെ വിശ്വാസ പ്രമാണത്തിൽ നിന്നുള്ള ചില മാതൃകകൾ: '(1) പിതാവ് ഒരുവൻ, പുത്രൻ ഒരുവൻ, പരിശുദ്ധാത്മാവ് ഒരുവൻ. എങ്കിലും മൂവരുടെയും ദൈവത്വം ഏകവും മഹത്വം സമവും പ്രഭാവം സമനിത്യവുമാകുന്നു.

(2) പിതാവ് എങ്ങിനെയുള്ളവനോ അങ്ങനെയുള്ളവനാണ് പുത്രനും പരിശുദ്ധാത്മാവും.

(3) മൂവരും സൃഷ്ടിക്കപ്പെട്ടവരല്ല

(4) ഓരോരുവനും നിത്യനാണ്, എന്നാലും മൂന്ന് നിത്യൻമാരല്ല, ഒരു നിത്യനേയുള്ളൂ.

(5) പിതാവ് സർവ്വശക്തൻ ,പുത്രൻ സർവ്വശക്തൻ, പരിശുദ്ധാത്മാവ് സർവ്വശക്തൻ, എന്നാലും സർവ്വശക്തൻ ഒന്നു മാത്രം.

(6) പിതാവ് ദൈവം ,പുത്രൻ ദൈവം, പരിശുദ്ധാത്മാവ് ദൈവം , എന്നാലും ദൈവം ഏകനാകുന്നു.

(7) പിതാവും പുത്രനും പരിശുദ്ധാത്മാവും കർത്താക്കളാണ്, എന്നാലും കർത്താവ് ഒരുവൻ മാത്രം.

(8) മൂവരും ദൈവവും കർത്താവുമാണെന്ന് ഏറ്റു പറയാൻ നിർബന്ധിക്കുന്നതുപോലെത്തന്നെ മൂന്ന് ദേവൻമാരോ മൂന്നു കർത്താക്കളോ ഉണ്ടെന്ന് പറയുന്നതിനെ 'ക്രിസ്തീയ സത്യം' നമ്മെ വിലക്കുന്നു.

(9) ത്രിത്വത്തിൽ ആരും മുമ്പനോ പിമ്പനോ അല്ല. വലിയവനോ ചെറിയവനോ അല്ല. സമനിത്യൻമാരും സകലത്തിലും സമൻമാരുമാകുന്നു.

(10) അതുകൊണ്ട് സകലത്തിലും ഏകത്വത്തെ ത്രിത്വത്തിലും ത്രിത്വത്തെ ഏകത്വത്തിലും ആരാധിക്കേണ്ടതാകുന്നു.

(11) കർത്താവായ യേശു പിതാവിന്റെ തത്വത്തിൽ നിന്നു ജനിച്ച ദൈവവും മാതാവിന്റെ തത്വത്തിൽ നിന്നു ജനിച്ച മനുഷ്യനുമാകുന്നു.

(12) അവൻ ദൈവത്വത്തിൽ പിതാവിനു സമനും മനുഷ്യത്വത്തിൽ പിതാവിന് കീഴ്പ്പെട്ടവനുമാകുന്നു.

(13) അവൻ ദൈവവും മനുഷ്യനുമാണെങ്കിലും രണ്ടാളല്ല. ഒരു ക്രിസ്തുവത്രെ.' ഇങ്ങനെ പോകുന്നു ആ പട്ടിക !(*)

യേശുക്രിസ്തുവിനു ദൈവപുത്രസ്ഥാനവും, യേശുവിനും പരിശുദ്ധാത്മാവിനും പരിപൂർണ അർത്ഥത്തിലുള്ള ദൈവത്വപദവിയും വകവെച്ചു കൊടുക്കുവാൻ ആവശ്യമെന്ന് അതതു കാലത്തെ ക്രിസ്തീയാചാര്യൻമാർക്ക് തോന്നിയ വിശേഷണങ്ങളും, എതിരഭിപ്രായക്കാരുടെ വാദങ്ങളെ ഖണ്ഡിക്കുവാൻ വേണ്ടി അതതു കാലങ്ങളിൽ നിർമിക്കേണ്ടി വന്ന വിശേഷണങ്ങളും ഓരോ അവസരങ്ങളിൽ പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളതു കൊണ്ടാണ് അപ്പോസ്തലപ്രമാണത്തെക്കാൾ നിഖ്യാപ്രമാണത്തിലും, നിഖ്യാപ്രമാണത്തെക്കാൾ ഈ പ്രമാണത്തിലും വിശദീകരണങ്ങൾ കൂടിക്കൂടി വന്നത്. ത്രിത്വത്തിലെ മൂന്നാമത്തെ മൂർത്തിയായ പരിശുദ്ധാത്മാവിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ -ദൈവമെന്നും ദൈവഗുണങ്ങൾ തികഞ്ഞവനെന്നുമൊക്കെ ക്രിസ്ത്യാനികൾ പറഞ്ഞു വരുന്നുവെന്നല്ലാതെ- അതിനൊരു സാമാന്യ നിർവ്വചനമെങ്കിലും നൽകി സ്വയം സമാധാനിക്കുവാൻ അവർക്ക് ഇക്കാലം വരെ സാധിച്ചിട്ടില്ല . വേദപുസ്തക നിഘണ്ടു തന്നെ പറയുന്നതു നോക്കുക:

'പരിശുദ്ധാത്മാവിനെക്കുറിച്ച് തിരുസഭയിൽ നടപ്പുള്ള പൊതു വിശ്വാസം നിഖ്യാപ്രമാണത്തിൽ ഇപ്രകാരം കാണുന്നു': കർത്താവും ജീവനെ നൽകുന്നവനും, പിതാ

(*) ഫാദർ എം. വി. ജോർജ്ജ് എഴുതിയതും, 'ദൈവശാസ്ത്ര സാഹിത്യ പ്രസിദ്ധീകരണ സമിതി' (തിരുവല്ല) പ്രസിദ്ധീകരിച്ചതുമായ 'ഞങ്ങൾ വിശ്വസിക്കുന്നു' എന്ന ഗ്രന്ഥത്തിന്റെ 10-13 പേജുകളിലും മറ്റു പല ക്രിസ്തീയ ഗ്രന്ഥങ്ങളിലും പൂർണ രൂപം കാണാവുന്നതാണ്.

വിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നവനും പിതാവിനോടും പുത്രനോടും കൂടെ ആരാധിക്കപ്പെടുന്നവനും, പ്രവാചകൻമാരാൽ മുന്നറിയിക്കപ്പെട്ടവനുമായ പരിശുദ്ധാത്മാവിനെയും ഞാൻ വിശ്വസിക്കുന്നു.' അത്താനാസ്യോസിന്റെ പ്രമാണത്തിൽ 'പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും ആകുന്നു , ഉണ്ടാക്കപ്പെട്ടവനുമല്ല. സൃഷ്ടിക്കപ്പെട്ടവനുമല്ല, ജനിക്കപ്പെട്ടവനുമല്ല, പുറപ്പെടുന്നവനത്രെ' എന്നു പറഞ്ഞിരിക്കുന്നു. കിഴക്കിനടുത്ത സുരിയാനീ സഭകളിൽ ഉപയോഗത്തിലിരിക്കുന്ന നിഖ്യാപ്രമാണത്തിൽ 'പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും' എന്നാണ് പദപ്രയോഗം. പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെപ്പറ്റി പത്തും പതിനൊന്നും നൂറ്റാണ്ടുകളിൽ വലിയ വാഗ്വാദം ഉണ്ടായിട്ടുണ്ട്..... പതിനൊന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ പടിഞ്ഞാറൻ സഭയും കിഴക്കൻ സഭയും ഭിന്നിച്ചു പിരിയുകയാണ് ചെയ്തത് (വേദ പുസ്തക നിഘണ്ടു പുറം 229)

പുത്രനെപ്പറ്റി പലതും പറഞ്ഞു സ്വയം തൃപ്തി അടയുവാൻ ക്രിസ്ത്യാനികൾക്ക് കഴിഞ്ഞിട്ടുള്ളതുപോലെ, പരിശുദ്ധാത്മാവിന് ഒരേകദേശ നിർവ്വചനമെങ്കിലും നൽകുവാൻ അവർക്കു സാധിച്ചിട്ടില്ലെന്നും, ഇന്നും അതൊരു തർക്കവിഷയമാണെന്നുമാണല്ലോ ഇതിൽ നിന്നും വ്യക്തമാകുന്നത്. മാത്രമല്ല, വിശ്വാസപ്രമാണങ്ങളിലെ വാക്കുകളിൽ തന്നെ പരസ്പരം വ്യത്യസ്തമായ നിർവ്വചനങ്ങളാണുള്ളതെന്നും, ഒരേ വിശ്വാസപ്രമാണത്തിന്റെ പദ പ്രയോഗങ്ങളിൽപോലും സഭകൾക്കിടയിൽ ഭിന്നിപ്പാണുള്ളതെന്നും നിഘണ്ടുവിന്റെ ഈ ഉദ്ധരണി ചൂണ്ടിക്കാട്ടുന്നു.

ഈസാ നബി (അ) യടക്കം എല്ലാ പ്രവാചകൻമാരും ഏകദൈവ വിശ്വാസത്തിലേക്കായിരുന്നു ജനങ്ങളെ ക്ഷണിച്ചിരുന്നതെന്ന് തീർച്ച തന്നെ. ബൈബ്ളിന്റെ പുതിയനിയമത്തിലും പഴയനിയമത്തിലും ഇതിനു തെളിവുണ്ട് താനും. ഒരു ശാസ്ത്രി വന്ന് 'എല്ലാറ്റിലും മുഖ്യമായ കൽപനയേതെന്ന് ചോദിച്ചപ്പോൾ യേശുമറുപടി പറഞ്ഞത് ഇങ്ങനെയായിരുന്നു: 'എല്ലാറ്റിലും മുഖ്യകൽപനയോ? യിസ്രായേലേ കേൾക്ക: നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടും കൂടി സ്നേഹിക്കണം എന്നാകുന്നു.' (ലൂക്കോസ്; 12 ൽ 28-30) യേശു പറഞ്ഞ ഈ വാക്യം അതുപോലെ പഴയ നിയമത്തിലും കാണാം. (ആവർത്തന പുസ്തകം: 6 ൽ 4 നോക്കുക.) ത്രിത്വത്തിൽ മൂന്ന് ദൈവങ്ങളുണ്ടെന്ന് വരുന്നതിനെ മറച്ചു പിടിക്കുവാൻ വേണ്ടിയുള്ള ഒരു ഉപായമെന്ന നിലക്കാണ് അവർ 'ത്രിയേക സിദ്ധാന്ത' മെന്നും 'ത്രൈയേക ദൈവ' മെന്നും മറ്റുമുള്ള പേരുകൾ പ്രയോഗിച്ചു വരുന്നത്.

പരിപൂർണമായ അർത്ഥത്തിൽതന്നെ ദൈവത്വമുള്ള മൂന്ന് മൂർത്തി (*) കൾ ചേർന്നതാണ് ദൈവമെന്നും, അതേ സമയത്ത് ദൈവം ഏകൻ (**) തന്നെയാണെന്നുമാണല്ലോ ക്രിസ്തുമതത്തിന്റെ അടിത്തറ. മൂന്നെണ്ണം ചേർന്നാൽ ഒന്നാകുന്നതെങ്ങനെ ? എന്നൊരു

(*) പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നിൽ ഓരോന്നിനെക്കുറിച്ചും ക്രിസ്തീയ സാഹിത്യങ്ങളിൽ 'മൂർത്തി, ഭൂതം, ആൾ, വ്യക്തി, വ്യക്തിത്വം, അവൻ' എന്നിങ്ങനെ പല വാക്കുകളിലും വിശേഷിപ്പിക്കാറുണ്ട്.

(**) ദൈവത്തെപ്പറ്റി 'ഒരുവൻ' എന്ന് പറയാതെ പകരം 'ഏകൻ' എന്ന പ്രയോഗമാണ് ക്രിസ്തീയ ഗ്രന്ഥങ്ങൾ അധികവും ഉപയോഗിക്കാറുള്ളത്. ഇതിനും ചില ദുർന്യായങ്ങൾ അവർക്ക് പറയുവാനുണ്ട്. ('വേ. പു. പദങ്ങൾ' എന്ന നിഘണ്ടു നോക്കുക.)

ചോദ്യം പ്രാഥമിക ബുദ്ധിയുള്ള ആരും ചോദിക്കുമല്ലോ. താൽക്കാലികമായ മുട്ടുശാന്തിയെന്നോണം ഈ ചോദ്യത്തിനു പലതരം ഉത്തരങ്ങളും ക്രിസ്തുമത സാഹിത്യങ്ങളിൽ സ്ഥലം പിടിച്ചു കാണാം. പാമരബുദ്ധികളായ ചിലരെയെങ്കിലും പകിട്ടാക്കുവാൻ ഉതകുന്ന ഒന്നിലധികം സൂത്രമാർഗങ്ങൾ ഇതിന് അവർ ഉപയോഗപ്പെടുത്താറുള്ളതിൽ ചിലതു മാത്രം ഇവിടെ ചൂണ്ടിക്കാട്ടാം:

(1) 'ഒന്ന്' എന്ന സംഖ്യയെ വേറെ ഒരു 'ഒന്നി' ലും അതിനെ വീണ്ടും ഒരു 'ഒന്നി' ലും പെരുക്കിയാൽ ഉത്തരം 'ഒന്ന്' എന്നുതന്നെയാണല്ലോ കിട്ടുക. (അതായത് : 1 X 1 X 1 = 1) മൂന്ന് 'ഒന്ന്' കളെ കൂട്ടിയാൽ 'മൂന്ന്' എന്ന് (1 + 1 + 1 = 3) പറയുന്നത് ഇവിടെ ശരിയല്ലെന്ന് ചുരുക്കം .

(2) ഒരു വ്യക്തി ഒരേ സമയത്ത് മന്ത്രിയും, ഭർത്താവും, കച്ചവടക്കാരനും ആകാം. ഇതുകൊണ്ട് അയാൾ മൂന്ന് വ്യക്തിയാകുന്നില്ലല്ലോ.

(3) സൂര്യന് താപവും, രശ്മിയും, വെളിച്ചവും ഉള്ളതുകൊണ്ട് സൂര്യൻ മൂന്നെണ്ണമാകുന്നില്ലല്ലോ.

(4) വിദ്യുച്ഛക്തി ശബ്ദമായും, പ്രകാശമായും ചലനമായും പ്രത്യക്ഷപ്പെടാറുള്ളതുകൊണ്ട് വിദ്യുച്ഛക്തിയും മൂന്നെണ്ണമാകുന്നില്ല.

(5) ഒരു പെട്ടിയുടെ നീളവും , വീതിയും , ഉയരവും വ്യത്യസ്ത അളവിലാകുന്നതിനാൽ പെട്ടിയുടെ ഏകത്വത്തിനു അത് തടസ്സമാകുന്നില്ല. ഇങ്ങനെ പലതും ക്രിസ്തീയ സാഹിത്യങ്ങളിൽ -പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരായ ലൂഥറൽ ചർച്ചുകാരുടെ ഗ്രന്ഥങ്ങളിൽ വിശേഷിച്ചും - പൊതുജനങ്ങളെ ആകർഷിക്കുന്ന ഭാഷയിൽ സ്ഥലം പിടിച്ചു കാണാം. ഇവയെപ്പറ്റി കൂടുതൽ സംസാരിക്കുവാനുള്ള സ്ഥാനം മറ്റൊന്നായതുകൊണ്ട് ഇവിടെ കൂടുതലൊന്നും പ്രസ്താവിക്കുന്നില്ല. സ്വൽപമെങ്കിലും ബുദ്ധിയും ചിന്തയുമുള്ളവർ ഇത്തരം മറുപടി കേൾക്കുമ്പോൾ ആശ്ചര്യപൂർവ്വം പൊട്ടിച്ചിരിച്ചു പോയേക്കുന്നതാണ്.

ത്രിത്വവാദം പോലെ നിലവിലുള്ള ക്രിസ്തുമത സിദ്ധാന്തങ്ങളിൽ പ്രധാനപ്പെട്ട പലതിന്റെയും സാക്ഷാൽ ഉറവിടം വി. പൗലോസ് എന്നറിയപ്പെടുന്ന ശൗലാകുന്നുവെന്ന് ക്രിസ്തീയ ഗ്രന്ഥങ്ങൾ പരിശോധിക്കുന്ന ആർക്കും വ്യക്തമാകുന്നതാണ്. നിഘണ്ടുവിലും മറ്റുമായി ചിലപ്പോഴെല്ലാം അവരത് സന്ദർഭവശാൽ വ്യക്തമാക്കാറുമുണ്ട്. എന്നാൽ, യേശുവിന്റെ ദൈവപുത്രത്വം കൂടുതൽ ഊന്നിപ്പറഞ്ഞ ആൾ ഒരു സുവിശേഷ കർത്താവായി അറിയപ്പെടുന്ന യോഹന്നാനാണത്രെ. ആദ്യത്തെ മൂന്ന് സുവിശേഷങ്ങളെപ്പറ്റി ചിലത് പ്രസ്താവിച്ച ശേഷം നിഘണ്ടു (498 -ാം പേജിൽ) പറയുന്നു: 'അനന്തരം യോഹന്നാൻ യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് തെളിയിക്കുന്നതിനുദ്ദേശിച്ച് പുതുതായി വേറൊരു സുവിശേഷമെഴുതി' . പൌലോസ് എന്ന ശൗലിനെപ്പറ്റി പറയുകയാണെങ്കിൽ നിഘണ്ടു പറയുന്നതുപോലെ 'സ്തോയിക്ക്' എന്ന തത്വ ശാസ്ത്രത്തിൽ നിപുണനായിരുന്നു. ഒരു മനുഷ്യൻ എപ്പോഴും ബുദ്ധിയനുസരിച്ച് നടക്കണം; അതനുസരിച്ച് തന്നെത്തന്നെ ഭരിക്കണം; സർവ്വ ദൈവവാദം ശരിയാണ് എന്നിങ്ങനെ പലതും അടങ്ങിയതായിരുന്നു ആ തത്വശാസ്ത്രം. (നിഘണ്ടു പേജ് 257 ഉം 560 ഉം നോക്കുക.)

ആദ്യകാലങ്ങളിൽ ക്രിസ്ത്യാനികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന പല തത്വശാസ്ത്രങ്ങൾക്കും- വിശേഷിച്ചു യവന തത്വശാസ്ത്ര സിദ്ധാന്തങ്ങൾക്ക്- വളരെയധികം സ്വാധീനം ക്രിസ്തുമത സിദ്ധാന്തങ്ങളിൽ ചെലുത്തുവാൻ സാധിച്ചിട്ടുണ്ട്. ഇതെല്ലാം

ഇവിടെ വിസ്തരിച്ചു പറയുവാൻ നിവൃത്തിയില്ല. പണ്ഡിതപടുക്കളായ പലരും ചൂണ്ടിക്കാട്ടുകയും, സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതുപോലെ (ചില ക്രിസ്തീയ ഗ്രന്ഥങ്ങളിലും ഇതിനനുകൂലമായ പല പ്രസ്താവനകളും ഉണ്ട് താനും) ഹിന്ദു മതം മുതലായ വിഗ്രഹ മതാനുയായികളുടെ തത്വശാസ്ത്രങ്ങളിൽ നിന്നാണ് യഥാർത്ഥത്തിൽ ത്രിത്വവാദവും, ത്രിയേകത്വവാദവും ഉടലെടുത്തിരിക്കുന്നത്. വിഷ്ണു, ശിവൻ, ബ്രഹ്മാവ് എന്നീ ത്രിമൂർത്തികൾ ചേർന്നതാണല്ലോ ബ്രാഹ്മണമതത്തിലെ ദൈവം. ഇതുപോലെ, യേശുക്രിസ്തുവിനെപ്പറ്റി ഹിന്ദുക്കളും, ബുദ്ധദേവനെപ്പറ്റി ബുദ്ധമതക്കാരും വിശ്വസിച്ചു വരുന്നുമുണ്ട്. (*)

മേലുദ്ധരിച്ച ക്രിസ്തീയ രേഖകളിൽ നിന്നും വിവരണത്തിൽ നിന്നുമായി ഇത്രയും സംഗതികൾ വ്യക്തമാണ്:-

(1) ത്രിത്വോപദേശം, ത്രിയേകത്വ സിദ്ധാന്തം ,പരിശുദ്ധാത്മാവ് മുതലായവ സംബന്ധിച്ച് ക്രിസ്ത്യാനികൾ അവരുടെ മതത്തിന്റെ മൂലോപദേശങ്ങളായി ഗണിച്ചു വരുന്ന മിക്ക സിദ്ധാന്തങ്ങൾക്കും അവർ വേദപുസ്തകങ്ങളായി അംഗീകരിച്ചു വരുന്ന ഗ്രന്ഥങ്ങളിൽ നിന്നോ, യേശുക്രിസ്തുവിന്റെ വചനങ്ങളിൽ നിന്നോ അവർക്ക് ശരിയായ തെളിവുകളൊന്നും ഉദ്ധരിക്കുവാനില്ല.

(2) പൗരാണിക കാലം തൊട്ട് ഇന്നുവരെയും അതാതു കാലത്തെ പണ്ഡിത പുരോഹിത വർഗത്തിന്റെയും, അതാതു കാലത്തെ പരിതഃസ്ഥിതികളുടെയും ഹിതമനുസരിച്ച് അതാത് കാലങ്ങളിൽ രൂപകൽപന ചെയ്യപ്പെട്ടവ മാത്രമാണവ.

(3) പിന്നീട് കാലക്രമത്തിൽ അവയെല്ലാം ചോദ്യംചെയ്യപ്പെടാത്ത മതസിദ്ധാന്തങ്ങളായി അംഗീകരിക്കപ്പെട്ടു വരുകയും ചെയ്തു.

(4) ക്രിസ്തുമത സിദ്ധാന്തങ്ങളിൽ മുഖ്യസ്ഥാനം കൽപിക്കപ്പെടുന്ന അടിസ്ഥാന തത്വങ്ങൾ പോലും യുക്തിക്കോ, ബുദ്ധിക്കോ, ന്യായത്തിനോ സ്ഥാനം കൽപിക്കപ്പെടാത്തവയാകുന്നു.

എന്നിരിക്കെ, ഭിന്നിപ്പും, വിയോജിപ്പും, പരസ്പര വൈരുദ്ധ്യവും, അസ്ഥിരതയുമെല്ലാം അവയുടെ കൂടെപ്പിറവിയുമായിരിക്കുക സ്വാഭാവികമാകുന്നു. അതെ,

---

(*) യേശുക്രിസ്തുവിനെ സംബന്ധിച്ച് ക്രിസ്ത്യാനികൾ വെച്ചു പുലർത്തുന്ന അനേക വിശ്വാസ സിദ്ധാന്തങ്ങളും, ശ്രീകൃഷ്ണനെപ്പറ്റി ഹിന്ദുക്കളും, ശ്രീബുദ്ധനെപ്പറ്റി ബുദ്ധമതക്കാരും വിശ്വസിച്ചു വരുന്നത് പോലെത്തന്നെയാണെന്ന്- 'ദഅ്വത്തുൽഹക്ക് (دعوة الحق) ' എന്ന പേരിൽ റബാത്വിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഒരു പ്രധാന ഔദ്യോഗിക മാസികയുടെ 1974 മേയ് മാസ (ഹി. 1394 റബീഉൽ ആഖിർ) ലക്കത്തിലെ പഠനാർഹമായ ഒരു ലേഖന പരമ്പരയിൽ -ഉസ്താദ് തൗഫീക് അലി വഹ്ബ എന്ന പണ്ഡിതൻ സ്ഥാപിച്ചിരിക്കുന്നു. ആധികാരിക ഗ്രന്ഥങ്ങളായി ഗണിക്കപ്പെടുന്നവയിൽ നിന്ന് കൃഷ്ണനെയും യേശുവെയും താരതമ്യപ്പെടുത്തുന്ന 45 ഉദ്ധരണികളും , ബുദ്ധനെയും യേശുവെയും താരതമ്യപ്പെടുത്തുന്ന 46 ഉദ്ധരണികളും , ഓരോന്നിനോടും - അക്ഷരത്തിലോ അർത്ഥത്തിലോ - സദൃശ്യങ്ങളായ ക്രിസ്തുമത ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികളും നിരത്തിവെച്ചുകൊണ്ടാണ് അദ്ദേഹം അത് സ്ഥാപിച്ചിരിക്കുന്നത്. മർഹൂം മക്തി തങ്ങളുടെ ചില ഗ്രന്ഥങ്ങളിലും ഇതിന് ചില ഉദാഹരണങ്ങൾ കാണാം.

وَلَوْ كَانَ مِنْ عِنْدِ غَيْرِ اللَّهِ لَوَجَدُوا فِيهِ اخْتِلَافًا كَثِيرًا (അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നായിരുന്നുവെങ്കിൽ അതിൽ അവർ ധാരാളം പരസ്പരവ്യത്യാസം കണ്ടെത്തുക തന്നെ ചെയ്യുമായിരുന്നു.) എന്ന് 82-ാം വചനത്തിൽ അല്ലാഹു പറഞ്ഞതിനു പ്രത്യക്ഷത്തിൽ തന്നെ ഉദാഹരണങ്ങളാണവ. സൂ: മാഇദഃയിൽ വെച്ച് എനിയും പലതും കാണാവുന്നതാണ്.إن شاء الله

അല്ലാഹുവേ ! കോപത്തിനു വിധേയമായ യഹൂദരുടെയും, മാർഗം തെറ്റിപ്പോയവരായ ക്രിസ്ത്യാനികളുടെയും പാതയല്ലാത്ത - നീ സൻമാർഗം നൽകി അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സിദ്ദീക്വുകൾ, ശുഹദാക്കൾ, സ്വാലിഹുകൾ എന്നിവർ സ്വീകരിച്ചു വന്ന പാതയിൽ -നീ ഞങ്ങളെ വഴിചേർത്തു തരേണമേ ! ഞങ്ങൾക്ക് നീ നേർമാർഗം കാണിച്ചു തന്നതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിക്കാതിരിക്കേണമേ, റബ്ബേ !

വിഭാഗം - 24

لَّن يَسْتَنكِفَ ٱلْمَسِيحُ أَن يَكُونَ عَبْدًا لِّلَّهِ وَلَا ٱلْمَلَٰٓئِكَةُ ٱلْمُقَرَّبُونَ ۚ وَمَن يَسْتَنكِفْ عَنْ عِبَادَتِهِۦ وَيَسْتَكْبِرْ فَسَيَحْشُرُهُمْ إِلَيْهِ جَمِيعًا ﴿١٧٢﴾

﴾172﴿ അല്ലാഹുവിനു അടിമയായിരിക്കുവാൻ (ഈസാ) 'മസീഹ്' വൈമനസ്യം കാണിക്കുകയേ ചെയ്കയില്ല ; (അല്ലാഹുവിങ്കൽ) സാമീപ്യം സിദ്ധിച്ചവരായ മലക്കുകളും (ചെയ്ക) ഇല്ല.

അവനെ ആരാധിക്കുന്നതിനെപ്പറ്റി ആർ വൈമനസ്യം കാണിക്കുകയും, അഹംഭാവം കാണിക്കുകയും ചെയ്യുന്നുവോ അവരെ മുഴുവനും അവൻ തന്റെ അടുക്കലേക്ക് ഒരുമിച്ചുകൂട്ടിയേക്കുന്നതാണ്.

﴾172﴿ لَنْ يَسْتَنْكِفَ വൈമനസ്യം (മടി) കാണിക്കുകയേ ഇല്ല. الْمَسِيحُ മസീഹ് أَنْ يَكُونَ അദ്ദേഹം ആയിരിക്കുവാൻ عَبْدًا لِلَّهِ അല്ലാഹുവിന് അടിമ وَلَا الْمَلَائِكَةُ മലക്കുകളും ഇല്ല الْمُقَرَّبُونَ സാമീപ്യം നൽകപ്പെട്ട (അടുപ്പം സിദ്ധിച്ച) വരായ وَمَنْ يَسْتَنْكِفْ വല്ലവരും (ആർ) വൈമനസ്യം കാണിക്കുന്നതായാൽ عَنْ عِبَادَتِهِ അവനെ ആരാധിക്കുന്നതിനെപ്പറ്റി وَيَسْتَكْبِرْ അഹംഭാവം നടിക്കുകയും فَسَيَحْشُرُ എന്നാലവൻ ഒരുമിച്ചു കൂട്ടിയേക്കും, വഴിയെ കൂട്ടും هُمْ അവരെ إِلَيْهِ അവങ്കലേക്ക് جَمِيعًا മുഴുവനും

ഈസാ (അ) നെ റബ്ബും ഇലാഹും (രക്ഷാകർത്താവും ആരാധ്യദൈവവും) ആക്കി വെക്കുകയാണല്ലോ ക്രിസ്ത്യാനികൾ ചെയ്യുന്നത്. എന്നാൽ, അദ്ദേഹത്തിന്റെ സ്വന്തം നിലപാടെന്താണ്? അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ ഒട്ടും അപമാനമോ , വൈമനസ്യമോ, അഹംഭാവമോ ഒരു കാലത്തും ബാധിക്കാത്ത ആളാണദ്ദേഹം. അദ്ദേഹമെന്നു മാത്രമല്ല, അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച പരിശുദ്ധരായ മലക്കുകളുടെ സ്ഥിതിയും

അങ്ങനെത്തന്നെ. എനി ഈസാ നബിയും മലക്കുകളും എന്നല്ല, ആര്‍ തന്നെയും അല്ലാഹുവിന്റെ അടിയാന്‍മാരായികൊണ്ട് അവനെ ആരാധിക്കാന്‍ വൈമനസ്യം കാണിക്കുകയോ, ഗര്‍വ്വു നടിക്കുകയോ ചെയ്യുന്ന പക്ഷം അല്ലാഹു അവരെ വെറുതെ വിടുമെന്ന് കരുതേണ്ട. ഒന്നൊഴിയാതെ അവരെ മുഴുവനും അവന്‍ തന്റെ മുമ്പില്‍ ഹാജരാക്കി നടപടി എടുക്കുക തന്നെ ചെയ്യും. ആ നടപടി എന്തായിരിക്കുമെന്ന് അടുത്ത വചനത്തില്‍ വിവരിക്കുന്നുമുണ്ട്.

അല്ലാഹുവിന്റെ അടിമ (عَبۡد) ആയിരിക്കുന്നതിനെ സാക്ഷാല്‍കൃതമാക്കുന്നത് അവന് ആരാധന ചെയ്യുന്നത് മൂലമാണെന്ന് ഈ വചനത്തില്‍ നിന്ന് മനസ്സിലാക്കാം. ഉടമസ്ഥത കൊണ്ടുള്ള അടിമ എന്നും, ആരാധന കൊണ്ടുള്ള അടിമ- അടിയാന്‍- എന്നും രണ്ടുതരം عَبۡد (അടിമ) കള്‍ ഉണ്ടെന്നും, ഒന്നാമത്തേതിന്റെ ബഹുവചനം عَبِيد എന്നും രണ്ടാമത്തേതിന്റെ ബഹുവചനം عِبَاد എന്നുമാണെന്നും ഇമാം റാഗിബ് (റ) പ്രസ്താവിച്ചത് നാം മുമ്പൊരിക്കല്‍ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്.

فَأَمَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ فَيُوَفِّيهِمۡ أُجُورَهُمۡ وَيَزِيدُهُم مِّن فَضۡلِهِۦۖ

وَأَمَّا ٱلَّذِينَ ٱسۡتَنكَفُواْ وَٱسۡتَكۡبَرُواْ فَيُعَذِّبُهُمۡ عَذَابًا أَلِيمًا وَلَا يَجِدُونَ لَهُم مِّن دُونِ ٱللَّهِ وَلِيًّا وَلَا نَصِيرًا ﴿١٧٣﴾

﴾173﴿ എന്നിട്ടപ്പോള്‍, യാതൊരു കൂട്ടര്‍ വിശ്വസിക്കുകയും, സല്‍ക്കര്‍മങ്ങള്‍ പ്രവര്‍ത്തിക്കുകയും ചെയ്തിരിക്കുന്നുവോ. അവര്‍ക്ക് അവരുടെ പ്രതിഫലങ്ങളെ അവന്‍ നിറവേറ്റിക്കൊടുക്കുകയും, അവന്റെ അനുഗ്രഹത്തില്‍ നിന്ന് അവര്‍ക്ക് വര്‍ദ്ധിപ്പിച്ചു കൊടുക്കുകയും ചെയ്യും.

എന്നാല്‍, വൈമനസ്യം കാണിക്കുകയും അഹംഭാവം നടിക്കുകയും ചെയ്തവരാകട്ടെ അവരെ അവന്‍ വേദനയേറിയ ശിക്ഷ ശിക്ഷിക്കും : അല്ലാഹുവിനു പുറമെ ഒരു രക്ഷാധികാരിയാകട്ടെ, സഹായകനെയാകട്ടെ അവര്‍ തങ്ങള്‍ക്കു കണ്ടെത്തുകയുമില്ല.

يَٰٓأَيُّهَا ٱلنَّاسُ قَدۡ جَآءَكُم بُرۡهَٰنٌ مِّن رَّبِّكُمۡ وَأَنزَلۡنَآ إِلَيۡكُمۡ نُورًا مُّبِينًا ﴿١٧٤﴾

﴾174﴿ ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിങ്കല്‍ നിന്ന് നിങ്ങള്‍ക്ക് (ഖണ്ഡിതമായ) രേഖ വന്നുകഴിഞ്ഞിരിക്കുന്നു. നിങ്ങള്‍ക്ക് നാം സ്പഷ്ടമായ ഒരു പ്രകാശം ഇറക്കിത്തരുകയും ചെയ്തിരിക്കുന്നു.

فَأَمَّا ٱلَّذِينَ ءَامَنُواْ بِٱللَّهِ وَٱعْتَصَمُواْ بِهِۦ فَسَيُدْخِلُهُمْ فِى رَحْمَةٍ مِّنْهُ وَفَضْلٍ وَيَهْدِيهِمْ إِلَيْهِ صِرَٰطًا مُّسْتَقِيمًا ﴿١٧٥﴾

﴾175﴿ എന്നാൽ, യാതൊരുകൂട്ടർ അല്ലാഹുവിൽ വിശ്വസിക്കുകയും , അവനെ മുറുകെ പിടി (ച്ചു രക്ഷ പ്രാപി) ക്കുകയും ചെയ്തുവോ, അവരെ അവൻ തന്റെ വക കാരുണ്യ ത്തിലും, അനുഗ്രഹത്തിലും പ്രവേശി പ്പിച്ചേക്കും. (നേരെ) ചൊവ്വായ ഒരു പാതയിൽ, തന്റെ അടുക്കലേക്ക് അവൻ അവരെ നയിക്കുകയും ചെയ്യും.

﴾173﴿ فَأَمَّا എന്നാലപ്പോൾ, അങ്ങനെ, അപ്പോൾ الَّذِينَ آمَنُوا വിശ്വസിച്ചവർ وَعَمِلُوا പ്രവർത്തിക്കുകയും ചെയ്ത الصَّالِحَاتِ സൽക്കർമങ്ങളെ فَيُوَفِّيهِمْ അവർക്ക വൻ നിറവേറ്റിക്കൊടുക്കും, പൂർണമായി കൊടുക്കും أُجُورَهُمْ അവരുടെ പ്രതിഫലങ്ങൾ وَيَزِيدُهُمْ അവർക്കവൻ വർദ്ധിപ്പിക്കുകയും ചെയ്യും مِنْ فَضْلِهِ തന്റെ അനുഗ്രഹത്തിൽ (ദയവിൽ) നിന്ന് وَأَمَّا الَّذِينَ എന്നാൽ യാതൊരുവരാകട്ടെ اسْتَنْكَفُوا അവർ വൈമ നസ്യം കാണിച്ചു وَاسْتَكْبَرُوا അഹംഭാവം നടിക്കുകയും ചെയ്തു فَيُعَذِّبُهُمْ അവരെ അവൻ ശിക്ഷിക്കും عَذَابًا أَلِيمًا വേദനയേറിയ ശിക്ഷ وَلَا يَجِدُونَ അവർ കണ്ടെത്തുക യുമില്ല لَهُمْ അവർക്ക് مِنْ دُونِ اللَّهِ അല്ലാഹുവിനെ കൂടാതെ, പുറമെ وَلِيًّا ഒരു രക്ഷാ കർത്താവിനെ, കൈകാര്യക്കാരനെ, മിത്രത്തെ وَلَا نَصِيرًا ഒരു സഹായകനെയും ഇല്ല ﴾174﴿ يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ قَدْ جَاءَكُمْ നിങ്ങൾക്ക് വന്നിട്ടുണ്ട് بُرْهَانٌ (ഖ ണ്ഡിത)രേഖ, തെളിവ് مِنْ رَبِّكُمْ നിങ്ങളുടെ റബ്ബിങ്കൽനിന്ന് وَأَنْزَلْنَا إِلَيْكُمْ നിങ്ങൾക്ക് നാം ഇറക്കുകയും ചെയ്തിരിക്കുന്നു نُورًا ഒരു പകാശം مُبِينًا സ്പഷ്ടമാ യ, വ്യക്തമായ ﴾175﴿ فَأَمَّا الَّذِينَ എന്നാൽ യാതൊരുകൂട്ടർ آمَنُوا بِاللَّهِ അവർ അല്ലാ ഹുവിൽ വിശ്വസിച്ചു وَاعْتَصَمُوا بِهِ അവനെ മുറുകെ പിടിക്കുക (അവനിൽ രക്ഷ പ്രാപി ക്കുക) യും ചെയ്തു فَسَيُدْخِلُهُمْ അവരെ അവൻ പ്രവേശിപ്പിച്ചേക്കും فِي رَحْمَةٍ അനുഗ്ര ഹത്തിൽ مِنْهُ അവനിൽ നിന്നുള്ള, അവന്റെ വക وَفَضْلٍ അനുഗ്രഹത്തിലും, ദയവിലും وَيَهْدِيهِمْ അവരെ വഴി ചേർക്കുക (നയിക്കുക)യും ചെയ്യും إِلَيْهِ തന്റെ അടുക്കലേക്ക് صِرَاطًا ഒരു പാതയിൽ مُسْتَقِيمًا ചൊവ്വായ, നേരെയുള്ള

യാതൊരു വ്യാഖ്യാനവും കൂടാതെത്തന്നെ ഈ വചനങ്ങളുടെ ആശയം സ്പഷ്ടമാണ്.

يَسْتَفْتُونَكَ قُلِ ٱللَّهُ يُفْتِيكُمْ فِى ٱلْكَلَٰلَةِ ۚ

176. (നബിയേ) അവർ നിന്നോട് (മത) വിധി തേടുന്നു. പറയുക: 'അല്ലാഹു നിങ്ങൾക്കു 'കലാലത്തി'

ന്റെ [പിതാവും സന്താനവുമില്ലാത്ത അനന്തരാവകാശത്തിന്റെ] കാര്യത്തിൽ വിധി പ്രസ്താവിക്കുന്നു.'

إِنِ ٱمْرُؤٌا۟ هَلَكَ لَيْسَ لَهُۥ وَلَدٌ وَلَهُۥٓ أُخْتٌ فَلَهَا نِصْفُ مَا تَرَكَ ۚ

(അതായത്) ഒരു മനുഷ്യൻ തനിക്ക് സന്താനമില്ലാതെയും, തനിക്കൊരു സഹോദരി ഉണ്ടായിക്കൊണ്ടും നാശ [മരണ] മടഞ്ഞുവെങ്കിൽ, അപ്പോൾ , അവൻ വിട്ടുപോയതിന്റെ [സ്വത്തിന്റെ] പകുതി അവൾക്കുണ്ടായിരിക്കും.

وَهُوَ يَرِثُهَآ إِن لَّمْ يَكُن لَّهَا وَلَدٌ ۚ فَإِن كَانَتَا ٱثْنَتَيْنِ

അവൾ [മരണമടഞ്ഞവൾ] ക്ക് സന്താനമില്ലെങ്കിൽ, അവൻ [സഹോദരൻ] അവളെ അനന്തരമെടുക്കുക [മുഴുവൻ സ്വത്തിനും അവകാശിയാവുക]യും ചെയ്യുന്നതാണ്.

فَلَهُمَا ٱلثُّلُثَانِ مِمَّا تَرَكَ ۚ وَإِن كَانُوٓا۟ إِخْوَةً رِّجَالًا وَنِسَآءً فَلِلذَّكَرِ مِثْلُ حَظِّ ٱلْأُنثَيَيْنِ ۗ

എനി, അവർ [സഹോദരിമാർ] രണ്ടാളാണെങ്കിൽ അവർക്ക് അയാൾ വിട്ടുപോയതിൽ [സ്വത്തിൽ] നിന്നു മൂന്നിൽ രണ്ടംശമുണ്ടായിരിക്കും. അവർ പുരുഷൻമാരും, സ്ത്രീകളുമായ സഹോദരങ്ങളായിരുന്നെങ്കിലോ അപ്പോൾ , ആണിന് രണ്ട് പെണ്ണിന്റെ ഓഹരിയുടെ അത്രയുണ്ടായിരിക്കും.

يُبَيِّنُ ٱللَّهُ لَكُمْ أَن تَضِلُّوا۟ ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌۢ ﴿١٧٦﴾

നിങ്ങൾ പിഴച്ചുപോകുമെന്നുള്ളതിനാൽ, അല്ലാഹു നിങ്ങൾക്ക് വിവരിച്ചുതരുകയാണ്. അല്ലാഹുവാകട്ടെ, എല്ലാകാര്യത്തെക്കുറിച്ചും അറിയുന്നവനാകുന്നു.

﴾176﴿ يَسْتَفْتُونَكَ അവർ നിന്നോട് (മത) വിധി തേടുന്നു قُلِ പറയുക ٱللَّهُ يُفْتِيكُمْ അല്ലാഹു നിങ്ങൾക്കു വിധി നൽകുന്നു فِى ٱلْكَلَٰلَةِ കലാലത്തി (ന്റെ കാര്യത്തി) ൽ إِنِ ٱمْرُؤٌا۟ വല്ല മനുഷ്യനും (ആയി) എങ്കിൽ هَلَكَ നാശമടഞ്ഞു (മരിച്ചു) لَيْسَ لَهُۥ അവന് ഇല്ലാതെ وَلَدٌ സന്താനം, ഒരു കുട്ടി وَلَهُۥ അവന് ഉണ്ടുതാനും أُخْتٌ ഒരു സഹോദരി فَلَهَا എന്നാലവൾക്കുണ്ട് نِصْفُ مَا യാതൊന്നിന്റെ പകുതി تَرَكَ അവൻ വിട്ടുപോയ وَهُوَ അവൻ يَرِثُهَا അവളെ അവകാശമെടുക്കും, അവൾക്ക് അവകാശിയാവും إِن لَّمْ يَكُن

ഇല്ലെങ്കിൽ لَهَا وَلَدٌ അവൾക്ക് സന്താനം فَإِن كَانَتَا എനി അവർ (സഹോദരികൾ) ആയിരുന്നാൽ اثْنَتَيْنِ രണ്ട് ആളുകൾ فَلَهُمَا എന്നാൽ ആ രണ്ടാൾക്കുണ്ടായിരിക്കും الثُّلُثَانِ മൂന്നിൽ രണ്ടംശം مِمَّا تَرَكَ അവൻ (അയാൾ) വിട്ടുപോയതിൽ നിന്ന് وَإِن كَانُوا അവർ ആയിരുന്നാൽ إِخْوَةً സഹോദരങ്ങൾ رِّجَالًا പുരുഷൻമാരായ وَنِسَاءً സ്ത്രീകളും فَلِلذَّكَرِ എന്നാൽ ആണിനുണ്ട് مِثْلُ حَظِّ അംശംപോലെ, ഓഹരിയുടെ അത്ര الْأُنثَيَيْنِ രണ്ടു പെണ്ണിന്റെ يُبَيِّنُ اللَّهُ അല്ലാഹു വിവരിച്ചു തരുന്നു لَكُمْ നിങ്ങൾക്ക് أَن تَضِلُّوا നിങ്ങൾ പിഴക്കുമെന്നതിനാൽ, പിഴക്കാതിരിക്കുവാൻ وَاللَّهُ അല്ലാഹുവാകട്ടെ بِكُلِّ شَيْءٍ എല്ലാ കാര്യത്തെപ്പറ്റിയും عَلِيمٌ അറിയുന്നവനാകുന്നു.

സൂറത്തിന്റെ ആദ്യ വചനങ്ങളിൽ അനന്തരാവകാശ നിയമങ്ങളടക്കം ധനസംബന്ധമായ പല നിയമങ്ങളെയും കുറിച്ചായിരുന്നുവല്ലോ പ്രതിപാദിച്ചിരുന്നത്. പിന്നീട് സംസാരഗതി പല വശങ്ങളിലേക്ക് വ്യാപിച്ചശേഷം, അവസാനം വീണ്ടും ആദ്യ വിഷയത്തിലേക്ക് തന്നെ തിരിഞ്ഞുകൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു. സൂറത്തിന്റെ ഇതര ഭാഗങ്ങൾ അവതരിച്ചു കുറേ കഴിഞ്ഞ ശേഷമാണ് ഈ വചനം അവതരിച്ചതെന്ന് പല രിവായത്തുകളിൽ നിന്നും വ്യക്തമാകുന്നു. ജാബിറുബ്നുഅബ്ദില്ലാ (റ) പറഞ്ഞുകേട്ടതായി മുഹമ്മദ്ബ്നുൽമുൻകദിർ (റ) ഉദ്ധരിക്കുന്നു : ഞാൻ രോഗിയായി സുബോധമില്ലാതായിരിക്കുമ്പോൾ റസൂൽ ﷺ എന്റെ അടുക്കൽ വന്നു. തിരുമേനി വുദ്വൂ ചെയ്തു. പിന്നീട് അവിടുന്ന് എന്റെ മേൽ വെള്ളം ഒഴിച്ചു. അല്ലെങ്കിൽ ഒഴിക്കുവിൻ എന്ന് പറഞ്ഞു. അപ്പോൾ എനിക്ക് ബോധം വന്നു. ഞാൻ പറഞ്ഞു : 'എനിക്ക് 'കലാലത്താ' യിട്ടല്ലാതെ അനന്തരവകാശമെടുക്കാൻ ആളില്ല. അതുകൊണ്ട് അവകാശം എങ്ങനെയായിരിക്കും?' അപ്പോൾ അല്ലാഹു അനന്തരാവകാശത്തിന്റെ ഈ ആയത്ത് അവതരിപ്പിച്ചു. (അ ; ബു ; മു.)

പിതാക്കളോ സന്താനങ്ങളോ ആയ അനന്തരാവകാശികളില്ലാതിരിക്കുന്നതിനാണ് كَلَالَةً (കലാലത്ത്) എന്ന് പറയുന്നതെന്ന് 12-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. റസൂൽ തിരുമേനി ﷺ യോട് കലാലത്തിനെക്കുറിച്ച് ഉമർ (റ) ചോദിച്ചുവെന്നും, 'തനിക്ക് സൂറത്തുന്നിസാഇലെ അവസാന ആയത്തായ ഉഷ്ണകാലത്ത് അവതരിച്ച ആയത്ത് മതിയാകും.' എന്ന് തിരുമേനി ഉത്തരം പറഞ്ഞുവെന്നും ഹദീഥിൽ വന്നിരിക്കുന്നു. (അ; മു; ദാ; തി.)' കലാലത്തിനെ സംബന്ധിച്ചു രണ്ട് ആയത്തുകൾ അല്ലാഹു അവതരിപ്പിച്ചിട്ടുണ്ട്; അവയിൽ സൂറത്തിന്റെ ആദ്യത്തിലുള്ള ഒന്നാമത്തേത് (12-ാം വചനം) ശൈത്യകാലത്ത് അവതരിച്ചതാകുന്നു; അതിൽ അൽപം അവ്യക്തതയുണ്ട്; രണ്ടാമത്തേത് സൂറത്തിന്റെ അവസാനത്തിലുള്ള (ഈ) ആയത്താകുന്നു : അത് ഉഷ്ണകാലത്തും അവതരിച്ചു; അതിൽ കൂടുതൽ വിവരമുണ്ട്.' എന്നിങ്ങനെ ഖത്വാബീ (റ) പ്രസ്താവിച്ചിരിക്കുന്നു. ഇതിൽ നിന്ന് പ്രസ്തുത ഹദീഥിൽ ഉഷ്ണകാലത്തെ ആയത്ത് എന്ന് പറഞ്ഞതിന്റെ താൽപര്യം മനസ്സിലായല്ലോ.

അവകാശികളായി മക്കൾ ഇല്ലാതിരുന്നാൽ - പിതാക്കൾ ഉണ്ടായിരുന്നാൽ പോലും - 'കലാലത്താ'യി തീരുമെന്നും ഒരഭിപ്രായമുണ്ട്. ഉമർ (റ) നെ സംബന്ധിച്ച് ഇതിൽ വ്യത്യസ്തങ്ങളായ രിവായത്തുകൾ കാണാവുന്നതാണ്. അവ ഉദ്ധരിച്ച ശേഷം അവസാനമായി ഇബ്നു കഥീർ(റ) ഇങ്ങനെ പറയുന്നു: 'ആ വിഷയത്തിൽ അബൂബക്ർ (റ)

നോട് എതിരഭിപ്രായം പ്രകടിപ്പിക്കാൻ ഞാൻ ലജ്ജിക്കുന്നു' എന്ന് ഉമർ (റ) പറഞ്ഞതായി ഇബ്നു ജരീർ(റ) ഉദ്ധരിച്ചിരിക്കുന്നു. മക്കളും പിതാക്കളും ഇല്ലാതിരിക്കലാണ് കലാലത്ത് എന്നായിരുന്നു അബൂബക്ർ(റ) പറഞ്ഞിരുന്നത്. സ്വിദ്ദീക് (റ) പറഞ്ഞിരുന്ന പ്രകാരമാണ് സ്വഹാബികളിലും, താബിഉകളിലും മുൻകാലത്തും പിൽകാലത്തുമുള്ള ഇമാമുകളിലും ഭൂരിപക്ഷം ആളുകളുടെയും നാലു മദ്ഹബുകളുടെ ഇമാമുകളുടെയും, പ്രധാന ഫുകഹാക്കളുടെയും, എല്ലാ രാജ്യങ്ങളിലുമുള്ള പണ്ഡിതൻമാരുടെയും മുഴുവൻ അഭിപ്രായം. ക്വുർആനിൽ നിന്ന് വ്യക്തമാകുന്നതും ഇതു തന്നെ '.

ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ട പ്രധാന സംഗതികൾ ഇങ്ങനെ സംഗ്രഹിക്കാം: (1) ഒരാൾക്ക് സന്താനമില്ലാതെയും ഒരു സഹോദരി ഉണ്ടായിരിക്കെയും അയാൾ നാശമടഞ്ഞാൽ- മരണമടഞ്ഞാൽ- ആ സഹോദരിക്ക് അയാൾ വിട്ടുപോകുന്ന സ്വത്തിന്റെ പകുതി ലഭിക്കും. കലാലത്തിന്റെ ഉപാധിയായി മക്കളില്ലാതെ മരണമടയുക എന്നേ ഈ വചനത്തിൽ പ്രസ്താവിച്ചിട്ടുള്ളൂ- പിതാവില്ലാതിരിക്കുകയെന്ന ഉപാധി പ്രസ്താവിച്ചിട്ടില്ല- എന്നുള്ളതാണ് കലാലത്തിന്റെ നിർവ്വചനത്തിൽ മേൽ സൂചിപ്പിച്ച അഭിപ്രായവ്യത്യാസത്തിന് കാരണം. ഒരു വസ്തുത പ്രത്യേകം ഗൗനിക്കേണ്ടതായുണ്ട് : അയാൾക്ക് - മരണമടഞ്ഞ ആൾക്ക്- ഒരു സഹോദരിയുണ്ടായിരുന്നാൽ അവൾക്ക് പകുതി സ്വത്തുണ്ടായിരിക്കും (وَلَهُۥٓ أُخۡتٞ فَلَهَا نِصۡفُ مَا تَرَكَ) എന്നാണ് അല്ലാഹു പറയുന്നത്. സഹോദരിയോടൊപ്പം മരണപ്പെട്ട ആളുടെ പിതാവ് കൂടി ഉണ്ടായിരുന്നാൽ അവൾക്ക് പകുതി ലഭിക്കുകയില്ലെന്ന് മാത്രമല്ല, അനന്തരാവകാശമായി ഒന്നും തന്നെ ലഭിക്കുകയുമില്ല. ഇതിൽ തർക്കമില്ലാത്തതാകുന്നു. എന്നിരിക്കെ, കലാലത്തിന്റെ ഉപാധിയായി സന്താനമില്ലാതിരിക്കുക എന്ന് മാത്രമേ ഇവിടെ പറയപ്പെട്ടിട്ടുള്ളുവെങ്കിലും പിതാവില്ലാതിരിക്കുക കൂടി വേണ്ടതുണ്ടെന്ന് -പ്രത്യേകം പറയാതെത്തന്നെ- മനസ്സിലാക്കാവുന്നതാണ്.

(2) മരണപ്പെട്ടത് സ്ത്രീയായിരുന്നു, അവൾക്ക് സന്താനവുമില്ല, സഹോദരൻ ഉണ്ടുതാനും. ഇങ്ങനെ വരുമ്പോൾ അവളുടെ സ്വത്തിനു മുഴുവനും ആ സഹോദരൻ അവകാശിയായിത്തീരും. പിതാവ് കൂടി ഇല്ലാതിരിക്കുക എന്ന ഉപാധി ഇവിടെയും മുകളിൽ പറഞ്ഞതുപോലെത്തന്നെ. പിതാവുണ്ടാകുന്ന പക്ഷം സഹോദരന് അവകാശം ലഭിക്കുകയില്ല. എനി, മരണപ്പെട്ട ആൾക്ക് സന്താനവും പിതാവുമില്ലെങ്കിലും ഭർത്താവ്, അല്ലെങ്കിൽ ഉമ്മയൊത്ത സഹോദരൻ എന്നിങ്ങനെ നിശ്ചിത ഓഹരി നിർണയിക്കപ്പെട്ടിട്ടുള്ള വേറെ അവകാശികളുണ്ടെങ്കിൽ , അവരുടെ ഓഹരി കഴിച്ചു ബാക്കിയുള്ളതേ അപ്പോൾ സഹോദരനു ലഭിക്കുകയുള്ളൂ. ഇതു ഇവിടെ മാത്രമുള്ള വിധിയല്ല. വേറെ അവകാശികളില്ലാതെ തനിയെ വരുമ്പോൾ 'അസ്വബഃ' എന്ന നിലക്ക് മുഴുവൻ സ്വത്തിനും അവകാശിയായി വരുന്ന എല്ലാ രൂപത്തിലും ഇങ്ങനെത്തന്നെയാകുന്നു. നബിﷺ ഇങ്ങനെ അരുളിച്ചെയ്തിരിക്കുന്നു: 'നിർണയിക്കപ്പെട്ട ഓഹരികൾ അവയുടെ ആൾക്കാർക്ക് ചേർത്തുകൊടുക്കുവിൻ. എന്നിട്ട് ഓഹരികൾ കഴിച്ച് ബാക്കി വരുന്നത് പുരുഷൻമാരിൽ ഏറ്റവും അടുത്ത് ബന്ധപ്പെട്ട ആണിനുള്ളതാണെന്ന്. (ബു; മു.) സഹോദരർ ഒന്നിലധികമുണ്ടെങ്കിൽ അവർ സ്വത്ത് സമമായി ഭാഗിച്ച് എടുക്കേണ്ടതാകുന്നു.

(3) കലാലത്തായി മരണപ്പെടുന്ന ആൾക്ക് രണ്ട് സഹോദരിമാരുണ്ടായിരുന്നാൽ സ്വത്തിന്റെ മൂന്നിൽ രണ്ടംശമായിരിക്കും അവകാശം. രണ്ടിലധികം പേരുണ്ടായിരുന്നാലും അങ്ങനെത്തന്നെ.

(4) എനി സഹോദരങ്ങൾ ആണും പെണ്ണും കൂടിയുണ്ടെങ്കിൽ രണ്ടു പെണ്ണിന്റെ അത്ര ഒരു ആണിന്- ആണിന്റെ പകുതി പെണ്ണിന് - എന്ന തോതിൽ അവർ ഭാഗി

ച്ചെടുക്കണം.

ഒന്ന് രണ്ട് സംഗതികൾ ഇവിടെ ഓർമിക്കേണ്ടതുണ്ട്:

1) സഹോദരൻ എന്നും സഹോദരി എന്നും ഇവിടെ പറഞ്ഞത് മാതാവും പിതാവും ഒത്തതോ, പിതാവ് മാത്രം ഒത്തതോ ആയ സഹോദര സഹോദരികളെ ഉദ്ദേശിച്ചാകുന്നു. മാതാവ് മാത്രം ഒത്ത സഹോദര സഹോദരിമാരുടെ അവകാശം, ഒരാളാകുമ്പോൾ ആറിലൊന്നും, ഒന്നിലധികം പേരുണ്ടെങ്കിൽ മൂന്നിലൊന്നുമാണെന്ന് മുമ്പ് 12-ാം വചനത്തിൽ പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ട്.

2) സന്താനമില്ലാത്തപ്പോൾ സഹോദരിക്ക് പകുതിക്ക് അവകാശമുണ്ടെന്ന് ഇവിടെ പറഞ്ഞത് നിർണയിക്കപ്പെട്ട ഓഹരി എന്ന നിലക്കുള്ള അവകാശമാണ്. അസ്വബഃ എന്ന നിലക്കും ചിലപ്പോൾ സഹോദരിക്ക് പകുതി ലഭിച്ചെന്നും വരും. ഉദാഹരണമായി: ഒരു മകളും ഒരു സഹോദരിയും മാത്രം അവകാശികളായി വരുമ്പോൾ മകൾക്ക് നിർണയിക്കപ്പെട്ട ഓഹരിയായി പകുതി ലഭിക്കുന്നു. ബാക്കി വരുന്ന പകുതി അസ്വബഃ യെന്ന നിലക്ക് സഹോദരിക്കായിരിക്കുമെന്ന് ഹദീഥുകളാൽ സ്ഥാപിതമായിട്ടുണ്ട്. ഭൂരിപക്ഷാഭിപ്രായവും അങ്ങനെത്തന്നെ 'അസ്വബഃ' (عصبة) എന്ന വാക്കിന്റെ ഉദ്ദേശ്യത്തെപ്പറ്റി മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ.

കലാലത്ത് സംബന്ധമായ വിധികൾ വിവരിച്ചശേഷം അവസാനമായി അല്ലാഹു സത്യവിശ്വാസികളെ ഉണർത്തുന്നതു നോക്കുക : നിങ്ങൾ വഴിപിഴച്ചു പോകുമെന്ന്വെച്ച് അല്ലാഹു നിങ്ങൾക്ക് വിവരിച്ചു തരുകയാണ് എന്ന്. (يُبَيِّنُ ٱللَّهُ لَكُمْ أَن تَضِلُّوا) അറിയായ്മ മൂലമോ, മതനിയമങ്ങൾ വേണ്ടതുപോലെ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലാത്തത് നിമിത്തമോ നിങ്ങൾ നേർമാർഗം വിട്ടു പിഴച്ചുപോകരുതെന്ന് വെച്ചാണ് ഇങ്ങനെയൊക്കെ വിവരിച്ചു തരുന്നതെന്ന് സാരം. നിങ്ങളുടെ നൻമ സ്ഥിതി ചെയ്യുന്നത് ഏതിലാണ് - എങ്ങനെ ഓഹരി ചെയ്യുന്നതിലാണ് -കൂടുതൽ നൽകേണ്ടത് ആർക്കൊക്കെയാണ് എന്നിത്യാദി കാര്യങ്ങളെല്ലാം തന്നെ അറിയുന്നവൻ അല്ലാഹുവാണല്ലോ. അതെ, അവൻ എല്ലാ കാര്യത്തെക്കുറിച്ചും വേണ്ടതുപോലെ അറിയുന്നവനാകുന്നു.(وَٱللَّهُ بِكُلِّ شَيْءٍ عَلِيمٌ) ഇസ്‌ലാമിലെ സ്വത്തവകാശ നിയമത്തിൽ , ആണിന്റെ പകുതി അവകാശം മാത്രം പെണ്ണിന് നിശ്ചയിച്ചതിലും, ചില അവകാശികൾക്ക് മറ്റേവരെക്കാൾ മുൻഗണന നൽകിയതിലുമൊക്കെ വിമർശനം നടത്താറുള്ള കുബുദ്ധികൾക്ക് തക്കതായ ഒരു താക്കീതും മറുപടിയും കൂടിയാണ് ഈ അവസാനത്തെ വാക്യം. (قل فلله الحجة البالغة)

[اللهم لك الحمد ولك المنة والفضل]

كان الفراغ من تسويد تفسير هذه السورة ليلة الاحد الثلاثين من شوال سنة ١٣٩٦هـ

الموافق ١٩٨٦/١٠/٢٣ م

ومن تبييضه ليلة الخميس الثانية والعشرين من رجب الحرام سنة ١٣٩٨ هـ

الموافق ١٩٧٨/٦/٢٩ م ـ م نى